# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 13, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 174 - നമ്പർ 13

വില : ₹ 50


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2018 ഡിസംബർ 13, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 92

**II ചരമോപചാരം**

എം. എം. ജേക്കബ്, കെ. വി. കുര്യൻ, എച്ച്. എൻ. അനന്ത് കുമാർ,
എം. ഐ. ഷാനവാസ്, ഇ. നാരായണൻ നായർ,
സി. എൻ. ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം .. 386

**III അടിയന്തരപ്രമേയം**

വനിതാ മതിൽ .. 390

**IV ക്രമപ്രശ്നം**

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) .. 390

റൂളിംഗ്
(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു) .. 391

**V റിപ്പോർട്ട് സമർപ്പണം**

1 സബ്ജക്ട് കമ്മിറ്റി- I-ന്റെ പ്രത്യേക റിപ്പോർട്ടുകൾ .. 407

2. സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ടുകൾ.. 407

**VI റിപ്പോർട്ട് പരിഗണന**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച

സമിതിയുടെ മൂന്നാമത് റിപ്പോർട്ട് .. 408

*പേജ്*

**VII നിയമനിർമ്മാണകാര്യം**

(i) 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും .. 409

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018 -ലെ കേരള സഹകരണസംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും .. 410

**VIII അറിയിപ്പ്**

അഡ്ഹോക് കമ്മിറ്റി രൂപീകരണം .. 413

**IX അവകാശലംഘന പ്രശ്നങ്ങൾ** .. 414

**X പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്-

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) .. 417

**XI അവലോകനം** .. 418

**അനുബന്ധം I & II** .. 421

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2018 ഡിസംബർ 13, വ്യാഴം*

| വാല്യം 174] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 13 |
|---|---|---|

നിയമസഭ 2018 ഡിസംബർ മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും നിയമസഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കുന്ന നിയമസഭാംഗങ്ങൾക്ക് അഭിവാദ്യമർപ്പിച്ചും യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ *331

*331-ാം നമ്പർ ചോദ്യവുമായി *348-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

(ചോദ്യകർത്താക്കൾ ചോദ്യം ഉന്നയിക്കാത്തതിനാൽ ക്ലബ്ബ് ചെയ്ത *331, *348 എന്നീ നമ്പർ ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

## കായിക താരങ്ങൾക്ക് പ്രോത്സാഹനം

1 (*332) ശ്രീ. എം. സ്വരാജ്:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സിൽ മെഡൽ ലക്ഷ്യമാക്കി ആരംഭിച്ചിട്ടുള്ള ഓപ്പറേഷൻ ഒളിമ്പ്യയിൽ ഏതൊക്കെ കായിക ഇനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും കഴിവുള്ളവരെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകുന്നതിനായി സ്പോർട്സ് കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) മികച്ച താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സ്കോളർഷിപ്പ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തിനുവേണ്ടി മികച്ച നേട്ടം കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് ആകർഷകമായ പാരിതോഷികം നൽകുന്നുണ്ടോ;

(ഡി) ദേശീയ സ്കൂൾ, കോളേജ് ഗെയിംസിൽ പങ്കെടുത്ത് സമ്മാനം നേടുന്നവർക്ക് നൽകിവരുന്ന സമ്മാനത്തുക പരിമിതവും അത് യഥാസമയം ലഭിക്കുന്നില്ലെന്നുമുള്ള പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്പോർട്സ് കൗൺസിലുകളുടെ ഘടനയും പ്രവർത്തനവും ജനാധിപത്യവൽക്കരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) ഓപ്പറേഷൻ ഒളിമ്പ്യ

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു.

"ഓപ്പറേഷൻ ഒളിമ്പ്യ" പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായികോപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ, മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും ഓരോ കായിക താരങ്ങൾക്കും അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

<u>എലൈറ്റ് സ്കീം</u>

കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും താമസവും ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

കാര്യവട്ടം എൽ.എൻ.സി.പി.യിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് അത്‌ലറ്റിക്സ് സ്കീം, തൃപ്രയാറിലെ ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്ററിൽ നടക്കുന്ന വോളിബോൾ, മുണ്ടയാട് ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ബാസ്കറ്റ്ബോൾ എന്നിവയിലെ കായിക ഇനങ്ങളിലെ കായിക താരങ്ങൾക്ക് നാഷണൽ/ഇന്റർനാഷണൽ ലെവലിലുള്ള പരിശീലനം നൽകിവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലെ കായിക താരങ്ങൾക്ക് പ്രതിമാസം 6000 രൂപ അലവൻസ് നൽകുന്നുണ്ട്. സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം.

14 മുതൽ 19 വയസ്സുവരെ പ്രായമുള്ള 11 കായിക താരങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ് എന്നീ കായിക ഇനങ്ങളിൽ സ്കൂൾ, കോളേജ് തലത്തിൽ ദേശീയ (സൗത്ത് സോൺ) മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കുകയാണ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത.

ഭിന്നശേഷിയുള്ള കായിക താരങ്ങളിൽ ഒരാളെയും പരിഗണിക്കുന്നുണ്ട്. സ്കോളർഷിപ്പ് സ്കീം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 10,000 രൂപയും സ്പോർട്സ് കിറ്റും നൽകിവരുന്നു.

(സി) ഉണ്ട്. ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് അർഹമായ കാഷ് അവാർഡ് നൽകുന്നുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-മത് സന്തോഷ് ട്രോഫി ഫുട്ബോൾ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് കാഷ് അവാർഡ് നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ വീതമാണ് കാഷ് അവാർഡ് നൽകിയത്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2017-ൽ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങളിൽ വ്യക്തിഗത ഇനത്തിൽ സ്വർണ്ണ മെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി മെഡൽ നേടിയവർക്ക് 7 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഒഡീഷ്യയിലെ ഭുവനേശ്വരിൽവച്ച് നടന്ന 22-മത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രക്ക് തുടർ പരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും ഉൾപ്പെടെ മാസംതോറും 25,000 രൂപ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് കാഷ് അവാർഡ് നൽകിവരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കായിക താരങ്ങൾക്കുള്ള പരമോന്നത ബഹുമതിയായ ജി. വി. രാജാ അവാർഡും പരിശീലകർക്കും കായിക അദ്ധ്യാപകർക്കുമുള്ള മറ്റ് അവാർഡുകളും നൽകിവരുന്നുണ്ട്.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരള കായിക താരങ്ങൾക്കും കാഷ് അവാർഡ് നൽകിയിട്ടുണ്ട്. കൂടാതെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരള കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1,2,3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്രമത്തിൽ കാഷ് അവാർഡ് നൽകിവരുന്നുണ്ട്. കൂടാതെ ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർക്ക് കാഷ് അവാർഡ് നൽകിവരുന്നു.

ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന മുഴുവൻ കാഷ് അവാർഡ് തുകയും വിതരണം ചെയ്തിട്ടുണ്ട്.

35-മത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

വർഷന്തോറും 50 മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ഡി) സ്കൂൾ കായിക മേളയിൽ ഒന്നാംസ്ഥാനം നേടുന്ന സ്കൂൾ കുട്ടികൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം എല്ലാ ചെലവും സർക്കാർ വഹിക്കുകയും ദേശീയ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 25,000, 20,000, 15,000 രൂപ ക്രമത്തിൽ കാഷ് അവാർഡും യഥാസമയം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന/ദേശീയ റെക്കോർഡുകൾ കരസ്ഥമാക്കുന്ന കുട്ടികൾക്ക് സ്വർണ്ണപ്പതക്കവും നൽകിവരുന്നു.

(ഇ) സ്പോർട്സ് കൗൺസിലുകളുടെ ഘടനയും പ്രവർത്തനവും ജനാധിപത്യ വത്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിൽ മുതൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ വരെയുള്ള ഭരണ സംവിധാനം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ് 2018, നടപ്പ് നിയമസഭാ സമ്മേളനത്തിൽ ബില്ലായി പാസ്സാക്കിയിട്ടുണ്ട്. ഈ ബിൽ നിലവിൽ വരുന്നതോടെ സ്പോർട്സ് കൗൺസിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നോമിനേറ്റഡ് രീതിയിൽനിന്നും മാറ്റി ജനാധിപത്യ രീതിയിൽ ഇലക്ഷൻ നടത്തി പുനഃക്രമീകരിക്കാൻ കഴിയുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ 14 നിരാഹാര സമരങ്ങളാണ് സഭാ കവാടത്തിന് പുറത്ത് നടന്നിട്ടുള്ളത്. 1964-ലാണ് ആദ്യമായി സഭാ കവാടത്തിൽ സത്യാഗ്രഹം നടത്തിയത്. പതിനൊന്നാമത്തെ ദിവസമാണ് ഇന്ന് ശ്രീ. വി. എസ്. ശിവകുമാറും ഡോ. എൻ. ജയരാജും ശ്രീ. പാറക്കൽ അബ്ദുല്ലയും നിയമസഭാ കവാടത്തിൽ സത്യാഗ്രഹം നടത്തുന്നത്. സർക്കാരിന്റെ നിഷേധാത്മകമായ നയത്തിലും ഈ സമരത്തോടുള്ള സമീപനത്തിലും പ്രതിഷേധിച്ച് ഇന്നത്തെ ചോദ്യോത്തരവേള ഞങ്ങൾ ബഹിഷ്കരിക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് പുറത്തുപോയി.)

<u>ശ്രീ. എം. സ്വരാജ്</u>: സർ, വളർന്നുവരുന്ന കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കാനും 2020-ലെയും 2024-ലെയും ഒളിമ്പിക്സുകളിൽ രാജ്യത്തിനുവേണ്ടി മെഡൽ നേടുന്നതിനായി അവരെ പ്രാപ്തരാക്കുന്നതിനുമായി കായിക വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള കാര്യക്ഷമവും മാതൃകാപരവുമായ പ്രവർത്തനങ്ങളെ ആദ്യംതന്നെ അഭിനന്ദിക്കുകയാണ്. വളർന്നുവരുന്ന പല കായിക താരങ്ങളെയും പരിശോധിച്ചാൽ പ്രതികൂലമായ സാഹചര്യങ്ങളോട് പടവെട്ടിയും കടുത്ത ദാരിദ്ര്യത്തിൽനിന്നുമാണ് അവർ വളർന്നുവരുന്നതെന്ന് കാണാൻ സാധിക്കും. അടുത്തകാലത്ത് ദേശീയ വോളിബോൾ ടീമിലെ അംഗമായി രാജ്യാന്തര നേട്ടത്തിന് ഉടമയായി മാറിയ കണ്ണൂർ ഇരിട്ടിയിലെ ഒരു വോളിബോൾ താരത്തെ സന്ദർശിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. അതുപോലെ ഏഷ്യൻ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ ഒരു അത്‌ലറ്റിനെയും കാണാനിടയായി. അവർ കണ്ണൂർ സ്വദേശിയാണെങ്കിലും ഇപ്പോൾ കോതമംഗലത്താണ് താമസിക്കുന്നത്. ഈ രണ്ട് കായിക താരങ്ങളുടെയും കുടുംബം കടുത്ത ദാരിദ്ര്യത്തിലും സ്വന്തമായി വീടില്ലാത്തവരുമാണ്. ഇതുപോലെ വേറെയും ആളുകളുണ്ടാകാം. സ്വന്തമായി വീടില്ലാത്ത ആ കായിക താരങ്ങളുടെ സാഹചര്യം മനസ്സിലാക്കി അതത് പ്രദേശത്തെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ മുൻകയ്യെടുത്ത് രണ്ട് പേർക്കും വീട് നിർമ്മിച്ച് നൽകുകയാണ്. രാജ്യത്തിനുതന്നെ അഭിമാനകരമായ നേട്ടങ്ങൾക്ക് ഉടമകളായി മാറിയ കായിക താരങ്ങൾക്ക് മറ്റുപല പാരിതോഷികങ്ങളും കൊടുക്കുന്നുണ്ട്. അതെല്ലാം സ്വാഗതാർഹമാണ്. അക്കൂട്ടത്തിൽ ഭവനരഹിതരായ കായിക താരങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള ഏതെങ്കിലും പദ്ധതി കൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കായിക വകുപ്പ് അത്തരമൊരു പദ്ധതിക്ക് രൂപം കൊടുത്തിട്ടില്ല. പക്ഷേ, കേരളത്തിൽ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഇടതുപക്ഷ സർക്കാർ വീട് നൽകുന്നതിനുള്ള 'ലൈഫ്' പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കേരളത്തിലെ മുഴുവൻ പാവപ്പെട്ട കുടുംബങ്ങൾക്കും അതുവഴി വീട് ലഭ്യമാകും. പാവപ്പെട്ട കുട്ടികളെ കായികരംഗത്ത് വളർത്തിയെടുക്കാനുള്ള ഒട്ടനവധി പദ്ധതികൾക്കാണ് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. പരിശീലനം, സഹായം, പ്രോത്സാഹനം, മറ്റ് സൗകര്യങ്ങൾ എന്നിവ ചെയ്തുകൊടുത്ത് കായികരംഗത്തെ ശക്തിപ്പെടുത്താനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ ഈ പദ്ധതി നടപ്പിലായാൽ കായിക താരങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വീട് ലഭ്യമാകാനുള്ള എല്ലാ സാഹചര്യവുമുണ്ടാകും. നാഷണൽ ഫുട്ബോൾ ടീമിലെ അംഗമായ കാസർഗോഡ് മടിക്കൈ പഞ്ചായത്തിലെ വീടില്ലാത്ത ഒരു പെൺകുട്ടിക്ക് അവിടത്തെ ഡി.വൈ.എഫ്.ഐ., സി.പി.ഐ.(എം.) പ്രവർത്തകരും പഞ്ചായത്തും ചേർന്ന് ഒരു പദ്ധതി തയ്യാറാക്കി വീട് നിർമ്മിച്ചുകൊടുത്ത അനുഭവമുണ്ട്. സാമൂഹ്യ-സേവന രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി സംഘടനകൾ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിനെല്ലാം ഗവൺമെന്റ് നിർലോഭമായ പ്രോത്സാഹനം നൽകുന്നുമുണ്ട്.

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് മികച്ച ഒരു കായിക സംസ്കാരമില്ല എന്നുവേണം പറയാൻ. കേരളത്തിന്റെ പകുതിപോലും ജനസംഖ്യയില്ലാത്ത പല രാജ്യങ്ങളും ഒളിമ്പിക്സ് ഉൾപ്പെടെയുള്ള കായിക മാമാങ്കങ്ങളിൽ മികച്ച നേട്ടമാണ് കൈവരിക്കാറുള്ളത്. പക്ഷേ കേരളത്തിനും നമ്മുടെ രാജ്യത്തിനും അത് സാധിക്കുന്നില്ല. ഒരു മികച്ച കായിക സംസ്കാരം വളർന്നുവരേണ്ടതായിട്ടുണ്ട്. സ്പോർട്സ്മാൻ സ്പിരിറ്റില്ലാത്തതാണ് പ്രതിപക്ഷത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം. ശബരിമല വിഷയത്തിലെടുത്ത സമരം അമ്പേ തോറ്റുപോയപ്പോഴേയ്ക്കും അവർ മാനസികമായി ക്ഷീണിച്ചുപോയി. അതുകൊണ്ട് അവർക്ക് ചോദ്യോത്തരവേളതന്നെ അഭിമുഖീകരിക്കാൻ സാധിക്കാതെവന്നു. അതേസമയം നല്ലൊരു സ്പോർട്സ്മാൻ സ്പിരിറ്റോടുകൂടി കാര്യങ്ങളെ കണ്ടാൽ ഇതിൽ തോറ്റുപോയാലും ഭാവിയിൽ ജനകീയമായ ഏതെങ്കിലും വിഷയമെടുത്ത് ജയിക്കാമല്ലോ എന്നൊക്കെ ചിന്തിക്കാൻ കഴിയും. ആത്യന്തികമായി ഈ സ്പോർട്സ്മാൻ സ്പിരിറ്റും കായിക സംസ്കാരവും ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ടാണ് അങ്ങനെ ചിന്തിക്കാൻ കഴിയാതെ പോകുന്നത്. ലോകകപ്പ് ഫുട്ബോളിലും മറ്റും മിന്നുന്ന പ്രകടനങ്ങൾ കാഴ്ചവച്ചിട്ടുള്ള ലാറ്റിൻ അമേരിക്ക, കോസ്റ്റോറിക്ക പോലെയുള്ള പല രാജ്യങ്ങളുണ്ട്. അവിടത്തെ ആകെ ജനസംഖ്യയെടുത്താൽ കേരളത്തിലെ ഒരു ജില്ലയിലെ ജനസംഖ്യയുടെ അത്രയേ വരികയുള്ളൂ. പക്ഷേ അവർ വലിയ നേട്ടങ്ങളുണ്ടാക്കുകയാണ്. ഫുട്ബോളിന് കേരളത്തിൽ വലിയ സാദ്ധ്യതകളുണ്ട്. മലബാറിൽ പ്രത്യേകിച്ച്, മലപ്പുറത്തൊക്കെ ഫുട്ബോൾ ടൂർണമെന്റ് കാണാൻ പതിനായിരക്കണക്കിന് ആളുകൾ ഒഴുകിയെത്തുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഇത്തരത്തിലുള്ള ടൂർണമെന്റുകൾ നടക്കുന്നുണ്ട്. അരീക്കോടും മമ്പാടും ഊർങ്ങാട്ടിരിയിലുമൊക്കെ ലോകനിലവാരത്തിലുള്ള ധാരാളം കളിക്കാരുണ്ട്. എന്നാൽ ഇവരെയെല്ലാം ശരിയായി കണ്ടെത്തി ക്രോഡീകരിച്ച് ടീമാക്കി മുന്നോട്ടുകൊണ്ടുവരാൻ നമുക്ക് സാധിക്കാതെ പോയി. 1953-ലെ മെൽബൺ ഒളിമ്പിക്സിന്റെ സെമി ഫൈനലിൽ ഇന്ത്യൻ ടീം എത്തിയത് ഒഴികെ ഒരു നേട്ടവും ആ രംഗത്ത് കൈവരിക്കാനായിട്ടില്ല. ഓപ്പറേഷൻ ഒളിമ്പ്യയ്ക്ക് അനുബന്ധമായി കേരളത്തിലെ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും രാജ്യാന്തര നിലവാരമുള്ള ഫുട്ബോൾ ടീം കെട്ടിപ്പടുത്ത് ലോകനിലവാരത്തിലെത്തിക്കാനും ആവശ്യമായ ഒരു പ്രത്യേക പദ്ധതി, ഫുട്ബോളിനെ മാത്രം കേന്ദ്രീകരിച്ച് ആവിഷ്കരിക്കാനാകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കായിക വകുപ്പ് കേരളത്തിലെ എല്ലാ കായിക മേഖലകളെയും വികസിപ്പിക്കാനും വളർത്തിയെടുക്കാനുമാണ് ശ്രമിക്കുന്നത്. ഓരോരുത്തരിലും വ്യത്യസ്തങ്ങളായ കായികാഭിരുചിയാണുള്ളത്. അത്തരം അഭിരുചികളെ പ്രോത്സാഹിപ്പിക്കാനും അതുവഴി കായിക രംഗത്തെ സമ്പന്നമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഫുട്ബോളിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ഫുട്ബോളിൽ ഒരുഘട്ടത്തിൽ കേരളം ഉന്നത നിലവാരത്തിലേയ്ക്ക് ഉയർന്നിരുന്നു. പക്ഷേ, ഇടക്കാലത്ത് അതിൽനിന്ന് കേരളം പിന്നോട്ടുപോയി. എന്നാൽ ഇപ്പോൾ തിരിച്ചുവരവിനുവേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ജനകീയ കായിക വിനോദമാണ് ഫുട്ബോൾ. എല്ലാവരും അതിൽ താല്പര്യപൂർവ്വം പങ്കെടുക്കുന്ന കാഴ്ചയാണ് കാണുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, മലപ്പുറത്തും കണ്ണൂരും കോഴിക്കോടും എറണാകുളത്തുമൊക്കെ ഫുട്ബോൾ മേളകളിൽ സ്ത്രീ-പുരുഷ ഭേദമെന്യേ വൻ ജനക്കൂട്ടമാണ് കാണികളായി വന്നെത്തുന്നത്. കേരളത്തിൽ സ്പോർട്സിനെ, പ്രത്യേകിച്ച് ഫുട്ബോളിനെ സ്നേഹിക്കുന്ന വലിയൊരു വിഭാഗം വളർന്നുവരികയാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഫുട്ബോൾ രംഗത്ത് 'കിക്ക് ഓഫ്' എന്നൊരു പുതിയ പദ്ധതി കായിക വകുപ്പ് ആവിഷ്കരിച്ചിരിക്കുകയാണ്. കഴിഞ്ഞ മാസം ആ പരിപാടി ഉദ്ഘാടനം ചെയ്തു. ഇപ്പോൾ വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ആ പദ്ധതി പ്രകാരം ഫുട്ബോൾ പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. 18 കേന്ദ്രങ്ങളിലായി ഒമ്പതിനും പന്ത്രണ്ടിനുമിടയിൽ പ്രായമുള്ള 25 കുട്ടികൾക്കുവീതം ആദ്യഘട്ടമായി പ്രഗത്ഭരെ വച്ചാണ് പരിശീലനം നൽകുന്നത്. ആദ്യ റൗണ്ട് കഴിയുമ്പോൾ കൂടുതൽ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം കൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ആഴ്ചയിൽ രണ്ട് ദിവസമാണ് പരിശീലനം കൊടുക്കുന്നത്. കുട്ടികളുടെ ഭക്ഷണം, യാത്രാച്ചെലവ് തുടങ്ങിയ കാര്യങ്ങളും കായിക വകുപ്പാണ് നിർവ്വഹിക്കുന്നത്. അങ്ങനെ എല്ലാ രംഗങ്ങളെയും വകുപ്പ് പ്രോത്സാഹിപ്പിക്കുകയാണ്. ഇതിനെല്ലാം ഉതകത്തക്ക നിലയിലുള്ള ജനകീയ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഒരു ബില്ലാണ് കഴിഞ്ഞ ദിവസം നിയമസഭ പാസ്സാക്കിയിട്ടുള്ളത്. അത് നടപ്പിലാകുന്നതോടെ സംസ്ഥാന/ജില്ല/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ വരും. കേരളം ഒരു കായിക ലോകമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, രണ്ടും മൂന്നും വയസ്സാകുമ്പോൾതന്നെ കുട്ടികളെ നീന്തൽ പഠിപ്പിക്കുക, സ്പോർട്സിലൊക്കെ പങ്കെടുപ്പിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം പല വിദേശരാജ്യങ്ങളിലും നടക്കുകയാണ്. കേരളത്തിന് ആവശ്യമായ സ്പോർട്സ് ഗ്രൗണ്ടുകളില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. ഇത്രയധികം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളുള്ള ഒരു നാട് വേറെങ്ങും കാണില്ല. പക്ഷേ അവർക്ക് പരിശീലനത്തിനുള്ള ഗ്രൗണ്ടുകളില്ല. സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളും നിർമ്മിക്കാൻ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും കോർപ്പറേഷനുകളും തയ്യാറാണ്. പക്ഷേ സ്ഥലമില്ല എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം. ഭാവിയിൽ ഒരാവശ്യത്തിനും വിനിയോഗിക്കാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെ കൈവശമുണ്ട്. എന്നാൽ ആവശ്യമില്ലാത്ത സ്ഥലമാണെന്ന് അവർ സമ്മതിക്കില്ലെന്നു മാത്രമല്ല, അത് വിട്ടുകൊടുക്കുകയുമില്ല. അതുകൊണ്ട് വിവിധ വകുപ്പുകളുടെ കൈവശമിരിക്കുന്ന സ്ഥലം ഗ്രൗണ്ടുകൾക്കുവേണ്ടി വിട്ടുനൽകുന്നതിന് അവരെ സമ്മതിപ്പിച്ചുകൊണ്ട് ഒരു ഏകോപനമുണ്ടാക്കാൻ കഴിയുമോ? അതോടൊപ്പം നിയമനത്തിനായി പരിഗണിക്കുന്ന കാലയളവും പ്രായപരിധിയും വ്യക്തമാക്കാമോ; നേരത്തെ അപേക്ഷിക്കാത്തവർക്ക് അപേക്ഷിക്കാൻ അവസരമുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, 2010 മുതൽ 2014 വരെയുള്ള കായിക താരങ്ങളുടെ നിയമനം സംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപനം നടത്തിയെങ്കിലും ആർക്കും ജോലി നൽകിയിരുന്നില്ല. ഇപ്പോൾ ഒന്നാംഘട്ടമെന്ന നിലയിൽ 2010 മുതൽ 2014 വരെയുള്ളവരുടെ നിയമനം പൂർത്തിയാക്കിവരികയാണ്. 2014 മുതൽ 2018 വരെയുള്ള അവാർഡ് ജേതാക്കളെ കണ്ടെത്തി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കേരളത്തിൽ നാഷണൽ, ഇന്റർനാഷണൽ മത്സരങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾ നേടുന്നവർക്ക് തൊഴിൽ നൽകാനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രൗണ്ടുകളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കിഫ്ബിയിൽനിന്ന് 700 കോടി രൂപ അനുവദിച്ചതനുസരിച്ച് 57 ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അതിൽ 37 എണ്ണം കിഫ്ബി അംഗീകരിച്ചു, നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇതിനുപുറമെ ഹൈസ്കൂൾ ക്ലാസ്സുകളിലൊക്കെ പഠിക്കുന്ന ന്യൂ ജനറേഷൻ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകാൻ കഴിയത്തക്ക നിലയിലുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാലയങ്ങളിലെ ഇത്തരം സംരംഭങ്ങൾ കൂടുതൽ കുട്ടികളെ ആകർഷിക്കുന്നുണ്ട്. ആൺകുട്ടികൾ മാത്രമല്ല, പെൺകുട്ടികളും ഇപ്പോൾ കായികരംഗത്ത് സജീവമായി വന്നു കൊണ്ടിരിക്കുകയാണ്. ചില രംഗങ്ങളിൽ പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ മികച്ച കായിക താരങ്ങളായി വരുന്നുണ്ട്. കായികരംഗത്ത് പ്രോത്സാഹനം നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി ട്രിവാൻഡ്രം മാരത്തോൺ സംഘടിപ്പിച്ചു. പതിനായിരക്കണക്കിന് ആളുകളാണ് രാത്രി 12.00 മണിക്ക് മാരത്തോൺ ആരംഭിക്കുന്നതിന് മുമ്പായി തലസ്ഥാന നഗരിയിൽ എത്തിച്ചേർന്നത്. കായിക താല്പര്യം ജനങ്ങളിൽ വളർന്നുവരുന്നുണ്ട്. കായിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെയും ഈ ഗവൺമെന്റിന്റെ സമീപനത്തിന്റെയും ഫലമായാണ് ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടുള്ളത്.

<u>ശ്രീ. ഐ. ബി. സതീഷ്:</u> സർ, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ജി. വി. രാജ സ്പോർട്സ് സ്കൂൾ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ വീർപ്പുമുട്ടുകയാണ്. ഈ സ്പോർട്സ് സ്കൂൾ മേനംകുളത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഉയർന്നുവരികയുണ്ടായി. അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാനാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അന്താരാഷ്ട്ര നിലവാരത്തിൽ പരിശീലനം നൽകുന്നതിനുവേണ്ടി കണ്ണൂരിൽത്തന്നെ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവ വളരെ സസൂക്ഷ്മം നിരീക്ഷിച്ച് കൂടുതൽ സാധ്യതകളുണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. അബ്ദുറഹിമാൻ:</u> സർ, 130 കോടിയോളം ജനങ്ങളുള്ള ഇൻഡ്യ, അന്താരാഷ്ട്ര നിലവാരമുള്ള ഒളിമ്പിക്സ് പോലുള്ള മത്സരങ്ങളിൽ പിന്നോട്ട് പോകുകയാണ്. ഇതിനുകാരണം കൃത്യമായ പരിശീലനം നൽകാനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണെന്ന് എല്ലാവർക്കുമറിയാം. കേരളത്തെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ കുറേ വർഷങ്ങളായി ഫുട്ബോളിലും മറ്റ് കായികരംഗത്തുമെല്ലാം നല്ല ശ്രമങ്ങൾ നടക്കുന്നുണ്ട്. വിദേശ മലയാളികളും നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട കമ്പനികളും കായിക താരങ്ങളെ സ്പോൺസർ ചെയ്യുന്നുണ്ട്. അങ്ങനെ കായിക താരങ്ങളെ സ്പോൺസർ ചെയ്യിച്ച് അവർക്കാവശ്യമായ പരിശീലനവും മറ്റും നൽകാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കണം.

അതോടൊപ്പം 2032-ലെ ഒളിമ്പിക്സ് നടത്താൻ ഇൻഡ്യ സന്നദ്ധത അറിയിച്ചിരിക്കുകയാണ്. അതിനുള്ള തയ്യാറെടുപ്പ് കേരളത്തിൽ നടക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചതിനെ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദേശീയ ഗെയിംസിന്റെ ഭാഗമായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, കുമാരപുരം ടെന്നീസ് കോർട്ട്, പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ തുടങ്ങിയവയെല്ലാം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ നന്നായി മെയിന്റനൻസ് ചെയ്ത് മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടിയെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, സ്പോർട്സ് രംഗത്ത് ഫയറിംഗ് പരിശീലനം നൽകാനുള്ള സംവിധാനത്തെ ഫലപ്രദമായ നിലയിൽത്തന്നെയാണ് കാണുന്നത്. രണ്ടാഴ്ച മുമ്പ് ദേശീയ മത്സരം സംഘടിപ്പിക്കുകയുണ്ടായി. അതുപോലെ പരമാവധി കുട്ടികളെയും യുവതീയുവാക്കളെയും നീന്തൽ പരിശീലിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 2020-2024 കാലയളവിലെ രണ്ട് ഒളിമ്പിക്സിൽ ചില ഇനങ്ങളിലെങ്കിലും കേരളത്തിന്റെ സാന്നിദ്ധ്യം അറിയിക്കാനും മെച്ചപ്പെട്ട നിലവാരം കാഴ്ചവയ്ക്കാനും ലോക കായികമേളയിൽ ഒരു സ്ഥാനമുറപ്പിക്കാനും കഴിയുമെന്ന പ്രതീക്ഷയോടുകൂടിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ' പോലുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ളത്. അതിനുള്ള നടപടികളാണ് പ്രധാനപ്പെട്ട പരിശീലന കേന്ദ്രങ്ങളിലെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, കേരളത്തിലെ ഫുട്ബോൾ താരങ്ങൾക്ക് പരിശീലനം കൊടുക്കാൻ തയ്യാറാണെന്ന് കാണിച്ച് യു.കെ.-യിലെ ചെൽസിയ ക്ലബ് ഒരു ഓഫർ ലെറ്റർ തന്നിരുന്നു. അത് ഞാൻ അങ്ങേയ്ക്ക് കൈമാറിയിരുന്നു. അതിന്മേൽ എന്തെങ്കിലും നടപടിയായിട്ടുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അത് വളരെ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. കായിക താരങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകാൻ കഴിയുന്ന കോച്ചുകളെ എത്ര ചെലവ് വന്നാലും കൊണ്ടുവരാനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, 'ഓപ്പറേഷൻ ഒളിമ്പ്യ' പോലുള്ള നിരവധി പദ്ധതികളുമായി കായിക മേഖലയെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. നാട്ടിൻപുറങ്ങളിൽ കളിസ്ഥലങ്ങൾ കുറയുകയാണ്. പണ്ട് സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളൊക്കെ

കളിസ്ഥലങ്ങളായി ഉപയോഗിക്കുമായിരുന്നു. ഇപ്പോൾ അതിന് കഴിയുന്നില്ല. ഹൈക്കോടതി ഉത്തരവിന്റെ ഭാഗമായി പുറത്തുള്ളവർക്ക് സ്കൂൾ ഗ്രൗണ്ടുകളിൽ പോലും കളിക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾ വേണമെന്ന ഒരു നയം ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്, എന്നാൽ അത് യാഥാർത്ഥ്യമായിട്ടില്ല. നിലവിലുള്ള കളിസ്ഥലങ്ങൾപോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പരിമിതിമൂലം ഉപയോഗ യോഗ്യമാക്കാൻ കഴിയുന്നില്ല. ഇങ്ങനെയുള്ള നിരവധി പരിമിതികൾ ഇപ്പോഴും ഗ്രാമീണമേഖലയിൽ നിലനിൽക്കുന്നുണ്ട്. ആ സ്ഥലങ്ങളെ പ്രൊഫഷണലായ കളിസ്ഥലങ്ങളാക്കിയെടുക്കാനും മൾട്ടിപർപ്പസ് കൺസെപ്റ്റിലേയ്ക്ക് അവയെ മാറ്റിയെടുക്കാനും കഴിയുന്നില്ലെന്നതാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കീഴിലുള്ള കളിസ്ഥലങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി എം.എൽ.എ. ഫണ്ട് ഉൾപ്പെടെ ചെലവഴിച്ചുകൊണ്ട് 'കളിക്കളം ചാത്തന്നൂർ' എന്ന ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് നവീകരിക്കുകയാണ്. നിലവിലുള്ള കളിസ്ഥലങ്ങൾ മൾട്ടിപർപ്പസ് കൺസെപ്റ്റിലേക്ക് മാറ്റിയെടുക്കുന്നതാണ്. അതിന് വകുപ്പിന്റെയും സ്പോർട്സ് കൗൺസിലിന്റെയും സാമ്പത്തിക സാങ്കേതിക സഹായം ഉറപ്പെടുത്തുമോ; ഇത് വ്യാപകമാക്കാൻ ശ്രമിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങളില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. പഞ്ചായത്തുകളിൽ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കാം. ഇത്തരം ആവശ്യവുമായി മുന്നോട്ടുവന്നിട്ടുള്ള പഞ്ചായത്തുകളെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്. ചില പഞ്ചായത്തുകളിൽ ഫലപ്രദമായ രീതിയിൽ ഗ്രൗണ്ടുകൾ ഉപയോഗിച്ച് പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. അത്തരം സ്ഥലങ്ങളിൽ കായിക വകുപ്പിന് എന്തൊക്കെ സഹായങ്ങൾ ചെയ്യാൻ സാധിക്കുമോ അതൊക്കെ ചെയ്യും. എല്ലാ പഞ്ചായത്തുകളും ഇതൊരു ആവശ്യമായി ഉന്നയിച്ചിരിക്കുകയാണ്. ആവശ്യങ്ങളും സാദ്ധ്യതകളും പരിശോധിച്ച് ലഭിക്കാവുന്ന എല്ലാ സാമ്പത്തിക സഹായങ്ങളും ഉപയോഗിച്ചുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കും. 'കളിക്കളം' എന്ന പേരിലുള്ള പ്രോജക്ടിനെ സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കുകയും ചെയ്യാം.

ശ്രീ. ഒ. രാജഗോപാൽ: സർ, സ്പോർട്സ് രംഗത്ത് പൊതുവെ താല്പര്യം കാണിക്കുന്നത് പാവപ്പെട്ട കുടുംബത്തിൽപ്പെട്ടവരാണ്. അവർക്കുവേണ്ട പോഷകാഹാരമില്ല എന്നതാണ് ഈ പാവങ്ങൾ നേരിടുന്ന ഒരു പ്രശ്നം. അതുകൊണ്ടുതന്നെ സ്പോർട്സിലും മറ്റും അവരുടെ മുഴുവൻ കഴിവുകളും പ്രകടിപ്പിക്കാൻ കഴിയുന്നില്ല. അത് പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ എന്തെങ്കിലുമുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിൽ 2800 കുട്ടികൾക്ക് കായികാഭ്യാസത്തിനുള്ള എനർജിയുണ്ടാക്കാനാവശ്യമായ ആഹാരം നൽകുന്നതിന് പ്രതിമാസം 6,000 രൂപ പ്രത്യേക സാമ്പത്തിക സഹായമായി നൽകുന്ന പദ്ധതി നിലവിലുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക ശേഷി പരിഗണിച്ച് ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാനാണ് കായിക വകുപ്പ് ഉദ്ദേശിക്കുന്നത്, അതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പുതിയ ചില സംവിധാനങ്ങളെപ്പറ്റിയും ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, കായിക താരങ്ങളെയും ചെറുപ്പക്കാരെയും ലക്ഷ്യംവച്ച് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ഇന്ത്യയിൽ FIFA-യുടെ സ്പോർട്സ് ആശുപത്രിയില്ല. എന്നാൽ FIFA ഇന്ത്യയിൽ ഒരു സ്പോർട്സ് ആശുപത്രി ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ട്. അവർ പരിഗണിക്കുന്ന മൂന്ന് ഡെസ്റ്റിനേഷനുകളിലൊന്ന് കേരളമാണെന്നാണ് അറിയാൻ സാധിച്ചത്. ഇതുസംബന്ധിച്ച് കേരള സർക്കാരുമായി FIFA കമ്മ്യൂണിക്കേറ്റ് ചെയ്തിട്ടുണ്ടോ? ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള കായിക താരങ്ങൾക്ക് യു.കെ.-യിലെ സ്പോർട്സ് ആശുപത്രിയിലേയ്ക്ക് പോകാൻ ചെലവേറുന്നതുകൊണ്ട് കേരളത്തെ ഓപ്റ്റ് ചെയ്യാൻ വലിയ സാദ്ധ്യതയുണ്ട്. ഇതുവഴി കേരളത്തിന്റെ ടൂറിസം മേഖലയിൽ വലിയ വികസനമാണുണ്ടാകുന്നത്. തമിഴ്നാടും മഹാരാഷ്ട്രയും ഇതിനുവേണ്ടി ശ്രമിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതുസംബന്ധിച്ച സർക്കാരിന്റെ നിലപാടെന്താണ്? കേരളത്തിൽ FIFA-യുടെ സ്പോർട്സ് ആശുപത്രി ആരംഭിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സർക്കാർ ചെയ്തുകൊടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് ആശുപത്രികൾ, സ്പോർട്സ് മെഡിസിൻ തുടങ്ങിയവയ്ക്കുള്ള അപേക്ഷ ലഭിച്ചാൽ അത് പരിശോധിച്ച് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് അനുസരിച്ചുള്ളതാണെങ്കിൽ തീർച്ചയായും സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഫിഫ ഇതുവരെ ഇത്തരത്തിലൊരു നിർദ്ദേശം സർക്കാരിന് മുമ്പിൽ വച്ചിട്ടില്ല. അവർ പരിഗണിക്കുകയാണെങ്കിൽ തീർച്ചയായും അതിനെ സ്വാഗതം ചെയ്യും, പരിശോധിച്ച് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിശ്ചയിക്കുകയും ചെയ്യാം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തൃശ്ശൂർ ജില്ലയിൽ അത്യന്താധുനികമായ ഒരു ആയുർവ്വേദ സ്പോർട്സ് ആശുപത്രി പൂർത്തിയായിക്കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സൗകര്യപ്രദമായ തീയതി ലഭ്യമാകുന്ന മുറയ്ക്ക് അത് ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ഏറ്റവും ആധുനികമായ സ്പോർട്സ് ആശുപത്രിയാണത്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ സമഗ്രമായ സ്പോർട്സ് നിയമം തന്നെ പാസ്സാക്കിയിരിക്കുന്നു. അത് വളരെ അഭിനന്ദനാർഹമാണ്. പക്ഷെ സ്പോർട്സ് താരങ്ങൾക്ക് വീട് നൽകുന്ന കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പിന്നോട്ട് പോയി. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്പോർട്സ് താരങ്ങൾക്ക് വീടുകൾ നൽകുക എന്നത് എപ്പോൾ നടക്കാനാണ്? അക്കാര്യത്തിൽ ഒരു മാറ്റം വരുത്തി അർഹരായ സ്പോർട്സ് താരങ്ങൾക്ക് വീട് നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചാൽ നന്നായിരിക്കും. എന്റെ ചോദ്യം, ചില സ്പോർട്സ് അസോസിയേഷനുകൾ സ്പോർട്സ് കൗൺസിലുമായി തർക്കത്തിലാണ്. അതൊക്കെ നടന്നോട്ടെ, വിരോധമില്ല. എന്നാൽ അതിന്റെ പേരിൽ സ്പോർട്സ് താരങ്ങൾ അവഗണിക്കപ്പെടാൻ പാടില്ല. സ്പോർട്സ് താരങ്ങൾക്ക് അവഗണനയുണ്ടാകാതെ അവർക്ക് അർഹതപ്പെട്ടത് നൽകുന്നുവെന്ന് ഉറപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഒരു സ്പോർട്സ് താരത്തെയും ഗവൺമെന്റ് അവഗണിക്കില്ല. എന്തൊക്കെ സഹായങ്ങൾ ചെയ്തുകൊടുത്ത് അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയുമോ അതൊക്കെ ചെയ്തുകൊണ്ടേയിരിക്കും. പക്ഷേ പല അസോസിയേഷനുകളും വ്യക്തിഗത താല്പര്യങ്ങളും ഗ്രൂപ്പ് മത്സരങ്ങളും കായികരംഗത്തെതന്നെ ക്ഷീണിപ്പിക്കത്തക്ക നിലയിലുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഫലമായി ഒട്ടനവധി അരാജകത്വ പ്രവണതകൾ ഉണ്ടായിട്ടുണ്ട്. സ്പോർട്സ് കൗൺസിൽ/കേരള കായിക വകുപ്പ് ഇത്തരത്തിലുള്ള ഒരു അനാരോഗ്യ പ്രവണതയെയും പ്രോത്സാഹിപ്പിക്കില്ല. ശക്തമായ നടപടി സ്വീകരിക്കാനുള്ള വകുപ്പുകൾ ഇവിടെ പാസ്സാക്കിയ നിയമത്തിലുണ്ട്. അതുപയോഗിച്ച് സ്പോർട്സ് രംഗത്തെ സംശുദ്ധമാക്കും. കായിക താരങ്ങളെ വളർത്തിയെടുക്കാൻ തല്പരരായിട്ടുള്ളവരുടെ സഹകരണത്തോടുകൂടി ആ നയം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ട് വർഷത്തിനകം സ്പോർട്സ് താരങ്ങൾക്ക് വീടുകൾ നൽകുന്നതിനുള്ള പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയും നടപടികൾ ആരംഭിക്കുകയും ചെയ്തതായിരുന്നു. ലൈഫ് പദ്ധതിക്ക് വലിയ തോതിലുള്ള പ്രതികരണമുണ്ടായിരുന്നു. പക്ഷെ അപ്പോഴാണ്

മഹാപ്രളയം, ആ മഹാദുരന്തം നമ്മെ പിടികൂടിയത്. അതിന്റെ ഫലമായി നമ്മുടെയാകെ ശ്രദ്ധയും സാമ്പത്തിക സോഴ്സും ആ രംഗത്തേയ്ക്ക് ഉപയോഗിക്കേണ്ടിവന്നു എന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. അതല്ലെങ്കിൽ ലൈഫ് പദ്ധതിയിലൂടെ കേരളം ഭവനരഹിതരില്ലാത്ത കേരളമായി രൂപപ്പെട്ടുവരുമായിരുന്നു. അത്തരമൊരു പദ്ധതിതന്നെ നമ്മുടെ മുമ്പിലുണ്ട്. സ്പോർട്സ് താരങ്ങൾക്കും പാവപ്പെട്ടവർക്കും ഭവന രഹിതർക്കും വീട് ലഭ്യമാകുന്ന ആ പദ്ധതിക്കുവേണ്ടി ഒത്തൊരുമിച്ച് പരിശ്രമിച്ചാൽ അതിവേഗത്തിൽ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയും. ആ ആത്മവിശ്വാസത്തിന് ഒരു തരത്തിലുള്ള കോട്ടവും തട്ടാതിരിക്കാൻ ബഹുമാനപ്പെട്ട അംഗം ഉറച്ച നിലപാട് സ്വീകരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സ്പോർട്സിന്റെ വികസനത്തിന് കളിക്കളങ്ങൾ നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. ശ്രീമതി പി. ടി. ഉഷ ഓടിവളർന്ന പയ്യോളി സ്കൂൾ ഗ്രൗണ്ട് ക്ഷേത്ര കമ്മിറ്റിക്കാർ കയ്യേറി നെടുകെ പിളർന്നു. പണ്ടുകാലത്ത് സന്തോഷ് ട്രോഫി ഫുട്ബോൾ നടന്നിട്ടുള്ള ചാലക്കുടിയിലെ ഗ്രൗണ്ട് നാഷണൽ ഹൈവേയ്ക്കുവേണ്ടി അക്വയർ ചെയ്തു, അത് ഇല്ലാതായി. പല മുനിസിപ്പാലിറ്റികളും ഷോപ്പിംഗ് കോംപ്ലക്സുകളും മറ്റും പണിയുന്നതിനുവേണ്ടി പഴയ കളിക്കളങ്ങൾ ഉപയോഗിച്ചു. പ്രീ-ഡിഗ്രി കോളേജുകളിൽനിന്നും ഡീലിങ്ക് ചെയ്ത് സ്കൂളുകളുടെ ഭാഗമാക്കിയപ്പോൾ സ്കൂളുകളിലെ പഴയ പല കളിക്കളങ്ങളും ഒരു കാഴ്ചപ്പാടുമില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ച് ഇല്ലാതാക്കി. ഈ സാഹചര്യത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പോലെതന്നെ നമുക്കുള്ള കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരുമോ എന്നാണ് എനിക്ക് അറിയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കളിക്കളങ്ങൾ സംരക്ഷിക്കപ്പെടണം. നിയമനിർമ്മാണം വേണമോ അതോ മറ്റേതെങ്കിലും നടപടികളിലൂടെ കളിസ്ഥലങ്ങൾ സംരക്ഷിക്കാൻ സാധിക്കുമോയെന്ന് തീർച്ചയായും പരിശോധിക്കാവുന്നതാണ്. കളിക്കളങ്ങൾ അനധികൃതമായി കയ്യേറുന്ന അവസ്ഥയുണ്ട്. ഓരോ പ്രദേശത്തുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് ഗ്രാമപഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ കൊണ്ടുവരികയാണ്. സ്പോർട്സ് കൗൺസിൽ വന്നാൽ ഇതിന്റെ സുരക്ഷിതത്വവും സംരക്ഷണവും കൂടുതൽ ഉറപ്പുവരുത്താൻ കഴിയും. അതുകൊണ്ടാണ് ഇപ്പോഴത്തെ സ്പോർട്സ് ഭേദഗതി നിയമം വരുന്നതോടുകൂടി ഇക്കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്. അങ്ങനെ വരുമ്പോൾ തീർച്ചയായും ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. എം. സ്വരാജ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കാരണം കേരളത്തിലെ ഫുട്ബോൾ താരങ്ങൾ ലോക നിലവാരത്തിലുള്ള താരങ്ങളായിരുന്നു. ഒരു കാലഘട്ടത്തിൽ കേരള പോലീസ്, ട്രാവൻകൂർ ടൈറ്റാനിയം, സെൻട്രൽ എക്സൈസ്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി., തുടങ്ങിയ സ്ഥാപനങ്ങളിൽ നല്ല കളിക്കാർ ഉണ്ടായിരുന്നു. ശ്രീ. ഐ. എം. വിജയൻ, ശ്രീ. ഷറഫ് അലി, ശ്രീ. വി. പി. സത്യൻ, ശ്രീ. കുരികേഷ് മാത്യു, ശ്രീ. സി. വി. പാപ്പച്ചൻ, ശ്രീ. കെ. ടി. ചാക്കോ തുടങ്ങിയവരെല്ലാം നല്ല കളിക്കാരായിരുന്നു. ഇന്ത്യയിലെ ഏറ്റവും പ്രഗത്ഭനായ ഗോളി തന്നെയായിരുന്നു ശ്രീ. കെ. ടി. ചാക്കോ. ലോക നിലവാരത്തിലുള്ള കളിക്കാരനായിരുന്നു ശ്രീ. ഐ. എം. വിജയൻ. അത്തരം സ്ഥാപനങ്ങളിലെ കളിക്കാരെ കൂട്ടിയോജിപ്പിച്ചാൽ ഇന്ത്യയിലെ ഏറ്റവും നല്ല ഫുട്ബോൾ ടീമിനെ കേരളത്തിന് സംഭാവന ചെയ്യാൻ സാധിക്കും. ശ്രീ. ഐ. എം. വിജയനും ശ്രീ. കുരികേഷ് മാത്യുവും ഞാനും പല ടൂർണമെന്റുകളിലും പങ്കെടുത്ത് കളിച്ചിട്ടുണ്ട്. പല ജില്ലകളിലും കൂലിക്കുവേണ്ടി കളിക്കാൻ പോയിട്ടുള്ള ഒരാളാണ് ഞാൻ. ക്രിക്കറ്റിനെക്കാളും മറ്റെല്ലാത്തിനെക്കാളും ഫുട്ബോളിനെ സ്നേഹിക്കുകയും പ്രേമിക്കുകയും ചെയ്യുന്നു. കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ താരങ്ങളുണ്ട്. അതുകൊണ്ട് ഈ സ്ഥാപനങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് നല്ലൊരു കേരള ഫുട്ബോൾ ടീം രൂപീകരിക്കുന്നതിന് അങ്ങയുടെ കാലത്ത് മുൻകയ്യെടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, മുൻകാലങ്ങളിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിലും കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയവയിലും പ്രഗത്ഭരായ കായിക താരങ്ങളുടെ ടീമുകൾ ഉണ്ടായിരുന്നു. പക്ഷെ പിന്നീട് അതെല്ലാം നഷ്ടപ്പെട്ടു, ദുർബ്ബലപ്പെട്ടുപോയി. ഇപ്പോൾ വീണ്ടും നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രഗത്ഭരായ ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് കളിക്കാർ ഉണ്ട്. വട്ടിയൂർക്കാവിലെ ഷൂട്ടിംഗ് റേഞ്ചിൽ വന്ന് റൈഫിൾ ഷൂട്ടിംഗ് നടത്തുന്ന ഉദ്യോഗസ്ഥർ നമ്മുടെ സർക്കാർ സർവ്വീസിലുണ്ട്. മികച്ച പെർഫോമൻസാണ് അവർ നടത്തുന്നത്. അതുപോലെ ഒട്ടനവധി പ്രഗത്ഭരായ വ്യക്തികളുണ്ട്. ഫുട്ബോളിൽ മാത്രമല്ല, മറ്റ് കായിക മേഖലകളിൽ താൽപ്പര്യമുള്ളവരെയും ഉപയോഗപ്പെടുത്തിക്കൊണ്ട് സ്പോർട്സ് പ്രൊമോട്ട് ചെയ്യുന്നതിനുള്ളൊരു സംവിധാനം ഒരുക്കിയെടുക്കാം. കേരളാടിസ്ഥാനത്തിൽ ഒരു ടീം ഉണ്ടാക്കുന്ന കാര്യം തീർച്ചയായും പരിശോധിക്കാം. അതുപോലെ ക്രിക്കറ്റ്, വോളിബോൾ, ഹോക്കി തുടങ്ങി വ്യത്യസ്ത മേഖലകളിൽനിന്നും കായിക താരങ്ങളെ

കണ്ടെത്തി മെച്ചപ്പെട്ട നിലവാരം പുലർത്താൻ കഴിയുന്നവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ടീം ഉണ്ടാക്കാൻ കഴിയും. അക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കും. ഏതായാലും ഇപ്പോൾ കേരളത്തിൽ ഒരു വനിതാ ഫുട്ബോൾ ടീം ഉണ്ടാക്കുന്നതിനുള്ള ആലോചന സജീവ പരിഗണനയിലുണ്ട്. ആ ടീമിന് നന്നായി പെർഫോം ചെയ്യാൻ കഴിയും. ശ്രീ. ഐ. എം. വിജയനോടൊപ്പം ഓടിക്കളിച്ച് വന്നിട്ടുള്ള ഒരാളാണ് ബഹുമാനപ്പെട്ട അംഗം എന്ന് അറിയാൻ കഴിഞ്ഞതിൽ അങ്ങേയറ്റം സന്തോഷിക്കുന്നു. ശ്രീ. ഐ. എം. വിജയന്റെ വികാരമായിരിക്കും ഒരുപക്ഷേ ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രകടിപ്പിച്ചത്. കായികരംഗത്തെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി മുന്നോട്ടുവന്നതിൽ നന്ദി അറിയിക്കുകയാണ്.

മി. സ്പീക്കർ: കായിക മേഖലയോട് ഇത്രയധികം താല്പര്യം കാണിച്ച അംഗങ്ങളെയെല്ലാം അഭിനന്ദിക്കുന്നു. ചോദ്യം നമ്പർ, 333.

## കേന്ദ്ര വൈദ്യുതി ഭേദഗതി ബിൽ 2018

2 (*333) ശ്രീ. കെ. രാജൻ:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമത്തിൽ നിന്നും വൈദ്യുതിയെ വാണിജ്യ വസ്തുവായി മാറ്റി ലാഭം നേടുക എന്നതാണ് കേന്ദ്ര വൈദ്യുതി (ഭേദഗതി) ബിൽ 2018 നിയമ ഭേദഗതിയിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്ന് അഭിപ്രായമുണ്ടോ;

(ബി) സപ്ലൈ ലൈസൻസി വഴി വൈദ്യുതി വിൽക്കുമ്പോൾ ഗാർഹിക-കാർഷിക-വ്യാവസായിക വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന ക്രോസ് സബ്സിഡി വെട്ടിച്ചുരുക്കുന്നത് ദുർബല വിഭാഗങ്ങളെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി വിതരണ മേഖലയെ സ്വകാര്യ മേഖലയുടെ കരങ്ങളിൽ എത്തിക്കുന്നതിന് പ്രസ്തുത വൈദ്യുതി ബില്ലിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) 2003, 2013 വർഷങ്ങളിൽ പാസ്സാക്കിയ കേന്ദ്ര നിയമവും 2018-ൽ കൊണ്ടുവരാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്ന പുതിയ നിയമവും വൈദ്യുതിരംഗം പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിനും ഫലത്തിൽ സംസ്ഥാനങ്ങൾക്ക് ഈ രംഗത്തുള്ള അധികാരം ഇല്ലാതാക്കുന്നതിനും സഹായിക്കുമെന്ന് കാണാവുന്നതാണ്. ഇലക്ട്രിസിറ്റി ആക്ട്, 2003 തന്നെ വൈദ്യുതിയെ സാമൂഹികക്ഷേമ ഉത്തരവാദിത്വം എന്ന നിലയിൽനിന്നും വാണിജ്യവസ്തു എന്ന നിലയിലേയ്ക്ക് മാറ്റാൻ ഇടയാക്കിയിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലയ്ക്ക് കടന്നു വരാനിടയാക്കുമെന്ന് കരുതുന്നു. സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltd പോലുള്ള പൊതുമേഖലാ സംരംഭങ്ങളുടെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുള്ള വൈദ്യുതിയും നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭസാദ്ധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേയ്ക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിന് ഭേദഗതി നിർദ്ദേശങ്ങൾ അഥവാ പുതിയ നിയമം സഹായിക്കുമെന്നതാണ് അതുസംബന്ധിച്ച വിലയിരുത്തൽ.

(ബി) സാദ്ധ്യതയുണ്ട്. നിലവിൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾ ഉൾപ്പെടെ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്നും ലഭിക്കുന്ന അധികവരുമാനം (ക്രോസ് സബ്സിഡി) ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ചെറുകിട ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സഹായിക്കുന്നുണ്ട്. നിർദ്ദിഷ്ട നിയമ ഭേദഗതി പ്രാവർത്തികമാക്കിയാൽ പ്രസ്തുത ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കേണ്ടിവരുമെന്നതിനാൽ ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ വർദ്ധനയുണ്ടാകാനിടയുണ്ട്. ക്രോസ് സബ്സിഡിക്ക് പകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ നേരിട്ട് നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം ആണ്. എല്ലാ ഉപഭോക്താക്കൾക്കും ഒരേ നിരക്കിൽ വൈദ്യുതി നൽകുകയും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കുള്ള സബ്സിഡി സംസ്ഥാന സർക്കാർ നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ക്രോസ് സബ്സിഡി സംവിധാനം ഇല്ലാതാകുന്ന സാഹചര്യത്തിൽ ഇപ്പോഴുള്ള നിരക്കിൽ എല്ലാവർക്കും വൈദ്യുതി വിതരണം ചെയ്യണമെങ്കിൽ സർക്കാരിന്റെ നേരിട്ടുള്ള സബ്സിഡി ബാധ്യത 2000 കോടി രൂപയിൽ കവിയും. നിലവിലെ സാഹചര്യത്തിൽ ഇത്രയും തുക ബജറ്റിൽ വകയിരുത്തുക പ്രായോഗികമാവില്ല. അങ്ങനെ വരുമ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് സമീപഭാവിയിൽത്തന്നെ വൈദ്യുതി അപ്രാപ്യമാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറും.

(സി) കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ, വിശിഷ്യ വൈദ്യുതി വിതരണ മേഖലയെ മൂന്നായി വിഭജിക്കുന്നത്, രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലയ്ക്ക് കടന്നുവരാൻ ഇടയാക്കുമെന്ന് കരുതുന്നു. പൊതുമേഖലാ സംരംഭങ്ങളുടെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുള്ള വൈദ്യുതി ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുകയെന്ന ലാഭസാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേയ്ക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ദൂരവ്യാപകമായ ഫലമുണ്ടാകുന്നതിനും ഇത് ഇടയാക്കുമെന്ന് വിലയിരുത്തപ്പെടുകയാണ്.

ശ്രീ. കെ. രാജൻ: സർ, കേന്ദ്രസർക്കാരിന്റെ പുതിയ വൈദ്യുതി നിയമമനുസരിച്ച് കാർഷിക മേഖലയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്ന വൈദ്യുതി സബ്സിഡി പൂർണ്ണമായും നിർത്തണമെന്നുള്ള നിർദ്ദേശമാണ് പൊതുവിൽ വന്നിരിക്കുന്നത്. ഈ നിർദ്ദേശത്തെ മറികടക്കാൻ കേരളത്തിൽ ഒരു സംവിധാനമുണ്ടാക്കാൻ കഴിയുമോ? കാർഷിക മേഖലയിൽ നിലവിലുള്ള സബ്സിഡി വളരെ ഗുണകരമാണ്. അത് ഒഴിവാക്കാനുള്ള നടപടിയാണ് ഇപ്പോൾ കേന്ദ്രസർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്, അതിനെ മറികടക്കാനുള്ള ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം കേരളത്തിൽ നടത്താൻ കഴിയുമോ?

ശ്രീ. എം. എം. മണി: സർ, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമങ്ങളെ മറികടന്നുകൊണ്ടാണ് നമ്മൾ ഇപ്പോൾ കാർഷിക മേഖലയ്ക്ക് സബ്സിഡി നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ 2018-ലെ നിയമം പാർലമെന്റ് പാസ്സാക്കാനിടയായാൽ നമുക്ക് ആ രംഗത്ത് മുന്നോട്ടുപോകാൻ കഴിയില്ല, അത് പ്രതിസന്ധിയുണ്ടാക്കും. ചെറുകിട ഉപഭോക്താക്കൾക്ക് സബ്സിഡി നൽകാനോ കാർഷിക മേഖലയ്ക്ക് ഇന്ന് നൽകുന്ന സഹായം നൽകാനോ കഴിയാതെവരും. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന നിയമത്തെ മറികടക്കാൻ പ്രായോഗികമായി സംസ്ഥാന ഗവൺമെന്റിന് അധികാരം ഇല്ലാതാകുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്.

ശ്രീ. കെ. രാജൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ നടപടിയെ മറികടക്കുന്നത് സംബന്ധിച്ച് കേരള ഗവൺമെന്റ് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. അതിനായി കേരള ഗവൺമെന്റ് കാർഷികരംഗത്ത് ഒരു പുതിയ നിയമംതന്നെ കൊണ്ടുവരേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ രണ്ടാമത്തെ ചോദ്യം, കൂടംകുളം വൈദ്യുത പദ്ധതിയിൽ മാടക്കത്തറ ലൈൻ പൂർത്തീകരിക്കാനുള്ള പണികളുടെ പുരോഗതി സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. എം. എം. മണി: സർ, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന നിയമത്തെ മറികടന്ന് നമ്മുടെ നിയമസഭയ്ക്ക് ഒരു നിയമം പാസ്സാക്കാൻ ഭരണഘടനാപരമായും നിയമപരമായും കഴിയില്ല, അത് ആ നിലയിൽ നമ്മൾ കാണേണ്ടതുണ്ട്. അതേസമയം കേന്ദ്രനിയമത്തിനെതിരെ ഒരു കൂട്ടായ്മ വളർത്താനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. വൈദ്യുതി ബോർഡ് ഇതുസംബന്ധിച്ച് പരിശോധിക്കുകയും സെമിനാർ നടത്തുകയും നമ്മുടെ പ്രതിഷേധവും അഭിപ്രായവ്യത്യാസവും കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് സംസ്ഥാന വൈദ്യുതി ബോർഡ് കത്തയച്ചിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽനിന്നും നമുക്ക് മറുപടി വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കൂട്ടായ ഒരു പരിശ്രമം ആകാവുന്നതാണ്. പ്രത്യേകിച്ച് ഇപ്പോൾ രാജ്യത്ത് ഉയർന്നുവരുന്ന രാഷ്ട്രീയ സാഹചര്യവുംകൂടി ഉപയോഗപ്പെടുത്തി ഭാവിയിൽ എന്തുചെയ്യാൻ കഴിയുമെന്ന് നമുക്ക് ആലോചിക്കാവുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൂടംകുളം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചു കിടക്കുകയായിരുന്നു. ഈ ഗവൺമെന്റ് വന്നശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അന്ന് വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രനും മുൻകയ്യെടുത്ത് ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടിയിരുന്നു. ആ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അത് പരിശോധിക്കുകയും റിവ്യൂ നടത്തുകയും ചെയ്യുന്നുണ്ട്. ആ രംഗത്ത് മെച്ചപ്പെട്ട സ്ഥിതി കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സംസ്ഥാനത്തെ ദ്രോഹിക്കുന്ന സമീപനവുമായാണ് കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകുന്നത്. സംസ്ഥാന ഗവൺമെന്റും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും സ്വീകരിച്ച നിലപാട് യോജിക്കാൻ കഴിയുന്നത് തന്നെയാണ്. ശക്തമായ പ്രതിഷേധം ഉയർന്നുവരേണ്ട ഒരു സാഹചര്യമാണിത്. എന്റെ ചോദ്യം, ഇപ്പോൾ സംസ്ഥാനത്ത് കനത്ത മഴയിലൂടെ ലഭിച്ച അധിക വൈദ്യുതി ഉൽപ്പാദനം എത്രയെന്ന് വ്യക്തമാക്കാൻ കഴിയുമോ; വൈദ്യുതി സംസ്ഥാനത്തിന് പുറത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച തുക എത്രയാണ്? വൈദ്യുതി വാങ്ങുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെട്ടിരിക്കുന്ന എഗ്രിമെന്റ് കാൻസൽ ചെയ്യുകയോ, പുതിയ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ നഷ്ടവും ലാഭവും കണക്കാക്കി അത് എത്രയെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. എം. എം. മണി: സർ, പ്രളയ ദുരന്തത്തെത്തുടർന്ന് വൈദ്യുതി ബോർഡിന് 820 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഉത്പാദന രംഗത്തും നിലവിലുള്ള ലൈനുകൾക്കുമുണ്ടായ തകർച്ച അതിന്റെ ഭാഗമാണ്. സംഭരിച്ച വെള്ളം ഉപയോഗിച്ച് എത്ര വൈദ്യുതി ഉത്പാദിപ്പിച്ചുവെന്നത് പരിശോധിച്ചതിനുശേഷമേ പറയാൻ കഴിയുകയുള്ളൂ. അതുസംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. പിന്നീട് വിശദമായി മറുപടി പറയുന്നതാണ്. സ്റ്റോർ ചെയ്ത വെള്ളം ഉപയോഗിച്ചുള്ള ഉൽപ്പാദനം നടക്കുന്നതേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ അത് തിട്ടപ്പെടുത്താൻ കഴിയില്ല. അത് തിട്ടപ്പെടുത്തിയതിനുശേഷം വസ്തുതകൾ ശേഖരിച്ച് പിന്നീട് അറിയിക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2018-ലെ കേന്ദ്ര വൈദ്യുതി നിയമം സംസ്ഥാന ഗവൺമെന്റിന്റെ താല്പര്യങ്ങൾക്ക് എതിരാണ്. വൈദ്യുതി വിതരണം കെ.എസ്.ഇ.ബി.യെയും പണം പിരിക്കുന്നതിന് സ്വകാര്യ ഏജൻസികളെയും ഏൽപ്പിക്കുകയാണ്. ക്രോസ് സബ്സിഡി ഒഴിവാക്കുന്നതായി അറിയുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന നിയമസഭ ഒറ്റക്കെട്ടായി ഇതിനെതിരായി പ്രമേയം പാസ്സാക്കുമോ; താങ്കൾ അതിന് മുൻകയ്യെടുക്കുമോ?

ശ്രീ. എം. എം. മണി: സർ, മുഖ്യമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. നിയമസഭ ഒറ്റക്കെട്ടായി എന്നുപറഞ്ഞാൽ, ഇപ്പോൾ ഭരണപക്ഷം മാത്രമേയുള്ളൂ. പ്രതിപക്ഷം സഭയിൽനിന്നും പോയിരിക്കുകയാണ്. അടുത്ത സഭ സമ്മേളിക്കുമ്പോൾ ഇക്കാര്യം ആലോചിക്കാം. നിലവിലുള്ള സഭയിൽ ആലോചിക്കണമെങ്കിലും ആലോചിക്കാം. മുഖ്യമന്ത്രിയുമായി ആലോചിച്ചുമാത്രമേ അതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ സാധിക്കൂ.

ശ്രീമതി സി. കെ. ആശ: സർ, പ്രളയാനന്തരം വൈദ്യുതി ശൃംഖലയെ പുനഃസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അതിന് അങ്ങയെ അഭിനന്ദിക്കുന്നു. കെ.എസ്.ഇ.ബി.യുടെ നിലവിലെ പ്രവർത്തനനഷ്ടം 1500 കോടി രൂപയിലധികമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രളയംമൂലം ഏതാണ്ട് 820 കോടി രൂപയുടെ നഷ്ടമുണ്ടായെന്നും ക്രോസ് സബ്സിഡി സംവിധാനം ഇല്ലാതാകുന്ന സാഹചര്യത്തിൽ ഇപ്പോഴുള്ള നിരക്കിൽ എല്ലാവർക്കും വൈദ്യുതി വിതരണം ചെയ്യണമെങ്കിൽ സർക്കാരിന്റെ നേരിട്ടുള്ള സബ്സിഡി ബാദ്ധ്യത 2000 കോടി രൂപയിൽ കവിയുമെന്നും നിലവിലെ സാഹചര്യത്തിൽ ഇത്രയും തുക ബജറ്റിൽ വകയിരുത്തുക പ്രായോഗികമല്ലെന്നുമാണ് അങ്ങയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ അവസരത്തിൽ ജനങ്ങൾക്കുണ്ടാകുന്ന കനത്ത ഭാരം ഒഴിവാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നഷ്ടം നികത്തുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്രസർക്കാർ നമ്മെ സഹായിക്കാനുള്ള സാദ്ധ്യതയുണ്ടോ?

ശ്രീ. എം. എം. മണി: സർ, പ്രളയക്കെടുതിമൂലം വലിയ പ്രതിസന്ധി നേരിട്ടിട്ടും കുറേയധികം സഹോദരങ്ങൾ മരിച്ചിട്ടും കേന്ദ്രഗവൺമെന്റ് നമ്മെ സഹായിച്ചിട്ടില്ലെന്ന കാര്യം ഓർക്കുന്നത് നന്നായിരിക്കും. എങ്കിലും കേന്ദ്രഗവൺമെന്റിന്റെ നിലപാടിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാരിന് ആവശ്യപ്പെടാവുന്നതും അതിനെതിരെ നിലപാടെടുക്കാവുന്നതുമാണ്. അത്തരം കാര്യങ്ങളെപ്പറ്റി ആലോചിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ സബ്സിഡി കൊടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ പണം കണ്ടെത്തണം എന്നുപറഞ്ഞാൽ ഇന്നത്തെ സാഹചര്യത്തിൽ ചിന്തിക്കാൻ കഴിയുന്നതല്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങയുടെ നേതൃത്വത്തിൽ കേരളത്തിൽ ധാരാളം കണ്ടെയ്നർ സബ്സ്റ്റേഷനുകൾ ആരംഭിക്കുമെന്നത് അഭിനന്ദനീയമായ കാര്യമാണ്. വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഇതിലൂടെ സാധിക്കും. ഉപഭോക്താക്കളുടെ എണ്ണം 35000-ൽ കൂടുതലായ സ്ഥലങ്ങളിൽ പ്രത്യേകം സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. അത് പരിഗണിക്കാൻ സാധിക്കുമോ?

ശ്രീ. എം. എം. മണി: സർ, സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അധികച്ചെലവ് വേണ്ടിവരും എന്നുള്ള പ്രശ്നമുണ്ട്. ഇപ്പോൾത്തന്നെ കടബാദ്ധ്യതയിലാണ്. എല്ലാ സാദ്ധ്യതകളും പരിശോധിച്ച് ഒഴിവാക്കാൻ സാധിക്കാത്ത ചില സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാം. വ്യാപകമായി സ്ഥാപിക്കാൻ കഴിയില്ല. കാരണം അത് നഷ്ടത്തിലും പ്രതിസന്ധിയിലും കൊണ്ടെത്തിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേന്ദ്ര ഗവൺമെന്റ് വൈദ്യുതി ഭേദഗതി ബിൽ 2018 പാസ്സാക്കുന്നതോടുകൂടി വൈദ്യുതി മേഖലയോടൊപ്പം ഊർജ്ജവും പ്രൈവറ്റ് കമ്പനികൾക്ക് തീറെഴുതിക്കൊടുക്കുന്ന രീതിയിലേയ്ക്ക് പോകുകയാണ്. Skill India എന്ന മുദ്രാവാക്യവുമായി വന്ന് Selling India & Killing India എന്ന രീതിയിലുള്ള പ്രവർത്തനമാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ നടപ്പിലാക്കുന്നത്. HAL-ന് കൊടുക്കേണ്ട റഫേൽ ഡീൽ അടക്കമുള്ളത് HAL-നെ ഒഴിവാക്കി റിലയൻസിന് കൊടുക്കുക; അതുപോലെ പ്രതിരോധം, ഊർജ്ജം, വിദ്യാഭ്യാസം, റെയിൽവേ, ബി.എസ്.എൻ.എൽ. തുടങ്ങിയ എല്ലാ മേഖലകളെയും സ്വകാര്യവത്കരിക്കുക എന്ന രീതിയിലാണ് കേന്ദ്രസർക്കാർ പോകുന്നത്. ഈ അവസരത്തിൽ പാവപ്പെട്ടവർക്കും കർഷകർക്കുമെല്ലാം വളരെ കുറഞ്ഞ നിരക്കിൽ വൈദ്യുതി എത്തിക്കാനും വൈദ്യുതി മേഖലയെ സർക്കാരിന്റെ കീഴിൽത്തന്നെ നിലനിർത്താനുമാവശ്യമായ യോജിച്ച പോരാട്ടത്തിന് മുന്നോട്ട് പോകേണ്ടതുണ്ട്. ആ സമയത്താണ് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചത്. പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞത് നിരാഹാര സത്യാഗ്രഹം കിടക്കുകയാണെന്നാണ്...........

മി. സ്പീക്കർ: അതൊന്നും വേണ്ട അങ്ങ് ചോദ്യം ചോദിച്ചാൽ മതി.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: എം.എൽ.എ. ഹോസ്റ്റലിൽ നിന്നും മൂന്ന് നേരവും ചിക്കൻ ബിരിയാണിയും നെയ്ച്ചോറും ബീഫും കൊണ്ടുകൊടുത്ത് എന്ത് നിരാഹാര സത്യാഗ്രഹമാണ് നിങ്ങൾ നടത്തുന്നതെന്നുകൂടി പ്രതിപക്ഷനേതാവ് അടക്കമുള്ള അംഗങ്ങൾ ഇവിടെ വ്യക്തമാക്കണം. ഈ സമയത്ത് ഇത്തരത്തിലുള്ള സമരം.........(മൈക്ക് ഓഫ്)...........

ശ്രീ. എം. എം. മണി: സർ, കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വൈദ്യുതി നയങ്ങൾക്കെതിരെ യോജിച്ച പോരാട്ടം നടത്താമോയെന്ന അദ്ദേഹത്തിന്റെ ചോദ്യത്തിന് 'ആകാം, അതുസംബന്ധിച്ച് ആലോചിക്കാവുന്നതാണ്' എന്നതാണ് ഉത്തരം. രാജ്യത്തെ രാഷ്ട്രീയ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ചും ആലോചിക്കാവുന്നതാണ്.

## ആരാധനാലയങ്ങളുടെ പരിസരത്ത് ആയുധ പരിശീലനം

3 (*334) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. പി. ഉണ്ണി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യവ്യാപകമായി ആരാധനാലയങ്ങളുടെ പേരിലും മതത്തിന്റെ പേരിലും ചേരിതിരിവ് സൃഷ്ടിക്കാനുള്ള നീക്കം ചില വിധ്വംസക ശക്തികൾ ഊർജ്ജിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആരാധനാലയങ്ങൾ ഉപയോഗിച്ചുകൊണ്ട് സങ്കുചിത രാഷ്ട്രീയം വളർത്തുന്നത് തടയാൻ ദേവസ്വം ബോർഡുകൾ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകുമോ;

(ബി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ആരാധനാലയങ്ങളുടെ പരിസരം വിശ്വാസത്തെ മറയാക്കി ആയുധ പരിശീലനത്തിനായി ഉപയോഗിക്കുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ആരാധനാലയങ്ങൾ ആയുധ പരിശീലനം നടത്താനോ രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അത്തരം പ്രവർത്തനങ്ങൾ തടയാൻ സർക്കാർ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്.

(ബി) ആരാധനാലയങ്ങളുടെ പരിസരം ആയുധ പരിശീലനത്തിനായി ഉപയോഗിക്കുന്നത് 2011-ലെ പോലീസ് ആക്ട് 73-ാം വകുപ്പുപ്രകാരം നിയന്ത്രിച്ചിട്ടുണ്ട്. അതനുസരിച്ച് ആരാധനാലയങ്ങളുടെ പരിസരം കേന്ദ്രീകരിച്ച് നടക്കുന്ന എല്ലാവിധ കായിക പരിശീലനങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ക്ഷേത്രങ്ങളെ കലാപഭൂമിയാക്കി മാറ്റാനുള്ള ആസൂത്രിതമായ ശ്രമങ്ങൾ കേരളത്തിൽ നടക്കുകയാണ്. പരിപാവനമായ ശബരിമലയിൽ രക്തം വീഴ്ത്തി അശുദ്ധമാക്കാനും അതുവഴി കേരളത്തെ കലാപഭൂമിയാക്കി മാറ്റി വർഗ്ഗീയ മുതലെടുപ്പ് നടത്താനും ബി.ജെ.പി. ശ്രമിച്ചപ്പോൾ അവർക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുക്കുന്ന ലജ്ജാകരമായ സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചത്. വർഗ്ഗീയവാദികളെ നിലയ്ക്കലിൽ നിർത്തിയും വിശ്വാസികളെ നടയിൽ എത്തിച്ചും സുഗമമായി തീർത്ഥാടനത്തിന് അവസരമൊരുക്കിയ ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽ പല സ്ഥലങ്ങളിലും അനുഷ്ഠാനത്തിന്റെ മറവിൽ നടക്കുന്ന പ്രഭാഷണങ്ങളിൽ വളരെ സമർത്ഥമായി വർഗ്ഗീയ പ്രചരണം നടത്തുന്നുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനും തടയാനും ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും വർഗ്ഗീയ വിഷം വമിപ്പിക്കുന്ന തരത്തിലുള്ള വ്യാപകമായ ദുഷ്പ്രചരണങ്ങൾ നടത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെല്ലാം ഇന്ന് നിലവിലുള്ള നിയമത്തിനുള്ളിൽ നിന്നുകൊണ്ട് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. അതോടൊപ്പം 1950-ലെ TCHRI (Travancore Cochin Hindu Religious Institution) Act-ൽ യുക്തമായ ഭേദഗതി വരുത്തി ക്ഷേത്രപറമ്പുകളിലും ക്ഷേത്രങ്ങളോടനുബന്ധിച്ച സ്ഥലങ്ങളിലും നടക്കുന്ന ആയുധ പരിശീലനം ഉൾപ്പെടെയുള്ള അനാവശ്യ പ്രവൃത്തികൾ നിരോധിച്ചുകൊണ്ടുള്ള ഒരു നിയമ ഭേദഗതി കൊണ്ടുവരാനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ആരാധനാലയങ്ങളെ മറയാക്കി വലിയ തോതിൽ വർഗ്ഗീയ ധ്രുവീകരണം നടത്താൻ ആർ.എസ്.എസ്., എസ്.ഡി.പി.ഐ. പോലുള്ള ന്യൂനപക്ഷ വർഗ്ഗീയ തീവ്രവാദശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മാനവികതയ്ക്കും ബഹുസ്വരതയ്ക്കും പേരുകേട്ട നാടാണ് കേരളം. ഇവിടെ ധാരാളം ക്ഷേത്രങ്ങളുണ്ട്, അനുഷ്ഠാനങ്ങൾക്ക് ഒരു ഭംഗവും വരാതെ അവ നടന്നുവരികയാണ്. ഇത്തരത്തിൽ കേരളത്തിന്റെ സാമൂഹികാന്തരീക്ഷം കലുഷിതമാക്കാനും

ആരാധനാലയങ്ങളുടെ ആത്മീയ അന്തരീക്ഷവും നാടിന്റെ സൗഹാർദ്ദതയും തകർക്കാനും വർഗ്ഗീയശക്തികൾ ശ്രമിക്കുമ്പോൾ ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണത്തിന് സാദ്ധ്യതയുണ്ടോ; സർക്കാർ അത് പരിഗണിക്കുമോ; നിലവിലുള്ള നിയമം അനുസരിച്ച് ഇത്തരം വർഗ്ഗീയവാദികളിൽനിന്നും ആരാധനാലയങ്ങളെ സംരക്ഷിക്കാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നിലവിലുള്ള നിയമം അനുശാസിക്കുന്നതരത്തിൽ, നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ട് നിയമനടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതോടൊപ്പം TCHRI ആക്ടിൽ യുക്തമായ ഭേദഗതി വരുത്തി, ആയുധ പരിശീലനം ഉൾപ്പെടെയുള്ള അനാവശ്യ പ്രവൃത്തികൾ നിരോധിച്ചുകൊണ്ടുള്ള നിയമം നിർമ്മിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. നിയമനിർമ്മാണം കൊണ്ടുമാത്രം ഇത് തടയാൻ സാധിക്കുകയില്ല. വർഗ്ഗീയതയ്ക്കെതിരെ സമൂഹത്തിൽ ശക്തമായ കാമ്പയിൻ പ്രവർത്തനങ്ങളാണ് വേണ്ടത്. വർഗ്ഗീയ വിഷം വമിപ്പിച്ച് നാടിനെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരായി എല്ലാ മതേതര വാദികളുംകൂടി യോജിച്ചുകൊണ്ടുള്ള ഒരു പ്രസ്ഥാനം സംസ്ഥാനത്ത് ഉയർന്നുവരണം. അതിനായി വിപുലമായ കാമ്പയിൻ പ്രവർത്തനം നടത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് പുതുവർഷം ആരംഭിക്കുന്ന ദിവസംതന്നെ സംസ്ഥാനത്ത് ഒരു വനിതാമതിൽ നിർമ്മിച്ചുകൊണ്ട് കാമ്പയിൻ ആരംഭിക്കാൻ ആലോചിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, സർക്കാരിന്റെയും ദേവസ്വം ബോർഡുകളുടെയും കാലോചിതമായ പ്രവർത്തനത്തെ അനുമോദിക്കുകയാണ്. വിശ്വാസികളുടെ ആരാധനാ സങ്കൽപ്പത്തെ മാറ്റിമറിക്കുന്ന തരത്തിലാണ് ശബരിമലയിലും ഗ്രാമീണ ക്ഷേത്രങ്ങളിലും വർഗ്ഗീയ തീവ്രവാദികൾ കാവിക്കൊടിയും കാവി തോരണങ്ങളും കെട്ടി ആഘോഷിക്കുന്നത്. ഈ വർഗ്ഗീയ രാഷ്ട്രീയ പശ്ചാത്തലമുണ്ടാക്കുന്നതിനെതിരെ എന്ത് ആശയപ്രചരണമാണ് നടത്താൻ സാധിക്കുമെന്നത് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേരളം മതേതരത്വത്തിന് പേരുകേട്ട സംസ്ഥാനമായി മാറിയത് ഏതാണ്ട് ഒരു നൂറ്റാണ്ട് കാലത്തെ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെയാണ്. വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങളും അതിന്റെ തുടർച്ചയായിവന്ന ദേശീയ/പുരോഗമന/തൊഴിലാളി പ്രസ്ഥാനങ്ങളുമെല്ലാം ഇക്കാര്യത്തിൽ വഹിച്ച മഹത്തായ പങ്കാണ് ദൈവത്തിന്റെ സ്വന്തം നാടെന്ന വിളിപ്പേരിന് അർഹമാകുന്ന തരത്തിൽ കേരളത്തിന്റെ

സാമൂഹികാന്തരീക്ഷത്തെ ഭ്രാന്താലയത്തിൽനിന്നും മാറ്റിമറിക്കാനിടയായത്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ഏറ്റെടുക്കേണ്ട ഒരു പുതിയ കാലഘട്ടമാണ് ഇന്ന് നമ്മുടെ മുന്നിലുള്ളതെന്ന വസ്തുതയാണ് ബോദ്ധ്യപ്പെടുത്തുന്നത്. ആ പ്രവർത്തനങ്ങൾ ശക്തമായി കൊണ്ടുപോകുന്നതിന്റെ തുടക്കമാണ് കേരളമാകെ ഒരുമിച്ചുനിന്ന് ജനുവരി ഒന്നിന് ലക്ഷക്കണക്കിന് വനിതകൾ പങ്കെടുക്കുന്ന വനിതാമതിൽ.

മി.സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയക്കെടുതി കാരണം നികുതി വരുമാനത്തിലുണ്ടായ കുറവ്

4 (*331) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ. എം. ഷാജി:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം കാരണം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വരുമാന നഷ്ടം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) പ്രളയം പൊതുവേ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി മാസ ജി.എസ്.ടി. വരുമാനം ഏകദേശം 650 കോടി രൂപയാണ്. 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് 527.51 കോടി രൂപയും 525.30 കോടി രൂപയുമാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യുവാൻ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു എന്ന് വ്യാപാരികൾ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് ജൂലൈ മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി ആഗസ്റ്റ് 20-ൽ നിന്ന്

ഒക്ടോബർ 5 ആയും ആഗസ്റ്റ് മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി സെപ്റ്റംബർ 20-ൽ നിന്ന് ഒക്ടോബർ 10 ആയും ദീർഘിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബറിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് 793.50 കോടിയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന നികുതി റിട്ടേണിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ല. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാകുകയുള്ളൂ. കൂടാതെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സാധനങ്ങളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികൾ സ്വമേധയാ തിരുത്തി പുതുക്കിയ റിട്ടേണും നിയമപ്രകാരം ഫയൽ ചെയ്യേണ്ടതുണ്ട്. ഇത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. മേൽവിവരിച്ച സാഹചര്യത്തിൽ പ്രളയത്തെത്തുടർന്നുണ്ടായ കൃത്യമായ നികുതിവരുമാന നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാൽ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല.

(ബി) നികുതിപിരിവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
3. അപ്പീൽ കേസ്സുകളും കോടതി കേസ്സുകളും എത്രയുംവേഗം തീർപ്പാക്കുന്നതിനുവേണ്ടി നാല് ഡെപ്യൂട്ടി കമ്മീഷണർ അപ്പീൽ പോസ്റ്റും പന്ത്രണ്ട് അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.
4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസെസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.
6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.
7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

8. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷനെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9. ദീർഘകാലമായുള്ള നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽവരുത്തി.

10. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

11. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ചെക്ക്പോസ്റ്റുകളില്ലാതായി. അതുകൊണ്ട് അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു.

## സമ്പദ് വ്യവസ്ഥയിൽ നോട്ട് നിരോധനം ഏൽപ്പിച്ച ആഘാതം

5 (*335) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പാക്കിയ നോട്ട് നിരോധനം സംസ്ഥാനത്തെ കൃഷി, പരമ്പരാഗത വ്യവസായം, ചെറുകിട ഉല്പാദന-വാണിജ്യ മേഖലകൾ, തൊഴിൽ എന്നീ രംഗങ്ങളിൽ സൃഷ്ടിച്ച ആഘാതം വിലയിരുത്തിയിരുന്നോ;

(ബി) വാണിജ്യ നികുതി, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ നികുതി തുടങ്ങിയ പ്രധാന നികുതിയിനങ്ങളിൽ എത്ര വരുമാന നഷ്ടം ഉണ്ടായെന്ന് കണക്കാക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) മന്ദീഭവിച്ച സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിരുന്നോ;

(ഡി) ഈ പ്രതിസന്ധിയിലും സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ ധനകാര്യ വകുപ്പ് ചെയ്ത പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഇ) ധനപ്രതിസന്ധിയിലും പദ്ധതി ചെലവിൽ കൈവരിക്കാനായ നേട്ടം വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും പ്രതികൂലമായി ബാധിക്കുകയുണ്ടായി. കാർഷിക മേഖലയിലെ ഭൂരിഭാഗം സാമ്പത്തിക ഇടപാടുകളും രൊക്കം പണത്തിലാണ് നടക്കുന്നത്. അതുകൊണ്ട് നോട്ടുകളുടെ ലഭ്യതക്കുറവ് വിളവ് വില്പന, വിത്ത് വാങ്ങൽ, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ഇടപാടുകൾ എന്നിവയെ സാരമായി ബാധിച്ചു. കമ്പോളത്തിലെ പണമിടപാടിലുണ്ടായ കാലതാമസവും ഉല്പന്നങ്ങളുടെ വിലയിടിഞ്ഞതും ഇതര സംസ്ഥാന തൊഴിലാളികൾ കൂലി ലഭിക്കാത്തതിനാൽ ജോലി ഉപേക്ഷിച്ച് നാട്ടിലേയ്ക്ക് മടങ്ങിപ്പോയതും കാർഷിക മേഖലയെ നോട്ട് അസാധുവാക്കൽ വളരെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കാണ് തള്ളിയിട്ടത്.

സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. ടൂറിസത്തിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കറൻസിക്കായുള്ള നെട്ടോട്ടം ടൂറിസം മേഖലയെ പ്രതികൂലമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ് ഘടനയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാകട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിൽനിന്നും ഇനിയും മോചിക്കപ്പെട്ടിട്ടില്ല. കൂലി ലഭിക്കാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികൾ തിരിച്ചുപോയത് നിർമ്മാണ മേഖലയിലടക്കം പ്രതിസന്ധി സൃഷ്ടിച്ചു. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിനുശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ട കറൻസിയുടെ ലഭ്യതക്കുറവും സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെ സ്തംഭനാവസ്ഥയിലാക്കി.

(ബി) നോട്ട് നിരോധനം ഏൽപ്പിച്ച ആഘാതത്തിൽനിന്നും സംസ്ഥാന സമ്പദ് ഘടന ഇനിയും മുക്തമായിട്ടില്ല. എന്നാൽ മേൽ നടപടിമൂലം സൃഷ്ടിക്കപ്പെട്ട പ്രതിസന്ധിയുടെ മൂർദ്ധന്യാവസ്ഥ സാക്ഷ്യപ്പെടുത്തിയ 2016-17 സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി/മൂല്യവർദ്ധിത നികുതി, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ തുടങ്ങിയ പ്രധാന നികുതി ഇനങ്ങളിൽ യഥാക്രമം ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 91%, 87% മാത്രമേ സമാഹരിക്കാൻ സാധിച്ചിരുന്നുള്ളൂ.

(സി) നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്രസഹായമൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(ഡി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിരുന്നു. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സാമൂഹ്യക്ഷേമ ചെലവുകൾ തടസ്സമില്ലാതെ നടത്തുകയും പൊതുനിക്ഷേപം വർദ്ധിപ്പിക്കുകയെന്നതുമായിരുന്നു സർക്കാർ സ്വീകരിച്ച നയം. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിൽ വൻ ഇടിവുണ്ടാക്കി. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ് ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ട്രഷറിയിലെ ക്രയവിക്രയങ്ങളെ പ്രതികൂലമായി ബാധിച്ചു. എന്നിരുന്നാലും മേൽ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല/ദീർഘകാല അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചിരുന്നു.

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന് റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

5. കറൻസി പിൻവലിക്കൽ, ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

6. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു.

8. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി.

9. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കാൻവേണ്ട ക്രിയാത്മക നടപടികൾ സ്വീകരിച്ചു.

10. കോർ ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള ഉദ്യമം അന്തിമഘട്ടത്തിലാണ്.

(ഇ) നോട്ട് നിരോധനംമൂലം ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായിരുന്ന 2016-17-ൽ കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെയുള്ള പദ്ധതി ചെലവ് 22,813.25 കോടി രൂപയായിരുന്നു. ഇക്കാര്യത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 20% വർദ്ധനവ് മേൽ പ്രതിസന്ധിക്കിടയിലും കൈവരിക്കാൻ സർക്കാരിന് സാധിച്ചു.

## വ്യവസായ സൗഹൃദ നടപടികൾ

6 (*336) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സംരംഭം ലാഭകരമല്ലാതെ വരുമ്പോഴോ അനന്തരാവകാശികൾ ഇല്ലാതെ വരുമ്പോഴോ ട്രാൻസ്ഫർ ചെയ്തുകിട്ടിയ വ്യവസായ യൂണിറ്റുകൾ വീണ്ടും ട്രാൻസ്ഫർ ചെയ്യേണ്ടി വന്നാലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വ്യവസായ സ്ഥാപനങ്ങളിലെ ബിസിനസ്സ് മാറ്റങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി കൈമാറ്റം എളുപ്പമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് 2018" പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (DIPP) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതനുസരിച്ച് റാങ്ക് നിർണ്ണയിച്ച് വരുന്നത്. 2016-17-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017-18-ൽ ഡി.ഐ.പി.പി. നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളത്തിന്റെ റാങ്ക് ഇരുപത്തിയൊന്നാമതാണ്. എന്നിരുന്നാലും എടുത്ത നടപടികളുടെ ശതമാനം (Implementation percentage) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 18% കൂടിയിട്ടുണ്ട്. 44.82% മാർക്കാണ് കേരളത്തിന് നിലവിൽ ലഭിച്ചിരിക്കുന്നത്.

വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form-CAF) മുഖേന അനുമതികൾ കാലതാമസമില്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്.

പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ 92 അർബൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണ അനുമതികൾ ഓൺലൈനായി നൽകുന്നതിന് ഒരു ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) വ്യവസായ -വാണിജ്യ വകുപ്പിന്റെ കീഴിലുള്ള വ്യവസായ വികസന ഏരിയാ വികസന പ്ലോട്ട്/ഫംഗ്ഷണൽ വ്യവസായ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ സ്ഥലം അനുവദിക്കുന്നത്, യൂണിറ്റുകളുടെ ഭരണഘടനാമാറ്റം, ഉടമസ്ഥാവകാശ മാറ്റം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച് 30-1-2016-ലെ ജി.ഒ. (എം.എസ്.) 17/2016/ഐ.ഡി. നമ്പർ പ്രകാരം ഇപ്പോൾ നിലവിലുള്ള 'ലീസ് ഓഫ് ലാന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ് റൂൾസ് 2016' കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഭൂമി അനുവദിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള നിയമ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ പാർക്കുകളിൽ നഷ്ടത്തിലായ സംരംഭങ്ങൾ മറ്റ് സംരംഭകർക്ക് കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനന്തരാവകാശികളില്ലാതെ വരുമ്പോൾ കൈമാറ്റം ചെയ്ത് കിട്ടിയ യൂണിറ്റുകളും നിലവിലുള്ള കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി കൈമാറ്റം ചെയ്യാവുന്നതാണ്.

കെ.എസ്.ഐ.ഡി.സി.-യിലെ വ്യവസായ പാർക്കുകളിൽ സ്ഥലം അനുവദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ബിസിനസ്സ് മാറ്റങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട്.

കൂടാതെ കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭകർക്ക് അവരുടെ ബിസിനസ്സിന്റെയോ സ്ഥാപനത്തിന്റെയോ ഘടന മാറ്റുന്നതിനുള്ള ആവശ്യങ്ങൾ കാലതാമസമില്ലാതെ സമയബന്ധിതമായി നടപ്പിലാക്കിവരുന്ന നയമാണുള്ളത്.

(ഡി) വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമി കൈമാറ്റം സർക്കാർ ലഘൂകരിച്ചുവരികയാണ്. കെ.എസ്.ഐ.ഡി.സി.-യിലെ വ്യവസായ പാർക്കുകളിൽ വ്യവസായ സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിച്ച് മൂന്ന് വർഷത്തിനുള്ളിൽ വ്യവസ്ഥകളോടെ കൈമാറ്റം അനുവദിക്കുന്നതാണ്. പീഡിത വ്യവസായം ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കുന്നവർക്കും വ്യവസായിയുടെ അച്ഛൻ, അമ്മ, ഭാര്യ, മകൾ എന്നിവർക്കും വ്യവസായം തുടങ്ങി വ്യവസായി മരിച്ചുപോയെങ്കിൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികൾക്കും സബ്സിഡി കമ്പനികൾ, മെർജറുകൾ, പ്രത്യേക പ്രോജക്ടിന് വേണ്ടിയുള്ള എസ്.പി.വി.കൾ എന്നിവയ്ക്കും സമയപരിധിയില്ലാതെ ഭൂമി കൈമാറ്റം അനുവദിക്കുന്നതാണ്.

**ഇറക്കുമതി ചെയ്ത മണൽ**

7 (*337) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത മണൽ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;

(ബി) ആവശ്യക്കാർക്ക് ന്യായമായ വിലയ്ക്ക് മണൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) വിദേശ രാജ്യങ്ങളിൽനിന്നും മണൽ ഇറക്കുമതി ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി വ്യവസായ വകുപ്പ് 20-2-2018-ൽ 57/എ 3/2018/വ്യവ. നമ്പരായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എട്ട് സ്വകാര്യ കമ്പനികളാണ് വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നത്. ഇപ്രകാരം കൊച്ചി തുറമുഖത്ത് ഇറക്കുമതി ചെയ്യപ്പെട്ട മണൽ മറ്റ് കമ്പനികൾക്കും വ്യക്തികൾക്കുമാണ് വിൽപ്പന നടത്തുന്നത്. ഇത്തരത്തിൽ വിൽപ്പന നടത്തുന്നതിനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ആഫീസ്, ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ടി ഡീലേഴ്സ് ലൈസൻസ് പ്രകാരം വിൽപ്പന ചെയ്യപ്പെട്ട മണൽ റീട്ടെയിലായി വിൽപ്പന നടത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് മൈനിംഗ് ആന്റ് ജിയോളജി

വകുപ്പിന്റെ ജില്ലാ ആഫീസുകളിൽനിന്നും ഡീലേഴ്സ് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതും വിതരണം ചെയ്യുന്നതും സർക്കാർ നിയന്ത്രണത്തിലല്ല. ആയതിനാൽ വില നിയന്ത്രണവും സർക്കാർ നിയന്ത്രണത്തിലല്ല.

(ബി) വിദേശത്തുനിന്നും സ്വകാര്യ കമ്പനികളാണ് മണൽ ഇറക്കുമതി ചെയ്തുവരുന്നത് എന്നതിനാൽ പ്രസ്തുത മണലിന്റെ വില നിയന്ത്രണാധികാരം സർക്കാരിൽ നിക്ഷിപ്തമല്ല. സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) 26-9-2017 തീയതിയിലെ G.O. (M ഏ) 79/2017/WRD ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്താൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലോവർ പെരിയാർ ഡാമിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21-2-2011 തീയതിയിലെ സ.ഉ. (കൈ) നമ്പർ46/2011/വ്യവ. ഉത്തരവ് പ്രകാരം മെ. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 4-6-2018 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽനിന്നും ശേഖരിക്കുന്ന മണൽ വിൽപ്പന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ടി പ്രവൃത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് മെ. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

8 (*338) ശ്രീ. വി. ജോയി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്ന് കരകയറ്റുവാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി സൃഷ്ടിക്കാനായ നേട്ടം വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങാതിരിക്കുകയും ഉള്ളവ വിറ്റഴിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷത്തെ ദുർബ്ബലപ്പെടുത്താതിരിക്കുവാനായി, കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളേതെങ്കിലും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(സി) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുക്കുവാൻ സർക്കാർ താല്പര്യം പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാർ വിട്ടുനൽകിയ ഭൂമിയിൽ സ്ഥാപിച്ച് 1250 കോടി രൂപയുടെ വിറ്റുവരവോടെ മിനിരത്നാ കമ്പനിയായി മാറിയ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവൽക്കരിച്ച് അയ്യായിരത്തിലധികം വരുന്ന തൊഴിലാളികളെ പ്രതിസന്ധിയിലാക്കുന്ന നീക്കത്തിൽ നിന്ന് പിന്മാറുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ചവച്ചിരിക്കുന്നത്.

സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവിൽ വർദ്ധനവും മൊത്തം നഷ്ടം ഗണ്യമായി കുറച്ചുകൊണ്ടുവന്ന് 2017-18 സാമ്പത്തിക വർഷം മൊത്തം ലാഭം കൈവരിക്കാൻ സാധിച്ചു. ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം മാസംതോറും അവലോകനത്തിന് വിധേയമാക്കി നഷ്ടം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ സർക്കാർതലത്തിലും കമ്പനിതലത്തിലും നടത്തിയതിന്റെ ഫലമായി ഓരോ വർഷവുമുണ്ടാകുന്ന നഷ്ടത്തിന്റെ തോതിൽ കുറവുവരുത്താൻ സാധിച്ചിട്ടുണ്ട്.

ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മേഖലകളിലുള്ള പരിശീലന പരിപാടികളും

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി നടത്തിവരുന്നു. സ്ഥാപനങ്ങളിൽ നടത്തിവരുന്ന വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ബജറ്റ് വിഹിതവും സർക്കാർ നൽകിവരുന്നു.

ഇതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 2015-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, SIFL, TELK, Traco Cable Company Ltd., KMML, KSIE തുടങ്ങിയ സ്ഥാപനങ്ങളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കാൻ സാധിച്ചു.

(ബി) ഉണ്ട്.

(സി) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ മുഴുവൻ ഓഹരികളും വിറ്റഴിക്കാനുള്ള നടപടികൾ കേന്ദ്രസർക്കാർ ആരംഭിച്ചതിനെത്തുടർന്ന് എച്ച്.എൻ.എൽ.-ന്റെ ആസ്തി ബുക്ക് വാല്യൂ നിരക്കിൽ സംസ്ഥാനം സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ എച്ച്.എൻ.എൽ.-ന്റെ ഓഹരി വിറ്റഴിക്കാൻ നടപടിയുമായി മുന്നോട്ടു പോകുന്നതായാണ് അറിയുന്നത്.

(ഡി) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന പേരിൽ ആരംഭിച്ച് കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന മിനിരത്ന വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് പിന്നീട് പുനർനാമകരണം ചെയ്ത എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്. ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനിയുടെ സ്വകാര്യവൽക്കരണത്തിനെതിരെ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(c) No.702/2018 മേലുള്ള 16-10-2018-ലെ വിധിന്യായത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങളിൽ കോടതിക്ക് ഇടപെടാൻ കഴിയില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

### ശബരിമലയിലെ നിയന്ത്രണങ്ങൾ

9 (*339) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ പോലീസിന്റെ നിയന്ത്രണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനത്തെ ബാധിക്കുന്നതായി ബോർഡ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വാവർ നടയിലും മഹാകാണിക്കയ്ക്ക് മുന്നിലും പോലീസ് ബാരിക്കേഡുകൾ തീർത്തത് ദേവസ്വം ബോർഡിന്റെ അനുവാദത്തോടെയാണോ;

(സി) ബാരിക്കേഡുകൾ പൂർണ്ണമായും നീക്കം ചെയ്യണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ബാരിക്കേഡുകൾ ഭക്തർക്ക് അസൗകര്യമുണ്ടാക്കുന്നു എന്ന വസ്തുത, നട തുറന്ന് പതിനാല് ദിവസം പിന്നിട്ടിട്ടും ബോർഡിന്റെ ശ്രദ്ധയിൽപ്പെടാത്തത് എന്തുകൊണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ശബരിമലയിൽ തീർത്ഥാടകരെന്ന പേരിൽ ഒരുകൂട്ടം സാമൂഹ്യ വിരുദ്ധരുടെ അക്രമാസക്തമായ പ്രതിഷേധ പ്രവർത്തനങ്ങളും ആചാര ലംഘനവുംമൂലം തീർത്ഥാടകരുടെ എണ്ണത്തിൽ കുറവുണ്ടായതിനാൽ വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

(ബി&സി) ശബരിമലയിലെത്തുന്ന അയ്യപ്പ ഭക്തർക്ക് സുരക്ഷിതവും സുഗമവുമായ ദർശനത്തിനാവശ്യമായ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസിന്റെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിലും സഹകരണത്താലുമാണ് ബാരിക്കേഡുകൾ തീർത്തിട്ടുള്ളത്. ഭക്തർക്ക് അസൗകര്യമുണ്ടാക്കുന്ന തരത്തിലുള്ള എന്തെങ്കിലും വിഷയം ശ്രദ്ധയിൽപ്പെട്ടാൽ അവ ഉടൻതന്നെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചുവരുന്നുണ്ട്. വാവർ നടയിലും മഹാകാണിക്കയ്ക്ക് മുന്നിലും പോലീസ് തീർത്ത ബാരിക്കേഡുകൾ ഭക്തരുടെ അസൗകര്യാർത്ഥം നീക്കം ചെയ്തിട്ടുണ്ട്.

(ഡി) ഭക്തർക്ക് ബുദ്ധിമുട്ടുകളുണ്ടാക്കുന്ന തരത്തിലുള്ള ബാരിക്കേഡുകൾ നീക്കം ചെയ്ത് പുനഃക്രമീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ക്രൗഡ് ഫണ്ടിംഗ്**

10 (*340) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം തകർത്ത സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ക്രൗഡ് ഫണ്ടിംഗ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) തകർന്ന മേഖലകളുടെ പുനർനിർമ്മാണത്തിനും പുനരധിവാസ പദ്ധതികൾക്ക് സംഭാവന നൽകുന്നതിനുമുള്ള വെബ് പോർട്ടൽ പ്രവർത്തന ക്ഷമമായിട്ടുണ്ടോ;

(സി) വിവിധ വകുപ്പുകളും ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം പോർട്ടലിൽ നൽകിയിട്ടുണ്ടോ;

(ഡി) വിവിധ പുനർനിർമ്മാണ പദ്ധതികളുടെ നടത്തിപ്പ് ചുമതല ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിക്കുന്നത്; പ്രസ്തുത ഏജൻസികളുടെ വിശ്വാസ്യത ഉറപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-ഡി) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പോൺസർ ചെയ്യുന്നതിനും കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്നും ശിപാർശകൾ ലഭിച്ചുവരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തി ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ.-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ക്രൗഡ് ഫണ്ടിംഗ് മോഡൽ കെ.പി.എം.ജി. തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ വഴി വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്. സർക്കാർ വകുപ്പുകളും സർക്കാർ അംഗീകൃത ഏജൻസികളും നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ ക്രൗഡ് ഫണ്ടിംഗ് പോർട്ടലിൽ ലഭ്യമാണ്. സർക്കാർ വകുപ്പുകൾ/അംഗീകൃത ഏജൻസികൾ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഓരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കാൻ കഴിയുന്നതാണ്.

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പാർട്ട്ണർ കൺസൾട്ടന്റായി കെ.പി.എം.ജി. ഇൻ ഇൻഡ്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രൗഡ് ഫണ്ടിംഗിന് കീഴിൽ വിവിധ പുനർനിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനുള്ള ഏജൻസികളെ അവയുടെ വിശ്വാസ്യതയുടെയും ഉത്തരവാദിത്വത്തിന്റെയും അടിസ്ഥാനത്തിൽ ബി.എം.റ്റി.പി.സി. (ബിൽഡിംഗ് മെറ്റീരിയൽ ടെക്നോളജി പ്രൊമോഷൻ സെൽ ഓഫ് ഗവൺമെന്റ് ഓഫ് ഇൻഡ്യ) മുഖേന തെരഞ്ഞെടുത്ത് അത്തരം ഏജൻസികൾക്ക് പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏൽപ്പിച്ച് നൽകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

## ജി.എസ്.ടി. നിരക്കുകൾ കുറച്ചതനുസരിച്ചുള്ള വിലക്കുറവ്

11 (*341) ശ്രീ. എം. ഉമ്മർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിരക്കുകൾ കുറച്ചതനുസരിച്ചുള്ള വിലക്കുറവ് ഉപഭോക്താക്കൾക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നികുതി കുറയ്ക്കുമ്പോൾ അടിസ്ഥാന വില ഉയർത്തി അമിത ലാഭം എടുക്കുന്നതു തടയാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) നികുതി ഇളവിന്റെ പ്രയോജനം സാധാരണക്കാർക്ക് ലഭിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

(ബി) ജി.എസ്.ടി. നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത്തരം ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമം 171-ാം വകുപ്പ് പ്രകാരം (ആന്റി പ്രോഫിറ്റിയറിംഗ്) സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ പരാതി നൽകാവുന്നതാണ്. എന്നാൽ ഉപഭോക്താക്കളിൽനിന്നും ഇത്തരം പരാതികൾ ലഭിക്കാത്തതിനാൽ വകുപ്പുതലത്തിൽ ഇക്കാര്യം പരിശോധിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജി.എസ്.ടി.-ക്ക് മുമ്പും അതിനുശേഷവുമുള്ള വിലവിവരപ്പട്ടിക, നികുതി നിരക്കിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യതയുടെയും അടിസ്ഥാനത്തിൽ പ്രാഥമിക പരിശോധന നടത്തി സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി തുടർനടപടിക്കായി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള പരിശോധന കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി നടത്തിവരുന്നു.

(സി) ജി.എസ്.ടി.-യിലെ ആന്റിപ്രോഫിറ്റീയറിംഗ് നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് വകുപ്പ് പരിശോധന നടത്തുന്നുണ്ട്. ഇതുകൂടാതെ, ജി.എസ്.ടി. നിയമത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി നിരവധി ബോധവത്കരണ പരിപാടികൾ മാസ് മീഡിയ വഴിയും ജില്ലാടിസ്ഥാനത്തിലും നടപ്പാക്കിവരുന്നു.

## പ്രളയത്തിന് മുമ്പ് സംഭരണശേഷിയിലെത്തിയ ഡാമുകൾ

12(*342) ശ്രീ. വി. ടി. ബൽറാം:

ശ്രീ. റോജി എം. ജോൺ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആദ്യ പ്രളയം ഉണ്ടായ 2018 ആഗസ്റ്റ്എട്ടാം തീയതിക്ക് മുമ്പ് സംസ്ഥാനത്ത് തീവ്രമഴയ്ക്ക് സാധ്യത പ്രവചിച്ചുകൊണ്ട് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും മുന്നറിയിപ്പ് ലഭിച്ചിരുന്നോ;

(ബി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള പ്രധാനപ്പെട്ട ഡാമുകളെല്ലാം 2018 ജൂലൈ മാസം അവസാനം തന്നെ ഉയർന്ന സംഭരണശേഷിയിൽ എത്തുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) ഇടമലയാർ, ഷോളയാർ, കക്കി തുടങ്ങിയ ഡാമുകൾ തീവ്ര മഴയ്ക്ക് മുൻപേ തന്നെ നിറഞ്ഞതാണ് പ്രളയമുണ്ടാകാനുള്ള കാരണങ്ങളിലൊന്ന് എന്ന കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2018 ആഗസ്റ്റ് മാസം മുഴുവനും ഷോളയാർ അതിന്റെ പൂർണ്ണ ശേഷിയിലും ഇടമലയാർ സംഭരണ ശേഷിയുടെ 95 ശതമാനത്തിന്റെയും മുകളിൽ നിർത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2018 ആഗസ്റ്റ് മാസം 8-ാം തീയതിക്കുമുമ്പ് കേരളത്തിൽ പ്രളയം ഉണ്ടായിട്ടില്ല. ഇക്കാലയളവിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്നും തീവ്രമഴയ്ക്ക് സാധ്യത പ്രവചിച്ചുകൊണ്ട് ഒരു മുന്നറിയിപ്പ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിരുന്നില്ല. എന്നാൽ വയനാട്ടിൽ ആഗസ്റ്റ് മാസം 8, 9 എന്നീ തീയതികളിൽ പരക്കെ പെയ്ത കനത്ത മഴയെത്തുടർന്ന് മണ്ണുകൊണ്ട് നിർമ്മിച്ച അണക്കെട്ടായ (Earthern Dam) ബാണാസുരസാഗർ അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് ജലനിരപ്പ് പരമാവധി അനുവദിക്കപ്പെട്ട ജലനിരപ്പിനോട് അടുത്തതിനെത്തുടർന്ന് ഡാമിൽനിന്നും പുറത്തേയ്ക്ക് ഒഴുക്കിവിടേണ്ട ജലത്തിന്റെ തോത് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചുകൊണ്ട് ക്രമാനുഗതമായി ഉയർത്തേണ്ട സാഹചര്യമുണ്ടായി.

(ബി) 2018 ജൂൺ, ജൂലൈ മാസങ്ങളിൽ കേരളത്തിൽ പ്രത്യേകിച്ച് ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ പെയ്ത ശരാശരിയിൽ കവിഞ്ഞ മഴയെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിലുള്ള മേജർ ഡാമുകളിലെല്ലാം 89% മുതൽ 93% വരെ സംഭരണശേഷിയിലെത്തുന്ന സാഹചര്യമുണ്ടായി. ഇതേത്തുടർന്ന് വർദ്ധിച്ചുവരുന്ന ജലനിരപ്പ് മനസ്സിലാക്കി 2018 ജൂലൈ 25-ാം തീയതി തന്നെ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള മേജർ ഡാമുകളിൽനിന്നും ജലം പുറത്തേയ്ക്ക് വിടുന്നതിനുള്ള അലെർട്ട് ലെവലുകൾ നിശ്ചയിക്കുകയും മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ അതിതീവ്രമഴ ഉണ്ടാകുമെന്ന് പ്രവചിച്ചു കൊണ്ടുള്ള കാലാവസ്ഥാ മുന്നറിയിപ്പ് ഇക്കാലയളവിൽ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിരുന്നില്ല.

(സി) കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ഡാമുകളിൽ സംഭരണശേഷിയുടെ 75% മാത്രമേ നിറഞ്ഞിരുന്നുള്ളുവെങ്കിലും 2018 ആഗസ്റ്റ് മാസം 15 മുതൽ 17 വരെ തീയതികളിൽ പെയ്ത അതിതീവ്ര മഴയുടെ ഫലമായുണ്ടായ പ്രളയത്തിന്റെ തീവ്രത കുറയ്ക്കാൻ സാധിക്കുമായിരുന്നില്ല എന്ന വിവരം വസ്തുനിഷ്ഠമായി പരാമർശിച്ചിട്ടുള്ളതാണ്.

കൂടാതെ കക്കി അണക്കെട്ടിലെ വെള്ളം യഥാസമയം തുറന്നുവിട്ട് കുട്ടനാട്ടിലെ പ്രളയത്തിന്റെ ആഘാതം കുറയ്ക്കാമായിരുന്നു എന്ന നിരീക്ഷണം കേന്ദ്ര ജല കമ്മീഷൻ നടത്തിയിട്ടില്ല. പമ്പ, മണിമല, മീനച്ചിൽ, അച്ചൻകോവിൽ നദീതടങ്ങൾ ഉൾപ്പെടുന്നതാണ് കുട്ടനാട് മേഖല. ഇതിൽ ജലസംഭരണികളുള്ളത് പമ്പാ നദിയിൽ മാത്രമാണ്. 2018 ജൂലൈ ആദ്യവാരം കക്കി അണക്കെട്ടിൽ 51% വെള്ളമുണ്ടായിരുന്നു. ജൂലൈ 9 മുതൽ 27 വരെ തീയതികളിൽ തുടർച്ചയായി കനത്ത മഴ പെയ്തിരുന്നു. ഈ മഴവെള്ളം മുഴുവനും കക്കി റിസർവോയറിൽ സംഭരിക്കുകയും ജലവിതാനം 91 ശതമാനത്തിലെത്തുകയും ചെയ്തു. ഈ മഴയിൽത്തന്നെ കുട്ടനാട് മേഖല പ്രളയബാധിതമായിരുന്നു. ഈ വിവരങ്ങളെല്ലാം കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രളയത്തിന്റെ രൂക്ഷത കൂടുമെന്നതിനാലും ജനങ്ങളുടെ ദുരിതം വർദ്ധിക്കുമെന്നതിനാലും ആ സമയത്ത് കക്കി റിസർവോയറിലെ ജലനിരപ്പ് താഴ്ത്തുന്നതിനായി സാധിക്കുമായിരുന്നില്ല.

(ഡി) 2018 ജൂൺ, ജൂലൈ മാസങ്ങളിൽ ലഭിച്ച ശരാശരിയിൽ കവിഞ്ഞ മഴയുടെ ഭാഗമായി ജൂലൈ മാസം 28-ാം തീയതി തന്നെ കേരള-ഷോളയാർ ജലസംഭരണി അതിന്റെ പൂർണ്ണശേഷിയിലെത്തുകയും അധികജലം തുറന്നു വിടുകയും ചെയ്തു. കൂടാതെ, തമിഴ്നാട്, കേരളവുമായി ഉണ്ടാക്കിയ പി.എ.പി. (Parambikulam Aliyar Project) കരാറിന്റെ ഭാഗമായി 2018 ജൂലൈ 1 മുതൽ കേരള-ഷോളയാർ ജലസംഭരണി നിറച്ച് സെപ്റ്റംബർ ഒന്നാം തീയതി F.R.L.-ൽ

എത്തിക്കുവാൻ എഗ്രിമെന്റിൽ നിഷ്കർഷിച്ചിരുന്നു. ചാലക്കുടി പ്രദേശത്തെ കുടിവെള്ള വിതരണം, ജലസേചനം എന്നിവ ഉറപ്പാക്കുന്നതിനാണ് പി.എ.പി. കരാറിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടമലയാർ ജലസംഭരണിയിൽ വൈദ്യുതോല്പാദനത്തിനുവേണ്ടി ജലം ശേഖരിച്ചുവയ്ക്കുകയും പൂർണ്ണ സംഭരണ ശേഷിയുടെ അടുത്തെത്തുമ്പോൾ അധികജലം തുറന്നുവിടുകയും ചെയ്യുന്ന ഒരു കീഴ്‌വഴക്കമാണ് പാലിച്ചുപോരുന്നത്.

ജൂലൈ മാസത്തിൽ വൃഷ്ടിപ്രദേശത്ത് ശരാശരിയിൽ കവിഞ്ഞ് പെയ്ത മഴയെത്തുടർന്ന് പെരിയാറിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ഇടമലയാർ ജലസംഭരണിയിൽ നിന്നുകൂടി അധികജലം പെരിയാറിലേയ്ക്ക് ഒഴുക്കിവിടുന്നത് വെള്ളപ്പൊക്കത്തിന് കാരണമായേക്കാം എന്നതിനാൽ അത് പ്രായോഗികമായിരുന്നില്ല. എന്നാൽ 2018 ആഗസ്റ്റ് മാസം 7, 8, 9 എന്നീ തീയതികളിൽ ലഭിച്ച കനത്ത മഴയെത്തുടർന്ന് ഇടമലയാർ ജലസംഭരണിയിൽ പരമാവധി ജലനിരപ്പ് എത്തുകയും ഡാമിന്റെ സുരക്ഷയും ഡാം തകർന്നാലുണ്ടാകുന്ന ഗുരുതര സാഹചര്യവും കണക്കിലെടുത്ത് അധിക ജലം ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടെ ജില്ലാ ഭരണകൂടങ്ങൾക്ക് അറിയിപ്പ് നൽകിക്കൊണ്ടും ക്രമാനുഗതമായി പുറത്തേയ്ക്ക് ഒഴുക്കിവിടേണ്ട സാഹചര്യമുണ്ടായി. ആഗസ്റ്റ് മാസം 15, 16, 17 എന്നീ തീയതികളിൽ പരക്കെ പെയ്ത അതിതീവ്ര മഴയെത്തുടർന്ന് ഇടമലയാർ സംഭരണിയിൽ ഒഴുകിയെത്തിയ അധിക ജലവും പുറത്തേയ്ക്ക് ഒഴുക്കിവിടേണ്ടിവന്നു. മഴയെ തുടർന്നുതന്നെ പെരിയാറിന്റെ തീരപ്രദേശങ്ങൾ പ്രളയത്തിന്റെ കെടുതിയിൽ ആയിരുന്നതിനാൽ അതിന്റെ ആഘാതം വർദ്ധിപ്പിക്കാതിരിക്കാൻവേണ്ടി ദുരന്ത നിവാരണ അതോറിറ്റിയുടെ അനുമതിയോടെ നിയന്ത്രിതമായ അളവിൽ മാത്രമേ ആഗസ്റ്റ് 18 മുതൽ 31 വരെയുള്ള തീയതികളിൽ ഇടമലയാർ ജലസംഭരണിയിൽനിന്നും ജലം പുറത്തേയ്ക്ക് തുറന്നുവിട്ടിട്ടുള്ളൂ.

**മലബാർ മേഖലയിലെ ടൂറിസം പദ്ധതികൾ**

13 (*343) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്തുള്ള മലബാർ മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഈ സർക്കാർ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള നോർത്ത് മലബാർ ടൂറിസം ഡെവലപ്‌മെന്റ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഉത്തര മലബാറിന്റെ ടൂറിസം മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മലനാട് മലബാർ റിവർക്രൂയിസ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഏതെല്ലാം നദികളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) പദ്ധതിയുടെ ആകെ ചെലവ് എത്രയായിരിക്കുമെന്നും എത്ര തൊഴിൽ അവസരങ്ങളാണ് ഇതിലൂടെ സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; നദികളെ ബന്ധപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുമ്പോൾ പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വിനോദസഞ്ചാര രംഗത്തെ മലബാർ മേഖലയുടെ ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനായി കാസർഗോഡ്, കണ്ണൂർ ജില്ലകളിലെയും കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കി നോർത്ത് മലബാർ ടൂറിസം ഡെവലപ്‌മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സമയക്രമം പാലിച്ച് പദ്ധതി നടപ്പാക്കുന്നതിനായി ബി.ആർ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ള 17 നിർമ്മാണ പദ്ധതികളിൽ 14 എണ്ണം കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി താഴെപ്പറയുന്ന പ്രകാരമാണ്:

1. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - 17 പൈലുകളുടെ നിർമ്മാണം പൂർത്തിയായി.

2. പഴയങ്ങാടി ബോട്ട് ടെർമിനൽ, കണ്ണൂർ - നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

3. ചാമ്പാട് ബോട്ട് ടെർമിനൽ, കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല. മാമ്പറത്തേയ്ക്ക് മാറ്റാൻ തീരുമാനിച്ചു.

4. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.

5. മോന്താൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു. സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല.

6. ധർമ്മടം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. മുൻ നിശ്ചയിച്ച സ്ഥലത്ത് പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ചിറക്കുനി എന്ന സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

7. കരിയാട് ബോട്ട് ടെർമിനൽ, കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചു.

8. പാറപ്രം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

9. കമ്പനിമെട്ട ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ചേരിക്കലിലേയ്ക്ക് മാറ്റി സ്ഥാപിച്ചു.

10. കക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.

11. ന്യൂമാഹി ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.

12. പാത്തിക്കൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.

13. മുക്കുവച്ചേരി ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

14. പുന്നക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു.

**കാസർഗോഡ്**

1. കോട്ടപ്പുറം - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

2. മാവിലാക്കടപ്പുറം - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.

3. മാടക്കൽ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽപ്പെട്ട 6 നദികളെ ഉൾപ്പെടുത്തിക്കൊണ്ടാണ് മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മാഹിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപ്പട്ടണംപുഴ, കുപ്പംപുഴ, കവ്വായിപ്പുഴ, തേജസ്വിനി പുഴ എന്നീ നദികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ഇ) കേന്ദ്ര പദ്ധതിയിൽ 80,37,38,000 രൂപയുടെയും സംസ്ഥാന പദ്ധതിക്കായി നിലവിൽ 53,07,50,482 രൂപയുടെയും ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി പൂർത്തിയാകുമ്പോൾ ഈ പ്രദേശങ്ങളിലുള്ള ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാകുമെന്നും ബോട്ടിംഗ്, മറ്റ് അനുബന്ധ സൗകര്യങ്ങളുടെ സജ്ജീകരണം എന്നിവയിലൂടെയും നിരവധി തൊഴിലവസരങ്ങൾ നേരിട്ടും അല്ലാതെയും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് വലിയ സാധ്യതകളാണ് വകുപ്പ് കാണുന്നത്. പരിസ്ഥിതിക്ക് കോട്ടംതട്ടാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദ നിർമ്മാണ വസ്തുക്കളുടെയും ഉപയോഗം പരമാവധി സാധ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള എല്ലാ ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. നദികളെ മലിനപ്പെടുത്താതെ സംരക്ഷിക്കുന്ന തരത്തിൽ മാലിന്യ നിയന്ത്രണം ബോട്ടുകളിലടക്കം സാധ്യമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

**ലോകബാങ്ക് സഹായം**

14 (*344) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി ലോകബാങ്ക് സഹായം ലഭ്യമാക്കുന്നത് ഏതെങ്കിലും പ്രത്യേക പദ്ധതികൾക്കാണോ;

(ബി) സംസ്ഥാനത്തിന് പുറത്തുള്ള കേരളീയരിൽ നിന്നും ബോണ്ട് വഴി പണം സ്വീകരിക്കുന്ന കാര്യത്തിൽ സാങ്കേതിക സഹായം നൽകുവാൻ ലോകബാങ്ക് മുന്നോട്ട് വന്നിട്ടുണ്ടോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ ധന വിഭവ സമാഹരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി. പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. ലോകബാങ്ക്, എ.ഡി.ബി. ഉൾപ്പെടെയുള്ള വിവിധ സ്രോതസ്സുകളിൽനിന്നും സമാഹരിക്കാനുദ്ദേശിക്കുന്ന ഫണ്ടുകൾ പി.ഡബ്ല്യൂ.ഡി. റോഡുകൾ, എൽ.എസ്.ജി.ഐ. റോഡുകൾ & സാനിട്ടേഷൻ, വാട്ടർ സപ്ലൈ, ഫ്ലഡ് പ്രൊട്ടക്ഷൻ & ഇറിഗേഷൻ, കോസ്റ്റൽ പ്രൊട്ടക്ഷൻ & റീ സെറ്റിൽമെന്റ്, പബ്ലിക് ബിൽഡിംഗുകൾ, ആരോഗ്യം, ബയോഡൈവേഴ്സിറ്റി & നാച്വറൽ എൻവയോൺമെന്റ് തുടങ്ങിയ മേഖലകളിൽ ചെലവഴിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെവരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്. പുനർനിർമ്മാണ പ്രവൃത്തികൾക്കായുള്ള ധനവിഭവ സമാഹരണത്തിനായി ബോണ്ടുകൾ വഴി പണം സ്വരൂപിക്കുന്ന കാര്യത്തിൽ സാങ്കേതിക സഹായം ലഭ്യമാക്കുന്ന വിഷയവും ലോകബാങ്ക് പ്രതിനിധികളുമായുള്ള യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

## ഊർജ്ജ സംരക്ഷണവും സൗരോർജ്ജ ഉല്പാദനവും

15 (*345) ശ്രീ. സി. കെ. ഹരീന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. ബാബു :

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഊർജ്ജ കേരള മിഷന്റെ ഭാഗമായി കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജത്തിൽ നിന്ന് പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സൗര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് വായ്പ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും ഇവയുടെ നിർമ്മാണ ചെലവ് പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖാന്തിരം സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതി.
2. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിലെ എനർജി ഓഡിറ്റിംഗ്.
3. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.
4. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി എന്ന പദ്ധതി.
5. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ് ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
6. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം നടത്തിവരുന്നു.
7. സബ്സ്റ്റേഷനുകളിലെ ഊർജ്ജ ഓഡിറ്റിംഗ്
8. ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി

ഊർജ്ജ സംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തിരം നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

1. വ്യവസായശാലകളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ - വൻകിട വ്യവസായശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി G.O (Rt)No.2/2011/PD dt. 01-01-2011 പ്രകാരം എനർജി ഓഡിറ്റിംഗ് ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള ചെലവിന്റെ 50% സബ്സിഡിയായി നൽകുന്ന പദ്ധതി ഈ വർഷവും തുടർന്നുവരുന്നു. ചെറുകിട വ്യവസായശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്ന നീരാവിയിൽ നിന്ന് 25 കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തിരുവനന്തപുരത്തുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ - സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിൽ ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും സംസ്ഥാനത്തെ 5 സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റിംഗ് പൂർത്തിയായി.

   ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണനിധിയിൽ നിന്നും ഒരു കോടി രൂപ ചെലവഴിക്കുന്നതിന് ഊർജ്ജ സംരക്ഷണ സംസ്ഥാനതല നിധിയുടെ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട്. 3 സിവിൽ സ്റ്റേഷനുകളിൽ ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

3. വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണ പദ്ധതികൾ - കേരളത്തിൽ പുതുതായി നിർമ്മിക്കുന്ന വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കേരള സംസ്ഥാന എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കിക്കൊണ്ട് 11-04-2017-ലെ ജി.ഒ.(പി) നമ്പർ 3/2017/പി.ഡി. പ്രകാരം സംസ്ഥാന

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി., എൽ.എസ്.ജി.ഡി. എന്നിവയിലെയും സ്വകാര്യസ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും ആർക്കിടെക്ടുമാർക്കും വേണ്ടി മുപ്പത്തിയഞ്ചിലധികം ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

4. മാതൃകാ ഊർജ്ജ കാര്യക്ഷമ പഞ്ചായത്ത് പദ്ധതി - പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സമ്പൂർണ്ണ ഊർജ്ജ സംരക്ഷണ/ഊർജ്ജ കാര്യക്ഷമതാ ബോധവത്കരണ ക്ലാസ്സുകൾ നടത്തുക വഴി വീടുകളിൽ 10 മുതൽ 20 ശതമാനം വരെ വൈദ്യുതി ലാഭിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. ബോധവത്കരണ പരിപാടികൾക്ക് ആവശ്യമായ ലഘുലേഖകൾ ഇ.എം.സി.യിൽനിന്നും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 9 വാട്ട്സിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നു. ഒരു ബൾബിന് 50 രൂപ എന്ന നിരക്കിലായിരിക്കും വിതരണം ചെയ്യുക.

ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും ഊർജ്ജ ഓഡിറ്റ് നടത്താനും ലക്ഷ്യമിടുന്നു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലെയും സ്കൂളുകളിലെയും ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകൾക്കും ഫാനുകൾക്കും പകരം ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബ്, എൽ.ഇ.ഡി. ട്യൂബ്, ഫൈവ് സ്റ്റാർ ഫാൻ എന്നിവ സൗജന്യമായി നൽകുന്നതാണ്.

തെരുവുവിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള തെരുവുവിളക്കുകൾക്ക് പകരമായി 18 വാട്ട്സിന്റെയും 35 വാട്ട്സിന്റെയും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സൗജന്യമായി നൽകുന്നതാണ്.

5. ഊർജ്ജ കാര്യക്ഷമമായ വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകൾ - ഈ സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.-യുടെ 25 വൈദ്യുത വിതരണ ട്രാൻസ്ഫോർമറുകൾ ഊർജ്ജ കാര്യക്ഷമതാ പഠനം നടത്തുന്നതിനും അതിൽ 13 എണ്ണം ഊർജ്ജ കാര്യക്ഷമത കൂടിയ സ്റ്റാർ റേറ്റിംഗ് കൂടിയ ട്രാൻസ്ഫോർമറായി മാറ്റിസ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ എൻ.ജി.ഒ.-കളുടെ സഹായത്തോടുകൂടി എല്ലാ നിയോജക മണ്ഡലങ്ങളിലും 3 പരിപാടി എന്ന തോതിൽ 420 ക്ലാസ്സുകൾ/തെരുവ് നാടകങ്ങൾ/ഫ്ലാഷ് മോബ് മുതലായ പരിപാടികൾ 'ഊർജ്ജ കിരൺ ' എന്ന പേരിൽ നടത്തിവരുന്നു.

കേരളത്തിലുടനീളം വീട്ടമ്മമാരെ ബോധവൽക്കരിക്കുന്നതിനായി 'എനർജി ക്ലിനിക് ' എന്ന പരിപാടി നടത്തിവരുന്നു.

സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി ഏകദേശം 5000 സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ അധ്യാപകർക്കായി നടത്തുന്ന സെൻസിറ്റൈസേഷൻ ക്യാമ്പുകളുമുണ്ട്. അനെർട്ടുമായി ചേർന്നുകൊണ്ട് തെരഞ്ഞെടുത്ത സ്കൂളുകളിൽ 2KW സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നു. കോളേജുകളിൽ വിവിധ ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തിവരുന്നു.

6. <u>തെരുവുവിളക്കുകളിലെ ഊർജ്ജ കാര്യക്ഷമത</u> – ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 17 മുനിസിപ്പാലിറ്റികളിലെ തെരുവ് വിളക്കുകളുടെ ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച പഠനം നടത്തുന്നതിനും അവ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിനും വേണ്ട വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ഊർജ്ജ കേരള മിഷന്റെ ഭാഗമായി കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജത്തിൽനിന്ന് പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സൗര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടുത്ത നാല് വർഷംകൊണ്ട് സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഏകദേശം 500 മെഗാവാട്ട് സൗരോർജ്ജം ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും ചേർന്ന് സംയുക്ത സംരംഭമായിട്ടാണ് ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടിയായി ഈ രണ്ട് സ്ഥാപനങ്ങളുടെയും കൂട്ടുടമസ്ഥതയിൽ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി (JVC) രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

കൂടാതെ പൊതുജനങ്ങൾക്ക് തങ്ങളുടെ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുന്നതിന് കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. ഈ സംവിധാനംവഴി ഇതിനകം ഏകദേശം 12000 രജിസ്ട്രേഷനുകളാണ് നടന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി അനെർട്ട് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരികയും ചെയ്യുന്നു. സൗരോർജ്ജ വൈദ്യുതിക്ക് ആഗോളതലത്തിൽ വില കുറഞ്ഞുവരികയാണ്. അതിന്റെ പ്രതിഫലനം കേരളത്തിലും ഉണ്ടാകുന്നതാണ്. മത്സരാധിഷ്ഠിത ടെണ്ടറിൽ കൂടുതൽ കമ്പനികളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. അതും വിലകുറയുന്നതിന് ഒരു കാരണമാണ്.

**കെ.എസ്.ഐ.ഡി.സി. നടത്തുന്ന വികസന പ്രവർത്തനങ്ങൾ**

16 (*346) ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തി വരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) കെ.എസ്.ഐ.ഡി.സി. നടത്തി വരുന്ന ബൃഹദ് പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ പുരോഗതിയും അറിയിക്കാമോ;

(സി) നവവ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) കെ.എസ്.ഐ.ഡി.സി. -യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ എവിടെയൊക്കെയാണ് ഉള്ളതെന്നും പുതുതായി എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഇ) ഇത്തരം സെന്ററുകളിൽ കെ.എസ്.ഐ.ഡി.സി. നടത്തി വരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തിലെ വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുംവേണ്ടി ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് കേരളത്തിൽ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ നിയോഗിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്താനും ആവശ്യമായ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഒരു പഠനം നടത്തി ലഭിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുണ്ടായിരുന്ന ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018' എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതിലേയ്ക്കായി നിലവിലുള്ള 10 ചട്ടങ്ങളിലും ബന്ധപ്പെട്ട വകുപ്പുകൾ ഭേദഗതി വരുത്തിയിട്ടുണ്ട്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ.

ഒരു ഓൺലൈൻ സംവിധാനവും വിവിധ വകുപ്പുകളുടെ അപേക്ഷാഫാറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫാറവും നടപ്പിലാക്കിവരുന്നു. ഓൺലൈൻ സംവിധാനത്തോടനുബന്ധിച്ചുള്ള ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പ്രസ്തുത സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.

വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. താഴെപ്പറയുന്ന സഹായങ്ങളും നൽകിവരുന്നുണ്ട്.

- ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 3500 ലക്ഷം രൂപ വരെ ധനസഹായവും മറ്റുവിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകുന്നു.

- ബാങ്ക് നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറാൻ ലോണുകളുടെ പലിശ നിരക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തുകയുണ്ടായി. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 9.75%-11.75% ആണ്. കൂടാതെ ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനംവരെ വീണ്ടും കുറവ് നൽകിവരുന്നു.

- ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ലോണുകളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്.

- പ്രളയക്കെടുതിയിൽനിന്ന് വ്യവസായ മേഖലയെ കൈപിടിച്ചുയർത്തുന്നതിന് കെ.എസ്.ഐ.ഡി.സി. പ്രത്യേക ധനസഹായ പാക്കേജായ 'പുനർജ്ജനി ' പ്രഖ്യാപിച്ചിട്ടുണ്ട്.

- വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. എല്ലാ വ്യവസായ പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കാനും പദ്ധതിയിട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. നടപ്പാക്കുന്ന ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നീ പ്രദേശങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്താനും കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും സാധിക്കുന്നതാണ്.

(ബി) കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതികളാണ് ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ്

എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നീ പ്രദേശങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവ. കൂടാതെ വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വ്യവസായ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പ് സംരംഭകരുടെ ഉന്നമനത്തിനായും വിവിധ സഹായപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നവ വ്യവസായ സംരംഭകർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുതന്നെ സംരംഭങ്ങൾക്കായി പ്രാഥമികതലത്തിലേയ്ക്ക് വേണ്ടുന്ന സഹായ സഹകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു. എല്ലാ വ്യവസായ പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കാനും പദ്ധതിയിട്ടിട്ടുണ്ട്.

കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്‌മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്‌മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് സമർപ്പിക്കുകയും ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ കെ.എസ്.ഐ.ഡി.സി. നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്‌മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിന് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ 50 കോടി രൂപ ഗ്രാന്റോടുകൂടി സമുദ്രോൽപ്പന്ന സംസ്കരണത്തിന് ഊന്നൽ നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണം ചേർത്തല പള്ളിപ്പുറം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ നടന്നുവരുന്നു.

(സി) നവ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

a) കേരള സർക്കാർ പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം (ഇ.എസ്.എസ്.) പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നൽകുന്നുണ്ട്.

b) പുതിയ സംരംഭങ്ങൾക്കും പദ്ധതികൾക്കും ലോണുകളുടെ പലിശനിരക്കിലുള്ള വർദ്ധനവ് 2020 സെപ്റ്റംബർ 30 വരെ ഒഴിവാക്കിയിട്ടുണ്ട്.

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, കിനാലൂർ, കോഴിക്കോട്
- ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, വലിയ വെളിച്ചം, കണ്ണൂർ
- ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, പള്ളിപ്പുറം, ചേർത്തല
- ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, പാണക്കാട്, മലപ്പുറം

നിലവിൽ പുതുതായി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ ആരംഭിക്കാൻ പദ്ധതിയില്ല.

(ഇ) വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. -യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. വ്യവസായങ്ങൾക്ക് വേഗത്തിൽ അനുമതി ലഭിക്കുന്നതിനായുള്ള ഏകജാലക സംവിധാനത്തിനുപുറമെ ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, അനുബന്ധ റോഡുകൾ, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വ്യവസായ പാർക്കുകളിൽ ഒരുക്കിയിട്ടുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് ആവശ്യമായ ക്രഷ്, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ വിവിധ പാർക്കുകളിൽ ഒരുക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. എടുത്തിട്ടുണ്ട്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ

17 (*347) <u>ശ്രീമതി. പി. അയിഷാ പോറ്റി :</u>
<u>ശ്രീ. മുരളി പെരുനെല്ലി :</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ :</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും കൺസ്യൂമർഫെഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മരുന്ന് വ്യാപാര രംഗത്ത് ഇടപെടൽ കാര്യക്ഷമമാക്കുന്നതിനായി നീതി മെഡിക്കൽ ശൃംഖല വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പാചകവാതക വിതരണ മേഖലയിൽ കൺസ്യൂമർഫെഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനുമായി കൺസ്യൂമർഫെഡ് നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നീതി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടെ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു. ഇക്കഴിഞ്ഞ റംസാൻ വിപണിക്കായി 1 കോടി രൂപയും ഓണം വിപണിക്കായി 30 കോടി രൂപയും മുൻകൂറായി സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഓണക്കാലത്ത് സംസ്ഥാനത്ത് 3466 വിപണികൾ സംഘടിപ്പിച്ചിരുന്നു.

2018 വർഷത്തെ ക്രിസ്തുമസ് വിപണിക്കായി 10 കോടി രൂപ മുൻകൂർ അനുവദിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. സപ്ലെയർമാരെ അവരുടെ കഴിഞ്ഞകാല പ്രവർത്തനത്തിന്റെയും ലഭ്യമാക്കുന്ന സാധനങ്ങളുടെ ഗുണമേന്മയുടെയും അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് വിതരണക്കാരെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനും

പദ്ധതിയുണ്ട്. ടെണ്ടറിൽ പങ്കെടുക്കുന്ന വിതരണക്കാരിൽനിന്നും സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഉത്സവ വിപണികളിലേയ്ക്കുള്ള സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇൻഡ്യ ലബോറട്ടറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെ രണ്ട് വർഷമായി ഏൽപ്പിച്ചുവരുന്നു.

ഉത്സവ വിപണികളിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയിൽനിന്നും വിലകുറച്ച് സപ്ലൈകോ നൽകുന്ന സമാനമായ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണന മേളകൾ ഫലപ്രദമാണ്. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൺസ്യൂമർഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം ലഭ്യമാക്കിവരുന്നു. വിപണി ഇടപെടൽ കാര്യക്ഷമമാക്കുന്നതിനായി പൊതുവിപണിയിൽ ഇടപെട്ട് പ്രവർത്തിക്കുന്ന സപ്ലൈകോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട് & വെജിറ്റബിൾ പ്രൊമോഷൻ കൗൺസിൽ എന്നിവയുമായി ഒത്തുചേർന്ന് പ്രവർത്തിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വം ഇതിനായി പ്രയോജനപ്പെടുത്താനും ആലോചിച്ചുവരുന്നു.

(ബി) വിവിധ സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള പർച്ചേസ് കമ്മിറ്റി മുമ്പാകെ ഗുണമേന്മ ഉറപ്പുവരുത്തുന്ന വിതരണക്കാർക്ക് മാത്രമേ പർച്ചേസ് ഓർഡർ നൽകുന്നുള്ളൂ. വിതരണക്കാരുടെ ഉല്പന്നങ്ങൾ ഗോഡൗണുകളിൽ എത്തുമ്പോൾ ഗുണമേന്മ ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് ഗോഡൗണുകളിൽ ശേഖരിക്കുന്നത്. ഉത്സവ വിപണികൾ നടക്കുന്ന സമയങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്കായി പ്രത്യേക സംവിധാനം ഒരുക്കുന്നു. ഇതിലേയ്ക്ക് ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇൻഡ്യ ലബോറട്ടറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെയാണ് കഴിഞ്ഞ രണ്ട് വർഷമായി ഏൽപ്പിച്ചുവരുന്നത്.

(സി) സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടത്തുന്ന 86 നീതി മെഡിക്കൽ സ്റ്റോറുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 686 നീതി മെഡിക്കൽ സ്റ്റോറുകളിലൂടെയും

10% മുതൽ 40% വരെ വില കുറച്ച് ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ വിൽപ്പന നടത്തിവരുന്നു. ഇൻസുലിൻ മരുന്നുകൾ പരമാവധി വിൽപ്പന വിലയിൽനിന്നും 18% വിലക്കുറവിലും മറ്റ് മരുന്നുകൾ എം.ആർ.പി.-യേക്കാൾ 10 മുതൽ 70% വിലക്കുറവിലുമാണ് വിൽപ്പന നടത്തിവരുന്നത്. മുപ്പതിനായിരത്തോളം ബ്രാന്റഡ് മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന വിൽപ്പന നടത്തി അർഹരായ എല്ലാപേർക്കും നീതി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം ലഭ്യമാക്കിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകൾക്ക് ആവശ്യമായ മരുന്നുകളുടെ ഓർഡർ കൺസ്യൂമർഫെഡിന്റെ റീജിയണൽ ആഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് വിതരണം നടത്തിവരുന്നു. ഇതിലേയ്ക്കായി 12 നീതി മെഡിക്കൽ വെയർഹൗസുകൾ കൺസ്യൂമർഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. പുതുതായി നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന സംഘങ്ങൾക്ക് ബൈലാ വ്യവസ്ഥയ്ക്ക് വിധേയമായി ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സാമ്പത്തിക സ്ഥിതിയുള്ള സംഘങ്ങൾക്ക് പ്രാദേശികവാസികൾക്കും അംഗങ്ങൾക്കും പ്രയോജനപ്രദമാണെന്ന് ഉറപ്പു വരുത്തിയശേഷം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിവരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 214 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 1997-98 കാലഘട്ടങ്ങളിൽ പാചക വാതകക്ഷാമം ഉണ്ടായിരുന്ന കാലയളവിലാണ് കൺസ്യൂമർഫെഡ് നീതി ഗ്യാസ് വിതരണം തുടങ്ങിയത്. കൺസ്യൂമർഫെഡ് ത്രിവേണി സ്റ്റോറുകൾ വഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ വഴിയും നീതി ഗ്യാസ് വിതരണം ചെയ്തുവരുന്നു. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഗ്യാസ് ഫില്ലിംഗ് പ്ലാന്റ് പാലക്കാട് പ്രവർത്തിച്ചുവരുന്നു. ഈ പ്ലാന്റിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഗാർഹിക ഉപഭോക്താക്കൾക്ക് ഗ്യാസ് ഫില്ലിംഗ് നടത്തിവരുന്നു. പ്രതിദിനം 65 മെട്രിക് ടൺ ഗ്യാസ് ഫില്ലിംഗ് നടന്നുവരുന്നു. ഒരു ടൺ ഗ്യാസ് ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ഫില്ലിംഗ് ചെയ്ത് നൽകുമ്പോൾ 560.50 രൂപ ഫെഡറേഷന് ലഭിക്കുന്നു. ഇതിലൂടെ പ്രതിദിനം 36,458 രൂപ ഫെഡറേഷന് ലഭിക്കുന്നു. നിലവിൽ നീതി ഗ്യാസ് പൂർണ്ണമായും ലാഭത്തിൽ പ്രവർത്തിക്കുന്നതിന് കഴിയുന്നുണ്ട്. ഫെഡറേഷന്റെ 12 കിലോഗ്രാമിന്റെ 900 രൂപ നിരക്കിലുള്ള സബ്സിഡിയില്ലാത്ത നീതി ഗ്യാസിന് 20400-ഓളം ഉപഭോക്താക്കളുണ്ട്.

## പ്രളയക്കെടുതി കാരണം നികുതി വരുമാനത്തിലുണ്ടായ കുറവ്

18 (*348) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതികാരണം സംസ്ഥാന നികുതി വരുമാനത്തിൽ കുറവുണ്ടായത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് ഉണ്ടായത്;

(ബി) ഇത് എപ്രകാരം മറികടക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രളയം പൊതുവേ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി മാസ ജി.എസ്.ടി. വരുമാനം ഏകദേശം 650 കോടി രൂപയാണ്. പ്രളയത്തെത്തുടർന്ന് 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് 527.51 കോടി രൂപയും 525.30 കോടി രൂപയുമാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യുവാൻ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു എന്ന് വ്യാപാരികൾ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് ജൂലൈ മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി ആഗസ്റ്റ് 20-ൽ നിന്ന് ഒക്ടോബർ 5 ആയും ആഗസ്റ്റ് മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി സെപ്റ്റംബർ 20-ൽ നിന്ന് ഒക്ടോബർ 10 ആയും ദീർഘിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബറിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് 793.50 കോടിയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാകുകയുള്ളൂ. ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാൽ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല.

(ബി) നികുതി വരുമാന വർദ്ധനവ് ലക്ഷ്യമാക്കി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. നിയമം നടപ്പിലാക്കിയ സാഹചര്യത്തിൽ പഴയ നിയമങ്ങൾ പ്രകാരം തീർപ്പുകല്പിക്കേണ്ട നികുതി നിർണ്ണയങ്ങൾ 2019 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉത്തരവാദിത്ത ടൂറിസം

19 (*349) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പിലാക്കിയതുമൂലമുള്ള നേട്ടങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എത്തുന്ന സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും ടൂറിസം അനുബന്ധ കുറ്റകൃത്യങ്ങൾ തടയാനും ഉന്നതതല കർമ്മസേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി ടൂറിസം പോലീസിനെ ശാക്തീകരിക്കുന്നതിനും അംഗീകൃത ടൂറിസ്റ്റ് ഗൈഡുകൾക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ പേരിൽ ഇന്റർനാഷണൽ ട്രാവൽ ടൂറിസം ഗോൾഡ് അവാർഡ് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

(ബി) വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാനും ടൂറിസം അനുബന്ധ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി തടയാനും സർക്കാർ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. അതുപോലെ ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ സർക്കാർ വിഭാവനം ചെയ്യുന്നു.

(സി) ടൂറിസം കേന്ദ്രങ്ങളിലെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ടൂറിസം പോലീസ് ഉദ്യോഗസ്ഥർക്ക് ജൂൺ മാസം 11-ാം

തീയതി മുതൽ ജൂലൈ മാസം 4-ാം തീയതി വരെ ആറ് ബാച്ചുകളിലായി കിറ്റ്സ് മുഖേന പരിശീലനം നൽകുകയുണ്ടായി. ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ ആവശ്യകത, ഉത്തരവാദിത്ത ടൂറിസം, ആശയവിനിമയ നൈപുണ്യം, സൈബർ സെക്യൂരിറ്റി തുടങ്ങിയ വിഷയങ്ങളിൽ മൂന്ന് ദിവസം നീണ്ടുനിന്ന പരിശീലനമാണ് നൽകിയത്. ഇതിനകം 161 ടൂറിസം പോലീസ് (വിവിധ തസ്തികയിലുള്ള) ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി.

സംസ്ഥാനത്ത് കൂടുതലായി ഗൈഡുമാരുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 50 സ്റ്റേറ്റ് ലെവൽ ഗൈഡുമാരുടെയും 150 ജില്ലാതല ഗൈഡുമാരുടെയും തെരഞ്ഞെടുപ്പ് പൂർത്തിയാക്കുകയും ഇവർക്ക് രണ്ടുമാസ കാലാവധിയുള്ള ഒരു പരിശീലന പരിപാടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നവംബർ 4 മുതൽ 6 വരെ ലണ്ടനിൽ നടന്ന ഡബ്ല്യൂ.ടി.എം. (വേൾഡ് ട്രാവൽ മാർട്ട്) 2018-ൽ കേരള ടൂറിസം രണ്ട് സുവർണ്ണ പുരസ്കാരങ്ങൾ നേടി. 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം ' എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് നേടിക്കൊണ്ട് കേരള ടൂറിസം ഈ വിഭാഗത്തിലെ പ്രഥമ അവാർഡ് ജേതാവായി മാറിയിരിക്കുന്നു. ആദ്യമായിട്ടാണ് 'ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം ' എന്ന വിഭാഗത്തിൽ ഒരു അന്താരാഷ്ട്ര പുരസ്കാരം നൽകുന്നത്. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018-ലെ 'ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ് ' എന്ന വിഭാഗത്തിൽ സുവർണ്ണ ചകോരം കരസ്ഥമാക്കിക്കൊണ്ട് കുമരകത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വീണ്ടും മികവ് തെളിയിച്ചിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമായാണ് കേരള ടൂറിസം വീണ്ടും ആഗോളതലത്തിൽ അംഗീകാരം നേടിയിരിക്കുന്നത്.

2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം മൂന്ന് അന്താരാഷ്ട്ര അവാർഡുകളും മൂന്ന് നാഷണൽ അവാർഡുകളും ഉൾപ്പെടെ ആറ് അവാർഡുകളാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ളത്.

<u>അവാർഡുകൾ</u>

1. 2017-ൽ ഡബ്ല്യൂ.ടി.എം.-ന്റെ ഹൈലി കമെൻഡഡ് അവാർഡ്-കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്
2. 2018-ലെ ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് - കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ

3. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് - 2018-ലെ ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ് - കുമരകം

4. 2018-ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ്- ഔട്ട്സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ

5. നാഷണൽ ടൂറിസം അവാർഡ് 2015-16-ലെ ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് കാറ്റഗറി - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി

6. നാഷണൽ ടൂറിസം അവാർഡ് 2016-17ലെ മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട് ഇനിഷ്യേറ്റീവ് എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി.

**ഡാമുകളിലെ പ്രവർത്തനത്തിനായി റൂൾ കർവുകൾ**

20 (*350) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള പ്രധാനപ്പെട്ട ഡാമുകൾ അവധാനതയില്ലാതെ തുറന്നത് സംസ്ഥാനത്ത് പ്രളയമുണ്ടാവാനുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണെന്ന ആക്ഷേപം ശരിയാണോ; വ്യക്തമാക്കുമോ;

(ബി) ഡാമുകളിലെ പ്രവർത്തനത്തിനായി റൂൾ കർവുകൾ പാലിക്കുന്നുണ്ടോ;

(സി) മഴയുടെ തോതിലുണ്ടാകുന്ന മാറ്റങ്ങൾ, കാലാവസ്ഥ വ്യതിയാനം, എക്കൽമണ്ണ് നിക്ഷേപം എന്നീ വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ എല്ലാ ഡാമുകളും റൂൾ കർവുകൾ പുനർനിർണ്ണയിക്കണം എന്ന കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ പരാമർശം കെ.എസ്.ഇ.ബി. ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) പ്രളയത്തിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് കെ.എസ്.ഇ.ബി. യുടെ ഡാമുകളുടെ പ്രവർത്തനങ്ങളിലും റൂൾ കർവുകളിലും എന്തെല്ലാം മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) അല്ല. പ്രസ്തുത ആക്ഷേപം പൂർണ്ണമായും തെറ്റാണ്.

കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രജല കമ്മീഷനെയാണ് (CWC) ഇൻഡ്യയിലെ നദികളുടെ പരിപാലനത്തിനും മറ്റ് ജലവിനിയോഗങ്ങളുടെ നിയന്ത്രണത്തിനുമൊക്കെയായി പരമോന്നത അധികാരത്തോടെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രജല കമ്മീഷൻ, കേരളത്തിലുണ്ടായ പ്രളയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ, കേരളത്തിലെ ഡാമുകൾ തുറന്നതല്ല പ്രളയത്തിന് കാരണമെന്ന് അസന്ദിഗ്ധമായി പ്രതിപാദിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം 8, 9 എന്നീ തീയതികൾക്ക് പുറമെ, 15 മുതൽ 17 വരെ തീയതികളിലും കേരളത്തിൽ പെയ്ത അതിതീവ്ര മഴയാണ് പ്രളയത്തിന് കാരണമെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ ചെന്നൈ ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ടിലും ഇതേ രീതിയിലാണ് പ്രതിപാദിച്ചിട്ടുള്ളത്.

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള ഡാമുകളുടെ പ്രധാന ഉദ്ദേശം പ്രളയനിയന്ത്രണമല്ല. പ്രധാന ഡാമുകളിൽ കാലങ്ങളായി മൺസൂൺ കാലത്ത് ജലം സംഭരിക്കുകയും വേനൽക്കാലത്ത് വൈദ്യുതോല്പാദനം, ജലസേചനം, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്കായി ജലം വിനിയോഗിക്കുകയും ചെയ്തുവരുന്നു.

കേരളം ഒരു പ്രളയബാധിത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും മഴക്കാലം ശക്തമാകുന്ന മാസങ്ങളിൽ സംഭരിക്കാവുന്ന ജലം ഉൾക്കൊണ്ടുകൊണ്ട് പ്രധാന നദികളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം ഒരു പരിധിവരെ ലഘൂകരിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകൾ പങ്കുവഹിക്കുന്നു. ഡാമിന്റെ സുരക്ഷയും ജനങ്ങളുടെ ജീവന്റെയും സ്വത്തിന്റെയും സുരക്ഷയും കണക്കിലെടുത്ത് മാത്രമാണ് കെ.എസ്.ഇ.ബി.എൽ. ഡാം മാനേജ്മെന്റും ഡാം ഓപ്പറേഷനുകളും നടത്തിയിരുന്നത്. 2018 ജൂൺ, ജൂലൈ മാസങ്ങളിൽ വർദ്ധിച്ചുവരുന്ന ജലനിരപ്പ് മനസ്സിലാക്കി ജൂലൈ 25-ാം തീയതി തന്നെ കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളിൽനിന്നും ജലം പുറത്തേയ്ക്ക് ഒഴുക്കിവിടുന്നതിനുള്ള അലെർട്ട് ലെവലുകൾ നിശ്ചയിക്കുകയും ഡാമിൽ ജലം പൂർണ്ണ സംഭരണശേഷിയിൽ എത്തുന്നതിനുമുമ്പുതന്നെ ജലം ക്രമാനുഗതമായി പുറത്തേയ്ക്ക് ഒഴുക്കിവിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തിരുന്നു. കൂടാതെ ജൂലൈ 25-ന് തീരുമാനിച്ച അലെർട്ട് പ്രകാരം മുന്നറിയിപ്പുകൾ എല്ലാവർക്കും നൽകിക്കൊണ്ടാണ് ജലം ഒഴുക്കിവിട്ടിട്ടുള്ളത്.

(സി) ഉണ്ട്. 200 മില്യൺ ക്യൂബിക് മീറ്ററോ അതിന് മുകളിലോ സംഭരണശേഷിയുള്ള ജല സംഭരണികൾക്ക് മൺസൂൺ കാലത്തിലെ ആദ്യ മാസങ്ങളിൽ ചെറിയ ഇടവേളകളിൽ (5 വർഷം - 10 വർഷം മുതലായവ) സംഭവിക്കുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് ആവശ്യമായിട്ടുള്ള കരുതൽ വ്യാപ്തി കൃത്യതയോടെ ഒരുക്കുന്നതിനുവേണ്ടി റൂൾ കർവുകൾ (Rule-Curve) ഉണ്ടാക്കണമെന്ന കേന്ദ്ര ജല കമ്മീഷന്റെ നിർദ്ദേശം ഗൗരവത്തോടെ കാണുന്നു.

2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിന്റെ വെളിച്ചത്തിൽ, പ്രധാന ജലസംഭരണികൾക്ക് റൂൾ കർവുകൾ നിർണ്ണയിച്ച കഴിഞ്ഞു. ഇത് കൂടുതൽ കൃത്യതയോടുകൂടി പുതുക്കി നിർണ്ണയിക്കുന്നതിന് ചീഫ് എഞ്ചിനീയർമാർ ഉൾപ്പെട്ട ഒരു സമിതി രൂപീകരിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചും വരുന്നു.

(ഡി) കേരളത്തിന്റെ ഭൂപ്രകൃതിയും നദികളുടെ താരതമ്യേന കുറഞ്ഞ നീളവും നിലവിലുള്ള പ്രളയ സാധ്യതാ മുന്നറിയിപ്പ് സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിൽവരുത്തുന്നതിന് അനുകൂലമല്ലാത്തതാണ്. എങ്കിലും ഏറ്റവും ആധുനികമായ സാങ്കേതികവിദ്യയുടേയും സോഫ്റ്റ്‌വെയറിന്റെയും സഹായത്തോടുകൂടി പെരിയാർ, ചാലക്കുടി, പമ്പ എന്നീ നദികളിൽ പ്രളയ സാധ്യതാ മുന്നറിയിപ്പ് സംവിധാനം (Early Flood Forecasting and Warning System) ഒരുക്കുന്നതിനുള്ള കേരള സർക്കാർ തീരുമാനം കെ.എസ്.ഇ.ബി.എൽ. നടപ്പാക്കിവരുന്നു.

കൂടാതെ, കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ പ്രധാന ഡാമുകളിലും റൂൾ കർവ്, Dam Break Analysis, Emergency Action Plan തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

21 (T* 351) <u>ശ്രീ. അൻവർ സാദത്ത് :</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>
<u>ശ്രീ. എം. വിൻസെന്റ് :</u>
<u>ശ്രീ. എ.പി. അനിൽ കുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ടിന്റെ ഭാഗമായി നീക്കിവച്ച തുകയുടെ ഇരുപത് ശതമാനം മാത്രം 28.11.2018 വരെ ചെലവഴിക്കാനുണ്ടായ സാഹചര്യം വിലയിരുത്തുമോ;

(ബി) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് നാളിതുവരെ നടത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പ് വേഗത്തിലാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 2018-19 വർഷം സംസ്ഥാന ബജറ്റിൽ 28 കോടി രൂപ വകകൊള്ളിച്ചിരുന്നു. പ്രസ്തുത തുകയിൽ 22.44 കോടി രൂപ ഈ വർഷം അനുവദിച്ചതിൽ 28-11-2018 വരെ 12.22 കോടി രൂപ (54.4%) ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 10.22 കോടി രൂപ ചെലവഴിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തീർത്ഥാടകർക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള ക്യൂ കോംപ്ലക്സ് നിർമ്മാണം പ്രതിദിനം 5 ദശലക്ഷം ലിറ്റർ മാലിന്യ സംസ്കരണ ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ്, അയ്യായിരം പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള അന്നദാന മണ്ഡപം, ശുദ്ധജല വിതരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള രണ്ട് ഗ്രൗണ്ട് ലെവൽ വാട്ടർ ടാങ്കുകൾ, നിലയ്ക്കലിൽ പൂർത്തിയാക്കിയ പിൽഗ്രിം വെയിറ്റിംഗ് ഹാൾ, വിരിവയ്ക്കാനുള്ള വലിയ നടപ്പന്തൽ, മരക്കൂട്ടത്ത് തീർത്ഥാടകർക്ക് സുഗമമായി സഞ്ചരിക്കുന്നതിന് അണ്ടർപാസ്, പമ്പയിൽ അന്നദാനമണ്ഡപം, റെസ്റ്റോറന്റ് ബ്ലോക്ക്, പ്രസാദ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള ഗോഡൗൺ സൗകര്യം, സന്നിധാനത്ത് നിർമ്മാണത്തിലിരിക്കുന്ന 60 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജല സംഭരണി, അയ്യപ്പഭക്തർക്കും ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിനുള്ള ദർശനം കോംപ്ലക്സ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിരിക്കുന്നത്.

(സി) ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പ് വേഗത്തിലാക്കാൻ ഉന്നതാധികാര സമിതിയും സാങ്കേതിക സമിതിയുംകൂടി ആവശ്യമായ തീരുമാനങ്ങളെടുത്തുവരുന്നു. കൂടാതെ ശബരിമലയിലെ വികസന പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ഭൂമി കുറവായതിനാൽ അടിയന്തരമായി കൂടുതൽ വനഭൂമി അനുവദിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

## ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾ

22 (*352) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ജോയി :
ശ്രീ. കെ.സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജോല്പാദന, സംരക്ഷണ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അക്ഷയ ഊർജ്ജ പ്രചരണ-വ്യാപന രംഗങ്ങളിൽ അനെർട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>):

(എ) സംസ്ഥാനത്ത് ഊർജ്ജ ഉല്പാദന മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ താഴെപ്പറയുന്നവയാണ്.

1. കെ.എസ്.ഇ.ബി.എൽ.- 2233 മെഗാവാട്ട്
2. എൻ.ടി.പി.സി. - 359 മെഗാവാട്ട്
3. ബി.എസ്.ഇ.എസ്. - 157 മെഗാവാട്ട്
4. സിയാൽ - 30 മെഗാവാട്ട്
5. സോളാർ എനർജി കോർപ്പറേഷൻ - 50 മെഗാവാട്ട്

കൂടാതെ സംസ്ഥാനത്ത് മറ്റ് ചെറുകിട സ്വകാര്യ ഉല്പാദകരും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

എനർജി മാനേജ്മെന്റ് സെന്റർ, അനെർട്ട് എന്നിവയും ഊർജ്ജോല്പാദന മേഖലയിൽ പ്രവർത്തിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതും കേന്ദ്ര ഊർജ്ജസംരക്ഷണ നിയമം 2001 കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന നിയുക്ത ഏജൻസി (SDA)യുമാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.). എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ഇ.എം.സി. നടത്തിവരുന്നത്. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമ നടത്തിപ്പിന്റെ ഭാഗമായി പല പുതിയ ഊർജ്ജസംരക്ഷണ പദ്ധതികളും കേരളത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. ജനറേറ്ററുകൾ, ബോയിലറുകൾ എന്നിവയുടെ ഊർജ്ജകാര്യക്ഷമതാ പഠനം, ഊർജ്ജകാര്യക്ഷേമ ലൈറ്റിംഗ് സംവിധാനങ്ങൾ, ഊർജ്ജ ഓഡിറ്റ്, എനർജി ഓഡിറ്റർ/എനർജി മാനേജർ സർട്ടിഫിക്കേഷൻ, എനർജി മാനേജർ/ഓഡിറ്റർമാർക്കുള്ള പരിശീലനം, മികച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവർക്ക് ഊർജ്ജ സംരക്ഷണ അവാർഡ് എന്നിവ ഇവയിൽ ചിലതാണ്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്ന ഏജൻസിയുമാണ്.

കെ.എസ്.ഇ.ബി.എൽ., എനർജി മാനേജ്മെന്റ് സെന്റർ, അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയാണ് ഊർജ്ജ സംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്നവ.

(ബി) കെ.എസ്.ഇ.ബി., ഐ.ടി. വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമ നെറ്റ് സോഫ്റ്റ്‌വെയറിലൂടെ മികച്ച ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തിക്കഴിഞ്ഞു. കൂടാതെ,

1. പുതിയ വൈദ്യുതി കണക്ഷനായി ഓൺലൈനിലൂടെ അപേക്ഷിക്കാനുള്ള സൗകര്യം.

2. വൈദ്യുതി ബില്ലുകൾ ഓൺലൈനിലൂടെ അടയ്ക്കാനുള്ള സൗകര്യം.

3. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ് - ദൂത്' പദ്ധതി.

4. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.

5. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി

6. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

7. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോമാറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

8. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം. പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം.

9. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം.

10. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിൽ ഇല്ലാത്തപ്പോൾപ്പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

11. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

12. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

13. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ വിവരസാങ്കേതികവിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സേവനങ്ങൾകൂടി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചുവരികയാണ്.

1. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള ബി.ബി.പി.എസ്. അടക്കമുള്ള കൂടുതൽ നൂതന സംവിധാനങ്ങൾ തയ്യാറായി വരുന്നു.

2. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

3. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

4. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഇ.ആർ.പി. (എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്) എന്ന സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കിവരുന്നു.

(സി) അക്ഷയോർജ്ജ രംഗത്ത് ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി അനെർട്ട് ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ് സംവിധാനം ഒരുക്കിയിട്ടുണ്ട്. അക്ഷയോർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി സൗരവീഥി എന്ന മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ് ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് അക്ഷയോർജ്ജ രംഗത്ത് സാങ്കേതിക സേവനം നൽകുന്നതിലേയ്ക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലും അക്ഷയോർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിച്ചുവരുന്നു. പൊതുജനങ്ങൾക്ക് അനെർട്ടിന്റെ പദ്ധതികളെക്കുറിച്ച് മനസ്സിലാക്കുന്നതിനും സംശയനിവാരണത്തിനുമായി ടോൾ ഫ്രീ നമ്പർ ഒരുക്കി ഹെൽപ്പ്ലൈൻ സംവിധാനം അനെർട്ട് കേന്ദ്ര ഓഫീസിൽ പ്രവർത്തിച്ചുവരുന്നു. സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വിവിധ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ മുഖേന പരസ്യ പ്രചാരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

(ഡി) ഊർജ്ജ സംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾക്ക് നടപ്പിലാക്കിവരുന്ന ഇൻഡ്യയിലെ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് ഈ വർഷവും കരസ്ഥമാക്കിയ എനർജി മാനേജ്മെന്റ് സെന്റർ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒട്ടേറെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 22 സ്കൂളുകളിൽ 2KW (കിലോ വാട്ട്) സോളാർ പദ്ധതി നടപ്പിലാക്കാൻ സാധിച്ചു.
- 493 സ്കൂളുകളെ ഊർജ്ജ കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്.
- കാർബൺ സന്തുലിതമായ ക്യാമ്പസ് എന്ന മഹത്തരമായ ഊർജ്ജ സംരക്ഷണ പദ്ധതിയെക്കുറിച്ചുള്ള പഠനം 185 സ്കൂളുകളിൽ തുടങ്ങിക്കഴിഞ്ഞു.
- എനർജി മാനേജ്മെന്റ് സെന്റർ വർഷങ്ങളായി ഗാർഹിക മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയായ 'എനർജി ക്ലിനിക് ' ഈ സർക്കാർ വന്നതിനുശേഷം ചെറുകിട വനിതാ സംരംഭകരുടെ ഇടയിലേയ്ക്കുകൂടി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ഊർജ്ജ സംരക്ഷണ കാര്യക്ഷമതാ രംഗത്തെ നൂതന ആശയങ്ങൾ നടപ്പിലാക്കാനുള്ള ഇ.എം.സി.-യുടെ പര്യവേഷണ പുരോഗതി മേഖല 'സ്മാർട്ട് മീറ്റർ', സി-ഡാക്കുമായി ചേർന്ന് നിർമ്മിച്ചുകഴിഞ്ഞു.
- നമ്മുടെ നാട്ടിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പെട്ടി പറ പമ്പിംഗ് സിസ്റ്റം എഫ്.സി.ആർ.ഐ.-യുമായി ചേർന്ന് വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്ന പമ്പിംഗ് സിസ്റ്റം പോലെ ഊർജ്ജ കാര്യക്ഷമതയുള്ളതായി വികസിപ്പിക്കാനുള്ള പരിപാടി തുടങ്ങി.

- ഇതുകൂടാതെ എനർജി നിരീക്ഷണത്തിന്റെ ഭാഗമായി ഫ്ലോ മീറ്റർ, എനർജി മീറ്റർ എന്നിവയും കാർബൺ ഡൈഓക്സൈഡിന്റെ പ്രകീരണം എന്നിവ അളക്കുന്നതിനുള്ള ഉപകരണവും വികസിപ്പിച്ചിട്ടുണ്ട്.
- കൂടാതെ കാർഷികരംഗം, ഗതാഗതം, മുനിസിപ്പൽ ലൈറ്റിംഗ് എന്നിവയെക്കുറിച്ച് പഠനം നടത്തിക്കഴിഞ്ഞു.
- എൽ.ഇ.ഡി. ലൈറ്റുകൾ ടെസ്റ്റിംഗിനായി ഒരു ലബോറട്ടറി സ്ഥാപിച്ചുവരുന്നു.
- ആധുനികരംഗത്തെ നൂതന ആശയങ്ങൾ ഈ സർക്കാർ ഇ.എം.സി.യിലൂടെ ഉപരിപഠനരംഗത്തിനായി തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി എം.ടെക് എനർജി മാനേജ്മെന്റ് കോഴ്സ് ഐ.ഐ.റ്റി. മുംബൈ, സി.ഇ.റ്റി. തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് തുടങ്ങാനുള്ള നടപടികൾ തുടർന്നുവരുന്നു.
- ഇ.എം.സി., നാഷണൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ കൗൺസിൽ ഫോർ ഗ്രീൻ ജോബ്സ്-ന്റെ ഒരു ഔദ്യോഗിക സെന്റർ കൂടിയാണ്. നൂതന അടുപ്പുകളെക്കുറിച്ച് കോഴ്സ് നടത്തിയിട്ടുമുണ്ട്.
- വിവിധയിനം സർട്ടിഫിക്കറ്റ് കോഴ്സുകളും എഞ്ചിനീയറിങ്, പോളിടെക്നിക്, പരിസ്ഥിതി ശാസ്ത്രം എന്നീ രംഗത്തെ ഇന്റേൺഷിപ്പ് എന്നിവ നടപ്പിലാക്കിവരുന്നു.
- മെഡിക്കൽ കോളേജിൽ ഊർജ്ജ കാര്യക്ഷമത നടപ്പിലാക്കാൻ ഒരു കോടി രൂപയുടെ പദ്ധതി ഇ.എം.സി. തയ്യാറാക്കിയിട്ടുണ്ട്.
- നീതി ആയോഗ് തയ്യാറാക്കിയ energy efficiency preparedness index-ൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ചത് കേരളത്തിനാണ്.
- എനർജി എഫിഷ്യന്റ് ബിൽഡിംഗ് കോഡ് നടപ്പിലാക്കാൻ സാധിച്ചു.
- 9 പഞ്ചായത്തുകളിൽ ഊർജ്ജ കാര്യക്ഷമത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതിലൊന്നായ പീലിക്കോട് പഞ്ചായത്ത് ഇൻഡ്യയിലെ ഏക ഫിലമെന്റ് രഹിത പഞ്ചായത്തായി മുഖ്യമന്ത്രി തന്നെ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പ്രഖ്യാപിച്ചിരുന്നു.
- കൃത്രിമമായി ചുഴി സൃഷ്ടിച്ച് നടപ്പിലാക്കുന്ന വൈദ്യുതി ഉല്പാദിപ്പിക്കുന്ന വോർട്ടെക്സ് ടർബൈൻ ഇൻഡ്യയിലാദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടി ജലവൈദ്യുത പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി.

## വ്യാവസായിക ക്ലസ്റ്ററുകൾ

23 (*353) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന യുവജനങ്ങളിൽ ഇരുപത് ശതമാനം പേരെയെങ്കിലും തൊഴിൽദായകരായ സംരംഭകരാക്കിത്തീർക്കാൻ സാധ്യമാകും വിധം നൽകി വരുന്ന സംരംഭക പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് വിപണിയിലെ മത്സരം നേരിടുന്നതിന് വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കാൻ നൽകി വരുന്ന സഹായം എന്തെല്ലാമാണ്; ഇത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി കെ.എഫ്.സി.-ക്ക് ഫലപ്രദമായി ഇടപെടാൻ സാധ്യമാകുന്നുണ്ടോ;

(സി) പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പ്രത്യേക പദ്ധതി ഉണ്ടോ;

(ഡി) നിക്ഷേപ പ്രോത്സാഹനത്തിന് അനിവാര്യമായ പശ്ചാത്തല സൗകര്യവികസനത്തിനായുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും അനുയോജ്യമായ മേഖലകളിൽ പരിശീലനവും നൽകുന്നതിനായി വ്യവസായ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

- സംരംഭകത്വ പരിശീലന പദ്ധതി
- സംരംഭകത്വ ബോധവൽക്കരണ പദ്ധതി
- സംരംഭകത്വ വികസന ക്ലബ്ബുകൾ (ED Clubs)
- ഇൻവെസ്റ്റേഴ്സ് മീറ്റ്

കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) മുഖേന സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീമും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സംരംഭക വളർച്ചയ്ക്ക് കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.എം.ഇ.-സി.ഡി.പി. പ്രകാരമുള്ള പദ്ധതിയാണ് ക്ലസ്റ്റർ വികസനം. കോമൺ ഫെസിലിറ്റി സെന്റർ, റിസർച്ച് & ഡെവലപ്മെന്റ് സെന്റർ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക, സാങ്കേതിക പരിശീലനങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്.

ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.എം.ഇ.-സി.ഡി.പി. പദ്ധതി പ്രകാരം പദ്ധതി തുകയുടെ 70% കേന്ദ്രസർക്കാരും 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായും അനുവദിക്കുന്നു. ബാക്കി 10% അതാത് കൺസോർഷ്യം കോൺട്രിബ്യൂഷനായി ചെലവഴിക്കണം.

ക്ലസ്റ്റർ രൂപീകരണത്തിനായി കെ.എഫ്.സി. പ്രത്യേകമായി ധനസഹായം അനുവദിക്കുന്നില്ലെങ്കിലും അപേക്ഷിച്ചാൽ മുൻഗണന നൽകി വായ്പ അനുവദിക്കുന്നതാണ്.

(സി) ഉണ്ട്. നിരവധി പ്രതിസന്ധികൾ നേരിടുന്ന കേരളത്തിലെ സൂക്ഷ്മ-ചെറുകിട -ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാൻവേണ്ടി "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണം" (Kerala Stressed MSMEs Revival & Rehabilitation Scheme) എന്ന പദ്ധതിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

15-5-2018-ലെ ജി.ഒ. (കൈ) നമ്പർ 38/2018/വ്യവ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും 'വ്യവസായ മിത്ര' എന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രസ്റ്റ് ഫണ്ടിൽ 100 കോടിയുടെ കോർപ്പസ് ഫണ്ട് ഉണ്ടായിരിക്കും.

(ഡി) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വ്യവസായ നിക്ഷേപം ആരംഭിക്കുന്നതിനും സംരംഭകർക്ക് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം എന്നീ സൗകര്യങ്ങളുള്ള പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും ക്ലസ്റ്ററുകൾക്കായി പുതിയതും നവീകരിച്ചതുമായ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ്, വ്യവസായ പ്രവർത്തന പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.

എ) നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യവികസനം (വിഹിതം 2800.00 ലക്ഷം രൂപ)

നിലവിലുള്ള ഡെവലപ്മെന്റ് പ്ലോട്ടുകളിലെ നവീകരണത്തിനും തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുമായി പാരമ്പര്യേതര ഊർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ ഉറവിടങ്ങൾ ഖര ദ്രവ മാലിന്യ നിർമ്മാർജ്ജന സംവിധാനം, ആന്തരിക റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി, കാന്റീൻ, പ്രഥമശുശ്രൂഷാ കേന്ദ്രങ്ങൾ എന്നിവ ഒരുക്കുക എന്നാണ് ലക്ഷ്യം.

ബി) നിലവിലുള്ള പൊതുസൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം (വിഹിതം 55.00 ലക്ഷം രൂപ)

വാർഷിക നവീകരണ ചെലവുകൾ, പ്ലാന്റ് ആന്റ് മെഷീനറി എന്നിവയ്ക്കുള്ള ചെലവുകൾ ഉൾപ്പെടെ നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണമാണ് ലക്ഷ്യമിടുന്നത്.

കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ സ്ഥാപനങ്ങളുടെ വ്യവസായ പാർക്കുകളിൽ/ഭൂമിയിൽ സംരംഭകർക്ക് സ്ഥാപനം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാണ്.

**വർദ്ധിച്ചുവരുന്ന ഇന്ധനവില**

24 (*354) <u>ശ്രീ. മുല്ലക്കര രത്നാകരൻ :</u>
<u>ശ്രീ. ഇ. കെ.വിജയൻ :</u>
<u>ശ്രീ. എൽദോ എബ്രഹാം :</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുദിനം വർദ്ധിച്ചുവരുന്ന ഇന്ധനവില സംസ്ഥാനത്തെ സമസ്ത മേഖലകളിലെയും ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും വില വർദ്ധനവിന് കാരണമാവുകയും തൻമൂലം ജീവിത നിലവാരം താഴാൻ ഇടയാക്കുന്നതും പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇന്ധന വില വർദ്ധന സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെയും മൊത്തം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും ഏതൊക്കെ തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ക്രൂഡ് ഓയിലിന്റെ അന്താരാഷ്ട്ര വില വർദ്ധിക്കുമ്പോൾ പെട്രോൾ, ഡീസൽ, പാചകവാതക വില ഉയരുകയും ക്രൂഡ് ഓയിലിന്റെ അന്താരാഷ്ട്ര വില താഴുമ്പോൾ പ്രസ്തുത വിലകൾ താഴാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇന്ധന വില വർദ്ധനമൂലം സംസ്ഥാന സർക്കാരിന്റെ ഭരണച്ചെലവുകൾ ഉൾപ്പെടെയുള്ള ചെലവുകൾ വർദ്ധിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇന്ധനവില ക്രമാതീതമായി വർദ്ധിക്കുമ്പോൾ ഇക്കാര്യത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിരുന്നോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2017 മേയ് മാസം പകുതി മുതൽ ഇന്ധനവില ദിനംപ്രതി ഗണ്യമായി വർദ്ധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന ഇന്ധനവില സംസ്ഥാനത്തെ സമസ്ത മേഖലകളിലെയും ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും വിലവർദ്ധനവിന് കാരണമാകുകയും തന്മൂലം ജീവിത നിലവാരം താഴാൻ ഇടയായിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ സാധാരണജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി വിലവർദ്ധനവിന്റെ ഭാഗമായി ലഭ്യമായ അധിക നികുതിയുടെ ഒരു ഭാഗം ഉപേക്ഷിച്ച്, 1-6-2018 മുതൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (SRO No. 345/18 തീയതി 31-5-2018).

(ബി) പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഭൂരിഭാഗം നിത്യോപയോഗ സാധനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. ഇന്ധനവില വർദ്ധനവ് സ്വാഭാവികമായും ചരക്ക് കൂലിയെയും അതിനെത്തുടർന്ന് എല്ലാ ചരക്കുകളുടെയും വിലവർദ്ധനവിനും കാരണമാകും. ഇത്തരം വിലവർദ്ധനവ് പൊതുജനത്തെയും സർക്കാരിനെയും ഒരേപോലെ പ്രതികൂലമായി ബാധിക്കും. പ്രളയാഘാതത്തിൽ പൊതുവെ ദോഷകരമായി ബാധിച്ച സമ്പദ്ഘടനയെ ഇത് കൂടുതൽ ബുദ്ധിമുട്ടിലാക്കും. ഇന്ധനച്ചെലവും ചരക്കുവില വർദ്ധനവുംമൂലം വികസന പ്രവർത്തനത്തിന്റെ ചെലവ് ക്രമാതീതമായി വർദ്ധിക്കും.

(സി) പെട്രോൾ, ഡീസൽ വില നിർണ്ണയാധികാരം കേന്ദ്രസർക്കാർ പെട്രോളിയം കമ്പനികൾക്ക് പൂർണ്ണമായും വിട്ടുനൽകിയതിനെത്തുടർന്ന് ക്രൂഡ് ഓയിലിന്റെ വിലനിലവാരത്തിനനുസരിച്ച് വില കുറയുമ്പോൾ അതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് യഥാസമയം വിട്ടുനൽകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഇത്തരം വില നിശ്ചയിക്കാനുള്ള കേന്ദ്രസർക്കാരിന്റെ അധികാരം പുനഃസ്ഥാപിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനം പലതവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) അത്തരത്തിൽ വിശദമായ ഡാറ്റ ലഭ്യമല്ലെങ്കിലും ഇന്ധന വിലവർദ്ധനവ് കൊണ്ടുണ്ടാകുന്ന വിലക്കയറ്റം സർക്കാരിന്റെ ചെലവുകളിൽ വർദ്ധനവുണ്ടാക്കും എന്നതാണ് വസ്തുത.

(ഇ) 2014 മുതൽ ഇന്ധനവിലയിടിവിനെത്തുടർന്ന് കേന്ദ്രം വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടി കുറവുചെയ്യണമെന്നും ഇന്ധനങ്ങൾക്ക് വില നിശ്ചയിക്കാനുള്ള അധികാരം പെട്രോളിയം കമ്പനികൾക്ക് പൂർണ്ണമായി വിട്ടുകൊടുത്ത് പുറപ്പെടുവിച്ച ഉത്തരവുകൾ പിൻവലിച്ച് അതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കി മുമ്പുണ്ടായിരുന്നതുപോലെ ക്രൂഡ് ഓയിലിന്റെ വിലനിലവാരത്തിലുണ്ടാകുന്ന വ്യതിയാനത്തിന്റെ ഗുണഫലം ഉപഭോക്താക്കൾക്ക് ലഭ്യമാക്കണമെന്നും കേന്ദ്രസർക്കാരിനോട് സംസ്ഥാനം പലതവണ ആവശ്യപ്പെട്ടിട്ടുണ്ട്.

## സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

25 (*355) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ കീഴിലുള്ള വ്യവസായ ഐ.ടി. പാർക്കുകളിൽ 50% സബ്സിഡി നിരക്കിൽ സ്ഥലം വാടകയ്ക്ക് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്റ്റാർട്ടപ്പുകളുടെ സോഫ്റ്റ്‌വെയർ ഉൽപ്പന്നങ്ങളും സേവനങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും വിവിധ സർക്കാർ സ്ഥാപനങ്ങൾ നേരിട്ട് വാങ്ങുന്നതിനുള്ള പരിധി ഉയർത്തിയിട്ടുണ്ടോ;

(സി) സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളുടെ ബാദ്ധ്യത കുറയ്ക്കുന്നതിനായി ജി.എസ്.ടി. ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിക്കുന്ന മറ്റു നടപടികൾ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ വികസനത്തിനും പുനർനിർമ്മാണത്തിനും പുതിയ ആശയങ്ങൾ സമർപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. വാടകയുടെ അമ്പത് ശതമാനമോ ചതുരശ്ര അടിക്ക് 20 രൂപ എന്ന നിരക്കിലോ സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്കെയിൽ അപ് സ്റ്റേജിലുള്ള സ്റ്റാർട്ടപ്പുകൾക്ക് സബ്സിഡിയായി തുക തിരികെ നൽകുന്ന പദ്ധതി നിലവിലുണ്ട്. 21-5-2018-ലെ സ.ഉ. (സാധാ.) നമ്പർ 133/2018/വി.സ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത പദ്ധതി നിലവിൽ വന്നത്.

(ബി) സർക്കാർ വകുപ്പുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും ടെണ്ടർ നടപടികൾ കൂടാതെ സ്റ്റാർട്ടപ്പുകളിൽനിന്നും ഉത്പന്നങ്ങളും സേവനങ്ങളും നേരിട്ട് വാങ്ങുന്നതിനുള്ള പരിധി ഇരുപത് ലക്ഷമായി ഉയർത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി. ഒഴിവാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക ആനുകൂല്യം നിലവിൽ ലഭ്യമല്ല.

(ഡി) സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി യുവസംരംഭകത്വ പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ട് പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

(ഇ) സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവരുടെ മികച്ച ആശയങ്ങൾ ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് രണ്ട് ലക്ഷം രൂപ വരെയും ആദ്യ മാതൃക ഉല്പന്നമായി വികസിപ്പിക്കുന്നതിന് ഏഴ് ലക്ഷം രൂപ വരെയും ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിന് 12 ലക്ഷം രൂപ വരെയും ഗ്രാന്റായി നൽകുന്ന ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി നിലവിലുണ്ട്. മാത്രമല്ല, സംസ്ഥാനത്തിന്റെ വികസനത്തിനും പുനർനിർമ്മാണത്തിനുമുള്ള ആശയങ്ങളും ഈ പദ്ധതിയിലൂടെ പ്രോത്സാഹിപ്പിച്ചുവരുന്നു.

**ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി**

26 (*356) ശ്രീ. എസ്. ശർമ്മ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന വിനോദസഞ്ചാരമേഖല ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകളിൽ വിവിധ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും വയോജനങ്ങൾക്കും പ്രയോജനകരമായ 'ബാരിയർ ഫ്രീ കേരള ടൂറിസം' പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടൂറിസം മേഖലയിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ടൂറിസ്റ്റ് സുരക്ഷാ സഹായക കേന്ദ്രങ്ങൾ രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി ടൂറിസം കേന്ദ്രങ്ങൾ അനുഭവവേദ്യമാക്കുന്നതിനായി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിന് ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ബാരിയർ ഫ്രീ കേരള ടൂറിസം. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിലാണ് 14 ജില്ലകളിലായി ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 13 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല നൽകിയിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, നടപ്പാതകൾ, റാമ്പുകൾ, വീൽചെയർ സൗകര്യം, ലിഫ്റ്റ് സൗകര്യം എന്നിവ ഈ പദ്ധതിയിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്.

കൂടാതെ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'ഗ്രീൻ കാർപ്പെറ്റ് 'എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനുള്ള സാധ്യതകൂടി പരിഗണിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളിൽ വിവിധ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും വയോജനങ്ങൾക്കും പ്രയോജനപ്രദമാകുന്ന 'ബാരിയർ ഫ്രീ കേരള ടൂറിസം' എന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷി ടൂറിസ്റ്റ് സൗഹൃദ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, നടപ്പാതകൾ, റാമ്പുകൾ, വിശ്രമമുറികൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പഠനം നടത്തിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതുൾപ്പെടെ ഭിന്നശേഷി സൗഹാർദ്ദംകൂടി ഉൾപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2018 ഡിസംബർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 'ബാരിയർ ഫ്രീ കേരള ടൂറിസം' പദ്ധതി ഭിന്നശേഷിക്കാർക്കായി പ്രയോജനപ്പെടുത്താനുതകുന്ന വിധത്തിൽ സൗകര്യങ്ങളൊരുക്കി നൽകിയിട്ടുണ്ട്.

(സി) ടൂറിസ്റ്റ് സുരക്ഷാ സഹായക കേന്ദ്രങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഒരു പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവിലുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ, ആവശ്യമായ വെളിച്ചം, വൈദ്യുതി, നടപ്പാതകൾ, സുരക്ഷാവേലികൾ, സെക്യൂരിറ്റി ക്യാമറ എന്നിവ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ കൂടുതൽ വിന്യസിക്കുന്നതിനായി ആഭ്യന്തര വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ എല്ലാവിധ ആധുനിക പരിശീലനവും സുരക്ഷയ്ക്കായുള്ള ഉപകരണങ്ങളും നൽകിവരുന്നുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികളുടെ സംരക്ഷണം മുൻനിർത്തി ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സ്വീകരിച്ചുവരുന്നു. ഇപ്പോൾ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ്, ആഭ്യന്തര വകുപ്പ് കൂടാതെ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഹൗസ് ബോട്ടുകളിലെ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ആലപ്പുഴയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകുന്ന വിധമാണ് അതോറിറ്റി രൂപീകരിക്കുക.

## ശബരിമലയിലെ നിരോധനാജ്ഞമൂലമുള്ള അസൗകര്യങ്ങൾ

27 (*357) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ നിരോധനാജ്ഞ 2018 ഡിസംബർ നാലുവരെ നീട്ടിയത് ദേവസ്വം ബോർഡിന്റെ അനുമതിയോടെയായിരുന്നോ;

(ബി) ശബരിമലയിലെ സ്ഥിതി ശാന്തമായിട്ടും നിരോധനാജ്ഞ തുടരുന്നത് ഭക്തർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്നു എന്ന ആക്ഷേപം വസ്തുതാപരമാണോ എന്നറിയിക്കുമോ;

(സി) ശബരിമലയെ പ്രത്യേക സുരക്ഷാ മേഖലയായി പ്രഖ്യാപിക്കണം എന്നാവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഭക്തന്മാർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്ന നടപടികളിൽ നിന്നും പിന്തിരിയണമെന്ന് പോലീസിനോട് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) അല്ല. ക്രമസമാധാനത്തിന്റെ ഭാഗമായി ശബരിമലയിലെ നിരോധനാജ്ഞ നീട്ടുന്നതിന് ദേവസ്വം ബോർഡിന്റെ അനുമതി ആവശ്യമില്ല.

(ബി) സന്നിധാനത്തും പരിസരപ്രദേശത്തും പോലീസിന്റെ നിയന്ത്രണങ്ങൾ മൂലം ഭക്തജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിനുള്ള സാഹചര്യമുണ്ടായി. നിരോധനാജ്ഞ തുടരുന്നത് ഭക്തർക്ക് സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായിട്ടാണ്. തീർത്ഥാടകരുടെ സമാധാനപരമായ ദർശനം, സഞ്ചാരം, ഭക്തരുടെ വാഹനങ്ങളുടെ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഭക്തർക്ക് ഒറ്റയ്ക്കോ സംഘമായോ ദർശനത്തിനെത്തുന്നതിനോ ശരണം വിളിക്കുന്നതിനോ ഈ ഉത്തരവുമൂലം തടസ്സമില്ല.

(സി) ശബരിമലയിലേയ്ക്കുള്ള എല്ലാ പാതകളും സുരക്ഷാമേഖലകളായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ ശബരിമലയിൽ പ്രത്യേക സുരക്ഷ ഒരുക്കിയിട്ടുണ്ട്. കൂടാതെ 16-10-2018-ലെ എസ്.ആർ.ഒ. നമ്പർ 723/2018

പ്രകാരം ഇലവുങ്കൽ സത്രം മുതൽ ശബരിമലയിലേയ്ക്കുള്ള വഴികളും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പരിസരപ്രദേശങ്ങളും 15-11-2018 തീയതി മുതൽ പ്രത്യേക സുരക്ഷാമേഖലയായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഭക്തജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിനുള്ള സാഹചര്യങ്ങൾ മാത്രമാണ് പോലീസ് ഒരുക്കിയിട്ടുള്ളത്. ഏതെങ്കിലും വിഷയത്തിൽ ഭക്തർക്ക് അസൗകര്യങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടായാൽ പ്രസ്തുത സാഹചര്യങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ പോലീസും ദേവസ്വം ബോർഡും സ്വീകരിച്ചുവരുന്നുണ്ട്.

## വൈദ്യുതോൽപ്പാദനവും വിതരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

28 (*358) <u>ശ്രീ. കെ. ജെ. മാക്സി:</u>

<u>ശ്രീ. ബി. ഡി. ദേവസ്സി:</u>

<u>ശ്രീ. യു. ആർ. പ്രദീപ്:</u>

<u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള മുഖ്യ ഉപാധികളിൽ ഒന്നായ വൈദ്യുതോർജ്ജത്തിന്റെ ലഭ്യത താങ്ങാവുന്ന വിലയ്ക്ക് എല്ലാവർക്കും എല്ലായിപ്പോഴും എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) ഉത്പാദന, പ്രസരണ, വിതരണ പ്രക്രിയകൾ കാര്യക്ഷമമായി നിറവേറ്റുന്നതിന് കെ.എസ്.ഇ.ബി - യുടെ സാമ്പത്തിക സുസ്ഥിരത, പ്രത്യേകിച്ച് വൻതോതിലുണ്ടായ പ്രളയകാലനഷ്ടം കൂടി കണക്കിലെടുത്ത്, ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(സി) പണി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കാനാകാത്തതുമായ ജല വൈദ്യുത പദ്ധതികളുടെ ആകെ പ്രതീക്ഷിത ഉല്പാദന ശേഷി എത്രയാണ്; ദ്രുതഗതിയിൽ ഇവ പൂർത്തിയാക്കി ഉല്പാദനം ആരംഭിക്കുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 30% മാത്രമേ ആഭ്യന്തര ഉല്പാദന നിലയങ്ങൾവഴി ലഭ്യമാകുന്നുള്ളൂ. ഇപ്പോഴുള്ള വൈദ്യുതി ആവശ്യകത നിറവേറ്റാൻ വേണ്ടിവരുന്ന അധിക വൈദ്യുതി, കേന്ദ്ര വൈദ്യുതി നിലയങ്ങൾ വഴിയും ദീർഘകാല മധ്യകാല കരാറുകൾ മുഖേനയും ലഭ്യമാക്കിയിട്ടുണ്ട്. താരതമ്യേന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതിയാണ് ഇപ്രകാരം ഉറപ്പാക്കിയിട്ടുള്ളത്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാൻവേണ്ട നടപടികളെടുത്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന 10 ജലവൈദ്യുത പദ്ധതികളും കെ.എസ്.ഇ.ബി.എൽ. സ്വന്തം നിലയിൽ നടപ്പാക്കിവരുന്ന സൗരോർജ്ജ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ആയിരം മെഗാവാട്ട് ശേഷി വർദ്ധന സൗരോർജ്ജ പദ്ധതിയായ 'സൗര'യിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, 2019-20 വർഷത്തിൽ ആരംഭിക്കാൻ കഴിയാവുന്നതായി ചില ചെറുകിട ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുകയും അതിന്റെ ഭാഗമായുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ വിവിധ തലങ്ങളിൽ പുരോഗമിച്ചും വരുന്നു.

വിവിധ സ്രോതസ്സുകൾവഴി ലഭ്യമാകുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ എത്തിച്ചുകൊടുക്കുന്നതിനുവേണ്ട പ്രസരണ വിതരണ ശൃംഖലയുടെ നവീകരണത്തിനായി വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ നടന്നുവരുന്നു. പ്രസരണ ശൃംഖലയുടെ വികസനത്തിനും നവീകരണത്തിനുമായുള്ള ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിതരണ ശൃംഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി എപ്പോഴും ലഭ്യമാകുന്നതും ലക്ഷ്യമിട്ടുള്ള 'ദ്യുതി 2021' എന്ന പദ്ധതിയും പുരോഗമിക്കുന്നു. നാല് വർഷംകൊണ്ട് 4036 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) വൻതോതിലുണ്ടായ പ്രളയം കെ.എസ്.ഇ.ബി.-ക്ക് ഉല്പാദന-പ്രസരണ-വിതരണ മേഖലകളിൽ കനത്ത നാശനഷ്ടങ്ങൾ (353.07 കോടി രൂപയുടെ നഷ്ടം) വരുത്തിയെങ്കിലും ചുരുങ്ങിയ സമയംകൊണ്ട് പ്രസരണ വിതരണ ശൃംഖല പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പാദന മേഖലയിൽ വൈദ്യുത നിലയങ്ങൾക്കുണ്ടായ കേടുപാടുകൾ പരിഹരിച്ച് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

പ്രളയംമൂലമുള്ള നാശനഷ്ടങ്ങൾക്കുപുറമെ വൈദ്യുതി വിതരണത്തിന് തടസ്സം നേരിട്ടതിലൂടെ 472.10 കോടി രൂപയുടെ വരുമാന നഷ്ടവും കെ.എസ്.ഇ.ബി.-ക്ക് ഉണ്ടായിട്ടുണ്ട്. പ്രളയം സാമ്പത്തികനിലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. എന്നാൽത്തന്നെയും സാമ്പത്തികനില ഭദ്രമാക്കുന്നതിനായി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കുന്നതിലൂടെ വൈദ്യുതി വാങ്ങുന്ന ചെലവ് കുറച്ചും പ്രസരണ വിതരണ നഷ്ടം ഗണ്യമായി കുറച്ചും മറ്റ് ചെലവുകൾ ചുരുക്കിയും കെ.എസ്.ഇ.ബി.-യുടെ നഷ്ടം കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഒപ്പം ഗവൺമെന്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽനിന്നും കിട്ടാനുള്ള വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ട നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(സി) പണി ആരംഭിച്ചതും പൂർത്തീകരിക്കാനുള്ളതുമായ കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ 193.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 10 ജലവൈദ്യുത പദ്ധതികളുടെ പണി പുരോഗമിച്ചുവരുന്നു.

കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം നിർമ്മാണം മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി (60 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), ചാത്തൻകോട്ടുനട (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളുടെ കരാർ റദ്ദുചെയ്യുകയും ബാക്കി പണികൾക്ക് പുതിയ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ തോട്ടിയാർ, ചാത്തൻകോട്ടുനട എന്നീ പദ്ധതികളുടെ ബാലൻസ് വർക്കിന് പുതിയ കരാറിലേർപ്പെടുകയും അവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുംവരുന്നു.

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഇൻടേക്ക് വർക്കിന്റെ പണികൾക്കായി പുതിയ ടെണ്ടർ ക്ഷണിക്കുകയും അതനുസരിച്ച് 2018 മാർച്ച് മാസം മുതൽ ഈ ഭാഗത്തെ പണികൾ പുരോഗമിച്ചും വരുന്നു.

ഒറിജിനൽ കരാറിലേർപ്പെട്ടിരുന്ന ESSAR-DEC-CPPL എന്ന കമ്പനിയുമായുള്ള കരാർ 13-09-2018-ൽ കരാറുകാരന്റെ Risk and Cost-ൽ terminate ചെയ്യുകയും ബാക്കി പണികൾക്കായി 22-11-2018-ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2015 ഡിസംബർ മുതൽ മുടങ്ങിക്കിടക്കുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെ നിർമ്മാണം 2017-ൽ പുനരാരംഭിച്ചു. നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ കമ്മിറ്റി, ചുരുങ്ങിയത് രണ്ട്

മാസത്തിലൊരിക്കൽ എന്ന ക്രമത്തിൽ കൂടാറുണ്ട്. പദ്ധതികളുടെ നിർമ്മാണ പുരോഗതി, വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന 'ബൂട്ട് ' (Build, Own, Operate & Transfer) അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് മത്സരദർഘാസിലൂടെ സർക്കാർ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1) 8MW ആനക്കാംപോയിൽ (കോഴിക്കോട് ജില്ല) ഡിസംബർ 2018-നകം കമ്മീഷൻ ചെയ്യാവുന്ന വിധത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയായിരുന്നു. പ്രളയം പദ്ധതിയുടെ നിർമ്മാണത്തെ കാര്യമായി ബാധിക്കുകയും മാർച്ച് 2019-ഓടുകൂടി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2) 4.5MW-ന്റെ അരിപ്പാറ പദ്ധതി (കോഴിക്കോട് ജില്ല)യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധ്യുതഗതിയിൽ നടന്നുവരികയായിരുന്നു.

പ്രളയം പദ്ധതി നിർമ്മാണത്തെ കാര്യമായി ബാധിക്കുകയും പുതുക്കിയ ഷെഡ്യൂൾ പ്രകാരം ആനക്കാംപോയിൽ പദ്ധതി മാർച്ച് 2019-ഓടുകൂടിയും അരിപ്പാറ പദ്ധതി ഡിസംബർ 2019-ഓടുകൂടിയും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്വകാര്യ മേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ വേഗത്തിലാക്കുന്നതിനുവേണ്ടി തടസ്സങ്ങൾ തീർക്കുന്നതിനായി താഴെപ്പറയുന്ന കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു.

സർക്കാരിന്റെ നിർദ്ദേശപ്രകാരമുള്ള സാങ്കേതിക വിദഗ്ധരുടെ കമ്മിറ്റി പ്രോജക്ട് റിപ്പോർട്ടുകൾ തീർപ്പാക്കുക, പദ്ധതിയുടെ പണികൾ വിശകലനം ചെയ്യുക എന്നീ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.

പവർ സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള ഇവാലുവേഷൻ കമ്മിറ്റി പദ്ധതികൾ നടത്തിപ്പിൽ വരുന്ന തടസ്സങ്ങൾ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നു.

ചീഫ് സെക്രട്ടറി ചെയർമാനും വകുപ്പ് തലവന്മാർ അംഗങ്ങളുമായ ഹൈപവർ കമ്മിറ്റി-വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളിലും മറ്റ് സർക്കാർ കാര്യങ്ങളിലും തീർപ്പുകൽപ്പിക്കുന്നു. സ്വകാര്യ മേഖലയിൽ ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന രണ്ട് പദ്ധതികളിൽ നിന്നായി 2019 ഡിസംബർ മാസത്തോടെ 12.5 MW സ്ഥാപിതശേഷി കൈവരിക്കാനാകുമെന്ന് കരുതുന്നു.

**വിനോദസഞ്ചാര മേഖലയിലെ പ്രളയാനന്തര പ്രവർത്തനങ്ങൾ**

29 (*359) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന്റെ കെടുതികളിൽ നിന്നും ഉയർത്തെഴുന്നേൽക്കുന്നതിന് വിനോദസഞ്ചാര മേഖലയിൽ എന്തൊക്കെ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പാക്കുമെന്ന് വിശദമാക്കുമോ;

(ബി) കൊച്ചിയിൽ നടന്ന കേരള ട്രാവൽ മാർട്ടിന്റെ വിശദാംശങ്ങളും സംസ്ഥാനം നേരിടുന്ന പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ഏതൊക്കെ തരത്തിൽ ഇത് സഹായകരമാകുമെന്നും വ്യക്തമാക്കുമോ;

(സി) പെരുമഴയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും കൊണ്ട് തകർന്നുപോയ ഇടുക്കിയിലെ വിനോദസഞ്ചാര മേഖല തിരിച്ചടികളെ അതിജീവിച്ചതിന്റെ വിവരങ്ങൾ അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉണർവ്വേകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) 'കേരള ടൂറിസം' വിദേശങ്ങളിൽ പ്രചരിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികളും മാർഗ്ഗങ്ങളും വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രളയത്തിന്റെ കെടുതിയിൽനിന്നും ഉയർത്തെഴുന്നേൽക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. പോസ്റ്റ് ഫ്ലഡ് ക്യാംപയിൻ (Post Flood Campaign) എന്ന ലേബലിൽ ഇറ്റ്സ് ടൈം

ഫോർ കേരള (Its Time for Kerala) എന്ന പേരിൽ രാജ്യത്തിനകത്ത് ടി.വി., റേഡിയോ, സിനിമാ തിയേറ്ററുകൾ, എയർപോർട്ടുകൾ എന്നിവ കേന്ദ്രീകരിച്ച് പരസ്യ പ്രചരണം നടത്തിക്കഴിഞ്ഞു. കൂടാതെ രാജ്യത്തെ വിവിധ പത്ര/മാസികകളിൽ പ്രിന്റ് ക്യാമ്പയിനും നടത്തി. ദേശീയ അന്തർദ്ദേശീയ ട്രേഡ്ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുത്തുവരുന്നു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃത്സർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന ട്രേഡ്ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും " Its Time for Kerala" എന്ന പേരിൽ മികച്ച ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. ജനുവരി മുതൽ SATE Delhi, IITI മുംബൈ, TTF ചെന്നൈ, ബംഗളൂരു, IITE ഭുവനേശ്വർ, നാഗ്പൂർ, ITM ഗോവ എന്നിവിടങ്ങളിൽ ട്രേഡ്ഫെയറുകളിലും ജലന്ധർ, ഡൽഹി, മുംബൈ, ജയ്പൂർ, ചെന്നൈ, മധുരൈ, ബംഗളൂരു എന്നിവിടങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രമുഖ വിദേശ രാജ്യങ്ങളിലെ ട്രേഡ്ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. കൂടാതെ യു.കെ.യിലെ പത്രങ്ങളിലും പ്രിന്റ് ക്യാമ്പയിൻ നടത്തിയിട്ടുണ്ട്.

(ബി) കേരള ട്രാവൽ മാർട്ട് ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും വലിയ ടൂറിസം മേളകളിൽ ഒന്നാണ്. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് കേരള ട്രാവൽ മാർട്ട് നൽകുന്ന സംഭാവന എടുത്തുപറയേണ്ടതാണ്. ഈ വർഷത്തെ കേരള ട്രാവൽ മാർട്ട് സെപ്റ്റംബർ 27 മുതൽ 30 വരെ കൊച്ചിയിൽ വച്ച് നടന്നു. പ്രസ്തുത മേളയിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ട് ഓപ്പറേറ്റർമാർ, റിസോർട്ടുകൾ തുടങ്ങിയ സംരംഭകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ എത്തിയിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നും ടൂറിസം മേഖലയിലെ സംരംഭകർ പങ്കെടുക്കുകയും കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങളെ പരിചയപ്പെടുകയും ചെയ്തു. ഈ വർഷത്തെ കേരള ട്രാവൽ മാർട്ടിൽ 320 സ്റ്റാളുകൾ ഉണ്ടായിരുന്നു. ഇന്ത്യയിൽനിന്നും ഏതാണ്ട് 1653 ടൂർ ഓപ്പറേറ്റർമാരും 66 വിദേശ രാജ്യങ്ങളിൽ നിന്നുള്ള 545 ടൂർ ഓപ്പറേറ്റർമാരും പങ്കെടുത്തു. പ്രളയാനന്തര കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ട് വളരെ വലിയ പങ്കാണ് വഹിച്ചത്.

(സി) പ്രളയത്തിൽ തകർന്ന ടൂറിസം മേഖലയിലെ പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കുന്ന പ്രവൃത്തികൾ, പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ശക്തമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വിവിധ ഡെസ്റ്റിനേഷനുകളുടെ വികസനംമൂലം തദ്ദേശീയമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂർ ഓപ്പറേറ്റർമാർ, ഹൗസ് ബോട്ട് ജീവനക്കാർ, ഹോംസ്റ്റേ, ഉത്തരവാദിത്ത ടൂറിസം വികസനം എന്നിവ വഴി മികച്ച തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

(ഇ) 'കേരള ടൂറിസം' വിദേശങ്ങളിൽ പ്രചരിപ്പിക്കുന്നതിന് കാലാകാലങ്ങളായി മികച്ച പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. അമേരിക്ക, യൂറോപ്പ്, ജപ്പാൻ, സൗത്ത് ഈസ്റ്റ് ഏഷ്യ, യു.എ.ഇ., ആസ്ട്രേലിയ എന്നിവിടങ്ങളിൽ കഴിഞ്ഞ വർഷം വകുപ്പ് ടി.വി./സോഷ്യൽ മീഡിയ/പ്രിന്റ്/തിയേറ്റർ/എയർപോർട്ട് എന്നിവ കേന്ദ്രീകരിച്ച് ക്യാംപയിനുകൾ നടത്തിയിരുന്നു. ബെർലിൻ, പാരീസ്, ലണ്ടൻ ബസ് ബ്രാന്റിംഗ് എന്നിവ മികച്ച പ്രതികരണമാണ് ഉണ്ടാക്കിയിട്ടുള്ളത്. വരും മാസങ്ങളിൽ വടക്കേ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ പരസ്യ പ്രചരണം നടത്താനും വിനോദസഞ്ചാര വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകൾ, പാർട്ണർഷിപ്പ് മീറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. നെതർലാന്റ്സ്, മാഡ്രിഡ്, മിലാൻ, ടെൽ അവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചൽസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ട്രേഡ് ഫെയർ/പാർട്ണർഷിപ്പ് മീറ്റുകൾ എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

## ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ

30 (*360) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലോട്ടറികൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) ലോട്ടറിയുടെ സമ്മാനഘടനയിലും ടിക്കറ്റ് വിലയിലും ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഇ) കേരളത്തിന്റെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണത്തിനായി പ്രത്യേക ലോട്ടറി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വിൽപ്പനയിലെയും സമ്മാനവിതരണത്തിലെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഏജന്റുമാർക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനുമായി 21 പുതിയ സബ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വില 30 രൂപയായി ഏകീകരിച്ചുകൊണ്ട് ടിക്കറ്റുകളുടെ അച്ചടി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ, ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തണമെന്ന് ഏജന്റുമാരും ട്രേഡ് യൂണിയൻ പ്രതിനിധികളും നിരന്തരം ആവശ്യപ്പെട്ടതിനെത്തുടർന്ന് സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പന വില 40 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടും (Face value 35.72 + 12% GST) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ വീണ്ടും പരിഷ്കരിക്കുകയുണ്ടായി. കൂടാതെ ട്രേഡ് യൂണിയനുകളുടെയും ഏജന്റുമാരുടെയും നിരന്തര അഭ്യർത്ഥന മാനിച്ച് നിലവിലെ ഏഴ് പ്രതിവാര ഭാഗ്യക്കുറികളുടെയും 5000 രൂപ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി 1-1-2019-ന് നറുക്കെടുക്കുന്ന സ്ത്രീശക്തി ഭാഗ്യക്കുറി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ചരക്ക് സേവന നികുതി നിയമ പ്രകാരം സംസ്ഥാനം നടത്തുന്ന ലോട്ടറി ടിക്കറ്റുകൾക്ക് 12 ശതമാനവും ഇതര സംസ്ഥാന ലോട്ടറികൾക്ക് 28 ശതമാനവും ചരക്ക് സേവന നികുതി ബാധകമാണ്. സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56(19) പ്രകാരം ഇതര സംസ്ഥാന ലോട്ടറികളുടെ വിതരണക്കാരൻ

ലോട്ടറി റെഗുലേഷൻ നിയമത്തിൻ കീഴിലുള്ള ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ, ലോട്ടറി നടത്തുന്ന സംസ്ഥാന ഡിസ്ട്രിബ്യൂട്ടറെയോ ഏജന്റിനെയോ നിയമിച്ച കരാറുകൾ, ബന്ധപ്പെട്ട സംസ്ഥാനത്ത് വിൽപ്പനയ്ക്ക് ലഭിച്ച ടിക്കറ്റുകളുടെ എണ്ണം, സംസ്ഥാനത്ത് വിൽക്കാനായി നൽകിയിട്ടുള്ള ടിക്കറ്റുകളെ സംബന്ധിച്ച വിവരം, വിൽപ്പന നടന്ന ടിക്കറ്റുകളുടെ വിവരങ്ങൾ, നറുക്കെടുപ്പ് സമയത്ത് വിൽക്കപ്പെടാതെയുള്ള ടിക്കറ്റുകളുടെ വിവരങ്ങൾ, സമ്മാനാർഹമായ ടിക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ, സമ്മാനാർഹരെ സംബന്ധിച്ച വിവരങ്ങൾ, വിൽക്കപ്പെടാത്ത ടിക്കറ്റുകൾ നടത്തിപ്പ് സംസ്ഥാനത്തിന് തിരിച്ച് നൽകിയതിന്റെ വിവരങ്ങൾ, വിറ്റുവരവ് തുക നടത്തിപ്പ് സംസ്ഥാനത്തിന് നിക്ഷേപിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ, സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56(20A) പ്രകാരം ഇതര സംസ്ഥാന ലോട്ടറികളുടെ വിതരണക്കാരൻ, കേരളത്തിൽ വിൽപ്പനയ്ക്കായി കൊണ്ടുവന്നിട്ടുള്ള ടിക്കറ്റുകളിൽ നറുക്കെടുപ്പ് സമയത്ത് വിൽപ്പന നടക്കാത്ത ടിക്കറ്റുകളെ സംബന്ധിച്ചും വില്പന നടത്താനുദ്ദേശിക്കുന്ന ടിക്കറ്റുകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നിർദ്ദേശിക്കപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ചരക്ക്സേവന നികുതി നിയമ പ്രകാരം അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്തിനകത്ത് വിതരണം നടത്തണമെങ്കിൽ പ്രത്യേകം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. കൂടാതെ അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ കച്ചവടം നടത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ നടത്തിപ്പ് സംസ്ഥാനം കേരള സർക്കാരിനെ മുൻകൂട്ടി വിവരം അറിയിക്കേണ്ടതാണ്.

(ഡി) 15-5-2017-ലെ സ.ഉ. (ആർ.റ്റി.) 389/17/നി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50 രൂപ മുഖവിലയുണ്ടായിരുന്ന പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിക്കുകയും അറ്റാദായത്തിൽനിന്ന് 5% കുറവുവരുത്തി, പ്രസ്തുത തുകകൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പരിഷ്കരിച്ചിരുന്നു. 01-07-2017 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% GST ഏർപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയായും 12% GST കൂടിചേർത്ത് പരമാവധി വിൽപ്പന വില 30 രൂപയാക്കിക്കൊണ്ടും

50 ശതമാനത്തിന് മുകളിൽ സമ്മാനത്തുക നൽകിയും 24%, 24.5%, 25.25% എന്നിങ്ങനെ ഡിസ്കൗണ്ട് അനുവദിച്ചും (2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10000 വരെ 24.5%, 10000-ന് മുകളിൽ 25.25%) 15-07-2017-ലെ നറുക്കെടുപ്പുകൾ മുതൽ സമ്മാനഘടന പരിഷ്കരിച്ചു.

ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തണമെന്ന് ഏജന്റുമാരും ട്രേഡ് യൂണിയൻ പ്രതിനിധികളും നിരന്തരം ആവശ്യപ്പെട്ടതിനെ തുടർന്ന് സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും 24%, 25% എന്നിങ്ങനെ ഡിസ്കൗണ്ട് അനുവദിച്ചും (5000 ടിക്കറ്റുകൾ വരെ 24%, 5000-ന് മുകളിൽ 25%) കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പന വില 40 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടും (Face value 35.72 + 12% GST) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ വീണ്ടും പരിഷ്കരിക്കുകയുണ്ടായി.

അയ്യായിരം രൂപ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിച്ച് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 15-7-2018-ലെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വീണ്ടും പരിഷ്കരിക്കുകയുണ്ടായി. കൂടാതെ ട്രേഡ് യൂണിയനുകളുടെയും ഏജന്റുമാരുടെയും നിരന്തര അഭ്യർത്ഥന മാനിച്ച് നിലവിലെ ഏഴ് പ്രതിവാര ഭാഗ്യക്കുറികളുടെയും 5000 രൂപ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി 1-1-2019-ന് നറുക്കെടുക്കുന്ന സ്ത്രീശക്തി ഭാഗ്യക്കുറി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്.

23-8-2016-ലെ G.O.(Ms)85/2016/TD നമ്പർ ഉത്തരവ് പ്രകാരം 100 രൂപ മുഖവിലയോടുകൂടി നിർമ്മൽ ബൈവീക്കിലി ലോട്ടറി ആരംഭിച്ചിരുന്നു. പിന്നീട് ഭാഗ്യനിധി ഭാഗ്യക്കുറി റദ്ദ് ചെയ്ത് പകരം നിർമ്മൽ ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു. ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം ആവിഷ്കരിച്ച് നടപ്പിലാക്കിയ നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യപ്രചരണത്തിനായുള്ള വാചകങ്ങൾ അച്ചടിച്ചുവരുന്നു.

(ഇ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക ധനസമാഹരണാർത്ഥം ഭാഗ്യക്കുറി വകുപ്പ് 'നവകേരള' എന്ന പേരിൽ ഒരു

ഭാഗ്യക്കുറി നടത്തിയിട്ടുണ്ട്. പരമാവധി വിൽപ്പന വില 250 രൂപയായ ഭാഗ്യക്കുറിയുടെ 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക തരത്തിലാണ് സമ്മാനഘടന തയ്യാറാക്കിയിരുന്നത്. ആദ്യഘട്ടമായി 30 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുകയും അവയിൽ 1617480 ടിക്കറ്റുകൾ വിറ്റുപോകുകയും ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വാടക കെട്ടിടത്തിലെ ഓഫീസുകൾ

1 (4110) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഒരു സാമ്പത്തിക വർഷം എത്ര തുക വാടകയിനത്തിൽ ചെലവാക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഇതുസംബന്ധമായി ക്രോഡീകരിച്ച വിവരങ്ങൾ ധനവകുപ്പിൽ സൂക്ഷിച്ചിട്ടില്ല.

### നികുതി പിരിവിലെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

2 (4111) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മൂലധന ചെലവ് ശരാശരി 34.70 ശതമാനം വളർച്ച രേഖപ്പെടുത്തിയത് മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശരാശരി 6.60 ശതമാനമായും അവസാന വർഷങ്ങളിൽ വളർച്ച ന്യൂനമായിത്തീരുകയും ചെയ്തു. സംസ്ഥാനത്തിന്റെ വികസനത്തെ പിന്നോട്ടടിപ്പിച്ചതിൽ നിന്നും കരകയറ്റാനായി നടത്തി വരുന്ന ശ്രമം വിശദമാക്കാമോ;

(ബി) ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് സാധ്യമായതിന്റെ 75 ശതമാനത്തിനടുത്ത് മാത്രം നികുതി സമാഹരിക്കാൻ കഴിഞ്ഞിരുന്നത് മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) നികുതി പിരിവിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മാന്ദ്യപ്രതിരോധത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ബജറ്റിലൂടെയുള്ള മൂലധന ചെലവ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾക്ക് പര്യാപ്തമല്ലെന്ന് സർക്കാരിന് ബോദ്ധ്യമുണ്ട്. അതിന്റെ വെളിച്ചത്തിൽ ചുവടെ ചേർക്കുന്ന നൂതന ധനസമാഹരണ നടപടികൾ അവലംബിച്ചിട്ടുണ്ട്.

വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിച്ചു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 40,000 കോടിയോളം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി.

(ബി & സി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ട മുഖ്യ നടപടികൾ ചുവടെ ചേർക്കുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേർണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും, ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 40,000 കോടിയോളം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2,500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തനുണർവ് സൃഷ്ടിക്കും.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്കും നെല്ല് സംഭരണം, തരിശു ഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായിക അടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക, റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും, കാലിത്തീറ്റ സബ്സിഡിക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ഉറപ്പുവരുത്തുന്നതിനും 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി.

2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും, കാർഷിക മേഖലയ്ക്ക് 155.12

കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

**നികുതിപിരിവിലെ കാര്യക്ഷമത വർദ്ധിപ്പിക്കൽ**

3 (4112) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004, 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണങ്ങളിൽ ഓഡിറ്റ് തടസ്സവാദംമൂലം ശമ്പളത്തിൽ കുറവ് വന്നിട്ടുള്ള ജീവനക്കാർക്ക് റീ-ഓപ്ഷൻ സമർപ്പിച്ച് അപാകത പരിഹരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇതിന് ജീവനക്കാർക്ക് അവസരം ലഭിച്ചത്;

(ബി) ഈ ഉത്തരവ് ഇറക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് മാനദണ്ഡമായി എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ പഞ്ചായത്തിലെ കുഴക്കാട് എൽ.പി. സ്കൂൾ പ്രഥമ അധ്യാപകനായി വിരമിച്ച റ്റി. ക്രിസ്തുദാസിന് അദ്ദേഹത്തിന്റെ എയ്ഡഡ് സ്കൂൾ സേവനകാലം ശമ്പള പരിഷ്കരണ വെയിറ്റേജിന് കണക്കാക്കിയതിൽ ഉണ്ടായ ഓഡിറ്റ് തടസ്സവാദംമൂലം ഗ്രാറ്റുവിറ്റിയിൽ 1,60,345 രൂപ തടഞ്ഞു വയ്ക്കുകയും രണ്ട് ഇൻക്രിമെന്റുകൾ നഷ്ടമാകുകയും ചെയ്ത സാഹചര്യം പരിഹരിക്കാൻ പ്രസ്തുത എയ്ഡഡ് സർവ്വീസ് ഒഴിവാക്കി ഓപ്ഷൻ തീയതി 1-3-97- ൽ നിന്നും 1-7-97 -ലേക്ക് മാറ്റി അപാകത പരിഹരിക്കുന്നതിന് അവസരം നൽകുമോ;

(ഡി) 1997-ലെ ശമ്പള പരിഷ്കരണത്തിന് ഇതേ ആഡിറ്റ് തടസ്സവാദം ഉണ്ടായ കേസ്സുകളിൽ കോടതിയുടെ നിർദ്ദേശ പ്രകാരം ഓപ്ഷൻ തീയതി മാറ്റി നൽകാൻ അവസരം ലഭിച്ചവർക്ക് കിട്ടിയ അനുവാദം ക്രിസ്തുദാസിനും പരിഗണിക്കുമോ;

(ഇ) ക്രിസ്തുദാസിന്റെ ഇത് സംബന്ധിച്ച ഫയൽ നമ്പർ E.7315173/Edu.A/Fin.എന്ത് തീരുമാനം എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 22-6-2018-ലെ സ.ഉ. (പി) നമ്പർ 96/2018/ധന. സർക്കാർ ഉത്തരവ് .

(ബി) 2004, 2009 ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങളിന്മേലുള്ള പരിശോധന സമയബന്ധിതമായി നടത്താത്തതുമൂലവും വർഷങ്ങൾക്കുശേഷം മേൽ പരിശോധന നടത്തപ്പെട്ടപ്പോൾ ശമ്പള നിർണ്ണയം അനുവദിച്ചതിന്മേൽ അപാകതകൾ കണ്ടെത്തുകയും അതുവഴി ബന്ധപ്പെട്ട ജീവനക്കാർക്ക് ശമ്പളത്തിൽ കുറവുവരികയും ഭീമമായ തുക തിരിച്ചടയ്ക്കേണ്ടിയും വരുന്ന സാഹചര്യങ്ങളിൽ റീ-ഓപ്ഷൻ അനുവദിക്കണമെന്നപേക്ഷിച്ച് നിരവധി ശിപാർശകൾ സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി 22-6-2018 -ലെ ജി. ഒ. (പി) നമ്പർ 96/2018/ധന. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) 1997 ശമ്പള പരിഷ്കരണ ഉത്തരവിൽ കോടതി വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിലോ മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം അനുവദിക്കുന്ന സാഹചര്യങ്ങളിലോ മാത്രമാണ് റീ-ഓപ്ഷൻ അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആകയാൽ ശ്രീ. ക്രിസ്തുദാസിന് റീ-ഓപ്ഷൻ അനുവദിക്കാൻ ചട്ടപ്രകാരം കഴിയുകയില്ല.

(ഡി) പരിഗണിക്കാനാകില്ല.

(ഇ) റീ-ഓപ്ഷൻ അനുവദിക്കണമെന്ന ക്രിസ്തുദാസിന്റെ അപേക്ഷ ചട്ടപ്രകാരം പരിഗണനാർഹമല്ലെന്ന വിവരം പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

4 (4113) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഉപദേശക സമിതിയിൽ ധനവകുപ്പിന് പ്രാതിനിധ്യം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; കേരള പുനർനിർമ്മാണത്തിന് വിഭവ സമാഹരണം പ്രതിസന്ധിയിലായ സാഹചര്യം ഉണ്ടായിട്ടും ധനമന്ത്രിയെ പ്രസ്തുത സമിതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണമെന്താണെന്ന് ധനവകുപ്പിനെ അറിയിച്ചിട്ടുണ്ടോ വിശദമാക്കാമോ?

<u>ഉത്തരം</u>

9-11-2018-ലെ സ.ഉ.(പി) നമ്പർ 16/2018/P&EA പ്രകാരം രൂപീകരിച്ചിട്ടുള്ള റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ institutional arrangement-ലെ ഏറ്റവും ഉന്നതമായ സമിതി മന്ത്രിസഭയാണ്. ഇതിനുതാഴെയായി വരുന്ന, 20 അംഗങ്ങളിൽ കൂടാത്ത ഉപദേശക സമിതിയിൽ, ഭരണ വകുപ്പുകളിൽ നിന്നും തെരഞ്ഞെടുത്ത വകുപ്പുകളുടെ മന്ത്രിമാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കൂടാതെ, ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് മന്ത്രിസഭയ്ക്കും ഉപദേശക സമിതിക്കും മുമ്പാകെ സമർപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ പരിശോധിക്കാനുള്ള ഉന്നതാധികാര സമിതി (High Level Empowered Committee) രൂപീകരിച്ചിട്ടുള്ളത്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഉപദേശക സമിതി**

5 (4114) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഉപദേശക സമിതിയിൽ ധനവകുപ്പിന് പ്രാതിനിധ്യം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; കേരള പുനർനിർമ്മാണത്തിന് വിഭവ സമാഹരണം പ്രതിസന്ധിയിലായ സാഹചര്യം ഉണ്ടായിട്ടും ധനമന്ത്രിയെ പ്രസ്തുത സമിതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണമെന്താണെന്ന് ധനവകുപ്പിനെ അറിയിച്ചിട്ടുണ്ടോ വിശദമാക്കാമോ;

(ബി) ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി എത്ര തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 9-11-2018-ലെ സ.ഉ.(പി) നമ്പർ16/2018/P&EA പ്രകാരം രൂപീകരിച്ചിട്ടുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ institutional arrangement-ലെ ഏറ്റവും ഉന്നതമായ സമിതി മന്ത്രിസഭയാണ്. ഇതിനുതാഴെയായി വരുന്ന 20 അംഗങ്ങളിൽ കൂടാത്ത ഉപദേശക സമിതിയിൽ, ഭരണ വകുപ്പുകളിൽനിന്നും തെരഞ്ഞെടുത്ത വകുപ്പുകളുടെ മന്ത്രിമാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് മന്ത്രിസഭയ്ക്കും ഉപദേശക സമിതിക്കും മുമ്പാകെ സമർപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ പരിശോധിക്കാനുള്ള ഉന്നതാധികാര സമിതി (High Level Empowered Committee) രൂപീകരിച്ചിട്ടുള്ളത്.

(ബി) ഉപദേശക സമിതി അംഗങ്ങൾക്ക് പ്രത്യേകമായി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നില്ല.

**സാമ്പത്തിക ക്രമക്കേടുകൾ**

6 (4115) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെടുകയുണ്ടായി;വ്യക്തമാക്കുമോ;

(ബി) ഈ കേസുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ;

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട 306 പരാതികൾ/കേസുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.

(ബി) 219 കേസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയും നടപടികൾ തുടരുകയും ചെയ്യുന്നു. അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ.(പി) നമ്പർ 506/92/ധന. തീയതി 20-8-1992, സ.ഉ.(പി) നമ്പർ 2981/98/ധന തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന. തീയതി 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സ്ഥാനമാന പരിഗണനകൾ കൂടാതെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള ധനസമാഹരണം

7 (4116) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി. ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി സംസ്ഥാന ജി.എസ്.ടി യിന്മേൽ അധിക സെസ്സ് ഏർപ്പെടുത്തുന്നത് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമ്മാണത്തിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളും, അതിന് വേണ്ടുന്ന വായ്പ സംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും വിശദമാക്കുമോ;

(സി) പുനർ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ആവശ്യമായ സഹകരണം ലഭ്യമാകുന്നുണ്ടോ; സംസ്ഥാനം വായ്പ എടുക്കുന്നതിൽ കേന്ദ്രം ഏതൊക്കെ തരത്തിലുള്ള നിബന്ധനകളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് അധിക വിഭവസമാഹരണത്തിനായി എസ്.ജി.എസ്.ടി.-ക്ക് പുറത്ത് 10% സെസ്സ് ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് കേരളം കേന്ദ്രത്തെ സമീപിച്ചിട്ടുണ്ട്. നിലവിലുള്ള ജി.എസ്.ടി. നിയമത്തിൽ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള വകുപ്പില്ല. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്ന ചരക്ക്സേവനങ്ങൾക്കുമേൽ സെസ്സ് പിരിക്കാൻ കേന്ദ്രത്തിന് അധികാരമുണ്ട്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിക്കുവിധേയമായി ജി.എസ്.ടി.ക്ക് പുറത്ത് സെസ് ഏർപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരാവുന്നതാണ്. എന്നാൽ, ഇന്ത്യയൊട്ടുക്ക് വ്യാപാരികൾ ഫയൽ ചെയ്യേണ്ട റിട്ടേണുകളും അടയ്ക്കേണ്ട നികുതിയും ജി.എസ്.ടി.എൻ. തയ്യാറാക്കിയ കോമൺ സോഫ്റ്റ്വെയർ പ്രകാരമാണ് നടപ്പിലാക്കിവരുന്നത്. ഇത് ഒരു സംസ്ഥാനത്തിനുമാത്രമായി പരിഷ്കരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. കേരളത്തിന്റെ ആവശ്യപ്രകാരം എസ്.ജി.എസ്.ടി.-ക്ക് പുറത്ത് സെസ് ഏർപ്പെടുത്തുന്ന കാര്യം 30-ാം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്യുകയും ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബീഹാർ ഉപമുഖ്യമന്ത്രി സുശീൽകുമാർ മോഡി അദ്ധ്യക്ഷനായ ഒരു മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ സമിതിയിൽ കേരള ധനകാര്യ വകുപ്പുമന്ത്രിയും അംഗമാണ്. ഈ മന്ത്രിതല സമിതിയുടെ ആദ്യയോഗം 15-10-2018-ൽ നടത്തുകയുണ്ടായി. ഇതിനെത്തുടർന്ന് കേരളത്തിന്റെ ആവശ്യത്തോട് എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ട്.

(ബി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative-RKI) എന്ന ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ

റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റ് പൊതുകെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം എന്നിവയും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽത്തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപ്പൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവി കേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങിയവയും ഉൾപ്പെടുന്നു. സംസ്ഥാന വിഹിതം, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവസമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയവയും ഉൾപ്പെടുന്നു.

(സി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവസമാഹരണത്തിനായി സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 3 ശതമാനത്തിൽ നിന്നും ഉയർത്താതെ നടപ്പുവർഷത്തിലെ വായ്പാ പരിധിയായ 22353 കോടി രൂപയ്ക്ക് പുറമെയുള്ള വായ്പ സ്വീകരിക്കാൻ കഴിയുന്നതല്ല. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 -ൽ GSDP-യുടെ 3 ശതമാനത്തിൽ 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ കെ.എസ്.റ്റി.പി., എൻ.സി.ആർ.എം.പി. എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെവരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ തുടർ നടപടികൾ കൈക്കൊള്ളാൻ കേന്ദ്രസർക്കാർ ലോക ബാങ്കിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

## പ്രളയാനന്തരം സാമ്പത്തികമേഖലയ്ക്ക് ഉണർവ്വേകുന്ന പരിപാടികൾ

8 (4117) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി.എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം വിവരണാതീതമായ നഷ്ടം നേരിട്ട കേരളത്തിന്റെ പുനർനിർമ്മാണ ചെലവ് നേരിടുന്നതിനായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് സംസ്ഥാനം അധികമായി തുക പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രതിസന്ധിയിൽ നിന്ന് കരകയറാനുള്ള ശ്രമങ്ങളുടെ ഭാഗമായി സ്വകാര്യ, പൊതു മേഖലകളിലുണ്ടാകുന്ന സാമ്പത്തിക ഇടപെടലുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഗുണകരമായിത്തീരുമോ; വ്യക്തമാക്കുമോ;

(ഡി) പുനർനിർമ്മാണ പ്രവർത്തനങ്ങളിലൂടെ ചെലവഴിക്കപ്പെടുന്ന പണം സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ഒരു പുതിയ മാനം സൃഷ്ടിക്കുന്നതിന് പര്യാപ്തമാകുമോ; വ്യക്തമാക്കുമോ;

(ഇ) പ്രളയത്തിൽ ഗൃഹോപകരണങ്ങളുടെയും മറ്റും നഷ്ടമുണ്ടായതിനെ തുടർന്ന് അവയുടെ ആവശ്യം വർദ്ധിക്കുന്നത് കച്ചവട മേഖലയ്ക്ക് ഉണർവ്വേകുമോയെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രളയത്തിന് മുമ്പുള്ള സാമ്പത്തിക വളർച്ചയുടെ അവസ്ഥയിലേയ്ക്ക് എത്രകാലം കൊണ്ട് സംസ്ഥാനത്തെ തിരികെയെത്തിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിച്ചുകൊണ്ട് സമാഹരിക്കുന്ന അധിക വായ്പാത്തുകയും സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്തുന്നതുവഴിയുള്ള അധിക വരുമാനവും RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്നുള്ള വായ്പയും LSGI

വികസന ഫണ്ടിൽ നിന്നുള്ള തുകയും പദ്ധതി പുനഃക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ, നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഇതിനുപുറമെ താഴെപ്പറയുന്ന നടപടികളിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

നികുതി ചെക്ക് പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സാഹചര്യം തടഞ്ഞുകൊണ്ടും ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തിയും നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രളയംമൂലം മന്ദീഭവിച്ചതും നഷ്ടങ്ങൾ സംഭവിച്ചതുമായ പദ്ധതി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച് നടപ്പാക്കുന്നതിനും മറ്റ് ആസ്തികളുടെ പുനർ നിർമ്മാണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അധിക സഹായം അനുവദിക്കുന്നതിനുള്ള പ്രത്യേക പ്രൊപ്പോസലുകൾ വിവിധ വകുപ്പുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി & ഡി) നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം തീർത്ത ദുരിതങ്ങളിൽ നിന്നും കേരളം അതിവേഗം കരകയറുകതന്നെ ചെയ്യും. പ്രളയം തകർത്ത വിവിധ മേഖലകളുടെ പുനർനിർമ്മാണം നമ്മുടെ സമ്പദ്ഘടനയ്ക്ക് കുതിപ്പേകാനുള്ള സന്ദർഭമായി മാറും. പഴയ കേരളത്തെ പുനർനിർമ്മിക്കുകയല്ല ലക്ഷ്യം. നവകേരളത്തിന് അടിത്തറയിടുകയാണ്. സുസ്ഥിരതയും സാമൂഹ്യ നീതിയും ലിംഗസമത്വവും ഉറപ്പാക്കുന്ന നവകേരള അടിത്തറയാണ് ലക്ഷ്യം. ആപത്തിനെ അവസരമാക്കി മുന്നേറുക എന്നതാണ് സ്വീകരിക്കുന്ന സമീപനം. ഇത് സമ്പദ്ഘടനയ്ക്ക് ഉണർവ് നൽകുകതന്നെ ചെയ്യും.

(ഇ) ഉണർവേകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) പി.ഡി.എൻ.എ. റിപ്പോർട്ടനുസരിച്ച് പ്രളയാനന്തര പുനർ നിർമ്മാണത്തിനായി ഉദ്ദേശം അഞ്ച് വർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

## സമ്പദ്ഘടനയിലെ മാന്ദ്യം

9 (4118) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമ്പദ്ഘടനയിലെ മാന്ദ്യം മാറ്റുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾമൂലം ദേശീയ ശരാശരിയെക്കാളും പിന്നിലായിരുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ എന്ത് മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

വായ്പയെടുക്കുന്നതിന്റെ ഒരുഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പലമടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ 40,000 കോടിയോളം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19 -ൽ 2,500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തനുണർവ് സൃഷ്ടിക്കും.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്കും നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യപരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായികാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക, റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും കാലിത്തീറ്റ സബ്സിഡിക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ഉറപ്പുവരുത്തുന്നതിനും 2018-19-ലെ ബജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യവികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി.

വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരുപരിധിവരെ മേൽ പദ്ധതികൾ പര്യാപ്തമാകും.

2018-19 ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പ്രത്യുല്പാദനപരവും ക്രിയാത്മകവുമായ നടപടികളിലൂടെ 2017-18 -ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച (ത്വരിത കണക്കുകൾ പ്രകാരം 7.18%) ദേശീയ നിരക്കിനെക്കാൾ (6.7%) മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

10 (4119) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-12-2018 വരെ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയാണ്;

(ബി) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ധനകമ്മി, റവന്യൂ വരുമാനം എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സൂചികകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് എന്ന കണക്കും പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ വരെയുള്ള സംസ്ഥാനത്തിന്റെ ആളോഹരി കടം 44686.48 രൂപയാണ്.

(ബി &സി) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 30-9-2018 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരമുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ കമ്മി, ധനകമ്മി എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| ഇനം | |
|---|---|
| റവന്യൂ വരുമാനം | 40009.48 |
| റവന്യൂ കമ്മി | 14316.47 |
| ധനകമ്മി | 18121.52 |
| റവന്യൂ കമ്മി/ റവന്യൂ വരുമാനം | 35.78% |
| ധനകമ്മി/റവന്യൂ വരുമാനം | 45.29% |

(ഡി) റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുകയെന്ന സമീപനമാണ് സ്വീകരിക്കുന്നത്. നികുതി-നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും നമ്മുടെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.

നികുതി ചെക്ക്പോസ്റ്റുകൾ നിയമപരമായി ഇല്ലാതായ സാഹചര്യം മുതലെടുത്ത് നികുതി വെട്ടിക്കുന്ന സാഹചര്യവും സംജാതമായി. ഇത് ഒരുപരിധിവരെ തടയാൻ ഇപ്പോൾ കഴിയുന്നുണ്ട്. ഇന്റലിജൻസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തി ഇത് കുറയ്ക്കാൻ നടത്തുന്ന ശ്രമം ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുകയെന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലടക്കം ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവു ചെയ്യലുകൾക്ക് പൂർണ്ണമായി ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുകയെന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

### തുടർച്ചാനുമതി ആവശ്യമുള്ള ഓഫീസുകൾ

11 (4120) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചാനുമതി ആവശ്യമുള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണവും തസ്തികയും ഓഫീസും തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെടുന്നതും ആവശ്യം പൂർത്തീകരിച്ച കഴിയുമ്പോൾ നിർത്തലാക്കുകയും ചെയ്യുന്ന ഓഫീസുകൾക്കും തസ്തികകൾക്കുമാണ് തുടർച്ചാനുമതി ആവശ്യമുള്ളത്. ഓരോ വകുപ്പും നൽകുന്ന ശിപാർശ പരിശോധിച്ചാണ് തുടർച്ചാനുമതി നൽകാറുള്ളത്. പല വകുപ്പുകളിലും ഇത്തരത്തിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകൾ ഉണ്ട്. റവന്യൂ വകുപ്പിന് കീഴിലുള്ള LA യൂണിറ്റുകൾ, സർവ്വേ വകുപ്പിന് കീഴിലുള്ള റീസർവ്വേ ഓഫീസുകൾ, പോലീസ് വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് തസ്തികകൾ, ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വിവിധ കമ്മീഷനുകൾ, പ്രോജക്ടുകൾ എന്നിവിടങ്ങളിൽ തുടർച്ചാനുമതി ആവശ്യമുള്ള തസ്തികകളുണ്ട്. കൂടാതെ All India Service-ലെ Ex-cadre തസ്തികകളും തുടർച്ചാനുമതിയിലാണ് നിലനിർത്തിപ്പോരുന്നത്. ഇത്തരത്തിലുള്ള ഓഫീസുകളുടെ പേരും ജീവനക്കാരുടെ എണ്ണവും തസ്തികയും സംബന്ധിച്ച് ക്രോഡീകരിച്ച വിവരങ്ങൾ ധനവകുപ്പിൽ സൂക്ഷിച്ചിട്ടില്ല.

**അടിസ്ഥാന വികസന പ്രോജക്ടുകൾ**

12 (4121) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട അടിസ്ഥാന വികസന പ്രോജക്ടുകൾക്കായി 2018-19-ൽ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ;

(ബി) ഏതെല്ലാം പ്രോജക്ടുകൾക്ക് എത്ര തുക വീതം ആണ് വകയിരുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(സി) നാളിതുവരെ എത്ര തുക വീതം ഈ പ്രോജക്ടുകൾക്ക് നൽകി എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) വൻകിട അടിസ്ഥാന വികസന പ്രോജക്ടുകൾക്കായി 2018-19-ൽ 1638.31 കോടി രൂപ 13 പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) വൻകിട അടിസ്ഥാന വികസന പ്രോജക്ടുകൾക്കായി 2018-19-ൽ 1638.31 കോടി രൂപ 13 പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്.

1. മോണോ റെയിൽ പ്രോജക്റ്റ്/ലൈറ്റ് മെട്രോ സിസ്റ്റം തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾ
2. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ട്രാൻഷിപ്പ്മെന്റ് ടെർമിനൽ
3. കൊച്ചി മെട്രോ
4. കണ്ണൂർ വിമാനത്താവളം
5. 35th നാഷണൽ ഗെയിംസിന്റെ വാർഷിക പദ്ധതികൾ
6. കൊല്ലം-ആലപ്പുഴ നാഷണൽ ഹൈവേ ബൈപ്പാസ്
7. പാലക്കാട് ജില്ലയിലെ ഐ.ഐ.ടി.
8. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
9. ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക്, കൊച്ചി.
10. സംയോജിത വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം, കൊച്ചി
11. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
12. ക്രിയേഷൻ ഓഫ് ജുഡീഷ്യൽ ഇൻഫ്രാസ്ട്രക്ചർ
13. റീകൺസ്ട്രക്ഷൻ ഓഫ് ബ്രിഡ്ജസ് ആന്റ് കൾവെർട്ട്സ്

ഓരോ പ്രോജക്റ്റിനും പ്രത്യേകമായി തുക നീക്കിവച്ചിട്ടില്ല.

(സി) വൻകിട അടിസ്ഥാന വികസന പ്രോജക്ടുകൾക്കായി 2018-19-ൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ വെയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (G.O.(Rt) No.248/2018/Plg dated 17-5-2018 - 4.41 കോടി.)
2. കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ് (G.O.(Rt) No.326/2018/Plg dated 30-6-2018 - 117.38 കോടി.)
3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം (G.O.(Rt) No.326/2018/Plg dated 30-6-2018 - 20 കോടി.)
4. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം (G.O.(Rt) No.417/2018/P&EA dated 20-08-2018-30.5 കോടി.)

## റവന്യൂ വരുമാനവും ചെലവും

13 (4122) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2005-2006 മുതൽ 2017-2018 വരെ ഓരോ സാമ്പത്തികവർഷത്തെയും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും ചെലവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

2005-2006 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | റവന്യൂ വരുമാനം | റവന്യൂ ചെലവ് |
|---|---|---|
| 2005-2006 | 15294.53 | 18423.68 |
| 2006-2007 | 18186.62 | 20824.57 |
| 2007-2008 | 21106.79 | 24891.63 |
| 2008-2009 | 24512.18 | 28223.85 |
| 2009-2010 | 26109.40 | 31132.38 |
| 2010-2011 | 30990.95 | 34664.81 |
| 2011-2012 | 38010.36 | 46044.62 |
| 2012-2013 | 44137.30 | 53488.74 |
| 2013-2014 | 49176.94 | 60485.50 |
| 2014-2015 | 57950.47 | 71746.43 |
| 2015-2016 | 69032.66 | 78689.47 |
| 2016-2017 | 75611.72 | 91096.32 |
| 2017-2018 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം) | 83020.14 | 99948.35 |

**ആലത്തൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

14 (4123) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ ;

(ബി) 2016-17, 2017-18, 2018-19 എന്നീ വാർഷിക ബജറ്റുകളിൽ നിന്നും അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLASDF) കീഴിൽ 1 കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും വകിയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ പ്രത്യേക വികസന നിധിയുടെ കീഴിൽ 208.66 ലക്ഷം രൂപയും പൊതുമരാമത്ത് കെട്ടിട വിഭാഗം വഴി 109.85 ലക്ഷം രൂപയും പൊതുമരാമത്ത് റോഡ്സ് വിഭാഗം വഴി 5273.50 ലക്ഷം രൂപയും, കിഫ്ബി വഴി 835.64 ലക്ഷം രൂപയും ഈ നിയോജക മണ്ഡലത്തിലെ പ്രധാന വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങളും എം.എൽ.എ.-മാരുടെ ആസ്തിവികസന പദ്ധതിയുടെ കീഴിലുള്ള സ്കീമുകൾ സംബന്ധിച്ച വിശദാംശങ്ങളും മറ്റ് പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും കിഫ്ബി വഴിയുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**നികുതിയേതര വരുമാനം**

15 (4124) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 2018-19 സാമ്പത്തിക വർഷത്തിൽ 30-11-2018 വരെയുള്ള നികുതിയേതര വരുമാനം എത്രയാണ്;വിശദാംശം നൽകുമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) 2018-19 സാമ്പത്തിക വർഷം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2018 സെപ്റ്റംബർ 30 വരെയുള്ള നികുതിയേതര വരുമാനം 4999,59,46,277 രൂപയാണ്. (2018 ഒക്ടോബർ, നവംബർ മാസങ്ങളിലെ കണക്കുകൾ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടില്ല.)

(ബി&സി) ഇല്ല. അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധി കാരണം നികുതിയേതര സമാഹരണത്തിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്.

(ഡി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 17-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ 44/2018/ധന. ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ മുഖേനയുള്ള എല്ലാ സേവന നിരക്കുകളിലും 1-4-2018 മുതൽ പ്രാബല്യം നൽകി 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

16 (4125) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നുവെന്ന് അറിയിക്കുമോ?

(ബി) 2016-2017 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-2018 -ൽ പൊതു കടം എത്ര രൂപ വർദ്ധിച്ചുവെന്നും ഇപ്രകാരം വർദ്ധിച്ച തുക ഏതെല്ലാം മേഖലകളിൽ എത്രമാത്രം ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2015-16, 2016-17, 2017-18 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആകെ പൊതുകടം ചുവടെ പറയുംപ്രകാരമാണ്.

(തുക കോടിയിൽ)

| വർഷം | പൊതുകടം |
|---|---|
| 2015-16 | 109730.97 |
| 2016-17 | 125882.86 |
| 2017-18 (താൽക്കാലിക കണക്ക്) | 142984.53 |

2016-17 നെ അപേക്ഷിച്ച് 2017-18-ൽ 17101.67 കോടി രൂപ പൊതുകടമിനത്തിൽ വർദ്ധിച്ചിട്ടുണ്ട്. കടമെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ചെലവഴിക്കുന്നത്.

**പെട്രോൾ ഡീസൽ നികുതിവരുമാനം**

17 (4126) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ ഡീസൽ നികുതിയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഓരോ മാസവും എത്ര കോടി രൂപയാണ് ലഭിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെട്രോൾ, ഡീസൽ നികുതിയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (1-6-2016 മുതൽ) നാളിതുവരെ ഓരോ മാസവും ലഭിച്ച നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

പെട്രോൾ ഡീസൽ എന്നിവയിൽ നിന്നുള്ള വരുമാനം

(തുക കോടിയിൽ)

| മാസം | പെട്രോൾ | | | ഡീസൽ | | |
|---|---|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2016-17 | 2017-18 | 2018-19 |
| ഏപ്രിൽ | | 26.37 | 27.72 | | 40.05 | 31.78 |
| മേയ് | | 267.88 | 288.30 | | 308.38 | 316.78 |
| ജൂൺ | 242.83 | 276.30 | 318.33 | 303.35 | 338.52 | 373.76 |
| ജൂലൈ | 209.17 | 236.66 | 295.58 | 262.50 | 263.81 | 308.16 |
| ആഗസ്റ്റ് | 221.12 | 251.32 | 289.36 | 265.93 | 280.91 | 308.66 |
| സെപ്റ്റംബർ | 241.44 | 279.19 | 307.68 | 311.62 | 326.30 | 309.58 |
| ഒക്ടോബർ | 187.61 | 281.10 | 316.92 | 203.93 | 303.56 | 367.19 |
| നവംബർ | 243.48 | 261.58 | 315.66 | 307.46 | 300.01 | 371.51 |
| ഡിസംബർ | 232.33 | 274.37 | | 288.39 | 328.20 | |
| ജനുവരി | 254.79 | 288.80 | | 305.90 | 329.55 | |
| ഫെബ്രുവരി | 257.36 | 277.81 | | 306.60 | 326.23 | |
| മാർച്ച് | 538.25 | 505.53 | | 667.26 | 677.78 | |

## നികുതിവെട്ടിപ്പ് തടയാൻ നടപടി

18 (4127) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കി ഒരു വർഷം പിന്നിട്ടിട്ടും നികുതി പിരിവിൽ ലക്ഷ്യമിട്ട വരുമാനം ലഭിക്കാത്ത സാഹചര്യമുണ്ടോ;

(ബി) ചരക്ക് കടത്തിനുള്ള പ്രധാനരേഖയായ ഇ-വേ ബില്ലിന്റെ മറവിൽ നികുതി വെട്ടിപ്പ് നടക്കുന്നതായ സാഹചര്യമുണ്ടോ;

(സി) ഇത്തരം കേസ്സുകൾ പിടികൂടുന്നതിനായി സർക്കാർ സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇതിനുപുറമേ കേന്ദ്ര ജി.എസ്.ടി. വകുപ്പും പ്രധാന പാതകളിൽ ബിൽ പരിശോധിക്കുവാൻ ഓൺലൈൻ സംവിധാനമുള്ള സ്ക്വാഡുകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) അനവധാനതയോടെ ജി.എസ്.ടി. നടപ്പിലാക്കിയതും ജി.എസ്.ടി.എൻ. പൂർണ്ണമായി സജ്ജമാകാത്തതും ജി.എസ്.ടി. നികുതി വരുമാനം പ്രതീക്ഷിച്ച നിരക്കിലെത്താതിരിക്കാൻ കാരണമായി. എന്നാൽ, നിയമപ്രകാരം സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം വർഷം അടിസ്ഥാനമാക്കിയുള്ള 14% വാർഷിക വളർച്ച കണക്കിലാക്കിയുള്ള നികുതി വരുമാനം സംരക്ഷിക്കുന്ന വ്യവസ്ഥ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇത് നമ്മുടെ ജി.എസ്.ടി. വരുമാനത്തെ സഹായിക്കുന്നുണ്ട്. എന്നാൽ, കോമ്പൻസേഷൻ കാലം കഴിയുന്നതുവരെ നമ്മുടെ നികുതി പിരിവ് വളർച്ചയ്ക്കായി കാത്തിരിക്കാനാകില്ല. അതിനുള്ള കഠിനപരിശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഇത് ഫലം കാണുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്.

E-Way Bill പരിശോധനയും വെട്ടിപ്പ് തടയുന്നതിനുള്ള നടപടികളും കർശനമായി കൈക്കൊള്ളുന്നുണ്ട്.

(സി) ഇത്തരം കേസ്സുകൾ പിടികൂടുന്നതിനായി സർക്കാർ സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. ഇ-വേ ബിൽ ശരിയായി പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91-ൽ നിന്ന് 178 ആയി വർദ്ധിപ്പിക്കുകയും ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്.

(ഡി) വിവരം ലഭ്യമല്ല.

**വ്യാജ ഇ-വേ ബിൽ**

19 (4128) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ഇ-വേ ബിൽ ഉപയോഗിച്ച് കേരളത്തിലേക്ക് ഗ്രാനൈറ്റ് കടത്തിക്കൊണ്ട് വരുന്നത് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ നികുതി വെട്ടിപ്പാണ് നടത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിൽ നികുതി വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ല. മുമ്പ് നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ ജി.എസ്.ടി. നിലവിൽ വന്നശേഷം പൂർണ്ണമായും നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്കുനീക്കം കൃത്യമായി കണക്കിൽപ്പെടുത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും അതുവഴി നികുതിവെട്ടിപ്പ് തടയുന്നതിനുമായാണ് ഈ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വളരെ കാര്യക്ഷമമായ ഒരു സമ്പ്രദായമാണെന്ന് നാളിതുവരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ ഈ-വേ ബില്ലുകളും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുന്നതിനായി മൊബൈൽ സ്ക്വാഡുകളും അതിർത്തി കേന്ദ്രീകരിച്ചുള്ള പരിശോധനയ്ക്കായി പ്രത്യേകം സർവൈലൻസ് സ്ക്വാഡുകളും രൂപീകരിച്ച് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത്തരം പരിശോധനകളിൽ കൃത്യമായ രേഖകളോ ഈ-വേ ബില്ലോ ഇല്ലാതെ വരുന്ന വാഹനങ്ങൾ കണ്ടെത്തുകയും പിഴ, നികുതി എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിശോധനകൾ വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

20 (4129) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടിയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17, 2017-18 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ആകെ പൊതുകടം ചുവടെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

| വർഷം | പൊതുകടം |
|---|---|
| 2016-17 | 125882.86 |
| 2017-18 (താൽക്കാലിക കണക്ക്) | 142984.53 |

## പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് വായ്പകൾ

21 (4130) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ഏതെല്ലാം വായ്പകൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട് ; കുടുംബശ്രീ മുഖേന എത്ര വായ്പ അപേക്ഷ ലഭിച്ചിട്ടുണ്ട് ; അതിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

പ്രളയംമൂലം കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുക, പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ട വീട്ടുപകരണങ്ങൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി അർഹരായവർക്ക് ഒരു ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ നൽകുന്നതിലേയ്ക്കായി റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ 9% പലിശ സബ്സിഡി ലഭ്യമാണ്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ മുഖേന കുടുംബശ്രീയുടെ അയൽക്കൂട്ടം വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. www.kudumbashree.org വെബ് പോർട്ടലിലെ വിവരങ്ങളനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 12-12-2018 വരെ ലഭിച്ച അപേക്ഷകളുടെയും അനുവദിച്ച വായ്പകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കിഫ്ബി**

22 (4131) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇതിനകം ഏതൊക്കെ പദ്ധതികൾക്ക് അംഗീകാരം നൽകി; വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ ഇതിനകം എത്ര കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇതിനകം അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി ബജറ്റ് വിഹിതമായി ലഭിക്കുന്ന മോട്ടോർ വെഹിക്കിൾ നികുതി, പെട്രോൾ സെസ്സ് എന്നിവയും കൂടാതെ നബാർഡ്, ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്നുമുള്ള വായ്പ, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി മുഖേന പുറപ്പെടുവിക്കുന്ന ബോണ്ടുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ കിഫ്ബി ഇതുവരെ നിക്ഷേപം ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

**കിഫ്ബി**

23 (4132) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പ്രവൃത്തികളുടെ കാലികസ്ഥിതി വിശദമാക്കാമോ?

ഉത്തരം

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി ആരംഭിച്ചിട്ടുള്ള പ്രവൃത്തികൾ

24 (4133) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി നാളിതുവരെ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

കിഫ്ബി വഴി നാളിതുവരെ 6,456.92 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## കിഫ്ബി പ്രോജക്ടുകൾ

25 (4134) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രോജക്ടുകൾ സി.എം.ഡി. ടെറനസ് എന്ന സ്ഥാപനത്തിന് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ;

(ബി) ടെറനസ് എന്ന സ്ഥാപനത്തിന് ഈ ഇനത്തിൽ നാളിതുവരെ എത്ര കോടി രൂപ നൽകി എന്ന് വിശദമാക്കാമോ; പ്രോജക്ട് സഹിതം വിശദാംശങ്ങൾ നൽകാമോ;

(സി) ടെറനസ് എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് അപ്രൈസൽ വിഭാഗത്തിൽ നിലവിലെ കിഫ്ബി ചീഫ് പ്രോജക്ട് എക്സാമിനർ ജോലി ചെയ്തിരുന്നുവോ?

ഉത്തരം

(എ&ബി) കിഫ്ബി പ്രോജക്ടുകളുമായി ബന്ധപ്പെട്ട സി.എം.ഡി.-യുടെ ചില പ്രവർത്തനങ്ങൾ നിറവേറ്റാൻ സഹായിക്കുന്നതിനായി സുതാര്യമായ ടെണ്ടർ നടപടികളിലൂടെ സി.എം.ഡി. ടെറനസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കിഫ്ബി പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ടെറനസിന് നാളിതുവരെ ജി.എസ്.ടി. ഉൾപ്പെടാതെ 5.62 കോടി രൂപ സി.എം.ഡി. നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രാഥമിക പ്രോജക്ട് അപ്രൈസൽ (ഗൈഡ് ലൈൻസ്, മാന്വൽ പ്രിപ്പറേഷനുമായി) | - | 5.51 കോടി രൂപ |
| ബന്ധപ്പെട്ട പ്രാഥമിക പ്രവൃത്തികൾ (വിവിധ ട്രെയിനിംഗുകളുമായി ബന്ധപ്പെട്ട്) | - | 0.02 കോടി രൂപ |
| ഫാക്കൽറ്റി സപ്പോർട്ട് | - | 0.054 കോടി രൂപ |
| RFP പ്രിപ്പറേഷൻ സപ്പോർട്ട് | - | 0.036 കോടി രൂപ |

സി.എം.ഡി. ടെറനസിന് അവലോകനത്തിനായി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ബി.എസ്.എൻ.എൽ.-ലെ ജോയിന്റ് ചീഫ് എഞ്ചിനീയർ തസ്തികയിൽ നിന്നും സ്വയം വിരമിച്ച ശ്രീ. എസ്. ജെ. വിജയദാസിനെ 10-10-2017-ലെ സ.ഉ. (സാധാ) നമ്പർ 7601/2017/ധന. ഉത്തരവുപ്രകാരമാണ് കിഫ്ബിയിൽ ചീഫ് പ്രോജക്ട് എക്സാമിനർ ആയി നിയമിച്ചിട്ടുള്ളത്. നിയമന സമയത്ത് ശ്രീ. വിജയദാസ് കിഫ്ബിയിൽ സമർപ്പിച്ച രേഖകൾ പ്രകാരം അദ്ദേഹം ടെറനസ് എന്ന സ്ഥാപനത്തിൽ ജോലി ചെയ്തതായി കാണുന്നില്ല.

## കിഫ്ബിയിലെ വാഹനങ്ങൾ

26(4135) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ എടുത്തിരിക്കുന്നത് ബോർഡാണോ അതോ ഫിനാൻസ് ഡിപ്പാർട്ട്മെന്റാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ ധനകാര്യ വകുപ്പിന്റെ ബോർഡ് വച്ചിട്ടുണ്ടോ;

(സി) കിഫ്ബിയാണ് വാഹനങ്ങൾ കരാറിൽ വാങ്ങിയതെങ്കിൽ ധനകാര്യ വകുപ്പിന്റെ പേര് ഉപയോഗിക്കുന്നത് നിയമപ്രകാരം ശരിയാണോ; അല്ലെങ്കിൽ ബോർഡ് നീക്കം ചെയ്യുമോ;

(ഡി) ഇപ്രകാരം ഏതൊക്കെ വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് മോഡൽ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയാണ് വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) കിഫ്ബി ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവൃത്തിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡാണ്. ധനകാര്യ ഇൻഫ്രാസ്ട്രക്ചർ വകുപ്പാണ് കിഫ്ബിയുടെ ഭരണം നിയന്ത്രിക്കുന്നത്. കിഫ്ബിയുടെ ചിഫ് എക്സിക്യൂട്ടീവ് ഓഫീസർ ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറിയാണ്. ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാലാണ് വാഹനങ്ങളിൽ ധനകാര്യ വകുപ്പിന്റെ ബോർഡ് വച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കിഫ്ബിയിൽ നിലവിൽ രണ്ട് ഇന്നോവ ക്രിസ്റ്റ, മൂന്ന് ടൊയോട്ട എറ്റിയോസ് കാർ, ഒരു ഹോണ്ടാ സിറ്റി കാർ, ഒരു മഹീന്ദ്ര ബൊലേറൊ എന്നിവ ഉപയോഗിക്കുന്നുണ്ട്.

### കിഫ്ബിയിൽ നിന്നും ചെലവഴിച്ച തുകയുടെ കണക്ക്

27 (4136) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ കിഫ്ബിയിലൂടെ ഓരോ നിയോജകമണ്ഡലത്തിലും ഏതെല്ലാം പദ്ധതികൾക്കായി എത്ര കോടി രൂപ വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിലൂടെ നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; കിഫ്ബിയിൽ നിന്നും ഓരോ വകുപ്പിനായും ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി വഴി നാളിതുവരെ 6,456.92 കോടി രൂപയുടെ 161 പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തിൽ നാളിതുവരെ ഓരോ നിയോജകമണ്ഡലത്തിലും പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങളും കിഫ്ബിയിലൂടെ നാളിതുവരെ ചെലവഴിച്ചിട്ടുള്ള മറ്റ് ചെലവുകളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു**.

### കിഫ്ബിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

28 (4137) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) അതിൽ നിർവ്വഹണം നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രഖ്യാപിച്ച പദ്ധതികൾ പെട്ടെന്ന് ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാം എന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങളും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(സി) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പ് നിയോഗിച്ച പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്നമുറയ്ക്ക് വിശദമായ അവലോകനത്തിനുശേഷം കിഫ്ബിയുടെ എക്സിക്യൂട്ടീവ്/ജനറൽ ബോഡി യോഗങ്ങളിൽ വച്ച് അംഗീകാരം നൽകുന്നതാണ്. തുടർന്ന് കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പിന്റെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

29 (4138) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക;എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കിയതും അവയ്ക്ക് കിഫ്ബി അനുവദിച്ച തുകയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## വാമനപുരം മണ്ഡലത്തിൽ കിഫ്ബി പദ്ധതി

30 (4139) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതികളും ഇവയുടെ പ്രവർത്തന പുരോഗതി ഉൾപ്പെടെയുള്ള വിശദവിവരവും അനുബന്ധമായി ചേർക്കുന്നു*.

## ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

31(4140) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്ന് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടെന്നും ഈ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായി വരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും ഇതിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളും ഈ പദ്ധതികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് പ്രവൃത്തികൾ

32 (4141) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാകുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം നല്കുമോ;

(ബി) തടസ്സം കൂടാതെ പ്രവൃത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഒരുക്കാനാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇപ്പോൾ കളക്ടറേറ്റുകളിലൂടെയാണ് നടപ്പിലാക്കിവരുന്നത്. ആയതിനുസരിച്ച് അടങ്കൽ തുക ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാ തലത്തിൽ തന്നെ ഭരണാനുമതി നൽകിവരുന്നുണ്ട്. ഒരു കോടി രൂപയോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി നൽകിവരുന്നു. 2018-19 സാമ്പത്തികവർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. തീയതി 4-8-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം (3) പ്രകാരം മാനദണ്ഡങ്ങൾക്കുവിധേയമായി എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകം തന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത പതിനാല് ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണെന്നും ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം തീർപ്പാക്കി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട്

33 (4142) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.-മാർ ഉദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2018-19 സാമ്പത്തികവർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അച്ചടി) നമ്പർ.119/2018/ധന. തീയതി 4-8-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം (3) പ്രകാരം മാനദണ്ഡങ്ങൾക്കുവിധേയമായി എല്ലാ അനുബന്ധരേഖകളും സഹിതം

കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകം തന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത പതിനാല് ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകേണ്ട താണെന്നും ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം തീർപ്പാക്കി പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടി സ്വീകരിക്കേണ്ട താണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഫണ്ട്

34 (4143) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഫണ്ടനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ഐ.ടി. പഠനത്തിനാവശ്യമായ സ്മാർട്ട് റൂമുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എയ്ഡഡ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോ;

(സി) ഇത്തരത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുവാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) 2018-19 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. തീയതി 4-8-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്‌ലെറ്റുകൾ/പാചകപ്പുര നിർമ്മിക്കുന്നതിന് അനുമതിയുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ചിട്ടുള്ള ചലഞ്ച് ഫണ്ട് പദ്ധതിയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ സ.ഉ.(അച്ചടി) നമ്പർ30/2018/ധന. തീയതി 1-3-2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കാവുന്നതാണ്.

## ടെണ്ടർ സേവിംഗ്സ്

35 (4144) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടി ക്രമം വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നാട്ടിക നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ 4-8-2018-ലെ സ.ഉ.(അ) നമ്പർ 119/2018/ധന. ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ച് കോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന അഞ്ച് കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യത്തിലുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധത്തിൽ കാണാവുന്നതാണ് *.

(ബി) നാട്ടിക നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17 സാമ്പത്തികവർഷത്തെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2017-18 സാമ്പത്തികവർഷം നാട്ടിക നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 2,60,107 രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

36 (4145) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് ഭരണാനുമതി നല്കിയതും എന്നാൽ വിനിയോഗിക്കാൻ കഴിയാതിരുന്നതുമായ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ വിശദാംശം നല്കാമോ;

(ബി) ഇത്തരത്തിൽ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുടെ ഭരണാനുമതി പുതുക്കുന്നതിനുവേണ്ടി ഈ മണ്ഡലത്തിൽ നിന്നും ഏതെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമായിട്ടും ആരംഭിക്കുവാൻ കഴിയാത്ത പ്രവൃത്തികളുടെ ഭരണാനുമതി റീ വാലിഡേറ്റ് ചെയ്ത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ എം.എൽ.എ.ആസ്തി വികസന ഫണ്ട്

37 (4146) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിലെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ അനുവദിച്ചിട്ടുള്ള മുഴുവൻ പ്രവൃത്തികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമായിട്ടും സാങ്കേതികാനുമതി ടെണ്ടർ അടക്കമുള്ള തുടർനടപടി സ്വീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും തുടർനടപടി വൈകുന്നതിന്റെ കാരണവും വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ ആസ്തിവികസന ഫണ്ടിലെ മുഴുവൻ പ്രവൃത്തിയും വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ പ്രവൃത്തികൾ

38 (4147) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർക്കല മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ടി മണ്ഡലത്തിൽ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കാലയളവിൽ ടി മണ്ഡലത്തിൽ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

## പൂഞ്ഞാർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

39 (4148) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ പൂഞ്ഞാർ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ (എ.ഡി.എസ്.) ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ പുരോഗതിയെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

40 (4149) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ 2017-18, 2018-19 വർഷത്തെ എം.എൽ.എ. യുടെ പ്രത്യേക വികസന നിധി, ആസ്തി വികസന ഫണ്ട് എന്നിവ മുഖേന ശിപാർശ ചെയ്ത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെയും ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) നാളിതുവരെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാത്ത പ്രവൃത്തികൾക്ക് ആയവ അടിയന്തരമായി നൽകി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ആകെ 35 പ്രവൃത്തികൾക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 28 പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി 29 പ്രവൃത്തികൾ നടപ്പാക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 7 പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ട്.

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 2017-18, 2018-19 സാമ്പത്തിക വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മുഖേന ശിപാർശ ചെയ്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി കാണാവുന്നതാണ് *.

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള എല്ലാ പ്രവൃത്തികളും അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിവരുന്നുണ്ട്. ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

2017-18, 2018-19 സാമ്പത്തിക വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെയും ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെയും വിവരങ്ങൾ അനുബന്ധമായി കാണാവുന്നതാണ്*.

(സി) ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുവാൻ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ടെണ്ടർ സേവിംഗ്സ്

41 (4150) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള നടപടി ക്രമം വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17, 2017-2018 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ട് എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

- ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ, അംഗീകരിച്ച കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ, എക്സസ്/ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ച് കോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന അഞ്ച് കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത്, നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്.
- ഒരു സാമ്പത്തികവർഷത്തെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരാമവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- ടെണ്ടർ എക്സസാണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തിക വർഷത്തെ അഞ്ച് കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.-യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് ആസ്തി വികസന ഫണ്ട്

42 (4151) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സ്കൂൾ ബസ്സ് വാങ്ങുന്നതിന് ഫണ്ട് നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ ആരംഭിച്ച 4202-01-800-84 പ്രോജക്ട്സ് എൽ.എം.സി.-എ.ഡി.എസ്. അദർ പ്രോജക്ട്സ് എന്ന ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചാൽ മുൻകാലങ്ങളിലെന്ന പോലെ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) മേലധികാരിയുടെ അനുമതി ആവശ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സ് വാങ്ങുന്നതിനായി ആരംഭിച്ചിട്ടുള്ള '4202-01-800-84-Projects under LAC ADS-Other Projects (NP)' എന്ന ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി നിശ്ചയിച്ചിരിക്കുന്നത് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് പണം അനുവദിച്ചു നൽകുന്നതിന് പൊതുമരാമത്ത് (കെട്ടിടം) വിഭാഗം ചീഫ് എഞ്ചിനീയറുടെ അനുമതി ആവശ്യമില്ല.

## പൂഞ്ഞാർ മണ്ഡലത്തിലെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്)

43 (4152) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ പൂഞ്ഞാർ മണ്ഡലത്തിൽ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്)-ൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) നിലവിൽ അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ പുരോഗതിയെ സംബന്ധിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി)

| വർഷം | അനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം |
|---|---|
| 2016-17 | 39 |
| 2017-18 | 37 |
| 2018-19 | 27 |

പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ പദ്ധതികൾ

44 (4153) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെ പേരും തുകയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി നൽകാൻ ഇനി ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അസറ്റ് ഡെവലെപ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി നൽകിയിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി നൽകാൻ ഇനി ബാക്കിയുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട് *

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

45 (4154) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾക്ക് എം.എൽ.എ. ഫണ്ട് ചെലവഴിക്കുന്നത് പോലെ എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങൾക്ക് കൂടി എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തിവികസന ഫണ്ട് എന്നിവ നൽകുന്നതിന് നിലവിലുള്ള നിബന്ധനകൾ പരിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായാർഹമായ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിക്കും നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് 1-12-2017-ലെ സ.ഉ.(പി) നമ്പർ 153/2017/ധന, 13-11-2018-ലെ സ.ഉ.(പി) നമ്പർ 176/2018/ധന. ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

- പ്രത്യേക വികസന ഫണ്ട് ടി പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് വ്യവസ്ഥയില്ല.

- എയ്ഡഡ് സ്കൂളുകളെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി സർക്കാർ ചലഞ്ച് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

- ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി നിയമസഭാസാമാജികർക്ക് താൽപ്പര്യമുള്ളപക്ഷം ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിശ്ചിത പരിധികൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി 01-3-2018-ലെ സ.ഉ.(പി) നമ്പർ 30/2018/ധന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

- ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്:

  1. സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിന്
  2. ലൈബ്രറി/ലബോറട്ടറി
  3. ഹൈടെക്/സ്മാർട്ട് ക്ലാസ്സ് മുറികൾ
  4. നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ നവീകരണം
  5. ശുചിമുറി നിർമ്മാണം
  6. പാചകപ്പുര/ഡൈനിംഗ് ഹാൾ
  7. കുടിവെള്ള സൗകര്യം ഒരുക്കുന്നതിന്

## ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ

46 (4155) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ .വി. വിജയദാസ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്ലാനിംഗ് കമ്മീഷനെ ഇല്ലാതാക്കിയതോടെ ധനകാര്യ കമ്മീഷന്റെ ലക്ഷ്യം തന്നെ ദുർബലപ്പെട്ടിട്ടുണ്ടോ;

(സി) പ്ലാനിംഗ് കമ്മീഷന്റെ അഭാവത്തിലും സംസ്ഥാനം, ദിശാബോധത്തോടെയുള്ള വികസനത്തിനായി ആസൂത്രണ പ്രക്രിയ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഡി) കേന്ദ്ര നയങ്ങൾ സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ സംസ്ഥാനം ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ഇവയാണ്.

- സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തുക.
- സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യയ്ക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുമുള്ള കൂടുതൽ ഫ്ലെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യയ്ക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50 ശതമാനത്തിൽ നിന്നും 20 ശതമാനമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

| മാനദണ്ഡം | വെയ്റ്റേജ് |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | 30% |
| ജനസംഖ്യാപരമായ നേട്ടം<br>(1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30% |
| വരുമാന അന്തരം | 20% |
| വിസ്തീർണ്ണം | 10% |
| വനമേഖല | 10% |

പ്രത്യേക മേഖലാ ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.

i. തീരപ്രദേശ സംരക്ഷണം - 1500 കോടി

ii. വന സംരക്ഷണം - 1000 കോടി

iii. റബ്ബർ കർഷകർക്കുള്ള സഹായം - 250 കോടി

iv. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം -1500 കോടി

v. മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൈപുണ്യവികസനം-750 കോടി

vi. റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

vii. 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.

viii. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും ബാക്കി 30% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥ വിന്യാസം എന്നിവ അടിസ്ഥാനമാക്കേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

ix. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്ര വിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.

x. സംസ്ഥാനത്തിന്റെ കടമെടുക്കുന്നതിനുള്ള പരിധി ജി.എസ്.ഡി.പി.-യുടെ 3% ആയി നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.

xi. തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ശിപാർശ ചെയ്യുക.

(ബി) പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായതോടെ സംസ്ഥാനങ്ങൾക്കുള്ള പദ്ധതി ധനസഹായം (NCA, ACA മുതലായവ) നൽകുന്ന സംവിധാനം നിർത്തലാക്കുകയും ഈ ചുമതല കേന്ദ്ര ധനകാര്യ കമ്മീഷന്റെ അധികാര പരിധിയിലായി മാറുകയും ചെയ്തു. എന്നാൽ നിബന്ധനകളില്ലാത്ത വിഭവ കൈമാറ്റം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യവും മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നികുതി വിഭജനം ഭദ്രമായ ഫിസ്കൽ ഫെഡറലിസത്തിന് അത്യന്താപേക്ഷിതമാണെന്നതും പരിഗണിച്ചുകൊണ്ട് പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം 32% -ൽ നിന്നും 42% ആയി വർദ്ധിപ്പിച്ചു നൽകുകയുണ്ടായി. ആയതിനാൽ പ്ലാനിംഗ് കമ്മീഷൻ

ഇല്ലാതായതോടെ ധനകാര്യ കമ്മീഷന്റെ ലക്ഷ്യം ദുർബ്ബലമാക്കപ്പെട്ടിട്ടില്ലെന്ന് കരുതാവുന്നതാണ്. എന്നാൽ ധനകാര്യ കമ്മീഷൻ അവാർഡിലെ വർദ്ധനയുടെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറക്കുകയും അവയിലെ സംസ്ഥാന വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷനോട് 42% ധനവിന്യാസം പുനഃപരിശോധന പരിഗണിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും അതിന് പകരമായി നീതി ആയോഗ് നിലവിൽ വരികയും ചെയ്തുവെങ്കിലും കേരളം ആസൂത്രണ പ്രക്രിയയുമായി മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് ആസൂത്രണ ബോർഡ് രൂപം നൽകി (2017-22). അതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൽ വിവിധ വിഷയങ്ങളിലായി 43 കർമ്മസമിതികൾക്ക് രൂപം നൽകുകയും ഇവയുടെ ശിപാർശകൾ 2017-18, 2018-19 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ ആസൂത്രണ ബോർഡിൽ നടന്നുവരികയും ചെയ്യുന്നു. മാത്രമല്ല, ഇതിന് മുന്നോടിയായി കേരളത്തിന്റെ പതിമൂന്നാം പദ്ധതിയുടെ സമീപന രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ഡി) നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും ജി.എസ്.ടി.നടപ്പിലാക്കിയതുമൂലമുണ്ടായ റവന്യൂ ശോഷണവും കാരണം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാവുകയും ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിയാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. ഇതിനെ അതിജീവിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും ഇന്റലിജൻസ് സ്ക്വാഡുകളെ പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. നികുതി കുടിശ്ശിക അസെസ്സ്മെന്റ് കാര്യക്ഷമമാക്കുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. മോട്ടോർ വാഹന നികുതി ഇനത്തിൽ വർദ്ധനവ് ലഭിക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂമിയുടെ

ന്യായവില യുക്തിസഹമായി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള ഫീസുകൾ നേരിയ തോതിൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും, ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിന് പുറമെ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടുവരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവുചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലിഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ അദ്ധ്യാപക- അനദ്ധ്യാപക തസ്തിക

47 (4156) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ധനകാര്യ വകുപ്പിൽ പരിഗണനയിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കോളേജിൽ, സൂപ്രണ്ട് ഉൾപ്പെടെ ഓഫീസ് ജീവനക്കാരുടെ ഒരു തസ്തിക പോലും ഇല്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിൽ വിവിധ വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും, ഇംഗ്ലീഷ്-4, കെമിസ്ട്രി-3, ബോട്ടണി-3, ഇസ്ലാമിക് ഹിസ്റ്ററി-2, പ്രിൻസിപ്പൽ-1 എന്നീ തസ്തികകൾ

സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിഗണിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്.

**സാലറി ചലഞ്ച്**

48 (4157) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിന്റെ കാര്യത്തിൽ കേരള ഹൈക്കോടതിയും സുപ്രീംകോടതിയും നൽകിയ ഉത്തരവുകൾ എന്താണെന്ന് വ്യക്തമാക്കുമോ; സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ അവ്യക്തതമൂലം നവംബർ ഒന്നുമുതൽ ശമ്പളവിതരണം തടസ്സപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു മാസത്തിൽ കുറഞ്ഞ തുക ഓഫീസ് മുഖാന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിന് നിലവിലുള്ള ഉത്തരവ് പ്രകാരം ജീവനക്കാർക്ക് സാധിക്കുമോ;

(സി) ഇല്ലെങ്കിൽ അതിനായുള്ള അവസരം ജീവനക്കാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് വരവ് ചെയ്യുന്നതിന് പുറപ്പെടുവിച്ച ജി.ഒ.144/2018/ധന. തീയതി 11-9-2018 -ലെ ഉത്തരവിലെ clause (10) പ്രകാരം ഒരു മാസത്തെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർ വിസമ്മത പ്രസ്താവന നൽകണമെന്ന മാർഗ്ഗനിർദ്ദേശത്തിൽ നിർബന്ധത്തിന്റെ ധ്വനി ഉണ്ട് എന്നതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി clause സ്റ്റേ ചെയ്യുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ പെറ്റീഷനിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിസമ്മതപത്രം ഒഴിവാക്കി ജീവനക്കാരിൽ നിന്നും സമ്മത പ്രസ്താവന വാങ്ങി

സാലറി ചലഞ്ചിൽ പങ്കെടുക്കുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന സർക്കുലർ നമ്പർ 99/18/ധന. തീയതി 31-10-2018 പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നവംബർ ഒന്നുമുതലുള്ള ശമ്പളവിതരണത്തിന്റെ തടസ്സം ഉണ്ടായിട്ടില്ല.

(ബി & സി) സാധിക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒരു മാസത്തെ ആകെ ശമ്പളത്തിൽ കുറഞ്ഞ തുക സംഭാവന ചെയ്യാൻ ആഗ്രഹിക്കുന്ന ജീവനക്കാർക്ക് ട്രഷറിയിലും ബാങ്കിലുമുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ടും ഓൺലൈൻ വഴിയും സംഭാവന നൽകാവുന്നതാണ്.

**സാലറി ചലഞ്ച്**

49(4158) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ കേസ് നടത്തിയ വകയിൽ എത്ര തുക ചെലവായെന്ന് വിശദമാക്കാമോ;

(ബി) കോടതി വിധിയുമായി ബന്ധപ്പെട്ട് എന്തെല്ലാം മാറ്റങ്ങളാണ് സാലറി ചലഞ്ച് ഉത്തരവിൽ വരുത്തിയത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്ത ഇനത്തിൽ ശ്രീ. ജി. പ്രകാശ്, സ്റ്റാൻഡിംഗ് കൗൺസിലിന് പ്രാരംഭ ചെലവുകൾക്കായി 3,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മലയാളപ്രമാണങ്ങൾ ഇംഗ്ലീഷ് ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്തതിന് പരിഭാഷകന് 700 രൂപ അനുവദിച്ചിട്ടുണ്ട്. ഫീസ് സംബന്ധിച്ച ബില്ലുകൾ സ്റ്റാൻഡിംഗ് കൗൺസിലിന്റെ പക്കൽ നിന്നും ലഭ്യമായിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് നടത്തിയ വകയിൽ പ്രത്യേക ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല.

(ബി) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ജി.ഒ.(അച്ചടി) നം.144/18/ധന തീയതി 11-09-2018 ലെ clause (10) പ്രകാരം ഒരു മാസത്തെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർ വിസമ്മതപ്രസ്താവന നൽകണമെന്ന വ്യവസ്ഥ കോടതി സ്റ്റേ ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ clause (10), clause (11) വ്യവസ്ഥകൾ റദ്ദ് ചെയ്ത് കൊണ്ടും ജീവനക്കാരിൽ നിന്ന് സമ്മതപ്രസ്താവന വാങ്ങിക്കൊണ്ടും സാലറി ചലഞ്ചിൽ ഭാഗമാകാൻ സർക്കുലർ നം.99/18/ധന തീയതി 31-10-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

## ദേശീയ പെൻഷൻ പദ്ധതിയുടെ പുന:പരിശോധന

50 (4159) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ പുതിയ തീരുമാനങ്ങൾ ആണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ടേംസ് ഓഫ് റഫറൻസിൽ പ്രതിപാദിക്കപ്പെടാത്ത വിഷയങ്ങൾ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നാൽ പ്രസ്തുത വിഷയങ്ങളിൽ തീരുമാനം എടുക്കുമോ; വിശദമാക്കുമോ?

(സി) ദേശീയ പെൻഷൻ പദ്ധതി പുനഃപരിശോധിക്കുവാനുള്ള കമ്മിറ്റിയിൽ ആരെയൊക്കെയാണ് നിയമിച്ചിരിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ-സി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട.ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.), പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച്, പരിഗണനാ വിഷയങ്ങൾ ഉൾപ്പെടെ സമഗ്രമായി പ്രതിപാദിച്ചുകൊണ്ട് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിച്ച് വിശദമായ ഒരു റിപ്പോർട്ട് ആറ് മാസത്തിനകം സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും പങ്കാളിത്ത പെൻഷൻ പദ്ധതി

51 (4160) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം, കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ പി.എഫ്.ആർ.ഡി.എ., എൻ.എസ്.ഡി.എൽ. എന്നിവരുമായി സെക്രട്ടേറിയറ്റിൽ യോഗം ചേർന്നിരുന്നോ; എങ്കിൽ യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പദ്ധതി പുനഃപരിശോധിക്കാൻ സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ഇത്തരത്തിൽ യോഗം ചേർന്നത് പദ്ധതി വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) പി.എഫ്.ആർ.ഡി.എ.യുമായി 12-11-2018-ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്ത് നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളിലും 2018 ഡിസംബർ 31 നകം പദ്ധതി നടപ്പാക്കേണ്ടതാണെന്ന് ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അപ്രകാരം ഒരു യോഗം ചേർന്നിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള 34 പൊതുമേഖലാ സ്ഥാപനങ്ങളിലെ എൻ.പി.എസ്. കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് പി.എഫ്.ആർ.ഡി.എ. എൻ.എസ്.ഡി.എൽ. എന്നിവരുടെ നേതൃത്വത്തിൽ ഒരു പരിശീലന പരിപാടി 12-11-2018 തീയതിയിൽ നടത്തിയിരുന്നു. 1-4-2013-നു മുമ്പ് കെ.എസ്.ആർ. ഭാഗം 3 പെൻഷൻ ബാധകമായിട്ടുള്ള സ്ഥാപനങ്ങളിൽ മാത്രമാണ് ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി കൂടുതൽ സ്ഥാപനങ്ങളിൽ നടപ്പാക്കാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

**ബിരുദം യോഗ്യതയായ തസ്തികകളുടെ പരീക്ഷ**

52 (4161) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിരുദം യോഗ്യതയായ തസ്തികകൾക്ക് ഒബ്ജക്ടീവ് രീതിയിലുള്ള പരീക്ഷകൾക്ക് പുറമേ വിവരണാത്മക പരീക്ഷയും നടത്തേണ്ടതുണ്ടെന്ന് 10-ാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ ഭാഗം 2-ൽ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ബിരുദം അടിസ്ഥാന യോഗ്യതയായ സെക്രട്ടേറിയറ്റിലെയും പബ്ലിക് സർവ്വീസ് കമ്മീഷനിലെയും അസിസ്റ്റന്റ് തസ്തിക, സംസ്ഥാന ആഡിറ്റ് വകുപ്പിലെ ആഡിറ്റർ തസ്തിക തുടങ്ങിയവയ്ക്ക് മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള പരിക്ഷാരീതി പര്യാപ്തമല്ലാത്തതിനാൽ പ്രാഥമിക പരീക്ഷ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയും അന്തിമ പരീക്ഷ വിവരണാത്മകമായും നടത്തുന്നതിന് പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് ഭാഗം-2 -ൽ ശിപാർശ ചെയ്തിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ്

53 (4162) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കു ശേഷം ഐ.ആർ.ഡി.എ. അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യ പത്രത്തിന്റെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും, ആയത് അനുസരിച്ചുള്ള കരട് RFP (Request for Proposals) യും തയ്യാറാക്കി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാവുകയുള്ളൂ. താൽപ്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ അനുകൂലമായി പ്രതികരിച്ച അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ താഴെപ്പറയുന്നവയാണ്:

1. ദി ഓറിയന്റ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
2. ദി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡ്
3. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
4. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
5. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

54 (T+ 4163) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ആനുകൂല്യം ലഭിക്കാത്ത രോഗങ്ങൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടരുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്ക് ശേഷം ഐ.ആർ.ഡി.എ. അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. തുടർന്ന് സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി നടത്തിയ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളനുസരിച്ച് പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request for Proposals) -യും തയ്യാറാക്കി വരുന്നു. അതോടൊപ്പം സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചുവരുന്നു. RFP (Request for Proposals) യും ടെണ്ടർ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന രോഗങ്ങളുടെ അന്തിമ പട്ടിക ലഭ്യമാകുകയുള്ളൂ.

### പങ്കാളിത്ത പെൻഷൻ പുന:പരിശോധിക്കുന്നതിന് സമിതി

55 (4164) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് നിയോഗിച്ച സമിതിയുടെ ഘടനയും കാലാവധിയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) സമിതിയുടെ റിപ്പോർട്ട് അനുകൂലമായാൽ നിയമാനുസൃത പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുമോ; വ്യക്തമാക്കാമോ;

---

\+ 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട.ഐ.എ.എസ്.) പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി. ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആറ് മാസത്തിനകം സമിതി ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

56 (4165) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സർവ്വീസിൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയാണോ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര പദ്ധതി പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും സംസ്ഥാന ജീവനക്കാർക്കും ലഭ്യമാക്കണമെന്നും അതിന് ശേഷം കൂടുതൽ ആനുകൂല്യങ്ങൾ നൽകണമെങ്കിൽ സംസ്ഥാന സർക്കാരുകൾക്ക് സ്വന്തം നിലയിൽ തീരുമാനം കൈക്കൊള്ളാമെന്നുമാണ് പി.എഫ്.ആർ.ഡി.എ. വ്യക്തമാക്കിയിരിക്കുന്നത് എന്നിരിക്കെ കേന്ദ്ര പദ്ധതി പ്രകാരമുള്ള പല ആനുകൂല്യങ്ങളും സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നാളിതുവരെ ലഭ്യമാക്കാത്തത് എന്താണെന്ന് അറിയിക്കാമോ;

(സി) ഡി.എ. കുടിശ്ശിക, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ പി.എഫ്.-ൽ ലയിപ്പിക്കുമ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അടിസ്ഥാന ശമ്പളവും ഡി.എ.-യും ചേരുന്ന തുകയുടെ പത്ത് ശതമാനവും തുല്യമായ സർക്കാർ വിഹിതവും പ്രാൺ അക്കൗണ്ടിൽ നിക്ഷേപിക്കാത്തത് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ പി.എഫ്-ൽ അടയ്ക്കുന്നത് ജീവനക്കാരന്റെ മാത്രം വിഹിതമാണെന്നും അതിൽ സർക്കാർ വിഹിതം ഇല്ലെന്നും ആയത് പദ്ധതി പ്രകാരം ശരിയായ നടപടിയല്ല എന്നും അക്കൗണ്ടന്റ് ജനറൽ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ധനകാര്യ വകുപ്പ്, അക്കൗണ്ടന്റ് ജനറൽ, ട്രഷറി എന്നിവരുമായി 3-7-2018-ന് നടത്തിയ മീറ്റിംഗിന്റെ മിനിട്ട്സ് ലഭ്യമാക്കാമോ;

(എഫ്) 7-6-2018-ലെ സ.ഉ.(പി) നമ്പർ 84/2018/ധന ഉത്തരവ് പ്രകാരം ജീവനക്കാർക്ക് 2018 ജൂൺ മാസത്തെ ശമ്പളത്തോടൊപ്പം അനുവദിച്ച ഡി.എ. കുടിശ്ശികയിൽ നിന്നും ശമ്പളപരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു അനുവദിച്ചതിൽ നിന്നും ജീവനക്കാരന്റെയും സർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ വിഹിതം നാളിതുവരെയും ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ അടയ്ക്കാത്തത് എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക എന്നേയ്ക്ക് അടയ്ക്കാനാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പി.എഫ്.ആർ.ഡി.എ. പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 7-11-2018 തീയതിലെ സ.ഉ.(പി) നമ്പർ 172/2018/ധന. പ്രകാരം ദേശീയ പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 24-2-2014 തീയതിലെ സ.ഉ.(പി) നമ്പർ 81/2014/ധന. പ്രകാരം സംസ്ഥാനത്ത് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നവർക്ക് പി.എഫ്. നിലനിർത്തിയിട്ടുള്ളതാണ്. 13-10-2014 തീയതിയിലെ സ.ഉ.(പി) നമ്പർ 440/2014/ധന പ്രകാരം ഡി.എ., ശമ്പള പരിഷ്കരണ കുടിശ്ശികകൾ പി.എഫ്-ൽ ലയിപ്പിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) അക്കൗണ്ടന്റ് ജനറൽ അപ്രകാരം ഒരു നിർദ്ദേശം നൽകിയിട്ടില്ല.

(ഇ) 30-7-2018-ന് നടത്തിയ ഡിസ്കഷന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(എഫ്) 3-4-2017-തീയതിലെ സ.ഉ.(പി) നമ്പർ 43/2017/ധന. ഉത്തരവുപ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക തുകയിൽ നിന്നും ജീവനക്കാരന്റെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും പത്ത് ശതമാനം കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ചട്ടലംഘനം

57 (4166) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായ സെക്രട്ടേറിയറ്റിലെ പൊതുഭരണ, ധനകാര്യ, നിയമ വകുപ്പുകളിൽ ഏതെങ്കിലും ജീവനക്കാരെ വ്യക്തി താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ അവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ ചട്ടങ്ങൾ മറികടന്ന് അനുമതി നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര പേർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമാകാൻ അനുമതി നൽകിയത് എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മേൽ വിഷയം പരിശോധിക്കുമോ; ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## സർക്കാർ ജീവനക്കാരുടെ അവധി യാത്രാനുകൂല്യം

58 (4167) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യ പ്രകാരം (എൽ.ടി.സി.) യാത്ര ചെയ്യാവുന്ന പരമാവധി ദൂരം എത്രയാണ്;

(ബി) പ്രസ്തുത ദൂരത്തെ കരമാർഗ്ഗമുള്ള സഞ്ചാര ദൂരം മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ;

(സി) യാത്രാ ചട്ടങ്ങൾ പ്രകാരം വിമാനയാത്രയ്ക്ക് അർഹനായ ഒരുദ്യോഗസ്ഥൻ വിമാന മാർഗ്ഗം യാത്ര നടത്തിയാൽ ആകാശ ദൂരം (Air distance) അടിസ്ഥാനമാക്കി പരമാവധി ദൂരം കണക്കാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യപ്രകാരം (എൽ.ടി.സി.) യാത്ര ചെയ്യാവുന്ന പരമാവധി ദൂരം 6500 കി.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) എൽ.ടി.സി. പ്രകാരം യാത്ര ചെയ്യുന്നതിനുള്ള ദൂരത്തെ കരമാർഗ്ഗമുള്ള സഞ്ചാരദൂരം മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) 2-1-2013-ലെ സ.ഉ.(പി) നമ്പർ 5/2013/ധന. ഉത്തരവ് അനുസരിച്ച് ഹോം ടൗണിൽ നിന്നും പ്രഖ്യാപിത ലക്ഷ്യസ്ഥാനത്തേയ്ക്കുള്ള യാത്രാ തുകയാണ് അവധി യാത്രാ ആനുകൂല്യത്തിന്റെ ഭാഗമായി അനുവദിച്ച് നൽകുന്നത്. കെ.എസ്.ആർ ഭാഗം II-ലെ യാത്രാചട്ടങ്ങൾ പ്രകാരം, എൽ.ടി.സി. ഉൾപ്പെടെയുള്ള യാത്രകൾക്ക് വിമാനമാർഗ്ഗം യാത്ര നടത്തിയാൽ ആകാശദൂരം (Air distance) അടിസ്ഥാനമാക്കി പരമാവധി ദൂരം കണക്കാക്കുന്നത് സംബന്ധിച്ച് നിബന്ധനകൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

## സർക്കാർ ഉദ്യോഗസ്ഥരുടെ ഭവന വായ്പ

59 (4168) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള ഭവനവായ്പ നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളിലൂടെ നടപ്പിലാക്കുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സർക്കാർ ഉത്തരവ് 91/2017/Fin. dtd.17-7-2017 പ്രകാരം മരണപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ അഞ്ച് ലക്ഷം വരെയുള്ള ഭവനവായ്പ എഴുതിത്തള്ളുന്നത് പുതിയ അപേക്ഷകൾക്കും ബാധകമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ മരണപ്പെട്ട ജീവനക്കാരന്റെ ഭവന വായ്പ എഴുതി തള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) 5-7-2018-ലെ സ.ഉ.(അച്ചടി) നമ്പർ 105/2018/ധന. 11-9-2018-ലെ സ.ഉ.(അച്ചടി) നമ്പർ 143/2018/ധന. ഉത്തരവുകൾ പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, LIC, HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവയിൽ നിന്ന് സർക്കാർ ജീവനക്കാർക്ക് ഭവന വായ്പ എടുക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതിന് ധനകാര്യവകുപ്പ് NOC-യും സബ്സിഡിയും നൽകുന്നതും ഒരു ഡെഡിക്കേറ്റഡ് സോഫ്റ്റ്‌വെയറിലൂടെയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പദ്ധതിക്കുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ നിർമ്മാണ ഘട്ടത്തിലാണുള്ളത്.

(ബി&സി) ജീവനക്കാർക്ക് സർക്കാരിൽ (മറ്റ് സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നുമുള്ള വായ്പകളും ഉൾപ്പെടുന്നതാണ്) നിന്നെടുത്ത ഭവന വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശരഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ എന്നിവയാണ് 17-7-2017-ലെ സ.ഉ.(പി) നമ്പർ. 91/17/ധന. നമ്പർ പ്രകാരം (5 ലക്ഷം വരെയുള്ള ബാദ്ധ്യതകൾ) എഴുതിത്തള്ളുന്നത്. പരിഷ്കരിച്ച ഭവന വായ്പാ പദ്ധതി പ്രകാരം വായ്പ നൽകുന്നത് സർക്കാർ അല്ലാത്തതിനാൽ ഇത്തരത്തിലുള്ള ഭവന വായ്പ ഇപ്പോൾ ടി ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല. നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ഈ ആനുകൂല്യം തുടർന്നും ലഭിക്കുന്ന കാര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി

60 (T*4170) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രഖ്യാപിക്കുന്നതിന് മുമ്പ് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുകയും പരീക്ഷ നടത്തുകയും പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും 2013 മാർച്ച് 31 -ന് മുമ്പ് ജോലിക്ക് പ്രവേശിച്ചവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുകയും അതിനു ശേഷം ജോലിക്ക് പ്രവേശിച്ചവർക്ക് പങ്കാളിത്ത പെൻഷനുമാണ് നടപ്പിയാക്കിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) 2013-ൽ കേന്ദ്ര ജീവനക്കാർ നടത്തിയ നിയമപോരാട്ടത്തിൽ ബഹു. സുപ്രീകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഈ വിവേചനം നേരിട്ട ജീവനക്കാരെ കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇതേ വിവേചനം നേരിട്ട സംസ്ഥാന ജീവനക്കാരെ കൂടി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തുമോ;

(സി) ടി വിഷയം പങ്കാളിത്ത പെൻഷൻ പദ്ധതി പുനർനിർണ്ണയ സമിതിയുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ-സി) 7-1-2013-ലെ സ.ഉ.(പി) നമ്പർ 20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാരിലോ സർക്കാരിന് കീഴിലെ കെ.എസ്.ആർ. ഭാഗം III ബാധകമായിരിക്കുന്ന സ്ഥാപനങ്ങളിലോ 1-4-2013 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതിക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## വിദ്യാഭ്യാസ വായ്പാ സഹായ പദ്ധതി

61 (4171) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുവാൻ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ബി) പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിമൂലം എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചുവെന്നും എത്ര കോടി രൂപ സർക്കാരിന് ഇതുമൂലം ബാധ്യതയുണ്ടായിയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16-5-2017 തീയതിയിലെ സ.ഉ.(പി) നമ്പർ 65/2017/ധന., 12-7-2017 തീയതിയിലെ സ.ഉ.(പി) നമ്പർ. 89/2017/ധന., 30.10.2017 തീയതിയിലെ സ.ഉ.(പി) നമ്പർ 135/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017 തീയതിയിലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20-11-2017 തീയതിയിലെ 81/2017/ധന. സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധനം. ഉത്തരവ് പ്രകാരം നിലവിൽവന്ന വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ 12-7-2017-ലെ സ.ഉ.(പി) നമ്പർ 89/2017/ധന. നമ്പർ 30-10-2017-ലെ സ.ഉ.(പി) നമ്പർ 135/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതികൾ വരുത്തുകയും 7-6-2018 തീയതിയിലെ സ.ഉ.(പി) നമ്പർ 85/2018/ധന. ഉത്തരവ് പ്രകാരം ചില മാനദണ്ഡങ്ങൾക്കുള്ള വിശദീകരണം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്ത 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതി**

62 (4172) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതിപ്രകാരം 31-3-2016-ന് ശേഷം കുടിശ്ശിക ആയിട്ടുള്ളതും തിരിച്ചടവ് ആരംഭിച്ചിട്ടുള്ളതുമായ വായ്പകൾക്ക് സഹായം നല്കുന്നതിന് നിലവിൽ അനുമതി നല്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് കൂടി തിരിച്ചടവ് സഹായം അനുവദിക്കുന്നത് സംബന്ധിച്ച നടപടി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ 31-3-2016-ന് ശേഷം കുടിശ്ശികയായതും തിരിച്ചടവ് സഹായം അഭ്യർത്ഥിച്ചും കോതമംഗലം താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ 31-3-2016 -ന് ശേഷം കുടിശ്ശിക ആയിട്ടുള്ള അപേക്ഷകർക്കും വായ്പ തിരിച്ചടവ് സഹായം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി & ഡി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് 1-4-2016-നു മുൻപ് തിരിച്ചടവ് തുടങ്ങിയതോ 31-3-2016-നോ അതിനു മുൻപോ എൻ.പി.എ. ആയതും 31-3-2016-ന് എൻ.പി.എ. ആയി തുടരുന്നതുമായ ലോണുകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. 31-3-2016-നുശേഷം കുടിശ്ശിക ആയിട്ടുള്ളതും തിരിച്ചടവ് ആരംഭിച്ചിട്ടുള്ളതുമായ വായ്പകൾക്ക് സഹായം നല്കുന്നതിന് നിലവിൽ അനുമതി നല്കിയിട്ടില്ല. ഇത്തരത്തിലുള്ള വായ്പകൾക്കുകൂടി വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിവഴി സഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. ഇതിനായുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നില്ല.

(സി) ബാധകമല്ല.

**പ്ലാൻ ഫണ്ട്**

63 (4173) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി നിലവിലെ പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പുനർനിർമ്മാണ ത്തിനായി നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% വെട്ടിക്കുറയ്ക്കുന്നതിന് പൊതുമരാമത്ത് (റോഡുകൾ), ജലവിഭവ വകുപ്പുകൾ

ഒഴികെയുള്ള എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളേയും കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ സംസ്ഥാന വിഹിതവും, EAP, NABARD സ്കീമുകൾ എന്നിവയേയും 20% പദ്ധതി വെട്ടിച്ചുരുക്കലിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

## കേന്ദ്ര ബജറ്റ് വിഹിതം

64 (4174) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് ലഭിക്കുമെന്ന് കരുതുന്ന തുക എത്ര വീതമാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) ആയതുപ്രകാരം 2018 ഒക്ടോബർ 31 വരെ എന്ത് തുക ലഭിച്ചു; നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചു;വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2018-19-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം എത്ര കോടി രൂപ വീതമായിരിക്കുമെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) ആയതുപ്രകാരം 2018 ഒക്ടോബർ 31 വരെ കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും വിഹിതമായി എത്ര കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 2018-2019 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി 19932.27 കോടി രൂപയും ധനകാര്യ കമ്മീഷൻ ശിപാർശ ഉൾപ്പെടെയുള്ള സഹായധനമായി കേന്ദ്രത്തിൽ നിന്നും 10009.39 കോടി രൂപയും സംസ്ഥാനം പ്രതീക്ഷിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2018 ഒക്ടോബർ 31 വരെ കേന്ദ്ര നികുതി വിഹിതമായി 9761.40 കോടി രൂപയും കേന്ദ്ര ധനസഹായമായി 4319.72 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചു. വകുപ്പുതല താൽക്കാലിക കണക്കുകൾ പ്രകാരം 10-12-2018 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 3323.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## ക്ഷേമ പെൻഷനുകളുടെ തുക വർദ്ധന

65 (4175) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ വാങ്ങുന്ന 75 വയസ്സ് കഴിഞ്ഞവർക്കെല്ലാം 1500 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർദ്ധക്യകാല പെൻഷൻ നൽകുന്നതുപോലെ 75 കഴിഞ്ഞ ക്ഷേമ പെൻഷൻ വാങ്ങുന്നവർക്കെല്ലാം പെൻഷൻ തുക 1500 രൂപയാക്കി വർദ്ധിപ്പിക്കുമോ?

ഉത്തരം

(എ&ബി) എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം ക്ഷേമ പെൻഷനുകളിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിതരണം യഥാസമയം നടത്തുകയും ചെയ്യുന്നു. ക്ഷേമ പെൻഷൻ ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ഉചിതമായ സമയത്ത് പരിശോധിക്കുന്നതാണ്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

66 (4176) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അയോഗ്യരെന്ന് കണക്കാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ തടഞ്ഞുവക്കപ്പെട്ടവരിൽ പുനഃപരിശോധനയിലൂടെ യോഗ്യരെന്ന് കണ്ടെത്തിയവർക്ക് കുടിശ്ശിക അടക്കം പെൻഷൻ നൽകുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ഉണ്ട്. അനർഹരെന്ന് കണ്ട് പെൻഷൻ താൽക്കാലികമായി തടഞ്ഞുവയ്ക്കപ്പെട്ടവരിൽ അർഹരും ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് ഇത്തരത്തിൽ പെൻഷൻ താൽക്കാലികമായി തടയപ്പെട്ട അർഹരായവർക്ക് ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വളരെ അടിയന്തര പ്രാധാന്യത്തോടെ തന്നെ തടഞ്ഞുവയ്ക്കപ്പെട്ട പെൻഷൻ അനുവദിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി 20.92 കോടി രൂപ ഇതിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

## അർഹരായവർക്ക് മാത്രം സാമൂഹ്യ സുരക്ഷാ പെൻഷൻ

67 (4177) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് അധികമായി എന്ത് ബാധ്യത ഉണ്ടായിട്ടുണ്ട്;വ്യക്തമാക്കുമോ?

### ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായവർക്ക് മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിലേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമേ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ എന്നും ഇതിന് വിരുദ്ധമായി അനർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കപ്പെടുകയാണെങ്കിൽ അത്തരത്തിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയും അപേക്ഷയിന്മേൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ബാധ്യസ്ഥരായിരിക്കുമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെട്ട വ്യക്തികളുടെ മരണവിവരം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്യാതെ അവരുടെ പെൻഷൻ അനന്തരാവകാശികൾ തട്ടിയെടുക്കുന്നത് തടയുന്നതിലേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട വിവരം റിപ്പോർട്ട് ചെയ്യുമ്പോൾത്തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യാനും ഇത്തരത്തിൽ മരണപ്പെട്ട ശേഷവും അനന്തരാവകാശികൾ വാങ്ങിയ തുക തിരികെ സർക്കാരിൽ മുതൽക്കൂട്ടുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സിവിൽ രജിസ്ട്രേഷൻ ഡേറ്റാ ബേസുമായി ഒത്തുനോക്കി മരണപ്പെട്ട വ്യക്തികളെ പെൻഷൻ ഡേറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമായ ക്രമീകരണങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഡേറ്റാ ബേസുമായി ഒത്തുനോക്കി 1000 CC യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി അല്ലാത്ത 4-ഉം അതിന് മുകളിലും ചക്രങ്ങളുള്ള

വാഹനങ്ങൾ (അംബാസിഡർ ഒഴികെ) സ്വന്തം പേരിലുള്ളവരെ ഒഴിവാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയാണ് ഇതിനുള്ള ഉത്തരവാദിത്വപ്പെട്ട അധികാരി.

(ബി) ഉണ്ട്. നിലവിൽ ഈ പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്നിട്ടില്ല. എന്നാൽ ശ്രീ. പി. എം. എ. ജലീൽ എന്ന വ്യക്തി ഇതിനെതിരെ ബഹുമാനപ്പെട്ട ലോകായുക്തയിൽ ഒരു ഹർജി നൽകിയിട്ടുണ്ട്.

(സി)സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരു ഗുണഭോക്താവിന്റെ വീട്ടിൽ കൊണ്ടുചെന്ന് എത്തിക്കുന്നതിന് പ്രാഥമിക സഹകരണ സംഘത്തിന് 50 രൂപ നൽകുന്നു. ഇതിൽ 40 രൂപ വിതരണം ചെയ്യുന്ന ഏജന്റിനും 10 രൂപ സഹകരണ സംഘത്തിനും ലഭിക്കുന്നതാണ്. 2018 ഏപ്രിൽ മാസത്തിൽ വിഷുവിനോടനു ബന്ധിച്ച് വിതരണം ചെയ്ത 4 മാസത്തെ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിലെത്തിച്ച ഇനത്തിൽ 9.34 കോടി രൂപ ചെലവായിട്ടുണ്ട്. മണി ഓർഡറായി പെൻഷൻ അയയ്ക്കുന്നതിന് 5% ആണ് മണി ഓർഡർ കമ്മീഷൻ. ഒരു തവണ പെൻഷനായി എത്ര രൂപ അയച്ചാലും ഒരു പെൻഷണർക്ക് 50 രൂപ നിരക്കിലാണ് ഇപ്പോഴത്തെ സംവിധാനത്തിൽ നൽകുന്നത്. മണി ഓർഡർ കമ്മീഷനെ അപേക്ഷിച്ച് ചെലവ് ഗണ്യമായി കുറയുകയാണുണ്ടായത്.

**റബ്ബർ വില സ്ഥിരതാ പദ്ധതി**

68 (4178) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവ് കർഷകർക്ക് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) 'റബ്ബർ വില സ്ഥിരതാ പദ്ധതി' പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഇത് സഹായകമാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ വർഷവും എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗൗരവമായി കാണുന്നുണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായാണ് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട്

ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം കർഷകർക്ക് റബ്ബറിന് കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്താനാകും. കൂടാതെ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി സഹഅദ്ധ്യക്ഷനായും രൂപീകരിച്ചിട്ടുള്ള 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ' സമിതി തയ്യാറാക്കിയ റിപ്പോർട്ട് 27-06-2018-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നാലാംഘട്ടം നിലവിൽ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 298.91 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 1-12-2018 വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച മുഴുവൻ ബില്ലുകളുടെയും (2018 ഒക്ടോബർ മാസം വരെയുള്ള ബില്ലുകൾ) സബ്സിഡി തുക കർഷകർക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി തുടരുന്നത് റബ്ബർ വിലയിടിവുമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകരമാകുമെന്ന് കരുതുന്നു.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം ഇതുവരെ ആകെ 824.61 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 300.64 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 225.06 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 298.91 കോടി രൂപയുമാണ് സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്.

## പിന്നോക്ക വികസന കോർപ്പറേഷന്റെ മേഖലാ ഓഫീസുകൾ

69 (4179) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലം ഉൾപ്പെടെ 10 കേന്ദ്രങ്ങളിൽ പിന്നോക്ക വികസന കോർപ്പറേഷന്റെ മേഖലാ ഓഫീസുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഉള്ള സ്ഥലത്തേയ്ക്ക് പിന്നോക്കവികസന വകുപ്പിൽ നിന്നും 8-5-2017-ൽ 139/A1/2017 നമ്പർ ആയി ധനവകുപ്പിന് നൽകിയ ശിപാർശ പ്രകാരം എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പിന്നോക്ക വികസന കോർപ്പറേഷന്റെ പുതിയ മേഖലാ ഓഫീസുകൾ സ്ഥാപിച്ചാൽ ധനവകുപ്പിന് ഏതെങ്കിലും തരത്തിൽ ഉള്ള സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രൊപ്പോസൽ മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷന് മൂലധന ഇനത്തിൽ സർക്കാർ വർഷാവർഷം അനുവദിക്കുന്ന ഫണ്ട് വിനിയോഗിച്ചാണ് ഓഫീസ് സ്ഥാപിക്കൽ, തസ്തിക സൃഷ്ടിക്കൽ, ശമ്പളം/അലവൻസ് എന്നീ ഇനങ്ങളിൽ ഉണ്ടാകുന്ന recurring, non-recurring ചെലവ് കണ്ടെത്തേണ്ടത്.

**പ്രളയംമൂലം സംഭവിച്ച സാമ്പത്തിക പ്രതിസന്ധി**

70 (4180) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം സംഭവിച്ച സാമ്പത്തിക പ്രതിസന്ധി അതിജീവിക്കുന്നതിനായി ഈ സർക്കാർ എന്തെങ്കിലും തരത്തിലുള്ള അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരണം നൽകാമോ;

(ബി) അടിയന്തര ധനസമാഹരണം നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

(സി) പ്രളയദുരന്തത്തിന്റെ ഫലമായുണ്ടായ ദ്രവ്യനാശം, ജീവനോപാധികളുടെ നഷ്ടം, മറ്റ് തരത്തിലുള്ള വരുമാന നഷ്ടം എന്നിവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പുവർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും

കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്താനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനുമുതകുന്ന നിർദ്ദേശങ്ങളും പ്രാബല്യത്തിലുണ്ട്.

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന ജി.എസ്.ടി.-ക്ക് പുറമെ 10% സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ലോക ബാങ്ക്, എ.ഡി.ബി. എന്നിവയിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനും നിലവിൽ മേൽ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

(സി) പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,996 കോടി രൂപയും, റാപ്പിഡ് ഡാമേജ് അസെസ്സ്മെന്റ് ആന്റ് നീഡ്സ് അനാലിസിസ് (Rapid Damage Assessment and Needs Analysis-RDANA) റിപ്പോർട്ട് അനുസരിച്ച് 25,050 കോടി രൂപയുമാണ്.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള കരാറുകൾ

71 (4181) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് എത്ര തുകയുടെ കരാറുകൾ വിവിധ സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുണ്ട്;

(ബി) കരാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇത്തരത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിൽ സൂക്ഷിച്ചിട്ടില്ല.

## സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ സുരക്ഷ

72 (4182) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മാനവവിഭവ വിവരങ്ങൾ സൂക്ഷിക്കുന്ന സ്പാർക്കിൽ നിന്നും വിവരങ്ങൾ ചോർന്നിട്ടുണ്ടെന്ന വാർത്തയിലെ വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും സ്പാർക്ക് മുഖേന പ്രോസസ്സ് ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെയോ വ്യക്തികളെയോ ഏൽപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) സ്പാർക്കിൽ നിന്ന് വിവരങ്ങൾ ചോരുന്നുവെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷ പുനരവലോകനത്തിന്റെ ഭാഗമായിട്ടും 27-3-2018-ൽ 21/2018/ധന. പരിപത്രം പ്രകാരം സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഡി.ഡി.ഒ.-മാരും വകുപ്പ് തലവന്മാരും പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്പാർക്കിൽ നിന്ന് വിവരങ്ങൾ ചോരുന്നുവെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷ പുനരവലോകനത്തിന്റെ ഭാഗമായിട്ടും 27-3-2018-ൽ 21/2018/ധന. പരിപത്രം പ്രകാരം സ്പാർക്ക് സോഫ്റ്റ്‌വെയറിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഡി.ഡി.ഒ.-മാരും വകുപ്പ് തലവന്മാരും പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പാസ്സ്‌വേർഡ് പുനഃക്രമീകരിക്കുന്നതിനുള്ള സമയക്രമം 60 ദിവസത്തിൽ നിന്ന് 30 ദിവസമാക്കി കുറച്ചിട്ടുണ്ട്.

## ജി.എസ്.ടി. നികുതി വരുമാനത്തിലെ കമ്മി

73 (4183) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഓരോ മാസവും സംസ്ഥാനത്തെ നികുതി വരുമാനം ലഭ്യമാക്കുമോ;

(ബി) എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. നികുതി വരുമാനത്തിലെ കമ്മി പരിഹരിക്കാൻ കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ട് ഓരോ മാസത്തേയും പ്രത്യേകം കണക്ക് ലഭ്യമാക്കാമോ?

**ഉത്തരം**

(എ)ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഓരോ മാസത്തെയും സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ വരുമാനം ചുവടെ ചേർക്കുന്നു.

| മാസം | ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ) |
|---|---|
| (1) | (2) |
| ആഗസ്റ്റ് 2017 | 3169.3 |
| സെപ്റ്റംബർ 2017 | 2881.94 |
| ഒക്ടോബർ 2017 | 3133.53 |
| നവംബർ 2017 | 3014.00 |
| ഡിസംബർ 2017 | 3613.51 |
| ജനുവരി 2018 | 2946.29 |
| ഫെബ്രുവരി 2018 | 3022.50 |

| (1) | (2) |
|---|---|
| മാർച്ച് 2018 | 3974.41 |
| ഏപ്രിൽ 2018 | 2168.59 |
| മേയ് 2018 | 2693.66 |
| ജൂൺ 2018 | 4661.41 |
| ജൂലൈ 2018 | 3030.71 |
| ആഗസ്റ്റ് 2018 | 3017.24 |
| സെപ്റ്റംബർ 2018 | 2892.53 |
| ഒക്ടോബർ 2018 | 4217.36 |

(ബി) എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. നികുതി വരുമാനത്തിലെ കമ്മി പരിഹരിക്കാൻ കേന്ദ്ര സർക്കാർ നൽകിയ കോമ്പൻസേഷൻ ചുവടെ ചേർക്കുന്നു.

| മാസം | ലഭിച്ച കോമ്പൻസേഷൻ (തുക കോടിയിൽ) |
|---|---|
| ജൂലൈ, ആഗസ്റ്റ് 2017 | 810.00 |
| സെപ്റ്റംബർ, ഒക്ടോബർ 2017 | 395.00 |
| ജനുവരി, ഫെബ്രുവരി 2018 | 567.00 |
| മാർച്ച് 2018 | 330.00 |
| ഏപ്രിൽ, മേയ് 2018 | 67.00 |
| ജൂൺ, ജൂലൈ 2018 | 780.00 |
| ആഗസ്റ്റ്, സെപ്റ്റംബർ 2018 | 1033.00 |

## ജി.എസ്.ടി. നടപ്പിലാക്കിയത് മുതലുള്ള നികുതി വെട്ടിപ്പ് കേസ്സുകൾ

74 (4184) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയത് മുതൽ കേരളത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തെല്ലാം പരിമിതികളാണുള്ളത്;

(സി) ടി കേസ്സുകളിൽ ബന്ധപ്പെട്ടവർക്കെതിരെ നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമ നടപടികൾ സ്വീകരിക്കുന്നതിന് പരിമിതികൾ ഉണ്ടോ?

ഉത്തരം

(എ&ബി) ജി.എസ്.ടി. നടപ്പിലാക്കിയത് മുതൽ കേരളത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് 8354 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന് സർക്കാരിന് പരിമിതികളില്ല.

(സി) നികുതി വെട്ടിപ്പ് സംബന്ധിച്ച് വകുപ്പ് തലത്തിൽ എടുത്ത കേസ്സുകളിൽ ജി.എസ്.ടി. ചട്ടങ്ങൾ അനുശാസിക്കുന്ന നികുതിയും പിഴയും ഈടാക്കി സാധനങ്ങൾ വിട്ടുകൊടുത്തിട്ടുണ്ട്. ചില കേസ്സുകളിൽ ഇവ ഈടാക്കുന്നതിനുള്ള നോട്ടീസുകൾ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമ നടപടികൾ സ്വീകരിക്കുന്നതിന് പരിമിതികളില്ല.

## ജി.എസ്.ടി.-ക്കുശേഷമുള്ള നികുതിവരുമാനം

75 (4185) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരുമാനം എത്രയെന്നും നടപ്പ് സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള വരുമാനം എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം 2018-19 സാമ്പത്തിക വർഷം 31-10-2018 വരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ നികുതി വരുമാനത്തിൽ (ജി.എസ്.ടി., കെ.ജി.എസ്.ടി. എന്നിവയടക്കം) 15 ശതമാനം വർദ്ധനവ് (കോമ്പൻസേഷൻ ഒഴികെ) ഉണ്ടായിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരുമാനം 38403.69 കോടിയും (കോമ്പൻസേഷൻ ഉൾപ്പെടെ) നടപ്പുസാമ്പത്തിക വർഷം 31-10-2018 വരെ 22681.50 കോടി രൂപയും (കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച 1880 കോടി ഒഴികെ) ലഭിച്ചിട്ടുണ്ട്.

## ചരക്ക് സേവന നികുതി ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണറുടെ ഓഫീസുകൾ

76 (4186) <u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന ചരക്ക് സേവന നികുതി ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഒരു ജില്ലക്ക് ഒന്നു എന്ന കണക്കിലാണോ പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒന്നിൽ കൂടുതൽ ഓഫീസുകൾ ഉള്ള ജില്ലയോ ഒരു ഓഫീസും ഇല്ലാത്ത ജില്ലയോ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത്തരത്തിൽപ്പെട്ട ജില്ലകൾ ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) എല്ലാ ജില്ലകളിലും അതാത് ജില്ലാ ആസ്ഥാനങ്ങളിലാണോ പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് ജില്ലയുടെ ആസ്ഥാനമായ കാസർഗോഡ് ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണരുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ എന്നും എങ്കിൽ എത്ര കാലമായി പ്രവർത്തിച്ചു വരുന്നുവെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത ഓഫീസ് ജില്ലാ ആസ്ഥാനത്ത് നിന്ന് മറ്റൊരിടത്തേക്ക് മാറ്റി ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എവിടത്തേയ്ക്കാണ് മാറ്റിയതെന്നും , മാറ്റത്തിനുള്ള ന്യായീകരണമെന്താണെന്നും വ്യക്തമാക്കാമോ;

(ജി) ജില്ലാ ആസ്ഥാനത്ത് നിന്ന് ഓഫീസ് മാറ്റണമെന്നാവശ്യപ്പെട്ട് വ്യക്തികളോ സംഘടനകളോ ജനപ്രതിനിധികളോ അപേക്ഷകൾ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)ന്റെ കാര്യാലയങ്ങളാണ് ഉള്ളത്.

(ബി) ഒരു ജില്ലയ്ക്ക് ഒരു ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് എന്ന കണക്കിലല്ല പ്രവർത്തിക്കുന്നത്. റീജിയണൽ ഓഫീസ് എന്ന രീതിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)-ന്റെ കീഴിലും, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)-ന്റെ കീഴിലും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ കോഴിക്കോട് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)-ന്റെ കീഴിലും പ്രവർത്തിക്കുന്നു.

(സി) ഒരു ജില്ലയിൽ ഒന്നിൽക്കൂടുതൽ ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസ് പ്രവർത്തിക്കുന്നില്ല. ഡെപ്യൂട്ടി കമ്മീഷണർ, ഇന്റലിജൻസിന്റെ കാര്യാലയം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മാത്രമാണുള്ളത്. ഇതിന്റെ നിയന്ത്രണത്തിലുള്ള സബ് ഓഫീസുകൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ജില്ലാ ആസ്ഥാനത്ത് (കളക്ടറേറ്റിൽ) അല്ല പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്ത് വകുപ്പിന്റെ ആസ്ഥാന കാര്യാലയമായ ടാക്സ് ടവർ കരമനയിലും, എറണാകുളത്ത് കാക്കനാട് ഉള്ള വാടക കെട്ടിടത്തിലും കോഴിക്കോട് ചരക്ക് സേവന നികുതി വകുപ്പിന്റെ നടക്കാവിലുള്ള എസ്.ജി.എസ്.ടി. കോംപ്ലക്സിലുമാണ് പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നത്.

(ഇ) ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് കാസർഗോഡ് ജില്ലയിൽ ഇല്ല. കാസർഗോഡ് ജില്ലയിലെ ഇന്റലിജൻസ് സബ് ഓഫീസുകൾ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) കോഴിക്കോടിന്റെ അധികാരപരിധിയിലാണ്.

(എഫ്) കാസർഗോഡ് ജില്ലയിൽ വകുപ്പിന് ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് ഇല്ലാത്തതിനാൽ പ്രസ്തുത കാര്യാലയം മാറ്റാൻ ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ നിലവിൽ കാസർഗോഡ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാസർഗോഡ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്)-ന്റെ കാര്യാലയത്തിന്റെ മേൽക്കൂര കാലപ്പഴക്കത്താൽ പൂർണ്ണ അപകടാവസ്ഥയിലായതിനാലും വയറിംഗ് സംവിധാനത്തിലുള്ള തകരാർമൂലവും സംജാതമായ അപകടാവസ്ഥയുടെ ഗൗരവം മനസ്സിലാക്കി കെട്ടിടം അടിയന്തരമായി ഒഴിയാൻ ഉടമ ആവശ്യപ്പെട്ടിട്ടുണ്ട്. അപകടാവസ്ഥയുമായി ബന്ധപ്പെട്ട് പ്രസ്തുത ഓഫീസിന്റെ മേലധികാരിയായ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) കോഴിക്കോട് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഓർഡർ CT/178/16/17-B3 തീയതി 23-11-2018 പ്രകാരമുള്ള കമ്മീഷണറുടെ ഉത്തരവ് പ്രകാരം പ്രസ്തുത ഓഫീസ്, ജില്ലയിലെ ഇന്റലിജൻസ് വിംഗ് താൽക്കാലികമായി ഉപയോഗിക്കുന്ന വകുപ്പിന്റെ ജില്ലയിലെതന്നെ കാഞ്ഞങ്ങാട്ടുള്ള സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റാൻ ഉത്തരവായിട്ടുണ്ട്.

(ജി) ഈ കാര്യാലയത്തിലെ ജീവനക്കാർ കാസർഗോഡ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്)-ന്റെ ഓഫീസ് കെട്ടിടത്തിന്റെ അപകടാവസ്ഥ മൂലമുണ്ടായ ഭീതിയിൽ കെട്ടിടം ഒഴിയാനുള്ള നടപടിയെടുക്കാൻ പല പ്രാവശ്യം നിവേദനം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ധനദൃഢീകരണം**

77 (4187) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വികസന സൂചികയിൽ മുന്നിലുള്ള സംസ്ഥാനത്ത് മൂലധന നിക്ഷേപ വർദ്ധനവിലൂടെയും വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വൈദ്യസഹായം തുടങ്ങിയ സാമൂഹ്യ സേവന മേഖല ശാക്തീകരിക്കുന്നതിലൂടെയും ധനദൃഢീകരണം സാധ്യമാക്കുന്നതിന് നടപ്പാക്കി വരുന്ന കാര്യങ്ങൾ വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ തനത് നികുതി-നികുതിയേതര റവന്യൂ വർദ്ധനവിനായി നടത്തിവരുന്ന പരിശ്രമങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മുഖ്യ തനതു നികുതി സ്രോതസ്സായ എസ്.ജി.എസ്.ടി. നികുതിയിലെ ചോർച്ച ഒഴിവാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഇ-വേ ബിൽ പരിശോധന വഴി തൂക്കത്തിലും വിലയിലും നടത്തുന്ന കൃത്രിമം കണ്ടുപിടിക്കാൻ സാധ്യമാണോ?

<u>ഉത്തരം</u>

(എ) സമൂഹത്തിന്റെ എല്ലാ തുറകളിൽപ്പെട്ടവരെയും സ്പർശിക്കുന്നതും സമഗ്ര വികസനം സാദ്ധ്യമാക്കുന്നതും, അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ കവചം ഒരുക്കുന്നതുമായ നടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. എന്നാൽ കഴിഞ്ഞ കുറേ കാലങ്ങളായി തുടരുന്ന വരവിന്റേയും ചെലവിന്റേയും വളർച്ചാ നിരക്കുകൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതുമൂലമുള്ള അസന്തുലിതാവസ്ഥ മേൽനടപടികൾക്ക് ഒരു പ്രതിബന്ധമാണ്. വരുമാന വളർച്ചയിലൂന്നിയ ധനദൃഢീകരണ നടപടികളിലൂടെ ടി പ്രതിസന്ധി തരണം ചെയ്യുകയെന്നതാണ് സർക്കാർ നയം. പൊതുനിക്ഷേപം വർദ്ധിപ്പിച്ചും, അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും സർക്കാർ ചെലവ് ചെയ്യലിന്റെ മുൻഗണനയിൽ ക്ഷേമ വികസന ചെലവുകൾക്ക് പ്രാമുഖ്യം നൽകുക എന്നതും സർക്കാരിന്റെ നയമാണ്. ഇതിന്റെ ഭാഗമായി ധനദൃഢീകരണം സാദ്ധ്യമാകാനുതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ തനത് നികുതി - നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന നടപടികൾ ഇവയാണ്.

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

6. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിദ്ധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(സി & ഡി) എസ്.ജി.എസ്.ടി.യിലെ നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള പരിശോധന വകുപ്പ് നടത്തിവരുന്നു. ഇ-വേ ബിൽ സംവിധാനം നിലവിൽ വന്നശേഷം ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. അന്തർ സംസ്ഥാന ചരക്കു നീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ.-ന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക്പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇ-വേ ബിൽ നടപ്പിലാക്കിയ 2018 ജനുവരി മുതൽ നാളിതുവരെ 94 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഓൺലൈനായി എടുത്തിട്ടുണ്ട്. പ്രതിമാസം 2 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഇന്റലിജൻസ് വിഭാഗം പരിശോധനാവിധേയമാക്കി വരുന്നു.

ഇ-വേ ബില്ലിൽ കാണിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി തൂക്കത്തിലോ വിലയിലോ സാധനങ്ങളിലോ മാറ്റമുണ്ടെന്ന് കാണുകയോ ഇതുസംബന്ധിച്ച വിവരം ലഭിക്കുകയോ ചെയ്യുന്ന പക്ഷം ഇന്റലിജൻസ് വിഭാഗം വാഹനങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി നികുതി വെട്ടിപ്പ് തടയുന്നതാണ്.

## 2018-2019 വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

78 (4188) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ 30-11-2018 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കുമോ;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) തമിഴ് നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ചെക്ക്പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ 30-11-2018 വരെ സംസ്ഥാനത്ത് പിരിച്ചെടുത്ത തുക 25777.31 കോടി രൂപയാണ്. ഇതിനുപുറമേ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 1880 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സാമ്പത്തിക വർഷം 46795.68 കോടി രൂപയാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്.

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ചവന്നതായി കരുതുന്നില്ല. എന്നാൽ പ്രതീക്ഷിച്ച വരുമാന വർദ്ധനവായ 22% ലഭിച്ചിട്ടില്ല. 30-11-2018-ലെ കണക്കനുസരിച്ച് 13.33% വർദ്ധനവാണ് (കോമ്പൻസേഷൻ ഒഴികെ) ഉണ്ടായിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | ലഭിച്ച വരുമാനം (തുക കോടിയിൽ) |
|---|---|
| 30-11-2017 വരെ | 22744.98 |
| 30-11-2018 വരെ | 25777.31 |
| വർദ്ധനവ് | 13.33% |

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി അതിർത്തി പ്രദേശങ്ങളിൽ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നുണ്ട്.

## വാണിജ്യ നികുതി വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ

79 (4189) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിൽ നിന്നും വിരമിച്ച എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് വച്ചിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകൾ ഒരു വർഷത്തിനുമേൽ പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ;

(ബി) സുപ്രീംകോടതിയുടെ വിധിന്യായ പ്രകാരം സർക്കാരിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അവർക്ക് അവകാശപ്പെട്ടതാണെന്നും അവ വ്യക്തമായ ഉത്തരവില്ലാതെ തടഞ്ഞുവെയ്ക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 27-3-2002-ലെ സർക്കാർ ഉത്തരവ് (G.O.(Rt) No.185/2002) പ്രകാരം വിരമിച്ച ജീവനക്കാർക്ക് ഏതെങ്കിലും വിധത്തിലുള്ള ബാധ്യതകൾ ഉള്ള പക്ഷം അവ തിട്ടപ്പെടുത്തി റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കേണ്ടതാണെന്നും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവെയ്ക്കാൻ പാടില്ലാത്തതാണെന്നും ഉള്ള നിർദ്ദേശം അവഗണിച്ച് കൊണ്ട് വാണിജ്യ വകുപ്പിലെ ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന ഉദ്യോഗസ്ഥരുടെ നിലപാടുകൾക്ക് എതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിജിലൻസ് കേസ് തീർപ്പാക്കപ്പെടാത്തതും വകുപ്പുതല അച്ചടക്ക നടപടിയിൽ ഉൾപ്പെടുന്നതുമായ 34 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായി (DCRG, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ) നൽകാൻ കഴിഞ്ഞിട്ടില്ല. എന്നാൽ എല്ലാ കേഡറിലും മാസ പെൻഷന് തുല്യമായ തുക പ്രൊവിഷണലായി നൽകാറുണ്ട്. ഇതിൽ കോടതി ഉത്തരവ് നൽകിയ കേസ്സുകളിൽ ആയത് പ്രകാരം പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 30 കേസ്സുകൾ ഒരു വർഷത്തിനുമേൽ പഴക്കമുള്ളവയാണ്.

(ബി) ഉണ്ട്.

(സി)വിജിലൻസ് കേസ്, വകുപ്പുതല അച്ചടക്ക നടപടി എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ളത്.

## സബ്ട്രഷറി നിർമ്മാണം

80 (4190) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിലമ്പൂരിലെ 12.25 സെന്റ് സ്ഥലം സബ്ട്രഷറി നിർമ്മിക്കുന്നതിന് വിട്ടുനൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ട്രഷറി കെട്ടിട നിർമ്മാണം ഒരു വർഷത്തിനകം ആരംഭിക്കണം എന്ന നിബന്ധന ഉണ്ടോ; വിശദമാക്കാമോ;

(സി) ടി സ്ഥലത്ത് ഒരു വർഷത്തിനകം നിലമ്പൂർ ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ; വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ എവിടെയൊക്കെ ഏതൊക്കെ റൂറൽ ജില്ല ട്രഷറികൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഭൂമി കൈമാറി കിട്ടി ഒരു വർഷത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട് എന്ന നിബന്ധന മലപ്പുറം ജില്ലാ കളക്ടറുടെ ഡി.സി.എം.പി.എം/5813/2017-ബി3 നമ്പർ ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

(സി) നിലമ്പൂർ സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ട്രഷറി ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(ഡി) മലപ്പുറം ജില്ലയിൽ റൂറൽ ജില്ലാ ട്രഷറികൾ ഇല്ല.

## കാട്ടാക്കട സബ്ട്രഷറിക്ക് പുതിയ കെട്ടിടം

81 (4191) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ കാട്ടാക്കട സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

കാട്ടാക്കട മണ്ഡലത്തിൽ കാട്ടാക്കട ആസ്ഥാനമാക്കി നിലവിൽ റൂറൽ ജില്ലാ ട്രഷറിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത ട്രഷറി 45 വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. നിലവിലെ കെട്ടിടം ശോചനീയാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ടി സാഹചര്യത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ടി.എസ്.ബി. അക്കൗണ്ടുകൾ

82 (4192) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ടി.എസ്.ബി. അക്കൗണ്ടുകൾ ഉണ്ട് ; ടി.എസ്.ബി. അക്കൗണ്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ട്രഷറികളിൽ നിന്നും പണം പിൻവലിക്കുന്നതിന് എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ഈ സംവിധാനം നിലവിൽ വരും; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 802065 ടി.എസ്.ബി. അക്കൗണ്ടുകൾ ഉണ്ട്. ടി.എസ്.ബി. അക്കൗണ്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ട്രഷറികളിൽ എ.ടി.എം.-കൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. പകരം ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം കാർഡ് നല്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

## കിഡ്നി രോഗികൾക്കുള്ള കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം

83 (4193) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് കിഡ്നി രോഗികൾക്ക് നൽകുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നേരത്തേ 2 ലക്ഷം രൂപ അനുവദിക്കുകയും ഡയാലിസിസ് നടത്തി വരികയും ചെയ്യുന്ന രോഗികൾക്ക് വർദ്ധിപ്പിച്ച തുകയുടെ ആനുകൂല്യം ലഭ്യമാക്കുമോ; എങ്കിൽ ആയതിന് പുതിയ അപേക്ഷ നൽകേണ്ടതുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കിഡ്നി രോഗികൾക്ക് നൽകിവന്നിരുന്ന ചികിത്സാസഹായം 2 ലക്ഷം രൂപയിൽ നിന്നും 14-3-2017-ലെ സ.ഉ.(ആർ.റ്റി.) നമ്പർ197/17/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ലഭ്യമാകും. പുതിയ അപേക്ഷ നൽകേണ്ടതുണ്ട്. ചികിത്സിക്കുന്ന ആശുപത്രികളിലെ ഡോക്ടറുടെ എസ്റ്റിമേറ്റ്, റേഷൻ കാർഡിന്റെ കോപ്പി, രോഗിയുടെ വീട് കാണത്തക്ക വിധത്തിലുള്ള കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന ഫോട്ടോ എന്നിവയുൾപ്പെടെ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ രോഗിയുടെ റേഷൻ കാർഡ് ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## കാരുണ്യ ചികിത്സാ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

84 (4194) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ ചികിത്സാ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ ഒരു കുടുംബത്തിന് (റേഷൻ കാർഡ് ഒന്നിന്) രണ്ട് ലക്ഷം രൂപയാണ് (ബ്ലഡ് ക്യാൻസർ/വൃക്ക മാറ്റി വയ്ക്കൽ ഒഴികെ) ചികിത്സാ ധനസഹായമായി അനുവദിക്കുന്നത്. ആയത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) ഒരു കുടുംബത്തിലെ ഒന്നിലധികം പേർക്ക് ക്യാൻസർ പോലുള്ള മാരക രോഗം ബാധിച്ചാൽ അവർക്ക് അർഹമായ ചികിത്സാ ധനസഹായം ലഭിക്കുന്നതിന് പ്രസ്തുത നിബന്ധന തടസ്സമാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു കാർഡിലെ (ഒരു കുടുംബത്തിലെ) ഓരോ അംഗത്തിനും രണ്ട് ലക്ഷം രൂപ വരെ പരമാവധി ചികിത്സാ സഹായം (ക്യാൻസർ/ഹൃദ്രോഗം/വൃക്ക രോഗം) എന്ന നിലയിൽ അർഹതാ മാനദണ്ഡം പുതുക്കി നിശ്ചയിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 2 ലക്ഷം രൂപയുടെ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു റേഷൻ കാർഡിലുൾപ്പെട്ട ഒന്നോ അതിലധികമോ അംഗങ്ങൾക്ക് പദ്ധതി പ്രകാരമുള്ള നിശ്ചിത തുക പരിധിക്ക് വിധേയമായി ചികിത്സാ സഹായം നൽകിവരുന്നുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**കാരുണ്യ ചികിത്സാ പദ്ധതി**

85 (4195) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ പദ്ധതി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയുമായി കാരുണ്യ പദ്ധതിയെ കൂട്ടിച്ചേർക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 29-5-2018 ലെ G.O(Rt) No.1739/18/H&FWD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 'കാരുണ്യ സുരക്ഷാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി കേന്ദ്ര സർക്കാരുമായി ചേർന്ന് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി

86 (4196) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ. -യുടെ പ്രവാസി ചിട്ടി വഴി നാളിതുവരെ എത്ര കോടി രൂപ സമാഹരിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവാസി ചിട്ടിയുടെ പരസ്യ ഇനത്തിൽ നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3.30 കോടി രൂപ സമാഹരിക്കാൻ സാധിച്ചു.

(ബി) പ്രവാസി ചിട്ടിയുടെ പരസ്യ ഇനത്തിൽ കിഫ്ബി/കെ.എസ്.എഫ്.ഇ. 5,01,06,534 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.യുടെ നിക്ഷേപം

87 (4197) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ റിസർവ് മണിയായും, ട്രഷറി നിക്ഷേപമായും, ബാങ്ക് നിക്ഷേപമായും, മറ്റ് നീക്കിയിരിപ്പായും എത്ര കോടി രൂപ കെ.എസ്.എഫ്.ഇ.-യിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് ഇപ്പോൾ എത്രയാണ് ; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ എത്ര ശാഖകൾ പ്രവർത്തിക്കുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര ശാഖകൾ കെ.എസ്.എഫ്.ഇ ക്ക് തുടങ്ങാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(ഡി) ഇതിലൂടെ എത്ര കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നു വരുന്നത് ; വ്യക്തമാക്കാമോ ;

(ഇ) കെ.എസ്.എഫ്.ഇ.-യുടെ 2017-18 -ലെ ലാഭം എത്ര കോടി രൂപയാണ്; 2017-18 -ൽ ലാഭവിഹിതമായി സംസ്ഥാന ഖജനാവിന് എത്ര കോടി രൂപ കെ.എസ്.എഫ്.ഇ. നൽകുകയുണ്ടായി ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.എഫ്.ഇ.-യുടെ 31-3-2016 ലെ ആഡിറ്റഡ് കണക്കപ്രകാരം ജനറൽ റിസർവ് 440 കോടി രൂപയും ട്രഷറി നിക്ഷേപമായി 3294 കോടി രൂപയും ബാങ്ക് നിക്ഷേപമായി 135 കോടി രൂപയും ഉണ്ടായിരുന്നു.

(ബി) 31-3-2018 ലെ ആഡിറ്റ് കണക്കപ്രകാരം ജനറൽ റിസർവ് 620 കോടി രൂപയും ട്രഷറി നിക്ഷേപമായി 5253 കോടി രൂപയും ബാങ്ക് നിക്ഷേപമായി 436 കോടി രൂപയുമുണ്ട്.

(സി) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യുടെ 577 ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ. പുതുതായി ശാഖകൾ ആരംഭിച്ചിട്ടില്ല.

(ഡി) 1743.65 കോടി രൂപയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നുവരുന്നത്.

(ഇ) കെ.എസ്.എഫ്.ഇ.-യുടെ 2017-18-ലെ നികുതിക്ക് മുൻപുള്ള ലാഭം 256 കോടി രൂപയാണ്. കമ്പനിയുടെ ആന്വൽ ജനറൽ മീറ്റിങ്ങ് കഴിയാത്തതിനാൽ ലാഭവിഹിതം നൽകിയിട്ടില്ല.

## കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടി

88 (4198) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടികളിൽ നിലവിൽ എത്ര പ്രവാസികൾ ചേർന്നിട്ടുണ്ട്;

(ബി) പ്രവാസി ചിട്ടികളിൽ ചേർന്നവരുടെ ഫണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര പ്രവാസികൾ കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടികളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്;

(ഡി) പ്രവാസി ചിട്ടിയിലൂടെ എത്ര കോടിയുടെ ചിട്ടി ഇടപാടുകളാണ് നിലവിൽ നടന്നു വരുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി ചിട്ടി ആരംഭിച്ചിട്ടേയുള്ളൂ. ആദ്യ ലേലം 2018 നവംബർ 23-നാണ് നടന്നത്. ഇതിനോടകം 71 ചിട്ടികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. 2396 ആണ് ചിറ്റാളന്മാരുടെ എണ്ണം. ഈ ചിറ്റാളന്മാരാണ് ചിട്ടിയിൽ പണം നിക്ഷേപിക്കുന്നത്. 3.6 കോടി സലയുള്ള ചിട്ടികളാണ് ഇതിനോടകം തുടങ്ങിയിട്ടുള്ളത്.

(ബി) കേരളത്തിന്റെ പശ്ചാത്തല വികസനത്തിനായി രൂപവത്കരിച്ച കിഫ്ബിയുമായി ചേർന്നാണ് പ്രവാസി ചിട്ടികൾ നടപ്പിലാക്കുന്നത്. പ്രവാസി ചിട്ടിയിലൂടെ സമാഹരിക്കുന്ന തുക കിഫ്ബി ഇറക്കുന്ന ഗവൺമെന്റ് ഗ്യാരണ്ടിയുള്ള ദീർഘകാല/ഹ്രസ്വകാല ബോണ്ടുകളിൽ കെ. എസ്. എഫ്. ഇ. നിക്ഷേപിക്കുന്നതു മൂലം നിക്ഷേപകർക്ക് കിഫ്ബിയിലൂടെ നാടിന്റെ വികസനത്തിൽ പങ്കാളികളാകാനുള്ള അവസരം ലഭ്യമാകും. ചിട്ടി പിടിക്കുന്നവർക്ക് നൽകാനായി ബോണ്ടിൽ നിന്ന് ആവശ്യാനുസരണം പണം പിൻവലിക്കാനുള്ള ഓപ്ഷനും ഉണ്ട്. മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ കിഫ്ബി പദ്ധതികൾക്കുള്ള മൂലധന ശേഖരണമാണ് തുടക്കത്തിൽ നടക്കുന്നത്. പ്രവാസികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുകയും അതോടൊപ്പം നാടിന്റെ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുംവിധം നിക്ഷേപം ഉപയുക്തമാക്കുന്നതിനും കഴിയും.

(സി) പ്രവാസി ചിട്ടി ആരംഭിച്ചിട്ടേയുള്ളൂ. ആദ്യ ലേലം 2018 നവംബർ 23-നാണ് നടന്നത്. ഇതിനോടകം 71 ചിട്ടികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 2396 ആണ് ചിറ്റാളന്മാരുടെ എണ്ണം. ഈ ചിറ്റാളന്മാരാണ് ചിട്ടിയിൽ പണം നിക്ഷേപിക്കുന്നത്. 3.6 കോടി സലയുള്ള ചിട്ടികളാണ് ഇതിനോടകം തുടങ്ങിയിട്ടുള്ളത്.

(ഡി) 3.6 കോടി രൂപ ചിട്ടി സലയുള്ള ചിട്ടികളാണ് നിലവിൽ നടന്നുവരുന്നത്. വിവിധ ശ്രേണികളിലായി 71 ചിട്ടികൾ ഇതുവരെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 91 പുതിയ ചിട്ടികൾ ഉടൻ ആരംഭിക്കാൻ ഉദ്ദേശിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പ്രവാസി ചിട്ടി

89(4199) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ആരംഭിച്ച പ്രവാസി ചിട്ടിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 17182.

(ബി) നിരവധി പ്രത്യേകതകൾ കോർത്തിണക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി. ഒന്നാമതായി പ്രവാസി മലയാളികൾക്ക് പ്രവാസ രാജ്യത്ത് വസിച്ചുകൊണ്ടുതന്നെ, കേരളത്തിന്റെ തനതു സമ്പാദ്യമാർഗ്ഗമായ ചിട്ടിയിൽ ചേരാൻ ചരിത്രത്തിലാദ്യമായി ഈ പദ്ധതി അവസരമൊരുക്കുന്നു. രണ്ടാമതായി പ്രവാസിയുടെ സമ്പാദ്യം അവർക്ക് യാതൊരു അധിക ബാധ്യതയുമില്ലാതെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് ഉപയോഗിക്കാൻ കഴിയുന്നു. അങ്ങനെ പ്രവാസിക്ക് നേട്ടം ഉണ്ടാക്കിക്കൊടുത്തു കൊണ്ട് സംസ്ഥാന വികസനം നടപ്പിലാക്കാൻ കഴിയുന്ന സവിശേഷ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പദ്ധതി. കെ.എസ്.എഫ്.ഇ.-യും കിഫ്ബിയും തമ്മിൽ കൈകോർക്കുന്നതുവഴിയാണ് ഇത് സാധ്യമാകുന്നത്.

പ്രവാസികൾക്ക് നാട്ടിൽ ഒരു സുരക്ഷിത ജീവിതം പ്രദാനം ചെയ്യുന്ന തരത്തിൽ സാമ്പത്തിക സുരക്ഷിതത്വം ഉണ്ടാക്കാനായി കെ.എസ്.എഫ്.ഇ. ചിട്ടികളുടെ സേവനം അവർക്ക് ലഭ്യമാക്കുക, ഓൺലൈനായി ഈ ചിട്ടികൾ ലഭ്യമാക്കുന്നതുവഴി പ്രവാസരാജ്യത്ത് വസിച്ചുകൊണ്ടുതന്നെ ചിട്ടിയിൽ ചേരാനും മാസത്തവണകൾ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും അവർക്ക് കഴിയും.

പ്രവാസികളുടെ സമ്പാദ്യം സുരക്ഷിതമാക്കുന്നതിനൊപ്പം അത് സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉപയുക്തമാക്കുക, കിഫ്ബിയും കെ.എസ്.എഫ്.ഇ.യും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ സംവിധാനത്തിലൂടെ ഇത് സാധ്യമാകുന്നു.

ഈ ചിട്ടിയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്താനുള്ള എല്ലാ മുൻകരുതലും സോഫ്റ്റ്‌വെയർ സംവിധാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ 7 ദിവസവും, ദിവസത്തിൽ 24 മണിക്കൂറും എന്ന കണക്കിൽ തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ ഉപഭോക്താവിന്റെ ഏത് ആവശ്യവും അടിയന്തര സ്വഭാവത്തിൽ കൈകാര്യം ചെയ്യുന്നു. ചിട്ടി ആകർഷകമാക്കാൻ നിരവധി പദ്ധതികളും ആനുകൂല്യങ്ങളും ഇതോടുകൂടി വിളക്കിച്ചേർത്തിട്ടുണ്ട്. ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, ആവശ്യമുള്ളവർക്ക് പെൻഷൻ സംവിധാനം എന്നിവയാണ് ഈ ചിട്ടിയോട് കൂട്ടിയിണക്കിയിട്ടുള്ള പ്രധാന ആനുകൂല്യങ്ങൾ. ഇതുപ്രകാരം ഇടപാടുകാരൻ, ദൗർഭാഗ്യവശാൽ മരിക്കുകയോ തൊഴിലെടുക്കാൻ സാധിക്കാൻ കഴിയാത്തവിധം അപകടത്തിൽപ്പെടുകയോ

ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതായിരിക്കും. വിദേശത്തുവച്ച് ഇടപാടുകാരൻ മരിക്കുകയാണെങ്കിൽ ഭൗതികശരീരം നാട്ടിലെത്തിക്കാനുള്ള വിമാനചെലവ് (അനുയാത്രചെയ്യുന്ന വ്യക്തിയുടെ ഉൾപ്പെടെ) കെ.എസ്.എഫ്.ഇ. വഹിക്കുന്നതാണ്. ഇങ്ങനെ പ്രവാസി മലയാളികളുടെ ഉത്കണ്ഠകളെയും ആശങ്കകളെയും പരിഹരിക്കുന്ന രീതിയിലാണ് ഈ ചിട്ടി രൂപകല്പന ചെയ്തിട്ടുള്ളത്.

## മെഡിസെപ് പദ്ധതി

90 (4200) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

MEDISEP പദ്ധതി ആരംഭിക്കുന്നതിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളുമായാണ് കരാർ ഒപ്പു വച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ടുപ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request for Proposals)യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

**കയർ ഭൂവസ്ത്രം വിരിക്കുന്നതിന് സാങ്കേതികാനുമതി**

91 (4201) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശാസ്താംകോട്ട ഹരിതതീരം പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം വിരിക്കുന്നതിന് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ ഡയറക്ടറുമായി ബന്ധപ്പെട്ട് വ്യക്തമാക്കാമോ?

ഉത്തരം

ശാസ്താംകോട്ട ഹരിതതീര പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും പരിശോധിക്കുന്ന വേളയിൽ അതിൽ ഉൾപ്പെടുത്തിയിരുന്ന കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തിയുടെ സാങ്കേതിക സാധ്യതയെക്കുറിച്ചുള്ള ഫീൽഡുതല പരിശോധന ആവശ്യമായി തോന്നിയതിനാൽ പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി ഒഴിവാക്കിയാണ് 31-10-2018 ൽ മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും സാങ്കേതികാനുമതി നൽകിയത്. തുടർന്ന് ഫീൽഡുതല പരിശോധന നടത്തുകയും കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രവൃത്തി പ്രസ്തുത പ്രദേശത്ത് ആവശ്യമില്ലെന്ന് മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ ഡയറക്ടറേറ്റ് വിലയിരുത്തുകയും ചെയ്തിട്ടുണ്ടെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**കയർ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ**

92 (4202) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കയർ വകുപ്പിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും ക്ഷേമ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ചകിരി ഉത്പാദനം സംസ്ഥാനത്ത് വർദ്ധിപ്പിക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) പരമ്പരാഗത കയർ മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ട് ആധുനീകരണതയിലേയ്ക്കും യന്ത്രവൽക്കരണത്തിലേയ്ക്കും വ്യവസായത്തെ നയിക്കുക എന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിൽ കയർ വ്യവസായം നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിച്ച് പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്

ഡിഫൈബറിംഗ് മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. 2018 നവംബർ 30 വരെ സംസ്ഥാനത്ത് 50 ചികിരി മില്ലുകൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ഈ സാമ്പത്തിക വർഷംതന്നെ മറ്റൊരു 50 ഡി.എഫ്. മില്ലുകൾകൂടി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇവയ്ക്കാവശ്യമായ തൊണ്ട് കാർഷിക മേഖലയിൽ നിന്നാണ് ലഭ്യമാക്കേണ്ടത്.

കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളുമായി ചേർന്ന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് 90% സബ്സിഡിയോടെ യന്ത്രോപകരണങ്ങൾ നൽകുന്നതിന് കയർ വകുപ്പിന് പദ്ധതിയുണ്ട്. സംസ്ഥാനത്തെ സി.പി.സി.കളിൽ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കമായിട്ടുണ്ട്.

സംസ്ഥാനത്ത് പച്ചത്തൊണ്ടിൽ നിന്നും ചികിരി ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ വിജയകരമായി നടത്തുവാൻ കഴിയുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡി നൽകിയും, ഉല്പാദിപ്പിക്കുന്ന ചകിരി കയർഫെഡ് വഴി സംഭരിക്കും എന്ന ഉറപ്പിന്മേലും ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ നിർണ്ണായക ശതമാനം ഇവിടെത്തന്നെ ചകിരിയാക്കണം എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നേറുന്നത്. തേങ്ങ പൊതിക്കുന്നതിനാവശ്യമായ യന്ത്രം നിർമ്മിച്ച് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കയർ മേഖലയിലെ ഒരു ഉപോല്പന്നമാണ് ചകിരിച്ചോറ്. ചകിരിച്ചോർ വളമാക്കിയാൽ കാർഷിക മേഖലയ്ക്ക് വളരെയധികം ഗുണം ലഭിക്കുന്ന ഒരു ഉല്പന്നമാണ്.

ചകിരിനാര് ഉപയോഗിച്ച് പുതയിടുന്നതിനുള്ള പുതിയ ഉല്പന്നങ്ങൾ ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിലൂടെ പ്ലാസ്റ്റിക് ഉല്പന്നങ്ങളെ മാറ്റി പ്രകൃതി സൗഹൃദമായ കൃഷി രീതി നടപ്പിലാക്കാൻ സാധിക്കും. ഈ പദ്ധതികൾ കൃഷിവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് ആലോചിച്ചുവരുന്നു. കൂടാതെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം പ്രവർത്തന മൂലധനം നൽകിയിട്ടുണ്ട്.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.

4. കയർ മേഖലയിലെ സംരംഭകർക്ക് മാർജ്ജിൻമണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ധനസഹായം നൽകിവരുന്നു.

6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

14. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

15. കയർ മേഖലയുടെ സമഗ്ര വികസനത്തിനായി രണ്ടാം പുന:സംഘടന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ വകുപ്പിൽ നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ, ധനസഹായ വിതരണം - സ്റ്റേറ്റ്മെന്റ് | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ഇന വിവരം | 2016-17 | | 2017-18 | |
| | | എണ്ണം | തുക (ലക്ഷത്തിൽ) | എണ്ണം | തുക (ലക്ഷത്തിൽ) |
| 1 | വിവാഹം ധനസഹായം | 2003 | 40.06 | 915 | 18.30 |
| 2 | പ്രസവാനുകൂല്യം | 141 | 1.30 | 122 | 1.12 |
| 3 | ചികിത്സാ ധനസഹായം | 64 | 0.50 | 31 | 0.26 |
| 4 | താൽക്കാലിക അസ്വാധീനം | 39 | 0.21 | 42 | 0.25 |
| 5 | സ്ഥിര അസ്വാധീനം | 284 | 6.20 | 343 | 8.56 |
| 6 | അപകട മരണം | 8 | 0.80 | 7 | 0.70 |
| 7 | ശവസംസ്കാര ധനസഹായം | 505 | 5.05 | 480 | 4.80 |
| 8 | വിദ്യാഭ്യാസ ധനസഹായം | 0 | 0.00 | 3200 | 24.04 |
| | ആകെ ധനസഹായം | 3044 | 54.12 | 5140 | 58.03 |
| 9 | മുൻ കയർ തൊഴിലാളി പെൻഷൻ | 16401 | 1915.88 | 14093 | 1437.48 |
| 10 | മെമ്പർ പെൻഷൻ | 51482 | 6478.25 | 56251 | 5916.62 |
| 11 | ഫാമിലി പെൻഷൻ | 1663 | 23.49 | 1590 | 0.07 |
| 12 | കുടിശ്ശിക പെൻഷൻ | 270 | 5.56 | 116 | 2.66 |
| | ആകെ പെൻഷൻ | 69816 | 8423.18 | 72050 | 7356.83 |
| 13 | വിരമിക്കൽ ആനുകൂല്യം | 194 | 10.53 | 13850 | 809.73 |
| | ആകെ | 73054 | 8487.83 | 91040 | 8224.59 |

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ വിജയകരമായി നടത്താൻ കഴിയുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡി നൽകിയും, ഉല്പാദിപ്പിക്കുന്ന ചകിരി കയർഫെഡ് വഴി സംഭരിക്കും എന്ന ഉറപ്പിൻമേലും ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നിലവിലുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ നിർണ്ണായക ശതമാനം ഇവിടെത്തന്നെ ചകിരിയാക്കണം എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ മുന്നേറുന്നത്. തേങ്ങ പൊതിക്കുന്നതിനാവശ്യമായ യന്ത്രം നിർമ്മിച്ച കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്ക് നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ്.ലി. നമ്പർ 721-ൽ 10 ആട്ടോമാറ്റിക്

സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു. കൂടാതെ പ്രാദേശിക തലങ്ങളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ചകിരി സംസ്കരണ യൂണിറ്റുകൾ

93 (4203) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് എത്ര രൂപയാണ് കുറഞ്ഞ വേതനം ലഭിക്കുന്നത്;

(സി) സ്ത്രീ തൊഴിലാളികളെ തൊണ്ട് തല്ല് രംഗത്ത് തിരികെ എത്തിക്കുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും ഈ സംരംഭം എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി നിലവിലുണ്ട്. കുറഞ്ഞത് 25 സെന്റ് സ്ഥലവും 3 ഫേസ്, 44 HP വൈദ്യുതിയും ജലലഭ്യതയും, റോഡ് സൗകര്യവും ഉണ്ടായിരിക്കുന്ന സ്ഥലങ്ങളുള്ള കുടുംബശ്രീ ഗ്രൂപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാമിഷൻ ഓഫീസുമായി ബന്ധപ്പെട്ടുകൊണ്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കുറഞ്ഞത് 6 കുടുംബശ്രീ അംഗങ്ങൾ ചേർന്ന് സംരംഭക മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തൊണ്ട് ശേഖരണമാണ് ഇവർ ചെയ്യേണ്ടതും നേരിടുന്നതുമായ പ്രധാന വെല്ലുവിളി. ഉൽപ്പന്നങ്ങൾ കയർഫെഡ് നേരിട്ട് എടുക്കത്തക്കവിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ കണ്ണൂർ അമ്മാനപ്പാറയിലും തൃശ്ശൂർ അളഗപ്പ നഗറിലും ഇത്തരത്തിലുള്ള കുടുംബശ്രീ യൂണിറ്റുകൾ നിലവിൽ വന്നിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യൂണിറ്റുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

(ബി) ഈ (സംരംഭമായി നടപ്പിലാക്കിവരുന്ന) പദ്ധതിയിലെ അംഗങ്ങൾക്ക് ലഭിക്കുന്ന കുറഞ്ഞ വരുമാനം ദിവസേന 300 രൂപയാണ്. ലഭ്യമാകുന്ന തൊണ്ടിന്റെ അളവും ഉപഉൽപ്പന്ന സാധ്യതകൾ വർദ്ധിപ്പിച്ചുകൊണ്ടും വരുമാനം വർദ്ധിപ്പിക്കാനാകും. ഇതിനായി പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനങ്ങൾക്കും വിപണി ഉറപ്പാക്കലിനും കയർ വകുപ്പുമായും ബന്ധപ്പെട്ട സ്ഥാപനങ്ങളുമായും ചർച്ചകൾ നടക്കുന്നുണ്ട്. ഇതിനായുള്ള പദ്ധതികൾ ലഭ്യമാക്കുന്ന പക്ഷം യൂണിറ്റുകൾക്ക് മികച്ച വരുമാനവും വിപണിയും ലഭ്യമാകും.

(സി) ചകിരിനാരു ഉൽപ്പാദന കേന്ദ്രങ്ങളിൽ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ച് പച്ചത്തൊണ്ടിൽ നിന്നും നേരിട്ട് നാരുല്പാദനം സാധ്യമാകും. തൊണ്ടുതല്ല്, ജലത്തിന്റെ വർദ്ധിച്ച ഉപയോഗം, മലിനീകരണ സാധ്യത എന്നിവ ഇത്തരം യൂണിറ്റുകൾക്ക് വളരെ കുറവാണ്. പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള പരിശീലനവും വിപണിയും ഉറപ്പാക്കിക്കൊണ്ട് വരുമാന സാധ്യത വർദ്ധിപ്പിക്കാനും ഉപോൽപ്പന്നങ്ങളും കയർപിത്തിൽ നിന്നും ലഭ്യമാകുന്ന വളത്തിനും തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതികൾ വഴി വിപണി ഉറപ്പാക്കുകയുമാണെങ്കിൽ മെച്ചപ്പെട്ട വരുമാനവും ജീവിത സാഹചര്യങ്ങളും വനിതകൾക്ക് ലഭ്യമാക്കാനാകും.

## പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വില്പന

94 (4204) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങൾ ശേഖരിക്കാനും അവ വിറ്റഴിക്കാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

**കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ ധനസഹായങ്ങളും അവയുടെ നിരക്കുകളും**

| നമ്പർ | ഇന വിവരം | അർഹത | ലഭിക്കുന്ന ആനുകൂല്യം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വിവാഹ ധനസഹായം | വനിതാ അംഗത്തിനും അംഗത്തിന്റെ പെൺമക്കൾക്കും | 2000 രൂപ |
| 2 | പ്രസവാനുകൂല്യം | വനിതാ അംഗത്തിന് മാത്രം | 15000 രൂപ |
| 3 | ചികിത്സാ സഹായം | അംഗത്തിന്റെയും ആശ്രിതരുടെയും ചികിത്സയ്ക്ക് | 1000 രൂപ |
| 4 | ശാരീരിക അവശത സ്ഥിരമായ അസ്വാധീനം | അംഗത്തിനു സ്ഥായിയായ അവശതയുണ്ടായാൽ | 2500 രൂപ ധനസഹായവും തുടർന്ന് പ്രതിമാസം 1100 രൂപ പെൻഷനും |
| 5 | താൽക്കാലിക അസ്വാധീനം | അംഗങ്ങൾക്ക് | 600 രൂപ |
| 6 | അപകട മരണം | അംഗത്തിന്റെ ജീവിത പങ്കാളിക്ക് | 10000 രൂപ |
| 7 | ശവസംസ്കാര ധനസഹായം | അംഗമോ, ആശ്രിതരോ മരണപ്പെടുമ്പോൾ | 1000 രൂപ |
| 8 | വിദ്യാഭ്യാസ ധനസഹായം | അംഗങ്ങളുടെ മക്കളുടെ എസ്.എസ്.എൽ.സി. ക്കുശേഷമുള്ള പഠനത്തിന് എഞ്ചിനീയറിംഗ്, മെഡിക്കൽ, അഗ്രികൾച്ചർ കോഴ്സുകൾക്ക് | 750 രൂപ<br><br>3000 രൂപ |
| 9 | ആബി സ്കോളർഷിപ്പ് | എൽ.ഐ.സി.യുടെ ആം ആദ്മി ബീമ യോജന ഇൻഷ്വറൻസിൽ അംഗങ്ങളായവരുടെ മക്കൾക്ക് 9, 10, +1, +2, ഐ.ടി.ഐ. കോഴ്സുകൾക്ക് | 1200 രൂപ പ്രകാരം |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | അപകട മരണ നഷ്ടപരിഹാരം | എൽ.ഐ.സി.യുടെ ആം ആദ്മി ബീമ യോജന ഇൻഷ്വറൻസ് അംഗങ്ങൾക്ക് ധനസഹായം ലഭിക്കും. | അപകടമരണത്തിന് 75000 രൂപയും സ്വാഭാവിക മരണത്തിന് 30000 രൂപയും |
| 11 | അപകടത്താലുണ്ടാകുന്ന അംഗവൈകല്യത്തിന് | എൽ.ഐ.സി.യുടെ ആം ആദ്മി ബീമ യോജന ഇൻഷ്വറൻസ് അംഗങ്ങൾക്ക്/ അംഗത്തിന് | പൂർണ്ണ അംഗവൈകല്യത്തിന് 75000 രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 37500 രൂപയും |
| 12 | കയർ തൊഴിലാളി പെൻഷൻ | ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് 60 വയസ്സ് പൂർത്തീകരിച്ച് നിധിയുടെ പരിരക്ഷ ലഭിക്കാത്ത മുൻകയർ തൊഴിലാളികൾക്കും ക്ഷേമനിധി അംഗമായി വിഹിതം അടച്ച് 60 വയസ്സിൽ വിരമിക്കുന്ന തൊഴിലാളികൾക്കും | 1100 രൂപ (പ്രതിമാസം) |
| 13 | കുടുംബ പെൻഷൻ | മരണമടഞ്ഞ അംഗത്തിന്റെ/ പെൻഷണറുടെ ജീവിത പങ്കാളിക്ക് | 1000 രൂപ (പ്രതിമാസം) |
| 14 | വിരമിക്കൽ ആനുകൂല്യം | നിയമപ്രകാരം ക്ഷേമനിധിയിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് | അംഗത്വ കാലാവധി കണക്കാക്കി പ്രതിവർഷം 500 രൂപ ക്രമത്തിൽ 2500 മുതൽ 15000 രൂപ വരെ |

(ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള

സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും അവരുടെ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നു. ഇതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുമുള്ള നടപടിയും കയർഫെഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

പരമ്പരാഗത കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ സംഭരിക്കുകയാണ്. ഇവയുടെ സംഭരണത്തിൽ ഗണ്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

95 (4205) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായത്തിന്റെ വളർച്ചയ്ക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത മേഖലയിലെ തൊഴിലും വരുമാനവും സംരക്ഷിച്ച് വ്യവസായത്തെ ആധുനീകരിക്കുകയെന്നതാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള നയം. ഈ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന രണ്ടാം കയർ പുനഃസംഘടനയുടെ ഊന്നലുകളിലൊന്ന് സഹകരണമേഖലയുടെ നവീകരണവും പുനരുദ്ധാരണവുമാണ്. കേരളം കയർ വ്യവസായ രംഗത്ത് നേരിടുന്ന അടിസ്ഥാന ദൗർബല്യങ്ങളെ പരിഹരിക്കാനാണ് രണ്ടാം കയർ പുനഃസംഘടന ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലെ സഹകരണസംഘങ്ങൾ വഴിയുള്ള ഇടപെടലിന് എൻ.സി.ഡി.സി.യിൽ നിന്നും 200 കോടി രൂപയുടെ സഹായം ലഭ്യമായിട്ടുണ്ട്.

ചകിരിയുടെ ദൗർലഭ്യമാണ് കയർ സഹകരണ സംഘങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നു.

സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കയർപിരിമേഖലയിൽ പരമ്പരാഗത റാട്ടുകൾക്കു പകരം ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടിൽ കയർപിരിക്കുന്നതിന് ഒരു തൊഴിലാളി മതി എന്നതിനാൽ സംഘങ്ങൾക്ക് ഇത് ലാഭകരമാണ്. ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിന് കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്

എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ്.ലി. നമ്പർ 721-ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.

(ബി) കയർമേഖലയുടെ സമഗ്ര നവീകരണത്തിനായി രൂപം കൊടുത്തു നടപ്പിലാക്കുന്ന പരിപാടിയാണ് രണ്ടാം പുന:സംഘടന. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക പങ്ക് നേടി സ്വാശ്രയത്വം കൈവരിക്കാനാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 1000 ഡി.എഫ്. മില്ലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 50 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഫെബ്രുവരി മാസത്തോടെ 100 ഡി.എഫ്. മില്ലുകൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജലസംരക്ഷണ പദ്ധതിയിലും കാർഷിക പദ്ധതികളിലും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചതാണ് മറ്റൊരു പ്രധാനപ്പെട്ട നടപടി. 2017 കയർ കേരളയിൽവച്ച് 120 കോടി രൂപയുടെ കരാർ പഞ്ചായത്തുകളുമായി ഒപ്പിടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർമേഖലയുടെ വികസനത്തിന് ഏറെ സഹായിച്ച ഒരു പദ്ധതിയാണിത്.

കയർ മേഖലയ്ക്കാവശ്യമായ ചകിരി ഉൽപ്പാദിപ്പിക്കുന്നതിൽ സ്വകാര്യ സംരംഭകരെ കൂടി പങ്കെടുപ്പിക്കുന്നതിനുവേണ്ട പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50% സബ്സിഡിയിൽ ഇവർക്ക് ഡി.എഫ്. മിൽ നൽകുന്നതിനുള്ള സ്കീം നടപ്പിലായി കഴിഞ്ഞു.

കയർ മെഷിനറി ഫാക്ടറി നടപ്പുസാമ്പത്തിക വർഷം പൂർണ്ണശേഷിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കയർ മെഷിനറി ഫാക്ടറി കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ഡി.എഫ്. മെഷീൻ, ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ട്, വില്ലോയിംഗ് മെഷീൻ, സ്ലൈസിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റുകൾ, മറ്റ് അനുബന്ധ യന്ത്രങ്ങൾ എന്നിവ കയർ മേഖലയ്ക്കായി നിർമ്മിച്ചുനൽകുന്നു.

ഇത് കയർ വ്യവസായത്തിനാവശ്യമായ യന്ത്ര സാമഗ്രികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടുന്ന അവസ്ഥയിൽനിന്നും കയർ യന്ത്രങ്ങളുടെ നിർമ്മാണത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചിട്ടുണ്ട്.

## കയർ ഉത്പാദനം മെച്ചപ്പെടുത്തി തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി

96 (4206) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും കയർ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം കേരളത്തിലേക്ക് എത്ര ടൺ ചകിരി ഇറക്കുമതി ചെയ്യുന്നുവെന്നും ചകിരിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോയെന്നും വിശദീകരിക്കുമോ;

(സി) കയർ ഫെഡിന്റെ ഉത്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ടോ; ഇതിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുക ലഭിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവ്വേകാൻ, കയറിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 50 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2019 ഫെബ്രുവരിയോടെ 50 ഡി.എഫ്. മില്ലുകൾകൂടി പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കയർപിരി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനായി 8000 ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500 ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽഫെൽറ്റ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണവ. ഫോമിലിന്റെ കീഴിൽ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മേൽ വിശദീകരിച്ച പദ്ധതികൾ സംസ്ഥാനത്തെ കയർ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും സഹായകമാകുമെന്ന് പ്രതീക്ഷയുണ്ട്.

(ബി) കേരളത്തിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ 2070.50 ടൺ ചകിരിയും 2018-19 വർഷം 3167.71 ടൺ ചകിരി നാളിതുവരെയും കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളായ അംഗസംഘങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന ഗുണനിലവാരത്തിനനുസൃതമായ വിലമാത്രം ഈടാക്കുന്ന രീതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്.

(സി) ഉണ്ട്. 18.06 ലക്ഷം രൂപയുടെ സാധനങ്ങൾ കയർഫെഡ് കയറ്റി അയച്ചിട്ടുണ്ട്.

## സിമന്റ് വില

97 (4207) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ സിമന്റ് വിറ്റഴിക്കുന്ന സംസ്ഥാനമെന്ന നിലയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സിമന്റിന് ഏറ്റവും വിലക്കുറവ് അനുഭവപ്പെടേണ്ടത് കേരളത്തിലാണെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) മറ്റു ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റ് വില കൂടുതലാണെന്നത് ശരിയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സിമന്റ് നിർമ്മാതാക്കളുടെ അസോസിയേഷൻ വ്യാപാരികളുടെയിടയിൽ ഭിന്നിപ്പുണ്ടാക്കിയാണ് ഇത് സാധിക്കുന്നതെന്നത് ശരിയാണോ;

(ഡി) ഈ നയം കോമ്പറ്റീഷൻ കമ്മിഷൻ ഓഫ് ഇന്ത്യയുടെ നിയമങ്ങൾക്ക് എതിരാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ സിമന്റ് കമ്പനികൾക്കെതിരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സിമന്റ് കമ്പനികളുടെ തെറ്റായ നയം കാരണം കാസർഗോട് ജില്ലയിൽ സിമന്റ് വിപണി ശോഷിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) കമ്പനികൾ കാസർഗോഡ് ജില്ലയിൽ നിന്ന് അധിക വില ഈടാക്കുകയും അതിർത്തി സംസ്ഥാനമായ കർണാടകയിലെ മംഗലാപുരം, സുള്ള്യ, പുത്തൂർ പ്രദേശങ്ങളിൽ ബാഗിന്മേൽ 40 മുതൽ 75 രൂപ വരെ കുറവിൽ ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ജില്ലയിലെ സിമന്റ് വ്യാപാരികളെ സാമ്പത്തിക തകർച്ചയിലാക്കുന്ന ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉല്പാദനം കുറവാണ്. കേരളത്തിൽ മലബാർ സിമന്റിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 10 ശതമാനത്തിൽ താഴെയാണ്. അയൽ സംസ്ഥാനങ്ങളിൽ അവർക്കാവശ്യമായ സിമന്റിന്റെ അളവിൽ കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് വളരെ നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യംമൂലം മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദനം കുറഞ്ഞപ്പോൾ മറ്റ് ബ്രാൻഡുകൾ വില കൂട്ടുകയുണ്ടായി. സിമന്റ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളായ ലാറ്ററൈറ്റ്, ഫ്ലൈ ആഷ് തുടങ്ങിയവ കേരളത്തിന് പുറത്തുനിന്നാണ് കൊണ്ടുവരുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചെലവിൽ അവിടെത്തന്നെ കിട്ടുന്നതുകൊണ്ടാണ് ചെലവ് കുറച്ചു നിർമ്മിക്കാൻ സാധിക്കുന്നത്. കേരളത്തിൽ വിപണനം നടത്തുന്ന സിമന്റ് കമ്പനികളോട് വില നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപ്രകാരം കഴിയില്ല. കേരളത്തിൽ പ്രധാന ഉല്പാദകരായി മലബാർ സിമന്റ്സ് മാത്രമേ ഉള്ളൂ. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമന്റ് വില വർദ്ധനവിന് കാരണമായി.

അയൽസംസ്ഥാനങ്ങളിൽ നിന്നും സിമന്റ് റെയിൽ/റോഡ് മുഖേന എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമന്റിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ട്.

(ഇ) മലബാർ സിമന്റിന്റെ വിപണനത്തിൽ കാസർഗോഡ് ജില്ലയിൽ കാര്യമായ കുറവ് വന്നിട്ടില്ല.

(എഫ്) ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ ഉപഭോഗം കൂടുതലാണെങ്കിലും ഇവിടെ സിമന്റിന്റെ ഉല്പാദനം കുറവായതാണ് കേരളത്തിൽ സിമന്റിന്റെ വില കൂടുതലായി നിലനിൽക്കാൻ കാരണം. കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22-11-2018-ന് എറണാകുളത്തുവച്ച് കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**തുറന്നു പ്രവർത്തിച്ച വ്യവസായങ്ങൾ**

98 (4208) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര വ്യവസായശാലകളാണ് ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നതെന്നും ഇവയുടെ ലാഭനഷ്ടകണക്ക് എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻ കാലങ്ങളിൽത്തന്നെ പ്രവർത്തനം നിർത്തലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തുറന്നു പ്രവർത്തിച്ചിട്ടില്ല. ഇവയുടെ പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻകാലങ്ങളിൽത്തന്നെ പിരിഞ്ഞുപോയിട്ടുണ്ട്.

ആസ്ട്രൽ വാച്ചസ് ലിമിറ്റഡ്, കേരള ഗാർമെന്റ്സ് ലിമിറ്റഡ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സിഡ്ക്കൽ ടെലിവിഷൻസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് എന്നിവയാണ് മുൻകാലങ്ങളിൽ പ്രവർത്തനം നിർത്തലാക്കി

ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചുവരുന്ന സ്ഥാപനങ്ങൾ. ഇവയുടെ ലിക്വിഡേഷൻ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനായി കിൻഫ്ര, കെ.എസ്.ഐ.ഡി.സി., കെൽട്രോൺ മുതലായ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

99 (4209) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ നിയമമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിയമത്തിൽ പറഞ്ഞ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താമസം വരുത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ&ബി) ഉണ്ട്. വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെയും അനുമതികൾ സുഗമമായി ലഭ്യമാക്കുന്നതിന്റെയും ഭാഗമായി വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോമുകൾ ഏകീകരിച്ചുകൊണ്ട് ഒരു പൊതു അപേക്ഷാ ഫോമിന് (CAF) രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കാൻ Investment Promotion and Facilitation Cell (IPFC) ജില്ലാതലങ്ങളിലും സംസ്ഥാന തലത്തിലും നിലവിൽവന്നു. ഇതിനായുള്ള ഓൺലൈൻ സംവിധാനമായ 'K-Swift'ന്റെ ഔദ്യോഗിക ലോഞ്ചിംഗ് 8-1-2019-ന് തീരുമാനിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സത്വരം കെട്ടിട നിർമ്മാണ അനുമതികൾ ഓൺലൈനായി നൽകുന്നതിന് ഒരു ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (IBPMS) സ്ഥാപിച്ചുവരുന്നു.

(സി) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ താമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സിമന്റിന്റെ വില നിയന്ത്രിക്കുന്നതിന് നടപടി

`100 (4210) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ് കമ്പനികൾ അടുത്ത ദിവസങ്ങളിൽ വില വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സിമന്റ് വലിയതോതിൽ ആവശ്യമായി വരുന്ന സാഹചര്യത്തിൽ സിമന്റിന്റെ വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയ ബാധിതർക്കുള്ള വീട് നിർമ്മാണത്തിന് അൻപത് ശതമാനം വിലക്കുറവിൽ സിമന്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് ലിമിറ്റഡ് വില വർദ്ധിപ്പിച്ചിട്ടില്ല.

(ബി) മലബാർ സിമന്റ്സിന്റെ വില മറ്റു ബ്രാൻഡുകളെക്കാൾ താരതമ്യേന കുറവാണ്. മറ്റ് സിമന്റ് ബ്രാൻഡുകൾ 425 രൂപ മുതൽ വിൽക്കുമ്പോൾ മലബാർ സിമന്റിന്റെ എം.ആർ.പി. വില 400 രൂപയാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യംമൂലം മലബാർ സിമന്റ്സിന്റെ ഉല്പാദനം കുറഞ്ഞപ്പോൾ മറ്റ് ബ്രാൻഡുകൾ വില കൂട്ടുകയുണ്ടായി.

നവീകരണ വിപുലീകരണ പദ്ധതികളിലൂടെ സിമന്റിന്റെ ഉല്പാദനവും വിപണന സംവിധാനങ്ങളും വർദ്ധിപ്പിച്ച് സിമന്റ് വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മലബാർ സിമന്റ്സിന്റെ വാളയാർ പ്ലാന്റിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയിലെ വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഡീലർമാരുടെ ഒരു യോഗം 22-11-2018-ന് എറണാകുളത്തുവച്ച് കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വ്യവസായ മേഖലയിലെ ആധുനികവൽക്കരണം

101 (4211) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിസന്ധിയിലായ പൊതുമേഖലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) വ്യവസായ മേഖലയിലെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനായി ബജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു.

ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവ് കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉല്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രതിമാസം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനാവലോകനം നടത്തി ആവശ്യമായ മേഖലകളിൽ സമയബന്ധിതമായി ഇടപെടുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിലവിലുള്ള പ്ലാന്റിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവയ്ക്കുന്നതിനുള്ള പദ്ധതി, മലബാർ സിമന്റ്സ് ലിമിറ്റഡിൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കെ.എസ്.ഡി.പി.യിൽ നോൺ ബീറ്റാലാക്ടം മരുന്നുകളുടെയും ഒഫ്താൽമിക് മരുന്നുകളുടെയും നിർമ്മാണത്തിനുള്ള പദ്ധതി, ടി.സി.സി.യിൽ കാസ്റ്റിക് സോഡ ഉൽപ്പാദനശേഷി ഉയർത്തുവാനുള്ള പദ്ധതി, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ വിവിധ യൂണിറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി, ട്രാക്കോ കേബിൾ കമ്പനിയുടെ ഉൽപ്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ സ്മാർട്ട് എനർജി മീറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി, കെൽട്രോണിൽ ഉൽപ്പാദന സൗകര്യങ്ങളുടെ നവീകരണം, ലാപ്ടോപ് കമ്പ്യൂട്ടർ നിർമ്മാണം, സോളാർ മോഡ്യൂൾ ഉൽപ്പാദന പദ്ധതി, സ്മാർട്ട് എനർജി മീറ്റർ പദ്ധതി, കപ്പാസിറ്റർ നിർമ്മാണത്തിന്റെ വിപുലീകരണ പദ്ധതികൾ, സ്റ്റീൽ ആന്റ് ഇന്റസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ ഹീറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നവീകരണ പദ്ധതികൾ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ വിവിധ യൂണിറ്റുകളുടെ നവീകരണ പദ്ധതികൾ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിലെ ഇലക്ട്രിക് ത്രീവീലറുകൾ നിർമ്മിക്കുന്ന പദ്ധതി, പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണ പദ്ധതികൾ എന്നിങ്ങനെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാന സർക്കാരിന്റെ ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സാധ്യതകളും കെൽ, കേരള ആട്ടോമൊബൈൽസ് എന്നീ സ്ഥാപനങ്ങൾ പരിശോധിച്ചുവരുന്നു. കേരള ഹാൻഡ്‌വെയർ മിഷന്റെ ഭാഗമായി ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഹയർ പർച്ചേസ് പദ്ധതി

102 (4212) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഹയർ പർച്ചേസ് പദ്ധതി പ്രകാരം ഭൂമി സംരംഭകർക്ക് നൽകാറുണ്ടോ;

(ബി) എങ്കിൽ എത്ര വർഷം കൊണ്ടാണ് തുക അടച്ച് തീർക്കേണ്ടത്;

(സി) ഭൂമിയുടെ തുക അടവാക്കി കഴിഞ്ഞാൽ പ്രസ്തുത ഭൂമി സംരംഭകന് കൈമാറി നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വ്യവസായ വികസന ഏരിയ/വികസന പ്ലോട്ട്/ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ഭൂമി 10-06-2013-ന് മുമ്പ് ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ചിരുന്നത്.

എന്നാൽ 10-6-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 60/13/ഐ.ഡി. ഉത്തരവ് അനുസരിച്ച് ലീസ് അടിസ്ഥാനത്തിലാണ് ഭൂമി നൽകിവരുന്നത്.

(സി) ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഭൂമി അനുവദിച്ചു കിട്ടിയവരും നിശ്ചിത സമയപരിധിക്കുള്ളിൽ ഭൂമി വില മുഴുവൻ അടച്ചുതീർക്കുന്നവരുമായ സംരംഭകർക്ക് പട്ടയം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ

103 (4213) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അഭ്യസ്തവിദ്യരായ പുതുതലമുറയുടെ പ്രതീക്ഷകൾക്ക് അനുസൃതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാലാനുസൃതമായി മെച്ചപ്പെടുത്തുവാനും മാറ്റങ്ങൾ ഉൾക്കൊള്ളുവാനും ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പരിശീലനം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിശദമായ വിശകലനത്തിന് വിധേയമാക്കുകയുണ്ടായി.

സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ ലഭ്യമാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കുന്നതിലെ കാലതാമസം, മെഷീനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാത്തതും, മതിയായ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയുമാണ് കുറച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനം മോശമാകാനിടയായ സാഹചര്യം സൃഷ്ടിച്ചത്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ചെലവ് കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ ലഭ്യമാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായി ബജറ്റ് മുഖേന കൂടുതൽ ധനസഹായം അനുവദിക്കുകയും ചെയ്തുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന വിപുലീകരണ വൈവിദ്ധ്യവൽക്കരണ പദ്ധതികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി)സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്ന നവീകരണ വിപുലീകരണ പദ്ധതികളുടെ ഭാഗമായി ജീവനക്കാർക്ക് സാങ്കേതിക പരിശീലനവും നൽകാറുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറി അച്ചടി

104 (4214) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻനഷ്ടം നേരിട്ടുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും പുതുവർഷത്തിൽ വൻതുക മുടക്കി ഡയറികൾ അച്ചടിക്കുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥാപനങ്ങളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അവയുടെ വെബ് സൈറ്റിൽ നിന്ന് ഇന്റർനെറ്റ് വഴി ലഭ്യമാണെന്നിരിക്കെ എന്തിനാണ് ഇവ ഓരോ വർഷവും അച്ചടിക്കുന്നത് ;

(സി) പ്രളയാനന്തര നവകേരള സൃഷ്ടിക്കായി ധനസമാഹരണം നടത്തുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത്തരം പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പാഴ്ച്ചെലവുകൾ ഒഴിവാക്കുന്നതിനായി 22-11-2018-ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ 108/2018/ധന. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ദീർഘകാല അവധി

105(4215) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ നിലവിൽ ദീർഘകാല അവധിയിൽ പ്രവേശിച്ചവരുടെ പേരും തസ്തികയും വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ദീർഘകാല അവധിക്ക് മാനദണ്ഡമാക്കിയിരിക്കുന്ന സർക്കാർ ഉത്തരവ്/ സർക്കുലർ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സർക്കുലർ നമ്പർ 13818/BPE2/02/Plg തീയതി 4-12-2003 എന്ന സർക്കുലറിനുശേഷം, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ദീർഘകാല അവധി സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കെൽട്രോണിൽ നിലവിൽ ദീർഘകാല അവധിയിൽ പ്രവേശിച്ച ജീവനക്കാരന്റെ പേര് ശ്രീ. സംഗീത് ആർ. എസ്., തസ്തിക ഓഫീസർ (എച്ച്.ആർ.) എന്നാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ദീർഘകാല അവധിക്ക് മാനദണ്ഡമാക്കിയിരിക്കുന്ന സർക്കാർ ഉത്തരവ്/സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത സർക്കുലറിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ദീർഘകാല അവധി സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**കെൽട്രോൺ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

106 (4216) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട (2012-17 കാലയളവ്) 28-10-17-ലെ ജി.ഒ. (എം.എസ്.) നമ്പർ 105/17/ID ഉത്തരവ് പ്രകാരം ഓഫീസർ തസ്തികയിലുള്ള ഒരു ജീവനക്കാരന് നിലവിൽ ലഭിക്കുന്ന മാസശമ്പളത്തിൽ നിന്നും ശരാശരി അയ്യായിരം രൂപയുടെ കുറവ് വരുന്നതായിട്ടുള്ള കാര്യം ബോദ്ധ്യപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കെൽട്രോൺ ജീവനക്കാരുടെ പ്രതിനിധികൾ 8-11-2017-ന് വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് അപാകതകൾ എത്രയും വേഗം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) 28-10.-2017-ലെ ഉത്തരവുപ്രകാരം ശമ്പളപരിഷ്കരണം നടപ്പിലാക്കിയാൽ പുതിയ ഡി.എ. നിരക്ക് കാരണം കെൽട്രോണിലെ നൂറിൽപ്പരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജീവനക്കാർ ശരാശരി മൂന്ന് ലക്ഷം രൂപ സ്ഥാപനത്തിന് തിരിച്ച് നൽകാൻ നിർബന്ധിതരായിത്തീരുമെന്നതിനാൽ, പ്രസ്തുത ഉത്തരവ് ഹർജിക്കാർക്ക് ബാധകമാക്കരുതെന്ന് ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല വിധി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കെൽട്രോണിലെ ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് നാളിതുവരെ ലഭിച്ചുകൊണ്ടിരുന്ന സർക്കാർ നിരക്കിലുള്ള ഡി.എ. സമ്പ്രദായം തുടർന്നും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ:

(സി) സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർഗിംഗ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ഓഫീസർ തസ്തികയിലുള്ള ജീവനക്കാർക്ക് 30-8-2017 ലെ ജി. ഒ. (എം.എസ്.) 88/2017/ID ഉത്തരവ് പ്രകാരം സർക്കാർ ഡി. എ. പുനഃസ്ഥാപിച്ച് നൽകി 2012-17 കാലയളവിലെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മാനദണ്ഡം അനുസരിച്ച് കെൽട്രോണിലെ ഓഫീസർ തസ്തികയിലുള്ള ജീവനക്കാർക്കും ഇതേ കാലയളവിലുള്ള ശമ്പള പരിഷ്കരണത്തിന് സർക്കാർ ഡി.എ. പുനഃസ്ഥാപിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

(ബി) വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇൻഡസ്ട്രിയൽ ഡി.എ.ക്കാണ് അർഹതയുള്ളത് എന്ന് ധനവകുപ്പ് അറിയിച്ചിരുന്നത് പ്രകാരമാണ് ശമ്പളപരിഷ്കരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കെൽട്രോൺ ജീവനക്കാർ സമർപ്പിച്ച നിവേദനം പരിശോധിച്ചുവരുന്നു.

## പെർഫോമൻസ് കോൺട്രാക്ട് സിസ്റ്റം

107 (4217) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ പെർഫോമൻസ് കോൺട്രാക്ട് സിസ്റ്റം നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രവർത്തനമികവ് ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിയിരുന്ന മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് സംവിധാനത്തിന്റെ ഭാഗമായ പെർഫോമൻസ് കോൺട്രാക്ട് സംവിധാനം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. സർക്കാരും കമ്പനി മാനേജ്മെന്റും തൊഴിലാളി സംഘടനകളുമായിട്ടാണ് പെർഫോമൻസ് കോൺട്രാക്ടിൽ ഏർപ്പെടുന്നത്. പെർഫോമൻസ് കോൺട്രാക്ട് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ മുൻകാലങ്ങളിൽ പരിശോധിച്ചിരുന്നെങ്കിലും പരാജയ സാധ്യതകൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല.

## കളിമൺ വ്യവസായ മേഖലയുടെ സംരക്ഷണം

108(4218) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയന്ത്രണത്തിൽ ഭേദഗതി വരുത്തിയതിനാൽ കളിമണ്ണ് ഖനനത്തിന് നിരോധനം ഏർപ്പെടുത്തിയത് മൂലമുണ്ടായ ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നിരോധനംമൂലം നിർമ്മാണമേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള വ്യവസായ മേഖലയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നും മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഇതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏത് തരം ഖനനത്തിനും പാരിസ്ഥിതികാനുമതി ബഹു. സുപ്രീം കോടതി നിർബന്ധമാക്കിയ സാഹചര്യത്തിൽ നെൽവയലുകളിൽ നിന്നും

തണ്ണീർത്തടങ്ങളിൽ നിന്നും കളിമണ്ണ് ഖനനം ചെയ്യുമ്പോൾ പാരിസ്ഥിതികാഘാതം ഉണ്ടാകുമെന്ന കണ്ടെത്തലിനെ തുടർന്ന് പാരിസ്ഥിതികാനുമതിക്ക് അപേക്ഷിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ നിന്നും ഖനനം നടത്തുന്നതിനുള്ള പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കുവാൻ അപേക്ഷകരെ നിർബന്ധിക്കാവുന്നതാണ് എന്നത് മാത്രമേ നിലവിലെ സാഹചര്യത്തിൽ ഈ പ്രതിസന്ധിക്ക് പരിഹാരമാർഗ്ഗമായുള്ളൂ.

(സി) പരമ്പരാഗത കളിമൺപാത്രമേഖലയെ സഹായിക്കുന്നതിനായി പ്രതിവർഷം 50 മെട്രിക് ടൺ വരെയുള്ള സാധാരണ കളിമണ്ണ് ഖനനം ചെയ്യുന്നതിന്, ഇപ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പെർമിറ്റ് സമ്പാദിക്കുന്നതിൽ നിന്നും, റോയൽറ്റി ഒടുക്കുന്നതിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണ്. ഇവരെ പാരിസ്ഥിതികാനുമതി സമ്പാദിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമികളിൽനിന്നും പുരയിടമായി റവന്യൂ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളിൽനിന്നും പാരിസ്ഥിതികാനുമതിയോടെ കളിമൺ ഖനനം ചെയ്യാവുന്നതാണ്.

28-12-2016-ൽ സംസ്ഥാനത്തെ ഖനന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ 2008-ന് മുമ്പായി നികത്തപ്പെട്ട ഭൂമിയിൽ (Paddy Land Act-ൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ) കളിമണ്ണ് ശേഖരിക്കുന്നതിന് സാധ്യതകൾ പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ധ ഏജൻസിയെ നിയമിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (KSREC) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട് മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. KSREC-യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളിലെ സംഭരണശേഷി കൂട്ടുന്നതിനായി അവയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം നീക്കം ചെയ്യുന്ന ചെളി/കളിമണ്ണ് കളിമൺപാത്ര നിർമ്മാണത്തിന് അനുയോജ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

## ചെറുകിട മൈക്രോ സംരംഭകർക്ക് സഹായങ്ങൾ

109 (4219) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വ്യവസായങ്ങൾ നഷ്ടപ്പെട്ട ചെറുകിട-മൈക്രോ സംരംഭകർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വ്യവസായങ്ങൾ നഷ്ടപ്പെട്ട ചെറുകിട മൈക്രോ സംരംഭകരുടെ പുനരുദ്ധാരണത്തിനായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കിയിട്ടുമുണ്ട്. അർഹരായ MSME സ്ഥാപനങ്ങളുടെ വായ്പകൾക്കുള്ള മൊറട്ടോറിയവും പുനഃക്രമീകരണത്തിലൂടെ അധിക തിരിച്ചടവുകാലയളവും പുനർവായ്പയും സംബന്ധിച്ച നിർദ്ദേശവും ഇതിന്റെ ഭാഗമാണ്.

## ചെറുകിട മൈക്രോ സംരംഭങ്ങൾക്കുണ്ടായ നഷ്ടം

110 (4220) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് ചെറുകിട മൈക്രോ സംരംഭങ്ങൾക്ക് കനത്ത നഷ്ടമുണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

(സി) ഇത്തരം സംരംഭങ്ങൾക്ക് വായ്പയെടുത്ത സംരംഭകർക്ക് പ്രസ്തുത നഷ്ടം സംഭവിച്ചതിനെത്തുടർന്ന് വായ്പ തിരിച്ചടവ് മുടങ്ങിയിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഈ സംരംഭകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. MSME യൂണിറ്റുകൾക്ക് പ്രളയത്തെ തുടർന്നുണ്ടായ നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തിവരുന്നു. സർവ്വേ പൂർണ്ണമായിട്ടില്ല.

(സി&ഡി) പ്രളയ ദുരന്തത്തിലെ നഷ്ടത്തിൽനിന്നും എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേക്കായി 'ദുരിത ബാധിത പുനർ നിർമ്മാണ സംരംഭക സഹായ പദ്ധതി', 'പലിശ സഹായ പദ്ധതി' എന്നിങ്ങനെ രണ്ട് പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം അർഹരായ MSME സ്ഥാപനങ്ങളുടെ വായ്പകൾക്കുള്ള മൊറട്ടോറിയവും പുനഃക്രമീകരണത്തിലൂടെ അധിക തിരിച്ചടവുകാലയളവും പുനർവായ്പയും ലഭ്യമാക്കിവരുന്നു.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ ചെറുകിട സംരംഭകർക്കായിട്ടുള്ള നഷ്ടം

111 (4221) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ചെറുകിട മൈക്രോ സംരംഭകർക്കായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര സംരംഭകർക്ക് എന്തെല്ലാം തരത്തിലുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) നഷ്ടത്തെത്തുടർന്ന് ഇത്തരം സംരംഭകർ പലരും വായ്പകൾപോലും തിരിച്ചടയ്ക്കാൻ പ്രയാസം അനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത്തരം സംരംഭകർക്ക് ആവശ്യമായ വായ്പ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയത്തെത്തുടർന്ന് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ചെറുകിട മൈക്രോ സംരംഭങ്ങൾക്ക് സംഭവിച്ച നഷ്ടം SME സർവ്വേ എന്ന മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം സർവ്വേ നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം 8 ചെറുകിട വ്യവസായങ്ങൾക്കായി ഏകദേശം 14,28,950 രൂപയുടെയും 20 വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കായി 42,50,000 രൂപയുടെയും നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. കെട്ടിടം, മെഷിനറി, ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, ഫർണിച്ചർ, അസംസ്കൃത വസ്തുക്കൾ, ഉൽപ്പന്നങ്ങൾ എന്നിവയ്ക്കാണ് നഷ്ടം സംഭവിച്ചത്.

(ബി) ഉണ്ട്. 2018 ആഗസ്റ്റ് 20-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളിലൂടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വായ്പകൾക്കുള്ള മൊറട്ടോറിയവും, പുനർവായ്പ നൽകുന്നതിനുള്ള നിർദ്ദേശങ്ങളും ഈ നടപടിയുടെ ഭാഗമാണ്.

**പരമ്പരാഗത ഈറ്റ ശേഖരണ തൊഴിലാളികളുടെ പ്രശ്നങ്ങൾ**

112 (4222) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും കഴിഞ്ഞ രണ്ടു വർഷത്തോളമായി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ യഥാക്രമം പേപ്പർ ഈറ്റ, നെയ്ത്ത് ഈറ്റ എന്നിവ ശേഖരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭാഗത്തെ ഈറ്റ ശേഖരണം നടക്കാത്തതിന്റെ ഫലമായി ഈറ്റവെട്ടിയും പനമ്പ് നെയ്തും കയറ്റിറക്ക ചെയ്തും ജീവിച്ച വന്നിരുന്ന നൂറ് കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ ഈറ്റ ശേഖരണം നിർത്തുവാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) ഈറ്റ ശേഖരണം നിർത്തിയതോടെ പരമ്പരാഗത മേഖലയിൽ തൊഴിലെടുത്തിരുന്നവരുടെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് ഈറ്റ ശേഖരണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും കഴിഞ്ഞ രണ്ട് വർഷവും വനം വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ ഈറ്റ ശേഖരിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. 2016-17 വർഷത്തിൽ 533 എം.ടി., 2017-18 വർഷത്തിൽ 678 എം.ടി. എന്നിങ്ങനെ പൂയംകുട്ടി വനമേഖലയിൽ നിന്നും ഈറ്റ ശേഖരിച്ച് പനമ്പ് നെയ്ത്തുകാർക്ക് നെയ്ത്തിനായി വിതരണം ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും ഈറ്റ ശേഖരിക്കാനുള്ള അനുവാദം വനം വകുപ്പ് നൽകിയാൽ മാത്രമേ കോർപ്പറേഷന് വനത്തിൽ നിന്നും ഈറ്റ ശേഖരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) കോർപ്പറേഷന് 2018-19 വർഷത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും ഈറ്റ ശേഖരിക്കാൻ വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഭാഗത്ത് ഈറ്റ ശേഖരണം നടക്കാത്തതിന്റെ ഫലമായി ഈറ്റ തൊഴിലാളികൾക്ക് തൊഴിൽനഷ്ടം സംഭവിക്കാതിരിക്കാൻ കോർപ്പറേഷന് ഈറ്റ ശേഖരിക്കാൻ അനുമതി ലഭിച്ചിട്ടുള്ള മേഖലകളായ ഇടമലയാർ, അടിമാലി, താളുംകണ്ടം മേഖലകളിൽ പൂയംകുട്ടി മേഖലയിൽ നിന്നുള്ള തൊഴിലാളികൾക്ക് ഈറ്റ വെട്ടാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) വനം വകുപ്പ് നൽകുന്ന അനുമതിക്ക് വിധേയമായി മാത്രമാണ് കോർപ്പറേഷൻ വനത്തിൽനിന്ന് ഈറ്റ ശേഖരണം നടത്തുന്നത്. 2018-19 വർഷം ഫോറസ്റ്റ് നിയമമനുസരിച്ച് റസ്റ്റ് പിരീഡ് ആയതിനാൽ പൂയംകുട്ടി വനമേഖലയിൽ ഈറ്റ ശേഖരിക്കാനുള്ള അനുമതി വനം വകുപ്പിൽ നിന്ന് ലഭ്യമായിട്ടില്ല. അതിനാൽ ഈറ്റ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറക്ക് ഈ മേഖലയിൽ നിന്ന് ഈറ്റ ശേഖരിക്കാൻ സാധിക്കുന്നതാണ്.

(ഡി) പൂയംകുട്ടി വനമേഖലയിൽ തൊഴിലെടുക്കുന്ന പരമ്പരാഗത ഈറ്റവെട്ട് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ടി 2018-19 വർഷത്തിൽ വനം വകുപ്പിൽ നിന്നും ഈറ്റ ശേഖരിക്കുന്നതിന് അനുമതിയുള്ള അടിമാലി, ഇടമലയാർ, താളുംകണ്ടം വനമേഖലകളിൽ ഈറ്റ വെട്ടുന്നതിന് അവസരമുണ്ട്. വനം വകുപ്പ് അനുമതി നൽകുന്നമുറയ്ക്ക് പൂയംകുട്ടി വനമേഖലയിൽ ഈറ്റ ശേഖരണം പുനരാരംഭിക്കാവുന്നതാണ്.

## വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി

113 (4223) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഇങ്ങനെ കണ്ടെത്തുന്ന സ്ഥലങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിന് പുതിയ അപേക്ഷകൾ ലഭിച്ചാൽ അതിന്മേൽ കാലതാമസം കൂടാതെ തീരുമാനമെടുത്ത് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ വകുപ്പ് കൂടാതെ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, സിഡ്കോ, ഇൻകെൽ തുടങ്ങിയ ഏജൻസികളാണ്.

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പുതിയ സംരംഭകർക്ക് അവ അനുവദിച്ചുനൽകുന്ന നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടന്നുവരുന്നുണ്ട്.

(സി&ഡി) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തിരിച്ചെടുക്കുന്നുണ്ട്. ഇങ്ങനെ തിരിച്ചെടുക്കുന്ന സ്ഥലങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല കമ്മിറ്റി പരിഗണിച്ച് യോഗ്യരായ സംരംഭകരുടെ മുൻഗണനാ ലിസ്റ്റ് കാലതാമസം കൂടാതെ തന്നെ തയ്യാറാക്കുകയും ഭൂമി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത അപേക്ഷകർക്ക് ഭൂമി അനുവദിച്ചുവരികയും ചെയ്യുന്നു.

## മാന്നാർ അലിൻഡ് കമ്പനിയുടെ സ്ഥലം

114 (4224) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ മാന്നാർ അലിൻഡ് കമ്പനിയുടെ, ഉപയോഗത്തിലിരിക്കുന്ന സ്ഥലം ഒഴിച്ച് ബാക്കി ഭൂമിയിൽ ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കാമോ?

(ബി) ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിന് വകുപ്പ് തലത്തിൽ ആലോചനയുണ്ടോ; വ്യക്തമാക്കാമോ

ഉത്തരം

(എ&ബി) പ്രസ്തുത സ്ഥലത്ത് ഇൻഫോ പാർക്ക് സ്ഥാപിക്കുവാൻ വ്യവസായ വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല.

## വ്യവസായ വകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ നിയമനം

115 (4225) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള മില്ലുകളിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതു മേഖലയിലും സഹകരണ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളിൽ വർക്കർ, സ്റ്റാഫ്, സൂപ്പർ വൈസർ, മാനേജീരിയൽ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ മില്ലുകൾ തിരിച്ച് വെളിപ്പെടുത്തുമോ; അവ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) നിയമന നടപടികൾക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ പൊതുമേഖലാ മില്ലുകളിൽ മാനേജീരിയൽ/സൂപ്പർവൈസർ തസ്തികകളിലെയും സ്റ്റാഫ്/വർക്കർ കാറ്റഗറി വിഭാഗത്തിലെയും നിലവിലുള്ള ഒഴിവുകളിൽ, സർക്കാർ കാലാകാലങ്ങളിൽ ഉത്തരവായിട്ടുള്ള മാതൃകയിൽ, സുതാര്യമായും വ്യവസ്ഥാപിതവുമായ രീതിയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതിയിന്മേലുള്ള ഹൈക്കോടതി സ്റ്റേ നീക്കം ചെയ്തിട്ടുണ്ട്.

(ബി) പൊതുമേഖലയിലും ടെക്സ്ഫെഡിനും കീഴിലുള്ള വിവിധ മില്ലുകളിലെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മില്ലുകളിലെ ദീർഘകാല കരാർ പുതുക്കുന്നത് സംബന്ധിച്ച് ഐ.ആർ.സി. തലത്തിൽ ചർച്ചയും നടത്തി വരികയാണ്. കരാർ പുതുക്കിയശേഷമേ വർക്കർ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിരിക്കുന്ന സ്റ്റാഫ്, സൂപ്പർവൈസർ, ജൂനിയർ മാനേജർ കാറ്റഗറി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലുള്ള ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിരിക്കുന്ന സ്റ്റാഫ്, സൂപ്പർവൈസർ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കുള്ള നടപടിയും വർക്കർ, മാനേജീരിയൽ വിഭാഗത്തിലേയ്ക്കുള്ള സ്ഥിര നിയമനങ്ങൾക്കായുള്ള നടപടികളും സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഉദുമ, കോമളപുരം സ്പിന്നിംഗ് മില്ലുകളിലും ഹൈടെക് വീവിംഗ് മിൽ പിണറായി എന്നിവിടങ്ങളിൽ ബഹുമാനപ്പെട്ട കോടതി നിർദ്ദേശപ്രകാരം നിയമനം നടത്തിവരികയാണ്.

ടെക്സ്ഫെഡിന് കീഴിലുള്ള മില്ലുകളിൽ ഇതുവരെ നിയമനനടപടികൾ ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഴവന്നൂർ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

116 (4226) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവന്നൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കിൻഫ്ര, റബ്ബർ പാർക്ക് എന്നീ വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന 106 സ്ഥാപനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക തുക അടിയന്തരമായി പഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) വസ്തുനികുതി 1,54,54,650 രൂപ തൊഴിൽ നികുതി സംബന്ധിച്ച് സ്ഥാപനങ്ങൾ വ്യക്തമായ രേഖകൾ ഹാജരാക്കാത്തതിനാൽ 2014-15, 2016-17 വരെയുള്ള Comptroller and Auditor General -ന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി 29,24,076 രൂപയാണ്.

(ബി) കുടിശ്ശിക തുക സംബന്ധിച്ച് സംരംഭകരും പഞ്ചായത്തും തമ്മിൽ ഒരു കേസ് നിലനിൽക്കുന്നു. കേസ് തീർപ്പാകുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

## ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

117 (4227) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2011-ലെ സർക്കാർ ഉത്തരവ് G.O. (MS) No.1/2011/ID പ്രകാരം സിഡ്കോയുടെ കീഴിൽ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ഓരോ തസ്തികയിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത എന്തൊക്കെയാണെന്നും ഓരോ തസ്തികയിലുമുള്ള ശമ്പള നിരക്ക് എത്രയാണ് എന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (അച്ചടി) നമ്പർ.144/2018/ധന അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ

ശമ്പളം നൽകുന്നതിന് പകരമായി ജീവനക്കാരുടെ 2018 സെപ്റ്റംബർ മാസത്തെ ശമ്പളം അടിസ്ഥാനമാക്കി 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത അവധി ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുവാൻ തയ്യാറായി ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർ സിഡ്കോ മാനേജ്മെന്റ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആയത് മാനേജ്മെന്റ് അംഗീകരിച്ച് നൽകിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) നിലവിൽ സിഡ്കോയിൽ ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകുന്നതിനെ സംബന്ധിച്ചുള്ള സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) സിഡ്കോയുടെ അധീനതയിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ആകെയുള്ള 15 ജീവനക്കാരിൽ 12 പേരുടെ അപേക്ഷ സിഡ്കോ മാനേജ്മെന്റിന് ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷ സിഡ്കോ മാനേജ്മെന്റ് പരിഗണിക്കുകയും 12 ജീവനക്കാരുടെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് സിഡ്കോ മാനേജ്മെന്റ് ഉത്തരവായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് നിമിത്തം പ്രസ്തുത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നാളിതുവരെ നൽകിയിട്ടില്ല.

(സി) സിഡ്കോയിലെ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യം സിഡ്കോയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ടൂർ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും അനുവദിച്ച് നൽകാവുന്നതാണ് എന്ന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ടൂർ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി, പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈഗൈ ത്രഡ്സ് കമ്പനി തൊഴിലാളികളുടെ പ്രശ്നങ്ങൾ

118 (4228) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന, കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ, കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ന്യായമായ സഹായം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ചപ്പോൾ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നിയമപരമായി അനുവദിക്കേണ്ട ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ആയത് വളരെ കുറവാണെന്ന തൊഴിലാളികളുടെ പരാതി കണക്കിലെടുത്ത് നിലവിൽ ലഭിച്ച ആനുകൂല്യങ്ങൾക്ക് പുറമെ അവരുടെ പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന വിധത്തിൽ ഒരു പാക്കേജ് രൂപീകരിക്കണമെന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട് നടന്ന വിവിധ യോഗങ്ങളിൽ തീരുമാനമായിരുന്നു. വൈഗൈ ത്രഡ്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികളുടെ പുനരധിവാസവും കൂടുതൽ നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് ഒരു പാക്കേജ് തയ്യാറാക്കുന്നതിന് തൊഴിലും പുനരധിവാസവും വകുപ്പ് നടപടികൾ സ്വീകരിച്ച് വരികയാണ്.

വൈഗൈ ത്രഡ്സ് കമ്പനി നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന സാക്ഷ്യപത്രം തൊഴിൽവകുപ്പ് ഇ.എസ്.ഐ. കോർപ്പറേഷന് നൽകുകയും തൊഴിലാളികൾക്ക് ഇ.എസ്.ഐ. മുഖേന അനുവദിക്കുന്ന "രാജീവ് ഗാന്ധി ശ്രമിക് കല്യാൺ യോജന" സ്കീം പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

## ഉദുമ സ്പിന്നിംഗ് മിൽസ്

119 (4229) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഉൽപ്പാദനം ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ ഏത് റാങ്ക് ലിസ്റ്റിൽനിന്നാണ് നിയമിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ റാങ്ക് ലിസ്റ്റിലുള്ള എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചതായി പി.എസ്.സി. -യിൽ നിന്നും വകുപ്പിനെ അറിയിച്ചിട്ടുണ്ട്; എത്ര പേർ ജോലിയിൽ പ്രവേശിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) നൂൽ മാത്രം ഉൽപ്പാദിപ്പിക്കുന്ന ഈ സ്ഥാപനത്തെ തുണി നിർമ്മാണത്തിനുള്ള സ്ഥാപനമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) കെ.എസ്.ടി.സി.-യുടെ കൈവശം മൈലാട്ടിയിൽ എത്ര ഏക്കർ ഭൂമി ഇപ്പോൾ വെറുതെ കിടക്കുന്നുണ്ട് വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) പ്രസ്തുത ഭൂമി ഏതെങ്കിലും സ്ഥാപനം തുടങ്ങുന്നതിന് പ്രയോജനപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനോദ്ഘാടനം 2018 ഒക്ടോബർ മാസം 29-ാം തീയതി നടന്നു. ട്രയൽ പ്രൊഡക്ഷനാണ് ആരംഭിച്ചിട്ടുള്ളത്. വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം 2019 ജനുവരി മദ്ധ്യത്തോടുകൂടി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) മില്ലിലെ വർക്കർ കാറ്റഗറി ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ പി.എസ്.സി. മുഖേനയല്ല അഡ്വൈസ് മെമ്മോ അയച്ചത്. കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ 2011-ൽ തയ്യാറാക്കിയ വർക്കർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നാണ് ഉദുമ ടെക്സ്റ്റൈൽ മില്ലിൽ ഇപ്പോൾ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. വർക്കർ റാങ്ക് ലിസ്റ്റുകളിൽ നിന്നും 844 പേർക്ക് അഡ്വൈസ് മെമ്മോ നൽകുകയും 96 പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചിട്ടുമുണ്ട്. കമ്പനി പൂർണ്ണതോതിൽ മൂന്ന് ഷിഫ്റ്റും പ്രവർത്തിക്കണമെങ്കിൽ 148 തൊഴിലാളികൾ ആകെ വേണ്ടതുണ്ട്.

(ഡി) ഉദുമ ടെക്സ്റ്റൈൽ മില്ലിൽ നൂലാണ് ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്. ഇവിടെ നൂൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഉദുമ ടെക്സ്റ്റൈൽ മില്ലിൽ തുണി നിർമ്മാണത്തിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ഇ&എഫ്) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ (കെ.എസ്.ടി.സി.)-ന്റെ കൈവശം മൈലാട്ടിയിൽ അധികമായി കിടക്കുന്ന 15 ഏക്കറോളം ഭൂമി സ്ഥാപനത്തിന്റെ ഭാവിയിലുള്ള വികസനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

## എറണാകുളം ജില്ലയിലെ വൻകിട-ചെറുകിട വ്യവസായ വ്യാപാര മേഖലയുടെ പുനരുജ്ജീവനം

120 (4230) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ കഴിഞ്ഞ മഹാപ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെയും വൻകിട-ചെറുകിട വ്യവസായ-വ്യാപാര മേഖലയുടെയും പുനരുജ്ജീവനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച എറണാകുളം ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലെയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് സഹായകമാകുന്ന രണ്ട് സാമ്പത്തിക സഹായ പദ്ധതികൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നതിനായി നൽകിയിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി അംഗീകരിച്ച് നടപ്പിലാക്കുവാനായി ശിപാർശ ചെയ്തിട്ടുള്ള പുനർവായ്പാ പദ്ധതികൾ സംരംഭകരിലേയ്ക്ക് എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിൽപ്പെട്ടതും ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുള്ളവരുമായ സംരംഭകർക്ക് ഒരു വർഷത്തെ പിഴപ്പലിശ ഒഴിവാക്കുകയും ആവശ്യകത പരിശോധിച്ച് ഒരു വർഷം വരെ മൊറട്ടോറിയവും വായ്പാ തിരിച്ചടവ് കാലപരിധി പുനർനിർണ്ണയിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ വ്യാപാര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി "പുനർജ്ജനി" എന്ന പേരിൽ ഒരു ധനസഹായ പാക്കേജിന് രൂപംകൊടുത്തിട്ടുണ്ട്. ഇപ്രകാരം 9 ശതമാനം പലിശയ്ക്ക് മൂന്ന് കോടി രൂപവരെ ഹ്രസ്വകാല വായ്പ നൽകുകയും നിലവിലുള്ള ഹ്രസ്വകാല വായ്പയുടെ തിരിച്ചടവ് മൂന്ന് വർഷമായി ഉയർത്തിയിട്ടുമുണ്ട്.

എറണാകുളം ജില്ലയിലെ പാലിയംതുരുത്ത്, മറവംതുരുത്ത്, കരിമ്പാടം, കരിമാല്ലൂർ, നോർത്ത് പറവൂർ എന്നീ സ്ഥലങ്ങളിലെ ഖാദി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ജില്ലാ പഞ്ചായത്ത് 8 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി അനുവദിച്ചിട്ടുണ്ട്. സി.എസ്.ആർ. പദ്ധതിപ്രകാരം 30.30 ലക്ഷം രൂപയുടെ ധനസഹായവും അംഗീകരിച്ചിട്ടുണ്ട്.

കൈത്തറി വ്യവസായ മേഖലയിൽ എറണാകുളം ജില്ലയിൽ ചേന്ദമംഗലം പ്രദേശത്താണ് ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ചത്. കേടുപാടുകൾ പറ്റിയ 255 തറികളിൽ 219 എണ്ണം ഇതുവരെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. പുനരുജ്ജീവന പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 25-10-2018, 26-11-2018 തീയതികളിൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡ്, പെട്രോനെറ്റ്, എൽ.എൻ.ജി. എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ ധനസഹായത്താൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

121 (4231) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് വഴി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ആരംഭിച്ച പ്രവൃത്തികളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പ് വഴി നിയോജകമണ്ഡലം അടിസ്ഥാനപ്പെടുത്തി പ്രത്യേക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നില്ല. എന്നാൽ ഓരോ വർഷവും വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എല്ലാ മണ്ഡലത്തിലെയും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി 8 സംരംഭകത്വ ബോധവത്കരണ സെമിനാറുകളും 3 നിക്ഷേപക സംഗമങ്ങളും സംഘടിപ്പിച്ചു. 8 സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിച്ചു.

സംരംഭക സഹായ പദ്ധതിപ്രകാരം 19 സംരംഭങ്ങൾക്കായി 52,12,913 രൂപ സബ്സിഡിയായിട്ടും അനുവദിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിപ്രകാരം 7 സംരംഭങ്ങൾ ആരംഭിച്ചു.

**ഇടക്കൊച്ചി സുസ്ഥിര വികസന മേഖല**

122 (4232) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായി 2010-ൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക പരിശോധനയ്ക്കായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി വിദഗ്ദ്ധ സമിതി മുഖേന നടത്തുന്ന പഠനം പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത പഠനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായി 2010-ൽ ഇൻകെൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി നടത്തിയ പഠനം പൂർത്തീകരിച്ചിട്ടുണ്ട്.

**പള്ളുരുത്തിയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

123 (4233) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തിയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര പ്ലോട്ടുകൾ ആണ് ഉള്ളതെന്നും പ്രസ്തുത പ്ലോട്ടുകൾ ആരുടെ പേരിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്ലോട്ടുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയുടെ ഉൽപ്പന്നങ്ങൾ എന്തെന്നും വിശദമാക്കാമോ;

(സി) യഥാർത്ഥത്തിൽ പ്ലോട്ടുകൾ അനുവദിക്കപ്പെട്ടവരുടെ പേരിൽ തന്നെയാണോ നിലവിൽ പ്ലോട്ടുകൾ ഉള്ളതെന്നും ഇവ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരമുള്ള കൈമാറ്റത്തിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത പ്ലോട്ടുകൾ ആരുടെയെങ്കിലും പേരിൽ പതിച്ചുകൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ പള്ളുരുത്തി വ്യവസായ എസ്റ്റേറ്റിൽ ആകെ 8 പ്ലോട്ടുകളാണുള്ളത്. പ്രസ്തുത പ്ലോട്ടുകൾ താഴെപ്പറയുന്ന വ്യക്തികളുടെ പേരിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്.

| | | |
|---|---|---|
| 1 | ശ്രീ. കെ. വി. കോശി | 14.75 സെന്റ് ഭൂമിയും ഷെഡും |
| 2 | ശ്രീമതി മോളി എബ്രഹാം | 11.865 സെന്റ് ഭൂമിയും ഷെഡും |
| 3 | ശ്രീ. മാത്യു ജ്യോഷ്വ | 17.685 സെന്റ് ഭൂമിയും ഷെഡും |
| 4 | ശ്രീ. കെ. പി. ജോയി | 8.94 സെന്റ് ഭൂമിയും ഷെഡും |
| 5 | ശ്രീ. റ്റി. കെ. ജേക്കബ് | 21.41 സെന്റ് ഭൂമിയും ഷെഡും |
| 6 | ശ്രീ. ഡേവിഡ് എഫ്. മനോവാലം | 46.325 സെന്റ് ഭൂമി |
| 7 | ശ്രീ. സി.എൽ. ആനന്ദ് | 10 സെന്റ് ഭൂമിയും ഷെഡും |
| 8 | ശ്രീ വെങ്കിട്ടരാമൻ നായിഡു | 18.53 സെന്റ് ഭൂമിയും ഷെഡും |

(ബി) പള്ളുരുത്തി വ്യവസായ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും അവയുടെ ഉത്പന്നങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ചില യൂണിറ്റുകളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഉണ്ട്.

(ഇ) ഇല്ല.

**അനധികൃത പാറ ഖനനം**

124 (4234) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികളിൽ നിന്ന് അനുവദനീയമായ അളവിൽ കൂടുതൽ പാറ ഖനനം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ എന്ന് വിശദീകരിക്കുമോ;

(ബി) അനുവദിക്കപ്പെട്ട അളവിൽ കൂടുതൽ പാറഖനനം നടത്തുമ്പോൾ സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി തുക ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താക്കളിൽ നിന്ന് അമിതവില ഈടാക്കുന്നതും നികുതി വെട്ടിപ്പും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ വിശദീകരിക്കുമോ;

(സി) ന്യായമായ വിലയ്ക്ക് പാറയും പാറ ഉത്പന്നങ്ങളും ആവശ്യക്കാർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ക്വാറിയിൽ നിന്നും അനുവദനീയമായ അളവിൽക്കൂടുതൽ പാറ ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ നിയമാനുസൃതം നടപടി സ്വീകരിച്ച് ബന്ധപ്പെട്ട ചട്ടങ്ങൾപ്രകാരം പിഴ ഈടാക്കുന്നുണ്ട്. 7-2-2015 -ൽ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ക്വാറികൾ മൈനിംഗ് പ്ലാനിനനുസൃതമായാണ് പ്രവർത്തിക്കുന്നത്. ക്വാറിയിൽ നിന്നും ഓരോ വർഷവും ഖനനം ചെയ്തെടുക്കാൻ സാധിക്കുന്ന ധാതുവിന്റെ അളവ് മൈനിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനം മുഖേനയാണ് ഇപ്പോൾ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിക്കുന്നത്. ഓൺലൈൻ സംവിധാനപ്രകാരം പാസ്സുകൾ സമ്പാദിക്കുന്നവർക്ക് മൈനിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽക്കൂടുതലായി പാസ്സുകൾ അനുവദിക്കാൻ സാധിക്കുകയില്ല. ഓൺലൈൻ പാസ്സുകൾ നടപ്പിലാക്കാത്ത സംഗതികളിൽ അനുവദനീയമായ അളവിൽക്കൂടുതൽ ഖനനം നടക്കുന്നത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടാൽ മൈനിംഗ് & ജിയോളജി വകുപ്പും റവന്യൂ വകുപ്പും നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നുണ്ട്.

(ബി) അനുവദിച്ച അളവിൽക്കൂടുതൽ ഖനനം നടക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന

സാഹചര്യത്തിൽ 2015-ലെ കെ.എം.എം.സി. ചട്ടപ്രകാരമുള്ള റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ക്വാറി/ക്രഷർ ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കൽ ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വിലവർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. അഞ്ച് ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (Simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

5. അന്യസംസ്ഥാനത്തുനിന്നും കരിങ്കല്ല് കൊണ്ടുവരുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

6. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം ചേരുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

7. ക്വാറി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

**കരിങ്കൽ ക്ഷാമം**

125 (4235) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്ഷാമംമൂലം നിർമ്മാണ മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ക്വാറികൾ ദേശസാൽക്കരിച്ച് സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിങ്കൽ ക്ഷാമം പരിഹരിച്ച് നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

1. അഞ്ച് ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (Simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുയും ചെയ്തു.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. അന്യസംസ്ഥാനത്തുനിന്നും കരിങ്കൽ കൊണ്ടുവരുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

6. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസ്സുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

(സി) ക്വാറികൾ ദേശസാൽക്കരിച്ച് സംസ്ഥാനത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിപ്പിക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചിട്ടില്ല.

## കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കറേഷൻസ്

126 (4236) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ ഇടയ്ക്കോട് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ളതും കയ്യേറപ്പെട്ടതുമായ സ്ഥലം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഖാദി ബോർഡിന്റെ അധീനതയിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് ബോർഡിന്റെ നിയന്ത്രണത്തിൽ കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കറേഷൻസ് എന്ന പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ആർ.ഡി.ഒ. ശിപാർശ അനുസരിച്ച് സിവിൽ അന്യായം ഫയൽ ചെയ്ത് മാത്രമേ പരാമർശിത വസ്തു ഖാദി ബോർഡിന്റെ അധീനതയിൽ കൊണ്ടുവരുന്നതിന് കഴിയൂ. ഇത് സംബന്ധിച്ച നിയമപരമായ വശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) വസ്തു ഖാദി ബോർഡിന്റെ പേരിൽ വന്നിട്ടില്ലാത്തതിനാൽ കോമൺ ഫെസിലിറ്റി സെന്റർ ഫോർ ഹാൻവീവ് ആന്റ് ഡെക്കറേഷൻസ് എന്ന പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ പരിഗണനയിലില്ല. സ്ഥലം പൂർണ്ണമായും ഖാദി ബോർഡിന് കീഴിൽ ലഭ്യമായാൽ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

## കൈത്തറി നെയ്ത്ത് മേഖലയുടെ ശാക്തീകരണം

127 (4237) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്ത് മേഖലയെ ശാക്തീകരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ എത്ര കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം താലൂക്കടിസ്ഥാനത്തിൽ നൽകാമോ;

(സി) നിലവിൽ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങളുടെ എണ്ണം താലൂക്കടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ഡി) പൂട്ടിക്കിടക്കുന്ന നെയ്ത്ത് തൊഴിലാളി സംഘങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൈത്തറി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് ന്യായമായ വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4600-ഓളം നെയ്ത്തു തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടിക്കിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നുപ്രവർത്തിപ്പിക്കാനും സാധിച്ചു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 80 കോടിയിലധികം രൂപ തൊഴിലാളികൾക്ക് കൂലിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും ഉയർന്ന കൂലിയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽക്കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവായി ഒരാഴ്ച പരമാവധി 1000 രൂപ എന്ന നിരക്കിൽ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും ഒരു പുത്തനുണർവ് സമ്മാനിച്ചിരിക്കുകയാണ്.

തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി "യുവവീവ്" പദ്ധതിയും നടപ്പിലാക്കിവരുന്നു. 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേരടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടുകൂടി പരിശീലനവും തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകിവരുന്നു.

പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലിസ്ഥിരതയും ഉറപ്പുവരുത്തുന്നു. കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 15 ബാച്ചുകളായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതി പ്രകാരം, നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക (പരമാവധി 40,000 രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും (ആകെ 322 നെയ്ത്തുകാർക്ക്) പുതിയ തറികൾ വാങ്ങുവാൻ 1,08,66,608 രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്. ഇതോടൊപ്പം കൈത്തറി ഉൽപ്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് 'കൈത്തറി സുരക്ഷാ' പദ്ധതി. കേരളത്തിലെ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പാലക്കാട് ജില്ലയിൽ 13 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | താലൂക്ക് | സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം | 2 |
| 2 | പാലക്കാട് | 2 |
| 3 | ചിറ്റൂർ | 7 |
| 4 | ആലത്തൂർ | 2 |
| | ആകെ | 13 |

(സി) പാലക്കാട് ജില്ലയിൽ 16 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമാണ്. അവയുടെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | താലൂക്ക് | സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം | 3 |
| 2 | പാലക്കാട് | 1 |
| 3 | ചിറ്റൂർ | 5 |
| 4 | ആലത്തൂർ | 5 |
| 5 | മണ്ണാർക്കാട് | 2 |
| | ആകെ | 16 |

(ഡി) പാലക്കാട് ജില്ലയിലെ പൂട്ടിക്കിടക്കുന്ന 3 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ട് സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഒരു സംഘത്തിൽ ഭരണ സമിതിയുടെ കാലാവധി 2019 ജൂലൈ വരെയാണ്. സംഘത്തിന്റെ ജനറൽ ബോഡി വിളിച്ചുകൂട്ടി പുനരുദ്ധാരണ സാധ്യതകൾ ആരാഞ്ഞ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൈത്തറി ഉൽപ്പന്നങ്ങൾ ജനകീയമാക്കൽ**

128 (4238) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൈത്തറി മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം എന്ന് അറിയിക്കാമോ;

(ബി) കൈത്തറി ഉൽപ്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും വിപണനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കൈത്തറി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് ന്യായമായ വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4600-ഓളം നെയ്ത്തു തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടികിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 80 കോടിയിലധികം രൂപ തൊഴിലാളികൾക്ക് കൂലിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും ഉയർന്ന കൂലിയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവായി ഒരാഴ്ച പരമാവധി 1000 രൂപ എന്ന നിരക്കിൽ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും ഒരു പുത്തനുണർവ് സമ്മാനിച്ചിരിക്കുകയാണ്.

തൊഴിൽരഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി "യുവവീവ്" പദ്ധതിയും നടപ്പിലാക്കി വരുന്നു. 18-40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേരടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടുകൂടി പരിശീലനവും തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു. കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 15 ബാച്ചുകളായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു തറി' എന്ന പദ്ധതി പ്രകാരം, നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക (പരമാവധി 40000 രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും (ആകെ 322 നെയ്ത്തുകാർക്ക്) പുതിയ തറികൾ വാങ്ങുവാൻ 1,08,66,608 രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ പ്രോത്സാഹനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.
2. ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.
3. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.
4. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.
5. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ബാലരാമപുരം ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, ഹാന്റക്സിനും ഹാൻവീവിനും ഓരോ ഡിസൈനർ സെന്ററുകൾ.
6. നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാകൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.
7. കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള അംശദാന സമ്പാദ്യ പദ്ധതി.
8. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന).

9. വിപണന കയറ്റുമതി പ്രോത്സാഹനം.

10. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.

11. പരിശീലനം, നൈപുണ്യം, ശേഷി വികസന പദ്ധതി.

12. കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

(ബി) കൈത്തറി വസ്ത്രങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ അന്തർദ്ദേശീയ എക്സിബിഷനുകളിൽ പങ്കെടുത്ത് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അപ്പെക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ലക്ഷ്യമാക്കി പ്രാഥമിക സംഘങ്ങൾക്ക് കയറ്റുമതി ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങളുടെ മൂല്യത്തിന്റെ 20% എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നു. കൂടാതെ കൈത്തറി വസ്ത്രങ്ങൾക്ക് വിപണനം ലക്ഷ്യമിട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ചേർന്ന് "കേരള കൈത്തറി" എന്ന പേരിൽ ഒരു ബ്രാന്റിംഗ് പരിപാടി നടപ്പിലാക്കിവരുന്നു.

## ബാലുശ്ശേരി തേൻ സംഭരണ കേന്ദ്രം

129 (4239) ശ്രീ.പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന തേൻ സംഭരണ കേന്ദ്രത്തിൽ തേനീച്ച കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന തേൻ സംഭരണ കേന്ദ്രം ആധുനികവൽക്കരിക്കുന്നതിനും തേനീച്ച കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുമുള്ള എന്തെങ്കിലും പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ;

(സി) ബാലുശ്ശേരിയിലെ തേൻ സംഭരണ കേന്ദ്രം നവീകരിക്കുന്നതിന് കഴിഞ്ഞ വർഷം ബജറ്റിലൂടെ എത്ര ലക്ഷം രൂപയാണ് അനുവദിച്ചതെന്നും പ്രസ്തുത തുക വിനിയോഗിച്ച് നവീകരണം നടത്തുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തേനീച്ച കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2017 മുതൽ തേൻ കലവറ പദ്ധതി പ്രകാരം തേനീച്ച വളർത്തലിൽ താല്പര്യമുള്ള വ്യക്തികൾക്ക് തേനീച്ച പരിശീലനവും 50% സബ്സിഡിയോടുകൂടി തേനീച്ചയും കൂടും 3000 പേർക്ക് നൽകിയിട്ടുണ്ട്. കൂടാതെ 5 ദിവസത്തെ സമ്മർ ക്ലാസ്സുകളും കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി&സി) ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന തേൻ സംഭരണകേന്ദ്രം ആധുനികവൽക്കരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ യന്ത്രവത്കരണം വഴി തേൻ സംസ്കരണം വർദ്ധിപ്പിക്കുന്നതിന് 71 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. തുക ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്.

## കായിക മേഖലയുടെ അടിസ്ഥാന സൗകര്യവികസനം

130 (4240) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കായിക വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018-19 വർഷത്തെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കായികമേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കായിക വകുപ്പിൽ നിന്നും നൽകിയ ഭരണാനുമതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സൈക്കിൾ പദ്ധതി

131 (4241) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പിൽ സൈക്കിൾ പദ്ധതി പ്രകാരം അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണ്; പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) സൈക്കിൾ പദ്ധതി പ്രകാരം പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സൈക്കിൾ പദ്ധതി പ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അനുമതി നൽകിവരുന്നു. പ്രത്യേക മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടില്ല.

## കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

132 (4242) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കായിക രംഗത്തെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കായിക മേഖലയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 700 കോടി രൂപയുടെ നിർമ്മാണ/നവീകരണ പ്രവൃത്തികൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയവും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളവും ഉൾപ്പെടുന്നു. ആദ്യഘട്ടമായി 57 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇൻർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി. രാജാ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

മികച്ച കായിക താരങ്ങൾക്ക് കാഷ് അവാർഡും സർക്കാർ ജോലിയും നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

കായിക മേഖലയിൽ മികച്ച നേട്ടം കൈവരിക്കുന്ന കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന സ്പോർട്സ് ക്വാട്ട നിയമന പദ്ധതിപ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായിക താരങ്ങളുടെ നിയമനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ

ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് കാഷ് അവാർഡ് നൽകിയിട്ടുള്ളതും ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി. യു. ചിത്രയ്ക്ക് തുടർപരിശീലന ചെലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് കാഷ് അവാർഡ് നൽകിയിട്ടുണ്ട്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായികതാരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കാഷ് അവാർഡ് ഇനത്തിൽ കുടിശ്ശികയായിരുന്ന മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ക്ലാസ് III, ക്ലാസ് IV തസ്തികകളിലെ നിയമനങ്ങളിൽ അധിക മാർക്ക് നൽകുന്ന പദ്ധതിപ്രകാരം 32 കായിക ഇനങ്ങളെ അധിക മാർക്ക് നൽകുന്നതിന് പരിഗണിച്ചുവരുന്നുണ്ട്.

ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് കാഷ് അവാർഡ് നൽകിവരുന്നതോടൊപ്പം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സ്കീമുകളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ചികിത്സാ ധനസഹായവും അനുവദിച്ചുവരുന്നുണ്ട്.

ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000, 3000, 1500 രൂപ ക്രമത്തിൽ കാഷ് അവാർഡ് നൽകിവരുന്നുണ്ട്.

സംസ്ഥാന സ്കൂൾ, കോളേജ് കായിക മത്സരങ്ങളിൽ വിജയിച്ച സ്കൂൾ, കോളേജ് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കായിക താരങ്ങൾക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

സ്കൂൾ കായിക മേളയിൽ ഒന്നാംസ്ഥാനം നേടുന്ന സ്കൂൾ കുട്ടികൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങളും എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതോടൊപ്പം ദേശീയതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 25,000, 20,000, 15,000 രൂപ ക്രമത്തിൽ കാഷ് അവാർഡും സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന കുട്ടികൾക്ക് യഥാക്രമം 375, 250, 125 ക്രമത്തിൽ പ്രൈസ് മണിയും നൽകിവരുന്നുണ്ട്. ഇത് കഴിഞ്ഞ അഞ്ച് വർഷമായി മുടങ്ങിക്കിടന്നത് ഈ സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന/ദേശീയ റെക്കോർഡുകൾ കരസ്ഥമാക്കുന്ന കുട്ടികൾക്ക് സ്വർണ്ണ പതക്കവും നൽകിവരുന്നു.

കായിക താരങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കായിക വികസന നിധി രൂപീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കായിക വികസന നിധിയിൽ നിന്നും ഏഴ് കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

കൂടാതെ കായിക മേഖലയുടെ വിദൂരഭാവിയിലെ ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക മേഖലയുടെ ആസ്തി വികസനത്തിനായി കിഫ്ബി മുഖേന 528.90 കോടി രൂപയുടെ 36 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഫുട്ബോൾ പരിശീലനം

133 (4243) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് ചെറുപ്രായത്തിൽത്തന്നെ ഫുട്ബോൾ പരിശീലനം നൽകുന്നതിന് കായികവകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിദേശ പരിശീലകരുടെ സാങ്കേതിക സഹായം, പരിശീലന മത്സരങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവ ഈ പദ്ധതിയിലൂടെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെയും ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. വിദേശ പരിശീലകരുടെ സാങ്കേതിക സഹായം, പരിശീലന മത്സരങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ ഡി-ലൈസൻസ് യോഗ്യതയുള്ളവരെയാണ് പരിശീലകരായി നിയോഗിച്ചിട്ടുള്ളത്. പരിശീലന മത്സരങ്ങൾ സ്പോർട്സ് കിറ്റ്, ഭക്ഷണം എന്നിവ പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ലഭ്യമാക്കുന്നു.

കൂടാതെ കുട്ടികളുടെ ഫുട്ബോൾ കളി മികവ് ഉയർത്തുന്നതിനായി വിവിധ ജില്ലകളിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവവഴി തെരഞ്ഞെടുക്കപ്പെട്ട യുവകളിക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

## സി.ബി.എസ്.ഇ. സ്കൂളുകളിലെ കുട്ടികൾക്കുള്ള കായികമേള

134 (4244) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. സ്കൂളുകളിലെ കുട്ടികൾക്ക് വർഷാന്ത്യ പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനായി കേരള സ്പോർട്സ് കൗൺസിൽ 2017-18 വർഷത്തിൽ സംസ്ഥാനതലത്തിലും ജില്ലകൾ തോറും കായിക മേളകൾ നടത്തിയോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കായികമേള നടത്തി ഗ്രേസ് മാർക്ക് നൽകുന്നതിന് സി.ബി.എസ്.ഇ.-യോ കേരള സർക്കാരോ സ്പോർട്സ് കൗൺസിലിനെ ചുമതലപ്പെടുത്തിയിരുന്നോ;

(സി) ഈ കായികമേളയ്ക്കായി ഓരോ സി.ബി.എസ്.ഇ. സ്കൂളിൽ നിന്നും എത്ര രൂപ വീതം ഈടാക്കിയിരുന്നു എന്നറിയിക്കാമോ;

(ഡി) ഈ കായികമേളയുടെ വരവ് ചെലവ് കണക്ക് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തിൽ സി.ബി.എസ്.ഇ. സ്കൂളുകളിലെ കുട്ടികൾക്കുവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കായികമേള നടത്തിയിട്ടുണ്ട്. പ്രസ്തുത കായിക മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല.

(സി&ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ യോഗ കോഴ്സുകൾ

135 (4245) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മുതൽ കേരള സർവ്വകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൽ (സെന്റർ ഫോർ അഡൾട്ട് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ & എക്സ്റ്റൻഷൻ) നടത്തിവരുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗ തെറാപ്പി (1 വർഷം) കോഴ്സിന് കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അഥവാ നിയന്ത്രണത്തിൽ യോഗയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രോജക്ട് / പ്രോഗ്രാം നിലവിൽ നടത്തുന്നുണ്ട്; ഇതിൽ നിയമിക്കുന്ന യോഗ അദ്ധ്യാപകരുടെ യോഗ്യത വെളിപ്പെടുത്തുമോ;

(സി) നാളിതുവരെ ഏതൊക്കെ യോഗ സ്ഥാപനങ്ങൾക്ക്/കോഴ്സിനാണ് കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുള്ളത്; ഉണ്ടെങ്കിൽ ഇതിന് കേരള സർവ്വകലാശാലയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) കേരള സ്പോർട്സ് കൗൺസിലിൽ നടത്തുന്ന യോഗയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ /പ്രോഗ്രാമുകളിൽ നിയമിക്കുന്ന യോഗ അദ്ധ്യാപകരുടെ യോഗ്യതകൾ അഥവാ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഇ) മേൽ പറഞ്ഞതിൻ പ്രകാരം യോഗാ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകുന്ന മാർഗ്ഗരേഖ/ പൊതു ഉത്തരവ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(എഫ്) ചേതന യോഗയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരത്തിന്റെ ആവശ്യമില്ല.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അഥവാ നിയന്ത്രണത്തിൽ യോഗയുമായി ബന്ധപ്പെട്ട പ്രോജക്ട്/പ്രോഗ്രാമുകൾ ഒന്നുംതന്നെ നടത്തുന്നില്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള 'യോഗ അസോസിയേഷൻ ഓഫ് കേരള' യോഗയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള യോഗ അസോസിയേഷൻ, അംഗീകൃത യോഗ ഇൻസ്റ്റിറ്റ്യൂട്ടുകൾ, അംഗീകൃത യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ യോഗ അദ്ധ്യാപകരുടെ യോഗ്യതയായി അംഗീകരിക്കുന്നതാണ്.

(ഇ) കായിക യുവജനകാര്യ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(എഫ്) ഇല്ല.

## കായിക വകുപ്പ് ഏറ്റെടുത്ത സ്കൂളുകൾ

136 (4246) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പിൽ നിന്നും കായികവകുപ്പ് ഏറ്റെടുത്തിട്ടുള്ള ജി. വി. രാജാ സ്പോർട്സ് സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനായി ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുകയും മികച്ച കായിക ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ്കൂളുകളിലെ ഹോസ്റ്റലുകൾ, അടുക്കള, ശുചിമുറികൾ എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക, മുതലായ സൗകര്യങ്ങളും ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഈ സ്കൂളുകളിലെ കായിക അടിസ്ഥാനസൗകര്യ വികസനത്തിനായി ഏറ്റെടുത്ത വിവിധ പദ്ധതികളുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു:

1. ജി. വി. രാജാ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
2. ബാസ്കറ്റ് ബാൾ, ഹോക്കി കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം എന്നിവ പൂർത്തീകരിച്ചുവരുന്നു.
3. ആൺകുട്ടികളുടെ ശുചിമുറികൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.
4. ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു.

5. ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവൃത്തിക്ക് ഭരണാനുമതി നൽകി. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.
6. വോളിബോൾ കോർട്ട് നവീകരണം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
7. ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ റിട്ടെയിനിംഗ് വാൾ നിർമ്മാണം പുരോഗമിച്ചുവരുന്നു.
8. സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
9. 6 വരി 400 M അത്‌ലറ്റിക് ട്രാക്, 8 വരി സ്ട്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.
10. സ്പ്രിംഗ്ളർ, സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
11. സ്കൂളുകളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.
12. കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

## പി.പി. എസ്തോസ് സ്മാരക സ്റ്റേഡിയത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

137 (4247) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴയിലെ പി.പി.എസ്തോസ് സ്മാരക സ്റ്റേഡിയത്തിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൂവാറ്റുപുഴയിലെ പി.പി. എസ്തോസ് സ്മാരക സ്റ്റേഡിയ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## ഖേലോ ഇന്ത്യ പദ്ധതി മുഖേന അനുവദിച്ച സ്റ്റേഡിയങ്ങൾ

138 (4248) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഖേലോ ഇൻഡ്യ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിനായി എത്ര പുതിയ സ്റ്റേഡിയങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര പദ്ധതികൾ അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിട്ടുണ്ട്; പുതിയ ഏതെങ്കിലും പദ്ധതികൾ സമർപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിനായി പുതിയ സ്റ്റേഡിയങ്ങളൊന്നും അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നാല് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുതായി സമർപ്പിക്കുന്ന ആറ് പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ തുടരുന്നു.

## മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

139 (4249) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലെയും പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഓരോ പദ്ധതിക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ഇല്ലയോ എന്നും ഏതെല്ലാം പദ്ധതികൾ ടെൻഡർ ചെയ്തുവെന്നും ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചുവെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 14 ഇൻഡോർ സ്റ്റേഡിയങ്ങളിൽ 9 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 7 പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും 4 പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. രണ്ട് പദ്ധതികളുടെ പ്രോജക്ട് കിറ്റ്കോ തയ്യാറാക്കി വരുന്നു. ബാക്കി പദ്ധതികൾ സ്ഥലം സംബന്ധമായ തടസ്സങ്ങൾ നേരിടുന്നവയാണ്. ഒരു പദ്ധതിയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## സ്റ്റേഡിയ നവീകരണവും നിർമ്മാണവും

140 (4250) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് സംസ്ഥാനത്തെ സ്റ്റേഡിയങ്ങളെ നവീകരിക്കുന്നതിനും പുതുതായി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്ത് കളിസ്ഥലങ്ങളാണ് കായിക വകുപ്പ് ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കായിക വകുപ്പ് സംസ്ഥാനത്തെ സ്റ്റേഡിയങ്ങളെ നവീകരിക്കുന്നതിനും പുതുതായി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുമായി സ്പോർട്സ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 57 പദ്ധതികളും സർക്കാർ 2016-17, 2017-18 ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) മാവേലിക്കര മണ്ഡലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

## പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണം

141 (4251) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നിയോജകമണ്ഡലത്തിലെ ഏക സർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, സിന്തറ്റിക് ട്രാക്കുകൾ അടക്കം നിർമ്മിച്ച് ഗ്രൗണ്ട് നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിലെ പി.യു. കോർട്ടുകൾ, അരീന ലൈറ്റുകൾ, മൂന്ന് നിലകളോടുകൂടിയ അഡ്മിനിസ്ട്രേറ്റീവ് ഡോർമെറ്ററി കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രസ്തുത സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന്റെ സാധ്യതാ പഠനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സ്റ്റേഡിയം ഗ്രൗണ്ട് നവീകരണം

142 (4252) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ ഏക ഗവൺമെന്റ് കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ട്രഷറി നിക്ഷേപ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയം, ഗ്രൗണ്ട് എന്നിവ പൂർണ്ണമായും

പ്രയോജനപ്പെടുത്തുന്നതിനായി, സിന്തറ്റിക് ട്രാക്ക് കോർട്ടുകൾ ഉൾപ്പെടെയുള്ള നവീകരണത്തിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിലെ പി. യു. കോർട്ടുകൾ, അരീന ലൈറ്റുകൾ, മൂന്ന് നിലകളോട്ടുകൂടിയ അഡ്മിനിസ്ട്രേറ്റീവ് ഡോർമെറ്ററി കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രസ്തുത സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന്റെ സാധ്യതാ പഠനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ**

143 (4253) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഒരു ഫുട്ബോൾ ഗ്രൗണ്ടായി വികസിപ്പിക്കുന്നതിന് കായിക വകുപ്പ് പദ്ധതി തയ്യാറാക്കുമോ;വിശദീകരിക്കുമോ;

(ബി) ഇതിന്റെ വികസനത്തിനും ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ഏതെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടോ;വിശദീകരിക്കുമോ;

(സി) പൊതു കളിസ്ഥലങ്ങളോ ഗ്രൗണ്ടുകളോ ഇല്ലാത്ത കരുനാഗപ്പള്ളിയിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഫുട്ബോൾ ഗ്രൗണ്ടായി വികസിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച അപേക്ഷയും പ്രൊപ്പോസലും ലഭിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ദേശീയ അന്തർദേശീയതലങ്ങളിൽ വിജയികളായ കായികതാരങ്ങൾ

144 (4254) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ ജോലി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് കഴിഞ്ഞ രണ്ടുവർഷങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്;

(ബി) എത്ര പേർക്ക് ഇപ്രകാരം നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ട നിയമനം നൽകുന്ന പദ്ധതിപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും, നിയമന നടപടികൾ അവസാനഘട്ടത്തിലുമാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനം നടത്താൻ വേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്ക് സർക്കാർ ജോലി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽവച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുപ്പത്തിയഞ്ചാമത് ദേശീയ

ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച അനിൽഡ തോമസ്, അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആഭ്യന്തരവകുപ്പിലും ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

## സ്പോർട്സ് താരങ്ങളുടെ നിയമനത്തിന് റാങ്ക് ലിസ്റ്റ്

145 (4255) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ വെയിറ്റേജ് കണക്കാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം എത്ര സ്പോർട്സ് താരങ്ങൾക്കാണ് ഇതുവരെ ജോലി നൽകിയിട്ടുള്ളത്;

(സി) സ്പോർട്സ് താരങ്ങൾക്ക് ജോലി നൽകുന്നതിന് വകുപ്പ് തലത്തിൽ പ്രത്യേക റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ കാലാവധി എന്നുവരെയാണെന്ന് വിശദമാക്കാമോ;

(ഡി) ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മികച്ച കായിക താരങ്ങൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ക്ലാസ് III, IV തസ്തികകളിലെ നിയമനങ്ങൾക്ക് അധിക മാർക്ക് നൽകുന്നത് സംബന്ധിച്ച 11-1-1978-ലെ ജി.ഒ.(എം.എസ്) നമ്പർ. 21/78/ ജി.എ.ഡി & 30-5-2012-ലെ ജി.ഒ.(എം.എസ്) നമ്പർ 129/2012/ ജി.എ.ഡി എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

(ബി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം സർക്കാർ സർവ്വീസിൽ 138 കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്. ഒരാൾക്ക് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിയമനം നൽകിയ വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി&ഡി) വകുപ്പ് തലത്തിൽ പ്രത്യേക റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കിയിട്ടില്ല. പൊതുഭരണ വകുപ്പിൽ 2010 മുതൽ 2014 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയായി. നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഏഷ്യാ പസഫിക് ഡെഫ് ഒളിമ്പിക്സ് മെഡൽ ജേതാവായ ശ്രീജിഷ്ണയുടെ അപേക്ഷ**

146 (4256) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബധിര കായിക താരങ്ങൾക്ക് കായിക-യുവജനകാര്യ വകുപ്പ് മുഖേന നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏഷ്യാ പസഫിക് ഡെഫ് ഒളിമ്പിക്സിൽ മെഡൽ ജേതാവായ മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ പെരുവല്ലൂർ സ്വദേശിയായ കാളാശ്ശേരി സുരേഷ് ബാബുവിന്റെ മകൾ ശ്രീജിഷ്ണയിൽ നിന്നും എന്തെങ്കിലും അപേക്ഷ ലഭിച്ചിരുന്നോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ബധിര കായിക താരങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ശ്രീജിഷ്ണയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 'സ്പോർട്സ് കൗൺസിൽ ഓഫ് ഡെഫ് ' എന്ന കായിക സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സംഘടനയെ പ്രതിനിധീകരിച്ച് ദേശീയ, അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്ന കായിക താരങ്ങൾക്ക് അർഹമായ ക്യാഷ് അവാർഡും മീറ്റ് സംഘടിപ്പിക്കുവാൻ ഫണ്ടും നൽകി വരുന്നുണ്ട്. ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതിനും കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിനും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ഗവ. വി.എച്ച്.എസ്.എസ്. ഫോർ ഡെഫ് എന്ന സ്കൂളിന് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്.

(ബി&സി) ശ്രീജിഷ്ണയുടെ പിതാവായ സുരേഷ് ബാബുവിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ബധിര കായിക താരങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികളൊന്നും കായിക വകുപ്പിൽ നിലവിലില്ല.

(ഇ) നിലവിലുള്ള നിയമപ്രകാരം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

### സ്പോർട്സ് ക്വാട്ട സംവരണത്തിനുള്ള കായിക വകുപ്പ് തീരുമാനം

147 (4257) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട സംവരണം പി.എസ്.സി.-യുടെ നിയമനങ്ങളിൽ ഏർപ്പെടുത്തുവാൻ എന്തെങ്കിലും തീരുമാനം കായിക വകുപ്പ് എടുത്തിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ മേഖലയിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കായിക വകുപ്പ് ജോലി നൽകി; വിശദമാക്കുമോ;

(സി) ഇനി എത്ര കായിക താരങ്ങൾക്കുകൂടി ജോലി ലഭിക്കുവാനുണ്ട്; കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാർ സർവ്വീസിലേക്ക് പി.എസ്.സി. നടത്തുന്ന നിയമനങ്ങളിൽ കായിക താരങ്ങൾക്ക് ഒരുശതമാനം സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ പ്രതിനിധികളും പി.എസ്.സി.-യുടെ ചെയർമാൻ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് ചേർന്ന ജോയിന്റ് സിറ്റിംഗിൽ, ഭാവിയിൽ ഉടലെടുക്കുന്ന ഒഴിവുകളുടെ ഒരുശതമാനം കണക്കാക്കി ടി ഒഴിവുകളിലേക്ക് "Special Recruitment for Sports” എന്ന രീതി അവലംബിക്കുന്നതാണ്. അർഹരായ കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിന് അനുയോജ്യം എന്ന് വിലയിരുത്തിയിരുന്നു. ഇതുസംബന്ധിച്ചുള്ള തുടർചർച്ചകൾ പുരോഗമിക്കുന്നു. കൂടാതെ കായിക താരങ്ങൾക്ക് അവരുടെ കായിക മികവിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മത്സര പരീക്ഷകൾക്ക് വെയിറ്റേജ് മാർക്ക് നൽകിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച അനിൽഡ തോമസ്, അനു രാഘവൻ എന്നിവർക്ക് വനം വകുപ്പിലും സജൻ പ്രകാശ്, എലിസബത്ത് സൂസൻ കോശി എന്നിവർക്ക് ആഭ്യന്തര വകുപ്പിലും ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിലും നിയമനം നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കായിക താരങ്ങളെ നിയമിച്ചതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതിപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും നിയമന നടപടികൾക്കുള്ള കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയും വരുന്നു. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ**

148 (4258) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർന്നുവരുന്ന യുവ പ്രതിഭകൾക്ക് യുവജനകാര്യ വകുപ്പ് ഏതൊക്കെ നിലയിൽ പ്രോത്സാഹനം നൽകുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തികമായി ഇവരെ സഹായിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(സി) കായിക താരങ്ങൾക്കായി യുവജനക്ഷേമ ബോർഡ് വഴി ലഭ്യമാക്കുന്ന പദ്ധതികൾ ഏതൊക്കെ; ഇതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) യുവപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം, (പ്രിന്റ്/ദൃശ്യ മീഡിയ) കല, സാഹിത്യം, ഫൈൻ ആർട്സ്, കായികം, ശാസ്ത്രം, സംരംഭകത്വം, കൃഷി എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയ യുവജനങ്ങൾക്ക് എല്ലാ വർഷവും സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം യുവജനക്ഷേമ ബോർഡ് നൽകിവരുന്നു. അവാർഡ് തുക 50,000 രൂപയാണ്. നഗരവാസികൾക്കൊപ്പംതന്നെ ഗ്രാമീണമേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ കേരളോത്സവം എന്ന പരിപാടിയും ബോർഡ് സംഘടിപ്പിച്ചുവരുന്നു. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാതലങ്ങളിലായി 5 ലക്ഷത്തിലധികം യുവ കലാകായിക പ്രതിഭകൾ കേരളോത്സവത്തിൽ പങ്കെടുക്കുന്നു. കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കായിക താരങ്ങൾക്കായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളിലൂടെ യുവജനങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഫുട്ബോൾ, വോളിബോൾ, കബഡി, ക്രിക്കറ്റ് തുടങ്ങിയ കായിക ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നതിനായുള്ള പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ, ക്ലബ്ബുകൾക്ക് ആവശ്യമായ കായികോപകരണങ്ങൾ വാങ്ങി നൽകുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## യുവജനക്ഷേമ ബോർഡിന്റെയും യുവജന കമ്മീഷന്റെയും പ്രവർത്തനം

149 (4259) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി യുവജനക്ഷേമ ബോർഡ്, യുവജന കമ്മീഷൻ എന്നിവ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവസംരംഭകർക്കും വിദ്യാർത്ഥി സംരംഭകർക്കുമായി സംഘടിപ്പിച്ച കീ സമ്മിറ്റിൽ ഏതെല്ലാം സംരംഭക സംഘടനകളും സർക്കാർ ഏജൻസികളുമാണ് പങ്കെടുത്തിട്ടുള്ളതെന്നും പ്രസ്തുത ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ നൂതന ആശയങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(സി) യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനും യുവജനകമ്മീഷൻ, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. കേരളോത്സവം
2. സംരംഭകത്വ വികസന ശില്പശാല
3. യുവസാഹിത്യ ക്യാമ്പ്
4. യുവശക്തി പദ്ധതി
5. യുവാക്ലബ്ബ് പദ്ധതി
6. ദിനാചരണങ്ങൾ
7. നാടൻകലാ പരിശീലനം (നാഷണൽ ഫോക് ഫെസ്റ്റ്)
8. പി.എസ്.സി. പരിശീലനം
9. ഷോർട്ട് ഫിലിം ഫെസ്റ്റിവൽ
10. പാരിസ്ഥിതിക പ്രവർത്തനങ്ങൾ
11. ബോധവത്കരണ പരിപാടികൾ
12. ലഹരിവിരുദ്ധ പരിപാടികൾ
13. സാഹസിക പരിശീലനങ്ങൾ
14. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ
15. വനിതാ ശില്പശാല
16. വ്യക്തിത്വ വികസന പരിശീലനങ്ങൾ
17. സ്വയംതൊഴിൽ പരിശീലനം
18. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരണം
19. ജോബ് ഫെസ്റ്റ്
20. സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം

സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി യുവജന കമ്മീഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കോളേജുകളിലും കോളനികളിലും മദ്യം-മയക്കുമരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച ബോധവത്കരണം.
2. യുവാക്കളെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങളെ ഉൾപ്പെടുത്തി നടത്തുന്ന ദേശീയ സെമിനാർ
3. ജില്ലാതലത്തിൽ നടത്തുന്ന സെമിനാർ/ശില്പശാലകൾ
4. ദേശീയ യുവജന ദിനാഘോഷം
5. യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ജില്ലകൾതോറും സംഘടിപ്പിക്കുന്ന ജില്ലാ അദാലത്ത്
6. ജോബ് പോർട്ടൽ പദ്ധതി
7. യൂത്ത് ഐക്കൺ അവാർഡ്
8. പ്രകൃതി സംരക്ഷണത്തിനായി രൂപീകരിച്ച ഗ്രീൻ യൂത്ത്.
9. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ
10. മഹിളാ മന്ദിരത്തിലെ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം

(ബി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കീ സമ്മിറ്റ് 2018-ൽ കെ.എസ്.ഐ.ഡി.സി., കേരള സ്റ്റാർട്ട് അപ് മിഷൻ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സർക്കാർ ഏജൻസികളും ചുവടെ പറയുന്ന സംരംഭക സംഘടനകളും പങ്കെടുക്കുകയുണ്ടായി :

1. ഈസ്റ്റേൺ ഗ്രൂപ്പ്
2. ടൈ കേരള
3. മേക്കർ വില്ലേജ്
4. വിഹബ്
5. യു.എസ്.റ്റി. ഗ്ലോബൽ
6. പ്രശസ്ത വെഞ്ച്വർ ക്യാപിറ്റലിസ്റ്റുകളായ ശ്രീ. നാഗരാജ പ്രകാശം, പ്രയങ്ക് സ്വരൂപ്
7. കോർപ്പറേറ്റ് 360

8. കാർബൺ മാസ്റ്റേഴ്സ്

9. നവാൾട്ട് സോളാർബോട്ട്

10. ആൽഡ്രിൻ വെഞ്ച്വർ

11. പ്യൂവർ ലിവിംഗ് ഫൗണ്ടേഷൻ

12. ഫോർച്യൂൺ ഫാക്ടറി

13. ഇംപ്രസ്സ

14. ഫാർമേഴ്സ് ഫ്രഷ് സോൺ

15. ജാക്ഫ്രൂട്ട് 365

ടി ശില്പശാലയിൽ കീടനാശിനികൾ ഒഴിവാക്കി തീർത്തും വിഷമുക്തമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നഗരങ്ങളിൽ ചെറുകാലയളവിലേക്ക് താമസത്തിനെത്തുന്നവർക്ക് ഫർണിച്ചറുകളും ഗൃഹോപകരണങ്ങളും മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഓൺലൈൻ പദ്ധതി, കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി വിളകൾ ശേഖരിച്ച് ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവശ്യക്കാർക്ക് എത്തിച്ച് കൃഷിയെയും കർഷകരെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, പൊതുസ്ഥലങ്ങളിൽ ആൾക്കൂട്ടത്തിന് നടുവിൽ സ്വകാര്യത നഷ്ടപ്പെടാതെ സ്ത്രീകൾക്ക് സൗകര്യപ്രദവും സുരക്ഷിതവുമായി കുഞ്ഞുങ്ങളെ മുലയൂട്ടാൻ സാധിക്കുന്നവിധത്തിൽ സൗകര്യമൊരുക്കുന്ന പദ്ധതി, ഭിന്നശേഷിക്കാർക്ക് സ്വന്തം കഴിവുകൾ വികസിപ്പിച്ച് മാന്യമായ വരുമാനം നേടിക്കൊടുക്കാനും അവരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ലക്ഷ്യംവയ്ക്കുന്ന പദ്ധതികൾ തുടങ്ങി, യുവാക്കളുടെ കർമ്മശേഷി സംരംഭകത്വമേഖലയിൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതരത്തിലുള്ള ആശയങ്ങളാണ് രണ്ട് ദിവസത്തെ ശിൽപ്പശാലയിൽ രൂപംകൊണ്ടത്.

(സി) യുവജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കാവശ്യമായ നിയമസഹായം നൽകുന്നതിനും യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി സബ്സിഡി

150 (4260) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് നിലവിൽ നൽകിവരുന്ന വൈദ്യുതി സബ്സിഡി കുറയ്ക്കണമെന്നും സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകണമെന്നും ഉള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ നൽകിവരുന്ന ക്രോസ് സബ്സിഡി നിരക്ക് താഴ്ത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സാധാരണക്കാരായ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഇല്ല. എന്നാൽ 2003-ലെ വൈദ്യുതി നിയമത്തിൽ 2007-ൽ 61(ജി) എന്ന വകുപ്പിൽ വരുത്തിയ ഭേദഗതിപ്രകാരം വൈദ്യുതി താരിഫ്, വൈദ്യുതി നൽകുന്നതിനുള്ള യഥാർത്ഥ ചെലവ് (A Cos) പ്രതിഫലിക്കത്തക്കവിധവും ക്രോസ് സബ്സിഡി കുറയത്തക്കവിധവും അതത് കമ്മീഷൻ നിശ്ചയിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച താരിഫ് നയത്തിൽ, വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ് ശരാശരി ചെലവിന്റെ ± 20 ശതമാനത്തിനുള്ളിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗരേഖ അതത് കമ്മീഷൻ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശമുണ്ട്. (ഖണ്ഡിക 8.3)

കൂടാതെ താരിഫ് പോളിസിയിലെ 30-5-2018-ലെ കരട് നയഭേദഗതിയിൽ 1-4-2019 മുതൽ ക്രോസ് സബ്സിഡികൾ ക്രമമായി കുറച്ച് ± 20 ശതമാനത്തിനുള്ളിൽ എത്തുന്നത് ഉറപ്പാക്കണമെന്ന് പറയുന്നുണ്ട്. കൂടാതെ 2016-ലെ നയത്തിൽ വ്യവസ്ഥ ചെയ്യുന്ന ക്രോസ് സബ്സിഡിയെ അപേക്ഷിച്ച് നേരിട്ടുള്ള സബ്സിഡിയാണ് മെച്ചമെന്ന് അതേ കരട് ഭേദഗതിയിൽ [ഖണ്ഡിക 8.3 A(10)] പറയുന്നുണ്ട്. സംസ്ഥാന സർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന സബ്സിഡി അതനുവിഭാഗം ഉപഭോക്താവിന് നേരിട്ട് കൈമാറ്റം ചെയ്യുന്ന സമ്പ്രദായം (Direct Benefit Transfer Scheme) വഴി വേണമെന്നും പ്രസ്തുത ഭേദഗതിയിൽ പറയുന്നുണ്ട്.

എന്നാൽ 2003-ലെ വൈദ്യുതി നിയമത്തിന് വിരുദ്ധമായതിനാലും വിവിധ വിഭാഗങ്ങൾ തമ്മിലുള്ള (Inter class) ക്രോസ് സബ്സിഡി കുറവുവരുത്താൻ കഴിയാത്തതിനാലും ഗാർഹിക ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുമെന്നതിനാലും ഈ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂരിഭാഗം വരുന്ന ഗാർഹിക ഉപഭോക്താക്കളെയും താരിഫ് പോളിസിയിൽ നിർദ്ദേശിച്ചിരിക്കുന്ന ദേദഗതികൾ ദോഷകരമായി ബാധിക്കുമെന്നതിനാൽ, അത് നീക്കം ചെയ്യണമെന്ന്, സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**തഴക്കര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

151 (4261) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി ഉപഭോക്താക്കൾ കൂടുതലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ തഴക്കര കേന്ദ്രീകരിച്ച ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മാവേലിക്കര വൈദ്യുതി ഡിവിഷൻ ആഫിസിന് കീഴിലുള്ള സെക്ഷനുകളിലെ ഉണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര സെക്ഷനുകീഴിൽ ഉപഭോക്താക്കൾ താരതമ്യേന കൂടുതലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ച

വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മാവേലിക്കര നിയോജകമണ്ഡലത്തിൽ തഴക്കര കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) മാവേലിക്കര ഡിവിഷനുകീഴിൽ വരുന്ന സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| മാവേലിക്കര | – | 23810 |
| തട്ടാരമ്പലം | - | 14660 |
| കറ്റാനം | - | 16576 |
| ചാരുംമൂട് | - | 19100 |
| വള്ളികുന്നം | - | 12008 |
| നൂറനാട് | - | 17323 |

**തകരാറിലായ 11 കെ.വി. ലൈനുകൾ**

152 (4262) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ 11 കെ. വി. ലൈനുകളുടെ തകരാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഊരമന 11 കെ വി ലൈൻ സംബന്ധിച്ച നിലവിലെ വിവരങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ, കഴിഞ്ഞ ആഗസ്റ്റ് മാസത്തെ പ്രളയവും അതിനുശേഷം വന്ന ഗജ ചുഴലിക്കാറ്റുംമൂലം നിരവധി തവണ വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കാനായി സബ്സ്റ്റേഷനുകളിൽനിന്നും 11 കെ.വി. ഫീഡറുകൾ ഇന്റർലിങ്ക് ചെയ്ത് വൈദ്യുതി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി ഈ പ്രദേശത്തെ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുന്നതാണ്.

(ബി) കഴിഞ്ഞ ആഗസ്റ്റ് മാസത്തെ പ്രളയത്തെ തുടർന്ന് തകരാറിലായ പിറവം സബ്സ്റ്റേഷനിൽനിന്നുള്ള ഊരമന 11 കെ.വി. ഫീഡറിനുപകരമായി 1.4 കിലോമീറ്റർ 11 കെ.വി. ലൈൻ പുനർനിർമ്മിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിച്ചാൽ ഉടൻതന്നെ പ്രസ്തുത ലൈൻ ചാർജ്ജ് ചെയ്യുന്നതാണ്.

**'ബൈ മൈ സൺ'**

153 (4263) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ ബൈ മൈ സൺ നിലവിൽ വന്ന തീയതിയും ആരാണ് ഉദ്ഘാടനം ചെയ്തതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എത്ര ഉപഭോക്താക്കൾ ഓൺഗ്രിഡ് സിസ്റ്റത്തിന് രജിസ്റ്റർ ചെയ്തു; ഓരോരുത്തരും ആവശ്യപ്പെട്ട കിലോവാട്ട്, കമ്പനിയുടെ പേര് എന്നിവ തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) ഇതുവരെ എത്ര കോടി രൂപയുടെ ഇടപാടാണ് ഓൺഗ്രിഡ് സിസ്റ്റത്തിന് നടന്നത്;

(ഡി) ഓൺഗ്രിഡ് സിസ്റ്റത്തിനുള്ള കേന്ദ്ര, സംസ്ഥാന സബ്സിഡി എത്രയാണ്; ബൈ മൈ സൺ സൈറ്റിൽ എം.എൻ.ആർ.ഇ. ബെഞ്ച് മാർക്കിനേക്കാൾ എത്ര രൂപയാണ് കൂടുതലായി നിശ്ചയിച്ചിട്ടുള്ളത്; എല്ലാ കമ്പനികളുടെയും തുകയുടെ ലിസ്റ്റ് തരംതിരിച്ച് ലഭ്യമാക്കാമോ;

(ഇ) എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് റേറ്റിനേക്കാൾ കൂടിയ തുകയാണോ കമ്പനിക്കാർ ബൈ മൈ സൺ-ൽ കാണിച്ചിരിക്കുന്നത്; ഓൺഗ്രിഡ് സിസ്റ്റത്തിന് അനെർട്ട് ടെൻഡർ വിളിച്ചിട്ടുണ്ടോ; ടെൻഡറിൽ ബെഞ്ച് മാർക്ക് വിലയിൽ കൂടാൻ പാടില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ടോ; ക്രിസിൽ റേറ്റിംഗിൽ എത്ര കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനെർട്ടിന്റെ ബൈ മൈ സൺ എന്ന ഇ-മാർക്കറ്റ് പ്ലേസ് 2018 ജൂൺ 5-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചതോടെയാണ് പ്രവർത്തനം ആരംഭിച്ചത്.

(ബി) ബൈ മൈ സൺ പദ്ധതി വഴി 2018 ഡിസംബർ 11 വരെ 572 ഗുണഭോക്താക്കൾ ഓൺഗ്രിഡ് സിസ്റ്റത്തിന്റെ ഫീസിബിലിറ്റിക്കായി അപേക്ഷിച്ചിട്ടുണ്ട്. 181 ഉപഭോക്താക്കൾ ഫീസിബിലിറ്റി പൂർത്തീകരിച്ച് അന്തിമ ഓർഡർ അഥവാ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഓരോരുത്തരും ആവശ്യപ്പെട്ട കിലോവാട്ട്, കമ്പനിയുടെ പേര് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2018 ഡിസംബർ 11 വരെ ഓൺഗ്രിഡ് സിസ്റ്റത്തിന് ഫീസിബിലിറ്റി പൂർത്തീകരിച്ച് 6.85 കോടി രൂപയുടെ അന്തിമ ഓർഡർ അഥവാ രജിസ്ട്രേഷൻ നടന്നിട്ടുണ്ട്. ഫീസിബിലിറ്റി ഘട്ടത്തിലുള്ളവകൂടി ഉൾപ്പെടുത്തിയാൽ 23.95 കോടി രൂപയുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഓൺഗ്രിഡ് സിസ്റ്റത്തിന് കേന്ദ്ര സർക്കാരിന്റെ ബെഞ്ച് മാർക്ക് വിലയുടെയോ അനെർട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI)-ൽ ഏറ്റവും കുറഞ്ഞ് ക്വാട്ട് ചെയ്യുന്ന തുകയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനം സബ്സിഡി ലഭ്യമാണ്.

എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച സമയത്ത് നിലവിലിരുന്ന എ.എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് വിലയിൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിച്ചിരുന്നു. എല്ലാ കമ്പനികളുടെയും തുകയുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

2 കിലോവാട്ട് ഓൺഗ്രിഡ് സിസ്റ്റത്തിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ആദ്യ 20 കോടി മൂല്യംവരെയുള്ള എല്ലാ അക്ഷയ ഊർജ്ജ ഉപകരണങ്ങളും ബൈ മൈ സൺ-ലൂടെ വാങ്ങുന്നവർക്ക് സംസ്ഥാന സർക്കാർ അനെർട്ട് മുഖാന്തരം 10 ശതമാനം ഇൻസെന്റീവ് നൽകുന്നുണ്ട്. ഇത് ബൈ മൈ സൺ-ലൂടെ വാങ്ങുന്ന ഓൺഗ്രിഡ് സിസ്റ്റങ്ങൾക്കും ലഭ്യമാണ്.

2016 സെപ്റ്റംബർ 5-ൽ ക്ഷണിച്ച ഇ.ഒ.ഐ. പ്രകാരം അന്ന് എം.എൻ.ആർ.ഇ. പ്രഖ്യാപിച്ചിരുന്ന ബെഞ്ച്മാർക്ക് തുകയാണ് സബ്സിഡിയോടുകൂടിയ ഓൺഗ്രിഡ് സിസ്റ്റത്തിന്റെ പരമാവധി വിലയായി നിഷ്കർഷിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് റേറ്റ് സബ്സിഡി നിശ്ചയിക്കുന്നതിനുള്ള ഒരു സൂചകം മാത്രമാണ്. സോളാർ റൂഫ് ടോപ്പ് പദ്ധതി നിലവിലുള്ള സ്കീം 2016 സെപ്റ്റംബർ 5-ന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച് രണ്ട് വർഷത്തേയ്ക്കാണ് ഏജൻസികളെ എംപാനൽ ചെയ്തത്. ഈ സമയം എം.എൻ.ആർ.ഇ. നിശ്ചയിച്ച ബെഞ്ച്മാർക്ക് തുക കിലോവാട്ടിന് 80,000 രൂപയായിരുന്നു. അതിനുശേഷം 17-3-2017-ൽ എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് തുക കിലോവാട്ടിന് 70,000 രൂപയായി പുതുക്കി നിശ്ചയിച്ചു. ഇതിൻപ്രകാരം അനെർട്ട് ആവശ്യപ്പെട്ടതനുസരിച്ച് ഏജൻസികൾ വില പുതുക്കുകയും പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം പുനഃക്രമീകരിച്ച വിലയാണ് ബൈ മൈ സൺ-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. പിന്നീട് 2017 ജൂൺ 18-നാണ് എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് തുക കിലോവാട്ടിന് 60,000 രൂപയായി നിശ്ചയിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ സമാനമായി നടക്കുന്ന നടപടികളിലൂടെ ലഭിക്കുന്ന വിലയാണ് എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് തുക നിശ്ചയിക്കുന്നതിന് മാനദണ്ഡമാക്കുന്നത്.

എംപാനൽമെന്റ് ലിസ്റ്റിന്റെ കാലാവധി 2018 സെപ്റ്റംബറിൽ അവസാനിച്ചിരുന്നു. പുതിയ എംപാനൽമെന്റിനുവേണ്ടിയുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിക്കുകയും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഏറ്റവും പുതിയ എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് തുകയുമായി താരതമ്യം ചെയ്യുമ്പോൾപോലും ചില ഇനങ്ങളുടെ വില അനെർട്ട് ലിസ്റ്റിൽ കുറവാണ്. സബ്സിഡി നിശ്ചയിക്കുമ്പോൾ അനെർട്ടിന് എംപാനൽമെന്റിൽ ലഭിച്ച കുറഞ്ഞ വിലയോ ബെഞ്ച്മാർക്ക് വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനം ആയിരിക്കും കണക്കാക്കുന്നത്.

എംപാനൽമെന്റ് ലിസ്റ്റ് പുതുക്കുന്നതിനായി ഓൺഗ്രിഡ് സിസ്റ്റത്തിന് അനെർട്ട് ടെണ്ടർ അല്ല വിളിച്ചിട്ടുള്ളത്. മറിച്ച് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റാണ് വിളിച്ചിട്ടുള്ളത്.

എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ച സമയത്ത് നിലവിലിരുന്ന എ.എം.എൻ.ആർ.ഇ. ബെഞ്ച്മാർക്ക് വിലയിൽ കൂടാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരുന്നു.

ക്രെഡിറ്റ് റേറ്റിംഗിനായി ടെണ്ടർ മുഖേന ക്രിസിൽ എന്ന ഒരു കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## എൽ.ഇ.ഡി. ബൾബുകൾ

154 (4264) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ നൽകിയിരുന്ന പദ്ധതി നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ആ പദ്ധതി തുടരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

ഡെൽപ്പ് എന്ന പദ്ധതി നിലവിലുണ്ട്.

ഡെൽപ്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് രണ്ട് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വീതം സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ആകെ 1.5 കോടി ബൾബുകൾ ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഒക്ടോബർ മാസം വരെ 1.41 കോടി ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗാർഹിക ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ.ഇ.ഡി. ബൾബുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി ലക്ഷ്യമിടുന്നത്. എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.-യും സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്.

## റിംഗ് മെയിൻ യൂണിറ്റ് (ആർ.എം.യു.) സംവിധാനം

155 (4265) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റിംഗ് മെയിൻ യൂണിറ്റ് (ആർ.എം.യു.) സംവിധാനം ഏതെല്ലാം പ്രദേശങ്ങളിലാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനംകൊണ്ടുള്ള ഗുണം എന്താണെന്നും ഇതിനു വേണ്ടിവരുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കേരളത്തിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വൈദ്യുതിക്ഷാമവും വൈദ്യുതി തടസ്സവും അനുഭവപ്പെടുന്ന കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് ആർ.എം.യു. സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് കേന്ദ്ര ഫണ്ടുകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ ചെലവാക്കി താരതമ്യേന ചെലവേറിയ റിംഗ് മെയിൻ യൂണിറ്റ് സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. കുറഞ്ഞ സ്ഥലത്ത് സ്ഥാപിക്കാമെന്നതും സ്ഥലക്കുറവുള്ള നഗര പ്രദേശങ്ങളിൽ ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി നഗരങ്ങളുടെ സൗന്ദര്യവൽക്കരണം സാധ്യമാകുമെന്നതും റിമോർട്ട് ഓപ്പറേഷൻ സാധ്യമാകുമെന്നുള്ളതും കൂടുതൽ സുരക്ഷിതമാണെന്നുള്ളതുമാണ് ഈ സംവിധാനത്തിന്റെ ഗുണങ്ങൾ. റിംഗ് മെയിൻ യൂണിറ്റും അനുബന്ധ ഭൂഗർഭ കേബിളുകളും ഉൾപ്പെടുന്നതാണ് ആർ.എം.യു. സംവിധാനം. വിവിധതരം റിംഗ് മെയിൻ യൂണിറ്റുകളുള്ളതിൽ ഒരെണ്ണത്തിന് ശരാശരി 5 ലക്ഷം രൂപ ചെലവുവരും.

(സി) ചെലവേറിയ പദ്ധതി ആയതിനാൽ എല്ലാ പ്രദേശത്തും റിംഗ് മെയിൻ യൂണിറ്റ് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'ദ്യുതി 2021' പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ വൈദ്യുതിവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**എനർജി ഓഡിറ്റ്**

156 (4266) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിലെ എനർജി ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) എനർജി ഓഡിറ്റ് നടത്തുന്നത് മറ്റേതെങ്കിലും ഏജൻസികൾ വഴിയാണോ; എങ്കിൽ എന്തുകൊണ്ട്;

(സി) കഴിഞ്ഞ സാമ്പത്തികവർഷം മറ്റ് ഏതെങ്കിലും ഏജൻസികൾ വഴി എനർജി ഓഡിറ്റ് നടപ്പിലാക്കിയിരുന്നോ; വിശദമാക്കാമോ;

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എനർജി ഓഡിറ്റ് സ്വകാര്യ ഏജൻസികൾക്ക് നൽകിയതിലൂടെ കഴിഞ്ഞ അഞ്ച് വർഷം ഇ.എം.സി -ക്ക് എന്തു തുക ലഭിച്ചു; അതിൽ സർക്കാർ അടച്ച തുക എത്രയാണ്;

(ഇ) ഇ.എം.സി-യിലെ വിവിധ വിഭാഗങ്ങളിലായി ജോലി നോക്കുന്ന ടെക്നിക്കൽ, നോൺടെക്നിക്കൽ, ഗ്രാജ്വേറ്റ് എഞ്ചിനീയേഴ്സ് എന്നിവർ എത്ര വീതമെന്ന് അറിയിക്കുമോ;

(എഫ്) ഇ.എം.സി-യിൽ ജോലിനോക്കിവരുന്ന പെൻഷൻ പറ്റിയവർ എത്ര; അവരുടെ തസ്തികകളും കാലാവധിയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എനർജി മാനേജ്മെന്റ് സെന്ററിലെ എനർജി ഓഡിറ്റ് വിഭാഗം താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

ഊർജ്ജസംരക്ഷണ നിയമം 2001 (സെക്ഷൻ 15 ഡി) നടപ്പിലാക്കുന്നതിനുവേണ്ടി കേരള സർക്കാർ ചുമതലപ്പെടുത്തിയ നിയുക്ത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ. ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേരളത്തിലെ 9 വ്യവസായ സ്ഥാപനങ്ങളെ നിയുക്ത ഊർജ്ജ ഉപഭോക്താക്കളായി (Designated Consumers) പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി അക്രെഡിറ്റഡ് എനർജി ഓഡിറ്റേഴ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിക്കും എനർജി മാനേജ്മെന്റ് സെന്ററിനുമാണ് സമർപ്പിക്കേണ്ടത്.

ഊർജ്ജസംരക്ഷണ നിയമം 2001-ലെ സെക്ഷൻ 18 പ്രകാരം കേരളത്തിലെ നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാ വൻകിട വ്യവസായ വാണിജ്യ ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നു വർഷത്തിൽ ഒരിക്കൽ ഊർജ്ജ ഓഡിറ്റ് നടത്തേണ്ടതാണ്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ ഇ.എം.സി. എംപാനൽ ചെയ്ത് വെബ്സൈറ്റിൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേന്ദ്ര സർക്കാർ വേർതിരിച്ച നിയുക്ത

ഊർജ്ജ ഉപഭോക്താക്കൾ (ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സ്) ഒഴികെയുള്ള കേരളത്തിലെ എല്ലാ വൻകിട ഊർജ്ജം ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താൻ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം റിപ്പോർട്ടുകൾ പരിശോധിച്ച് വിവരം നൽകുന്നത് എനർജി ഓഡിറ്റ് വിഭാഗമാണ്.

കേരളത്തിലെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ കെട്ടിടങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽപ്പെടുന്ന HT/EHT ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി 50 ശതമാനം സബ്സിഡി പരമാവധി 50,000 രൂപ വരെ നൽകിവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന എനർജി ഓഡിറ്റ് ഏജൻസികളാണ് വിവിധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടുകൾ പരിശോധിക്കുന്നത് എനർജി ഓഡിറ്റ് വിഭാഗമാണ്.

1. Kerala State Productivity Council, Kochi.
2. Ottotractions, Thiruvananthapuram.
3. Siri Exergy & Carbon Advisory Pvt. Ltd., Hyderabad.
4. Athul Energy Consultants Pvt. Ltd., Thrissur.
5. KSEBL ESCOT, Thiruvananthapuram.

ചെറുകിട ഊർജ്ജ ഉപഭോക്താക്കളിൽ ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കാൻ സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തിവരുന്നുണ്ട്. ഒരു ചെറുകിട ഊർജ്ജ ഉപഭോക്താവിന് പരമാവധി 10,000/- രൂപയാണ് ഇ.എം.സി.-യുടെ തനത്ഫണ്ടിൽനിന്നും നൽകുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന എനർജി ഓഡിറ്റ് ഏജൻസികൾ പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകളുടെ മൂല്യനിർണ്ണയം നടത്തുന്നത് എനർജി ഓഡിറ്റ് വിഭാഗമാണ്.

1. Kerala State Productivity Council, Kochi.
2. Ottotractions, Thiruvananthapuram.
3. Athul Energy Consultants Pvt. Ltd., Thrissur.
4. Petroleum Conservation & Research Association, Chennai.

(ബി) ഊർജ്ജസംരക്ഷണ നിയമം 2001 നടപ്പിലാക്കുന്ന നിയുക്ത ഏജൻസിയായതിനാൽ ഇ.എം.സി. നേരിട്ട് ഊർജ്ജ ഓഡിറ്റ് നടത്തുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരം, ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ ഇ.എം.സി. എംപാനൽ ചെയ്ത് വെബ്സൈറ്റിൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ സാങ്കേതിക കഴിവ് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചതിനുശേഷമാണ് എംപാനൽ ചെയ്യുന്നത്. ഈ കമ്മിറ്റിയിൽ നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ ഡയറക്ടർ, ഇ.എം.സി. ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്നുണ്ട്. എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേന്ദ്ര സർക്കാർ വേർതിരിച്ച നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ (Designated Consumers) ഒഴികെയുള്ള കേരളത്തിലെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കുവേണ്ടി ഓഡിറ്റ് നടത്താൻ അധികാരപ്പെടുത്തിയിട്ടുണ്ട്.

ഈ ഏജൻസികൾ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ടിന്റെ ഒരു പകർപ്പ് അതാത് ഊർജ്ജ ഉപഭോക്താക്കൾ ഇ.എം.സി.-യിൽ സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിലെയും ഊർജ്ജ ഉപഭോക്തൃ സ്ഥാപനത്തിലെയും പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നത്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ എനർജി മാനേജ്മെന്റ് സെന്റർ നേരിട്ട് ടെണ്ടർ/ക്വട്ടേഷൻ മുഖേന എനർജി ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള ഏജൻസികൾ താഴെപ്പറയുന്നവയാണ്:

1. ESCOT, KSEBL, Thiruvananthapuram.
2. BSNL, Thiruvananthapuram.
3. Kerala State Productivity Council, Kochi.
4. Ottotractions, Thiruvananthapuram.

2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഊർജ്ജ ഓഡിറ്റ് ഏജൻസികൾ ഊർജ്ജ ഉപഭോക്തൃസ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ടെണ്ടർ/ക്വട്ടേഷൻ മുഖേന ഊർജ്ജ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് ഇ.എം.സി.-യിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

1. Kerala State Productivity Council, Kochi.
2. Ottotractions, Thiruvananthapuram.
3. Siri Exergy & Carbon Advisory Pvt. Ltd., Hyderabad.
4. Athul Energy Consultants Pvt. Ltd., Thrissur.
5. BSNL, Thiruvananthapuram.
6. Petroleum Conservation & Research Association, Chennai.

(ഡി) ഇ.എം.സി. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എനർജി ഓഡിറ്റ് നടത്തിയിട്ടില്ല.

(ഇ) ഇ.എം.സി.-യിലെ വിവിധ വിഭാഗങ്ങളിലായി ആകെ 46 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| ടെക്നിക്കൽ | - | 13 |
| നോൺ ടെക്നിക്കൽ | - | 16 |
| പ്രോജക്ട് എഞ്ചിനീയർ | - | 17 |
| ആകെ | - | 46 |

(എഫ്) ഇ.എം.സി.-യിൽ ജോലി നോക്കിവരുന്ന പെൻഷൻ പറ്റിയവർ 7 പേർ.

1. കൺസൾട്ടന്റ് - എൽ.ഇ.ഡി. ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുന്നതിനുവേണ്ടി (കാലാവധി: 26-05-2018 മുതൽ 25-05-2019 വരെ)
2. സീനിയർ എനർജി കൺസൾട്ടന്റ് - ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ മേൽനോട്ടത്തിന് (കാലാവധി: 03-12-2018 മുതൽ 02-12-2019 വരെ)
3. അക്കൗണ്ടന്റ് (കാലാവധി: 09-07-2018 മുതൽ 08-07-2019 വരെ)
4. ഇൻസ്ട്രുമെന്റ് മെക്കാനിക് - ടെക്നിക്കൽ ലാബിന്റെ പരിപാലനം (കാലാവധി: 02-03-2018 മുതൽ 01-03-2019 വരെ)
5. കൺസൾട്ടന്റ് - എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി (കാലാവധി: 28-12-2017 മുതൽ 27-12-2018 വരെ)
6. ഇന്റേണൽ ആഡിറ്റർ (പ്രതിഫലം വാങ്ങുന്നില്ല) (കാലാവധി: 03-02-2018 മുതൽ 02-02-2019 വരെ)
7. ഫൈനാൻസ് മാനേജർ (കാലാവധി: 18-04-2018 മുതൽ 17-04.2019 വരെ)

## ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികൾ

157 (4267) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികൾ എന്ന് ആരംഭിക്കാനാവുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ, പന്ത്രണ്ട് ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികളാണ് അടുത്ത 2 വർഷത്തിനകം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുവഴി 119MW അധിക സ്ഥാപിതശേഷിയാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സ്വകാര്യമേഖലയിലൂടെ ആരംഭിക്കാൻ പോകുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്രസ്തുത പദ്ധതികൾക്ക് പ്രോജക്ട് സ്പെസിഫിക് താരിഫ് ബാധകമായിരിക്കുമെന്ന സർക്കാർ നിർദ്ദേശംമൂലം അവ ലഭിച്ച സംരംഭകർ ഈ നിബന്ധന മാറ്റിത്തരണമെന്നും അല്ലെങ്കിൽ പദ്ധതി നടത്തിപ്പിന് ബാങ്കുകളിൽനിന്നും കടം എടുക്കാൻ ബുദ്ധിമുട്ടാണെന്നും അറിയിച്ചതനുസരിച്ച് ഈ നിബന്ധന മാറ്റിക്കിട്ടുന്നത് സംബന്ധിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കൽ

158 (4268) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്ന കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) നിലവിൽ 66KV ശേഷിയുള്ള പ്രസ്തുത സബ്സ്റ്റേഷന്റെ പരിധി എത്രയായി ഉയർത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം നിലവിലുള്ള കോതമംഗലം 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനാക്കി ശേഷി ഉയർത്തുന്ന പ്രവൃത്തി ട്രാൻസ്ഗ്രിഡ് ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 05-07-2018-ന് സീമെൻസ് ലിമിറ്റഡിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനാക്കി ശേഷി ഉയർത്തുന്നു.

(സി) നിലവിലുള്ള കോതമംഗലം 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനാക്കുന്നതിന്റെ ഭാഗമായി,

1. രണ്ട് 100 MVA, 220/110 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
2. രണ്ട് 20 MVA, 110/11 കെ.വി. ട്രാൻസ്ഫോർമറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ
3. പുതിയ കൺട്രോൾ റൂമിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ, കോതമംഗലം സബ്സ്റ്റേഷനിലേയ്ക്കുള്ള അനുബന്ധ 220 കെ.വി. കറുകടം - കോതമംഗലം ലൈനിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കോതമംഗലം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ജൂലൈയ് 2020-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

## വൈദ്യുതി വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

159 (4269) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിലുൾപ്പെടുത്തിയും ബോർഡിന്റെ തനതുഫണ്ട് ഉപയോഗിച്ചും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തിയും 4467 സർവ്വീസ് കണക്ഷനുകൾ നൽകുകയും 9.352 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 53.45 കിലോമീറ്റർ എൽ.ടി. ലൈനുകളും വലിക്കുകയും 29 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 67.04 കിലോമീറ്റർ ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുകയും 17.76 കിലോമീറ്റർ ലൈൻ കൺവേർഷൻ നടത്തുകയും ഏകദേശം 228.78 ലക്ഷം രൂപ പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി MLASDF ഫണ്ടിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപയും ഇതിലുൾപ്പെടുന്നു.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന വടക്കഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനെയും നെന്മാറ 66 കെ.വി. സബ്സ്റ്റേഷനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ 110 കെ.വി. ലൈനിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വടക്കഞ്ചേരി 110 കെ.വി.സബ്സ്റ്റേഷനിൽ ഒരു പുതിയ ബേയുടെ നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു.

## കണ്ണൂർ ജില്ലയിലെ മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ

160 (4270) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെല്ലാം മിനിഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ നടപ്പിലാക്കുന്ന കാര്യമാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വഞ്ചിയത്ത് പ്രാഥമിക പ്രവൃത്തി ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ഇതിന്റെ പ്രവൃത്തി ഏറ്റെടുത്ത ഐഡിയൽ ഇലക്ട്രിക് കമ്പനിയെ ഒഴിവാക്കിയിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ 7.5 മെഗാവാട്ടിന്റെ പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ പുരോഗമിക്കുന്നു. കൂടാതെ, ചെറുകിട ജലവൈദ്യുതി പദ്ധതികളായ മൂരിക്കടവ്, കണ്ണൻവയൽ, മുക്കുട്ടതോട്, ബാരാപ്പോൾ സ്റ്റേജ് - 2 എന്നീ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ വിവിധ ഘട്ടത്തിലാണ്.

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 3 മെഗാവാട്ടിന്റെ വാഞ്ചിയം ചെറുകിട ജലവൈദ്യുത പദ്ധതി സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 9-6-1993-ൽ M/s ഐഡിയൽ പ്രോജക്ട്സ് & സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. കരാർ കമ്പനി സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാത്തതിനാൽ 5-9-1997-ൽ കരാർ റദ്ദാക്കിയിരുന്നു. പദ്ധതിക്ക് ആവശ്യമായ സ്വകാര്യ ഭൂമി M/s ഐഡിയൽ പ്രോജക്ട്സ് & സർവ്വീസസ് ലിമിറ്റഡ് ഏറ്റെടുത്തതിനാൽ ടി സ്ഥലം ഒഴിവാക്കി പദ്ധതിക്ക് പുതുക്കിയ രൂപരേഖ തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) M/s ഐഡിയൽ പ്രോജക്ട്സ് & സർവ്വീസസ് ലിമിറ്റഡ് എന്ന കമ്പനിയെ ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കാനാണ് ഇപ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉദ്ദേശിക്കുന്നത്.

## പാരമ്പര്യേതര വൈദ്യുതി ഉൽപ്പാദനം

161 (4271) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജവും കാറ്റാടി വൈദ്യുതിയും പോലെ പാരമ്പര്യേതര ഊർജ്ജം പ്രയോജനപ്പെടുത്തുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിന്നിലായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് പാരമ്പര്യേതര വൈദ്യുതിയായി സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഉല്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ഉല്പാദനം ആകെ ഉല്പാദിപ്പിക്കുന്ന പാരമ്പര്യേതര വൈദ്യുതിയുടെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസരണ സംവിധാനത്തിന്റെ നവീകരണത്തിന് ട്രാൻസ് ഗ്രിഡ് പദ്ധതി രൂപീകരിച്ചതുപോലെയുള്ള സൗരോർജ്ജ പദ്ധതി സംബന്ധിച്ച് സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നതിൽ വൈദ്യുതി ബോർഡ് പരാജയപ്പെട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സൗരോർജ്ജ പദ്ധതികൾ, കാറ്റിൽ നിന്നുള്ള പദ്ധതികൾ തുടങ്ങിയവ കേരളത്തിൽ നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട്. സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന സ്ഥലത്തിന്റെ ലഭ്യതക്കുറവുമൂലം മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കഴിയുന്നില്ല. ഒരു മെഗാവാട്ടിന് ഏകദേശം 5 മുതൽ 6 ഏക്കറോളം സ്ഥലം ആവശ്യമാണ്. എന്നിരുന്നാലും, കിലോവാട്ട് ശേഷിയുള്ള പദ്ധതികൾ പരമാവധി പുരപ്പുറങ്ങളിൽ സ്ഥാപിച്ച് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 500 മെഗാവാട്ട് ലക്ഷ്യമിടുന്നു. കൂടാതെ, സ്വകാര്യ ഉത്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ, കനാൽ ടോപ്പ് തുടങ്ങിയവയിൽനിന്നും 150 മെഗാവാട്ട് തുടങ്ങിയവ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിൽ കേരളം പിന്നിലാകാനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

- പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.
- വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസവും പല പദ്ധതികൾക്കും അനുമതി ലഭ്യമല്ലാത്ത അവസ്ഥ, മറ്റ് പരിസ്ഥിതി പ്രശ്നങ്ങളും.
- ഇത്തരത്തിലുള്ള പദ്ധതികളുടെ കുറഞ്ഞ പ്ലാന്റ് ലോഡ് ഫാക്ടർ ശരാശരി കേരളത്തിൽ ഇത് 25 ശതമാനം മുതൽ 35 ശതമാനം വരെ മാത്രമേയുള്ളൂ. പക്ഷെ, ഹിമാലയൻ പ്രദേശങ്ങളിൽ വേനൽക്കാലത്ത് മഞ്ഞുരുകിയുള്ള വെള്ളം ലഭിക്കുന്നതിനാൽ അവിടെ പ്ലാന്റ് ലോഡ് ഫാക്ടർ താരതമ്യേന കൂടുതലാണ്.

കൂടാതെ, കേരളത്തിൽ കൃഷിയോഗ്യമല്ലാത്ത ഭൂമി കുറവായതുകൊണ്ട് വലിയ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് കഴിയുന്നില്ല. സാധ്യതയുള്ളത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുക എന്നതാണ്. പിന്നെയുള്ളത് ജലാശയങ്ങളിലാണ്. പരീക്ഷണ നിലയമായി ബാണാസുര സാഗറിൽ ഒരു സോളാർ നിലയം സ്ഥാപിച്ചിട്ടുണ്ട്. ഇതിന് ചെലവ് കൂടുതലാണ്.

കാറ്റിൽനിന്നുള്ള ഉത്പാദന സാധ്യതയുള്ള പ്രദേശങ്ങൾ സംസ്ഥാനത്തിനകത്ത് ഉണ്ടെങ്കിലും വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളെല്ലാംതന്നെ പശ്ചിമഘട്ട മലനിരകളിലാണ്. അനെർട്ട് കണ്ടെത്തിയിട്ടുള്ള ശക്തമായ കാറ്റ് ലഭ്യമായിട്ടുള്ള 17 സ്ഥലങ്ങളിൽ മിക്കതും ഹൈറേഞ്ച് മേഖലയിൽപ്പെടുന്നവയാണ്. അതിനാൽ അവിടെ എത്തിച്ചേരുന്നതിനും നിർമ്മാണ സാമഗ്രികളും ഭാരവും നീളമേറിയതുമായ വിന്റ് ടർബൈൻ ബ്ലേഡുകളും തുടങ്ങിയവ എത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. എങ്കിലും അഗളി, ഇടുക്കി, കഞ്ചിക്കോട് എന്നീ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പദ്ധതി പ്രദേശങ്ങളിലേയ്ക്ക് ഗതാഗത സൗകര്യമില്ലായ്മ സംരംഭകർ കൂടുതലായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമാകുന്നു.

(ബി) പാരമ്പര്യേതര വൈദ്യുത പദ്ധതികളായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി സ്വകാര്യ സംരംഭകരുടേതുൾപ്പെടെ 190.71 മെഗാവാട്ടാണ്. സൗരോർജ്ജ പദ്ധതികളുടെ ശേഷി 150 മെഗാവാട്ടും (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) കാറ്റിൽ നിന്നുള്ള പദ്ധതികളുടെ നിലവിലെ ശേഷി 60.275 മെഗാവാട്ടുമാണ്.

31-3-2018-ലെ കണക്കുപ്രകാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പാരമ്പര്യേതര വൈദ്യുത നിലയങ്ങളുടെ ശേഷി 34369.28 മെഗാവാട്ടാണ്. അതിൽ കേരളത്തിലെ പാരമ്പര്യേതര വൈദ്യുത നിലയങ്ങളുടെ ശേഷി 379.46 മെഗാവാട്ടാണ്. ഇത് മൊത്തം ശേഷിയുടെ 1.1 ശതമാനം മാത്രമേയുള്ളൂ.

(സി) ഭാവി വികസന സാധ്യതകൾ പൂർണ്ണമായി കണക്കാക്കിയുള്ള സമഗ്ര പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ശേഷി വർദ്ധന സൗരോർജ്ജ പദ്ധതികളിൽനിന്നും ലക്ഷ്യമിട്ട് സൗര എന്ന പദ്ധതി ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.-യും അനെർട്ടും സംയുക്തമായി ചെയ്തുവരുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്, ഹൈവേ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

## കൂടംകുളത്തുനിന്നും തൃശ്ശൂരിലേയ്ക്ക് ലൈൻ നിർമ്മാണം

162 (4272) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളത്തുനിന്നും തൃശ്ശൂരിലേക്ക് വലിക്കുന്ന 400 കെ.വി. ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജനവാസ കേന്ദ്രങ്ങളിലൂടെ ലൈൻ കടന്നുപോകുമ്പോൾ നിഷ്കർഷിച്ചിരിക്കുന്ന കുറഞ്ഞ ഉയരവും ഏറ്റവും കൂടിയ ഉയരവും എത്രയാണെന്ന് വിശദമാക്കാമോ; ലൈൻ കടന്നുപോകുന്ന സ്ഥലത്തെ വീടുകൾക്കും വസ്തുഉടമകൾക്കും നൽകുന്ന നഷ്ടപരിഹാരം വ്യക്തമാക്കുമോ;

(ഡി) കൂടംകുളം ലൈനിന്റെ അടിയിൽ ആകുന്ന വീട്ടുടമകൾ അവർ സ്വയം മാറിപ്പോകാൻ താൽപ്പര്യം പ്രകടിപ്പിച്ചാൽ അവർക്ക് നഷ്ടപരിഹാരമായി പുതിയ വീട് നിർമ്മിച്ചു നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൂടംകുളത്തുനിന്നും തൃശ്ശൂരിലേയ്ക്ക് വലിക്കുന്ന 400 കെ.വി. ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ ലൈനിന്റെ 96 ശതമാനം ഫൗണ്ടേഷൻ ജോലികളും 87 ശതമാനം ടവർ നിർമ്മാണവും 56 ശതമാനം ലൈൻ വലിക്കുന്ന ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി & ഡി) ജനവാസകേന്ദ്രങ്ങളിലൂടെ ലൈൻ കടന്നുപോകുമ്പോൾ കുറഞ്ഞ ഉയരം നിർദ്ദിഷ്ട സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് പ്രകാരമായിരിക്കും. കൂടിയ ഉയരം ടവറുകൾ നിൽക്കുന്ന സ്ഥലത്തിന്റെ ഭൂപ്രകൃതി അനുസരിച്ചായിരിക്കും. നഷ്ടപരിഹാരം നൽകുന്നത് 30-07-2015, 31-08-2016 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമാണ്.

## കൂടംകുളത്തുനിന്നും തൃശ്ശൂരിലേയ്ക്കുള്ള 400 കെ.വി. ലൈൻ

163 (4273) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളത്ത് നിന്ന് തൃശ്ശൂരിലേയ്ക്ക് വലിക്കുന്ന 400 കെ.വി.ലൈൻ അലൈൻമെന്റ് നേരത്തെ നിശ്ചയിച്ചതിൽ നിന്ന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ജനവാസ കേന്ദ്രങ്ങളിൽ നിന്നും ലൈൻ ഒഴിവാക്കണമെന്ന് ജനകീയ സമിതിയുടെ പരാതി സംബന്ധിച്ച് എന്തെങ്കിലും പുതിയ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൂടംകുളം ലൈൻ നിർമ്മാണം സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം ആദ്യം നടത്തിയ അവലോകനയോഗത്തിൽ ആവശ്യമുള്ള പക്ഷം ലൈനിന് കീഴിൽ വരുന്ന ഭൂവുടമകളെ ആവശ്യപ്പെട്ടാൽ പകരം വീടും നൽകി പുനരധിവസിപ്പിക്കണമെന്ന മുഖ്യമന്ത്രി നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അവലോകന യോഗനടപടിക്കുറിപ്പിൽ ഇക്കാര്യം ഉൾപ്പെടാതെ പോയത് എന്തുകൊണ്ടാണ്; ഇത് ഉൾപ്പെടുത്തി യോഗനടപടിക്കുറിപ്പ് പുനഃക്രമീകരണം ചെയ്യണമെന്ന ആവശ്യം നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൂടംകുളത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് വലിക്കുന്ന 400 കെ.വി. ലൈൻ അലൈൻമെന്റ് നേരത്തെ നിശ്ചയിച്ചതിൽനിന്ന് മാറ്റം വരുത്തിയിട്ടില്ല.

(ബി) പുതിയ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(സി & ഡി) 30-7-2015, 31-8-2016 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

## ആഭ്യന്തര വൈദ്യുതി ഉൽപ്പാദനശേഷിയുടെ വർദ്ധനവ്

164 (4274) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

(സി) സൗരോർജ്ജ പ്ലാന്റുകൾവഴി സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി ഇത്തരം പദ്ധതികൾക്ക് സർക്കാർ ധനസഹായം അനുവദിക്കാറുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുത ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ. ബി.എൽ.-ന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 10 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവയുടെ പുരോഗതി ഉന്നതതലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പരിഗണനയിലുള്ള മറ്റു ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനും മുടങ്ങിക്കിടന്നതോ മന്ദഗതിയിലുള്ളതോ ആയ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. സ്വകാര്യ സംരംഭകർ വഴിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സോളാർ ഉൾപ്പെടെയുള്ള പാരമ്പര്യേതര പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്.

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിൽ നിന്നും ജലാശയങ്ങളുടെ മുകൾപ്പരപ്പിലും വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

പുരപ്പുറ സൗരവൈദ്യുത പദ്ധതി ലക്ഷ്യം നേടുന്നതിന് വലിയ തോതിലുള്ള ബഹുജന പങ്കാളിത്തം ആവശ്യമാണ്. ഇതിനായി അനെർട്ട് www.buymysun.com എന്ന പേരിൽ ഒരു ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ് ആരംഭിച്ചിട്ടുണ്ട്. ഇതുവഴി ലോകത്തിന്റെ ഏത് കോണിലിരിക്കുന്ന മലയാളികൾക്കും അവരുടെ കേരളത്തിലുള്ള വീടിനുമുകളിൽ സൗരവൈദ്യുത നിലയം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഈ

കാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നൽകുന്നതിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽക്കൂടി വ്യാപകമായ പ്രചരണം നടത്തിവരുന്നു.

ഇതുകൂടാതെ മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

സ്വകാര്യമേഖലയിലൂടെ വൈദ്യുതോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി കേരള ചെറുകിട ജലവൈദ്യുതി പദ്ധതി നയം 2012 സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത നയപ്രകാരം വൈദ്യുതി ഉൽപ്പാദന മേഖലയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം 25 MW-ൽ താഴെ ശേഷി വരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതുപോലെ മുന്നോട്ടുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

ഇതുപ്രകാരം 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ചെറിയ നീരൊഴുക്കിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന സൂക്ഷ്മ ജലവൈദ്യുത പദ്ധതികളും ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ കാട്ടുവെട്ടി പ്രദേശത്ത് നിർമ്മാണം പൂർത്തിയായി വരുന്നു.

നൂതന ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ അനെർട്ട് വഴി സർക്കാർ നടത്തിവരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും കാറ്റിൽനിന്നും എല്ലാ ഏജൻസികളുംകൂടി ചേർന്ന് 59.725 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കുന്നുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിനുള്ളിലെ വൈദ്യുത ആവശ്യകത 24846 ദശലക്ഷം യൂണിറ്റ് ആയിരിക്കുമെന്നാണ് കെ.എസ്.ഇ.ബി.എൽ. കണക്കാക്കിയിട്ടുള്ളത്.

(സി) 'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ

1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിൽനിന്നും ജലാശയങ്ങളുടെ മുകൾപരപ്പിലും വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ഡി) വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്.

ഇതുകൂടാതെ 14-02-2018-ലെ സ.ഉ.(കൈ.) നമ്പർ 22/2018/ത.സ്വ.ഭവ. പ്രകാരം ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

165 (4275) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിലവിൽ എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഉപഭോക്താവിന് സ്ഥലത്തിന്മേലുള്ള നിയമപരമായ അവകാശം തെളിയിക്കുന്നതിനായി ഏതെല്ലാം രേഖകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ചതുരശ്ര അടിയിൽ താഴെ പ്ലിന്ത് ഏരിയയുള്ള വീടുകൾക്കാണ് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് സ്ഥലത്തിന്മേലുള്ള നിയമപരമായ അവകാശം തെളിയിക്കുന്നതിന് പ്രത്യേകം രേഖ ആവശ്യമില്ല എന്ന് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ലഘൂകരിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. സപ്ലൈ കോഡ് 2014-ൽ, വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിഷ്കർഷിച്ചിട്ടുള്ള വിവിധ രേഖകൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കാനും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്ഥലത്തിന്റെ കൈവശാവകാശ രേഖയോ നടപ്പുവർഷത്തെ കരമടച്ച രസീതോ ആണ് സ്ഥലത്തിന്റെ നിയമപരമായ അവകാശം തെളിയിക്കുന്നതിനായി പരിഗണിക്കുന്നത്. വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനായി സ്ഥലത്തിന്റെ കൈവശാവകാശ രേഖ, നടപ്പുവർഷത്തെ കരമടച്ച രസീതിന്റെ പകർപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ റവന്യൂ അധികാരികളോ നൽകുന്ന ബിൽഡിംഗിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മുനിസിപ്പാലിറ്റിയിൽനിന്നോ കോർപ്പറേഷനിൽ നിന്നോ പഞ്ചായത്തിൽനിന്നോ ലഭിക്കുന്ന താമസ സാക്ഷ്യപത്രം (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) എന്നിവയിലേതെങ്കിലും ഉടമസ്ഥാവകാശ രേഖയായി പരിഗണിക്കുന്നതാണ്. (വാടകക്കാരാണെങ്കിൽ വാടക കരാറിന്റെ പകർപ്പും ഉടമസ്ഥന്റെ പക്കൽനിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും' ഉടമസ്ഥാവകാശ പത്രവും ഹാജരാക്കേണ്ടതുണ്ട്.) ഈ രേഖകൾക്കു പുറമെ, ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടി വൈദ്യുതി കണക്ഷൻ ആവശ്യമായ സ്ഥലത്തിന്റെ മേൽവിലാസത്തിലുള്ളവയാണെങ്കിൽ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും

സർക്കാർ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ആധാർ കാർഡ്, ഇന്ത്യൻ പാസ്പോർട്ട്, എൻ.പി.ആർ. കാർഡ്, സർക്കാർ കമ്പനികളുടെയോ അംഗീകൃത ഏജൻസികളുടെയോ ഏറ്റവും പുതിയ ജലം/ ഗ്യാസ്/ടെലിഫോൺ ബില്ലുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ കാർഡ്, തുടങ്ങിയ രേഖകളിലേതെങ്കിലുമൊന്ന് ഉടമസ്ഥാവകാശ രേഖയായി ഹാജരാക്കിയാൽ മതിയാവുന്നതാണ്. ഗാർഹിക വൈദ്യുതി കണക്ഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ എന്നിവയും ഉടമസ്ഥാവകാശ രേഖയായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) 1076 ചതുരശ്ര അടിയോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

## വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കാൻ നടപടി

166 (4276) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ നഷ്ടം കുറച്ച് വൈദ്യുതിപ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഇതുമൂലം പ്രസരണ നഷ്ടം എത്രമാത്രം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുത പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുത പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം, പഴയവ മാറ്റി പുതിയവ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

കൂടാതെ വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(ബി) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി വൈദ്യുതി പ്രസരണ ശൃംഖലയിലെ പ്രസരണനഷ്ടം 2016-17 ഏപ്രിൽ-ലെ 4.56 ശതമാനം എന്നതിൽനിന്നും 2018-19 മേയ്-ൽ 4.41 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

## പ്രതിദിന വൈദ്യുതി ഉൽപ്പാദനം

167 (4277) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം (2017-18 ) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റ് ആയിരുന്നു;വിവരം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉത്പാദനം എത്ര യൂണിറ്റ് ആയിരുന്നുവെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിദിനം എത്രയൂണിറ്റ് വൈദ്യുതി കൂടുതൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സൗരപദ്ധതിയിനത്തിൽ എത്ര യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 2017-18-ലെ പ്രതിദിന ശരാശരി ഉപഭോഗം 57.21 ദശലക്ഷം യൂണിറ്റായിരുന്നു. (ഓപ്പൺ ആക്സസ് ഉപഭോഗം കഴിച്ച്)

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഉൽപ്പാദന നിലയങ്ങളിൽനിന്നും 5505.73 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക

| സ്രോതസ്സ് | ഉൽപ്പാദനം (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| ജലവൈദ്യുത പദ്ധതികൾ | 5488.94 |
| ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം | 0.46 |
| കോഴിക്കോട് ഡീസൽ വൈദ്യുതി നിലയം | 1.405 |
| കാറ്റാടി നിലയം | 1.48 |
| സൗരോർജ്ജ നിലയങ്ങൾ | 13.45 |
| ആകെ | 5505.73 |

അതായത് പ്രതിദിനം ശരാശരി 15.08 ദശലക്ഷം യൂണിറ്റ് ഉൽപ്പാദനം നടന്നതായി കണക്കാക്കാം.

(സി) കേരളത്തിലെ ജലവൈദ്യുത ഉൽപ്പാദന നിലയങ്ങളിൽനിന്നുള്ള ഉൽപ്പാദനം മഴയെ ആശ്രയിച്ചാണിരിക്കുന്നത്. അതിൻപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ ഉൽപ്പാദനം 6791.85 ദശലക്ഷം യൂണിറ്റാണ്. എന്നാൽ മഴ ലഭ്യത തീരെ കുറവായ 2016-17-ൽ ഉൽപ്പാദനം 4369.54 ദശലക്ഷം യൂണിറ്റ് മാത്രമായിരുന്നു.

(ഡി) സംസ്ഥാനത്ത് സൗരപദ്ധതിയിനത്തിൽ 2018 നവംബർ മാസത്തിൽ 9.5537 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 0.8158 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സൗരപദ്ധതിയിൽനിന്നും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പങ്കാളിത്തത്തോടെയുമുള്ള സംരംഭങ്ങളിൽനിന്നും 6.7208 ദശലക്ഷം യൂണിറ്റും 2.0171 ദശലക്ഷം യൂണിറ്റ് ഇതര സൗര നിലയങ്ങളിൽനിന്നുമാണ്.

**ഡാമുകളിൽ വൈദ്യുതി ഉൽപ്പാദനത്തിനായുള്ള വെള്ളം**

168 (4278) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനത്തിനായി ഡാമുകളിൽ ആവശ്യത്തിനുള്ള വെള്ളം അവശേഷിക്കുന്നുണ്ടോ;

(ബി) ഈ വരുന്ന വേനൽക്കാലത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ ഉപഭോഗത്തിന്റെ ഏകദേശം 30 ശതമാനം മാത്രമേ ജലവൈദ്യുതി പദ്ധതികൾ മുഖേന നിറവേറുന്നുള്ളൂ. ഇതിനായി കെ.എസ്.ഇ.ബി.-യുടെ ജലസംഭരണികളിൽ 7-12-2018-ലെ കണക്ക് പ്രകാരം 3114.966 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായുള്ള ജലം അവശേഷിക്കുന്നുണ്ട്.

(ബി) നിലവിലില്ല.

## വൈദ്യുതി നിരക്ക് പരിഷ്കരണം

169 (4279) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക/വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ ഇനം തിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ലാഭത്തിലാക്കുന്നതിന് നിരക്ക് പരിഷ്കരണം എന്ന ഉപാധിയല്ലാതെ ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 17-04-2018-ലെ ഉത്തരവിലൂടെ പുതുക്കി നിശ്ചയിച്ചിരിക്കുന്നു. ഗാർഹിക/വ്യാവസായിക ഉപഭോക്താക്കളിൽ നിന്ന് ഇതിൻപ്രകാരം ഈടാക്കുന്ന വൈദ്യുതി നിരക്കിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05-10-2018-ൽ പുറത്തിറക്കിയ താരിഫ് ചട്ടങ്ങൾ പ്രകാരം 2018-19-ലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2020-21-ലും താരിഫ് പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ 31-10-2018-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കേരളത്തിൽ പ്രതിവർഷം ആവശ്യമായ വൈദ്യുതിയുടെ ഉദ്ദേശം 31.5 ശതമാനം മാത്രമേ വൈദ്യുതി ബോർഡിന്റെ നിലയങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കാൻ കഴിയൂ. ബാക്കി പുറമേ നിന്ന് വൈദ്യുതി വാങ്ങിയാണ് വർദ്ധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. ഇപ്രകാരം വൈദ്യുതി വാങ്ങുന്നതിന്, പ്രതിവർഷ ചെലവിന്റെ ഉദ്ദേശം 68.5 ശതമാനം തുക ഉപയോഗിക്കേണ്ടിവരുന്നു. ഇത് ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവുമൂലം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നു. കൂടാതെ റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്ക് പുതുക്കുന്നത്, വൈദ്യുതിയുടെ ഉൽപ്പാദന വാങ്ങൽ ചെലവുകൾക്ക് പുറമേ പ്രവർത്തന-പരിപാലന ചെലവുകൾ, സാമ്പത്തിക – പലിശ ചെലവുകൾ, തേയ്മാന ചെലവുകൾ, മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity) തുടങ്ങിയവ അടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം പരിഗണിച്ചുകൊണ്ടാണ്. ഈ ചെലവിനങ്ങളിൽ ബോർഡ് സ്വന്തം നിലയിലും കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ, നിലവിലുള്ള മാനവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തി കാര്യക്ഷമമായ പ്രർത്തനങ്ങൾ നടത്തിവരുന്നു. പുറമേ നിന്നുള്ള വൈദ്യുതി വാങ്ങൽ, കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗരേഖാ പ്രകാരം കമ്മീഷന്റെ നിരീക്ഷണത്തിൽ, മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിച്ച് ന്യായമായ വിലമാത്രം നൽകി ഉപഭോക്താക്കൾക്ക് താങ്ങാവുന്ന വിലയ്ക്ക് ഗുണമേന്മയുള്ള വൈദ്യുതി നൽകുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിവരുന്നു. എങ്കിലും കാലാകാലങ്ങളിൽ ഉണ്ടാവുന്ന പണപ്പെരുപ്പം, വിലവർദ്ധനവ് തുടങ്ങിയ സാമ്പത്തിക കാര്യങ്ങൾ വൈദ്യുതി ബോർഡിനെയും ബാധിക്കുന്നുണ്ട്. അതിനാൽ ചെലവുകൾ ചുരുക്കൽ നടപടികൾകൊണ്ടുമാത്രം ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാകില്ല. അതുകൊണ്ടുകൂടിയാണ് കാലാകാലങ്ങളിൽ താരിഫ് പുതുക്കേണ്ടതായി വരുന്നത്.

**ആറന്മുള മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

170(4280) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആറന്മുള മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകി; വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതിവൽക്കരണത്തിന് എങ്ങനെയാണ് തുക കണ്ടെത്തിയത്?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി ആറന്മുള മണ്ഡലത്തിൽ 12 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 13.891 കിലോമീറ്റർ എൽ.ടി. ലൈനുകൾ നിർമ്മിച്ച് 1060 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) എം.എൽ.എ. ഫണ്ടിൽനിന്നും 30,01,262 രൂപയും കെ.എസ്.ഇ.ബി.-യുടെ തനതുഫണ്ടിൽനിന്നും 3,21,594 രൂപയും ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിൽനിന്നും 41,35,777 രൂപയും എസ്.സി. ഡിപ്പാർട്ട്മെന്റിൽനിന്നും 9,10,090 രൂപയും എസ്.ടി. ഡിപ്പാർട്ട്മെന്റിൽനിന്നും 85,000 രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്.

## കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് മുഖേനയുള്ള പ്രവർത്തനങ്ങൾ

171 (4281) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകൾ ഉണ്ടോ; ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ബോർഡിന്റെ തനതുഫണ്ടുപയോഗിച്ചും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയും 5728 സർവ്വീസ് കണക്ഷനുകൾ നൽകുകയും 33.18 കിലോമീറ്റർ എച്ച്.റ്റി. ലൈനുകളും 44.09 കിലോമീറ്റർ എൽ.റ്റി. ലൈനുകളും വലിക്കുകയും 42 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 71.83 കിലോമീറ്റർ ലൈൻ കൺവെർഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ

സെക്ഷനുകളിൽ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പണം അടച്ചുകൊണ്ട് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

കൊട്ടാരക്കര മണ്ഡലത്തിൽപ്പെട്ട അമ്പലപ്പുറം 110 കെ.വി. സബ്സ്റ്റേഷനിലെ പഴക്കംചെന്ന ട്രാൻസ്ഫോമർ മാറ്റി പുതിയത് സ്ഥാപിക്കുകയും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊട്ടാരക്കര വൈദ്യുതി ഭവനത്തിന്റെ മേൽക്കൂരയിൽ 29-12-2017-ാം തീയതി 80 കിലോവാട്ട് പീക്കിന്റെ സൗരോർജ്ജ നിലയം കമ്മീഷൻ ചെയ്തു.

(ബി) ഉണ്ട്. കുളക്കട സെക്ഷനിലെ രണ്ട് വീടുകളുടെയും ചെങ്ങമനാട് സെക്ഷനിലെ ഒരു വീടിന്റെയും കണക്ഷൻ സംബന്ധിച്ച തർക്കം അഡീഷണൽ ഡിസ്ട്രിക് മജിസ്ട്രേറ്റിന്റെ പരിഗണനയിലും ചെങ്ങമനാട് സെക്ഷനിലെ ഒരു വീടിന്റെ കണക്ഷൻ സംബന്ധിച്ചുള്ള തർക്കം ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഈ നാല് വീടുകൾക്ക് കണക്ഷൻ നൽകാനുണ്ട്. പുതുതായി ലഭിക്കുന്ന അപേക്ഷകൾ മറ്റു തടസ്സങ്ങൾ ഇല്ലാത്തപക്ഷം നിശ്ചിത സമയപരിധിക്കുള്ളിൽ ത്തന്നെ നൽകിവരുന്നുണ്ട്.

## ഗാർഹിക കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

172 (4282) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിച്ഛേദിക്കുന്നതിന് മുമ്പ് ഉപഭോക്താക്കളെ അറിയിക്കാനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉപഭോക്താക്കളെ എസ്.എം.എസ്. വഴി അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി ചാർജ്ജിൽ കുടിശ്ശിക വരുത്തുക, നിക്ഷേപത്തുകയിൽ കുറവുണ്ടാകുകയോ മതിയായ നിക്ഷേപത്തുക അടയ്ക്കാതെ വരികയോ ചെയ്യുക, വൈദ്യുതി മോഷണം കണ്ടെത്തുക, വയറിംഗിലോ പ്രതിഷ്ഠാപനങ്ങളിലോ ഉണ്ടായ പ്രശ്നത്തെത്തുടർന്നുള്ള സുരക്ഷാ മുൻകരുതൽ എന്നീ സന്ദർഭങ്ങളിലെല്ലാം വൈദ്യുതി വിച്ഛേദിക്കാൻ സപ്ലൈ കോഡ് 2014 അനുമതി നൽകിയിട്ടുണ്ട്. വൈദ്യുതി ചാർജ്ജിൽ ഉണ്ടാകുന്ന കുടിശ്ശിക, സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഉണ്ടാകുന്ന കുറവ് എന്നീ സന്ദർഭങ്ങളിൽ 15 ദിവസത്തിൽ കുറയാതെയുള്ള സമയപരിധിയിൽ

നോട്ടീസ് നൽകാനും അത് പാലിക്കപ്പെട്ടില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കാനും സപ്ലൈ കോഡ് 2014 നിഷ്കർഷിക്കുന്നു. ഇതുപ്രകാരം വൈദ്യുതി ചാർജ്ജ്, സെക്യൂരിറ്റി ഡെപ്പോസിറ്റിൽ ഉണ്ടാകുന്ന കുറവ് സംബന്ധിച്ച വിവരം ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസിലൂടെ കെ.എസ്.ഇ.ബി. ഉപഭോക്താക്കളെ അറിയിക്കുകയും അതിൽ രേഖപ്പെടുത്തിയ സമയപരിധി പാലിക്കപ്പെട്ടില്ലെങ്കിൽ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുകയും ചെയ്യുന്നു. മീറ്റർ റീഡർ നൽകുന്ന ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസിന് പുറമെ ഇ-മെയിൽ അഡ്രസ്സും മൊബൈൽ നമ്പറും രജിസ്റ്റർ ചെയ്ത ഉപഭോക്താക്കളെ ഇ-മെയിൽ വഴിയും എസ്.എം.എസ്. വഴിയും വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ അറിയിക്കുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി. ബില്ലുകൾ അടയ്ക്കാത്ത എല്ലാ ഉപഭോക്താക്കളുടെയും (കെ.എസ്.ഇ.ബി.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള) മൊബൈൽ നമ്പരിലേയ്ക്ക് കണക്ഷൻ വിച്ഛേദിക്കുന്നതിന് മുമ്പ് എസ്.എം.എസ്. വഴി പ്രസ്തുത വിവരം അറിയിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## സോളാർ പ്ലാന്റുകൾ

173 (4283) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കൂടുതൽ സോളാർ പ്ലാന്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ബാണാസുര സാഗറിൽ സ്ഥാപിച്ച സോളാർ പ്ലാന്റിൽ നിന്നും എത്ര അളവ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ കെ.എസ്.ഇ.ബി.എൽ., അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖാന്തരം സോളാർ പ്ലാന്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ. വഴി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'സൗര' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിൽ നിന്നും ജലാശയങ്ങളുടെ മുകൾപ്പരപ്പിലും വലിയ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

താഴെപ്പറയുന്ന ജില്ലകളിൽ അനെർട്ടിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് 2018-19-ൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:

| ക ക്രമ നമ്പർ | ജില്ല | സ്ഥലം | സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ എണ്ണം | സ്ഥാപിത ശേഷി (കിലോവാട്ട്) |
|---|---|---|---|---|
| 1 | കോട്ടയം | അക്കരപ്പാടം | 1 | 2 |
| | | വൈക്കം | 1 | 1 |
| 2 | ആലപ്പുഴ | ആര്യാട് | 13 | 44 |
| 3 | കണ്ണൂർ | പിണറായി | 13 | 83 |
| 4 | ഇടുക്കി | നെടുങ്കണ്ടം | 13 | 97 |
| 5 | കാസർഗോഡ് | പീലിക്കോട് | 43 | 122 |

ഇത് ഉൾപ്പെടെ വിവിധ ജില്ലകളിലായി 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ അതാത് സ്ഥാപനങ്ങളുടെ പ്ലാൻഫണ്ടുപയോഗിച്ച് ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു.

(ബി) ബാണാസുരസാഗറിൽ നിലവിൽ 10 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 605 യൂണിറ്റ് വൈദ്യുതി ഒരു മാസം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതിനുപുറമേ 500 കിലോവാട്ട് ഫ്ലോട്ടിംഗ് സോളാറിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

## പാരമ്പര്യേതര ഊർജ്ജ ഉല്പാദനം

174 (4284) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജവും കാറ്റാടി വൈദ്യുതിയും പോലെ പാരമ്പര്യേതര ഊർജ്ജം പ്രയോജനപ്പെടുത്തുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിന്നിലായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് പാരമ്പര്യേതര വൈദ്യുതിയായി സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്;

(സി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഉല്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ ഉത്പാദനം ആകെ ഉത്പാദിപ്പിക്കുന്ന പാരമ്പര്യേതര വൈദ്യുതിയുടെ എത്ര ശതമാനം വരും;

(ഡി) പ്രസരണ സംവിധാനത്തിന്റെ നവീകരണത്തിന് ട്രാൻസ് ഗ്രിഡ് പദ്ധതി രൂപീകരിച്ചതുപോലെ സൗരോർജ്ജ പദ്ധതി സംബന്ധിച്ച സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നതിൽ വൈദ്യുതി ബോർഡ് പരാജയപ്പെട്ടതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സൗരോർജ്ജ പദ്ധതികൾ, കാറ്റിൽനിന്നുള്ള പദ്ധതികൾ തുടങ്ങിയവ കേരളത്തിൽ നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട്. സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന സ്ഥലത്തിന്റെ ലഭ്യതക്കുറവുമൂലം ഉയർന്ന ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കഴിയുന്നില്ല. ഒരു മെഗാവാട്ടിന് ഏകദേശം 5 മുതൽ 6 ഏക്കറോളം സ്ഥലം ആവശ്യമാണ്. എന്നിരുന്നാലും, കിലോവാട്ട് ശേഷിയുള്ള പദ്ധതികൾ പരമാവധി പുരപ്പുറങ്ങളിൽ സ്ഥാപിച്ച് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 500 മെഗാവാട്ട് ലക്ഷ്യമിടുന്നു. കൂടാതെ, സ്വകാര്യ ഉത്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ, കനാൽ ടോപ്പ് തുടങ്ങിയവയിൽനിന്നും 150 മെഗാവാട്ട് തുടങ്ങിയവ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിൽ കേരളം പിന്നിലാകാനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ.

- വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസവും പല പദ്ധതികൾക്കും അനുമതി ലഭ്യമല്ലാത്ത അവസ്ഥ, മറ്റ് പരിസ്ഥിതി പ്രശ്നങ്ങളും.
- ഇത്തരത്തിലുള്ള പദ്ധതികളുടെ കുറഞ്ഞ പ്ലാന്റ് ലോഡ് ഫാക്ടർ ശരാശരി കേരളത്തിൽ ഇത് 25 ശതമാനം മുതൽ 35 ശതമാനം വരെ മാത്രമേയുള്ളൂ. പക്ഷെ, ഹിമാലയൻ പ്രദേശങ്ങളിൽ വേനൽക്കാലത്ത് മഞ്ഞുരുകിയുള്ള വെള്ളം ലഭിക്കുന്നതിനാൽ അവിടെ പ്ലാന്റ് ലോഡ് ഫാക്ടർ താരതമ്യേന കൂടുതലാണ്.

കേരളത്തിൽ കൃഷിയോഗ്യമല്ലാത്ത ഭൂമി കുറവായതുകൊണ്ട് വലിയ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് കഴിയുന്നില്ല. സാധ്യതയുള്ളത് കെട്ടിടങ്ങളുടെ മുകളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുക എന്നതാണ്. പിന്നെയുള്ളത് ജലാശയങ്ങളിലാണ്. പരീക്ഷണ നിലയമായി ബാണാസുരസാഗറിൽ ഒരു സോളാർ നിലയം സ്ഥാപിച്ചിട്ടുണ്ട്. ഇതിന് ചെലവ് കൂടുതലാണ്.

കാറ്റിൽനിന്നുള്ള ഉത്പാദന സാധ്യതയുള്ള പ്രദേശങ്ങൾ സംസ്ഥാനത്തിനകത്ത് ഉണ്ടെങ്കിലും വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളെല്ലാംതന്നെ പശ്ചിമഘട്ട മലനിരകളിലാണ്. അനെർട്ട് കണ്ടെത്തിയിട്ടുള്ള ശക്തമായ കാറ്റ് ലഭ്യമായിട്ടുള്ള 17 സ്ഥലങ്ങളിൽ മിക്കതും ഹൈറേഞ്ച് മേഖലയിൽപ്പെടുന്നവയാണ്. അതിനാൽ അവിടെ എത്തിച്ചേരുന്നതിനും നിർമ്മാണ സാമഗ്രികളും ഭാരവും നീളമേറിയതുമായ വിന്റ് ടർബൈൻ ബ്ലേഡുകളും എത്തിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു. എങ്കിലും അഗളി, ഇടുക്കി, കഞ്ചിക്കോട് എന്നീ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പദ്ധതി പ്രദേശങ്ങളിലേയ്ക്ക് ഗതാഗത സൗകര്യമില്ലായ്മ സംരംഭകർ കൂടുതലായി ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമാകുന്നു.

(ബി) പാരമ്പര്യേതര വൈദ്യുത പദ്ധതികളായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷി സ്വകാര്യ സംരംഭകരുടേതുൾപ്പെടെ 190.71 മെഗാവാട്ടാണ്. സൗരോർജ്ജ പദ്ധതികളുടെ ശേഷി 150 മെഗാവാട്ടും കാറ്റിൽ നിന്നുള്ള പദ്ധതികളുടെ നിലവിലെ ശേഷി 60.275 മെഗാവാട്ടുമാണ്.

(സി) 31-3-2018-ലെ കണക്കുപ്രകാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പാരമ്പര്യേതര വൈദ്യുത നിലയങ്ങളുടെ ശേഷി 34369.28 മെഗാവാട്ടാണ്. അതിൽ കേരളത്തിലെ പാരമ്പര്യേതര വൈദ്യുത നിലയങ്ങളുടെ ശേഷി 379.46 മെഗാവാട്ടാണ്. ഇത് മൊത്തം ശേഷിയുടെ 1.1 ശതമാനം മാത്രമേയുള്ളൂ.

(ഡി) ഭാവി വികസന സാധ്യതകൾ പൂർണ്ണമായി കണക്കാക്കിയുള്ള സമഗ്ര പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ശേഷി വർദ്ധന സൗരോർജ്ജ പദ്ധതികളിൽനിന്നും ലക്ഷ്യമിട്ട് സൗര എന്ന പദ്ധതി ഊർജ്ജ കേരള മിഷനിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.-യും അനെർട്ടും സംയുക്തമായി ചെയ്തുവരുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി 500 മെഗാവാട്ട്, സ്വകാര്യ ഉത്പാദകരിൽനിന്നും ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട്, സോളാർ പാർക്കിൽനിന്നും 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി 100 മെഗാവാട്ട്, കനാൽ ടോപ്പ്, ഹൈവേ പദ്ധതികളിൽനിന്നും 50 മെഗാവാട്ട് എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ**

175 (4285) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കുമോ;

(ബി) സൗരോർജ്ജം കൂടുതലായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ ഓഫീസുകൾ, സ്കൂളുകൾ തുടങ്ങിയിടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) സോളാർ പാനലുകളും അനുബന്ധ ഉപകരണങ്ങളും സബ്സിഡി നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് അനെർട്ട് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**(1) " ബൈ മൈ സൺ" വെബ് പോർട്ടൽ**

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

**(2) അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ**

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക സേവനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജകമണ്ഡലങ്ങളിലും ഊർജ്ജമിത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(3) സൗരവീഥി മൊബൈൽ ആപ്ലിക്കേഷൻ**

സൗരവീഥി എന്ന മൊബൈൽ ആപ്ലിക്കേഷൻ രജിസ്റ്റർ ചെയ്യപ്പെടുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

**(4) ടെക്നീഷ്യൻമാർക്ക് ഇൻഷ്വറൻസ്**

ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള അക്ഷയ ഊർജ്ജ രംഗത്തെ ടെക്നീഷ്യൻമാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

**(5) ഹെൽപ്പ്ലൈൻ**

അക്ഷയ ഊർജ്ജ രംഗത്ത് അനെർട്ടുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് അറിയുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും നേരിട്ടുകേൾക്കുന്നതിനും അവർക്ക് യഥാസമയം കൃത്യമായ മറുപടി നൽകുന്നതിനും അവരുടെ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി അനെർട്ട് കേന്ദ്ര ഓഫീസിൽ 1800 425 1803 എന്ന ടോൾഫ്രീ നമ്പർ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ദിവസവും രാവിലെ 8.00 മണി

മുതൽ രാത്രി 8.00 മണി വരെയും അവധി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയും പൊതുജനങ്ങളുടെ കോൾ അറ്റന്റ് ചെയ്യുന്നതിന് ഹെൽപ്പ്ലൈൻ സജ്ജമാണ്.

**(6) സബ്സിഡി**

വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാക്കുന്നത്. ഇതു കൂടാതെ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**(7) പരസ്യ പ്രചാരണം**

സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി അനെർട്ട് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽകൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരികയും ചെയ്യുന്നു.

എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തരം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം വൈദ്യുതി ഉൽപ്പാദനമേഖലയിൽ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ ബൂട്ട് അടിസ്ഥാനത്തിൽ അനുവാദം കൊടുത്ത് 30 വർഷത്തിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്ന പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ചെറിയ ഉയര വ്യത്യാസം കിട്ടാവുന്ന ചെറു തോടുകൾ, പുഴകൾ, കനാലുകൾ ഇവയിൽ നവീന രീതിയിലുള്ള വോർട്ടെക്സ് ടർബയിനുകൾ (കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന രീതി), വെള്ളത്തിന്റെ ഒഴുക്ക് ഉപയോഗപ്പെടുത്തി കറക്കുന്ന കൈനറ്റിക് ടർബയിൻ സാങ്കേതികവിദ്യ എന്നിവ പ്രയോജനപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള 10KW-ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകൾ തിരുവനന്തപുരം കോർപ്പറേഷന്റെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ പണി പൂർത്തിയായിക്കഴിഞ്ഞു. 5KW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷിക്കുന്നതിനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ ഗുണഭോക്താക്കൾ വഴി 1KW മുതൽ 5KW-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114 ഓളം എണ്ണം നടപ്പിലാക്കിക്കഴിഞ്ഞു. ഇതിനോടുകൂടിതന്നെ ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്തെ തായന്നൻകുടി കോളനിയിലും, മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ പാനലുകൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ സ്മാർട്ട് എനർജി പ്രോഗ്രാമുമായി സഹകരിച്ച് സംസ്ഥാനത്ത് 41 വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ സ്കൂളുകളിൽ 2 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ നടത്തുന്ന എയ്ഡഡ് സ്കൂളുകൾക്ക് grid connected സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്.

(സി) വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കേന്ദ്ര സർക്കാരിന്റെ ഈ ധനസഹായം അനെർട്ട് വഴിയാണ് ലഭ്യമാകുന്നത്.

ഇതുകൂടാതെ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്ട്രീറ്റ്ലൈറ്റ് ടൈമറുകളുടെ പ്രവർത്തനക്ഷമത

176 (4286) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിത സമയം പ്രകാശിപ്പിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ പ്രവർത്തിക്കാത്തതുമൂലം 24 മണിക്കൂറും ലൈറ്റുകൾ കത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ക്ക് ഉണ്ടാകുന്ന വൈദ്യുതി നഷ്ടത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) മണലൂർ മണ്ഡലത്തിൽ കേടുവന്ന ടൈമറുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) നിലവിൽ മണലൂർ മണ്ഡലത്തിൽ എത്ര ടൈമറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ട്രീറ്റ് ലൈറ്റുകൾ നിശ്ചിത സമയത്തുമാത്രം കത്തുന്നു എന്ന് ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും സർക്കുലർ/നിർദ്ദേശം കെ.എസ്.ഇ.ബി. നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടില്ല. ചില സ്ഥലങ്ങളിൽ ടൈമറുകളുടെ തകരാറുമൂലം സ്ട്രീറ്റ്ലൈറ്റുകൾ കൂടുതൽ സമയം കത്തിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അവസരങ്ങളിൽ താമസംവിനാ അവ മാറ്റിസ്ഥാപിക്കുകയോ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുകയോ ഫ്യൂസുകൾ ഘടിപ്പിച്ചിട്ടുള്ള ബദൽ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്ത് വൈദ്യുതി നഷ്ടം വരാതിരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി&സി) ഇത്തരത്തിൽ മണലൂർ മണ്ഡലത്തിൽ 129 ടൈമറുകൾ പ്രവർത്തനരഹിതമായതായി കണ്ടെത്തിയിട്ടുണ്ട്. കേടുവന്ന ടൈമറുകൾ പ്രവർത്തനക്ഷമമാക്കുകയും, പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തവ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള പ്രത്യേക നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ലെങ്കിലും സ്ട്രീറ്റ്ലൈറ്റ് കൺട്രോളറുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൂതാടി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

177 (4287) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ പൂതാടി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. യുടെ സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ തയ്യാറാകുമോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ പൂതാടി പഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പിലാത്തറ കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

178 (4288) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പിലാത്തറ കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പിലാത്തറ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ശ്രീവരാഹം സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം

179 (4289) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കഴക്കൂട്ടം ഡിവിഷനുകീഴിലെ ശ്രീവരാഹം സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നിലവിൽ സബ് സ്റ്റേഷന്റെ നിർമ്മാണം നടന്നുവരുന്ന വലിയതുറയിൽ സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനോടൊപ്പം ശ്രീവരാഹം സെക്ഷനുള്ള ഓഫീസ് കെട്ടിടവും യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല. എന്നാൽ മുട്ടത്തറയിൽ ക്ഷീര വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് കെ.എസ്.ഇ.ബി.-ക്ക് സൗകര്യപ്രദമായ വിധത്തിൽ സ്ഥലം ലഭ്യമാവുകയാണെങ്കിൽ ശ്രീവരാഹം സെക്ഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

(ബി) വലിയതുറയിൽ നിർമ്മാണം നടന്നുവരുന്ന സബ്സ്റ്റേഷന്റെ പരിസരത്ത് ഒരു സെക്ഷൻ ഓഫീസ് കെട്ടിടംകൂടി നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ ഈ നിർദ്ദേശം പരിഗണനയിലില്ല.

**വാഴക്കുളം ഇലക്ട്രിക് സെക്ഷൻ കാര്യാലയത്തിനുള്ള കെട്ടിട നിർമ്മാണം**

180 (4290) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള വാഴക്കുളം ഇലക്ട്രിക് സെക്ഷൻ കാര്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി മാറമ്പള്ളി വില്ലേജിൽ 8 സെന്റ് സ്ഥലം സൗജന്യമായി നൽകുവാൻ സ്ഥലമുടമകൾ തയ്യാറായിട്ടും പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത സ്ഥലം നിലമായതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർക്ക് കെ.എസ്.ഇ.ബി.എൽ. കത്ത് സമർപ്പിച്ചിരിക്കുകയാണ്.

**വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ**

181 (4291) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ മുളവുകാട്, എടവനക്കാട് എന്നീ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.യുടെ ഓരോ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ലഭിച്ചിട്ടുണ്ട്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല.

ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, എടവനക്കാട് എന്നീ സ്ഥലങ്ങളിൽ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് വൈദ്യുതി ഭവനം

182 (4292) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി ഭവനം നിർമ്മിക്കുന്നത് എവിടെയാണെന്നും ഈ ആവശ്യത്തിന് എത്ര സെന്റ് ഭൂമി ഏത് വകുപ്പിൽ നിന്നാണ് അനുവദിച്ച് കിട്ടിയതെന്നും വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ഭവന് തറക്കല്ലിട്ടതെപ്പോഴാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര രൂപയ്ക്കുള്ളതാണെന്നും ടെണ്ടർ നടപടികൾ പൂർത്തിയായോ എന്നും എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും സെലക്ഷൻ നോട്ടീസ് നൽകിയതും കരാറിൽ ഒപ്പുവച്ചതും എപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഇ) കരാർ കാലാവധി എത്രയാണെന്നും നിർമ്മാണം ആരംഭിച്ചുവോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയിലാണ് വൈദ്യുതി ഭവനം നിർമ്മിക്കുന്നത്.

(ബി & സി) കാസർഗോഡ് വൈദ്യുതി ഭവനത്തിന് 12-3-2017-ലാണ് തറക്കല്ലിട്ടത്. വൈദ്യുതി ഭവനം ബിൽഡിംഗ് പ്രീ ഫാബ് സാങ്കേതികവിദ്യ മുഖേന നിർമ്മിക്കാൻ 4.57 കോടി രൂപയ്ക്ക് 6-9-2015-ൽ ഭരണാനുമതി നൽകി. പിന്നീട് വൈദ്യുതി ഭവനം കൺവെൻഷണൽ രീതിയിൽ നിർമ്മിക്കുന്നതിനായി ബോർഡ് ചെയർമാൻ നിർദ്ദേശം നൽകുകയും ആയതിനാൽ പരമ്പരാഗത സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ. അനുസരിച്ച് തയ്യാറാക്കിവരുന്നു.

(ഡി & ഇ) കരാർ ഇതുവരെ നൽകിയിട്ടില്ല.

## കെ.എസ്.ഇ.ബി.-യിലെ മസ്ദൂർ തസ്തിക

183 (4293) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) മസ്ദൂർ തസ്തികയിൽ 1-1-2016 മുതൽ പി.എസ്.സി. മുഖാന്തരം ജോലിയിൽ പ്രവേശിച്ചവർ എത്രയാണ് എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ 155 ഒഴിവുകളാണ് നിലിവിലുള്ളത്.

(ബി) പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ ഉത്തരവ് അനുസരിച്ച് പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽനിന്നും 1486 പേരെ മസ്ദൂർ തസ്തികയിൽ നിയമിക്കേണ്ടതിന് നിലവിലുള്ള ഒഴിവുകൾ നീക്കിവയ്ക്കപ്പെട്ടവയാകയാൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പെറ്റി കോൺട്രാക്ട് വർക്കേഴ്സിന്റെ നിയമനവുമായി ബന്ധപ്പെട്ട ലിസ്റ്റ് പി.എസ്.സി.-യിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഒട്ടും വൈകാതെതന്നെ 1486-പേരെ മസ്ദൂർ തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(സി) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ 1-1-2016 മുതൽ നാളിതുവരെയായി പി.എസ്.സി. മുഖാന്തരം 2089 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

## സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ വേക്കൻസികൾ

184 (4294) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) No.EB1(a)/SE-AE(Ele)/Temp.Pro/2018 തീയതി 22-11-2018 ഓർഡർ പ്രകാരം 140 ഡിപ്ലോമ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി താത്കാലിക പ്രൊമോഷൻ

നൽകിയതുമൂലമുണ്ടായ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ 140 വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊമോഷൻ ഓർഡറിൽ പ്രൊമോഷൻ ലഭിച്ച ടെമ്പററി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ ലീൻ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി തന്നെ നിലനിർത്തും എന്നുള്ളതുകൊണ്ട് പ്രസ്തുത 140 ഡിപ്ലോമ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത 140 ഡിപ്ലോമ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ വേക്കൻസികൾ സൂപ്പർ ന്യൂമററി ആയി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ എന്നും സാധിക്കുമെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തെ സൂപ്പർ ന്യൂമററി വേക്കൻസികൾ മാത്രമാണോ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്നത് എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഡി) കെ.എസ്.ഇ.ബി.-ക്ക് മാത്രമായി പ്രത്യേക ഉത്തരവുകൾ പ്രകാരം ഒരു വർഷത്തിൽ കൂടുതൽ ഉള്ള വേക്കൻസികൾ സൂപ്പർ ന്യൂമററി ആയി പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) No. EB1(a)/SE-AE(Ele)/Temp.Pro/2018 തീയതി 22-11-2018 പ്രകാരം സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി താൽക്കാലിക പ്രൊമോഷൻ നൽകിയതുമൂലം ഉണ്ടായതിൽ Cadre Strength അനുസരിച്ച് പി.എസ്.സി.-യിൽനിന്ന് നേരിട്ട് നിയമിക്കാവുന്ന 137 ഒഴിവുകൾ 23-11-2018-ന് സെക്രട്ടറി, കെ.പി.എസ്.സി., പട്ടം, തിരുവനന്തപുരം-നെ അറിയിച്ചിട്ടുണ്ട്.

(ബി) ഒഴിവുകൾ ഒരു വർഷമോ ആവശ്യാനുസരണം അതിലുപരിയായോ നിലനിൽക്കാൻ സാധ്യതയുള്ളതിനാൽ 137 സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) താൽക്കാലിക ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമില്ല. (മേൽവിവരിച്ച ഒഴിവുകളുടെ പ്രതീക്ഷിക്കുന്ന കാലാവധി

സംബന്ധിക്കുന്ന വിവരം പ്രൊമോഷൻ ഉത്തരവ് No.EB1(a)/SE-AE(Ele)/Temp.Pro/2018 തീയതി 22-11-2018-ലെ വ്യവസ്ഥ 3 പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു.

(സി & ഡി) മേൽ വിവരിച്ച പ്രകാരം തടസ്സങ്ങളില്ല. 137 സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) താൽക്കാലിക ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക**

185 (4295) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയുടേയും ആയതിന് മുകളിലുള്ള തസ്തികകളുടെയും അംഗീകരിക്കപ്പെട്ട തസ്തികകൾ എത്രയാണ് എന്ന് തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) 1-1-2011-മുതൽ 30-10-2018 വരെ എത്ര പേർക്ക് ബൈട്രാൻസ്ഫർ നിയമനം വഴി ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് ;

(ഡി) 1-1-2011-മുതൽ 30-10-2018 വരെ എത്ര പേർക്ക് പി.എസ്.സി.വഴി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് നിയമനം നൽകി ?

<u>ഉത്തരം</u>

(എ) കമ്പ്യൂട്ടർ സാങ്കേതികവിദ്യ അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി വൈദ്യുതി ബോർഡിലെ കാഷ്യർ അടക്കമുള്ള മിനിസ്റ്റീരിയൽ തസ്തികകളിൽ എത്ര ജീവനക്കാർ ആവശ്യമുണ്ട് എന്നതു സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോട് എന്ന സ്ഥാപനം പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം തസ്തികകളിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ട് വിശദമായി പഠിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഫിനാൻസ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതിയെ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ബോർഡ് പരിശോധിച്ച്

ഉത്തരവാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ, സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ എന്നിങ്ങനെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളുടെയും അതിനുമുകളിലുള്ള തസ്തികകളുടെയും എണ്ണം തിട്ടപ്പെടുത്തി അംഗീകരിക്കപ്പെടുകയുള്ളൂ.

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 825 |
| 2 | സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട് | 2509 |
| 3 | സീനിയർ സൂപ്രണ്ട് | 1129 |
| 4 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 55 |
| 5 | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 78 |
| 6 | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-1-2011 മുതൽ 30-10-2018 വരെ 103 പേർക്ക് ബൈട്രാൻസ്ഫർ നിയമനം വഴി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-1-2011 മുതൽ 30-10-2018 വരെ 327 പേർക്ക് പി.എസ്.സി. വഴി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

**ആറന്മുള മണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുണ്ടായ നഷ്ടം**

186 (4296) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തോടനുബന്ധിച്ച് ആറന്മുള മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചുവെന്നും ഏതെല്ലാം ഇനങ്ങളിലാണ് നഷ്ടം സംഭവിച്ചതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രളയത്തിൽ തകർന്ന വൈദ്യുതി പോസ്റ്റുകളും, ട്രാൻസ്ഫോമറുകളും പുനഃസ്ഥാപിക്കുവാൻ പ്രസ്തുത മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രാഥമിക കണക്കെടുപ്പിൽ പ്രളയത്തിൽ ആറന്മുള മണ്ഡലത്തിൽ ട്രാൻസ്ഫോമറുകൾക്കും മറ്റു പ്രതിഷ്ഠാപനങ്ങൾക്കുമായി 1.162 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ ആറന്മുള നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കക്കാട് - പത്തനംതിട്ട 110 കെ.വി. പ്രസരണ ലൈനിന്റെ കമ്പി പൊട്ടിവീഴുകയുണ്ടായി. പ്രസ്തുത പ്രസരണ ലൈൻ പുനഃസ്ഥാപിക്കാൻ 14,800 രൂപ ചെലവായി. താൽക്കാലിക അടിസ്ഥാനത്തിലെങ്കിലും മണ്ഡലത്തിലെല്ലായിടത്തും വൈദ്യുതി വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ചുള്ള ചെലവുകൾ കണക്കാക്കിവരുന്നതേയുള്ളൂ.

### കെ.എസ്.ഇ.ബി. വെഞ്ഞാറമൂട് സെക്ഷനിൽ അണ്ടർ ഗ്രൗണ്ട് കേബിൾ

187 (4297) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. യുടെ വെഞ്ഞാറമൂട് സെക്ഷന് കീഴിൽ വരുന്ന സ്ഥലങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രൊപ്പോസൽ നിലവിലില്ലായെങ്കിൽ ടി സ്ഥലങ്ങളിൽ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിലവിലുണ്ട്. വാമനപുരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.- യുടെ വെഞ്ഞാറമൂട് സെക്ഷനുകീഴിൽ മാണിക്കൽ ഫീഡറിൽ 350 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ 2019-20 വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്. കൂടാതെ, വെഞ്ഞാറമൂട് ടൗണിൽ ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് 560 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

## ഡാം മാനേജ്മെന്റ് മെച്ചപ്പെടുത്താൻ നടപടി

188 (4298) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നിയന്ത്രിക്കുന്ന ഡാമുകൾ യാതൊരു മുന്നറിയിപ്പും കൂടാതെ തുറന്നതാണ് പ്രളയത്തിന് കാരണമായത് എന്ന ബി. ബി. സി, ഐ.ഐ.ടി. ഗാന്ധിനഗർ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട്, സൗത്ത് ഏഷ്യ നെറ്റ്‌വർക്ക് ഓഫ് ഡാംസ് എന്നിവയുടെ പഠനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുന്നറിയിപ്പില്ലാതെ ഡാമുകൾ തുറന്നുവിട്ടതാണ് പ്രളയത്തിന് കാരണം എന്ന് വിവിധ അന്താരാഷ്ട്ര സംഘടനകളും, വിദഗ്ധരും അഭിപ്രായപ്പെട്ടിട്ടും ഒരു അന്വേഷണവും നടത്താൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണ്;

(സി) കാലാവസ്ഥാ വ്യതിയാനം കാരണം കേരളത്തിൽ തുടർ പ്രളയസാധ്യതയുള്ള സാഹചര്യത്തിൽ ഡാം മാനേജ്മെന്റ് മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചിരിക്കുന്നത് ?

ഉത്തരം

(എ) ചോദ്യത്തിൽ പ്രതിപാദിച്ചിരുന്ന ഏജൻസികൾ നടത്തിയ പഠനത്തിന്റെ ആധികാരികതയെപ്പറ്റി അറിവില്ല. എന്നാൽ കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ജലകമ്മീഷനെയാണ് (CWC) ഇന്ത്യയിലെ നദികളുടെ പരിപാലനം, ജലവിനിയോഗങ്ങളുടെ നിയന്ത്രണത്തിനുമൊക്കെയായി പരമോന്നത അധികാരത്തോടെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ജല കമ്മീഷൻ കേരളത്തിലെ പ്രളയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ കേരളത്തിലെ ഡാമുകൾ തുറന്നതല്ല പ്രളയത്തിന് കാരണമെന്ന് അസന്നിഗ്ദ്ധമായി പ്രതിപാദിക്കുന്നുണ്ട്. 2018 ആഗസ്റ്റ് 8, 9, 15, 16, 17 തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്ര മഴയാണ് പ്രളയത്തിന് കാരണമെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഐ.ഐ.ടി., ചെന്നൈ നടത്തിയ പഠന റിപ്പോർട്ടിലും ഇതേ രീതിയിലാണ് പ്രതിപാദിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്ര ഭൗമ മന്ത്രാലയം നടത്തിയ പഠനത്തിലും കാലാവസ്ഥാ വ്യതിയാനമാണ് പ്രളയത്തിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) വേണ്ടത്ര മുന്നറിയിപ്പുകൾ നൽകിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ ഡാമുകളും തുറന്നത്.

ഡാമുകളിൽ ജലവിതാനം ഉയരുന്നതിനോട് അനുബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ ജാഗ്രത പുലർത്താനായിട്ടും പൊതുജനങ്ങളെ അറിയിക്കുന്നതിനും മറ്റു മുൻകരുതലുകൾ എടുക്കുന്നതിനുംവേണ്ടി അതതുപ്രദേശത്തെ റവന്യൂ, പോലീസ് അധികാരികളെയും ദുരന്തനിവാരണ അതോറിറ്റിയേയും അറിയിച്ച് റവന്യൂ അധികാരികളുടെ അനുമതിയോടെ നിയന്ത്രിത അളവിൽ മാത്രമാണ് ഡാമുകൾ തുറന്നത്.

2018 ആഗസ്റ്റ് 7, 8, 15, 16, 17 തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്ര മഴയാണ് പ്രളയ കാരണമെന്ന് ആധികാരിക പഠനം നടത്തി കേന്ദ്ര ജല കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഐ.ഐ.ടി., ചെന്നൈ, (IIT, Chennai), പർഡ്യൂ യൂണിവേഴ്സിറ്റി, യു.എസ്.എ. (PURDUE University, USA) എന്നീ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടിൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ തീവ്രതയ്ക്ക് മേജർ ഡാമുകളിൽനിന്നും തുറന്നുവിട്ട വെള്ളത്തിന്റെ സംഭാവന വളരെ ചെറുതാണെന്നും പരാമർശിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന് കാരണമായ വെള്ളത്തിന്റെ ഭൂരിഭാഗവും റിസർവോയറുകളില്ലാത്ത വൃഷ്ടിപ്രദേശത്ത് ലഭിച്ച നീരൊഴുക്കായതിനാൽ റിസർവോയർ ഓപ്പറേഷൻ നടത്തി റിസർവോയർ ഭാഗികമായി ഒഴിച്ചിട്ടിരുന്നാൽപ്പോലും പ്രളയാവസ്ഥ ഒഴിവാക്കാൻ പറ്റുമായിരുന്നില്ലെന്നും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) 200 മില്യൺ ക്യൂബിക് മീറ്ററോ അതിനും മുകളിലോ സംഭരണശേഷിയുള്ള ജലസംഭരണികൾക്ക് മൺസൂണിന്റെ ആദ്യ മാസങ്ങളിൽ ചെറിയ ഇടവേളകളിൽ (5 വർഷം, 10 വർഷം മുതലായവ) സംഭവിക്കുന്ന പ്രളയത്തിനെ നിയന്ത്രിക്കുന്നതിന് ആവശ്യമായിട്ടുള്ള കുറുതൽ വ്യാപ്തിയോടുകൂടി ഒരുക്കുന്നതിനുവേണ്ടി റൂൾ കർവുകൾ (Rule Curve) ഉണ്ടാക്കണമെന്ന കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശം ഗൗരവത്തോടെ കണ്ട് 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിന്റെ വെളിച്ചത്തിൽ പ്രധാന ജലസംഭരണികൾക്ക് റൂൾ കർവുകൾ നിർണ്ണയിച്ചുകഴിഞ്ഞു. ഇത് കൂടുതൽ കൃത്യതയോടുകൂടി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആധുനിക സാങ്കേതികവിദ്യയുടെയും സോഫ്റ്റ്‌വെയറിന്റെയും സഹായത്തോടുകൂടി പെരിയാർ-ചാലക്കുടി, പമ്പ എന്നീ നദികളിൽ പ്രളയസാധ്യതാ മുന്നറിയിപ്പ് സംവിധാനം (Early Flood Warning System) ഒരുക്കുന്നതിനുള്ള കേരള സർക്കാർ നിർദ്ദേശം അനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപടികൾ എടുത്തുവരുന്നു. കൂടാതെ,

കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ പ്രധാന ഡാമുകളിലും റൂൾ കർവ്, ഡാം ബ്രേക്ക് അനാലിസിസ്, അടിയന്തര പ്രവർത്തന പദ്ധതി (ഇ.എ.പി.) തുടങ്ങിയവ തയ്യാറാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

## എനർജി മാനേജ്മെന്റ് സെന്റർ ജീവനക്കാർ

189 (4299) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഇതുവരെ എത്ര ഉദ്യോഗസ്ഥർക്ക് നേരിട്ട് സ്ഥിരനിയമനം നൽകിയെന്നും എത്ര താൽക്കാലിക ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തിയെന്നും എത്ര ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകിയെന്നും തരം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച സർവ്വീസ് സംബന്ധമായ വിവിധ തീരുമാനങ്ങൾക്ക് ആധാരമാക്കിയ പ്രസ്തുത സ്ഥാപനത്തിന്റെ സർക്കാർ അംഗീകൃത സർവ്വീസ് ചട്ടങ്ങളുടെയും, സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സർവ്വീസ് സംബന്ധമായ വിവിധ നടപടികളും തീരുമാനങ്ങളും ക്രമപ്രകാരമാണോ എന്ന് അന്വേഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) എനർജി മാനേജ്മെന്റ് സെന്റർ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 07-02-1996-ൽ നിലവിൽവന്നു.

(ബി) സർക്കാർ അനുവദിച്ച 30 തസ്തികകളിൽ നിലവിൽ 22 ഉദ്യോഗസ്ഥർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി നേരിട്ട് സ്ഥിര നിയമനം നൽകിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരിൽ ആരെയും ഇ.എം.സി.-യിൽ സ്ഥിരപ്പെടുത്തിയിട്ടില്ല. 9 പേർക്ക് പ്രൊമോഷൻ നൽകി. 4 പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരെ 2013-ലെ സർക്കാർ ഉത്തരവ് പ്രകാരം ഫുൾടൈം ജീവനക്കാരാക്കി ക്ലാസ് IV തസ്തികയിൽ നിയമിച്ചു. ഇ.എം.സി.-യുടെ Bye-law പ്രകാരം ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം 60 വയസ്സാണ്.

(സി&ഡി) എനർജി മാനേജ്മെന്റ് സെന്ററിന്റെ ബൈലാ പ്രകാരമുള്ള റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ചാണ് ടി സ്ഥാപനത്തിൽ നിയമനങ്ങൾ നിലവിൽ നടത്തിവരുന്നത്. ഇ.എം.സി.-യിലെ, ജീവനക്കാരുടെ നിയമനവും നിയമന വ്യവസ്ഥകളും പ്രതിപാദിക്കുന്ന ബൈലായുടെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

ഇ.എം.സി.-യിലെ നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി ടി സ്ഥാപനത്തെ "Kerala Public Service Commission (Additional Functions as respects certain societies) Act, 1996 പ്രകാരമുള്ള സൊസൈറ്റിയായി പ്രഖ്യാപിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. അത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ചശേഷം ഇ.എം.സി.-യുടെ വിശേഷാൽ ചട്ടങ്ങളും നിയമന ചട്ടങ്ങളും രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അതിരപ്പിള്ളി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം

190 (4300) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ആദിവാസി മേഖലയായ അതിരപ്പിള്ളി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം യഥാസമയം നീക്കുന്നതിന് സഹായകരമായി ഒരു വാഹനവും ആദിവാസി മേഖലയിലെ രണ്ട് തൊഴിലാളികളുടെ സേവനവും ലഭ്യമാക്കിയിരുന്നത് പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സൗകര്യങ്ങളും സേവനവും തുടർന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കെ.എസ്.ഇ.ബി യുടെ കളക്ഷൻ സെന്ററുകളുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മഴക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ളതും കൂടുതൽ വൈദ്യുതി തടസ്സങ്ങൾ കണക്കിലെടുത്തും എത്തിച്ചേരാൻ ബുദ്ധിമുട്ടായ പ്രദേശമായതുകൊണ്ടും ജൂൺ മുതലുള്ള നാല് മാസക്കാലത്തേയ്ക്ക് ഒരു അധിക വാഹനം പരിയാരം സെക്ഷനിലേയ്ക്ക് അനുവദിച്ചിരുന്നു. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥിരം ജീവനക്കാരുടെ കുറവുണ്ടായിരുന്നതിനാലാണ് കരാർ അടിസ്ഥാനത്തിൽ രണ്ട് തൊഴിലാളികളുടെ സേവനം ലഭ്യമാക്കിയിരുന്നത്. സെക്ഷനിൽ നിയമാനുസൃതമാവശ്യമുള്ള സ്ഥിരം ജീവനക്കാർ ലഭ്യമായതോടെ കരാർ ജീവനക്കാരുടെ ആവശ്യം ഇല്ലാതാകുകയും അവരെ പിൻവലിക്കേണ്ട സാഹചര്യം ഉണ്ടാകുകയുമാണ് ചെയ്തത്. പ്രദേശത്തെ വൈദ്യുതി തടസ്സങ്ങളുടെ സ്ഥിതി പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നപക്ഷം മേൽ ക്രമീകരണം പുനഃസ്ഥാപിക്കുന്നത് ആലോചിക്കുന്നതാണ്.

(സി) കളക്ഷൻ സെന്ററിന്റെ പ്രവർത്തനം നിർത്തലാക്കിയിട്ടില്ല. ഒന്നിടവിട്ട മാസങ്ങളിൽ (ബിൽ ചെയ്യുന്ന മാസങ്ങൾ) ആദ്യത്തെ നാല് പ്രവൃത്തി ദിവസങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അതിരപ്പിള്ളി സബ് എഞ്ചിനീയർ ഓഫീസിലും തുടർന്ന് വരുന്ന രണ്ട് പ്രവൃത്തി ദിവസങ്ങളിൽ പെരിങ്ങൽകുത്തിലെ പുളിയിലപ്പാറയിലും പണം സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പരിയാരം ഇലക്ട്രിസിറ്റി ഓഫീസിൽ നിലവിൽ പണം സ്വീകരിക്കുന്നുണ്ട്.

## സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർബോർഡിന്റെ പ്രവർത്തനങ്ങൾ

191 (4301) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. പി. വി. അൻവർ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; പ്രവർത്തനം കാര്യക്ഷമമാണോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സഹകരണ ജീവനക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അവലോകനം ചെയ്യുന്നുണ്ട്. എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. 1986-ൽ രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിന്റെ പ്രവർത്തന നിയന്ത്രണം ബഹുമാനപ്പെട്ട കേരള സംസ്ഥാന സഹകരണ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള 13 അംഗ ഭരണസമിതിക്കാണ്. സഹകരണ സംഘം രജിസ്ട്രാറിന്റെ നിയന്ത്രണത്തിലുള്ളതും ഇതര വകുപ്പുകളുടെ നിയന്ത്രണത്തിലുള്ളതുമായ 7439 സംഘങ്ങളിൽനിന്നും 64229 ജീവനക്കാർ നിലവിൽ അംഗങ്ങളായിട്ടുണ്ട്. വെൽഫെയർ ബോർഡിൽ അംഗമായിട്ടുള്ള സഹകരണ ജീവനക്കാരുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ വെൽഫെയർ ബോർഡ് നടത്തിവരുന്നു. 2017-18 വർഷത്തിൽ മരണാനന്തര ധനസഹായമായി 1,35,50,000 (ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പതിനായിരം) രൂപയും ചികിത്സാ ധനസഹായം, ആശ്രിത ചികിത്സാ ധനസഹായം എന്നീ ഇനങ്ങളിൽ 1,79,65,442 (ഒരു കോടി എഴുപത്തി ഒൻപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാനൂറ്റി നാൽപ്പത്തിരണ്ട്) രൂപയും സർവ്വീസിൽനിന്നും വിരമിക്കുകയോ രാജിവച്ച് പോകുകയോ ചെയ്ത അംഗങ്ങൾക്ക് അവർ അടച്ച വിഹിതം ഉൾപ്പെടെ 10 ശതമാനം ഇൻസെന്റീവും ചേർത്തുള്ള തുക ഉൾപ്പെടെ 22,95,817 (ഇരുപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ്റി പതിനേഴ്) രൂപയും, ബോർഡിൽ അംഗങ്ങളായ സംഘം ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസ, കലാ കായിക രംഗങ്ങളുമായി ബന്ധപ്പെട്ട് കാഷ് അവാർഡ് ഇനത്തിൽ 1,31,72,000 (ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിരണ്ടായിരം) രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) എംപ്ലോയീസ് വെൽഫെയർ ബോർഡ് ജീവനക്കാരുടെ ക്ഷേമത്തിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. മരണാനന്തര ധനസഹായം.
2. ചികിത്സാ ധനസഹായം, ആശ്രിത ചികിത്സാ ധനസഹായം.
3. സർവ്വീസിൽനിന്നും വിരമിക്കുന്ന അവസരത്തിൽ ജീവനക്കാരന് സംഘം വിഹിതം ഉൾപ്പെടെ ടിയാൻ അടച്ച വിഹിതത്തോടൊപ്പം 10 ശതമാനം ഇൻസെന്റീവും ചേർത്തുള്ള തുക നൽകൽ.
4. ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ, കലാ-കായിക രംഗത്ത് ക്യാഷ് അവാർഡ്.

(സി) ബോർഡിന്റെ പ്രവർത്തനങ്ങൾ കാലോചിതമായി നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാമ്പത്തിക വികസനത്തിന് സഹകരണപ്രസ്ഥാനത്തിന്റെ സ്വാധീനം**

192 (4302) ശ്രീ. ബി. സത്യൻ:

ശ്രീ. കെ.വി.അബ്ദുൾ ഖാദർ:

ശ്രീ. കെ. ബാബു:

ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെയും ഗ്രാമവാസികളുടെയും സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് സഹകരണ പ്രസ്ഥാനം നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സഹകരണ മേഖലയുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സഭ മുന്നോട്ട് വച്ചിട്ടുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് എത്ര മാത്രം സാധ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിലും കൃഷി വികസനത്തിലും സഹകരണ മേഖലയുടെ പങ്കിന്റെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക -കാർഷിക അനുബന്ധ വായ്പകൾ വർദ്ധിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിലും കേരള സഹകരണ നിയമത്തിന്റെ പരിധിയിലും റിസർവ് ബാങ്ക് ലൈസൻസോടുകൂടി സഹകരണ മേഖലയിൽ ഒരു സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 1600-ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ 3000-ത്തിലധികം ശാഖകളും നാടിന്റെ നാനാഭാഗത്തും പ്രവർത്തിക്കുന്നു. വൻകിട ബാങ്കുകൾ തിരസ്കരിക്കപ്പെടുന്ന സാധാരണക്കാർക്കുള്ള അത്താണിയാണ് സഹകരണ ബാങ്കുകൾ. ഒരേസമയം സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും നാടിന്റെ സ്ഥായിയായ വികസന ആവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതിനും സഹകരണ ബാങ്കുകൾ വലിയ പങ്ക് വഹിക്കുന്നു.

നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പലിശരഹിത വായ്പാ പദ്ധതി, നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഉത്തേജന പലിശയിളവ് പദ്ധതി എന്നിവ കർഷകരുടെ ഉന്നമനത്തിനായി സഹകരണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികളാണ്. കൂടാതെ ചെറുകിട വ്യവസായം, സ്വയംതൊഴിൽ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. കോഴി, താറാവ്, മത്സ്യം, ആടുമാടുകൾ എന്നിവ വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക സുരക്ഷിതത്വത്തിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഗ്രാമീണ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ ഐക്യരാഷ്ട്ര സഭ മുന്നോട്ടുവച്ചിട്ടുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സജീവമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 17 വികസന ലക്ഷ്യങ്ങളാണ് ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ചിട്ടുള്ളത്. ഐക്യരാഷ്ട്ര സഭയുടെ വികസന ലക്ഷ്യം മുന്നോട്ടുവയ്ക്കുന്ന സുസ്ഥിര സമൂഹ നിർമ്മിതി, സമൂഹം ഇന്ന് നേരിടുന്ന ദാരിദ്ര്യം, അസമത്വം, കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക ശോഷണം എന്നിവ തരണം ചെയ്യൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമാകുന്ന പദ്ധതികളാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

കേരളത്തിലെ സഹകരണ സംഘങ്ങൾ സുസ്ഥിര കൃഷി രീതികളിലൂടെ കാർഷിക രംഗത്ത് മുന്നേറുന്നതിന് എന്നും കർഷകർക്കൊപ്പം നിലനിൽക്കുന്നു. കൺസ്യൂമർ സഹകരണ സംഘങ്ങൾ ഗുണമേന്മയുള്ള പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നു. ഉത്തരവാദിത്വ ഉപഭോഗ സംസ്കാരം വളർത്തുന്ന ഭവന നിർമ്മാണ സംഘങ്ങൾ വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നു. സാമൂഹിക സുരക്ഷാ പദ്ധതികൾ സഹകരണ സംഘങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതം സഹകരണം പദ്ധതി, ത്രീം ട്രീസ് ഓഫ് കേരള പദ്ധതി എന്നിവ സഹകരണ മേഖല ആവിഷ്കരിച്ച് നടപ്പാക്കിയ പരിസ്ഥിതി രംഗത്തെ ശ്രദ്ധേയമായ പദ്ധതികളാണ്. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് ANERT-മായി ചേർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതിയിൽ ഗുണഭോക്താവിന്റെ വിഹിതം പ്രാഥമിക സഹകരണ ബാങ്കുകൾ വായ്പയായി നൽകുന്നു.

ആരോഗ്യരംഗത്ത് ശക്തമായ സാന്നിദ്ധ്യമായി മാറുകയാണ് സഹകരണ മേഖലയിലെ ആശുപത്രികൾ. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നേടുന്നതിന് സഹകരണ ആശുപത്രികൾ ഏറെ സഹായകമാണ്. സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി ഒരു സമഗ്ര ആരോഗ്യ വികസന പദ്ധതി പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ഹോസ്പ്പിറ്റലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ കുടുംബശ്രീ വഴി നടപ്പാക്കി വരുന്നു. വട്ടിപ്പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക സുരക്ഷിതത്വത്തിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രളയംമൂലം ഭവന രഹിതരായവർക്ക് വീടുവച്ചു നൽകുന്ന കെയർഹോം പദ്ധതി ഈ രംഗത്തെ മറ്റൊരു നാഴികകല്ലാണ്.

ഗ്രാമീണ ജനതയിലെ മഹാഭൂരിപക്ഷം പേരെയും ബാങ്കിംഗ് ഇടപാടുകളുമായി ബന്ധപ്പെടുത്താൻ സഹകരണ പ്രസ്ഥാനത്തിനായിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ - ഭിന്നശേഷിക്കാർ, കർഷകർ, കൈവേലക്കാർ, പട്ടികജാതി പട്ടികവർഗ്ഗക്കാർ, വനിതകൾ, ട്രാൻസ്ജെൻഡർ തുടങ്ങിയ എല്ലാ വിഭാഗങ്ങളെയും സഹകരണ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനായിട്ടുണ്ട്.

(സി) നബാർഡിന്റെ പുനർവായ്പാ പദ്ധതി പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നെൽ കർഷകർക്ക് പലിശ രഹിത വായ്പ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായ തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനം ലഭിക്കാനായി കർഷകരിൽനിന്ന് നെല്ല് സംഭരിച്ച് മായം കലർത്താതെ അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ല ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും സംഭരണ ഗോഡൗണുകളും ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ ചെറുകിട വ്യവസായം, സ്വയംതൊഴിൽ, കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നീ ആവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന വായ്പകൾക്ക് സഹകരണ സംഘങ്ങൾ/ബാങ്കുകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. കോഴി, താറാവ്, മത്സ്യം, ആടുമാടുകൾ എന്നിവ വളർത്തുന്നതിനുമുള്ള പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

കാർഷിക വികസനത്തിനും കാർഷികോല്പാദനത്തിനും കർഷകരുടെ ഉന്നമനത്തിനും കർഷകർക്ക് ആവശ്യമായ സമയങ്ങളിൽ മതിയായ വായ്പ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും കാർഷിക വായ്പാ

വിതരണവുമായി ബന്ധപ്പെട്ട് JLG/SHG/കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ കൃഷി വ്യാപിപ്പിക്കുന്നതിനും ആയതിന് ത്രിതല പഞ്ചായത്തുകൾ, കൃഷി വകുപ്പ്, സഹകരണ സംഘങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനവും സംഘാടനവും കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായകരമാണ്.

**തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്**

193 (4303) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത പലർക്കും വായ്പ തിരിച്ചടയ്ക്കാത്തതിന് വ്യാപകമായി ജപ്തി നോട്ടീസ് അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പാ കുടിശ്ശിക വരുത്തിയവർക്ക് ഏതെങ്കിലും തരത്തിലുള്ള ആശ്വാസ നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വായ്പയെടുത്ത് കൃത്യമായ തിരിച്ചടവ് ഇല്ലാത്തതും NPA ആയി മാറിയിട്ടുള്ളതുമായ കേസ്സുകളിലെ കുടിശ്ശികക്കാർക്ക് ബാങ്ക് ജപ്തി നോട്ടീസ് അയച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ വായ്പാ കുടിശ്ശികക്കാർക്ക് ഇളവ് നൽകി വായ്പ തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാങ്ക് നടത്തിവരുന്നുണ്ട്.

**സഹകരണ മേഖലയിലെ നെല്ല് സംഭരണ പദ്ധതികൾ**

194 (4304) ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. ഉണ്ണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) നെല്ല് സംഭരണത്തിനായി സഹകരണ മേഖലയിൽ ആധുനിക സൗകര്യങ്ങളോടെ ഗോഡൗൺ, റൈസ് മിൽ എന്നിവ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് തുക കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എവിടെയാണ് റൈസ് മില്ലും ഗോഡൗണും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തരം ആരംഭിച്ചിട്ടുള്ള മിറർ അക്കൗണ്ടിലൂടെ നെല്ല് നൽകിയ കർഷകർക്കുള്ള തുക യഥാസമയം വിതരണം ചെയ്തുവരുന്നു.

പാലക്കാട് ജില്ല അടിസ്ഥാനമാക്കി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമിട്ട് ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും സംഭരണ ഗോഡൗണുകളും ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) പുതുതായി രൂപീകരിക്കുന്ന നെല്ല് സംഭരണ സംസ്കരണ വിപണന സഹകരണ സംഘത്തിന്റെ നിയമാവലിയിൽ കൺസോർഷ്യം രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 30 സഹകരണ സംഘങ്ങൾ ഉൾപ്പെട്ട കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പാലക്കാട് താലൂക്കിലെ കഞ്ചിക്കോട് കിൻഫ്രയുടെ കീഴിലുള്ള വ്യവസായ പാർക്കിൽ ആയതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തിൽ രൂപീകരിക്കുന്ന കൺസോർഷ്യത്തിൽ നിന്നും 30 കോടി രൂപ സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി മുറ്റത്തെ മുല്ല പദ്ധതി**

195 (4305) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. എ. എം. ആരിഫ്:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും ആധുനികവത്കരണ ത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വട്ടിപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി ആരംഭിച്ച മുറ്റത്തെ മുല്ല പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഉന്നത വിദ്യാഭ്യാസ, വിനോദസഞ്ചാര, ആരോഗ്യ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്താൻ കഴിയുംവിധം സഹകരണ സംഘങ്ങളെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ. അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴിതെളിക്കുന്നതാണ്. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക രീതിയിലുള്ള സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്.

ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖല വഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിലെത്തുംവിധം എ.ടി.എം. സംവിധാനം, RTGS/NEFT, mobile banking സൗകര്യങ്ങൾ എന്നിവ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവവഴി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ PACS ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് അവയുടെ കമ്പ്യൂട്ടർവത്കരണത്തിനായി 3 ലക്ഷം രൂപയും PACS-ന്റെ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കൽ, എ.ടി.എം. അടക്കമുള്ള ആധുനിക സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ എന്നിവയ്ക്കായി 10 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നുണ്ട്. PACS-കളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി ബജറ്റിൽ തുക വകയിരുത്തി അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വട്ടിപ്പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ

കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി.

പദ്ധതി പ്രകാരം 1,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ (നൂറ് രൂപയ്ക്ക് പ്രതിമാസം ഒരു രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പയെടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം.

വായ്പാ ആവശ്യക്കാരുടെ എണ്ണമനുസരിച്ച് ഓരോ വാർഡിലേയും ഒന്നുമുതൽ മൂന്നുവരെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് വായ്പാ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പാ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തേണ്ടത് കുടുംബശ്രീ യൂണിറ്റുകളാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റുകളും സഹകരണ സംഘങ്ങളും വായ്പക്കാരനുമായി ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. വായ്പാത്തുക കുടിശ്ശിക വരുത്തിയാൽ വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. വായ്പക്കാരിൽ നിന്നും തുക ഈടാക്കുവാൻ സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ടായിരിക്കും. കുടിശ്ശിക വായ്പ മൊത്തം വായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്നപക്ഷം കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പാ പരിധി തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല.

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ/സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കും. വിവിധ തലങ്ങളിലുണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിക്കാണ്.

ഈ പദ്ധതി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുകയുണ്ടായി. മറ്റ് ജില്ലകളിൽ 2018 ഡിസംബർ 15 നകം ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ

ഇതിനോടകം 18,22,93,035 രൂപ കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പയായി സംഘങ്ങൾ നൽകിയിട്ടുള്ളതും ആയതിൽ 2,76,10,226 രൂപ കുടുംബശ്രീ യൂണിറ്റുകൾ സംഘങ്ങളിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ, വിനോദസഞ്ചാര, ആരോഗ്യ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ കഴിയുംവിധം സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷണലിന് അതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതിത്തുക വകയിരുത്തിവരുന്നു. 2018-19 സാമ്പത്തിക വർഷം ടി സ്ഥാപനത്തിന് പദ്ധതിയിനത്തിൽ 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 775 ലക്ഷം രൂപ ടി സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാർജിൻമണി ധനസഹായം, പ്രവർത്തന മൂലധന സഹായം, അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായം എന്നിവയ്ക്കുള്ള എൻ.സി.ഡി.സി. ധനസഹായവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിൽ കൂടി വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിന്നും ഇതുവരെ 99,53,875 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന്റെ ഭാഗമായി ആശുപത്രി സഹകരണ സംഘങ്ങൾക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനും സർക്കാർ പദ്ധതി ധനസഹായം നൽകിവരുന്നുണ്ട്. നബാർഡിന്റെ RIDF പദ്ധതി പ്രകാരം പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് ആരോഗ്യം മുതലായ മേഖലകളിലെ പദ്ധതികൾക്കുവേണ്ടി ഈ വർഷം 3,200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ഒരു സമഗ്ര ആരോഗ്യ വികസന പദ്ധതി ഇ.എം.എസ്. ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. സമഗ്ര ആരോഗ്യ വികസന പദ്ധതിക്കായി നാളിതുവരെ സർക്കാർ ധനസഹായമായി 145 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

## കേരള ബാങ്ക് രൂപീകരണംമൂലമുള്ള തൊഴിൽ നഷ്ടം

196 (4306) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ എത്ര ശാഖകൾ നിർത്തലാക്കേണ്ടിവരും; ഇതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടമുണ്ടാകും; വിശദമാക്കാമോ?

ഉത്തരം

കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ നിർത്തലാക്കേണ്ട സാഹചര്യം വരില്ലെന്നും തൊഴിൽ നഷ്ടം ഉണ്ടാകില്ലെന്നുമാണ് കണക്കാക്കിയിട്ടുള്ളത്.

## കേരള ബാങ്ക് രൂപീകരണത്തിനുള്ള ചെലവ്

197 (4307) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്ക് രൂപീകരണത്തിനായി എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

കേരള ബാങ്ക് രൂപീകരണത്തിനായി ചെലവാക്കേണ്ടി വരുന്ന തുക കണക്കാക്കിയിട്ടില്ല.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ നിയമനം

198 (4308) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം കാത്തിരിക്കുന്ന കാറ്റഗറി നമ്പർ 20/2014, 21/2014 റാങ്ക് ലിസ്റ്റുകളിലെ ഏഴായിരത്തിലധികം വരുന്ന ഉദ്യോഗാർത്ഥികളെ കേരള ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ സമാന തസ്തികയിൽ സഹകരണ വകുപ്പിൽ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഒരേ വിദ്യാഭ്യാസ യോഗ്യതയുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ ഓപ്ഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**എ.സി.എസ്.ടി.ഐ.-യുടെ നിലവിലെ ആസ്തിബാദ്ധ്യത**

199 (4309) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ ആസ്തിബാദ്ധ്യത വിശദമാക്കാമോ;

(ബി) എ.സി.എസ്.ടി.ഐ.യുടെ പേരിൽ കെ.എസ്.സി.ബി. വാങ്ങിയ വസ്തുവകകളിൽ നിന്നും ഏതെങ്കിലും സംഘടനകൾക്കോ സൊസൈറ്റികൾക്കോ നേരത്തെ വസ്തു കൈമാറ്റം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017-18-ലെ കണക്കുപ്രകാരം എ.സി.എസ്.ടി.ഐ.യുടെ ആസ്തിയും ബാദ്ധ്യതയും ചുവടെ ചേർക്കുന്നു.

ആസ്തി - Rs. 10558664.12

ബാദ്ധ്യത - Rs. 10558664.12

(ബി) എ.സി.എസ്.ടി.ഐ.യുടെ പേരിൽ കെ.എസ്.സി.ബി. വാങ്ങിയ വസ്തുവകകളിൽ മൂന്ന് ഏക്കർ സ്ഥലത്ത് സീമാറ്റിന് പ്രവർത്തിക്കുന്നതിനുള്ള അനുമതി മുമ്പ് നൽകിയിരുന്നു.

**സഹകരണ മേഖലയെ രക്ഷിക്കാൻ നടപടി**

200 (4310) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തിലൂടെ കടുത്ത പ്രതിസന്ധി നേരിട്ട സഹകരണ മേഖലയെ രക്ഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ബി) കേരളത്തിലെ സാധാരണക്കാരുടെ സാമ്പത്തികാടിത്തറയായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രത്യേകമായി എന്തൊക്കെ പദ്ധതികളാണ് നടത്താനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖലാ സംരക്ഷണ കാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. കാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. കാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണയജ്ഞം നടത്തി.

നോട്ട് പിൻവലിച്ചശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സഹകരണ മേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുംവിധം നടപടികൾ സ്വീകരിച്ചു. 500, 1000 രൂപാ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി കറൻസി ലഭ്യതയുമായി മാത്രം ബന്ധപ്പെട്ടുള്ളതും താൽക്കാലികം മാത്രമാണെന്നും നിക്ഷേപത്തുക യാതൊരു കാരണവശാലും നഷ്ടമാകില്ലെന്നും ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും കറൻസി അസാധുവാക്കിയത് മുഖേന സമ്പദ്ഘടനയുടെ പ്രത്യേകിച്ച് കാർഷിക, ചെറുകിട വ്യാപാര മേഖലയിലുണ്ടായ മാന്ദ്യം മറികടക്കുന്നതിന് കേരള സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും

കറൻസി അസാധുവാക്കൽ മൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ചുനിൽക്കണമെന്ന് സഹകരണ മേഖലയിലെ ഇടപാടുകാരുടെ ശ്രദ്ധയ്ക്കായി പത്ര മാധ്യമങ്ങളിലൂടെ പരസ്യവും നൽകിയിരുന്നു.

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാരിന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാക്കി. ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണമേഖല വഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിലെത്തും വിധം സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനഃക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിയിക്കുന്നതാണ്. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്.

ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, അതുവഴി സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെമുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണവും സ്ത്രീശാക്തീകരണവും ലക്ഷ്യമാക്കി, വനിതാഫെഡിന്റെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനും അംഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഓരോ സംഘത്തിനും അനുയോജ്യമായ പ്രോജക്ടിന് ആവശ്യമായ തുക ധനസഹായമായി നൽകി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പുനർജ്ജനി പദ്ധതി മൂന്ന് വർഷംകൊണ്ട് സഹകരണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നു.

കേരളത്തിലെ സാധാരണക്കാരുടെ സാമ്പത്തിക അടിത്തറയായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക/നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിവരുന്നു. പിഴപ്പലിശ ഒഴിവാക്കി, പലിശ നിരക്ക് കുറച്ച് കുടിശ്ശികയായ വായ്പകൾ തീർപ്പാക്കുന്നതിനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്.

സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും കുടിശ്ശിക നിർമ്മാർജ്ജനം ലക്ഷ്യമാക്കി പ്രത്യേകം പ്രത്യേകം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു.

സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ല ആസ്ഥാനമായി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സംഘത്തിന്റെ കീഴിൽ ഒരു ആധുനിക റൈസ് മില്ലും സംഭരണ ഗോഡൗണുകളും ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 30 സഹകരണ സംഘങ്ങൾ ഉൾപ്പെട്ട ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർ

201 (4311) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന എ.സി.എസ്.ടി.ഐ.യിൽ സഹകരണ ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾസ് അനുശാസിക്കും വിധമാണോ സ്ഥിര നിയമനം നൽകി വന്നിട്ടുള്ളത്;

(ബി) ബാങ്കിലെ ജീവനക്കാരല്ലാത്തവരെ എ.സി.എസ്.ടി.ഐ.യിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമനം സംസ്ഥാന സഹകരണ ബാങ്കിലെ നിയമന വ്യവസ്ഥകൾ പാലിച്ചാണോ നടത്തിയിട്ടുള്ളത്;

(സി) എ.സി.എസ്.ടി.ഐ. എന്ന സ്ഥാപനത്തിന് മാത്രമായി സ്റ്റാഫ് പാറ്റേൺ അംഗീകരിക്കാൻ ബാങ്ക് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ആർ.സി.എസ്.-ന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; അനുമതി ലഭിച്ച തീയതിയും ഉത്തരവിന്റെ നമ്പരും ലഭ്യമാക്കാമോ;

(ഡി) എ.സി.എസ്.ടി.ഐ.-യിൽ താൽക്കാലിക ജീവനക്കാർ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ അവരുടെ നിയമന തീയതി, തസ്തിക എന്നിവ വിശദമാക്കാമോ;

(ഇ) താൽക്കാലികമായി നിയമിച്ചവരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പേര്, നിയമനാനുമതി, സ്ഥിരപ്പെടുത്തിയ തീയതി എന്നിവ ലഭ്യമാക്കാമോ;

(എഫ്) ഇത്തരത്തിൽ നിയമനം നടത്തിയപ്പോൾ നിയമനം സംബന്ധിച്ച പത്രപരസ്യം നൽകിയിരുന്നുവോ; പത്രപരസ്യം നൽകിയിട്ടുണ്ടെങ്കിൽ പത്രത്തിന്റെ പേര്, തീയതി തുടങ്ങിയവ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സഹകരണ ബാങ്കിലെ റിക്രൂട്ട്മെന്റ് റൂൾസ് എ.സി.എസ്.ടി.ഐ.-യിൽ ബാധകമല്ല. ബാങ്കിലെ ജീവനക്കാരല്ലാത്തവരെ എ.സി.എസ്.ടി.ഐ.-യിൽ നിയമിച്ചിട്ടുണ്ട്.

(സി) എ.സി.എസ്.ടി.ഐ. എന്ന സ്ഥാപനത്തിന് മാത്രമായി സ്റ്റാഫ് പാറ്റേൺ അംഗീകരിക്കാൻ ബാങ്ക് തീരുമാനമെടുത്തിട്ടുണ്ട്. ആയതിന് ആർ.സി.എസ്.-ന്റെ അനുമതി ലഭ്യമായിട്ടുണ്ട്.

Letter No. CB(1)56423/15 dated, 26-03-2018 of RCS

G.O (Rt) No.161/2018/Co-op dated, 17-03-2018 of Co-op(B)Dept.

(ഡി) എ.സി.എസ്.ടി.ഐ.-യിൽ താൽക്കാലിക ജീവനക്കാർ കരാറടിസ്ഥാനത്തിൽ നിലവിലുണ്ട്.

| നിയമന തീയതി | തസ്തിക |
|---|---|
| 26-7-2017 | ഡയറക്ടർ |
| 25-7-2018 | റിസർച്ച് അസോസിയേറ്റ്സ് |
| 1-6-2015 | ഫാക്കൽറ്റി മെമ്പർ (1 എണ്ണം) |
| 4-4-2018 | ഫാക്കൽറ്റി മെമ്പർ |
| 11-5-2015 | ഫാക്കൽറ്റി മെമ്പർ |
| 1-7-2018 | സ്വീപ്പർ (5 എണ്ണം) |
| 16-10-2018 | CPEC-ന്റെ NAFCOB റിസർച്ച് പ്രോജക്ട് ആന്റ് അക്രെഡിറ്റേഷനിൽ അസിസ്റ്റ് ചെയ്യുന്നതിനായി ഒരാൾ കരാറടിസ്ഥാനത്തിൽ നിലവിലുണ്ട്. |
| 1-7-2018 | ഒന്നാം നമ്പർ ഹോസ്റ്റലിൽ അസിസ്റ്റ് ചെയ്യുന്നതിനായി ഒരാൾ കരാറടിസ്ഥാനത്തിൽ നിലവിലുണ്ട്. |

(ഇ) താൽക്കാലികമായി നിയമിച്ചതിൽ ചുവടെ ചേർത്തിരിക്കുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്:

| പേര് | പ്രവേശിച്ച തീയതി | സ്ഥിരപ്പെടുത്തിയ തീയതി |
|---|---|---|
| ശ്രീമതി ദീപ രവീന്ദ്രൻ, ക്ലാർക്ക്/അസിസ്റ്റന്റ് | 4-6-2007 | 7-4-2018 |
| ശ്രീമതി എസ്. വി. രാജലക്ഷ്മി, ടൈപ്പിസ്റ്റ് | 24-8-1994 | 7-4-2018 |
| ശ്രീ. പി. എസ്. പ്രകാശ് കുമാർ, കെയർ ടേക്കർ (ലൈബ്രറി) | 30-12-2002 | 7-4-2018 |
| ശ്രീ. എസ്. സുനിൽ കുമാർ, അറ്റൻഡർ കം ഡ്രൈവർ | 10-5-2010 | 7-4-2018 |

(എഫ്) ദീർഘകാലമായി എ.സി.എസ്.ടി.ഐ.-യുടെ സേവനത്തിലിരുന്ന വരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

## അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വസ്തുവകകൾ

202 (4312) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.സി.ബി.യുടെ കീഴിലുള്ള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എ.സി.എസ്.ടി.ഐ.) വസ്തുവകകൾ ചാരിറ്റബിൾ സൊസൈറ്റി/ട്രസ്റ്റ് രൂപീകരിച്ച് കൈമാറാനോ പാട്ടത്തിന് നൽകുവാനോ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വസ്തുവകകൾ കൈമാറാനോ പാട്ടത്തിനോ നൽകാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ, ഈ തീരുമാനം കൈക്കൊള്ളാൻ ബാങ്കിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് അധികാരമുണ്ടോ;

(സി) വസ്തു കൈമാറ്റത്തിന് എൻ.സി.ഡി.സി.യുടെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(ഡി) പുതുതായി രൂപീകരിക്കുന്ന ചാരിറ്റബിൾ സൊസൈറ്റി/ട്രസ്റ്റിന് എ.സി.എസ്.ടി.ഐ. യുടെ വസ്തുവകകൾ കൂടാതെ സാമ്പത്തിക സഹായവും കൂടി നൽകാൻ ബാങ്ക് തീരുമാനമെടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിലവിൽ സഞ്ചിത നഷ്ടം പേറുന്ന ബാങ്കിന് ഈ തീരുമാനം ഉചിതമാണോയെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 29-11-2017-ാം തീയതി കൂടിയ എ.സി.എസ്.ടി.ഐ.യുടെ സ്റ്റാൻഡിംഗ് കമ്മിറ്റിയും തുടർന്ന് 1-9-2018-ൽ ചേർന്ന ബാങ്കിന്റെ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററുടെ യോഗത്തിലും വസ്തുവകകൾ പാട്ടത്തിന് നൽകുന്നതിനായി സഹകരണ സംഘം രജിസ്ട്രാറോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും 27-8-2018-ലെ സർക്കാർ ഉത്തരവ് നമ്പർ സാധാ/533/2018 സഹ. പ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 12-9-2018-ലെ ആറാമത് യോഗ തീരുമാനപ്രകാരമുള്ള ശിപാർശ പ്രകാരവും കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വസ്തു ACSTI-ക്ക് മുപ്പത് വർഷത്തേയ്ക്ക് ലീസിന് നൽകുന്നതിന് കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനത്തിന്റെ ആസ്തി ലീസിന് നൽകുന്നതിന് രജിസ്ട്രാറുടെ അനുമതിക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയില്ലാത്ത വേളയിൽ അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് തീരുമാനമെടുക്കാവുന്നതാണ്.

(സി) വസ്തു ലീസിന് നൽകുന്നതിന് മാത്രമേ അനുമതി നൽകിയിട്ടുള്ളൂ.

(ഡി) 27-8-2018-ലെ G.O(Rt)533/2018-ലെ നിർദ്ദേശപ്രകാരം രൂപീകൃതമായ കോർപ്പസ് ഫണ്ടിലേയ്ക്ക് 5 കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) എ.സി.എസ്.ടി.ഐ.-യെ ഒരു ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള നയപരമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## പൊൻവിള സർവ്വീസ് സഹകരണ ബാങ്ക് അഴിമതി

203 (4313) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊൻവിള സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നിലവിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പൊൻവിള സർവ്വീസ് സഹകരണ ബാങ്ക് അഴിമതിയുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) ഏതൊക്കെ തരത്തിലുള്ള അഴിമതികൾ ആണ് പൊൻവിള സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഈ ബാങ്ക് ലാഭത്തിൽ ആണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊൻവിള സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടന്നുവരുന്നു.

(ബി) മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) പരാതികളിന്മേൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ തരത്തിലുള്ള അഴിമതികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാൻ കഴിയുന്നതല്ല.

(ഡി) 2016-17 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ബാങ്ക് നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പുനരുദ്ധാരണം

204 (4314) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിൽനിന്നും എടുത്ത വായ്പയിൽ കുടിശ്ശിക വരുത്തിയവരിൽനിന്നും തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ പ്രാഥമിക സഹകരണ സംഘം പ്രതിനിധികളുടെ ഒരു യോഗം 2-2-2018-ൽ കൊല്ലം ജോയിന്റ് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ കൂടുകയും ടി യോഗത്തിൽ കൊല്ലം ജില്ലയിലെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ ബാങ്കിന്റെ ക്ലാസിഫിക്കേഷൻ അടിസ്ഥാനത്തിൽ പലിശരഹിത അഡ്വാൻസായി സ്വരൂപിച്ച് ടി ബാങ്കിനെ പുനരുദ്ധരിക്കുന്നതിന് തീരുമാനിക്കുകയും ടി തീരുമാനം 6-2-2018-ൽ സഹകരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. ടി യോഗതീരുമാനമനുസരിച്ച് തയ്യാറാക്കിയ പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ടി ബാങ്കിൽ നിന്നും വായ്പയെടുത്ത ശേഷം കുടിശ്ശിക വരുത്തിയ മുഴുവൻ ആൾക്കാർക്കുമെതിരെ നിയമാനുസരണം എക്സിക്യൂഷൻ കേസ് ഫയൽ ചെയ്ത് ജപ്തി നടപടികൾ സ്വീകരിച്ചുവരികയാണ്.

## കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്

205 (4315) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനത്തിന് അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ്

ഇൻസ്റ്റിറ്റ്യൂട്ട് കോമ്പൗണ്ടിൽ വസ്തുവകകളോ തിരുവനന്തപുരം കോർപ്പറേഷനിൽ കരം ഒടുക്കുന്ന കെട്ടിടങ്ങളോ ഉണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കെട്ടിട നമ്പർ, സർവ്വേ നമ്പർ എന്നിവ വിശദമാക്കാമോ;

(ബി) സീമാറ്റ് (CIMAT) എന്ന സ്ഥാപനം ആരംഭിച്ചപ്പോൾ എം.ബി.എ. കോഴ്സ് തുടങ്ങാൻ സെന്റർ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ മുമ്പാകെ സമർപ്പിച്ച ആസ്തികൾ വിശദമാക്കാമോ;

(സി) സീമാറ്റ്-ന്റെ പേരിൽ രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റി നിലവിലുണ്ടോ; നിലവിലുണ്ടെങ്കിൽ ആസ്തി ബാദ്ധ്യതകൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സീമാറ്റ് എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നപ്പോൾ ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാന സഹകരണ ബാങ്കാണോ നൽകിയിരുന്നത്;

(ഇ) സീമാറ്റ്-ന്റെ പേരിലുള്ള വസ്തുവകകൾ സ്ഥാപനത്തിനുവേണ്ടി പുതുതായി രൂപീകരിക്കുന്ന സൊസൈറ്റി/ട്രസ്റ്റിന് കൈമാറാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) പുതുതായി രൂപീകരിക്കുന്ന സൊസൈറ്റിയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുമോ; പി.എസ്.സി. വഴി റിക്രൂട്ട്മെന്റ് സാധ്യമാകുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എ.സി.എസ്.ടി.ഐ. കോമ്പൗണ്ടിൽ സീമാറ്റിന് യാതൊരു വസ്തുവകയുമില്ല. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനായി അനുവദിച്ചുനൽകിയിരുന്ന 1120(2) നമ്പർ കെട്ടിടത്തിന് തിരുവനന്തപുരം കോർപ്പറേഷനിൽ കെട്ടിട നികുതി ഒടുക്കിവരുന്നതാണ്. സർവ്വേ നമ്പർ 458/2.

(ബി) (1) CIMAT-ന്റെയും AICTE-യുടെയും പേരിൽ സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റിനായി പതിനഞ്ച് ലക്ഷം രൂപയുടെ DJCC (Diamond Jubilee Cash Certificate).

(2) AICTE-ൽ നിന്നുമുള്ള സ്ഥാപനത്തിന്റെ അംഗീകാരത്തിനായി 29-6-2010-ൽ 15 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം.

(3) കോളേജിന്റെ അംഗീകാരത്തിനായി 3-12-2010-ൽ പത്ത് ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം.

(സി) ഉണ്ട്. എന്നാൽ ആസ്തി ബാദ്ധ്യതകൾ എ.സി.എസ്.റ്റി.ഐ-യുടെ ആസ്തി ബാദ്ധ്യതകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഡി) അല്ല.

(ഇ) സീമാറ്റിന്റെ പേരിൽ നിലവിൽ വസ്തുവകകൾ ഇല്ല.

(എഫ്) 30-11-2018-ൽ സ്വയംഭരണാധികാര സ്ഥാപനമായി മാറിയ എ.സി.എസ്.റ്റി.ഐ.-യിലെ നിയമനങ്ങളെ സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

**നോൺ പെർഫോമിംഗ് അസറ്റ് വിവരം**

206 (4316) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ ജില്ലാ ബാങ്കിന്റെയും (എൻ.പി.എ.) നോൺ പെർഫോമിംഗ് അസറ്റ് ജില്ല തിരിച്ച് നൽകാമോ; സംസ്ഥാന സഹകരണ ബാങ്കുകളുടെ എൻ. പി. എ. കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

31-3-2018 വരെയുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും എൻ.പി.എ. വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | എൻ.പി.എ. (കോടിയിൽ) | എൻ.പി.എ. (ശതമാനം) |
|---|---|---|
| (1) | (2) | (3) |
| കെ.എസ്.സി.ബി. | 328.36 | 5.90 |
| തിരുവനന്തപുരം | 783.54 | 26.70 |
| കൊല്ലം | 207.32 | 9.42 |

| (1) | (2) | (3) |
|---|---|---|
| പത്തനംതിട്ട | 134.04 | 9.96 |
| ആലപ്പുഴ | 83.83 | 5.49 |
| ഇടുക്കി | 79.73 | 3.72 |
| കോട്ടയം | 165.81 | 8.84 |
| എറണാകുളം | 451.76 | 9.41 |
| തൃശ്ശൂർ | 422.62 | 10.76 |
| പാലക്കാട് | 240.19 | 9.86 |
| കാസർഗോഡ് | 93.94 | 7.28 |
| മലപ്പുറം | 317.98 | 9.83 |
| വയനാട് | 51.14 | 5.80 |
| കണ്ണൂർ | 247.63 | 6.87 |
| കോഴിക്കോട് | 191.64 | 5.53 |

## 1969-ലെ സഹകരണ നിയമം ഭേദഗതി

207 (4317) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയലവിൽ 1969-ലെ സഹകരണ നിയമത്തിലെ (ഭേദഗതികൾ ഉൾപ്പെടെ) എത്ര വകുപ്പുകൾ ഭേദഗതി ചെയ്തിട്ടുണ്ട്; ഭേദഗതി ചെയ്ത വകുപ്പുകളും ഭേദഗതികളും വിശദമാക്കുമോ;

(ബി) ഈ ഭേദഗതികളിന്മേൽ തയ്യാറാക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1969-ലെ കേരള സഹകരണ സംഘനിയമത്തിലെ 7 വകുപ്പുകളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി വിജ്ഞാപനങ്ങളുടെയും ഓർഡിനൻസുകളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. *

**സംസ്ഥാന സഹകരണ ബാങ്കിലെ കരാർ നിയമനം**

208 (4318) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ കരാർ/ദിവസ വേതന വ്യവസ്ഥയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയെല്ലാം; ഏതെല്ലാം തസ്തികകളിൽ;

(ബി) വർക്ക് അറേഞ്ച്മെന്റ്/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ ജോലി ചെയുന്നവരുടെ എണ്ണം, പേര്, തസ്തിക, മാതൃസ്ഥാപനത്തിൽ നിന്നാണോ ബാങ്കിൽ നിന്നാണോ ശമ്പളം നൽകുന്നത് എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർ മാതൃസ്ഥാപനത്തിൽ വാങ്ങിവരുന്ന ശമ്പളവും തസ്തികയും വ്യക്തമാക്കാമോ;

(ഡി) ഡെപ്യൂട്ടേഷൻ/ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ നിയമിക്കുന്നതിനുള്ള ഉത്തരവ് നമ്പരും തീയതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിൽ കരാർ വ്യവസ്ഥയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലാ ഓഫീസർ തസ്തികയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്.

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ സംസ്ഥാന സഹകരണ ബാങ്കിൽ രൂപീകരിച്ച കേരള ബാങ്ക് സ്പെഷ്യൽ സെല്ലിൽ ഒരാൾ ജോലി ചെയ്യുന്നു.

| | |
|---|---|
| ജീവനക്കാരുടെ എണ്ണം | 1 |
| പേര് | കെ. ലീന |
| തസ്തിക | സീനിയർ മാനേജർ |

മാതൃസ്ഥാപനത്തിൽ നിന്നാണ് ശമ്പളം നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന സഹകരണ ബാങ്കിൽ ഒരാൾ ജോലി ചെയ്യുന്നു.

| | |
|---|---|
| ജീവനക്കാരുടെ എണ്ണം | 1 |
| പേര് | സിജി തോമസ് |
| തസ്തിക | ക്ലാർക്ക് ഗ്രേഡ്-1 |

മാതൃബാങ്കിൽ നിന്നാണ് ശമ്പളം നൽകിവരുന്നത്.

(സി) ശ്രീമതി സിജി തോമസ്, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലാണ് ജോലി ചെയ്തുവന്നിരുന്നത്. ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ വാങ്ങിക്കൊണ്ടിരുന്ന ശമ്പളത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Basic Pay | 17,440 |
| DA | 19,010 |
| HRA | 2,093 |
| Hill Allowance | 300 |
| Security Allowance | 10 |
| ആകെ | 38,853 |

ശ്രീമതി കെ. ലീനയുടെ (സീനിയർ മാനേജർ) മാതൃസ്ഥാപനമായ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിന്നാണ് ശമ്പളം നൽകിവരുന്നത്.

ശമ്പളത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Basic Pay | 53,590 |
| DA | 60,021 |
| HRA | 3500 |
| CCA | 450 |
| ആകെ | 1,17,561 |

(ഡി) ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്കായി ജോലി ചെയ്തിരുന്ന ശ്രീമതി സിജി തോമസ് 19-9-2017-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ)നമ്പർ.499/2017/Co-op പ്രകാരമാണ് കേരള സംസ്ഥാന സഹകരണ ബാങ്കിൽ 26-9-2017-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്.

കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ സീനിയർ മാനേജറായി ജോലി ചെയ്തിരുന്ന ശ്രീമതി കെ. ലീനയെ സഹകരണ സംഘം രജിസ്ട്രാറുടെ 31-10-2018-ലെ സി.ബി.(5)33374/16 നമ്പർ ഉത്തരവ് പ്രകാരമാണ് കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ സെല്ലിൽ നിയമിച്ചിരിക്കുന്നത്.

## സംസ്ഥാന സഹകരണ ബാങ്കിലെ കരാർ ജീവനക്കാർ

209 (4319) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ദിവസവേതന /കരാർ വ്യവസ്ഥയിൽ ഏതെല്ലാം തസ്തികയിൽ ആരെയെല്ലാം കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ബാങ്കിൽ നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റ്/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെ എണ്ണം, പേര്, തസ്തിക എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ ജീവനക്കാരുടെ മാതൃസ്ഥാപനത്തിലെ തസ്തികയും ശമ്പളവും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരെ നിയമിക്കാനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ആവശ്യത്തിലധികം ജീവനക്കാർ ബാങ്കിൽ ഉണ്ടായിരിക്കെ ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെന്റ് വഴി ജീവനക്കാരെ നിയമിക്കുവാൻ ബാങ്ക് ആവശ്യപ്പെട്ടതിനുള്ള കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിൽ കരാർ വ്യവസ്ഥയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ലാ ഓഫീസർ തസ്തികയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്.

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ സംസ്ഥാന സഹകരണ ബാങ്കിൽ രൂപീകരിച്ച കേരള ബാങ്ക് സ്പെഷ്യൽ സെല്ലിൽ ഒരാൾ ജോലി ചെയ്യുന്നു.

| | |
|---|---|
| ജീവനക്കാരുടെ എണ്ണം | 1 |
| പേര് | കെ. ലീന |
| തസ്തിക | സീനിയർ മാനേജർ |

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാന സഹകരണ ബാങ്കിൽ ഒരാൾ ജോലി ചെയ്യുന്നു.

| | |
|---|---|
| ജീവനക്കാരുടെ എണ്ണം | 1 |
| പേര് | സിജി തോമസ് |
| തസ്തിക | ക്ലാർക്ക് ഗ്രേഡ്-1 |

(സി) ശ്രീമതി സിജി തോമസ്, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലാണ് ജോലി ചെയ്തുവന്നിരുന്നത്. മാതൃസ്ഥാപനത്തിലെ ശമ്പള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Basic Pay | 17,440 |
| DA | 19,010 |
| HRA | 2,093 |
| Hill Allowance | 300 |
| Security Allowance | 10 |
| ആകെ | 38,853 |

ശ്രീമതി കെ. ലീന, കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ സീനിയർ മാനേജർ തസ്തികയിലാണ് ജോലി ചെയ്തു വന്നിരുന്നത്. മാതൃസ്ഥാപനത്തിലെ ശമ്പള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| Basic Pay | 53,590 |
| DA | 60,021 |
| HRA | 3500 |
| CCA | 450 |
| ആകെ | 1,17,561 |

(ഡി) ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഇ) നിലവിലുണ്ടായിരുന്ന ക്ലാർക്ക് ഗ്രേഡ് I തസ്തികയിലെ ഒഴിവിലാണ് ശ്രീമതി സിജി തോമസിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയത്. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലിലേക്കാണ് ശ്രീമതി കെ. ലീനയെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുള്ളത്.

**സംസ്ഥാന സഹകരണ ബാങ്കിലെ പ്രൊമോഷൻ**

210 (4320) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ഫീഡർ കാറ്റഗറി നിയമ പ്രകാരമാണോ ഇപ്പോൾ പ്രൊമോഷൻ നൽകുന്നത്;

(ബി) ഇതിനുവിരുദ്ധമായി ആർക്കെല്ലാം പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(സി) പ്രൊമോഷൻ നൽകിയവരുടെ പേരുവിവരം അറിയിക്കാമോ;

(ഡി) ഇവർക്ക് ഏത് നിയമപ്രകാരമാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ഫീഡർ കാറ്റഗറി നിയമപ്രകാരമാണ് പ്രൊമോഷൻ നൽകിവരുന്നത്.

(ബി&സി) സംസ്ഥാന സഹകരണ ബാങ്കിൽ ഫീഡർ കാറ്റഗറി നിയമപ്രകാരമാണ് പ്രൊമോഷൻ നൽകിവരുന്നതെങ്കിലും സംസ്ഥാന സഹകരണ ബാങ്കിൽ ബിൽ കളക്ടർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. രാമാനുജം എം. എസ്., ശ്രീ. രാജു എ. ജെ., ശ്രീ. സഹദേവൻ എ. വി., ശ്രീ. വിജയകുമാർ എസ്. എന്നിവർക്ക് ആർബിട്രേഷൻ കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽ കളക്ടർ തസ്തികയുടെ ഉദ്യോഗക്കയറ്റ തസ്തികയായ ക്യാഷ് അസിസ്റ്റന്റ്/ഗോൾഡ് അപ്രൈസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട സഹകരണ ആർബിട്രേഷൻ കോടതിയുടെ എ.ആർ.സി. 4/2015-ാം നമ്പറിന്റെ 05-01-2018 ലെ അവാർഡ് പ്രകാരം ടി കേസിലെ പരാതിക്കാരായ ശ്രീ. രാമാനുജം എം. എസ്., ശ്രീ. രാജു എ. ജെ., ശ്രീ. സഹദേവൻ എ. വി., ശ്രീ. വിജയകുമാർ എസ്., എന്നിവർക്ക് ബാങ്കിന്റെ അംഗീകൃത റിക്രൂട്ട്മെന്റ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 10-ാം ക്ലാസ് പാസ്സാകണമെന്ന വിദ്യാഭ്യാസ യോഗ്യത കണക്കിലെടുക്കാതെ സ്ഥാനക്കയറ്റം നൽകണമെന്ന് ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മേൽ പേര് പറഞ്ഞിട്ടുള്ള ജീവനക്കാർക്ക് സംസ്ഥാന സഹകരണ ബാങ്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

## കാർഷിക സഹകരണ വികസന ബാങ്കിലെ നിയമനങ്ങൾ

211 (4321)<u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക സഹകരണ വികസന ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നത് പി.എസ്.സി.-ക്ക് വിടുവാൻ തീരുമാനിച്ച സാഹചര്യത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഉണ്ടായ കാലതാമസം വിശദമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഒഴിവുകളിലേയ്ക്ക് എന്നത്തേയ്ക്ക് നിയമനം നടത്താൻ സാധിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാന കാർഷിക സഹകരണ വികസന ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*. നിയമന ചട്ടം പി.എസ്.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. നിയമന ചട്ടം പി.എസ്.സി. അംഗീകരിച്ച് അന്തിമ ഉത്തരവാകുന്ന മുറയ്ക്കുമാത്രമേ ബാങ്കിലെ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതിന് സാധ്യമാകുകയുള്ളൂ.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

212 (4322) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾ നവീകരിക്കുന്നതിന് സഹകരണ വകുപ്പ് ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം റാന്നി നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകൾ സഹകരണമേഖലയുടെ ഭാഗമാക്കി പുനരുദ്ധാരണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇവയുടെ പേരുവിവരം ലഭ്യമാക്കാമോ; ഇവയ്ക്ക് അനുമതി ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റാന്നി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന എട്ട് സ്കൂളുകളിൽ സഹകരണമേഖലയുടെ ഭാഗമായി പുനരുദ്ധാരണം നടത്തുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

1. ഗവൺമെന്റ് എൽ.പി.എസ്., വടശ്ശേരിക്കര
2. ഗവൺമെന്റ് യു.പി.എസ്., വൈക്കം
3. ഗവൺമെന്റ് യു.പി.എസ്., പഴവങ്ങാടി
4. സി.എം.എസ്. എൽ.പി.എസ്., വെച്ചൂച്ചിറ
5. മുഹമ്മദൻസ് എൽ.പി.എസ്., വായ്പൂർ
6. ഗവൺമെന്റ് യു.പി.എസ്., വരവൂർ
7. എം.റ്റി.എൽ.പി.എസ്., നാറാണാംമൂഴി
8. ഗവൺമെന്റ് എൽ.പി.എസ്., പുതുക്കട

പദ്ധതിയുടെ നടത്തിപ്പിൽ തടസ്സം എന്തെങ്കിലും ഉള്ളതായി വിവരങ്ങളൊന്നും ലഭിച്ചിട്ടില്ല.

## ടൂറിസം മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് അനുബന്ധ പദ്ധതികൾ

213 (4323) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളും പകർച്ച വ്യാധികളുടെ വ്യാപനവും സാമ്പത്തിക മാന്ദ്യവും ടൂറിസം മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചുപോകുന്നതിനോ നഷ്ടത്തിലാകുന്നതിനോ ഇടയാക്കുന്നത് പരിഹരിക്കാൻ ടൂറിസം മേഖലയിലെ സംഘങ്ങൾക്ക് സ്ഥിരവരുമാനം ഉണ്ടാകുന്ന അനുബന്ധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് അനുമതി നൽകുമോ ;

(സി) പ്രാദേശികമായി ഏറ്റെടുത്തുനടത്താൻ കഴിയുന്ന പദ്ധതികൾ ടൂറിസം പദ്ധതിയോടൊപ്പം നടത്തുന്നതിന് പ്രത്യേക അനുമതി നൽകാൻ ബന്ധപ്പെട്ട രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഈ വിഷയം വിശദമായി പരിശോധിക്കുന്നതാണ്.

**രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങളുടെ കണക്ക്**

214 (4324) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2018 ജനുവരി മുതൽ നവംബർ 30 വരെ എത്ര സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് 2018 ജനുവരി മുതൽ നവംബർ 30 വരെ 207 സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 33 |
| കൊല്ലം | 12 |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | 2 |
| കോട്ടയം | 3 |
| ഇടുക്കി | 20 |
| എറണാകുളം | 11 |
| തൃശ്ശൂർ | 23 |
| പാലക്കാട് | 16 |
| മലപ്പുറം | 12 |
| കോഴിക്കോട് | 26 |
| വയനാട് | 7 |
| കണ്ണൂർ | 20 |
| കാസർഗോഡ് | 16 |

കൂടാതെ സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ഒരു സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പ്രളയാനന്തര സംസ്ഥാന പുനർനിർമ്മാണത്തിൽ സഹകരണ മേഖലയുടെ പങ്ക്

215 (4325) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര സംസ്ഥാന പുനർനിർമ്മാണത്തിൽ സഹകരണ മേഖല ഏതെല്ലാം വിധത്തിൽ ഭാഗഭാക്കാകുമെന്നത് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സഹകരണ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത വീടുകളുടെ നിർമ്മാണം സംബന്ധിച്ചും നിർമ്മാണ ചുമതല ഏൽപ്പിക്കുന്ന ഏജൻസി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കെയർലോൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സഹകരണ മേഖലയിലെ ആശുപത്രികളെയും ക്ലിനിക്കുകളെയും മെഡിക്കൽ സ്റ്റോറുകളെയും കോർത്തിണക്കി പ്രളയദുരിതബാധിതരുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കിൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുമോ;

(എഫ്) ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പഠന സൗകര്യങ്ങൾ നൽകുന്നതിനായി സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ജി) സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിന് എന്തെല്ലാം സേവനങ്ങൾ ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ കേരള (CARe Kerala – Co-operative Alliance to Rebuild Kerala) എന്ന പേരിൽ കെയർ ഹോം (CARe Home), കെയർ ലോൺ (CARe Loan), കെയർ ഗ്രേസ് (CARe Grace) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികളെല്ലാം പൂർത്തിയായിട്ടുണ്ട്.

പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റവർക്ക് സമയബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 9% പലിശ നിരക്കിലായിരിക്കും ഈ വായ്പകൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നത്. പലിശ സർക്കാർ വഹിക്കും. വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തരം കെയർ ലോൺ എന്ന പേരിലുള്ള വായ്പാ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കിവരുന്നു.

പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace)

(ബി) സഹകരണ സ്ഥാപനങ്ങൾ പ്രളയ കെടുതിയിൽപ്പെട്ടവർക്ക് ഒന്നാം ഘട്ടമായി 2000 വീടുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പ്രളയ കെടുതിയിൽ പൂർണ്ണമായും ഭവനം നഷ്ടപ്പെട്ട ദുരന്ത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ 5 ലക്ഷം രൂപയുടെ വീട് നിർമ്മിച്ച് നൽകുന്നതിന് CARe Home എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) സഹകരണ സ്ഥാപനങ്ങൾ പ്രളയ കെടുതിയിൽപ്പെട്ടവർക്ക് ഒന്നാം ഘട്ടമായി 2000 വീടുകൾ നിർമ്മിച്ചു നൽകുന്നുണ്ട്. ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. അതത് പ്രദേശത്തെ സാഹചര്യം, ഭൂമിയുടെ ഘടന, ലഭ്യത, ഗുണഭോക്താവിന്റെ താൽപ്പര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്കനുസരിച്ച് വീടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ എഞ്ചിനീയറിംഗ് വിദഗ്ദ്ധർ, എഞ്ചിനീയറിംഗ് കോളേജ്

വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കി, വീടിന്റെ വിസ്തൃതി 500 ചതുരശ്ര അടിവരെയുള്ള വീടുകളുടെ നിർമ്മാണം ആരംഭിച്ച് മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഉണ്ട്. പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനോ വീടിന്റെ ചെറിയ അറ്റകുറ്റപ്പണികൾക്കായി സാധനങ്ങൾ വാങ്ങുന്നതിനോ നഷ്ടമായ ജീവനോപാധികൾ (കോഴി, ആട് മുതലായ മുതൽമുടക്ക് കുറഞ്ഞ സംരംഭങ്ങൾ മാത്രം) എന്നിവ നേടുന്നതിനോ ഈ വായ്പാ തുക ഉപയോഗിക്കാവുന്നതാണ്.

കുടുംബശ്രീ അയൽക്കൂട്ട വായ്പയായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. പരമാവധി ഒരു ലക്ഷം രൂപയാണ് ഒരു വ്യക്തിക്ക് വായ്പയായി ലഭിക്കുന്നത്. എന്നാൽ ബാങ്കിന്റെ വ്യവസ്ഥയനുസരിച്ച് ഒരു അയൽക്കൂട്ടത്തിന് യാതൊരു ഈടുമില്ലാതെ ബാങ്ക് അനുവദിക്കുന്ന പരമാവധി വായ്പാ തുക 10 ലക്ഷമായതിനാൽ (നിലവിലെ ബാധ്യതയും പുതുതായി അപേക്ഷിക്കാനുദ്ദേശിക്കുന്ന വായ്പയും ചേർന്ന് 10 ലക്ഷം രൂപയിൽ അധികരിക്കരുത്) ഇതിനുള്ളിൽ വരുന്ന തുക വായ്പാത്തുകയായി അയൽക്കൂട്ടത്തിന് ബാങ്കിനോട് ആവശ്യപ്പെടാൻ കഴിയുകയുള്ളൂ.

36 മാസം മുതൽ 48 മാസം വരെയായിരിക്കും തിരിച്ചടവ് കാലാവധി. വായ്പ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കും. വായ്പാതിരിച്ചടവിൽ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നവരെ പ്രത്യേക പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള സർക്കാരിന്റെ എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യും. കുടുംബശ്രീ അയൽക്കൂട്ടത്തിനായിരിക്കും വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടം അർഹരായ വ്യക്തിഗത അപേക്ഷകർക്ക് ലഭ്യമാക്കും.

സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണത്തെ ആശ്വാസ ധനസഹായമായ 10,000 രൂപയ്ക്ക് അർഹരായ പ്രകൃതിക്ഷോഭ ബാധിത പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളാണ് ഈ വായ്പ പദ്ധതിയിൽ ഉൾപ്പെടുക.

ഇത്തരത്തിൽ 10,000 രൂപയുടെ സർക്കാർ ധനസഹായം ലഭിച്ച കുടുംബത്തിലെ ഗൃഹനാഥ/വനിതാ കുടുംബാംഗം നിലവിൽ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലായെങ്കിൽ അംഗത്വം സ്വീകരിക്കുന്ന മുറയ്ക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വായ്പാ കാലയളവിൽ ഇവർ അയൽക്കൂട്ടത്തിൽ തുടരണമെന്ന് ഉറപ്പാക്കണം.

(ഇ) സഹകരണ മേഖലയിൽ ചെറുതും വലുതുമായ 120 ഓളം ആശുപത്രികൾ, നിരവധി ക്ലിനിക്കുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവ

പ്രവർത്തിക്കുന്നുണ്ട്. ദുരിതബാധിതരായ ജനവിഭാഗത്തിന്റെ പൊതുവായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഈ യൂണിറ്റുകളെ കോർത്തിണക്കി പരിശോധന-ചികിത്സാ സൗകര്യങ്ങൾ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കുന്നതിനും രോഗപ്രതിരോധം, മാലിന്യ സംസ്കരണം, ജലസ്രോതസ്സുകളുടെ നവീകരണം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകുന്നതിനും പ്രളയാനന്തരം കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി സഹകരണ വകുപ്പ് കെയർ ഗ്രേസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(എഫ്) സഹകരണ സംഘങ്ങളുടെ പൊതു നന്മ ഫണ്ടിൽ നിന്നും പഠനോപകരണങ്ങൾ നഷ്ടപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 44/2018 നമ്പർ സർക്കുലർ നിർദ്ദേശം 29-8-2018 ന് നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ജി) പ്രളയ ബാധിതരെ സഹായിക്കുന്നതിന് സഹകരണ വകുപ്പ് CARe Kerala-യിൽ ഉൾപ്പെടുത്തി CARe Grace എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

### അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

216 (4326) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റിവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലാണോ പ്രവർത്തിച്ചുവരുന്നത്;

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിനായി വസ്തുവകകൾ വാങ്ങുന്നതിനോ കെട്ടിടം പണിയുന്നതിനോ സംസ്ഥാന സഹകരണ ബാങ്കിന് എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സാമ്പത്തിക സഹായം നൽകുമ്പോൾ എൻ.സി.ഡി.സി. സംസ്ഥാന സഹകരണ ബാങ്കിനോട് നിർദ്ദേശിച്ച വ്യവസ്ഥകൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 23-10-2018 വരെ എ.സി.എസ്.ടി.ഐ. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. 24-10-2018 മുതൽ TVM/TC/1199/2018 നമ്പറായി തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) സഹായം ലഭിച്ചിട്ടുണ്ട്.

(സി) താഴെപ്പറയുന്ന വ്യവസ്ഥകളാണ് എൻ.സി.ഡി.സി. മുന്നോട്ടു വച്ചിരുന്നത്.

1. സ്ഥാപനം ട്രെയിനിംഗ് മാത്രമേ നൽകാവൂ.
2. സഹകരണ രംഗത്തെ ആളുകളുടെ പരിശീലനത്തിന് സ്ഥാപനത്തിലെ സൗകര്യങ്ങൾ ഉപയോഗിക്കാൻ എൻ.സി.ഡി.സി.-യെ തുടർന്നും അനുവദിക്കുക.
3. സ്ഥാപനത്തിന്റെ ആസ്തികൾ ബാങ്ക് അന്യാധീനപ്പെടുത്തുന്നില്ലെന്ന് സർക്കാർ ഉറപ്പുവരുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

217 (4327) <u>ശ്രീമതി. വീണാ ജോർജ്ജ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള മണ്ഡലത്തിൽ സഹകരണവകുപ്പ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഭാഗമായോ; ആയെങ്കിൽ ഏത് രീതിയിൽ; വിശദാംശം നൽകാമോ?

ഉത്തരം

ആറന്മുള മണ്ഡലത്തിൽ സഹകരണ വകുപ്പ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഭാഗമായിട്ടുണ്ട്.

ആറന്മുള മണ്ഡലത്തിൽപ്പെടുന്ന ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, തുമ്പമൺ താഴം സർവ്വീസ് സഹകരണ ബാങ്ക്, ഇലന്തൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവ യഥാക്രമം ഓമല്ലൂർ ഗവൺമെന്റ് ഹൈസ്കൂൾ, ഉളനാട് യു.പി. സ്കൂൾ, ഇലന്തൂർ ഗവൺമെന്റ് ഹൈസ്കൂൾ എന്നിവയ്ക്ക് 5,000 രൂപയുടെ വീതം പുസ്തകങ്ങൾ സഹകരണ ബുക്ക് ഫെയറിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

## ടൂറിസം മേഖലയിലുണ്ടായ നഷ്ടം

218 (4328) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയിൽ പ്രളയംമൂലമുണ്ടായ നഷ്ടം നികത്തുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ടൂറിസം മേഖലയിൽ പ്രളയംമൂലമുണ്ടായ നഷ്ടം നികത്തുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി വകുപ്പ് നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രളയംമൂലം വിനോദസഞ്ചാര മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ടൂറിസം വകുപ്പ് നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി വകുപ്പ് ശക്തമായ മാർക്കറ്റിംഗ് കാമ്പയിനുകൾ നടത്തിക്കഴിഞ്ഞു. പോസ്റ്റ് ഫ്ലഡ് കാമ്പയിന്റെ ഭാഗമായി (Post flood campaign) ഇറ്റ്സ് ടൈം ഫോർ കേരള (Its Time for Kerala) എന്ന ലേബലിൽ പരസ്യപ്രചരണം സംഘടിപ്പിച്ചു. ഇന്ത്യയിലെ 350 ഓളം സിനിമാ സ്ക്രീനുകളിൽ വകുപ്പ് പരസ്യം നൽകിക്കഴിഞ്ഞു. പി.വി.ആർ., ഐനോക്സ്, വി.എഫ്.ഒ. എന്നിവയാണ് ഈ സ്ക്രീനുകൾ. നാഷണൽ ടി.വി., റേഡിയോ, എയർപോർട്ട് എന്നിവയിലും പ്രചരണം സംഘടിപ്പിച്ചു. ഡൽഹി, മുംബൈ, ബംഗളൂരു, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകൾ കേന്ദ്രീകരിച്ചാണ് പരസ്യ കാമ്പയിൻ സംഘടിപ്പിച്ചത്.

ദേശീയ/അന്തർദ്ദേശീയ ടൂറിസം ട്രേഡ് ഫെയറുകളിലും പ്രളയാനന്തരം വകുപ്പ് പങ്കെടുത്തു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃത്സർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന വിവിധ ട്രേഡ് ഫെയറുകളിലും വകുപ്പ് തന്നെ സംഘടിപ്പിച്ച പാർട്ട്ണർഷിപ്പ് മീറ്റുകളിലും "Its Time for Kerala" എന്ന ലേബലിൽ വകുപ്പ് പങ്കെടുത്തു. കേരളം വീണ്ടും സഞ്ചാരികൾക്ക് പ്രിയപ്പെട്ടതാണെന്നും കേരളം സന്ദർശിക്കാൻ അനുയോജ്യമാണെന്നുമുള്ള ശക്തമായ ബോധവത്കരണമാണ് വകുപ്പ് നടത്തിയത്. ജനുവരി മുതൽ SATE ഡൽഹി, IITI മുംബൈ, TTF ചെന്നൈ, ബംഗളൂരു, IITE ഭുവനേശ്വർ, നാഗ്പൂർ, ITM ഗോവ എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിലും ജലന്ധർ, ഡൽഹി, മുംബൈ, ജയ്പൂർ, ചെന്നൈ, മധുരൈ, ബംഗളൂരു എന്നിവിടങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

പ്രമുഖ വിദേശ രാജ്യങ്ങളിലെ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. കൂടാതെ ദേശീയ പ്രിന്റ് കാമ്പയിനും യു.കെ. പ്രിന്റ് കാമ്പയിനും നടത്തിയിട്ടുണ്ട്.

പ്രളയാനന്തരം ഇന്ത്യയ്ക്കകത്തും പുറത്തും ഐ.ടി./ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺലൈൻ കാമ്പയിൻ, വീഡിയോ ക്യാപ്സൂൾ ടു പ്രൊമോട്ട് കേരള എന്നിവയും നടത്തിക്കഴിഞ്ഞു. ഇതുമൂലം കേരള ടൂറിസം പഴയ ഉണർവ് കൈവരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണം**

219 (4329) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിനുവേണ്ടി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) 2017 നവംബറിൽ ടൂറിസം സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ ചേംബറിൽ ബി.ആർ.ഡി.സി-യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗതീരുമാനപ്രകാരം ഈ പാർക്കിന്റെ നവീകരണ പ്രവൃത്തി എന്ന് പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ തീരുമാനം പാലിക്കപ്പെടാൻ ബി.ആർ.ഡി.സി-ക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നിർമ്മാണത്തിനായി ടൂറിസം വകുപ്പ് രണ്ട് ഘട്ടത്തിലായി 193 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ട നവീകരണം പൂർത്തിയാക്കുന്നതിന് 132,79,287 രൂപയും രണ്ടാം ഘട്ടത്തിൽ ഇതുവരെ 65 ലക്ഷം രൂപയും ചെലവാക്കി. അന്തിമ ബിൽ കിറ്റ്കോ തയ്യാറാക്കിവരുന്നു.

(സി) ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവൃത്തികൾ മാർച്ച് 2018 ഓടെ പൂർത്തിയാക്കുമെന്നായിരുന്നു തീരുമാനം.

(ഡി) നവീകരണ പ്രവൃത്തികൾ കിറ്റ്കോ മുഖേന ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവും ചില സാമഗ്രികൾ എത്തിച്ചേരാൻ വേണ്ടിവന്ന അധിക കാലയളവും പ്രതികൂല കാലാവസ്ഥയും പൂർത്തീകരണത്തെ ബാധിച്ചിരുന്നു. അതേസമയം പാർക്കിലേയ്ക്കുള്ള പ്രവേശനത്തിന് പ്രത്യേക വഴി ഇല്ലാത്തതിനാൽ പൂർത്തിയായതിനുശേഷമുള്ള നടത്തിപ്പ് സംബന്ധിച്ച് 24-10-2018-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗതീരുമാന പ്രകാരം നടപടി സ്വീകരിച്ചുവരികയാണ്.

**പ്രളയാനന്തര വിനോദസഞ്ചാര വികസനം**

220 (4330) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം വിനോദസഞ്ചാര മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധികൾ മറികടക്കുന്നതിനായി നൂതനവും ശക്തവുമായ മാർക്കറ്റിംഗ് കാമ്പയിനുകൾ ആസൂത്രണം ചെയ്യുന്നുണ്ടോ;

(സി) ദേശീയ/അന്തർദ്ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന വിവിധ ടൂറിസം ട്രേഡ് ഫെയറുകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും ദേശീയ/അന്തർദ്ദേശീയ മാധ്യമങ്ങളിലൂടെ ശ്രദ്ധേയമായ പ്രചാരണങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രളയത്തിനുശേഷവും കേരള ടൂറിസം കരുത്തോടെ തന്നെ നിലനിൽക്കുന്നുണ്ടെന്ന് ലോകത്തെ അറിയിക്കുന്നതിന് നവമാധ്യമങ്ങളായ ഐ.ടി., ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പ്രളയത്തിൽ തകർന്ന ടൂറിസം മേഖലയിലെ പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവൃത്തികൾ, പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്:

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000 രൂപ
3. മൺട്രോതുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030 രൂപ

(ബി) ഇതിനായി ടൂറിസം വകുപ്പ് ശക്തമായ മാർക്കറ്റിംഗ് കാമ്പയിനുകൾ നടത്തിക്കഴിഞ്ഞു. "Post Flood Campaign" ന്റെ ഭാഗമായി "Its Time for Kerala" എന്ന ലേബലിൽ പരസ്യ പ്രചരണം സംഘടിപ്പിച്ചു. ഇന്ത്യയിലെ 350 ഓളം സിനിമാ സ്ക്രീനുകളിൽ പരസ്യം നൽകിക്കഴിഞ്ഞു. PVR, INOX, VFO. എന്നിവയാണ് ഈ സ്ക്രീനുകൾ. നാഷണൽ -ടി.വി., റേഡിയോ, എയർപോർട്ട് എന്നിവയിലും പരസ്യ പ്രചരണം സംഘടിപ്പിച്ചു. ഡൽഹി, മുംബൈ, ബംഗളൂരു, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എയർപോർട്ടുകൾ കേന്ദ്രീകരിച്ചാണ് പരസ്യ കാമ്പയിൻ സംഘടിപ്പിച്ചത്.

(സി) ദേശീയ/അന്തർദ്ദേശീയ ടൂറിസം ട്രേഡ് ഫെയറുകളിലും പ്രളയാനന്തരം വകുപ്പ് പങ്കെടുത്തു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന വിവിധ ട്രേഡ് ഫെയറുകളിലും വകുപ്പ് തന്നെ സംഘടിപ്പിച്ച പാർട്ട്ണർഷിപ്പ് മീറ്റുകളിലും "Its Time for Kerala" എന്ന ലേബലിൽ വകുപ്പ് പങ്കെടുത്തു. കേരളം വീണ്ടും സഞ്ചാരികൾക്ക് പ്രിയപ്പെട്ടതാണെന്നും കേരളം സന്ദർശിക്കാൻ അനുയോജ്യമാണെന്നുമുള്ള ശക്തമായ ബോധവൽക്കരണമാണ് നടത്തിയത്. 2019

ജനുവരി മുതൽ IITI Mumbai, SATTE Delhi, TTF Chennai, ITM ഗോവ, IITE Bhuvaneswar എന്നീ ട്രേഡ് ഫെയറുകളിലും നെതർലാന്റ്, മാഡ്രിഡ്, മിലാൻ, ടെൽ അവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ന്യൂയോർക്ക്, ചിക്കാഗോ, ഹ്യൂസ്റ്റൻ, ലോസ് ആഞ്ചലസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ട്രേഡ് ഫെയർ/പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. മാത്രമല്ല ജലന്ധർ, ബംഗളൂരു, ചെന്നൈ, മധുരൈ, ജയ്പൂർ, ഡൽഹി എന്നിവിടങ്ങളിലും വകുപ്പ് പാർട്ട്ണർഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയ പ്രിന്റ് കാമ്പയിനും യു.കെ. പ്രിന്റ് കാമ്പയിനും ഇതിന്റെ ഭാഗമായി നടത്തിക്കഴിഞ്ഞു.

(ഡി) പ്രളയാനന്തരം ഐ.ടി./ഡിജിറ്റൽ, സോഷ്യൽ മീഡിയ, ഓൺലൈൻ ആന്റ് കാമ്പയിൻ (ഇന്ത്യയ്ക്കകത്തും പുറത്തും) വീഡിയോ ക്യാപ്സൂൾ ടു പ്രൊമോട്ട് കേരള എന്നിവയും നടത്തിക്കഴിഞ്ഞു. ഇതുമൂലം കേരള ടൂറിസം പഴയപോലെ ഉണർവ് കൈവരിക്കുന്നതായും മനസ്സിലാക്കുന്നു.

## ടൂറിസം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി

221 (4331) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി ഏതെങ്കിലും ടൂറിസം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതികളിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതികളുടെ അനുമതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതിക്കായി 10 പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. കാലടി മലയാറ്റൂർ പിൽഗ്രീം സർക്യൂട്ട്
2. അതിരപ്പിള്ളി നാച്വർ ബേസ്ഡ് ടൂറിസം സർക്യൂട്ട്
3. ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട്
4. കേരള കോസ്റ്റൽ സർക്യൂട്ട്

5. പന്തിരുകുലം പദ്ധതി
6. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്
7. നാലമ്പലം സർക്യൂട്ട്
8. കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ച പ്രകാരമുള്ള കേരളത്തിലെ വിവിധ ആരാധനാലയങ്ങളിൽ അടിസ്ഥാന സൗകര്യവികസനം
9. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്റിൻ, മലയാറ്റൂർ
10. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ

(ബി) താഴെപ്പറയുന്ന പദ്ധതി പ്രൊപ്പോസലുകൾ കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുനർസമർപ്പിച്ചിട്ടുണ്ട്.

1. കാലടി മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്
2. അതിരപ്പിള്ളി നാച്വർ ബേസ്ഡ് ടൂറിസം സർക്യൂട്ട്
3. ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട്
4. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്റിൻ, മലയാറ്റൂർ

(സി) ഈ പദ്ധതികളുടെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ടൂറിസം മന്ത്രാലയം ഡൽഹിയിൽ വച്ച് നടത്തിയ മീറ്റിംഗുകളിൽ പങ്കെടുക്കുകയും ആവശ്യമായ പ്രസന്റേഷനുകൾ ബന്ധപ്പെട്ട ആർക്കിടെക്ടുകളുടെ സഹായത്തോടെ നടത്തുകയും പദ്ധതിയുടെ ആവശ്യകതയും പ്രാധാന്യവും വിവിധ ഘട്ടങ്ങളിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

222 (4332) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗഭാക്കാകുന്നതിന് സഹകരണ സംഘങ്ങൾക്ക് അവസരമൊരുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക്, പ്രത്യേകിച്ച് ടൂറിസം സഹകരണ സംഘങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിനാവശ്യമായ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ കെ.റ്റി.ഡി.സി., ഡി.റ്റി.പി.സി. എന്നിവയുടെ കൈവശമുള്ള സ്ഥാപനങ്ങളുടെ പദ്ധതികളുടെ നടത്തിപ്പിന് പ്രാദേശിക ടൂറിസം സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതിനായി നിലവിൽ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. എന്നാൽ വിവിധ ടൂറിസം സഹകരണ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ എന്നിവ ഇപ്പോൾത്തന്നെ ഉത്തരവാദിത്ത ടൂറിസം മിഷനിൽ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഇപ്പോൾ നടത്തിവരുന്ന വിവിധ പദ്ധതികൾ സഹകരണ സംഘങ്ങൾക്ക് നേരിട്ട് നടത്താവുന്നവയല്ല. അത്തരം പദ്ധതികൾ ആവിഷ്കരിക്കുന്ന ഘട്ടത്തിൽ ഇത് പരിഗണിക്കാവുന്നതാണ്. വിവിധ ടൂറിസം സഹകരണ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ എന്നിവ ഇപ്പോൾത്തന്നെ ഉത്തരവാദിത്ത ടൂറിസം മിഷനിൽ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്ന ശില്പശാലയ്ക്ക് ചെലവഴിച്ച തുക

223 (4333) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി.)യുടെ നേതൃത്വത്തിൽ 2016 ഡിസംബർ 15, 16, 2017 മേയ് 18, 19, 2017 ജൂലൈ 2, 3 തീയതികളിലായി നടത്തിയ ശില്പശാലയ്ക്ക് ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ടുള്ള പരാതിയുടെയും പത്രവാർത്തയുടെയും അടിസ്ഥാനത്തിൽ ടൂറിസം ഫിനാൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഈ അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംങ്ങൾ അറിയിക്കാമോ;

(സി) ഈ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് എന്തെങ്കിലും നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2016 ഡിസംബർ 15, 16 തീയതികളിൽ നടത്തിയ ശില്പശാലയുമായി ബന്ധപ്പെട്ട് ഒരു സായാഹ്ന പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ടൂറിസം ഫിനാൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. മറ്റ് തീയതികളിൽ നടന്ന ശില്പശാലയെക്കുറിച്ച് അന്വേഷണമുണ്ടായിട്ടില്ല.

(ബി&സി) ടൂറിസം വകുപ്പിലെ ഫിനാൻസ് വിഭാഗം മുഖാന്തരം അന്വേഷണം നടത്തിയ റിപ്പോർട്ട് ടൂറിസം ഡയറക്ടറുടെ പരിശോധനയിലാണ്.

**ഡെവലപ്മെന്റ് ഓഫ് മണപ്പാട്ട് ചിറ എന്ന പദ്ധതി**

224 (4334) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് അങ്കമാലി മണ്ഡലത്തിൽ ഡെവലപ്മെന്റ് ഓഫ് മണപ്പാട്ട് ചിറ വിത്ത് സോളാർ സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം ആന്റ് ഹൈ മാസ്റ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ എന്ന പദ്ധതിക്കായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും G.O (Rt) 98/2016/ടൂറിസം തീയതി 17-2-2016 പ്രകാരം നൽകിയ ഭരണാനുമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിച്ചു; പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപ നാളിതുവരെ ചെലവഴിച്ചു; ചെലവഴിക്കാനായി എത്ര രൂപ ബാക്കിയുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ഇത് സംബന്ധിച്ച് ടൂറിസം വകുപ്പ് അന്വേഷണം നടത്താത്തതും ഫണ്ട് യഥാസമയം ചെലവഴിക്കാത്തതും സംബന്ധിച്ചുള്ള കാരണം വിശദമാക്കാമോ ;

(ഇ) ഭരണാനുമതി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചോയെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം DTPC-യുടെ മേൽനോട്ടത്തിൽ M/s KEL എന്ന ഏജൻസി മുഖേന ടി പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 1-3-2016-ൽ പദ്ധതി ആരംഭിച്ചു. നാളിതുവരെ 25,81,250 രൂപ പ്രസ്തുത പദ്ധതിക്കായി M/s KEL എന്ന ഏജൻസി മുഖേന ചെലവഴിച്ചു. എന്നാൽ പ്രസ്തുത തുക നാളിതുവരെ KEL-ന് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി ഇതിനകം പൂർത്തിയായി കഴിഞ്ഞു. ഇനി M/s KEL എന്ന ഏജൻസിക്കാണ് തുക നൽകേണ്ടത്. ഇലക്ഷനെ തുടർന്ന് എം.എൽ.എ. മാറിയതിനാൽ ADF ഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സമുണ്ടായി. ടി ഫണ്ട് ടൂറിസ്സം വകുപ്പിനോ DTPC-ക്കോ ലഭിക്കുകയുണ്ടായില്ല. സാങ്കേതിക തടസ്സം നീക്കി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഭരണാനുമതിയിൽ പറഞ്ഞ തുക പൂർണ്ണമായി ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചു. ഇനി ആ തുക ഡി.റ്റി.പി.സി. വഴി ഏജൻസികൾക്ക് നൽകുന്ന നടപടിയാണ് ബാക്കിയുള്ളത്.

## ശബരിമല സന്നിധാനത്തെ സർക്കാർ ഗസ്റ്റ് ഹൗസ്

225 (4335) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുവർഷം മുമ്പ് ശബരിമല സന്നിധാനത്ത് സർക്കാർ ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി മുഖ്യമന്ത്രി തറക്കല്ലിട്ട് നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശബരിമല സന്നിധാനത്ത് ഗസ്റ്റ് ഹൗസ് പണിയുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തെ സംബന്ധിച്ച് വനം വകുപ്പുമായി നിലവിൽ തർക്കം നിലനിൽക്കുന്നതിനാൽ ടി തർക്കം പരിഹരിക്കുന്നതിനായി വനം വകുപ്പും ദേവസ്വം ബോർഡും സംയുക്ത സർവ്വേ നടത്തേണ്ടതായിട്ടുണ്ട്. ടി സർവ്വേ പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ സാധിക്കു.

## കിറ്റ്സിലെ ജീവനക്കാർ

226 (4336) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരുടെ പേര്, തസ്തിക, ഉദ്യോഗം നേടിയ വർഷം എന്നിവ വിശദമാക്കുമോ;

(ബി) എല്ലാ സ്ഥിരം ജീവനക്കാരെയും നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവില്ലാതെ എത്ര സ്ഥിരം/താൽക്കാലിക ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്; തരംതിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എല്ലാ സ്ഥിരം തസ്തികകൾക്കും സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പിറവം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

227 (4337) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ നിലവിൽ വിനോദ സഞ്ചാര വകുപ്പിന്റെ പരിഗണനയിലുള്ള വിനോദസഞ്ചാര പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പിറവം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ ആകെ 4 പദ്ധതികളാണ് നടന്നുവരുന്നത്.

1. കുരുമല-ഇലഞ്ഞി ടൂറിസം സൗകര്യങ്ങളുടെ വികസനം
2. ടേക്ക് - എ ബ്രേക്ക് പിറവം ഗ്രാമപഞ്ചായത്ത്
3. കൺസ്ട്രക്ഷൻ ഓഫ് വാക്ക് വേ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ടു കല്ലിടുമ്പിൽ ആറ്റുതീരം
4. കാഞ്ഞിരമറ്റം മില്ലുങ്കൽ ടൂറിസം പദ്ധതി

"Pilgrim Tourism Development of pazhoor Siva Temple" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും അമ്പലം ഭരണസമിതിയുടെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചു.

**കാലടിയിലെ ടൂറിസം പദ്ധതികൾ**

228 (4338) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായോ അല്ലാതെയോ അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രമായ കാലടിയിൽ ഏതെങ്കിലും പദ്ധതിക്കായി ഈ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രളയത്താൽ നശിച്ച കാലടിയിൽ തീർത്ഥാടകർക്കായുള്ള സൗകര്യങ്ങളും പെരിയാറിന്റെ തീരത്തെ ബലിക്കടവും കാലടി മുതലക്കടവും സംരക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കാലടി മലയാറ്റൂർ അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് പദ്ധതി സംബന്ധിച്ച് പഠനം നടത്തുവാൻ ടൂറിസം വകുപ്പിൽ നിന്ന് ജിറ്റ് പാക്ക് എന്ന ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. ആ മാസ്റ്റർ പ്ലാനിൽപ്പെട്ടിരുന്ന "Development of Tourism Facilitation Centre at Kurishumudi, Malayattoor" എന്ന പദ്ധതിക്ക് 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതി കേരള ആഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട പദ്ധതി രൂപരേഖ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. പദ്ധതി രൂപരേഖ ലഭിക്കുന്ന മുറയ്ക്ക് സ്ഥലലഭ്യത, ടൂറിസം സാധ്യത മുതലായവ അനുയോജ്യമായാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**വാടാനപ്പള്ളി ബീച്ചിന്റെ അടിസ്ഥാന സൗകര്യ വികസനം**

229 (4339) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ചിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബീച്ചിന്റെ സൗന്ദര്യവൽക്കരണത്തിനും എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി രൂപരേഖ തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) പദ്ധതി പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യതയും സ്ഥല ലഭ്യതയും മറ്റും പരിശോധിച്ച് അനുയോജ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**ഇന്ദ്രാൻചിറ ടൂറിസം**

230 (4340) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ദ്രാൻചിറ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനായി 2,09,21,389 രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ ഒന്നാം ഘട്ടമായ 99,96,503 രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒരു കോടി രൂപയോളം ഇനിയും ചെലവഴിച്ചാൽ മാത്രമേ പദ്ധതി യാഥാർത്ഥ്യമാകയുള്ളൂ എന്നതു പരിഗണിച്ച് ടൂറിസം വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

19-9-2012-ലെ GO(Rt)7837/12/TSM ഉത്തരവുപ്രകാരം ഇന്ദ്രാൻചിറ "ലേക്ക് ഇൻ ലെഷർ പാർക്ക്" എന്ന പദ്ധതിക്ക് 2,09,21,389 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ ടൂറിസം വകുപ്പിന്റെ വിഹിതം ഒരു കോടി രൂപയായി പരിമിതപ്പെടുത്തുകയും ബാക്കി തുക മറ്റ് മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്താൻ നിഷ്കർഷിച്ചതനുസരിച്ച് 99,56,503 രൂപ പദ്ധതി പൂർത്തീകരിക്കുന്നതിനായി ടൂറിസം വകുപ്പ് ഡി.റ്റി.പി.സി.-ക്ക് നൽകിയിട്ടുണ്ട്.

## മണപ്പാട്ടുചിറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ട്

231 (4341) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മണപ്പാട്ടുചിറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ടിനായി സ.ഉ.(ആർ.ടി.) നമ്പർ. 328/2015/ടൂറിസം തീയതി 6-8-2015 പ്രകാരം ടൂറിസം വകുപ്പ് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചതെന്നും ഇനി എത്ര രൂപയുടെ പ്രവൃത്തി ചെയ്യാനുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി എറണാകുളം ഡി.ടി.പി.സി സെക്രട്ടറി ഒരു കോടി രൂപ ജില്ലാ കളക്ടർ/ചെയർമാൻ ഡി.ടി.പി.സി-യുടെ പേരിൽ ഒടുക്കുന്നതിനുള്ള കത്ത് 3-3-2016-ൽ ടൂറിസം ഡയറക്ടർക്ക് നൽകിയിരുന്നോ വിശദാംശം ലഭ്യമാക്കാമോ; ഈ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) മേൽ പരാമർശിച്ചിരുന്ന സർക്കാർ ഉത്തരവുപ്രകാരം പ്രോജക്ടിന്റെ നടത്തിപ്പിനായി അനുവദിച്ച തുക പൂർണ്ണമായും ഡി.ടി.പി.സി-ക്ക് കൈമാറുന്നതിനായി എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അനുവദിച്ച തുക എന്ന് കൈമാറുമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മുൻ എം.എൽ.എ. ശ്രീ. ജോസ് തെറ്റയിലിന്റെ AIDF ഫണ്ടുപയോഗിച്ച് ഒരു കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉത്തരവായ പദ്ധതിയാണിത്. ഡി.റ്റി.പി.സി.-യുടെ മേൽനോട്ടത്തിൽ M/s KEL എന്ന ഏജൻസി മുഖേന ഏകദേശം 38,22,623 ലക്ഷം രൂപയുടെ നിർമ്മാണം നടക്കുകയുണ്ടായി. ഇലക്ഷനെ തുടർന്ന് എം.എൽ.എ. മാറിയതിനാൽ AIDF ഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സമുണ്ടായി. ടി ഫണ്ട് ടൂറിസം വകുപ്പിനോ ഡി.റ്റി.പി.സി.-ക്കോ ലഭിക്കുകയുണ്ടായില്ല. ആയതിനാൽ പ്രവൃത്തികൾ താത്കാലികമായി നിർത്തിവയ്ക്കുകയാണുണ്ടായത്. ഭരണാനുമതിപ്രകാരം ബാക്കിയുള്ള തുക ഉപയോഗിച്ചുള്ള പ്രവൃത്തികളാണ് ഇനി ചെയ്യാനുള്ളത്.

(ബി) ഡി.റ്റി.പി.സി. മുഖേന M/s KEL എന്ന ഏജൻസിക്കാണ് നിർവ്വഹണ ചുമതല.

(സി) ലഭിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി ലഭിക്കുന്നതിന് മുമ്പ് 14-02-2016-ൽ തന്നെ ധനകാര്യ വകുപ്പ് ഈ ഫണ്ട് ടൂറിസം ഡയറക്ടർക്കോ ഡി.റ്റി.പി.സി. ചെയർമാനായ ജില്ലാ കളക്ടർക്കോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു.

(ഡി) തടസ്സം ഉണ്ട്. ടി പദ്ധതിക്കായി അനുവദിച്ച തുക ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് വിനിയോഗ അനുമതി വകുപ്പിന് നേരിട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ വകുപ്പിന്റെ മറ്റൊരു ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ഡി.റ്റി.പി.സി.-ക്ക് പദ്ധതി നടത്തിപ്പിനായി കൈമാറുന്നതാണ്.

## കിറ്റ്സിലെ ജീവനക്കാരുടെ സേവന വേതന വിവരങ്ങൾ

232 (4342) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിറ്റ്സിൽ 2016 ഏപ്രിൽ 30 വരെ ദിവസവേതന അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ; ദിവസവേതന ജീവനക്കാർക്കും കരാർ ജീവനക്കാർക്കുമായി 2016 ഏപ്രിൽ മാസത്തിലെ ശമ്പളയിനത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് തരംതിരിച്ച് വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര ജീവനക്കാർ സ്ഥാപനത്തിൽ നിന്നും സ്വയം പിരിഞ്ഞുപോയെന്നും എത്രപേരെ പുറത്താക്കിയെന്നും എത്ര പേർ നിലവിലും സേവനമനുഷ്ഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; നിലവിലും സേവനമനുഷ്ഠിക്കുന്ന കരാർ, ദിവസവേതന ജീവനക്കാരുടെ പേരും തസ്തികയും വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും എത്ര പേരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ പേരും തസ്തികയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിറ്റ്സിൽ 2016 ഏപ്രിൽ 30 വരെ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്നവർ 46 പേരാണ്. ഇതിൽ ദിവസവേതന ജീവനക്കാർക്കായി 1,80,150 രൂപയും കരാർ ജീവനക്കാർക്കായി 3,39,548 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) 2016 ഏപ്രിൽ മാസത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 46 ദിവസവേതന/കരാർ ജീവനക്കാരിൽ ഇതുവരെ 13 ജീവനക്കാർ സ്വയം പിരിഞ്ഞു പോകുകയും 6 ജീവനക്കാർ കാലാവധി പൂർത്തിയാക്കി പോകുകയും വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിന്റെ ഭാഗമായി 7 ജീവനക്കാർ ടി മിഷനിലേയ്ക്ക് മാറിപ്പോകുകയും പ്രോജക്ടുകളുടെ കാലാവധി പൂർത്തിയായ മുറയ്ക്ക് മറ്റുള്ളവരുടെ സേവനം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. 3-11-2016-ൽ കൂടിയ 43-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കിറ്റ്സിന്റെ വിവിധ പ്രോജക്ടുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുത്തി കരാർ/ദിവസവേതനാടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചപ്പോൾ യോഗ്യരായ ജീവനക്കാർക്കൊപ്പം പഴയ 20 ജീവനക്കാർ അർഹരാകുകയും അവരുടെ സേവനം പ്രയോജനപ്പെടുത്തി വരികയും ചെയ്യുന്നു. ടി ജീവനക്കാരുടെ പേരും തസ്തികയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 3-11-2016-ൽ കൂടിയ 43-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കിറ്റ്സിന്റെ വിവിധ പ്രോജക്ടുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഫണ്ടിൽ ഉൾപ്പെടുത്തി കരാർ/ദിവസവേതനാടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുകയും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ യോഗ്യരായ 68 ജീവനക്കാർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. വിശദവിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.* ഇവരിൽ ചിലർ പിന്നീട് സ്വയം പിരിഞ്ഞുപോയിട്ടുണ്ട്. വിശദവിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹർത്താലുകൾ ടൂറിസം മേഖലയ്ക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങൾ

233 (4343) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്രഖ്യാപിത ഹർത്താലുകൾ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് ഏൽപ്പിക്കുന്ന കടുത്ത ആഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം ഇതുവരെ കേരളത്തിൽ ഉണ്ടായത് 86 ഹർത്താലുകളാണെന്നും ഇതുപ്രകാരം നാലിലൊന്നു ദിവസങ്ങളിലും കേരളത്തിൽ ഒരിടത്തോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ സ്ഥലത്തോ ഹർത്താലായിരുന്നു എന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) പതിനൊന്ന് ലക്ഷത്തോളം വിദേശികളും ഒന്നര കോടിയോളം ആഭ്യന്തര സഞ്ചാരികളും കഴിഞ്ഞ വർഷം കേരളത്തിന്റെ കാഴ്ചാനുഭവങ്ങൾ തേടി എത്തുകയുണ്ടായോ;

(ഡി) ഒരു വർഷം ടൂറിസം മേഖല ശരാശരി 34000 കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) സഞ്ചാരികൾക്ക് ഇത്തരം ഹർത്താലുകൾ തെറ്റായ സന്ദേശമാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ടൂറിസം മേഖലയിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കുന്നതിന് വകുപ്പുതലത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. ഹർത്താലിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 15-5-2018-ന് സർവ്വകക്ഷി യോഗം വിളിക്കുകയും വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ പ്രസ്തുത സർവ്വകക്ഷിയോഗത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ചിരുന്നു.

(ബി) വിനോദസഞ്ചാര വകുപ്പ് ഈ വിഷയം പരിശോധിച്ചിട്ടില്ല.

(സി) 2017 കലണ്ടർ വർഷം കേരളം സന്ദർശിച്ച മൊത്തം വിനോദ സഞ്ചാരികളുടെ എണ്ണം 1,57,65,390 ആണ്. ഇതിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1,46,73,520 ആണ്. വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,91,870 ആണ്.

(ഡി) 2017 കലണ്ടർ വർഷം ടൂറിസം മേഖലയിലെ ആകെ വരുമാനം 33383.68 കോടി രൂപയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 8392.11 കോടി രൂപയാണ് വിദേശ വിനോദസഞ്ചാരികളിൽ നിന്നും ലഭിച്ചതായി കണക്കാക്കിയിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹർത്താലിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിച്ച് ചേർത്ത് വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ സർവ്വകക്ഷിയോഗം ഐകകണ്ഠേന തീരുമാനിച്ചിരുന്നു.

## നിലയ്ക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങളിലെ അന്നദാനം

234 (4344) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലയ്ക്കൽ, പമ്പ, എരുമേലി എന്നിവിടങ്ങളിലെ അന്നദാനം നടത്തുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആർ.എസ്.എസ്. സംഘടനയായ അയ്യപ്പ സേവാ സമാജത്തെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായ സാഹചര്യമാണോ പ്രസ്തുത സംഘപരിവാർ സംഘടനയെ അന്നദാനം ഏൽപ്പിക്കാൻ കാരണമായത് എന്ന് വെളിപ്പെടുത്താമോ;

(സി) ദേവസ്വം ബോർഡിന്റെ ഈ തീരുമാനത്തിന് ദേവസ്വം കമ്മീഷണർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) എരുമേലി ദേവസ്വത്തിൽ മുൻ വർഷങ്ങളിലേതുപോലെ അയ്യപ്പ സേവാ സമാജത്തിന് ബോർഡ് ഉത്തരവുപ്രകാരം അന്നദാനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്. നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് തന്നെയാണ് അന്നദാനം നടത്തുന്നത്. അന്നദാനത്തിന് ആവശ്യമായ സാധന സാമഗ്രികൾ, ശ്രമദാനം എന്നിവ സംഭാവന ഇനത്തിൽ

വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ സ്വീകരിച്ച് അന്നദാനത്തിൽ പങ്കാളിയാക്കുക മാത്രമാണ് ചെയ്യുന്നതെന്നും ഏതെങ്കിലും വ്യക്തികളുടെയോ സംഘടനകളുടെയോ മേൽവിലാസത്തിൽ അന്നദാനം നടത്തുന്നതിന് അനുവാദം നൽകിയിട്ടില്ലെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) അല്ല. അന്നദാനം നടത്തുന്നതിന് വ്യക്തികളുടെയോ സംഘടന കളുടെയോ സഹായം മുൻകാലങ്ങളിലേതുപോലെ സ്വീകരിച്ചിട്ടുണ്ട്.

(സി) അന്നദാനത്തിന് സാധന സാമഗ്രികൾ സ്വീകരിക്കുന്നതിനും ശ്രമദാനം സ്വീകരിക്കുന്നതിനും ദേവസ്വം ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷണർ അനുമതി നൽകിയിട്ടുണ്ട്.

**ദേവസ്വം ബോർഡുകളുടെ വരവുചെലവ് കണക്കുകൾ**

235 (4345) <u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ ദേവസ്വം ബോർഡിന്റെയും വാർഷിക വരുമാനം, മൊത്തം ചെലവ്, താൽക്കാലികമായും സ്ഥിരമായും ജോലി ചെയ്യുന്നവരുടെ എണ്ണം എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**യുവതീ പ്രവേശന വിഷയത്തിലെ സത്യവാങ്മൂലങ്ങൾ**

236 (4346) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തേണ്ട തില്ലായെന്നും യുവതീ പ്രവേശനം പാടില്ലെന്ന 1991 ലെ ഹൈക്കോടതി ഉത്തരവ് തുടരണമെന്നും ആവശ്യപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച സത്യവാങ്മൂലം ഈ സർക്കാർ പിൻവലിക്കുന്നതിന് ആസ്പദമായ സാഹചര്യങ്ങളും കാരണങ്ങളും വിശദമാക്കുമോ;

(ബി) യുവതീപ്രവേശന വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും വ്യത്യസ്തമായ സത്യവാങ്മൂലം നൽകിയതിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശബരിമലയിലെ സ്ത്രീ പ്രവേശന വിഷയം ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടതായതിനാൽ ഹിന്ദുധർമ്മ ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ആചാര്യന്മാരുടെ അഭിപ്രായം തേടിയശേഷം തീരുമാനമെടുക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കുമെന്നും ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും 2007-ൽ സംസ്ഥാന സർക്കാർ നൽകിയിരുന്ന സത്യവാങ്മൂലം മുൻ സർക്കാർ പിൻവലിച്ച് പുതിയ സത്യവാങ്മൂലം നൽകുകയാണുണ്ടായത്. ഈ സർക്കാർ 2007-ലെ സത്യവാങ്മൂലത്തിൽ ഉറച്ചുനിൽക്കുന്നതായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിക്കുകയാണുണ്ടായത്. സർക്കാരിനും സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും അവരുടെ നിലപാട് കോടതിയെ ധരിപ്പിക്കുന്നതിനുള്ള പൂർണ്ണ അധികാരമുണ്ട്.

## ശബരിമല സ്ത്രീ പ്രവേശനത്തിൽ സുപ്രീംകോടതിയിലെ സർക്കാർ നിലപാട്

237 (4347) <u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സ്വീകരിച്ച നിലപാട് വിശദീകരിക്കാമോ;

(ബി) 1965-ലെ നിയമത്തിലെ സുപ്രീംകോടതി റദ്ദാക്കിയ ചട്ടങ്ങൾ സ്ത്രീകളോടുള്ള വിവേചനത്തിന്റെ ഭാഗമായി കാണാൻ സാധിക്കില്ല എന്ന നിലപാട് സർക്കാർ പ്രസ്തുത കേസിൽ സ്വീകരിച്ചിരുന്നോ;

(സി) ശബരിമല സ്ത്രീ പ്രവേശനക്കേസ്സിൽ മുൻ സർക്കാർ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മുൻ സർക്കാർ സ്വീകരിച്ച നിലപാടിൽ നിന്നും വ്യത്യസ്ത നിലപാട് സ്വീകരിച്ചിരുന്നോ; ഇതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ സ്ത്രീകൾ പ്രവേശിക്കുന്നതിന് സർക്കാർ എതിരല്ലെന്നും എന്നാൽ ഇത് ആചാരസംബന്ധമായ വിഷയമായതിനാൽ ഹിന്ദു ധർമ്മ ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള പണ്ഡിതന്മാരുടെ കമ്മീഷൻ രൂപീകരിച്ച് അവരുടെ അഭിപ്രായം കൂടി തേടിയതിനുശേഷം തീരുമാനം കൈക്കൊള്ളുന്നതാണ് ഉചിതമെന്നും ഇക്കാര്യത്തിൽ സർക്കാർ നിയമ നിർമ്മാണത്തിനില്ലെന്നും കോടതി വിധി എന്തായാലും അനുസരിക്കുമെന്നുമുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) 1965-ലെ നിയമത്തിലെ ചട്ടങ്ങൾ സംബന്ധിച്ച് സർക്കാർ പ്രത്യേക സത്യവാങ്മൂലം നൽകിയിട്ടില്ല.

(സി) 2007-ൽ അന്നത്തെ സർക്കാർ നൽകിയ സത്യവാങ്മൂലം പിൻവലിച്ച് ശബരിമലയിൽ യുവതികളായ സ്ത്രീകൾ പ്രവേശിക്കുന്നതിന് സർക്കാർ അനുകൂലിക്കുന്നില്ലെന്ന നിലപാടാണ് മുൻ സർക്കാർ സ്വീകരിച്ചത്.

(ഡി) ശബരിമല സ്ത്രീ പ്രവേശനക്കേസ്സിൽ 2007-ൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ ഉറച്ചുനിൽക്കുന്നതായിട്ടുള്ള നിലപാടാണ് ഈ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ അറിയിച്ചിട്ടുള്ളത്.

**ശബരിമല വരുമാനം**

238(4348) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല ക്ഷേത്രത്തിൽ നിന്നുള്ള വരുമാനം ഏത് രീതിയിലാണ് ചെലവഴിക്കപ്പെടുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ശബരിമല ക്ഷേത്രത്തിൽ നിന്നുമുള്ള വരുമാനം ശബരിമലയിലെ ചെലവുകൾക്കും അതോടൊപ്പംതന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിവിധ ഓഫീസുകളിലും മറ്റ് ക്ഷേത്രങ്ങളിലും ജോലി നോക്കുന്ന ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ക്ഷേത്രങ്ങളിലെ ദൈനംദിന ചെലവുകൾ മരാമത്തു പണികൾ എന്നിവയ്ക്കായി വിനിയോഗിക്കുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി

239 (T*4349) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കുവേണ്ടി 2018-19 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 27-11-2018 വരെ ഈ പ്രോജക്ടുകൾക്ക് എത്ര തുക ചെലവായെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഇനങ്ങൾക്കാണ് തുക ചെലവായതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 2018-19 വർഷം സംസ്ഥാന ബജറ്റിൽ 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തീർത്ഥാടകർക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) 2018-2019 സാമ്പത്തിക വർഷം വകയിരുത്തിയ 28 കോടി രൂപയിൽ 27-11-2018 വരെ 12.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 5000 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള അന്നദാന മണ്ഡപം, സന്നിധാനത്ത് നിർമ്മാണത്തിലിരിക്കുന്ന 60 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണി, അയ്യപ്പഭക്തർക്കും ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിനുള്ള ദർശനം കോംപ്ലക്സ് തുടങ്ങിയവയാണ് ഈ തുക വിനിയോഗിച്ച് നിർമ്മിച്ച പ്രധാനപ്പെട്ട പദ്ധതികൾ.

## ശബരിമല സൗകര്യങ്ങൾ സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം

240 (4350) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ അടിയന്തരമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിരിക്കുന്നത്;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ശബരിമലയിലെ പൈപ്പുകളിലും ടോയ്‌ലെറ്റുകളിലും വെള്ളം ഇല്ലെന്നും ഇതുകാരണം പമ്പാ നദി മലിനമാകുന്നുവെന്നുമുള്ള കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവിടങ്ങളിൽ വെള്ളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) ശബരിമലയിൽ ഡ്യൂട്ടിയിലുള്ള പോലീസുകാർക്കും മറ്റു ജീവനക്കാർക്കും അടിസ്ഥാന സൗകര്യങ്ങൾപോലും നിഷേധിച്ചിരിക്കുകയാണ് എന്ന് കമ്മീഷൻ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) അത്തരം നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇനിപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡ്ഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

(ബി) പൈപ്പുകളിലും ടോയ്‌ലെറ്റുകളിലും ആവശ്യമായ വെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഡ്യൂട്ടിയിലുള്ള പോലീസുകാർക്കും മറ്റു ജീവനക്കാർക്കും ഭക്ഷണം, താമസസൗകര്യം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## ശബരിമല മാസ്റ്റർപ്ലാൻ സംബന്ധിച്ച സി.ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം

241 (4351) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിൽ സർക്കാരും വകുപ്പും പൂർണ്ണമായി പരാജയപ്പെട്ടുവെന്ന സി.ആന്റ് എ.ജി.-യുടെ സാമ്പത്തിക മേഖല സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന ഖരമാലിന്യ സംസ്കരണം, ഭൂഗർഭ വൈദ്യുതി കേബിൾ എന്നിവ സ്ഥാപിക്കുന്നതിൽ വകുപ്പ് വീഴ്ചവരുത്തി എന്ന സി.ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം അതീവ ഗൗരവമുള്ളതല്ലേ എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വീഴ്ചകൾ ശബരിമലയുടെ വികസനത്തിനായി ഭാവിയിൽ വനഭൂമി വിട്ടുകിട്ടാനുള്ള സാധ്യത ഇല്ലാതാക്കും എന്ന റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ വീഴ്ചകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സി.ആന്റ്.എ.ജി.-യുടെ പരാമർശം ലഭ്യമായിട്ടില്ല.

## ദേവസ്വം ബോർഡ് ശബരിമലയിൽ ഒരുക്കിയ അടിസ്ഥാന സൗകര്യങ്ങൾ

242 (4352) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്ത് ദേവസ്വം ബോർഡ് അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള വസ്തുതാ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഭക്തർക്കായി ദേവസ്വം ബോർഡ് ശബരിമലയിൽ ചെയ്തിട്ടുള്ളത്;

(സി) പ്രളയം ഏറെ കഷ്ടനഷ്ടങ്ങൾ വരുത്തിയിട്ടും ചുരുങ്ങിയ സമയത്തിനുള്ളിൽ സന്നിധാനത്തും പരിസര പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ ഒരുക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മണ്ഡലകാലത്ത് അയ്യപ്പൻമാർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും മുൻ വർഷത്തെപ്പോലെ ഒരുക്കിയിട്ടുള്ളതാണ്.

(ബി&സി) 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കാനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

**ദേവസ്വം ബോർഡ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം**

243 (4353) <u>ശ്രീ. കെ. സി. ജോസഫ്</u>:
<u>ശ്രീ. കെ.മുരളീധരൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. ഐ.സി.ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹേന്ദ്രൻ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നോ; പ്രസ്തുത സത്യവാങ്മൂലത്തിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ശബരിമലയിൽ പത്ത് മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾക്ക് പ്രവേശനം നിഷേധിച്ച നടപടി കാലാകാലങ്ങളായി നിലനിൽക്കുന്ന ആചാരമല്ല എന്ന് സംസ്ഥാനം ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ബോർഡ് അഭിപ്രായം അറിയിച്ചിരുന്നുവോ;

(സി) ശബരിമലയിൽ പല സന്ദർഭങ്ങളിലും പത്ത് മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾ പ്രവേശിച്ചിരുന്നു എന്ന് സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നോ;

(ഡി) സുപ്രീംകോടതിയിലെ ശബരിമല യുവതീ പ്രവേശന കേസ്സിൽ പത്തു മുതൽ അൻപതുവരെ പ്രായമുള്ള യുവതികൾക്ക് പ്രവേശനം അനുവദിക്കാൻ പാടില്ല എന്ന നിലപാട് സ്വീകരിച്ച ബോർഡ് മഹേന്ദ്രൻ കേസ്സിൽ ഹൈക്കോടതി മുമ്പാകെ നൽകിയ സത്യവാങ്മൂലത്തിലെ അവ്യക്തത സുപ്രീംകോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടോ;

(ഇ) തിരുവിതാംകൂർ ദേവസ്വം ബോർഡ് മഹേന്ദ്രൻ കേസ്സിൽ നൽകിയ സത്യവാങ്മൂലം ശബരിമല കേസ്സിലെ സുപ്രീംകോടതി വിധികളെ സ്വാധീനിച്ചതായി കരുതുന്നുണ്ടോ?

## ഉത്തരം

(എ&ബി) നൽകിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകിയ സത്യവാങ്മൂലം ലഭ്യമല്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. 9015/1990-ാം നമ്പർ ഒ.പി.-യിലെ 5-4-1991-ലെ വിധി പരിശോധിച്ചതിൽ 5,6,7,8 ഖണ്ഡികകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകിയ സത്യവാങ്മൂലം സംബന്ധിച്ചാണ് പരാമർശിച്ചിരിക്കുന്നത്. പരാതിക്കാരന് ഭരണഘടനയുടെ ആർട്ടിക്കിൾ 226 പ്രകാരം ഇങ്ങനെയൊരു പരാതി ബോധിപ്പിക്കാൻ അവകാശമില്ലായെന്നും ആചാരപരമായ കാര്യങ്ങൾ തീരുമാനിക്കേണ്ടത് ക്ഷേത്രതന്ത്രിയാണെന്നും 41 ദിവസത്തെ വ്രതമെടുത്താണ് മുൻകാലങ്ങളിൽ ഭക്തർ ദർശനത്തിന് എത്തിയിരുന്നതെന്നും 1115 എം.ഇ.-ൽ തിരുവിതാംകൂർ മഹാരാജാവ് മഹാറാണിയോടൊപ്പം ക്ഷേത്രദർശനം നടത്തിയിട്ടുണ്ടായിരുന്നുവെന്നും പണ്ടുകാലങ്ങളിൽ സ്ത്രീകൾ ക്ഷേത്രത്തിൽ ദർശനം നടത്തിയിരുന്നുവെന്നും എന്നാൽ വലിയതോതിൽ എത്തിയില്ലായിരുന്നുവെന്നും 1969-ൽ ധ്വജപ്രതിഷ്ഠയ്ക്കുശേഷം നിലവിലുള്ള രീതിയിൽ മാറ്റം വന്നുവെന്നും 20 വർഷമായി മാസപൂജ സമയങ്ങളിൽ സ്ത്രീകൾക്ക് പ്രവേശിക്കാമെന്നും എന്നാൽ മണ്ഡല മകരവിളക്ക്, വിഷു സമയങ്ങളിൽ അവരെ അനുവദിക്കാറില്ലെന്നും ബോർഡ് പ്രസ്തുത സത്യവാങ്മൂലത്തിൽ ബോധിപ്പിച്ചിട്ടുള്ളതായി കാണുന്നു.

(സി) വിധിയുടെ 8-ാം ഖണ്ഡിക പരിശോധിച്ചതിൽ ശബരിമലയിൽ പല സന്ദർഭങ്ങളിലും പത്ത് മുതൽ അമ്പതുവരെ പ്രായമുള്ള യുവതികൾ പ്രവേശിച്ചിരുന്നുവെന്ന് സത്യവാങ്മൂലത്തിൽ പരാമർശിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഈ വിഷയങ്ങൾ പരാമർശിച്ചിട്ടില്ല.

(ഇ) ശബരിമല കേസ്സിലെ സുപ്രീംകോടതി വിധിയിൽ ഭരണഘടന അനുവദിക്കുന്ന തുല്യനീതിയെ സംബന്ധിച്ചാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാൽ മഹേന്ദ്രൻ കേസ്സിലെ സത്യവാങ്മൂലം സുപ്രീംകോടതി വിധിയെ സ്വാധീനിച്ചതായി കരുതാൻ കഴിയില്ല.

**ശബരിമലയിൽ ഹൈക്കോടതി നിരീക്ഷണ സമിതി**

244(4354) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കാൻ ഹൈക്കോടതി നിരീക്ഷണ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ശബരിമല വിഷയം കൈകാര്യം ചെയ്യുന്നതിൽ സർക്കാരും ബോർഡും പൂർണ്ണമായി പരാജയപ്പെട്ടു എന്നതിന് തെളിവായി ഹൈക്കോടതിയുടെ ഈ നടപടി വിലയിരുത്തുന്നുണ്ടോ;

(സി) പ്രസ്തുത നിരീക്ഷണ സമിതിയുടെ അധികാരങ്ങൾ വിശദീകരിക്കാമോ;

(ഡി) ശബരിമലയിലെ അമിതമായ പോലീസ് നിയന്ത്രണം നീക്കണം എന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് പോലീസിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) തീർത്ഥാടകർക്ക് സർക്കാരും ദേവസ്വം ബോർഡും മറ്റ് വകുപ്പുകളും ഏർപ്പെടുത്തിയ സൗകര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിരീക്ഷണ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും കൈക്കൊണ്ടിട്ടുള്ള നടപടികൾ പരിശോധിക്കുന്നതിനും ഇതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുമുള്ള അധികാരം നിരീക്ഷണ സമിതിക്ക് ഹൈക്കോടതി നൽകിയിട്ടുണ്ട്.

(ഡി) മഹാകാണിക്ക, വാവരുനട എന്നിവിടങ്ങളിലെ ബാരിക്കേഡ് നീക്കം ചെയ്യണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലീസ് ഡിപ്പാർട്ട്മെന്റിനോട് അഭ്യർത്ഥിച്ചതനുസരിച്ച് ഇതുസംബന്ധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതാണ്.

**ശബരിമലയിലെ യുവതീ പ്രവേശനം**

245 (4355) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഏതെങ്കിലും സംഘടനകളുമായോ വ്യക്തികളുമായോ രാഷ്ട്രീയ പാർട്ടികളുമായോ ചർച്ചകൾ നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നിലവിൽ സ്വീകരിച്ചിരിക്കുന്ന നിലപാട്/തീരുമാനം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യുവതീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ട് തന്ത്രികുടുംബം, പന്തളം കൊട്ടാരം, വിവിധ ഹൈന്ദവ സംഘടനകൾ എന്നിവരുമായി ദേവസ്വം ബോർഡ് ചർച്ച നടത്തിയിരുന്നു. സർക്കാർ സർവ്വകക്ഷിയോഗം വിളിക്കുകയും തന്ത്രികുടുംബം, പന്തളം കൊട്ടാരം പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു.

(ബി) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ബാദ്ധ്യതയുള്ളതാണ്. എന്നാൽ കൂടുതൽ സ്ത്രീകൾ വന്നാൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ഇതുസംബന്ധിച്ച് സാവകാശ ഹർജി ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

## ശബരിമലയിലെ പോലീസ് സുരക്ഷയ്ക്ക് നൽകിയ തുക

246 (4356) <u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ പോലീസ് സുരക്ഷ ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ബോർഡിനോട് ആഭ്യന്തര വകുപ്പ് തുക ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ എത്ര തുക നാളിതുവരെ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമലയിൽ പോലീസ് സുരക്ഷ ഏർപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ബോർഡിനോട് ആഭ്യന്തര വകുപ്പ് തുക ആവശ്യപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ശബരിമലയിലെ അനധികൃത കെട്ടിട നിർമ്മാണം

247 (4357) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി നിയമിച്ച ശബരിമല ഹൈപവർ കമ്മിറ്റി ശബരിമലയിലെ അനധികൃത കെട്ടിട നിർമ്മാണം ഒഴിവാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാരും ദേവസ്വം ബോർഡും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സുപ്രീംകോടതി അംഗീകരിച്ച ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമല്ലാതെ പമ്പയിലും സന്നിധാനത്തും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(സി) ആയത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർ പ്ലാനിനു വിരുദ്ധമായി എന്തെങ്കിലും നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യണമെന്ന് സുപ്രീം കോടതി നിയോഗിച്ച എംപവേഡ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. നിർദ്ദേശം ദേവസ്വം ബോർഡ് പരിശോധിച്ചുവരുന്നു.

(ബി&സി) മാസ്റ്റർ പ്ലാൻ അംഗീകരിച്ചതിനുശേഷം ശബരിമലയിൽ നടന്നിട്ടുള്ള എല്ലാ നിർമ്മാണ പ്രവൃത്തികളും മാസ്റ്റർ പ്ലാനിന് വിധേയമായിട്ടാണ് നടന്നിട്ടുള്ളതെന്ന് ദേവസ്വം ബോർഡ് വിലയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

**ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണം**

248 (4358) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്കുകാരണം ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയം തകർത്തെറിഞ്ഞ പമ്പയിലെ അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) സുപ്രീംകോടതിയുടെ പുതിയ വിധിയുടെ അടിസ്ഥാനത്തിൽ കൂടുതലായി എന്തൊക്കെ സൗകര്യങ്ങളാണ് ശബരിമലയിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്കുകാരണം ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനുമായി നിലയ്ക്കൽ ബേസ് ക്യാമ്പാക്കി ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും സന്നിധാനത്തെ തിരക്കിനനുസരിച്ച് നിലയ്ക്കലിൽനിന്നും തീർത്ഥാടകരെ നിയന്ത്രിച്ച് കടത്തിവിടുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സന്നിധാനത്ത് പോലീസിന്റെ ഡിജിറ്റൽ ക്യൂ സിസ്റ്റവും ഏർപ്പെടുത്തിയിട്ടുണ്ട്. സുഗമമായ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

(ബി) പ്രളയത്തിൽ നാശനഷ്ടമുണ്ടായ പമ്പയിലെ അന്നദാന മണ്ഡപവും ഹോട്ടൽ കോംപ്ലക്സും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കുകയുണ്ടായി. പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് പമ്പാനദിയെ സാധാരണ നിലയിലാക്കിയിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം

പുതിയ ബയോ ടോയ്‌ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പൈപ്പ് ലൈനുകൾ പൂർണ്ണമായും മാറ്റി പുതിയ ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണം സജ്ജമാക്കിയിട്ടുണ്ട്.

(സി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

**ശബരിമലയിൽ യുവതീ പ്രവേശം**

249 (4359) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള വിധി നടപ്പിലാക്കുന്നതിൽ സർക്കാർ അനാവശ്യ തിടുക്കം കാണിച്ചു എന്ന നിലപാട് ദേവസ്വം ബോർഡിനുണ്ടോ എന്നറിയിക്കാമോ ;

(ബി) ശബരിമല സ്ത്രീ പ്രവേശന കേസ്സിൽ ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ എന്ത് നിലപാടാണ് എടുത്തിരുന്നത്; ആ നിലപാടിൽ മാറ്റം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ദേവസ്വം ബോർഡിന് അത്തരം നിലപാടില്ല.

(ബി) മുൻബോർഡുകൾ എടുത്തിരുന്ന പ്രായഭേദമെന്യേ സ്ത്രീ പ്രവേശനത്തിന് അനുകൂലമായ നിലപാടല്ല ദേവസ്വം ബോർഡ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്ന സാഹചര്യത്തിൽ ആയത് നടപ്പിലാക്കുന്നതിന് ഭരണഘടനാ സ്ഥാപനമെന്ന നിലയ്ക്ക് ദേവസ്വം ബോർഡിനും ബാധ്യതയുണ്ട്. വിധി നടപ്പിലാക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ സാവകാശം ആവശ്യപ്പെട്ടുകൊണ്ട് ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സാവകാശ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

## ശബരിമലയിൽ നിന്നുള്ള വരുമാനം കുറയാനുണ്ടായ സാഹചര്യം

250 (4360) ശ്രീ. കെ . മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് ശബരിമലയിൽ നിന്നുള്ള വരുമാനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്താമോ;

(ബി) ശബരിമലയിലെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണോ; ജീവനക്കാരുടെ ശമ്പളവും പെൻഷനെയും സാമ്പത്തിക പ്രതിസന്ധി ബാധിക്കുന്ന സാഹചര്യമുണ്ടോ;

(സി) ശബരിമലയിൽ പോലീസ് വിന്യാസം ഏർപ്പെടുത്തിയത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകാനുള്ള ഒരു കാരണമല്ലേയെന്നറിയിക്കുമോ;

(ഡി) ശബരിമലയിൽ പോലീസ് നിയന്ത്രണമേർപ്പെടുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശബരിമലയിൽ തീർത്ഥാടകരെന്ന പേരിൽ ഒരുകൂട്ടം സാമൂഹ്യവിരുദ്ധരുടെ അക്രമാസക്തമായ പ്രതിഷേധ പ്രവർത്തനങ്ങളും ആചാര ലംഘനവുംമൂലം മുൻ വർഷത്തെ അപേക്ഷിച്ച് ശബരിമലയിൽ തീർത്ഥാടകരുടെ എണ്ണത്തിൽ ആദ്യ ദിനങ്ങളിൽ കുറവുണ്ടായതിനാൽ വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധി ഒന്നുംതന്നെയില്ലെന്നും ജീവനക്കാരുടെ ശമ്പളമോ പെൻഷനോ നൽകുന്നതിന് യാതൊരു തടസ്സവുമില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) അപ്രകാരം വിലയിരുത്തേണ്ട സാഹചര്യമില്ല.

(ഡി) സമാധാനപൂർണ്ണമായ ദർശനവും ഭക്തർക്ക് സുരക്ഷയും ഒരുക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. ഈയൊരു സാഹചര്യത്തിലാണ് ശബരിമലയിൽ പോലീസ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

## ശബരിമലയിൽ വരുമാനത്തിലുള്ള കുറവ്

251 (4361) ശ്രീ. എം. വിൻസെന്റ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പോലീസിന്റെ നിയന്ത്രണങ്ങൾ ഭാഗികമായി പിൻവലിച്ചതിനുശേഷം ഭക്തന്മാരുടെ എണ്ണത്തിൽ വർദ്ധനവ് സംഭവിച്ചിട്ടുണ്ടോ;

(ബി) ശബരിമലയിൽ ഭക്തന്മാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും വരുമാനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടായിട്ടില്ല എന്നത് വസ്തുതയാണോ;

(സി) വാവർ നടയിലും മഹാകാണിക്കയ്ക്ക് മുന്നിലും പോലീസ് ബാരിക്കേഡുകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയതാണോ വരുമാനം കുറയാൻ കാരണമായിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ശബരിമലയിൽ സ്ഥിതി ശാന്തമായതിനാൽ പോലീസ് നിയന്ത്രണം പിൻവലിക്കാൻ ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതര സംസ്ഥാന ഭക്തന്മാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും മലയാളികളുടെ എണ്ണത്തിൽ വർദ്ധനവ് കാണാത്തത് എന്തുകൊണ്ടാണെന്ന് ബോർഡ് വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പോലീസ് നടപടിയിലൂടെ പ്രതിഷേധക്കാരെ നിയന്ത്രിച്ചതിലൂടെ സന്നിധാനത്ത് ശാന്തിയും സമാധാനവും കൈവന്നപ്പോൾ ഭക്തരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി.

(ബി) ഭക്തരുടെ വരവിന് ആനുപാതികമായി വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) അല്ല.

(ഡി) ഇല്ല. തീർത്ഥാടകർക്ക് സുഗമമായ ദർശനമൊരുക്കുന്നതിനായാണ് പോലീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽനിന്നും വരുന്ന ഭക്തരുടെ എണ്ണത്തിൽ സമീപ ദിവസങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ

252 (4362) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പ്രളയത്തിൽ തകർന്ന അടിസ്ഥാന സൗകര്യങ്ങളിൽ ഏതൊക്കെ പുനഃസ്ഥാപിച്ചു എന്നും പരിസ്ഥിതി സൗഹൃദപരമായാണോ പുനഃസ്ഥാപിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) താൽക്കാലികമായി പുനഃസ്ഥാപിച്ച സൗകര്യങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശബരിമല, നിലയ്ക്കൽ എന്നീ സ്ഥലങ്ങളിൽ പ്രളയത്തിൽ പറയത്തക്ക നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. നിലയ്ക്കൽ ബേസ് ക്യാമ്പാക്കാൻ തീരുമാനിച്ചതിനാൽ പമ്പയിൽ സൗകര്യങ്ങൾ പൂർണ്ണമായി പൂർവ്വസ്ഥിതിയിലാക്കേണ്ട കാര്യമില്ല. പമ്പയിൽ 264 ടോയ്‌ലെറ്റുകൾ, റെസ്റ്റോറന്റ് ബ്ലോക്ക്, അന്നദാന മണ്ഡപം മുതലായ കെട്ടിടങ്ങൾ ഈ സീസണിൽ ഉപയോഗിക്കത്തക്ക രീതിയിൽ വൃത്തിയാക്കി പുനരുദ്ധാരണം നടത്തി തയ്യാറാക്കിയിട്ടുണ്ട്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ക്ഷേത്രങ്ങൾ

253 (4363) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ എത്ര ക്ഷേത്രങ്ങളുണ്ട്; അവയുടെ പേരു വിവരം വ്യക്തമാക്കാമോ ;

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ക്ഷേത്രത്തിന്റെയും പ്രതിമാസ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ദേവസ്വം ബോർഡ് 2018-19 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ എത്ര ക്ഷേത്രങ്ങൾക്ക് ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) നവംബർ മാസത്തെ വരുമാനം അനുബന്ധമായി ചേർക്കുന്നു.*

(സി) ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് മരാമത്ത് പണികൾക്കും മറ്റ് ചെലവുകൾക്കും ബജറ്റിൽ പൊതുവായ ഹെഡ്ഡിൽ തുക ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു ഗ്രൂപ്പിലേയ്ക്കായി പ്രത്യേകിച്ച് ഹെഡ് രൂപീകരിച്ച് ഫണ്ട് ഉൾപ്പെടുത്താറില്ല.

## ഗുരുവായൂർ ദേവസ്വത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

254 (4364) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 31-08-2017-ന് ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രസ്താവത്തിൽ ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നേരിട്ട് നിയമനം നടത്തണമെന്നും നിലവിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തരുതെന്നും പത്ത് വർഷം സേവനം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ദേവസ്വം ഭരണസമിതിക്ക് അധികാരമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹൈക്കോടതി വിധി സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ:

(സി) പത്ത് വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഗുരുവായൂർ ദേവസ്വത്തിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) സുപ്രീംകോടതി സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ പത്ത് വർഷം സർവ്വീസ് പൂർത്തിയാക്കിയ താൽക്കാലിക ജിവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഗുരുവായൂർ ദേവസ്വത്തിന് അധികാരമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുസംബന്ധിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായി ഗുരുവായൂർ ദേവസ്വം ഭരണസമിതി ചർച്ച ചെയ്യുകയും പത്ത് വർഷം സർവ്വീസ് പൂർത്തീകരിച്ച താൽക്കാലിക ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി നിലവിലെ ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നുവെന്ന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഹൈക്കോടതി വിധിക്കെതിരെ ദേവസ്വം മാനേജിംഗ് കമ്മിറ്റിയും ചില താൽക്കാലിക ജീവനക്കാരും സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റാറ്റസ്കോ നിലനിർത്താൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഗുരുവായൂർ ദേവസ്വം കൗൺസിലിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) 10 വർഷം സർവ്വീസ് പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് സുപ്രീംകോടതിയുടെ പരിഗണനയിലുള്ള കേസ്സിൽ സ്റ്റാറ്റസ്കോ നിലനിർത്താൻ ഇടക്കാല ഉത്തരവ് നിലവിലുണ്ട്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം**

255 (4365) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രകലാ അക്കാദമിയിൽ നിലവിൽ ഏതെല്ലാം കോഴ്സുകളിലാണ് പരിശീലനം നൽകുന്നതെന്നും നാളിതുവരെയായി എത്രപേർ പ്രസ്തുത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രകലാ അക്കാദമിയുടെ സുഗമമായ പ്രവർത്തനത്തിന് ഫണ്ട് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

ചെണ്ട - 91

ഓട്ടം തുള്ളൽ - 12

തെയ്യം മുഖത്തെഴുത്ത് - 16

ചുമർ ചിത്രം - കോഴ്സ് തുടരുന്നു.

സോപാന സംഗീതം - ഇല്ല

ആകെ 119 പേർ പ്രസ്തുത കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം പ്രത്യേക വിഹിതമായി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന ചെയർമാന്റെ അപേക്ഷ പരിശോധിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആശ്രിത നിയമനങ്ങൾ**

256 (4366) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് നിലവിൽ അവലംബിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആശ്രിത നിയമനം സംബന്ധിച്ച് ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ് ഗ്രൂപ്പ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടി അർഹതയുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ആദ്യത്തെ ലിസ്റ്റിൽ 56 പേരും രണ്ടാമത്തെ ലിസ്റ്റിൽ 44 പേരും ഉൾപ്പെടുന്നു. പ്യൂൺ തസ്തികയിൽ ആദ്യ ലിസ്റ്റിൽ 4 പേരും രണ്ടാമത്തെ ലിസ്റ്റിൽ 6 പേരും ഉണ്ട്. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10 ശതമാനം കണക്കാക്കിയാണ് ആശ്രിത നിയമനം നൽകുന്നത്.

(ബി) ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഡെത്ത് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് പട്ടിക തയ്യാറാക്കിവരുന്നത്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിലെ നിയമനങ്ങൾ

257 (4367) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ 2017 മുതൽ ഇതുവരെ സ്ഥിരമായും താൽക്കാലികമായും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് നിയമനങ്ങൾ നടന്നിട്ടുള്ളത്;

(ബി) നിയമനം ലഭിച്ചവരുടെ പേര്, വിലാസം, യോഗ്യത, നിയമനം ലഭിച്ച തസ്തിക, നിയമനം ലഭിച്ച കോളേജ് എന്നിവ വ്യക്തമാക്കാമോ; ഇവർക്ക് നൽകി വരുന്ന ശമ്പളത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ;

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡ് കോളേജുകളിലേക്ക് ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചു; അപേക്ഷാ ഫീസിനത്തിൽ ബോർഡിന് എത്ര രൂപ ലഭിച്ചു; പ്രസ്തുത നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2017 മുതൽ ഇതുവരെ സ്ഥിരമായും താൽക്കാലികമായും നടന്ന നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) ഉണ്ട്. 31-8-2015, 9-3-2016 എന്നീ തീയതികളിലെ ആർ.ഒ.സി. 8468/15/കോളേജ് വിജ്ഞാപന പ്രകാരമാണ് പരസ്യം നൽകിയത്. യോഗ്യതാ മാനദണ്ഡങ്ങൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അപേക്ഷ ക്ഷണിച്ചിരുന്നു. ആകെ 1943 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷാ ഫീസിനത്തിൽ ആകെ 4,85,500 രൂപ (നാല് ലക്ഷത്തി എൺപത്തയ്യായിരത്തി അഞ്ഞൂറ് രൂപ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾക്കായി സർക്കാർ നോമിനിയെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡുകൾ ഏറ്റെടുത്ത ക്ഷേത്രങ്ങൾ

258 (4368) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് വിവിധ ദേവസ്വം ബോർഡുകൾ ഏറ്റെടുത്ത ക്ഷേത്രങ്ങൾ ഏതെല്ലാം എന്ന് ജില്ലതിരിച്ച് പട്ടികരൂപത്തിൽ ലഭ്യമാക്കുമോ;

(ബി) ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ വെള്ളൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന വാമന മൂർത്തി ക്ഷേത്രം.

മലബാർ ദേവസ്വം ബോർഡ്

1. ശ്രീപാർത്ഥ സാരഥി ക്ഷേത്രം, ഗുരുവായൂർ, ചാവക്കാട്, തൃശ്ശൂർ ജില്ല.
2. ശ്രീചാത്തൻ കണ്ടാർക്കാവ് ക്ഷേത്രം, ഒറ്റപ്പാലം, പാലക്കാട് ജില്ല.
3. ശ്രീകൊണ്ടംവള്ളി അയ്യപ്പ ക്ഷേത്രം, കൊയിലാണ്ടി, കോഴിക്കോട് ജില്ല,
4. ശ്രീചന്ദ്രനെല്ലൂർ ഭഗവതി ക്ഷേത്രം, തളിപ്പറമ്പ്, കാസർഗോഡ് ജില്ല.
5. ശ്രീപാലത്തറ ഭഗവതി ക്ഷേത്രം, പാലക്കാട് ജില്ല.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ്

നിലവിലുള്ള ക്ഷേത്രഭരണ സമിതിയുടെയോ ഭക്തജനങ്ങളുടെയോ അപേക്ഷ പ്രകാരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഇൻസ്പെക്ഷൻ) റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ പ്രസ്തുത ക്ഷേത്രം സന്ദർശിച്ച് ക്ഷേത്രത്തിന്റെ ആസ്തി, നിത്യവരുമാനം, വസ്തുവിന്റെ വിവരം എന്നിവ ലഭ്യമാക്കി ബോർഡിന്റെ അനുമതി വാങ്ങിയശേഷം ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ക്ഷേത്രം ഏറ്റെടുക്കുകയാണ് നിലവിലുള്ള നടപടിക്രമം.

മലബാർ ദേവസ്വം ബോർഡ്

ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 8 ബി സെക്ഷൻ പ്രകാരം ക്ഷേത്ര ട്രസ്റ്റിമാരുടെ അപേക്ഷ അനുസരിച്ച് സെക്ഷൻ 57 പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തി മലബാർ ദേവസ്വം ബോർഡ് ക്ഷേത്രഭരണം ഏറ്റെടുക്കുന്നതാണ്.

## ദേവസ്വം ക്ഷേത്രങ്ങളിലെ ആനകളുടെ പരിപാലനം

259 (4369) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ പരിപാലനത്തിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ വന്നിട്ടുണ്ടോ; ആയത് സംസ്ഥാനത്തെ ദേവസ്വം ക്ഷേത്രങ്ങളിലെ ആനകൾക്ക് ബാധകമാണോ;

(ബി) ഈ നിബന്ധനകൾ പാലിക്കുന്നതിനുവേണ്ടി എന്തെല്ലാം നിർദ്ദേശങ്ങൾ ആനകളുള്ള ദേവസ്വം ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത നിബന്ധനകൾ പാലിക്കാൻ കഴിയാത്ത ക്ഷേത്രങ്ങളിലെ ആനകളെ പരിപാലിക്കുന്നതിന് ദേവസ്വം ബോർഡ് പ്രത്യേക സംവിധാനം ഒരുക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2016-ൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ദേവസ്വം ആനകൾക്കും ബാധകമാണ്. മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ദേവസ്വങ്ങൾ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആനകളുടെ സംരക്ഷണ കാര്യത്തിൽ വീഴ്ചവരുത്തുന്നപക്ഷം ബോർഡു തലത്തിൽ ഇടപെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആനകൾ

260 (4370) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ നിലവിൽ എത്ര ആനകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ക്ഷേത്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് പ്രസ്തുത ആനകളെ പാർപ്പിച്ചു പരിപാലിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ കീഴിലുള്ള മറ്റ് ക്ഷേത്രങ്ങളിലെ ചടങ്ങുകൾക്ക് ഈ ആനകളെ വിട്ടുനൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇരുപത്തിയൊമ്പത് ആനകൾ. വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ പതിവിൻപടി ആന അനുവാദമുണ്ടെങ്കിൽ, ഡിപ്പാർട്ട്മെന്റ് വക ആനകളെ ഓരോ ജില്ലയിലെയും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ പ്രോഗ്രാം ചെയ്യുന്നതാണ്. ആന പതിവില്ലാത്ത അമ്പലങ്ങളിൽ ഒഴിവുള്ള പക്ഷം സൗജന്യമായി പ്രോഗ്രാം ചെയ്യുകയും സ്വകാര്യ ക്ഷേത്രങ്ങളിൽ ഉത്സവത്തിന് ഡിപ്പാർട്ട്മെന്റ് ആനകൾക്ക് പ്രോഗ്രാം ഇല്ലാത്തപക്ഷം വാടക ഈടാക്കിയും പ്രോഗ്രാം ചെയ്തുവരുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 4169-ാം നമ്പർ ചോദ്യം പിൻവലിച്ചിരിക്കുന്നു.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10.00 AM]

(പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ സഭയിൽ ഹാജരായി.)

## II ചരമോപചാരം

### എം. എം. ജേക്കബ്, കെ. വി. കുര്യൻ, എച്ച്. എൻ. അനന്ത് കുമാർ, എം. ഐ. ഷാനവാസ്, ഇ. നാരായണൻ നായർ, സി. എൻ. ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ കേന്ദ്ര മന്ത്രിയും മേഘാലയ ഗവർണറുമായിരുന്ന എം. എം. ജേക്കബ്, മുൻ നിയമസഭാംഗം കെ. വി. കുര്യൻ, കേന്ദ്ര പാർലമെന്ററികാര്യ, വളം-രാസവസ്തു വകുപ്പുമന്ത്രി എച്ച്. എൻ. അനന്ത് കുമാർ, വയനാട് പാർലമെന്റ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന അംഗം എം. ഐ. ഷാനവാസ്, മുൻ നിയമസഭാംഗം ഇ. നാരായണൻ നായർ, മുൻ മന്ത്രി സി. എൻ. ബാലകൃഷ്ണൻ എന്നിവർ അടുത്തിടെ നിര്യാതരായി.

എം. എം. ജേക്കബ്

മുൻ കേന്ദ്രമന്ത്രിയും മേഘാലയ ഗവർണറുമായിരുന്ന എം. എം. ജേക്കബ് 2018 ജൂലൈ 8-ന് അന്തരിച്ചു. ഉലഹന്നാൻ മാത്യു-റോസമ്മ മുണ്ടക്കൽ ദമ്പതികളുടെ മകനായി കോട്ടയം ജില്ലയിലെ രാമപുരം എന്ന സ്ഥലത്ത് 1928 ആഗസ്റ്റ് 9-ന് എം. എം. ജേക്കബ് ജനിച്ചു. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, തേവര സേക്രട്ട് ഹാർട്ട് കോളേജ്, മദ്രാസ് ലയോള കോളേജ്, ലഖ്നൗ യൂണിവേഴ്സിറ്റി കോളേജ്, ചിക്കാഗോ സർവ്വകലാശാല എന്നിവിടങ്ങളിലായിരുന്നു പഠനം.

ആചാര്യ വിനോബാഭാവെയുടെ ഭൂദാന പ്രസ്ഥാനത്തിൽ ആകൃഷ്ടനായി നേതൃത്വനിരയിൽ പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റുവുമായുള്ള ബന്ധമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ എത്തിച്ചത്. മൂന്നുതവണ കേന്ദ്ര സഹമന്ത്രിയായി. 1982-ലും 1988-ലും രാജ്യസഭയിലെത്തി. 1986-ൽ രാജ്യസഭ ഡെപ്യൂട്ടി ചെയർമാനായി. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായ ആദ്യ മലയാളിയാണ്. 1995 മുതൽ 2005 വരെ മേഘാലയ ഗവർണർ ആയിരുന്നു. 1996-ൽ കുറച്ചുകാലം അരുണാചൽ പ്രദേശ് ഗവർണർ സ്ഥാനവും വഹിച്ചിട്ടുണ്ട്.

ദീർഘകാലം എ.ഐ.സി.സി. അംഗമായിരുന്ന അദ്ദേഹം കെ.പി.സി.സി. ജനറൽ സെക്രട്ടറി, ട്രഷറർ, സേവാദൾ സംസ്ഥാന ചെയർമാൻ, വീക്ഷണം മാനേജിംഗ് ഡയറക്ടർ എന്നീ സ്ഥാനങ്ങളും വഹിച്ചു. 1986-ൽ നടന്ന കോമൺവെൽത്ത് അംഗരാഷ്ട്രങ്ങളിലെ പാർലമെന്റംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്. ഐക്യരാഷ്ട്ര പൊതുസഭയിൽ ഇന്ത്യൻ പ്രതിനിധിയായിട്ടുണ്ട്. ഫ്രാൻസിൽ നടന്ന മനുഷ്യാവകാശ സമ്മേളനത്തിലും വിയന്നയിൽ നടന്ന കോമൺവെൽത്ത് പാർലമെന്റ് അംഗങ്ങളുടെ സമ്മേളനത്തിലും പങ്കെടുത്തിട്ടുണ്ട്.

കാമ്പുള്ള പ്രസംഗവും അതിനൊത്ത പ്രവൃത്തിയുമായിരുന്നു എം. എം. ജേക്കബിന്റെ കൈമുതൽ. മികച്ച പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി, ഗവർണർ എന്നീ നിലകളിൽ ശോഭിച്ച ഉന്നതനായ നേതാവിന്റെ വിയോഗം നമുക്ക് കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

കെ. വി. കുര്യൻ

മുൻ നിയമസഭാംഗം കെ. വി. കുര്യൻ 2018 സെപ്റ്റംബർ 14-ന് അന്തരിച്ചു.

വർക്കി-മറിയം ദമ്പതികളുടെ മകനായി 1928 ഡിസംബർ 19-ന് കെ. വി. കുര്യൻ ജനിച്ചു. 1970, 1977 എന്നീ വർഷങ്ങളിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽനിന്നും യഥാക്രമം 4, 5 കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1952-ൽ കോൺഗ്രസ് പ്രവർത്തകനായി രാഷ്ട്രീയ ജീവിതം തുടങ്ങി. 1954-ൽ കെ.പി.സി.സി. അംഗമായി. 1964-ൽ കേരള കോൺഗ്രസ്സിൽ ചേർന്ന അദ്ദേഹം കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

കെ. വി. കുര്യന്റെ നിര്യാണത്തോടെ ജനകീയനായ ഒരു പൊതു പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

എച്ച്. എൻ. അനന്ത് കുമാർ

കേന്ദ്ര പാർലമെന്ററികാര്യ, വളം-രാസവസ്തു വകുപ്പുമന്ത്രി എച്ച്. എൻ. അനന്ത് കുമാർ അന്തരിച്ചു.

എച്ച്. എൻ. നാരായൺ ശാസ്ത്രിയുടെയും ഗിരിജയുടെയും മകനായി 1959 ജൂലൈ 22-ന് ബംഗളൂരുവിൽ ജനിച്ചു. ബി. എ. ബിരുദവും നിയമബിരുദവും നേടിയ അനന്ത് കുമാർ എ.ബി.വി.പി.-യിലൂടെയാണ് സംഘടനാ പ്രവർത്തനം തുടങ്ങിയത്. ബംഗളൂരു സൗത്ത് ലോക്സഭാ മണ്ഡലത്തിൽ നിന്ന് 1996 മുതൽ തുടർച്ചയായി ആറുതവണ ജയിച്ച അനന്ത് കുമാർ മൂന്ന് തവണ കേന്ദ്രമന്ത്രിയായി. ബി.ജെ.പി.യിലെ കറപുരളാത്ത നേതാവും പൊതുസമ്മതനുമായിരുന്നു അദ്ദേഹം. പാർലമെന്റിൽ ചരക്ക്-സേവന നികുതി ബിൽ ഉൾപ്പെടെ സുപ്രധാന ബില്ലുകൾ പാസ്സാക്കുന്നതിൽ നിർണ്ണായകമായ പങ്ക് അദ്ദേഹം വഹിച്ചു. കർണാടക ബി.ജെ.പി അദ്ധ്യക്ഷനായും ദേശീയ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

രാഷ്ട്രീയത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമായിരുന്നു. ഭാഷകളോട് പ്രത്യേക മമതയുണ്ടായിരുന്ന അദ്ദേഹം വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്തിരുന്നു. എല്ലാ രാഷ്ട്രീയ നേതാക്കളുമായും

വ്യക്തിപരമായ അടുപ്പം പുലർത്താൻ അനന്ത് കുമാർ പ്രത്യേകം ശ്രദ്ധിച്ചു. പാർലമെന്ററികാര്യമന്ത്രിയെന്ന നിലയിൽ പാർലമെന്റിന്റെ സുഗമമായ നടത്തിപ്പിൽ അദ്ദേഹത്തിന്റെ സേവനം പ്രശംസനീയമായിരുന്നു. കേരള നിയമസഭയുടെ ഡിജിറ്റലൈസേഷൻ യാഥാർത്ഥ്യമാക്കാൻ അകമഴിഞ്ഞ സഹായം അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു.

അനന്ത് കുമാറിന്റെ മരണത്തോടെ മികച്ച ഒരു പാർലമെന്റേറിയനെയും സാമൂഹ്യപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>എം. ഐ. ഷാനവാസ്</u>

വയനാട് പാർലമെന്റ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന അംഗവും കോൺഗ്രസ് നേതാവുമായിരുന്ന എം. ഐ. ഷാനവാസ് 2018 നവംബർ 21-ന് അന്തരിച്ചു.

തിരുവല്ല നീരേറ്റുപുറം മുക്കാട്ടുപറമ്പിൽ അഡ്വ. എം. വി. ഇബ്രാഹിംകുട്ടിയുടെയും നൂർജഹാൻ ബീഗത്തിന്റെയും മകനായി 1951 സെപ്റ്റംബർ 22-ന് ജനിച്ചു. കോഴിക്കോട് ഫറൂഖ് കോളേജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ.-യും എറണാകുളം ലാ കോളേജിൽ നിന്ന് എൽ.എൽ.ബി.-യും നേടി.

കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ രംഗത്ത് പ്രവേശിച്ച അദ്ദേഹം യൂത്ത് കോൺഗ്രസ്, സേവാദൾ എന്നീ സംഘടനകളിൽ നേതൃപരമായ ചുമതലകൾ വഹിച്ചു. കെ.പി.സി.സി.-യുടെ ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ ചുമതലകൾ വഹിച്ചിരുന്നു. 30 വർഷത്തിലേറെ കെ.പി.സി.സി. അംഗമായി പ്രവർത്തിച്ചു. നിലവിൽ കെ.പി.സി.സി.-യുടെ വർക്കിംഗ് പ്രസിഡന്റായിരുന്നു.

ഏത് പ്രതിസന്ധികളെയും അതിജീവിക്കാനും പരിഹരിക്കാനുമുള്ള മിടുക്കാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. വാഗ്മി, സംഘാടകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ എം. ഐ. ഷാനവാസിന്റെ വിയോഗത്തിലൂടെ പ്രഗത്ഭനായ ഒരു പൊതു പ്രവർത്തകനെയും രാഷ്ട്രീയ പ്രവർത്തകനെയുമാണ് നഷ്ടമായിരിക്കുന്നത്.

<u>ഇ. നാരായണൻ നായർ</u>

മുൻ നിയമസഭാംഗം ഇ. നാരായണൻ നായർ 2018 നവംബർ 27-ന് അന്തരിച്ചു.

കേളു നായർ-ഉണ്ണിമാധവിക്കുട്ടിയമ്മ ദമ്പതികളുടെ മകനായി 1931 ജനുവരി 31-ന് ജനിച്ചു. 4, 5 കേരള നിയമസഭകളിൽ 1970 മുതൽ 1980 വരെ കൊയിലാണ്ടി മണ്ഡലത്തെ പ്രതിനിധീകരിച്ചു. 1943-44 കാലഘട്ടത്തിൽ മലബാറിലെ വിദ്യാർത്ഥി കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തു കൊണ്ടാണ് നാരായണൻ നായർ സജീവ പൊതുപ്രവർത്തനം ആരംഭിച്ചത്. 1954-ൽ മാഹിയിൽ ചേർന്ന മലയാള പ്രദേശ് യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. ഭാരത് സേവക് സമാജ് സംസ്ഥാന പ്രസിഡന്റ്, ചെങ്ങോട്ട്കാവ് പഞ്ചായത്തംഗം, യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

മികച്ച ഒരു സഹകാരി കൂടിയായിരുന്ന ഇ. നാരായണൻ നായരുടെ നിര്യാണത്തോടെ കഴിവുറ്റ ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>സി. എൻ. ബാലകൃഷ്ണൻ</u>

മുൻ സഹകരണ വകുപ്പുമന്ത്രി സി. എൻ. ബാലകൃഷ്ണൻ 2018 ഡിസംബർ 10-ന് അന്തരിച്ചു.

നാരായണൻ എഴുത്തച്ഛൻ-പാറു അമ്മ ദമ്പതികളുടെ മകനായി തൃശ്ശൂർ ജില്ലയിലെ പുഴക്കലിൽ 1934 നവംബർ 18-ന് ജനിച്ചു.

പുറനാട്ടുകര ശ്രീരാമകൃഷ്ണ മിഷൻ സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സ്കൂൾ വിദ്യാർത്ഥിയായിരിക്കെ വിനോബാജിയുടെ ഭൂദാന പ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ടാണ് സി. എൻ. ബാലകൃഷ്ണൻ പൊതുപ്രവർത്തനത്തിലേയ്ക്ക് കടന്നുവരുന്നത്. ഇന്ത്യ സ്വതന്ത്രമാകുന്നതിന് തലേദിവസം മുതുവറ ഗ്രാമത്തിൽ നടത്തിയ പ്രകടനത്തിൽ അദ്ധ്യാപകരോടൊപ്പം വിദ്യാർത്ഥിയായ ബാലകൃഷ്ണനും പങ്കെടുക്കുകയുണ്ടായി. ഖാദി പ്രസ്ഥാനത്തിൽ സജീവമായ അദ്ദേഹം ഖാദി ബോർഡിൽ ഉദ്യോഗസ്ഥനായും തെരഞ്ഞെടുപ്പിലൂടെ ഖാദി ബോർഡ് അംഗമായും ദീർഘകാലം ബോർഡിന്റെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, ഗ്രന്ഥശാല സംഘം സംസ്ഥാന ജോയിന്റ് സെക്രട്ടറി, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, തൃശ്ശൂർ ഡി.സി.സി. ട്രഷറർ, പ്രസിഡന്റ്, കെ.പി.സി.സി. ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിരവധി സഹകരണ സ്ഥാപനങ്ങളുടെ അമരക്കാരനായിനിന്ന് അവയുടെ വളർച്ചയിൽ അദ്ദേഹം നൽകിയ സംഭാവനകൾ വിലമതിക്കാനാകാത്തതാണ്.

സി. എൻ. ബാലകൃഷ്ണന്റെ നിര്യാണത്തോടെ സൗമ്യതയുടെ പര്യായമായ ഒരു പൊതുപ്രവർത്തകനെയും പകരംവയ്ക്കാനില്ലാത്ത ഒരു മികച്ച സഹകാരിയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III അടിയന്തരപ്രമേയം

വനിതാമതിൽ

മി. സ്പീക്കർ: സംസ്ഥാന ഖജനാവിൽനിന്ന് പണം ചെലവഴിച്ച് കേരളത്തിലെ സാമുദായിക സൗഹാർദ്ദം തകർക്കാനും വർഗ്ഗീയ സംഘർഷമുണ്ടാക്കാനും വഴിതെളിക്കുന്ന രീതിയിൽ 'വനിതാ മതിൽ' സംഘടിപ്പിക്കാനുള്ള സർക്കാരിന്റെ തീരുമാനംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## IV ക്രമപ്രശ്നം

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ ഇത് എഴുതി തന്നതാണ്. ******* സംഘടിപ്പിക്കുന്ന സർക്കാർ തീരുമാനംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം എന്നുള്ളതാണ് ഈ പ്രമേയത്തിന്റെ ഉള്ളടക്കം. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(3) പ്രകാരം പ്രമേയം അടുത്ത കാലത്തുണ്ടായ ഒരു പ്രത്യേക സംഗതിയെക്കുറിച്ച് മാത്രമുള്ളതായിരിക്കണമെന്നും ചട്ടം 52(6) പ്രകാരം പ്രമേയം പരിഗണനയ്ക്കായി നേരത്തെ നിശ്ചയിച്ചിട്ടുള്ള ഒരു സംഗതി മുൻകൂട്ടി അറിഞ്ഞുകൊണ്ടാകരുതെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇത് ഭരണഘടനാ മൂല്യങ്ങളും നവോത്ഥാന ആശയങ്ങളും പ്രചരിപ്പിക്കുന്ന ഏറ്റവും ശക്തമായ, ലോകം കണ്ട ഏറ്റവും വലിയ വനിതാ പ്രതിരോധ നിരയാണ്. കേരളത്തിലെ വനിതകൾ സംഘടിപ്പിക്കുന്ന, ലോകശ്രദ്ധയാകർഷിക്കുന്ന മതിലിനെ ******** എന്ന രൂപത്തിൽ ചിത്രീകരിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്, സ്ത്രീവിരുദ്ധമാണ്. അതുകൊണ്ട് ഈ പ്രമേയം ഒരു രൂപത്തിലും അംഗീകരിക്കാൻ പാടില്ലെന്നുമാത്രമല്ല, ശക്തമായ strictures ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുമുണ്ടാകണം.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം ( ഫയൽ നമ്പർ.7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉന്നയിച്ച കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52-ന്റെ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ പ്രഥമദൃഷ്ട്യാ ചില ന്യായങ്ങളുണ്ടാകാമെന്ന് തോന്നാമെങ്കിലും ചട്ടം 50 പ്രകാരമുള്ള നോട്ടീസിൽ ഇവിടെ ഉന്നയിച്ചിട്ടുള്ളത് 'വനിതാമതിൽ' സംഘടിപ്പിക്കാനുള്ള നീക്കം നിമിത്തം നിലവിൽ വിവിധ മേഖലകളിൽ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളെ സംബന്ധിച്ചാണ്. ആ സാഹചര്യങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നതിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പുതുവത്സരദിനത്തിൽ സ്ത്രീമുന്നേറ്റ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ല് വനിതാ മതിലിലൂടെ കേരളം സൃഷ്ടിക്കുകയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നീളുന്ന 620 കിലോമീറ്റർ ദൂരത്തിലാണ് ഇത് രൂപംകൊള്ളുന്നത്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുക എന്ന മുദ്രാവാക്യമാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീക്കും പുരുഷനും ജീവിതത്തിന്റെ സമസ്ത മേഖലകളിലും തുല്യത വേണമെന്ന ഭരണഘടനാ തത്വങ്ങൾ പ്രായോഗികമാക്കാനുള്ള ഇടപെടൽ കൂടിയാണ് ഈ മുന്നേറ്റം. ഭ്രാന്താലയം എന്ന വിശേഷണത്തെ തിരുത്തിക്കൊണ്ട് എവിടെയും ഉയർത്തിപ്പിടിച്ച ശിരസ്സുമായി നിൽക്കാനാകുംവിധം നമ്മുടെ നാട് പുരോഗമിച്ചിട്ടുണ്ട്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ ഭാഗമായി ഉയർന്നുവന്ന ഗുണപരമായ മൂല്യങ്ങളെയെല്ലാം തകർക്കാനുള്ള പരിശ്രമങ്ങളും വർത്തമാന കാലത്ത് ഉയർന്നുവന്നിട്ടുണ്ട്. അതിനെതിരായുള്ള പ്രതിരോധം കൂടിയാണ് വനിതാ മതിൽ. സ്ത്രീകളുടെ അന്തസ്സും ആത്മാഭിമാനവും തുല്യാവകാശങ്ങളും ഉറപ്പാക്കി കേരളം പുരോഗമന പാതയിൽ മുന്നേറുമെന്ന് പ്രഖ്യാപിക്കുന്ന നമ്മുടെ നാടിന്റെ അഭിമാന മതിലായാണ് ഇതിനെ കാണേണ്ടത്. ഏറെ ദുരിതപൂർണ്ണമായ ഒരു കാലത്തെ പിന്നിട്ടാണ് നാം ഇവിടെ എത്തിച്ചേർന്നതെന്ന് മറക്കരുത്. ചാതുർവർണ്യത്തിന്റെയും അതിൽ നിന്ന് ഉയർന്നുവന്ന ജാതിവ്യവസ്ഥയുടെയും കരാള ലോകത്ത് എരിഞ്ഞടങ്ങിയതായിരുന്നു നമ്മുടെ പൂർവ്വികരിൽ ബഹുഭൂരിപക്ഷത്തിന്റെയും ജീവിതം. അതുകൊണ്ടാണ് മഹാകവി കുമാരനാശാൻ 'തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ' എന്ന് വിലയിരുത്തുന്ന വരികൾ എഴുതിയത്. മനുഷ്യർ പരസ്പരം തൊടാൻ പാടില്ലെന്ന് മാത്രമല്ല, അകലം പാലിച്ച് മാറിനിൽക്കേണ്ടതുകൂടിയുണ്ട് എന്ന നീതിബോധമായിരുന്നു ഇവിടെ അടക്കിഭരിച്ചിരുന്നത്. കുട്ടികൾക്ക്

അച്ഛനെപ്പോലും തൊടാനാകാത്ത അശുദ്ധിയുടെ കാലത്തെ പിന്നിട്ടാണ് കുടുംബ ബന്ധത്തിന്റെ ആധുനിക മൂല്യങ്ങളിലേയ്ക്ക് നാം കടന്നുകയറിയത്. വസ്ത്രധാരണത്തിനും മാറുമറയ്ക്കലിനും നിയന്ത്രണങ്ങളുണ്ടായിരുന്ന കാലം പിന്നിട്ടാണ് നാം ഇവിടെ എത്തിയത്. അക്ഷരം പഠിക്കാൻ ശൂദ്രന് അവകാശമില്ലെന്ന നീതിബോധവും നിയമവ്യവസ്ഥയും നമ്മെ അടക്കിഭരിച്ചിരുന്ന കാലം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ മനുഷ്യരുടെ ഗണത്തിൽപ്പോലും പെടുത്താതിരുന്ന കാഴ്ചപ്പാട്. ആരാധനാലയങ്ങളിൽ കയറാൻപോലും അവകാശമില്ലാത്ത ജനത ജീവിച്ചിരുന്ന നാടായിരുന്നു നമ്മുടേത്. പട്ടിക്കും പൂച്ചയ്ക്കും നടക്കാവുന്ന വഴികളിൽ മനുഷ്യന് അശുദ്ധി കൽപ്പിച്ച കാലത്തെയും തിരുത്തിയാണ് നാം മുന്നേറിയത്. ഇത്തരം തെറ്റായ നീതികളെ ചോദ്യം ചെയ്തവർക്ക് ജീവിതംതന്നെ നഷ്ടപ്പെട്ട എത്രയോ ചരിത്രങ്ങൾ നമ്മുടെ നാടിന് പറയാനുണ്ട്. ജാതിവ്യവസ്ഥയുടെ അടിച്ചമർത്തലുകളിൽ അക്കാലത്ത് ബഹുഭൂരിപക്ഷം മനുഷ്യരുടെയും ജീവിതങ്ങൾ പിടഞ്ഞുതീരുകയായിരുന്നു. സ്ത്രീജീവിതം അടിച്ചമർത്തപ്പെട്ടത് അതിനേക്കാൾ എത്രയോ ഭീകരരൂപത്തിലായിരുന്നു. അകത്തളങ്ങളിൽ എരിഞ്ഞുതീർന്നവരും പണിയിടങ്ങളിൽ അടിയേറ്റ് മരിച്ചവരും കാമഭ്രാന്തിൽ ജീവിതം പൊലിഞ്ഞവരും ഏറെയുണ്ടായിരുന്നു അക്കാലത്ത്. ഒരു വിഭാഗം സ്ത്രീകൾ തെറ്റായ നീതിബോധങ്ങളാൽ നയിക്കപ്പെട്ടതിനാൽ പൊതുവായ സ്ത്രീവിരുദ്ധതയിൽനിന്ന് മാറിനിൽക്കുന്ന സ്ഥിതിവിശേഷമായിരുന്നില്ല അന്നുണ്ടായിരുന്നത്. ഉന്നതശ്രേണി യിലുണ്ടായിരുന്നവെന്ന് വിശേഷിക്കപ്പെടുന്ന സ്ത്രീകളുടെയും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളിലെ സ്ത്രീകളുടെയും കാര്യത്തിൽ ഏറെ അന്തരങ്ങൾ ഉണ്ടായിരുന്നുമില്ല. വിദ്യാഭ്യാസത്തിന്റെ വെളിച്ചം ലഭിച്ചവർക്കുപോലും ലോകത്തിന്റെ വെളിച്ചം കാണാതെ കഴിയേണ്ടിവന്നതായിരുന്നു അന്നത്തെ ജീവിതം. ശാരീരിക-മാനസിക പീഡനങ്ങളുടെ തുടർക്കഥയായിരുന്നു അവ. ദായക്രമത്തിലും വിവാഹബന്ധങ്ങളിലും നിലനിന്നിരുന്ന സ്ത്രീവിരുദ്ധമായ ആചാരക്രമങ്ങളിൽ എരിഞ്ഞുതീർന്ന ജന്മങ്ങളായിരുന്നു അക്കാലത്തെ സ്ത്രീകൾ. ഇന്നത്തെ തലമുറയ്ക്ക് സങ്കൽപ്പിക്കുന്നതിന് അപ്പുറത്തായിരുന്നു അവയെല്ലാം. പുളികുടി കല്യാണം, തിരണ്ടുകല്യാണം, താലികെട്ട് കല്യാണം തുടങ്ങിയവയെല്ലാം അതിന്റെ ഭാഗമായിരുന്നു. അടിയാളർ എന്ന് വിളിച്ചിരുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്മേലുള്ള ലൈംഗികാതിക്രമങ്ങൾ, ജാതി തിരിച്ചറിയാനായി കല്ലുമാല ധരിക്കണമെന്നതു പോലുള്ള വ്യവസ്ഥകൾ - അടിമത്വത്തിന്റെ അടയാളങ്ങൾ പേറി നടന്ന ജീവിതമായിരുന്നു അടിസ്ഥാന വിഭാഗത്തിലെ സ്ത്രീകളുടേത്. തൊഴിലിടങ്ങളിൽ നേരിടേണ്ടിവന്ന പീഡനങ്ങൾ ഏറെയായിരുന്നു. കൂലിയുടെ കാര്യത്തിലെ വിവേചനങ്ങൾ വേറെയും. ജാതീയമായ അടിച്ചമർത്തലുകളുടെയും മറ്റ് വിവിധ

രൂപങ്ങളിലുള്ള പീഡനങ്ങൾക്കുമെതിരെയും ജനകീയ മുന്നേറ്റങ്ങളുടെ പരമ്പരകൾ നമ്മുടെ നാട്ടിൽ ഉയർന്നുവരാൻ തുടങ്ങി. നവോത്ഥാന പ്രസ്ഥാനങ്ങൾ ഉയർത്തിവിട്ട സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ചിന്തകൾ ജീവിതത്തെക്കുറിച്ചുള്ള പുതിയ സ്വപ്നങ്ങൾ മനുഷ്യരുടെ മനസ്സിൽ നിറയ്ക്കാൻ തുടങ്ങി. മനുഷ്യരായി ജീവിക്കാൻ പൊരുതുകയേ വഴിയുള്ളൂ എന്ന യാഥാർത്ഥ്യത്തിലേയ്ക്ക് ജനങ്ങൾ ഉയർന്നുവന്നു. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും അയ്യങ്കാളിയുമെല്ലാം ഉയർത്തിവിട്ട സാഭിമാനത്തിന്റെയും പോരാട്ടത്തിന്റെയും ജ്വാലകൾ സമൂഹത്തിൽ മെല്ലെ ശക്തിയാർജ്ജിച്ചു. ദേശീയ പ്രസ്ഥാനവും തുടർന്ന് രൂപപ്പെട്ട തൊഴിലാളി കർഷക പ്രസ്ഥാനങ്ങളും ഇത്തരം മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സമൂഹത്തിൽ ഇടപെട്ടു. സ്ത്രീകളും സമരസജ്ജരായി മുന്നോട്ടുവന്നു. മാറുമറയ്ക്കാനുള്ള ചാന്നാർ കലാപം, കല്ലുമാലസമരം, ഘോഷാ ബഹിഷ്കരണം തുടങ്ങിയവയിൽനിന്ന് കൊളുത്തിയെടുത്ത സമരാവേശം അവരുടെ ജീവിതത്തെയാകെ മാറ്റിമറിച്ചു. നവോത്ഥാനം ഇളക്കിമറിക്കാത്ത ഒരു സമൂഹവും കേരളത്തിലില്ല. സ്ത്രീകളുടെ ജീവിതത്തിന്റെ ഉന്നമനത്തിനായി എല്ലാ മതവിഭാഗങ്ങളിലും വിവിധങ്ങളായ സമരങ്ങൾ ഉയർന്നുവന്നു. വിദ്യാഭ്യാസ അവകാശത്തിനും ദായക്രമത്തിലെ മാറ്റങ്ങൾക്കും തുല്യതയ്ക്കും അവകാശങ്ങൾക്കുംവേണ്ടിയുള്ള ഇടപെടലായി അത് വളർന്നുവന്നു. ഇന്ന് കേരളത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലുൾപ്പെടെ സ്ത്രീകൾ ഉയർന്നുവന്നത് നാം നടത്തിയ നവോത്ഥാന ചലനങ്ങളുടെയും സ്ത്രീകളുടെ ഔന്നിത്യത്തിനുവേണ്ടിയുള്ള ഇടപെടലുകളുടെയും പരിണിതഫലമായാണ്. സ്ത്രീകൾ എത്തിപ്പിടിക്കാത്ത മേഖലകൾ ഇല്ലാതാകുന്നുവെന്നതും നമുക്ക് അഭിമാനം നൽകുന്നതുതന്നെ. ഇങ്ങനെ വിവിധങ്ങളായ ഇടപെടലുകളുടെ ഫലമായി പല അനാചാരങ്ങളും കടപുഴകി വീണു, പലതും ദുർബലപ്പെട്ടു. അടിച്ചമർത്തലുകളിൽനിന്നും ചൂഷണത്തിൽനിന്നും ജനത കരകയറാൻ തുടങ്ങി. മനുഷ്യാവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും തുല്യതയുടെയും പുതിയ കാലം പിറന്നു. അങ്ങനെ ഉഴുതുമറിക്കപ്പെട്ട മണ്ണിലാണ് ഐക്യകേരളത്തിലെ സർക്കാരുകൾ ഭൂപരിഷ്കരണം, സാർവ്വത്രിക വിദ്യാഭ്യാസം, ശക്തമായ പൊതുവിതരണ സംവിധാനം, എല്ലാവർക്കും ആരോഗ്യ പരിരക്ഷ, തൊഴിലിന് മാന്യമായ വേതനം തുടങ്ങിയ പുരോഗമന നടപടികളുടെ വിത്തുപാകിയത്. ഇതിലൂടെ ആധുനിക കേരളം ലോകത്തിലെ സവിശേഷ വികസന മാതൃകയായി. ഇന്ത്യയിലെ ഏറ്റവും പരിഷ്കൃതവും ജീവിത ഗുണമേന്മയുമുള്ള നാടായും പരിവർത്തിക്കപ്പെട്ടു. ഇത്തരം മുന്നേറ്റങ്ങൾ സ്ത്രീകളെ അടുക്കളയിൽനിന്നും അരങ്ങത്തേയ്ക്ക് കൊണ്ടുവന്നു. നേരത്തെ അരങ്ങിൽ ഉണ്ടായിരുന്നവരാകട്ടെ അടിച്ചമർത്തലിന്റെ നൊമ്പരങ്ങളെ പിഴുതെറിയുന്ന അവസ്ഥയിലേയ്ക്കും

ഉയർന്നുവന്നു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ ഏറ്റുവാങ്ങി രൂപീകരിക്കപ്പെട്ട ഭരണഘടന സമത്വത്തെ അതിന്റെ കൊടി അടയാളമാക്കിത്തന്നെ ഉയർത്തിപ്പിടിച്ചു. എന്നിട്ടും ജീവിതത്തിന്റെ അടരുകളിൽ സ്ത്രീ-പുരുഷ തുല്യത എന്ന ആശയം എത്തിക്കുന്നതിൽ ദൗർബല്യങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. ചരിത്രപരമായ പരിമിതികളെ മുറിച്ചുകടക്കാൻ ഇനിയും നാം ഒന്നായി നിൽക്കേണ്ടതുണ്ട്. അതിലേയ്ക്കാണല്ലോ വർത്തമാനകാല സംഭവങ്ങൾ വിരൽചൂണ്ടുന്നത്.

സ്ത്രീകളുടെ പുരോഗതിക്കായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം ജീവിതത്തിന്റെ ഓരോ സൂക്ഷ്മ തലത്തിലേയ്ക്കും സമത്വത്തിന്റെ സന്ദേശങ്ങൾ വ്യാപിക്കേണ്ടതുണ്ട്. അതിനുവേണ്ടി സ്ത്രീയും പുരുഷനും യോജിച്ചുനിന്നുകൊണ്ടുള്ള ഇടപെടൽ വളരേണ്ടതുമുണ്ട്. സമസ്ത മേഖലയിലും സ്ത്രീ സമത്വം ആർജ്ജിക്കുന്നതിനുള്ള അവകാശബോധം സ്ത്രീകളിലും ഉയർന്നുവരേണ്ടതുണ്ട്. പരസ്പര അംഗീകാരത്തിന്റെയും പങ്കാളിത്തത്തിന്റെയും ലോകത്ത് സ്ത്രീ-പുരുഷ സമത്വം യാഥാർത്ഥ്യമാകുക എന്ന കാഴ്ചപ്പാടാണ് ഈ വനിതാ മതിൽ മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീ മുന്നേറ്റത്തിന് നിരവധി പദ്ധതികൾ മുന്നോട്ടുവച്ച സംസ്ഥാന സർക്കാർ അതിന്റെ ഭാഗമായിത്തന്നെയാണ് വനിതാ മതിലിനെയും കാണുന്നത്.

പുതിയ കാഴ്ചപ്പാടുകളുടെ ലോകം സ്ത്രീകളിൽ ഉണരുന്നുണ്ടെങ്കിലും ഈ നേട്ടങ്ങളെയെല്ലാം ഇല്ലാതാക്കി നാടിനെ നൂറ്റാണ്ടുകൾ പിന്നിലേയ്ക്ക് നടത്താനുള്ള ശ്രമങ്ങളും ആസൂത്രണം ചെയ്യപ്പെടുന്നുണ്ട്. ഭരണഘടനയും നിയമങ്ങളും എന്തുപറഞ്ഞാലും അനാചാരങ്ങളും അടിച്ചമർത്തലുകളും വിവേചനങ്ങളും സ്ത്രീകൾ അർഹിക്കുന്നതാണെന്നും അവ ഇനിയും നിലനിൽക്കണമെന്നും വാദിക്കുന്ന വരുമുണ്ട്. അവർ വീണ്ടും നാടിനെ ഭ്രാന്താലയമാക്കാൻ ശ്രമിക്കുകയാണ്. അതിന് സ്ത്രീകളെത്തന്നെ കരുവാക്കുകയാണ്. പൊരുതി മുന്നേറിയ നിരവധി വീരാംഗനകളുടെ നാടാണ് കേരളം. ആ പാരമ്പര്യം നാം മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. ഭരണഘടനയും നിയമങ്ങളും തുല്യ അവകാശങ്ങളും നവോത്ഥാനമൂല്യങ്ങളും സംരക്ഷിക്കാനുള്ള ഇടപെടലാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഭരണഘടനയിലെ സമത്വത്തെക്കുറിച്ചുള്ള സന്ദേശത്തിന്റെ പതാകവാഹകരായി കേരളത്തിലെ വനിതകളെയാകെ ഉയർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. വനിതാ മതിലിനെ സംബന്ധിച്ച സർക്കാരിന്റെ ധാരണ എന്തെന്ന് വ്യക്തമാകാത്തതുകൊണ്ടാണ് ഇക്കാര്യത്തിൽ ഒരു സ്ഥലജലവിഭ്രാന്തി പ്രമേയാവതാരകന് വന്നിട്ടുള്ളത്. അതുകൊണ്ടാണ്

ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. നവോത്ഥാനമൂല്യങ്ങളാണ് നമ്മുടെ വളർച്ചയ്ക്ക് അടിസ്ഥാനമായിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി അത്യപൂർവ്വമായ നവോത്ഥാന പരിശ്രമങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെട്ടതാണ് മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന കേരളത്തിന്റെ സംസ്കാരം. അതിനെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർതന്നെ മുൻകയ്യെടുത്തതിൽ എന്താണ് തെറ്റ്? നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കേണ്ട എന്ന അഭിപ്രായം പ്രതിപക്ഷത്തിനുണ്ടെങ്കിൽ അത് വ്യക്തമാക്കുകയാണ് വേണ്ടത്. നവോത്ഥാനമൂല്യങ്ങളുടെ തകർച്ച കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനതയെ അടിമത്വത്തിന്റെ ലോകത്തിലേയ്ക്കാണ് വലിച്ചെറിയുക എന്ന കാര്യം നാം ഓർക്കണം. എല്ലാ വിഭാഗങ്ങളുടെയും ജീവിതത്തെ മാറ്റിമറിച്ച് ആധുനിക ജീവിതത്തിന്റെ വിശാലലോകത്തേയ്ക്ക് കൈപിടിച്ചുയർത്തിയതാണ് നവോത്ഥാനം എന്ന കാര്യം മറക്കരുത്. ആ മൂല്യങ്ങളെ എന്ത് വിലകൊടുത്തും സംരക്ഷിച്ച് മുന്നോട്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

പ്രമേയാവതാരകൻ ******* വിശേഷിപ്പിച്ചതായി കണ്ടു. നവോത്ഥാന കാലത്തെക്കുറിച്ച് പറയുമ്പോൾ എങ്ങനെയാണ് വർഗ്ഗീയതയാകുന്നതെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. കേരളത്തിന്റെ ഉജ്ജ്വലമായ മതനിരപേക്ഷ പാരമ്പര്യം രൂപപ്പെടുന്നതിൽ നവോത്ഥാനം വഹിച്ച പങ്ക് ആർക്കും നിഷേധിക്കാവുന്നതല്ല. നവോത്ഥാന മുന്നേറ്റത്തിന്റെ പതാക വാഹകനായ ശ്രീനാരായണ ഗുരു ആലുവയിൽ സർവ്വമത സമ്മേളനംതന്നെ സംഘടിപ്പിച്ചു. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് ഈ സമ്മേളനം ചേരുന്നതെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. 'പലമതസാരവുമേകം' എന്ന കാഴ്ചപ്പാടുതന്നെ അദ്ദേഹം അവതരിപ്പിച്ചു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരായണ ഗുരുവിന്റെ കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് എങ്ങനെ വർഗ്ഗീയമാകുമെന്ന് മനസ്സിലാകുന്നില്ല. കേരളത്തിന്റെ മതനിരപേക്ഷ മനസ്സിനെയും നവോത്ഥാന മുന്നേറ്റങ്ങളെയും ഇകഴ്ത്തിക്കാണിക്കുന്ന ഇത്തരം വ്യാഖ്യാനങ്ങൾ ചരിത്രത്തോട് ചെയ്യുന്ന വമ്പിച്ച അനീതിയല്ലാതെ മറ്റൊന്നുമല്ല. കൊടിയെടുക്കാതെ സംഘപരിവാർ നടത്തുന്ന സമരങ്ങളിൽ പങ്കെടുക്കാമെന്ന് ആഹ്വാനം ചെയ്തവരായിരുന്നല്ലോ അപ്പുറത്തിരിക്കുന്നവർ. അതിൽ പങ്കെടുക്കുന്നതാണ് വർഗ്ഗീയത. മതനിരപേക്ഷത ഉയർത്തിപ്പിടിച്ച നവോത്ഥാനത്തിന്റെ കാഴ്ചപ്പാടുകൾ പ്രചരിപ്പിക്കുന്നതാണ് മതനിരപേക്ഷതയെന്ന് തിരിച്ചറിയാനുള്ള രാഷ്ട്രീയ വിവേകമെങ്കിലും ആർജ്ജിക്കേണ്ടതുണ്ട്. പഠിപ്പുമുടക്കി

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം ( ഫയൽ നമ്പർ7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

വനിതാ മതിലിൽ പങ്കുചേരാൻ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്യുവെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. വിദ്യാർത്ഥികളടക്കമുള്ള എല്ലാ മേഖലയിലുംപ്പെട്ട വനിതകൾ പങ്കെടുക്കണമെന്ന ആഹ്വാനം മാത്രമാണ് നടത്തിയിട്ടുള്ളത്. സ്ത്രീ-പുരുഷ സമത്വത്തിന്റെ നവോത്ഥാന കാഴ്ചപ്പാടുകളെ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകുകയായിരുന്ന ദേശീയപ്രസ്ഥാനം എന്നതും നാം മറക്കരുത്. കർഷക/തൊഴിലാളി പ്രസ്ഥാനങ്ങളും ഇത്തരം മൂല്യങ്ങളെ മുന്നോട്ടുകൊണ്ടുപോകുകയാണ് ചെയ്തത്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം മുന്നോട്ടുവച്ച ഇത്തരം ആശയങ്ങളുടെ ക്രോഡീകരണം കൂടിയാണല്ലോ ഇന്ത്യൻ ഭരണഘടന. അതുകൊണ്ടുതന്നെയാണ് നവോത്ഥാനമൂല്യങ്ങൾ ഉൾക്കൊണ്ട് സ്ത്രീ-പുരുഷ സമത്വം ഭരണഘടന വിഭാവന ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനമെന്ന വിധി പുറപ്പെടുവിച്ചത്. ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഒരുവിഭാഗം നടത്തിയ ഇടപെടലുകൾ നവോത്ഥാനമൂല്യങ്ങളെ തകർക്കുന്നവിധമായിരുന്നു. ആ ഘട്ടത്തിലാണ് സംസ്ഥാന സർക്കാർ അത്തരം മുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത സംഘടനകളുടെ ഇന്നത്തെ നേതാക്കളുടെ യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ അവതരിപ്പിച്ച കാര്യമെന്താണെന്ന് പത്രങ്ങളിലൂടെ വ്യക്തമായിട്ടുള്ളതാണ്. ഈ പ്രശ്നം അവതരിപ്പിച്ചപ്പോൾ പൊതുവായി ഒരു സ്ത്രീമുന്നേറ്റം രൂപപ്പെടേണ്ടതുണ്ട് എന്ന അഭിപ്രായം അവരിൽനിന്നും ഉയർന്നുവന്നു. അത് പ്രാവർത്തികമാക്കുന്നതിന് അവരുടേതായ സമിതിയും രൂപീകരിച്ചു. അങ്ങനെ വനിതാമതിലുണ്ടാക്കണമെന്ന് നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച സംഘടനകൾ തീരുമാനിക്കുകയായിരുന്നു. ആ തീരുമാനത്തെ സർക്കാർ പിന്തുണച്ചിട്ടുണ്ട്. അത് ശരിയാണ്. സർക്കാരിന് മാത്രമല്ല, ഇത്തരം ആശയങ്ങൾക്കായി സ്ത്രീകൾ അണിനിരക്കണമെന്ന അഭിപ്രായമുള്ള ആർക്കും വനിതാമതിലിനെ പിന്തുണയ്ക്കാം. അതിൽ കണ്ണികളാകാനുള്ള പ്രചരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കാം. ഇതിന്റെ സംഘാടക സമിതിയിൽ ആരെ വേണമെങ്കിലും അംഗങ്ങളാക്കുന്നതിന് സർക്കാരിന് ഒരു എതിർപ്പുമില്ല. എല്ലാ വനിതാ അംഗങ്ങളെയും വനിതാ മതിലിൽ പങ്കുചേരാൻവേണ്ടി പ്രത്യേകമായി ക്ഷണിക്കട്ടെ. യു.ഡി.എഫ്.-ന്റെ നിയമസഭാ കക്ഷിയിൽ വനിതാ അംഗങ്ങളില്ലെങ്കിലും നിങ്ങളുടെ സംഘടനയിൽപ്പെട്ടവരെ അതിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യട്ടെ. അതേസമയം, വനിതാ മതിലിന്റെ സംഘാടനത്തിനായി സർക്കാർ ഫണ്ട് ഉപയോഗിക്കാൻ യാതൊരു ഉദ്ദേശ്യവുമില്ല. അതിനാവശ്യമായ പണം ഇത് സംഘടിപ്പിക്കുന്നതിന് നേതൃത്വം കൊടുത്തവരും അവരെ പിന്തുണയ്ക്കുന്നവരും ജനങ്ങളിൽനിന്ന്

കണ്ടെത്തുമെന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ടുതന്നെ സർക്കാരിന്റെ ഒരു സാമ്പത്തിക സഹായവും ഇതിനാവശ്യമില്ല. ഇത് ജനങ്ങൾ, പ്രത്യേകിച്ചും സ്ത്രീകൾ ഹൃദയത്തിൽ ഏറ്റുവാങ്ങിക്കഴിഞ്ഞ ഒരു മഹാമുന്നേറ്റമാണ്. ഇതിനെ പിന്തുണയ്ക്കാതെ മാറിനിൽക്കുന്നവർ ചരിത്രത്തിന്റെ ചവറ്റുകുട്ടയിൽ എറിയപ്പെടുകയാണ് ചെയ്യുക എന്ന യാഥാർത്ഥ്യവും നിങ്ങൾ മറക്കരുത്. ഇത്തരം മുന്നേറ്റങ്ങളെ എതിർത്തവരുടെ പേരുകൾ ഇന്ന് നമ്മളാരും ഓർക്കുന്നില്ല. അതേസമയം ആ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയവരെ ജനങ്ങൾ ഇന്നും ഹൃദയത്തിൽ ഏറ്റുവാങ്ങുന്നു. ചരിത്രം അങ്ങനെയാണെന്നതും വിസ്മരിക്കരുത്. നമ്മുടെ നാടിന്റെ അഭിമാനമായി മാറാൻ പോകുന്ന വനിതാ മതിലിനെ സംബന്ധിച്ച് നടത്തുന്ന ദുഷ്പ്രചരണങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. അതുകൊണ്ടുതന്നെ ഈ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കേണ്ട യാതൊരു ആവശ്യവുമില്ല.

<u>ഡോ. എം. കെ. മുനീർ</u>: സർ, പൂർവ്വ ജർമ്മനിയിൽ 1961-ൽ ...... (ബഹളം).....

<u>മി.സ്പീക്കർ</u>: അദ്ദേഹം തുടങ്ങിയിട്ടല്ലേയുള്ളൂ, അപ്പോഴേയ്ക്കും നിങ്ങളെന്തിനാണ് ശബ്ദമുണ്ടാക്കുന്നത്? .......(ബഹളം).......

<u>ഡോ. എം. കെ. മുനീർ</u>: സർ, എനിക്ക് സംരക്ഷണം തരണം.

<u>മി. സ്പീക്കർ</u>: അങ്ങ് സംസാരിക്കൂ. നിങ്ങൾ നിശ്ശബ്ദരായിരിക്കൂ.

<u>ഡോ. എം. കെ. മുനീർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് സ്ഥലകാലവിഭ്രാന്തിയുണ്ടെന്ന് പറഞ്ഞിട്ടുപോലും ഞങ്ങൾ മിണ്ടിയിട്ടില്ല. ..... (ബഹളം)..........1961-ൽ പൂർവ്വ ജർമ്മനിയിലെ കമ്മ്യൂണിസ്റ്റുകാർ കെട്ടിപ്പൊക്കിയ ബർലിൻ മതിൽ പൊളിച്ചുമാറ്റേണ്ടി വന്നിട്ടുണ്ടെങ്കിൽ ഈ * *****കേരളത്തിലെ ജനങ്ങൾ പൊളിച്ചുമാറ്റുക തന്നെ ചെയ്യും. .........(ബഹളം)........

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, * ***** പ്രയോഗം പിൻവലിക്കണം. ........ (ബഹളം).......

<u>ഡോ. എം. കെ. മുനീർ</u>: സർ, ഞാൻ പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നു, പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നു, ഉറച്ചുനിൽക്കുന്നു. ഒരക്ഷരം മാറ്റാൻ ഉദ്ദേശിക്കുന്നില്ല, ഞാനതിൽ ഉറച്ചുനിൽക്കുന്നു. ......(ബഹളം).......

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

(ഡോ. എം. കെ. മുനീറിന്റെ പദപ്രയോഗം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭരണപക്ഷാംഗങ്ങൾ നടുത്തളത്തിനടുത്തും മുഖ്യമന്ത്രിയുടെ സീറ്റിനരികിലും വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി.സ്പീക്കർ:</u> ഡോ. എം. കെ. മുനീർ പറഞ്ഞതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും. നിങ്ങൾ ഇരിക്കൂ. മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞുകൊള്ളും. ഇരിക്കൂ, പ്ലീസ്. ....(ബഹളം)..... അദ്ദേഹത്തിന്റെ പ്രസംഗത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞുകൊള്ളും. നിങ്ങൾ ഇരിക്കൂ. ....(ബഹളം).....

<u>ഡോ. എം. കെ. മുനീർ:</u> സർ, പിൻവലിക്കുന്ന പ്രശ്നമില്ല, പിൻവലിക്കുന്ന പ്രശ്നമില്ല, പിൻവലിക്കുന്ന പ്രശ്നമില്ല. അത് തെളിയിക്കുന്ന രേഖകൾ എന്റെ കയ്യിലുണ്ട്. .....(ബഹളം).....

<u>മി. സ്പീക്കർ:</u> എന്താണിത്, ഇത് ശീലമായിപ്പോയോ? എന്താണ് നിങ്ങളുടെ ആവശ്യം? .....(ബഹളം).....

<u>ഡോ. എം. കെ. മുനീർ:</u> സർ, ഞാൻ പറഞ്ഞിട്ടേ പോകൂ, പറഞ്ഞിട്ടേ പോകൂ.... ....(ബഹളം).....

<u>മി. സ്പീക്കർ:</u> നിങ്ങൾ എന്താണ് ഉന്നയിക്കുന്നത്? സീറ്റിലിരുന്നിട്ട് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കൂ.

<u>ഡോ. എം. കെ. മുനീർ:</u> സർ, പിൻവലിക്കില്ല. ******* * തന്നെയാണ്. ********* * തന്നെ. ശ്രീ. സുഗതനും ശ്രീ. വെള്ളാപ്പള്ളി നടേശനും ഉണ്ടാക്കുന്ന മതിൽ ********* തന്നെ......(ബഹളം).....

<u>മി. സ്പീക്കർ:</u> ഇങ്ങനെയല്ല നിങ്ങൾ പെരുമാറേണ്ടത്, ഇങ്ങനെയല്ല നിങ്ങൾ പ്രതിഷേധം അറിയിക്കേണ്ടത്. .....(ബഹളം)..... അദ്ദേഹം പറഞ്ഞതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കും. നിങ്ങൾ സീറ്റിൽ പോയിരിക്കൂ. ......(ബഹളം)..... ഡോ. എം. കെ മുനീർ പറഞ്ഞതിൽ സഭ്യേതരമായി എന്തെങ്കിലുമുണ്ടെങ്കിൽ ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കും. ......(ബഹളം).... നിങ്ങൾ സീറ്റിൽ പോയിരിക്കൂ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> സർ, അടിയന്തരപ്രമേയത്തിന്റെ നോട്ടീസിൽ ******** *എന്നാണുള്ളത്. ബാക്കിയൊക്കെ പറഞ്ഞോട്ടെ. ********* എന്തിനാണ് പറയുന്നത്? ..... (ബഹളം).....

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

മി. സ്പീക്കർ: അതാണ് ചെയർ അറിയിച്ചത്. ഡോ. എം. കെ. മുനീറിന്റെ ഭാഷയിൽ, പ്രയോഗങ്ങളിൽ സഭ്യേതരമായി എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കാം. നിങ്ങൾ സീറ്റിൽ പോയിരിക്കൂ. .....(ബഹളം)..... പ്ലീസ്.... ഡോ. എം. കെ. മുനീർ, അങ്ങേയ്ക്ക് സംസാരിക്കാം. .....(ബഹളം)..... ഇങ്ങനെ തുടർന്നാൽ ബുദ്ധിമുട്ടാണ്. അങ്ങ് സംസാരിക്കൂ. .....(ബഹളം)..... നിങ്ങൾ ഇയർ ഫോൺ വച്ചാലേ ചെയർ പറയുന്നത് കേൾക്കുകയുള്ളൂ. .....(ബഹളം)..... അദ്ദേഹം പറഞ്ഞതിൽ വസ്തുതാപരമല്ലാത്ത കാര്യങ്ങളുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാമെന്നാണ് പറഞ്ഞത്. ഡോ. എം. കെ. മുനീർ, അങ്ങ് സംസാരിക്കുന്നുണ്ടോ? അങ്ങേയ്ക്കാണ് ഉച്ചഭാഷിണിയുള്ളത്. .....(ബഹളം)..... എന്താണിത്? ......(ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, പ്രമേയത്തിൽനിന്നും ആ വാക്ക് പിൻവലിക്കണം.

മി. സ്പീക്കർ: വസ്തുതകളുടെ പിൻബലമില്ലാതെ സഭ്യേതരമായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ അത് ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, പ്രമേയത്തിൽനിന്നും ആ വാചകം പിൻവലിക്കണമെന്നാണ് ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചത്. അത് ശരിയല്ല. ലക്ഷക്കണക്കിന് സ്ത്രീകളെ അപമാനിക്കലാണ്. കേരളത്തിലെ സ്ത്രീകൾ വർഗ്ഗീയവാദികളാണോ? ആ വാചകം പിൻവലിച്ച് ഇത് അവതരിപ്പിക്കാനുള്ള അനുവാദം നൽകണം. ********* എന്നത് പിൻവലിക്കണം. *****എന്നത് ഒഴിവാക്കി അവതരിപ്പിക്കാനുള്ള അനുവാദം കൊടുക്കൂ. 50 ലക്ഷത്തോളം സ്ത്രീകൾ പങ്കെടുക്കുന്ന ഒരു മതിലാണ്. അതിനെ ******** എന്ന് എന്തിനാണ് പറഞ്ഞത്? *********? അത് പിൻവലിച്ച് അവതരിപ്പിക്കുന്നതിനുള്ള അനുവാദം കൊടുക്കൂ. ബാക്കി എന്താണെങ്കിലും പറഞ്ഞോട്ടെ. ********** ഒഴിവാക്കുക. .....(ബഹളം).....

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.* വസ്തുതകളുടെ പിന്തുണയില്ലാതെ പറഞ്ഞ കാര്യങ്ങളൊന്നും രേഖകളിലുണ്ടാകില്ല. വസ്തുതകളുടെയും യുക്തിയുടെയും പിൻബലമില്ലാതെ പറയുന്ന ഒരു കാര്യവും രേഖയിലുണ്ടാകില്ല. നിങ്ങൾ പോയിരിക്കൂ. .....(ബഹളം)..... ഡോ. എം. കെ. മുനീർ, അങ്ങ് എന്തിനാണ് വാശിപിടിക്കുന്നത്? ..... (ബഹളം)..... അങ്ങേയ്ക്ക് വിമർശനങ്ങൾ ഉന്നയിക്കാം. യുക്തിപരവും വസ്തുതാപരവുമായ പിൻബലമില്ലാത്ത

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

കാര്യങ്ങൾ ദയവായി അങ്ങ് സഭയിൽ പറയരുത്. അങ്ങേയ്ക്ക് ഗവൺമെന്റിന്റെ വിഷയത്തിലുള്ള വിമർശനങ്ങൾ ഉന്നയിക്കാം. വസ്തുതകളുടെ പിൻബലമില്ലാത്ത ആരോപണങ്ങൾ ദയവായി ഉന്നയിക്കരുത്.

ഡോ. എം. കെ. മുനീർ: ഞാൻ പറയാൻ പോകുകയല്ലേ?

മി. സ്പീക്കർ: അത് വളരെ സെൻസിറ്റീവായ വാക്കാണെന്നുള്ളത് അങ്ങ് ഓർക്കണം. അത് ആലോചിക്കണം. .....(ബഹളം)..... ഇതാണ് സ്ഥിതിയെങ്കിൽ സഭ തുടർന്നുകൊണ്ടുപോകാൻ കഴിയില്ല.

ഡോ. എം. കെ. മുനീർ: സർ, എന്റെ പ്രസംഗം മുഴുവൻ കേട്ടതിനുശേഷം... .....(ബഹളം).....

മി. സ്പീക്കർ: ഇത്തരമൊരു സാഹചര്യത്തിൽ തുടരാൻ കഴിയില്ല. ഞാൻ ആവർത്തിച്ചുപറയുന്നു, വസ്തുതകളുടെ പിൻബലമില്ലാതെ പറയുന്ന ഒരു കാര്യവും രേഖയിലുണ്ടാകില്ല. .....(ബഹളം)..... ദയവായി സീറ്റുകളിലേയ്ക്ക് പോകൂ. ....... (ബഹളം)...... സഭാനടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(ബഹളത്തെത്തുടർന്ന് രാവിലെ 10.40-ന് താൽക്കാലികമായി നിർത്തിവച്ച സഭ 11.18-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... അസാധാരണമായ ഒരു സാഹചര്യം വന്നതുകൊണ്ടാണ് സഭാനടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നത്. റൂൾ 50 പ്രകാരം നോട്ടീസ് നൽകിയ പ്രമേയാവതാരകനായ ഡോ. എം. കെ. മുനീറിന്റെ ഒരു പദപ്രയോഗം സഭയിൽ പ്രതിഷേധത്തിനും ബഹളത്തിനും വഴിവയ്ക്കുകയാണുണ്ടായത്. അദ്ദേഹം എഴുതി നൽകിയ പ്രമേയം ചെയർ ക്വാട്ട് ചെയ്ത സമയത്ത് ആ വാക്ക് ഉണ്ടായിരുന്നില്ല. സഭയിൽ ഇത്രയും ശക്തമായ പ്രതിഷേധംവന്ന സാഹചര്യത്തിലും സഭയിലെ വനിതാ അംഗങ്ങൾ ഒരു പരാതി ചെയറിന് ഇപ്പോൾ നൽകിയ സാഹചര്യത്തിലും കേരളത്തിൽ സംഘടിപ്പിക്കാൻ പോകുന്ന വനിതാ മതിൽ ********** * പരാമർശം പിൻവലിക്കണമെന്ന ആവശ്യത്തെ സംബന്ധിച്ചും ചെയർ പരിശോധിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സഭാരേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ചെയർ സഭയെ ആദ്യമേ അറിയിക്കുകയാണ്. ബഹുമാന്യനായ ഡോ. എം. കെ. മുനീർ അദ്ദേഹത്തിന്റെ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

പരാമർശം പിൻവലിച്ച് സഭാനടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ....(ബഹളം)....... ഈ വിമർശനത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം പിൻവലിക്കുന്നുണ്ടോ എന്നാണ് ചോദിച്ചത്. അദ്ദേഹം പിൻവലിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് പിൻവലിക്കാം. സഭയിലെ വനിതാ അംഗങ്ങൾ ഉൾപ്പെടെ നൽകിയ പരാതിയുടെയും വിമർശനത്തിന്റെയും പശ്ചാത്തലത്തിൽ അദ്ദേഹത്തിന് പിൻവലിക്കണമെങ്കിൽ പിൻവലിക്കാം. അദ്ദേഹത്തോട് അത് അഭ്യർത്ഥിച്ചു. സഭാനടപടികൾ സുഗമമാക്കുന്നതിനുവേണ്ടി അദ്ദേഹം പിൻവലിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് പിൻവലിക്കാം. ....(ബഹളം).... ഡോ. എം. കെ. മുനീർ, അങ്ങ് സംസാരിക്കു. .... (ബഹളം).... അദ്ദേഹം സംസാരിക്കട്ടെ, അദ്ദേഹമാണ് അത് പറയേണ്ടത്.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് ചെയറിൽ വന്നിരുന്ന ഉടൻ പറഞ്ഞ കാര്യം, ഇത് മുഴുവനായി പരിശോധിച്ച് അങ്ങേയ്ക്ക് ഉചിതമായ തീരുമാനമെടുക്കാം. പക്ഷേ, ഞാൻ എന്താണ് പറയാൻ പോയതെന്ന് ഒരു വരി പറയുമ്പോൾത്തന്നെ തീരുമാനിക്കുന്നത് എങ്ങനെയാണ്? അങ്ങ് പറഞ്ഞു, വസ്തുതകളുടെ പിൻബലത്തിലാണ് പറയേണ്ടതെന്ന്. ഞാൻ പറയുന്നതിനുമുമ്പ് എങ്ങനെയാണ് ഇവർ തീരുമാനിക്കുന്നത്? 'വർഗ്ഗീയം' എന്നുപറയുന്ന വാക്ക് എത്ര തവണ ഈ നിയമസഭയിൽ ഉപയോഗിച്ചതാണ്? ഞാൻ പറയുമ്പോൾ മാത്രം ഇത് പിൻവലിക്കാൻ, ഇവിടെ വർഗ്ഗീയമായ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അതൊന്നും നിയമസഭയിൽ പിൻവലിക്കണ്ടേ? ഞാൻ പറയുമ്പോൾ മാത്രം വർഗ്ഗീയം പിൻവലിക്കണമെന്ന് പറയുന്നതെന്താണ്? മാത്രമല്ല, ഞാൻ സ്ത്രീകളെക്കുറിച്ച് പറഞ്ഞിട്ടില്ലല്ലോ,........(ബഹളം)......... ഞാൻ എന്താണ് പറയാൻ പോകുന്നതെന്ന് അറിയുന്നതിനുമുമ്പ് ......(ബഹളം)..... ഞാൻ സ്ത്രീകൾ വർഗ്ഗീയവാദികളാണെന്ന പരാമർശം പറഞ്ഞോ? ഞാൻ സ്ത്രീകൾ വർഗ്ഗീയവാദികളാണെന്നുള്ള....., തെറ്റിദ്ധരിപ്പിക്കരുത്. സ്ത്രീകൾ വർഗ്ഗീയവാദികളെന്ന് ഞാൻ പറഞ്ഞിട്ടില്ല. ********* ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. ........(ബഹളം)........ അതിന്റെ പിന്നിൽ ആരൊക്കെയാണുള്ളത് എന്നുള്ളതിനെക്കുറിച്ചാണ് പറഞ്ഞത്. അതുകൊണ്ട് ഞാൻ...., ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നവോത്ഥാനത്തിന്റെ കാര്യങ്ങൾ, ........(ബഹളം)........ അദ്ദേഹം പറഞ്ഞ നവോത്ഥാനത്തിന്റെ കാര്യങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. കേരളത്തിൽ നടന്നിട്ടുള്ള നവോത്ഥാന മുന്നേറ്റങ്ങൾക്കൊന്നും ഞങ്ങൾ എതിരല്ല, പക്ഷേ അതിൽ അങ്ങേയ്ക്ക് എന്ത് പങ്കാണുണ്ടായത്? .....ബഹളം)..... നിങ്ങളുടെ ധാർഷ്ട്യംകൊണ്ട്, നിങ്ങളുടെ ധാർഷ്ട്യത്തിന് മുമ്പിൽ തലകുനിക്കുന്ന പ്രശ്നമില്ല. .....(ബഹളം).... അങ്ങനെയുള്ള

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

ചോരയൊന്നുമല്ല എന്റെ സിരകളിൽ ഒഴുകുന്നത് .....(ബഹളം)....നട്ടെല്ല് നിവർത്തിനിന്നുകൊണ്ട് സംസാരിക്കും. നിങ്ങൾ ഭയപ്പെടുത്തുമ്പോഴൊക്കെ മാനത്തുപോയി ഒളിക്കുന്ന പാരമ്പര്യമല്ല എനിക്കുള്ളത്. അങ്ങ് പറയുന്നത് ഞാൻ കേൾക്കാം, അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു, ചെയറിനെ ഞാൻ ബഹുമാനിക്കുന്നു. ചെയറിന് രേഖ മുഴുവനും പരിശോധിക്കാം, അതിനുശേഷം ഉചിതമായ തീരുമാനമെടുക്കാം. അല്ലാതെ ഇവർ പറയുന്നതിനനുസരിച്ച് ഞാൻ എന്റെ വാക്ക് മാറ്റുകയില്ല. ....(ബഹളം)... ഞാൻ ഓടിളക്കി വന്നതല്ല. .....(ബഹളം).....

(പദപ്രയോഗം പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭരണപക്ഷാംഗങ്ങൾ നടുത്തളത്തിനടുത്തും മുഖ്യമന്ത്രിയുടെ സീറ്റിനരികിലും വന്നുനിന്ന് മുദ്രാവാക്യം മുഴക്കി ഡോ. എം. കെ മുനീറിന്റെ പ്രസംഗം തുടർച്ചയായി തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

അതുകൊണ്ട് നവോത്ഥാനം എന്നുപറയുമ്പോൾ, നവോത്ഥാനത്തിൽ ഏതെങ്കിലും ചില വിഭാഗങ്ങൾ മാത്രം മതിയോ? ആ നവോത്ഥാനത്തിൽ ക്രിസ്തീയ വിഭാഗത്തിന് പങ്കില്ലേ; മുസ്ലീം സമൂഹത്തിന് പങ്കെടുക്കേണ്ടതില്ലേ? ....(ബഹളം).... വക്കം മൗലവിയുടെ നവോത്ഥാനത്തെ അങ്ങ് എന്താണ് പറയാത്തത്? മക്തി തങ്ങളുടെ നവോത്ഥാനത്തെ എന്താണ് പറയാത്തത്; ക്രിസ്ത്യൻ മിഷണറിമാരായ വില്യം തോബിയാസ് റിങ്കിൾ ടോബിനെക്കുറിച്ച് എന്താണ് പറയാത്തത്; എബ്രഹാം മൽപ്പനെക്കുറിച്ച് എന്താണ് പറയാത്തത്; ചാവറ അച്ചനെക്കുറിച്ച് എന്താണ് പറയാത്തത്; അർണോസ് പാതിരി കരോളിനെക്കുറിച്ച് എന്താണ് പറയാത്തത്? ....(ബഹളം).... ക്രിസ്തീയ വിഭാഗത്തെയും മുസ്ലീം വിഭാഗത്തെയും മാറ്റിനിർത്തി മതിൽ പണിയുമ്പോൾ ഞങ്ങൾ എന്താണ് ആ മതിലിനെ വിളിക്കേണ്ടത്? ........(ബഹളം)........ അങ്ങ് പറഞ്ഞുതരണം, ആ മതിലിന് എന്തുപേരാണ് വിളിക്കേണ്ടത് എന്ന്. ........(ബഹളം)........ മാത്രമല്ല, നിങ്ങളുടെ ജോയിന്റ് കൺവീനർ സുഗതൻ ഫേസ് ബുക്കിൽ പറഞ്ഞിരിക്കുന്നു, സ്വന്തം വീടിന് തീയിട്ട് വാടക വീട് തേടിയ ഒരു ഭ്രാന്തിയാണ് അഖില, മനോരോഗിയായ അവളെ മതഭ്രാന്തൻമാർ തെരുവിൽ ഭോഗിക്കട്ടെ എന്ന്. ഈ സുഗതനാണോ ഈ രാജ്യത്ത് നവോത്ഥാനമുണ്ടാക്കാൻ പോകുന്നത്?........(ബഹളം)........ആ നവോത്ഥാനത്തിൽ ഞങ്ങളില്ല. പാവപ്പെട്ട ഒരു സി.ഐ.ടി.യു.-ന്റെ പ്രവർത്തകൻ മാൻഹോളിൽ വീണപ്പോൾ അവൻ മുസ്ലീം ആയതുകൊണ്ടാണ് അവന് കൂടുതൽ സൗകര്യം ചെയ്തതെന്ന് പറഞ്ഞ വർഗ്ഗീയവാദിയായ വെള്ളാപ്പള്ളിയുടെ നവോത്ഥാനത്തിൽ ഞങ്ങളില്ല............(ബഹളം)........വെള്ളാപ്പള്ളി ഒരുഭാഗത്ത് നിൽക്കുമ്പോൾ തുഷാർ മറുഭാഗത്ത് നിന്നുകൊണ്ട് വീട്ടിനകത്ത് ഒത്തുപണി നടത്തുന്ന ഈ പ്രവണതയ്ക്ക് കൂട്ടുനിൽക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി........

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ഇവിടെ അദ്ദേഹത്തിന്റെ പ്രമേയത്തിൽ ********* എന്ന് പറയുക മാത്രമല്ല, അദ്ദേഹം വർഗ്ഗീയത പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ജാതീയമായ വിഭാഗീയത ഉണ്ടാക്കുകയാണ്. ഇത് കേരളത്തെ അപമാനിക്കുന്ന കാര്യമാണ്. എല്ലാ ജാതിയിലും മതത്തിലുംപ്പെട്ട ആളുകളെ അണിനിരത്തുന്ന നവോത്ഥാനത്തിന്റെ മതിലാണിത്. അതിനെതിരായി ഇവർ വർഗ്ഗീയത ഇവിടെ പ്രചരിപ്പിക്കുകയാണ്, ഇത് ശരിയല്ല. ......(ബഹളം)..........

ഡോ. എം. കെ. മുനീർ: " No person shall be compelled to pay any taxes, the proceeds of which are specifically appropriated in payment of expenses for the promotion or maintenance of any particular religion or religious denomination." ഏതെങ്കിലും മതത്തിന്റെ അല്ലെങ്കിൽ മതവിഭാഗത്തിൽപ്പെടുന്ന, ജാതീയ വിഭാഗങ്ങൾ മാത്രം നടത്തുന്ന ഒരു പരിപാടിക്ക് ഗവൺമെന്റ് ചെലവ് നടത്താൻ പാടില്ല എന്ന ഭരണഘടനയെ ധിക്കരിച്ചിരിക്കുകയാണ് ഈ ഗവൺമെന്റ്. ...(ബഹളം)....

മി. സ്പീക്കർ: ദയവായി അംഗങ്ങൾ സഭാ നടപടികൾ നടത്തിക്കൊണ്ട് പോകാൻ സഹകരിക്കണം. ഈ നിലയിൽ സഭ കൊണ്ടുപോകാൻ കഴിയില്ല. നിങ്ങൾ ദയവായി സീറ്റിൽ പോയി ഇരിക്കണം.

ഡോ. എം. കെ. മുനീർ: സർ, അതിനിടയിൽ ഒളിച്ചിരിക്കുന്ന പ്രിയപ്പെട്ട വി.എസ്.-ന്റെ പ്രസ്താവന നിങ്ങൾ വായിക്കണം. ജാതി സംഘടനകൾക്കൊപ്പമുള്ള വർഗ്ഗസമരം വിപ്ലവമല്ല, (ഫോട്ടോസ്റ്റാറ്റ് പേപ്പർ ഉയർത്തിക്കാണിച്ചു.) .... (ബഹളം)..... വി.എസ്-ന്റെ കൂടെയാണ് ഞങ്ങൾ.

മി. സ്പീക്കർ: സഭാനടപടികൾ നിർത്തിവച്ച് നിങ്ങളുമായി ചർച്ച നടത്തിയത് സമവായമുണ്ടാക്കാനാണ്. ......(ബഹളം)..... നിങ്ങൾ സീറ്റിൽ പോയി ഇരിക്കൂ.

ഡോ. എം. കെ. മുനീർ: സർ, ജാതി സംഘടനകൾക്കൊപ്പമുള്ള വർഗ്ഗ സമരം വിപ്ലവമല്ല. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞിരിക്കുന്നു. ഒരു ആലോചനയെങ്കിലും ഉണ്ടെങ്കിൽ.... അങ്ങ് പറഞ്ഞല്ലോ സ്ഥലകാല വിഭ്രാന്തി, സ്ഥലകാലഭ്രമം സംഭവിക്കാതെയാണ് നിങ്ങൾ ഇത് ചെയ്തിരുന്നതെങ്കിൽ ....(ബഹളം)....

മി. സ്പീക്കർ: ചെയറിന് അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടിവരും. നിങ്ങൾ സീറ്റിൽ പോയി ഇരിക്കുന്നുണ്ടോ; ഭരണകക്ഷി അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കുന്നുണ്ടോ?

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയർ നമ്പർ 7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

ഡോ. എം. കെ. മുനീർ: നിങ്ങളൊക്കെ വലിയ ആളുകളാണ്. മുഖ്യമന്ത്രി മുമ്പ് ചെയ്തത്....(ബഹളം).... ഈ വെള്ളാപ്പള്ളി ആരാ? പണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വെള്ളാപ്പള്ളിക്കെതിരെ നടത്തിയ പ്രസ്താവനകളൊക്കെ ഞങ്ങളുടെ കയ്യിൽ കെട്ടുകെട്ടായി ഇരിപ്പുണ്ട്. (കയ്യിലുണ്ടായിരുന്ന പേപ്പറുകൾ ഉയർത്തിക്കാണിച്ചു.) ആ അനഭിമതനായ വെള്ളാപ്പള്ളി എപ്പോഴാണ് അഭിമതനായത്? ......(ബഹളം)..........

മി. സ്പീക്കർ: എങ്ങനെയാണ് ഈ സഭ ഞാൻ നടത്തിക്കൊണ്ടു പോകേണ്ടത്? ദയവായി സീറ്റിൽ പോയി ഇരിക്കു.

ഡോ. എം. കെ. മുനീർ: അതുകൊണ്ട് പ്രിയപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഈ പാവപ്പെട്ട കുട്ടികളെ തെരുവിലിറക്കി അവരുടെ പഠനം ഇല്ലാതാക്കരുത്. അങ്ങ് പണ്ട് ഓണത്തിന് പൂക്കളമിട്ടതിനെ എതിർത്ത ആളാണ്, ഓഫീസ് ടൈമിൽ ഓണത്തിന് പൂക്കളം ഇടരുതെന്ന് പറഞ്ഞ അങ്ങ്, ഇന്ന് ഓഫീസ് ടൈമിൽ എല്ലാവരോടും തെരുവിൽ ഇറങ്ങാൻ പറയുന്നത് എന്തിനുവേണ്ടിയാണ്? സുഗതനുവേണ്ടി, വെള്ളാപ്പള്ളിക്കുവേണ്ടി. സുഗതൻ ആരാണ്? ....(ബഹളം).....

മി. സ്പീക്കർ: ഇത്തരത്തിൽ സഭ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല, ദയവായി സീറ്റിൽ പോയി ഇരിക്കു, ചെയറിന് അടുത്ത നടപടിയിലേയ്ക്ക് കടക്കേണ്ടിവരും.

ഡോ. എം. കെ. മുനീർ: കർസേവയിൽ പങ്കെടുത്ത ആളാണ്. ...(ബഹളം).... കർസേവയിൽ പങ്കെടുത്ത്, ബാബറി മസ്ജിദ് തകർത്ത് അതിന്റെ കല്ല് കയ്യിൽ സൂക്ഷിച്ച സുഗതനെ കെട്ടിപ്പിടിക്കുന്ന നിങ്ങൾ ....(ബഹളം).... പിന്നെ ഞങ്ങൾ ഇതിനെ ********* എന്നല്ലാതെ എന്താണ് വിളിക്കേണ്ടത്? ഇത് *******അല്ലേ? ...(ബഹളം)... ഇത് ***********

മി. സ്പീക്കർ: അങ്ങ് വീണ്ടുംവീണ്ടും അത് പറഞ്ഞുകൊണ്ടിരിക്കുകയാണോ?

ശ്രീ. കെ.സി. ജോസഫ്: സർ,.......

മി. സ്പീക്കർ: എന്താണ് ശ്രീ. കെ. സി. ജോസഫ്? അദ്ദേഹം അവസാനിപ്പിക്കാൻ പോകുമ്പോൾ നിങ്ങൾ വീണ്ടും പറയുകയാണോ? (ബഹളം)...

ഡോ. എം. കെ. മുനീർ: ചീഫ് സെക്രട്ടറിയുടെ ഓർഡറിൽ എന്താണ് പറയുന്നത്? ധനകാര്യ വകുപ്പിൽനിന്നും പണം വാരിക്കോരി ചെലവഴിക്കാൻ പറയുന്നു. ....(ബഹളം)....

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ.7160/ഇ.ബി.2018/നി.സെ. തീയതി 13-12-2018) സഭാ രേഖയിൽ നിന്നും നീക്കംചെയ്തു.

<u>മി. സ്പീക്കർ</u>: അങ്ങ് ഈ സഭയുടെ പ്രതിഷേധം ഉൾക്കൊണ്ടുകൊണ്ട് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങ് വീണ്ടും വീണ്ടും ഇത് ആവർത്തിക്കുകയാണ്. ഡോ. എം. കെ. മുനീർ, സഭയുടെ ബഹുമാനപ്പെട്ട വനിതാ സാമാജികർകൂടി പരാതി നൽകിയ പശ്ചാത്തലത്തിൽ താങ്കൾ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഡോ. എം. കെ. മുനീർ</u>: സർക്കാർ ചെലവിൽ വെള്ളാപ്പള്ളിക്കും സുഗതനും അദ്ദേഹത്തിന്റെ ജാതീയത ഈ നാട്ടിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒത്താശ സർക്കാർ ചെലവിൽ നടത്താൻ ഞങ്ങൾ അനുവദിക്കില്ല.

<u>മി. സ്പീക്കർ</u>: ഇത് ശരിയല്ല, പ്ലീസ്...പ്ലീസ്...അടുത്ത് നടപടിയിലേയ്ക്ക് കടക്കേണ്ടിവരും.

<u>ഡോ. എം. കെ. മുനീർ</u>: ഇപ്പോൾ ജനങ്ങൾക്കിടയിൽ നിങ്ങൾ സാലറി ചലഞ്ച് പോലെ ഭീഷണിപ്പെടുത്തുകയാണ്. അങ്കണവാടി ടീച്ചർമാരെ ഭീഷണിപ്പെടുത്തുന്നു, കുടുംബശ്രീയെ ഭീഷണിപ്പെടുത്തുന്നു, ആശാ വർക്കേഴ്സിനെ ഭീഷണിപ്പെടുത്തുന്നു. അങ്ങനെ എല്ലാ വിഭാഗത്തെയും ഭീഷണിപ്പെടുത്തി, സാലറി ചലഞ്ചിൽ ഞങ്ങൾ നിങ്ങളോട് പ്രതികാരം ചെയ്യുമെന്ന് പറയുന്നതുപോലെ കുടുംബശ്രീയെയും തൊഴിൽദാന പദ്ധതിയിലുള്ളവരെയും പേടിപ്പിക്കുകയാണ്. നിങ്ങളുടെ പേടിപ്പെടുത്തലിനൊന്നും വഴങ്ങുന്ന സ്ത്രീകളല്ല കേരളത്തിലുള്ളത്. നിങ്ങൾ നവോത്ഥാനം, സ്ത്രീകൾക്ക് തുല്യത......(ബഹളം).....

<u>മി. സ്പീക്കർ</u>: സഭ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. വീണ്ടുംവീണ്ടും ഇത് തുടരുകയാണ്. ....(ബഹളം).....

<u>ഡോ. എം. കെ. മുനീർ</u>: ആദ്യം നിങ്ങളുടെ ജനപ്രതിനിധികൾ, നിങ്ങളുടെ പാർട്ടി പ്രവർത്തകർ മാനഭംഗപ്പെടുത്തിയ സ്ത്രീകൾക്ക് സംരക്ഷണം കൊടുത്തശേഷം മതി, മതിലുണ്ടാക്കൽ. നിങ്ങൾ സ്ത്രീകളുടെ തുല്യതയെക്കുറിച്ച് പറയുന്നു, നിങ്ങളുടെ പാർട്ടി ഓഫീസിൽ താണുകേണ് കരഞ്ഞ സ്ത്രീകൾക്ക് സംരക്ഷണം കൊടുക്കാൻ കഴിയാത്ത നിങ്ങൾ....,

<u>മി. സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കൂ, അടുത്ത നടപടിയിലേയ്ക്ക് കടക്കുകയാണ്. പ്ലീസ്, പ്ലീസ്.

ഡോ. എം. കെ. മുനീർ: ഈ രാജ്യത്ത് തുല്യതയെക്കുറിച്ച് സംസാരിക്കാൻ എന്ത് അവകാശമാണ് നിങ്ങൾക്കുള്ളത്? സ്ത്രീകളെ തെരുവിലേക്ക് വലിച്ചെറിയുന്ന നിങ്ങൾക്ക് സ്ത്രീ സമത്വത്തെക്കുറിച്ച് എന്ത് അറിയാം? .....(ബഹളം).....

മി.സ്പീക്കർ: കൺക്ലൂഡ് ചെയ്യുന്നുണ്ടോ? എങ്ങനെയാണ് സഭ നടത്തിക്കൊണ്ടു പോകുന്നത്? ....(ബഹളം)....

ഡോ. എം. കെ. മുനീർ: ചീഫ് സെക്രട്ടറി ഇറക്കിയിട്ടുള്ള സർക്കുലർ നിങ്ങൾ നോക്കുക, ആ സർക്കുലറിൽ പറയുന്നതെന്താണ്? ധനകാര്യ വകുപ്പിൽനിന്നും ഇതിനുവേണ്ടി സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. .....(ബഹളം).....

മി. സ്പീക്കർ: ഇങ്ങനെ പൂർണ്ണമായും ബഹളത്തിൽ മുങ്ങി സഭ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല.

ഡോ. എം. കെ. മുനീർ: പ്രിയപ്പെട്ട ശൈലജ ടീച്ചർ സ്ത്രീ സമത്വത്തിനു വേണ്ടിയാണ് വാദിക്കുന്നതെങ്കിൽ നിങ്ങളുടെയിടയിൽനിന്ന് ഒരു സ്ത്രീയെ മുഖ്യമന്ത്രിയാക്കാൻ ആദ്യം തീരുമാനിക്കൂ. ശൈലജ ടീച്ചറെ മുഖ്യമന്ത്രിയാക്കൂ. എന്നിട്ട് സ്ത്രീ സമത്വം കാണിക്കൂ. ശൈലജടീച്ചർക്കും കെ. ആർ. ഗൗരിയമ്മയ്ക്കും സുശീലാമ്മയ്ക്കും കേരളത്തിൽ മുഖ്യമന്ത്രിയാകാൻ അവസരം അനുവദിക്കാത്ത പാർട്ടി ....(ബഹളം).....

മി.സ്പീക്കർ: അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ഡോ. എം. കെ. മുനീർ: അതുകൊണ്ട് പ്രിയപ്പെട്ട വനിതാ എം.എൽ.എ. മാരെ, നിങ്ങൾ ആദ്യം നിങ്ങളുടെ പാർട്ടിയുടെ ജനപ്രതിനിധികളും നിങ്ങളുടെ പാർട്ടി പ്രവർത്തകരും മാനഭംഗപ്പെടുത്തിയവരെ സംരക്ഷിക്കാനാണ് ആദ്യം ശ്രമിക്കേണ്ടത്. .......(ബഹളം)..........

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്... സഭയിലെ ഇരുവിഭാഗം അംഗങ്ങളും ബഹളം തുടരുന്ന പശ്ചാത്തലത്തിൽ തുടർ നടപടികളിലേയ്ക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുന്നു. ബന്ധപ്പെട്ട മന്ത്രിമാർ മറുപടികൾ മേശപ്പുറത്തുവച്ചാൽ മതി.*

* അനുബന്ധമായി ചേർത്തിരിക്കുന്നു.

## V റിപ്പോർട്ട് സമർപ്പണം

(1) "വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" , "ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ" എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പ്രത്യേക റിപ്പോർട്ടുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ "വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ, "ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ" എന്നിവ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2)"ഒഡെപെക്, " 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൻകിട ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന പ്രസരണ വിതരണ മേഖലയിലുണ്ടായ നഷ്ടം " എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ടുകൾ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ "ഒഡെപെക്," " 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൻകിട ചെറുകിട പദ്ധതികൾ ഉൾപ്പെടെ വൈദ്യുതി ഉത്പാദന പ്രസരണ വിതരണ മേഖലയിലുണ്ടായ നഷ്ടം " എന്നിവ സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ,.....

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചുകഴിഞ്ഞു.

(അടിയന്തര പ്രമേയാവതാരകന് സംസാരിക്കാൻ സമയം അനുവദിക്കാതെ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്ന സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

## VI റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന് താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1. റിപ്പോർട്ടിലെ ഖണ്ഡിക മൂന്നിൽ അവസാനത്തെ രണ്ട് വാക്യങ്ങൾ താഴെപ്പറയുന്ന പ്രകാരം മാറ്റുക.

" പരാതി വിഷയം സംബന്ധിച്ച ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിലാണെന്നതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ഇല്ലെന്ന് സമിതി തീരുമാനിച്ചു ."

2. " സമിതിയുടെ നിഗമനം " താഴെപ്പറയും പ്രകാരം മാറ്റുക.

" ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യുടെ നിയമസഭാംഗത്വം റദ്ദാക്കണമെന്ന പരാതിക്കാരന്റെ ആവശ്യം സമിതിക്ക് പരിഗണനയ്ക്കെടുക്കാൻ കഴിയുന്ന വിഷയമല്ലാത്തതിനാലും അദ്ദേഹത്തിനെതിരെയുള്ള ക്രിമിനൽ കേസ് കോടതിയുടെ പരിഗണനയിലായതിനാലും പരാതിയിൽ തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിക്കുന്നു."

ശ്രീ. എ. പ്രദീപ് കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

(i) 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല, ചർച്ചയില്ല.

സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സെലക്ട് കമ്മിറ്റിയുടെ ഘടന വിശദീകരിക്കാവുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സെലക്ട് കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

1. ശ്രീ. വി. എസ്. സുനിൽ കുമാർ
2. ശ്രീ. ചിറ്റയം ഗോപകുമാർ
3. ഡോ. എൻ. ജയരാജ്
4. ശ്രീ. കെ. സി. ജോസഫ്
5. ശ്രീ. കെ. കുഞ്ഞിരാമൻ

6. ശ്രീ. മാത്യു ടി. തോമസ്
7. ശ്രീ. ഡി. കെ. മുരളി
8. ശ്രീ. മുരളി പെരുനെല്ലി
9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
10. ശ്രീ. കെ. രാജൻ
11. ശ്രീ. സജി ചെറിയാൻ
12. ശ്രീ. സി. കെ. ശശീന്ദ്രൻ
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. പി. ഉബൈദുള്ള
15. ശ്രീ. കെ. വി. വിജയദാസ്

ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സെലക്ട് കമ്മിറ്റിയുടെ ഘടന സഭ അംഗീകരിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങളും ചില ഭരണകക്ഷി അംഗങ്ങളും തമ്മിൽ വാക്കേറ്റമുണ്ടായതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സഭയ്ക്കകത്ത് നിലത്തിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

അംഗങ്ങൾ ദയവായി സീറ്റിൽ ഇരിക്കണം. അപമാനകരമായ സാഹചര്യങ്ങളുണ്ടാക്കരുത്. ഇത് നിയമസഭയാണ്. ....(ബഹളം)..... സീറ്റിൽ ഇരിക്കൂ. നിയമസഭയാണെന്ന് മറക്കരുത്. ....(ബഹളം)....

(തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ സംസാരിച്ചില്ല.)

<u>മി. സ്പീക്കർ</u>: ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

185. In the proviso to section 2(oe) proposed to be inserted in the principal Act by Clause 2, for the words "six months" the words "one year" shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 185-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## VIII അറിയിപ്പ്

### <u>അഡ്ഹോക് കമ്മിറ്റി രൂപീകരണം</u>

<u>മി. സ്പീക്കർ</u>: വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭയെ അറിയിക്കുകയാണ്. സ്വന്തം കിടപ്പാടം ഈടുനൽകി വിവിധ ബാങ്കുകളിൽനിന്നും വായ്പ എടുത്ത കേരളത്തിലെ പതിനായിരക്കണക്കിന് ആളുകൾ 2002-ലെ കേന്ദ്ര നിയമമായ സർഫാസി ആക്ട് പ്രകാരമുള്ള ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകണമെന്നാവശ്യപ്പെട്ട് കേരള നിയമസഭ 21-8-2017-ൽ ഒരു പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തെങ്കിലും ഇക്കാര്യത്തിൽ നടപടിയൊന്നുമുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ ഉളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും തെളിവെടുക്കുന്നതിനുമായി ഭരണ-പ്രതിപക്ഷ കക്ഷികളിൽപ്പെട്ട ഇനി പറയുന്ന പതിനൊന്ന് അംഗങ്ങളടങ്ങുന്ന നിയമസഭാ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ച വിവരം സഭയെ അറിയിക്കുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലുള്ള ഒരു അഡ്ഹോക് കമ്മിറ്റി നിയമസഭ രൂപീകരിക്കുന്നത് എന്നുള്ള വിവരവും അംഗങ്ങളെ അറിയിക്കുകയാണ്.

1. ശ്രീമതി ഇ. എസ്. ബിജിമോൾ
2. ശ്രീ. ജെയിംസ് മാത്യു
3. ശ്രീ. മോൻസ് ജോസഫ്
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. എസ്. ശർമ്മ
7. ശ്രീ. സി. കെ. ശശീന്ദ്രൻ

8. ശ്രീ. വി. ഡി. സതീശൻ
9. ശ്രീ. കെ. സുരേഷ് കുറുപ്പ്
10. ശ്രീ. എം. ഉമ്മർ
11. ശ്രീ. എൻ. വിജയൻ പിള്ള

എന്നിവർ സമിതിയിലെ അംഗങ്ങളായിരിക്കും.

## IX അവകാശലംഘന പ്രശ്നങ്ങൾ

### 1. അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ഐ.പി.എസ്. ഓഫീസർമാരുടെ വീടുകളിൽ ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാർ ജോലിനോക്കുന്ന വിവരം ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് വ്യക്തമായി അറിയാമെന്നിരിക്കെ 21-03-2018-ലെ നക്ഷത്രചിഹ്നമിടാത്ത 4403-ാം നമ്പർ ചോദ്യത്തിന് "ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്ക് നിയോഗിക്കാറില്ല" എന്ന് ഉത്തരം നൽകിയത് മനഃപൂർവ്വവും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടും കൂടിയാണെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ ഔദ്യോഗികമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതെന്നും അനധികൃതമായോ ക്രമവിരുദ്ധമായോ എന്തെങ്കിലും നടന്നാൽ പരാതിയുടെയോ മാദ്ധ്യമവാർത്തയുടെയോ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാറുണ്ടെന്നും മനഃപൂർവ്വമായോ സഭയെ തെറ്റിദ്ധരിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെയോ അല്ല 4403-ാം നമ്പർ ചോദ്യത്തിന് മറുപടി നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനം ഉണ്ടായിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ചെയർ വിശദമായി പരിശോധിച്ചതിൽ ആയത് വസ്തുതാപരമായി ശരിയാണെന്ന് കാണുന്നതാകയാൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

2) പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ച സംഭവം സംബന്ധിച്ച് 19-6-2018-ന് താൻ ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയിൽ സംസ്ഥാന പോലീസ് മേധാവിയുടെ 30-5-2018-ലെ ഉത്തരവിൻപ്രകാരം നേരത്തെ സ്ഥലംമാറ്റിയ സർക്കിൾ ഇൻസ്പെക്ടറെ പ്രസ്തുത സംഭവത്തിന്റെ പേരിലാണ് സ്ഥലം മാറ്റിയതെന്ന് പ്രസ്താവിച്ചത് സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അതുവഴി സഭയുടെയും അംഗങ്ങളുടെയും അവകാശങ്ങൾ ലംഘിച്ചുവെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കര നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണത്തിൽ, 13-6-2018-ന് നടന്ന സംഭവത്തിന്റെ ഭാഗമായി സി.ഐ.-യെ സ്ഥലം മാറ്റി എന്ന് താൻ സഭയിൽ പ്രസ്താവന നടത്തിയിട്ടില്ലെന്നും അതിനാൽത്തന്നെ സഭയെ തെറ്റിദ്ധരിപ്പിക്കുകയോ പ്രത്യേക അവകാശങ്ങൾ ലംഘിക്കുകയോ ചെയ്ത പ്രശ്നം ഉദിക്കുന്നില്ലെന്നും അഞ്ചൽ സി.ഐ.-യുടെ സ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവ് 30-5-2018-ൽ ഇറങ്ങിയെങ്കിലും സബ്മിഷൻ സഭയിൽ ഉന്നയിക്കപ്പെട്ടശേഷം 19-6-2018-ലാണ് അദ്ദേഹം വിടുതൽ ചെയ്തതും പുതിയ സി.ഐ. ചാർജ്ജെടുത്തതെന്നും ഇക്കാര്യത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന് ബോധപൂർവ്വമായ ഉദ്ദേശ്യത്തോടുകൂടി പ്രസ്താവനയൊന്നും താൻ നടത്തിയിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു.

പ്രസ്തുത വിശദീകരണം വസ്തുതാപരമായി നിലനിൽക്കുന്നതാണെന്ന് ചെയറിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കരയ്ക്ക് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

## 2. ചെയറിന്റെ പരിഗണനയിലിരിക്കുന്നവ

i) "സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന സ്ഥിതി വിശേഷവും സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളും സഭ ചർച്ച ചെയ്യണമെന്ന" ചട്ടം 130

അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ 30-8-2018-ന് നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കാൻ മനഃപൂർവ്വം ഉദ്ദേശിച്ചു കൊണ്ടുള്ളതാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശ ലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു നോട്ടീസ് നൽകിയിരുന്നു.

ii) സംസ്ഥാനത്തെ മൂന്ന് ബ്രൂവറികൾക്കും ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഒരു കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ് യൂണിറ്റിനും അനുമതി നൽകിയതിനെതിരെ പ്രതിപക്ഷനേതാവ് പത്ര സമ്മേളനത്തിൽ ഉന്നയിച്ച വിഷയങ്ങളുടെ പേരിൽ എക്സൈസ് വകുപ്പ് പത്രക്കുറിപ്പ് ഇറക്കിയ നടപടി അദ്ദേഹത്തെ സമൂഹമദ്ധ്യത്തിൽ അവഹേളിക്കുന്നതിനുള്ള ശ്രമമാണെന്നും പ്രതിപക്ഷനേതാവിന്റെ പ്രത്യേക അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്നും ആരോപിച്ചു കൊണ്ട് എക്സൈസ് വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശാ തോമസിനെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

iii) 8-12-2018-ൽ കെ.എസ്.യു. പ്രവർത്തകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് 10-12-2018-ലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷനുള്ള നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രേഖാമൂലം നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും യഥാർത്ഥ വിവരം സഭയിൽനിന്നും മറച്ചുവയ്ക്കണമെന്ന ദുരുദ്ദേശ്യത്തോടും കൂടിയാണെന്നും ആയത് സഭയുടെയും അംഗങ്ങളുടെയും പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആരോപിച്ചു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡൻ ഒരു നോട്ടീസ് നൽകിയിരുന്നു.

iv) 6-12-2018-ലെ ചോദ്യോത്തരവേളയിൽ, ശബരിമലയിലെ അന്നദാനം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ഉപചോദ്യത്തിന് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ

തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ 20-11-2018-ൽ പുറത്തിറക്കിയ ഉത്തരവിന് വിരുദ്ധമാണെന്നും പ്രസ്തുത ഉത്തരവ് മറച്ചുവച്ചുകൊണ്ട് സഭയെ മനഃപൂർവ്വമായി തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ഡോ. എം. കെ. മുനീർ ഒരു നോട്ടീസ് നൽകിയിരുന്നു.

v) 6-12-2018-ൽ നിയമസഭയിൽ മറുപടി നൽകവെ ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഹിന്ദു ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷ ശ്രീമതി കെ. പി. ശശികല ടീച്ചർ നടത്തിയ പ്രസംഗം സംബന്ധിച്ച് തെറ്റായ പ്രസ്താവന നടത്തിയെന്നും ആയത് സഭയുടെ അവകാശ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. രാജഗോപാൽ ഒരു നോട്ടീസ് നൽകിയിരുന്നു. മേൽപ്പറഞ്ഞ 5 നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## X പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XI അവലോകനം

മി. സ്പീക്കർ: 14-ാം കേരള നിയമസഭയുടെ 13 ദിവസം നീണ്ടുനിന്ന 13-ാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2018 നവംബർ 27-ന് ആരംഭിച്ച ഈ സമ്മേളനം പൂർണ്ണമായി നിയമനിർമ്മാണം ഉദ്ദേശിച്ചുകൊണ്ടായിരുന്നു. സഭ സമ്മേളിച്ച 13 ദിവസങ്ങളിൽ 9 ദിവസവും നിയമനിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. ഈ സഭയിലെ അംഗമായിരുന്ന ശ്രീ. പി. ബി. അബ്ദുൽ റസാക്കിന് ചരമം സംബന്ധിച്ച റഫറൻസ് നടത്തി ആദ്യ ദിവസം സഭ പിരിയുകയും ഒരു ദിവസം ഉപധനാഭ്യർത്ഥനയുടെ ചർച്ചയ്ക്കായും രണ്ട് ദിവസം അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവയ്ക്കുകയുമുണ്ടായി.

നിയമനിർമ്മാണത്തിനായി മാറ്റിവയ്ക്കപ്പെട്ട ദിനങ്ങൾ നിലവിലുണ്ടായിരുന്ന 13 ഓർഡിനൻസുകളിൽ 9 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ സഭ പാസ്സാക്കുകയും 2018-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ എന്നിവ സെലക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. ചട്ടം 50 പ്രകാരമുള്ള 11 നോട്ടീസുകളാണ് സമ്മേളനകാലയളവിൽ ലഭിച്ചത്. അതിൽ പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ നൽകിയ അടിയന്തരപ്രമേയ നോട്ടീസ് ഡിസംബർ 5-ാം തീയതി സഭ പരിഗണിക്കുകയും അതിന്മേൽ വിശദമായ ചർച്ചനടത്തുകയും ചെയ്തു. ഈ സമ്മേളനവുമായി ബന്ധപ്പെട്ട 360 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും നക്ഷത്രചിഹ്നമിടാത്ത 4370 ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 4730 ചോദ്യങ്ങൾ അച്ചടിച്ചു. ശ്രീ. കെ. കൃഷ്ണൻകുട്ടി മന്ത്രിയായതിനെത്തുടർന്ന് 24 ചോദ്യങ്ങൾ ഒഴിവാക്കുകയും ഡോ. എൻ. ജയരാജ് ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു. ക്ലബ്ബിംഗ് ഉൾപ്പെടെ 30 ചോദ്യങ്ങൾക്ക് സഭാതലത്തിൽ മന്ത്രിമാർ വാക്കാൽ മറുപടി നൽകി. 137 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. ആകെ 13 ദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ 12 ദിവസമാണ് ചോദ്യോത്തരങ്ങൾ ഉണ്ടായിരുന്നത്. അവയിൽ ചോദ്യോത്തരവേള പൂർണ്ണമായും 4 ദിവസം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അവശേഷിച്ച 9 ദിവസവും പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേള തടസ്സപ്പെട്ടുകയുണ്ടായി. ഗൗരവപൂർവ്വമായ വിവിധ വിഷയങ്ങളിന്മേൽ ബഹുമാനപ്പെട്ട സാമാജികന്മാർ ഉന്നയിക്കുന്ന

ചോദ്യങ്ങൾക്ക് സഭാതലത്തിൽ വച്ചുതന്നെ മന്ത്രിമാരിൽനിന്ന് മറുപടി ലഭിക്കുന്ന അവസരമാണ് ചോദ്യോത്തരവേള. സഭയുടെ ഒരു ദിവസത്തെ കാര്യപരിപാടിയുടെ ആദ്യത്തെ ഇനമായ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് അങ്ങേയറ്റം ഖേദകരമാണെന്ന് ചെയർ ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ. 24 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 101 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് രണ്ട് പ്രസ്താവനകളും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഒരു പ്രസ്താവനയും സഭയിൽ നടത്തുകയുണ്ടായി. സ്വന്തം കിടപ്പാടം ഈട് നൽകി വിവിധ ബാങ്കുകളിൽനിന്ന് വായ്പ എടുത്ത നിരവധി ആളുകൾ 'സർഫാസി ആക്ട്' പ്രകാരമുള്ള ജപ്തി നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു നിയമസഭാ സമിതി രൂപീകരിക്കുന്നതിന് ഈ സമ്മേളനത്തിൽ നമുക്ക് കഴിഞ്ഞു. നിയമസഭയുടെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായുള്ള 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി'യുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര തലത്തിൽ ഒരു സ്റ്റുഡന്റ്സ് പാർലമെന്റ് ഫെബ്രുവരി മാസം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്, പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിനാവശ്യമായ സഹകരണം ബന്ധപ്പെട്ട എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. പ്രത്യേക സമ്മേളനങ്ങൾ ചേർന്നുകൊണ്ട് നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സജീവമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ചേർന്ന ഈ സമ്മേളനം നിർഭാഗ്യകരമായ കാരണങ്ങളാൽ വേണ്ടത്ര സാർത്ഥകമാക്കാൻ കഴിഞ്ഞില്ലെങ്കിൽകൂടി സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, വിവിധ കക്ഷി നേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു.

സമ്മേളന നടപടികളുമായി സഹകരിച്ചുപ്രവർത്തിച്ച നിയമസഭ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര, ദൃശ്യ-മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ് നവവത്സരാശംസകൾ നേരുന്നു.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാവിലെ 11.49-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.6386/ Table-1/2018/Leg.

Dated, Thiruvananthapuram, 14th December, 2018

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Thirteenth Session of the Fourteenth Kerala Legislative Assembly with effect from December 13, 2018 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2018 ഡിസംബർ 13-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

V. K. Babu Prakash,

*Secretary.*

# അനുബന്ധം I

നക്ഷത്രചിഹ്നമിട്ട 333-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിനുള്ള മറുപടി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ജില്ല | റിമാർക്ക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ, വർക്കല | തിരുവനന്തപുരം | വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| 2. | ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, അയ്യൻകാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം | തിരുവനന്തപുരം | ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3. | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | തിരുവനന്തപുരം | ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 4. | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | കൊല്ലം | സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 5. | കൊടുമൺ സ്റ്റേഡിയം | പത്തനംതിട്ട | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| 6. | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | പത്തനംതിട്ട | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 7. | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | ആലപ്പുഴ | സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 8. | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | ആലപ്പുഴ | വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9. | ആലപ്പുഴ ഇ.എം.എസ്.സ്റ്റേഡിയം (രണ്ടാംഘട്ടം) | ആലപ്പുഴ | ടെണ്ടർ നടപടികൾ പൂർത്തിയായി ധാരണ പത്രം ഒപ്പുവച്ചിട്ടില്ല. |
| 10. | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട്, അരൂർ | ആലപ്പുഴ | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 11. | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് സ്റ്റേഡിയം | ആലപ്പുഴ | ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 12. | ആലപ്പുഴ റോവിംഗ് ട്രാക്ക് നവീകരണവും ഹോസ്റ്റൽ നിർമ്മാണവും | ആലപ്പുഴ | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 13. | അയ്മനം പഞ്ചായത്ത് സ്റ്റേഡിയം | കോട്ടയം | കിഫ്ബി അംഗീകാരം ലഭ്യമായാലുടൻ വർക്ക് അവാർഡ്ചെയ്യുന്നതാണ്. |
| 14. | നെടുങ്കണ്ടം സ്റ്റേഡിയം | ഇടുക്കി | സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 15. | എളംകുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് | എറണാകുളം | സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സ്കൂളും പഞ്ചായത്തും തമ്മിൽ തർക്കം നിലനിൽക്കുന്നു. |
| 16. | കോതമംഗലം ചേലാട് സ്റ്റേഡിയം | എറണാകുളം | ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 17. | തൃശ്ശൂർ ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയം | തൃശ്ശൂർ | പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18. | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | തൃശ്ശൂർ | വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| 19. | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | തൃശ്ശൂർ | കിറ്റ്കോ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| 20. | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. തൃത്താല, പാലക്കാട് | പാലക്കാട് | നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 21. | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ് | പാലക്കാട് | റീ-ടെൻഡർ ചെയ്തിട്ടുണ്ട്. |
| 22. | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | പാലക്കാട് | ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 23. | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | പാലക്കാട് | ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 24. | മലപ്പുറം എടപ്പാൾ ഗവ.എച്ച്.എസ്.എസ്. മിനി സ്റ്റേഡിയം | മലപ്പുറം | നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. |
| 25. | മലപ്പുറം മാനവേദൻ ജി.എച്ച്.എസ്.എസ്. കോംപ്ലക്സ്, നിലമ്പൂർ | മലപ്പുറം | വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| 26. | താനൂർ സ്റ്റേഡിയം | മലപ്പുറം | പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 27. | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | മലപ്പുറം | കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 28. | തിരൂർ ഫുട്ബോൾ സ്റ്റേഡിയം | മലപ്പുറം | ഡി.പി.ആർ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 29. | നടുവണ്ണൂർ വോളിബോൾ അക്കാഡമി | കോഴിക്കോട് | സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 30. | പുല്ലൂരാംപാറ, തിരുവമ്പാടി | കോഴിക്കോട് | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| 31. | വടകര ഇൻഡോർ സ്റ്റേഡിയം | കോഴിക്കോട് | ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 32. | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | കോഴിക്കോട് | ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 33. | മേപ്പയ്യൂർ | കോഴിക്കോട് | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നനടപടികൾ പുരോഗമിക്കുന്നു. |
| 34. | ഫറൂഖ് ഗണപതി | കോഴിക്കോട് | ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 35. | സി.കെ. ഓങ്കാരനാഥൻ ഇൻഡോർ സ്റ്റേഡിയം | വയനാട് | ടെണ്ടറിന്റെ സൂക്ഷ്മപരിശോധന പൂർത്തിയായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 36. | വയനാട് ജില്ലാ സ്റ്റേഡിയം , കൽപ്പറ്റ | വയനാട് | നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു. |
| 37. | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | കണ്ണൂർ | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| 38. | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | കണ്ണൂർ | നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. |
| 39. | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | കണ്ണൂർ | നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. |
| 40. | തലശ്ശേരി വി. ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | കണ്ണൂർ | വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. |
| 41. | കണ്ണൂർ ജവഹർ സ്റ്റേഡിയം | കണ്ണൂർ | ടെണ്ടർ സൂക്ഷ്മപരിശോധന പൂർത്തിയായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 42. | മട്ടന്നൂർ സ്റ്റേഡിയം | കണ്ണൂർ | സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 43. | പറളി | കണ്ണൂർ | സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 44. | പടിയൂർ ഇൻഡോർ സ്റ്റേഡിയം | കണ്ണൂർ | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| 45. | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം | കണ്ണൂർ | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 46. | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | കണ്ണൂർ | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| 47. | കാസർഗോഡ് തൃക്കരിപ്പൂർ എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | കാസർഗോഡ് | സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| 48. | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | കാസർഗോഡ് | നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു. |

## അനുബന്ധം II

ശ്രദ്ധ ക്ഷണിക്കൽ, സബ്മിഷൻ എന്നിവയുടെ മേശപ്പുറത്തുവച്ച മറുപടികൾ

## I ശ്രദ്ധ ക്ഷണിക്കൽ

(1) കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി സംബന്ധിച്ച ശ്രീ. കെ. ബാബുവിന്റെ ശ്രദ്ധ ക്ഷണിക്കലിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടി

പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09-ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷംകൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ 28-1-2012-ലെ സ.ഉ.(കൈ)നമ്പർ.35/2012/റവ. പ്രകാരം ഉത്തരവായിരുന്നു. ഇതുകൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർകൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമികൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോൾ 230.10 ഏക്കർ മാത്രമേ ഒന്നാംഘട്ടത്തിൽ ആവശ്യമുള്ളൂവെന്ന് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിച്ചതിൻപ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുകയുണ്ടായി. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ നാല്പതിനായിരത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കാനുള്ള പദ്ധതിയാണ്

ഉണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (സെയിൽ) അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപ്പര്യം പ്രകടിപ്പിച്ചില്ല. സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് സെയിൽ താല്പര്യപ്പെടുന്നതെന്ന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ അറിയിക്കുകയുണ്ടായി. നാഷണൽ അലുമിനിയം കമ്പനി (NALCO) യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിരുന്നു. എന്നാൽ കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി എത്രയുംപെട്ടെന്ന് ആരംഭിക്കാനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും 19-6-2018, 24-6-2018 തീയതികളിൽ കത്തുകൾ അയയ്ക്കുകയും എം.പി.-മാർ വഴിയും ഉദ്യോഗസ്ഥതലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കാൻ നിലവിൽ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിലുണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാൻ ഉതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ നിർവ്വാഹമില്ലെന്നുമാണ് 19-11-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്.

(2) <u>അഗ്നി രക്ഷാസേനയുടെ ആധുനികവത്കരണം സംബന്ധിച്ച ശ്രീ. പി. ടി. തോമസിന്റെ ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടി</u>

പ്രളയക്കെടുതിയിൽ ത്യാഗനിർഭരമായി പ്രവർത്തിച്ച സംസ്ഥാന ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ നടത്തുകയാണ്.

ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രം, ജില്ലാതല ഓഫീസുകളുടെ ശക്തിപ്പെടുത്തൽ, സ്പെഷ്യൽ ടാസ്ക് ഫോഴ്സ്, സിവിൽ ഡിഫൻസ്, പിന്നോക്ക മേഖലകളിലെ ഫയർ സ്റ്റേഷനുകൾ ആരംഭിക്കൽ തുടങ്ങിയ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

രക്ഷാപ്രവർത്തനങ്ങളിൽ സേവനസന്നദ്ധതയുള്ളവരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനായി ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ഏറ്റവും കുറഞ്ഞത് 30 പേരെ വീതം കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർമാരായി തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകിവരുന്നു.

ചെറിയ വഴികളിലൂടെ സഞ്ചരിക്കാൻ കഴിയുന്ന 35 മിനി വാട്ടർ മിസ്റ്റ് ടെണ്ടറുകൾ ഇപ്പോൾ പുതുതായി വാങ്ങിക്കഴിഞ്ഞു. ടേൺ ടേബിൾ ലാഡർ (സ്കൈ ലിഫ്റ്റ്) ഉൾപ്പെടെയുള്ള ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികളും അവസാന ഘട്ടത്തിലാണ്. മൊത്തം 70 കോടി രൂപയാണ് ഈ വർഷം ഇതിനായി നീക്കിവച്ചിട്ടുള്ളത്.

ആദ്യമായി ഫയർ & റെസ്ക്യൂ സർവ്വീസിൽ 100 വനിതകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ വകുപ്പിൽ വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഫയർമാൻ ഡ്രൈവർ തസ്തികയുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപകട രക്ഷാപ്രവർത്തനം നടത്തുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും പ്രത്യേക പരിശീലനം ലഭിച്ചവരാണ് പ്രവർത്തിപ്പിക്കാറുള്ളത്. വാഹനങ്ങളെല്ലാം ഒരേതരത്തിലും സ്വഭാവത്തിലുംപ്പെട്ടവയല്ല. അവയെല്ലാം ഒരേസമയത്ത് പ്രവർത്തിപ്പിക്കേണ്ടിവരാറില്ല.

സേനയിലെ ഡ്രൈവർമാരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. എന്നാൽ, വകുപ്പിലെ ഇതര ജീവനക്കാരെ ഡ്രൈവിംഗ് പരിശീലനം നൽകി അത്യാധുനിക വാഹനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പുനഃക്രമീകരിക്കുന്നത് പ്രായോഗികമല്ല.

## II സബ്മിഷൻ

1. കൈത്തറി മേഖലയുടെ പ്രതിസന്ധി സംബന്ധിച്ച ശ്രീ. സണ്ണി ജോസഫിന്റെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടി

സംസ്ഥാനത്തെ പരമ്പരാഗത കൈത്തറി വ്യവസായ മേഖലയിലെ തൊഴിൽ ദിനങ്ങളുടെ കുറവും കുറഞ്ഞ വേതനവുംമൂലം നിരവധി നെയ്ത്ത് തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതിനും പല കൈത്തറി വ്യവസായ സഹകരണ സംഘങ്ങളും പൂട്ടിപ്പോകുന്നതിനും ഇടയായിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി മേഖല നേരിട്ട പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപ്പിലാക്കിയതാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. സർക്കാരിന്റെ ആദ്യ ബജറ്റ് പ്രസംഗത്തിൽത്തന്നെ കൈത്തറി മേഖലയെ സംരക്ഷിക്കാനുള്ള പദ്ധതി എന്ന നിലയിൽ കേരളത്തിലെ

ഒന്ന് മുതൽ എട്ട് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം 2 സെറ്റ് വീതം കൈത്തറിയിൽ ഉല്പാദിപ്പിച്ച് സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 2017-18 അദ്ധ്യയന വർഷം സംസ്ഥാനത്തെ 2689 സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 9.60 ലക്ഷം മീറ്റർ തുണിയും 2018-19 വർഷം 3578 സർക്കാർ സ്കൂളുകളിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 20.10 ലക്ഷം മീറ്റർ തുണിയും കൈത്തറിയിൽ ഉൽപ്പാദിപ്പിച്ച് യൂണിഫോമിനായി വിതരണം നടത്തുകയുണ്ടായി. 2019-20 അദ്ധ്യയന വർഷം നിലവിൽ നൽകിവരുന്നതിനുപുറമെ എയ്ഡഡ് മേഖലയിലെ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികൾക്കുകൂടി നൽകുന്നതിന് ഉദ്ദേശം 42 ലക്ഷം മീറ്റർ തുണി ഉല്പാദിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ആയതിന് 108 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിനുശേഷം നാലായിരത്തി അറുന്നൂറോളം നെയ്ത്ത് തൊഴിലാളികൾക്കും അത്രതന്നെ നെയ്ത്ത് അനുബന്ധ തൊഴിലാളികൾക്കും വർഷം 300 ദിവസത്തോളം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്. പൂട്ടിക്കിടന്നിരുന്ന പല നെയ്ത്ത് സംഘങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല, ഏകദേശം 82 കോടിയിൽ അധികം രൂപ കൂലിയിനത്തിൽ മാത്രം തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു.

ഇതോടൊപ്പം ഉല്പാദന പ്രോത്സാഹനം എന്ന നിലയിൽ നിലവിലുള്ള അനുപാതത്തിലും കൂടുതൽ തുണി നെയ്യുന്ന തൊഴിലാളിക്ക് ഒരാഴ്ച പരമാവധി 1000 രൂപ കണക്കിൽ മാസം 4000 രൂപയും അധികമായി ലഭിക്കുന്നു. ഈ ഇനത്തിലായി ഈ സർക്കാർ ഇതുവരെ 16.69 കോടി രൂപ തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2018 നവംബർ മാസം വരെയുള്ള യൂണിഫോം കൂലി നൽകുന്നതിന് 40.26 കോടി രൂപയും അനുവദിച്ചുകഴിഞ്ഞു. കേരളത്തിലെ കൈത്തറി മേഖലയിൽ ഏറെ സന്തോഷത്തോടെ, പുത്തനുണർവ്വോടുകൂടി തൊഴിലാളികൾ നെയ്ത്ത് ജോലി തുടർന്നുവരികയാണ്.

ഇതുകൂടാതെ കൈത്തറി മേഖലയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പാക്കിയ മറ്റൊരു പദ്ധതിയാണ് “ യുവ വീവ് ” പദ്ധതി. പതിനെട്ടിനും നാല്പതിനുമിടയിൽ പ്രായമുള്ള 20 പേരടങ്ങുന്ന ബാച്ചുകൾക്ക് സ്റ്റൈപ്പന്റോടുകൂടി സൗജന്യ നെയ്ത്ത് പരിശീലനം നൽകുന്നതിനും പരിശീലനം പൂർത്തിയായവർക്ക് സൗജന്യ തറിയും തൊഴിൽ സംരക്ഷണവും നൽകുന്നതിനും ഈ പദ്ധതിയിലൂടെ കഴിയുന്നു. കോഴിക്കോട്,

പാലക്കാട്, കോട്ടയം, കൊല്ലം തുടങ്ങിയ ജില്ലകളിൽ 15 ബാച്ചുകളിലായി പരിശീലനം നടന്നുവരികയാണ്. ഇതുകൂടാതെ നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികളില്ലാത്തതും വീടിനോടനുബന്ധിച്ച് പണിശാലയുള്ളവരുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ ജോലി ചെയ്യാൻ താല്പര്യമുള്ള നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക (പരമാവധി 40,000 രൂപ വരെ) സർക്കാർ ധനസഹായമായും ബാക്കി 25% ഗുണഭോക്തൃ വിഹിതമായും ഉൾക്കൊള്ളിച്ചുള്ള " വീട്ടിൽ ഒരു തറി" പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഈ പദ്ധതിയുടെ ഭാഗമായി 322 നെയ്ത്തുകാർക്ക് പുതിയ തറികൾ വാങ്ങുന്നതിന് 108.66 ലക്ഷം രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്.

ഇതോടൊപ്പം കൈത്തറി മേഖലയുടെ പുരോഗതിക്കായി താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു:

a) പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവർക്ക് സർക്കാർ ഓഹരി പങ്കാളിത്തം,

b) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള സബ്സിഡി, മാർജിൻമണി വായ്പ,

c) കൈത്തറി മേഖലയിൽ സ്വയംതൊഴിൽ സൃഷ്ടിക്കൽ/ഹാൻഡ്‌ലൂം ബിസിനസ്സ്, ഇൻകുബേഷൻ സെന്റർ,

d) ഹാൻടെക്സ്, ഹാൻവീവ് എന്നിവർക്ക് ഡിസൈൻ സെന്ററുകളും ഡിസൈനർമാരുടെ സേവനവും,

e) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുംവേണ്ടിയുള്ള പ്രചോദന പരിപാടികൾ ,

f) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുംവേണ്ടിയുള്ള ഉല്പാദന പ്രോത്സാഹന പദ്ധതി,

g) അംശദാന സമ്പാദ്യ പദ്ധതി,

h) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി,

i) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും പരിശീലനം, നൈപുണ്യം, കൈത്തറിശേഷി വികസനം,

j) കൈത്തറി പ്രചാരണം, കൈത്തറി മാർക്കിനുള്ള സഹായം,

k) കൈത്തറി വിപണന കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തും കൈത്തറി വസ്തുങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുത്ത് കൈത്തറി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി ധനസഹായം, കയറ്റുമതി പ്രോത്സാഹനമായി പ്രാഥമിക സംഘങ്ങൾക്ക് കയറ്റുമതി മൂല്യത്തിന്റെ 20% എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവായും നൽകിവരുന്നു.

ഇതുകൂടാതെ 'കേരള ഹാൻഡ്‌ലൂംസ് ' എന്ന ബ്രാൻഡിൽ കണ്ണൂരിലെ NIFT-ന്റെ സഹകരണത്തോടെ കൈത്തറിയിൽ ബ്രാൻഡഡ് പ്രോഡക്ടുകൾ തയ്യാറാക്കി വിപണിയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്.

പരമ്പരാഗത കൈത്തറി മേഖലയെ പൂർണ്ണമായും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

2. <u>പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട ശ്രീമതി ഇ. എസ്. ബിജിമോളുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടി</u>

ഇടുക്കി താലൂക്കിലെ അയ്യപ്പൻകോവിൽ, കാഞ്ചിയാർ എന്നീ വില്ലേജുകളിലും, പീരുമേട് താലൂക്കിലെ ഉപ്പുതറ വില്ലേജിലും ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലും ഉൾപ്പെട്ട ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ജലസംഭരണിക്ക് പുറത്തുള്ള പത്ത് ചങ്ങല മേഖലയിലുള്ള കർഷകർക്ക് അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കണമെന്ന നിരന്തര ആവശ്യങ്ങളെത്തുടർന്ന് സർക്കാർ വിശദമായ പരിശോധന നടത്തി റവന്യൂ, വനം, വൈദ്യുതി വകുപ്പുകൾ സംയുക്ത പരിശോധന നടത്തി മൂന്ന് ചങ്ങലവിട്ടുള്ള പ്രദേശം അളന്ന് തിട്ടപ്പെടുത്തി കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തീരുമാനമെടുത്തു.

അതനുസരിച്ച് 24-10-2017-ലെ സ.ഉ.(കൈ)352/2017/റവ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം വൈദ്യുതി ബോർഡിന്റെ ജലവൈദ്യുതി പ്രദേശത്തുനിന്നും മൂന്ന് ചെയിൻ വിട്ടുള്ള പ്രദേശത്ത് പട്ടയം നൽകാൻ അനുമതി നൽകുകയുണ്ടായി. ടി ഉത്തരവുപ്രകാരം മൂന്ന് ചെയിൻ വിട്ടുള്ള പ്രദേശത്ത് പട്ടയം നൽകിവരുന്നു. പത്ത് ചെയിൻ മേഖലയിലെ മൂന്ന് ചെയിൻ നിവാസികൾക്ക് വൈദ്യുതിവകുപ്പിന്റെ അനുമതിക്ക് വിധേയമായി പട്ടയം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

3. ഷട്ടർ നിർമ്മാണത്തിലെ അപാകത സംബന്ധിച്ച ശ്രീ. മുരളി പെരുനെല്ലിയുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി(ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടി

2010-ലാണ് ഇല്ലിക്കലിന് സമീപമുള്ള എട്ടുമന ഹെർബർട്ട് കനാലിലെ റെഗുലേറ്ററിന്റെ സിവിൽ പ്രവൃത്തികൾ ചെയ്തത്. ഇതിന്റെ സിൽ ബീം വയ്ക്കുന്നതിനുള്ള ഗ്രൂവ് അപ്പോൾ നൽകിയിരുന്നില്ല. ഷട്ടറിന്റെ മെക്കാനിക്കൽ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചത് 1-1-2017-നാണ്. നിലവിലുണ്ടായിരുന്ന സില്ലിനുമുകളിൽ 50 സെ.മീ. കൂടി കോൺക്രീറ്റ് ചെയ്താൽ മാത്രമേ സിൽ ബീമും എംബഡഡ് പാർട്ട്സും ഉറപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. വിശദമായ പരിശോധനകൾക്കുശേഷം ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ ഇതിനുള്ള അനുമതി 27-11-2017-ൽ നൽകിയിരുന്നു. ഇതിൻപ്രകാരം സിൽ ലെവൽ 50 സെ.മീ. ഉയർത്തുകയും ഷട്ടറിന്റെ ഉയരം 50 സെ.മീ. കുറയ്ക്കുകയും ചെയ്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 11-12-2018-ന് സ്ഥലം സന്ദർശിക്കുകയും കൃഷിനാശം സംഭവിച്ചിട്ടില്ലെന്ന് വിലയിരുത്തുകയും ചെയ്തു. ഇപ്പോൾ ഈ റെഗുലേറ്ററിൽക്കൂടിയുള്ള നീരൊഴിക്കിന് തടസ്സമുണ്ടെന്ന് കണ്ടെത്തിയാൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ വിഭാഗം അറിയിച്ചിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കുടിവെള്ള പദ്ധതി പൂർത്തീകരണം സംബന്ധിച്ച ശ്രീ. മഞ്ഞളാം കുഴി അലിയുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടി

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽപ്പെട്ട താഴേക്കോട്-ആലിപ്പറമ്പ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയായ NRDWP-SLSC 2013-ൽ 750 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് 18-12-2013-ന് സാങ്കേതിക അനുമതിയും നൽകുകയുണ്ടായി. ഇതിൽ തൂതപ്പുഴ സ്രോതസ്സായി കിണർ, പമ്പ്ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, 12 എം.എൽ.ഡി. ശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സോൺ-1 (ആലിപ്പറമ്പ ഗ്രാമപഞ്ചായത്ത്) എന്നീ പ്രവൃത്തികൾക്കുവേണ്ടി ടെൻഡർ ക്ഷണിച്ച് പ്രവൃത്തി ജൂൺ 2018-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിന്റെ ഒന്നാംഘട്ടത്തിലെ ബാക്കി പ്രവൃത്തികളായ സോൺ 2-ൽ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (താഴേക്കോട് പഞ്ചായത്ത്), സോൺ 1-ൽ 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി (കിണാശ്ശേരിക്കോട്ട) (ആലിപ്പറമ്പ് പഞ്ചായത്ത്), സോൺ 2-ൽ 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി (ബിടാവുമല) (താഴേക്കോട് പഞ്ചായത്ത്), റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോമർ, പവർ കണക്ഷൻ മൊത്തം 330 കിലോമീറ്റർ നീളമുള്ള വിതരണ ശൃംഖലയിലെ 26 കിലോമീറ്റർ ഭാഗം എന്നീ പ്രവൃത്തികൾക്കുവേണ്ടി 2500 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം 2018-19-ൽ പരിഗണിക്കാൻ സാധിച്ചില്ല. രണ്ടാംഘട്ടമായി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 5457 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിലവിലെ നിരക്ക് പ്രകാരം വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ഏകദേശം 8600 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത രണ്ട് പ്രവൃത്തികൾക്കും ഫണ്ടിന്റെ ലഭ്യത പരിശോധിച്ച് നിർദ്ദേശിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. <u>കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി സംബന്ധിച്ച ശ്രീ. ഇ. കെ. വിജയന്റെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടി</u>

2008-ൽ ഭരണാനുമതി നൽകിയ കുന്നുമ്മൽ കുടിവെള്ള പദ്ധതി നാദാപുരം മണ്ഡലത്തിലെ വളയം, വാണിമേൽ, തൂണേരി, നരിപ്പറ്റ, കായക്കൊടി, നാദാപുരം എന്നീ ആറ് വില്ലേജുകളിലേയ്ക്കും കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജിനും ശുദ്ധജലം വിതരണം നടത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ്. വളയം, വാണിമേൽ, തൂണേരി, നരിപ്പറ്റ, കായക്കൊടി എന്നീ വില്ലേജുകൾക്ക് കേന്ദ്രസർക്കാരിന്റെ NRDWP പദ്ധതിയുടെയും നാദാപുരം, കുറ്റ്യാടി എന്നീ വില്ലേജുകൾക്ക് നബാർഡ് ധനസഹായത്തോടെയുമാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളുടെ ഭരണാനുമതി തുക 3161 ലക്ഷം രൂപയും പുതുക്കിയ ഭരണാനുമതി തുക 4103 ലക്ഷം രൂപയുമാണ്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും നാദാപുരം, കുറ്റ്യാടി, വാണിമേൽ, കോവക്കുന്ന്, വളയം, നരിപ്പറ്റ എന്നിവിടങ്ങളിലെ ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് എന്നിവയും പൂർത്തീകരിച്ചു. 01-3-2017-ൽ ആണ് വൈദ്യുതി ബന്ധം ലഭിച്ചത്. നിലവിൽ പദ്ധതിയുടെ ചാർജിംഗും ട്രയൽ റണ്ണും നടന്നുവരുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ ഭാഗികമായ പരീക്ഷണ

നിരീക്ഷണങ്ങൾ (ട്രയൽ റൺ) 2017 ഡിസംബർ മാസമാണ് പൂർണ്ണമായും നടത്താൻ സാധിച്ചത്. ട്രയൽ റൺ നടത്തിവരവെ വർഷങ്ങളായി ഉപയോഗിക്കാതെ കിടന്നതുകൊണ്ട് പമ്പ്സെറ്റ്, സ്റ്റാർട്ടർ എന്നിവയ്ക്ക് തകരാറുകൾ കണ്ടെത്തി. അത് ബന്ധപ്പെട്ട കരാറുകാർ മുഖേന പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു. കൂടാതെ പദ്ധതിക്കുള്ള ട്രാൻസ്ഫോമർ, മറ്റ് ഇലക്ട്രോമെക്കാനിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കുള്ള തകരാറുകൾ പരിഹരിച്ച് ട്രയൽ റൺ നടത്തി. നിലവിലുള്ള കുറ്റ്യാടി കുടിവെള്ള പദ്ധതിയുടെ കിണർ ആണ് ഈ പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. കുന്നുമ്മലിനും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയിൽ 19 ദശലക്ഷം ലിറ്റർ കുടിവെള്ളം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൂടുതൽ ജലം പമ്പ് ചെയ്യുമ്പോൾ പുഴയിൽനിന്ന് കിണറിലേയ്ക്ക് ആവശ്യത്തിനുള്ള ജലം ലഭ്യമാകാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 2018-19-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 11.68 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് (നിലവിലെ കിണറിൽനിന്ന് കൂടുതൽ ജലം ശേഖരിക്കുന്നതിന് ആവശ്യമായ വിപുലീകരണ പ്രവൃത്തി) G.O(Rt) No.615/2018/WRD തീയതി, 20-8-2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ചെങ്കിലും കോൺട്രാക്ടർമാരിൽ നിന്നും ദർഘാസുകൾ ലഭിക്കാത്തതുകാരണം 18-12-2018 വരെ ദീർഘിപ്പിക്കേണ്ടിവന്നു. 2018 ജനുവരി മാസത്തിൽത്തന്നെ കായക്കൊടി പഞ്ചായത്തിൽ ഗാർഹിക കണക്ഷനുകൾ നൽകാനുള്ള നടപടികൾ ആരംഭിച്ചിരുന്നു. 75 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. നരിപ്പറ്റ, വാണിമേൽ, വളയം എന്നീ പഞ്ചായത്തുകളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നരിപ്പറ്റ, വാണിമേൽ, വളയം, കായക്കൊടി എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖലകളുടെ ചാർജ്ജിംഗ് പ്രവൃത്തികൾ നടന്നുവരികയാണ്. പൈപ്പ് ലൈനുകൾ ചാർജ്ജ് ചെയ്യുമ്പോൾ ഉണ്ടാകുന്ന ലീക്കുകൾ അടയ്ക്കുന്ന പ്രവൃത്തികൾ, ചിലയിടങ്ങളിൽ ചാർജ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കൾവർട്ട് ക്രോസ്സിംഗ് ചെയ്ത് പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവയ്ക്ക് പി.ഡബ്ല്യു.ഡി. വകുപ്പിൽനിന്നും അനുവാദം ലഭിക്കാനുണ്ടാകുന്ന കാലതാമസംകൊണ്ട് യഥാസമയം ചെയ്തുതീർക്കാൻ സാധിക്കുന്നില്ല. ഇത്തരം പ്രവൃത്തികൾ മുഴുവനായും ചെയ്തുതീർത്ത് ഗാർഹിക-ഗാർഹികേതര കണക്ഷൻ നൽകിയാൽ മാത്രമേ പദ്ധതി പൂർണ്ണതോതിൽ പമ്പിംഗ് ചെയ്യാൻ കഴിയുകയുള്ളൂ. സ്രോതസ് വിപുലീകരണ പ്രവൃത്തികൂടി പൂർത്തീകരിക്കുന്നതോടുകൂടി മാത്രമേ വിഭാവനം ചെയ്ത ജലവിതരണം സാധ്യമാകുകയുള്ളൂ. മാർച്ച് 2019-ൽ പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6. <u>ചീക്കോട് കുടിവെള്ള പദ്ധതി സംബന്ധിച്ച ശ്രീ. ടി. വി. ഇബ്രാഹിമിന്റെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടി</u>

കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ചീക്കോടിനും സമീപ പഞ്ചായത്തുകളുമായ കുഴിമണ്ണ, വാഴയൂർ, വാഴക്കാട്, പുളിക്കൽ, പള്ളിക്കൽ, ചെറുകാവ്, കൊണ്ടോട്ടി മുനിസിപ്പാലിറ്റി, രാമനാട്ടുകര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലേയ്ക്കുവേണ്ടി 41 mld ശേഷിയുള്ള കുടിവെള്ള പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല, സംഭരണികൾ, പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തികൾ 28-2-2016-ൽ ഭാഗികമായി പൂർത്തീകരിച്ചു. ഇതിൽ കുഴിമണ്ണ, പുളിക്കൽ, കൊണ്ടോട്ടി ഭാഗികമായും രാമനാട്ടുകര ഭാഗികമായും 120 കി.മീ വിതരണ ശൃംഖല NABARD, NRDWP എന്നിവയുടെ ധനസഹായത്തോടുകൂടി പൂർത്തീകരിച്ച് ജലവിതരണം ഭാഗികമായി നടത്തിവരുന്നു.

ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണതോതിൽ ലഭിക്കാൻ ചീക്കോട്, കുഴിമണ്ണ, വാഴയൂർ, വാഴക്കാട്, പള്ളിക്കൽ, ചെറുകാവ്, കൊണ്ടോട്ടി മുനിസിപ്പാലിറ്റി, രാമനാട്ടുകര മുനിസിപ്പാലിറ്റി ഭാഗികമായും 248 കി.മീ. വിതരണശൃംഖലകൂടി സ്ഥാപിക്കേണ്ടതുണ്ട്. KIIFB ധനസഹായത്തോടുകൂടി കൊണ്ടോട്ടി-രാമനാട്ടുകര മുനിസിപ്പാലിറ്റികൾക്കുവേണ്ട വിതരണ ശൃംഖല സ്ഥാപിക്കുന്നതിലേയ്ക്കായി (205 കി.മീ)78.5 കോടി രൂപയുടെ പദ്ധതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 7 പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ചീക്കോട്ടും അനുബന്ധമായ ആറ് പഞ്ചായത്തുകൾക്കും (മുതുവല്ലൂർ, കുഴിമണ്ണ, വാഴയൂർ, ചെറുകാവ്, വാഴക്കാട്, പുളിക്കൽ)വേണ്ടി ജല അതോറിറ്റിയുടെ നിലവിലുള്ള ബൃഹത് പദ്ധതിയിൽ നിന്നും കുടിവെള്ളം പഞ്ചായത്തുകൾ മൊത്തമായി വാങ്ങി കുടിവെള്ള സമിതി മുഖേന ആവശ്യമുള്ള കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കാൻ ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി 139 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ലോക ബാങ്കിൽനിന്നും ലഭ്യമാകുന്ന വായ്പത്തുകയിൽ കുറവ് വന്നതിനാൽ വിശദമായ പദ്ധതിരൂപരേഖ പൂർത്തിയാക്കിയ ഈ പദ്ധതി തൽക്കാലം നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല. സർക്കാരിന്റെ അനുമതിയോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉൾപ്പെടെ ലോക ബാങ്കിനോട് അധിക ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ചീക്കോട്ടും മറ്റ് ആറ് പഞ്ചായത്തുകളിലും ആവശ്യമുള്ള എല്ലാ

കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി ജലനിധിക്ക് സ്വീകരിക്കാൻ കഴിയുകയുള്ളൂ. ജലനിധിയിൽ നിന്നോ മറ്റേതെങ്കിലും ധനസ്രോതസ്സ് കണ്ടെത്തി ഈ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

7. സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച ശ്രീമതി പി. അയിഷാ പോറ്റിയുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടി

കേന്ദ്രാവിഷ്കൃത പദ്ധതിയായ കിശോരി ശക്തി യോജന നടപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ/ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കൗമാരപ്രായക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി 2008 മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം.

സംസ്ഥാനത്ത് നിലവിൽ 666 സ്കൂളുകളിൽ സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി 1012 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പൂർണ്ണമായും സംസ്ഥാന പ്ലാൻ പദ്ധതിയാണ്. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി പ്രകാരം ജില്ലാ തലത്തിൽ സ്കൂൾ കൗൺസിലർമാരുടെ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റിൽനിന്നും ബന്ധപ്പെട്ട സ്കൂൾ പി.ടി.എ.-യ്ക്ക് സ്കൂൾ കൗൺസിലറെ നിയമിക്കാൻ ശിപാർശ ചെയ്ത് കത്ത് നൽകുകയും PTA സ്കൂൾ കൗൺസിലറെ നിയമിക്കുകയും ചെയ്തുവന്നിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് പരാതികളുണ്ടായതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കൗൺസിലർമാരുടെ നിയമനം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർവഴി നടത്തിവരുന്നു.

തുടക്കത്തിൽ 6,500 രൂപയായിരുന്ന ഇവരുടെ ഓണറേറിയം തുടർന്ന് 10,000 രൂപയായും 2014-ൽ 12,500 രൂപയായും ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം 18,750 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അഞ്ച് വർഷം പൂർത്തിയായ എല്ലാ സ്കൂൾ കൗൺസിലർമാർക്കും അധിക വെയ്റ്റേജായി 1,000 രൂപ അനുവദിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിന്റെ സമാനമായ ജോലികളല്ല സ്കൂൾ കൗൺസലേഴ്സ് ചെയ്യുന്നത്. സംസ്ഥാനത്തെ ദിവസ/കരാർ വേതന അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന 12 കാറ്റഗറിയിൽ ഉൾപ്പെടുന്ന

തസ്തികകളിലെ വേതനം നിശ്ചയിച്ചുകൊണ്ട് 26-2-2016-ലെ GO(P) No.28/16/Fin. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കാറ്റഗറി VIII-ൽ സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ സൈക്കോ സോഷ്യൽ സർവ്വീസസ് സ്കൂൾ കൗൺസിലർ തസ്തിക ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത ഉത്തരവിൽ സൈക്കോ സോഷ്യൽ സർവ്വീസസ് സ്കൂൾ കൗൺസിലർ തസ്തിക ഉൾപ്പെടുത്തുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

സൈക്കോ സോഷ്യൽ കൗൺസലിംഗ് പദ്ധതി സംബന്ധിച്ച് പുറപ്പെടുവിച്ച ഗൈഡ്‌ലൈൻ പ്രകാരം കൗൺസലർമാർക്ക് 179 ദിവസം വരെ ശമ്പളമില്ലാത്ത പ്രസവാവധി അനുവദനീയമാണ്. എന്നാൽ സ്കൂൾ കൗൺസിലർമാർക്ക് ഓണറേറിയത്തോടുകൂടിയ പ്രസവാവധി അനുവദിക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

8. <u>പണിമുടക്ക് സംബന്ധിച്ച ശ്രീ. എ. എം. ആരിഫിന്റെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ) നൽകിയ മറുപടി</u>

മുത്തൂറ്റ് ഫിനാൻസ് എന്ന ധനകാര്യ സ്ഥാപനത്തിലെ തൊഴിലാളികൾ വിവിധ ആവശ്യങ്ങളുന്നയിച്ച് ദീർഘകാലമായി പ്രക്ഷോഭത്തിലാണ്. സ്ഥാപനത്തിൽ സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുക എന്നതുൾപ്പെടെ വിവിധ ആവശ്യങ്ങളുന്നയിച്ച് നടന്നുവന്ന സമരം ഒത്തുതീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ലേബർ കമ്മീഷണർ നടത്തിയ ഇടപെടലിലൂടെ 19-11-2016-ന് പ്രശ്നം രമ്യമായി പരിഹരിച്ചിരുന്നു.

എന്നാൽ ഒത്തുതീർപ്പ് വ്യവസ്ഥകൾ മാനേജ്മെന്റ് ലംഘിച്ചതിനെ തുടർന്ന് തൊഴിലാളികൾ 10-3-2017 മുതൽ വീണ്ടും അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിക്കുകയുണ്ടായി. ലേബർ കമ്മീഷണർ വീണ്ടും പ്രശ്നത്തിൽ ഇടപെടുകയും തൊഴിലാളികൾ പണിമുടക്ക് പിൻവലിക്കുകയും ചെയ്തു. ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗംചേർന്ന് 5 ജീവനക്കാരുടെ ഇൻസെന്റീവ് അവകാശ ഓഹരി (ESOP), വിദേശ യാത്രാ ആനുകൂല്യം, സ്ഥലംമാറ്റം, ബോണസ് തുടങ്ങി ജീവനക്കാർ ഉന്നയിച്ച വിഷയങ്ങളിൽ ജീവനക്കാർക്ക് സ്വീകാര്യമായ തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ ഈ തീരുമാനങ്ങളും മാനേജ്മെന്റ് ഏകപക്ഷീയമായി ലംഘിക്കുകയാണുണ്ടായത്. ഇതേത്തുടർന്ന് തൊഴിലാളി സംഘടനയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ-അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) തലങ്ങളിൽ തുടർച്ചയായ അനുരഞ്ജന ചർച്ചകൾ നടന്നു. തുടർന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 13-6-2018-ന് ചേർന്ന യോഗത്തിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ആവർത്തിച്ച് തീരുമാനമെടുത്തു.

1-8-2018-ന് ലേബർ കമ്മീഷണർ വിളിച്ചുചേർത്ത അവലോകന യോഗത്തിൽ മാനേജ്മെന്റ് പ്രഖ്യാപിച്ച ഉറപ്പുകൾ തുടർന്നും പാലിക്കപ്പെട്ടിട്ടില്ല എന്നാണ് തൊഴിലാളി സംഘടനയുടെ പരാതി.

അവകാശ ഓഹരി (ESOP), 2017-18-ലെ ബോണസ് എന്നിവ സംബന്ധിച്ച് മുമ്പുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കാത്തതിൽ പ്രതിഷേധിച്ചും സ്ഥാപനത്തിൽ സ്റ്റാന്റിംഗ് ഓർഡർ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടും 2018 ഡിസംബർ 10 മുതൽ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് നടത്തിവരികയാണ്. പണിമുടക്ക് ഒഴിവാക്കുന്നതിന് 17-11-2018, 26-11-2018, 4-12-2018, 6-12-2018, 8-12-2018 തീയതികളിൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ അനുരഞ്ജന ചർച്ചകൾ നടന്നെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല. പ്രശ്നം പരിഹരിക്കുന്നതിന് അടുത്ത ചർച്ച 14-12-2018-ന് എറണാകുളത്ത് ക്രമീകരിച്ചിട്ടുണ്ട്. പണിമുടക്കുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

9. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ശ്രീ. എ. പ്രദീപ്കുമാറിന്റെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടി

ഉത്തര മലബാറിലെ കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള എല്ലാ താലൂക്കുകളും തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളും ഉൾപ്പെടെ 26 താലൂക്കുകളിലെ ക്ഷേത്രങ്ങളും ഫോർട്ട് കൊച്ചിയിലെ 2 ക്ഷേത്രങ്ങളും ചേർന്ന് ആകെ 1357 പൊതുക്ഷേത്രങ്ങളുടെ ഭരണ മേൽനോട്ട ചുമതലയാണ് മലബാർ ദേവസ്വം ബോർഡ് നിർവ്വഹിച്ചുവരുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോരോന്നും സ്വതന്ത്ര യൂണിറ്റുകളായതിനാൽ അവയുടെ ഭരണപരമായ മേൽനോട്ട ചുമതല മാത്രമാണ് ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ ക്ഷേത്രങ്ങളുടെ വരുമാനം കൈകാര്യം ചെയ്യുന്നതും ദൈനംദിന ക്ഷേത്രഭരണം നടത്തുന്നതും ക്ഷേത്രജീവനക്കാരെ നിയമിക്കുന്നതും അതത് ക്ഷേത്ര ട്രസ്റ്റിമാരാണ്.

28-2-2009-ലെ (എം.എസ്.)നമ്പർ 116/2009/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം 1-3-2009 തീയതി പ്രാബല്യത്തിലാണ് മലബാർ ദേവസ്വം ബോർഡിന്

കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി ഉത്തരവായത്. 1357 ക്ഷേത്രങ്ങളും അവയ്ക്ക് കീഴിലെ 200 ഉപക്ഷേത്രങ്ങളിലുമായി മൊത്തം 6500-ഓളം പേർ ജോലി ചെയ്തുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ സ്പെഷ്യൽ, എ, ബി ഗ്രേഡ് എന്നീ വിഭാഗങ്ങളിലായി 177 ക്ഷേത്രങ്ങളുണ്ട്. ഇവ മാത്രമാണ് സാമ്പത്തികമായി ഒരുപരിധിവരെ സ്വയംപര്യാപ്തമായ ക്ഷേത്രങ്ങൾ. ഈ ക്ഷേത്രങ്ങളിലായി ആകെ 2402-ഓളം ക്ഷേത്രജീവനക്കാർ ജോലി ചെയ്തുവരുന്നു. സ്പെഷ്യൽ, എ, ബി ഗ്രേഡ് ക്ഷേത്രങ്ങൾ കഴിഞ്ഞുവരുന്ന സി, ഡി ഗ്രേഡ് വിഭാഗത്തിൽപ്പെട്ട 1180-ഓളം ക്ഷേത്രങ്ങൾ സാമ്പത്തികമായി ഏറെ പരിതാപകരമായ അവസ്ഥയിലാണുള്ളത്.

സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ച ശമ്പളം നൽകാൻ സാമ്പത്തിക സ്ഥിതിയില്ലാത്ത 15 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്നും നിബന്ധനകൾക്കുവിധേയമായി മലബാർ ദേവസ്വം ബോർഡ് ധനസഹായം നൽകിവരുന്നു. ഇപ്രകാരം ബോർഡിൽനിന്നും തുക അനുവദിക്കുന്നതിനുള്ള അപേക്ഷ അതത് ക്ഷേത്രഭരണാധികാരികൾ ക്ഷേത്രത്തിന്റെ വാർഷിക വരുമാന കണക്കുകൾ ഉൾപ്പെടെ സമർപ്പിക്കുമ്പോൾ ധനസഹായമായി ക്ഷേത്രഭരണാധികാരിയുടെ പേരിൽ ബോർഡ് അനുവദിച്ച് വരികയാണ് ചെയ്യുന്നത്. ഇപ്രകാരം മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ 2015-16 വർഷം ആകെ 13,72,97,767 രൂപയും 2016 വർഷം 16,49,04,712 രൂപയും 2017-18 വർഷം 25,48,93,737 രൂപയും ക്ഷേത്രജീവനക്കാരുടെ ശമ്പള ചെലവിനത്തിൽ ബോർഡിൽനിന്നും അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് സർക്കാർ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡിന്റെ ഭൂരിഭാഗവും ക്ഷേത്രജീവനക്കാരുടെ ശമ്പളത്തിനായാണ് ചെലവഴിക്കപ്പെടുന്നത്. 2017-18 വർഷം സർക്കാർ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് 26,77,85,000 രൂപയും 2018-19 വർഷം വകയിരുത്തിയത് 39.3027 കോടി രൂപയുമാണ്. 2018-19 വർഷം ഒന്നാം ഗഡുവായി നൽകിയ 11.79081 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവഴിച്ച തുകയുടെ 90% ക്ഷേത്രജീവനക്കാരുടെ ശമ്പള ഇനത്തിലാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്.

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാർക്ക് മറ്റ് ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാർക്ക് സമാനമായി ശമ്പളവും മറ്റും നൽകണമെങ്കിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളെ മുഴുവൻ ബോർഡിന്റെ നേരിട്ടുള്ള ഭരണത്തിന് കീഴിലാക്കി ക്ഷേത്ര ജീവനക്കാരെ മുഴുവൻ

ബോർഡ് ജീവനക്കാരായി മാറ്റേണ്ടതുണ്ട്. ഇതാണ് നിർദ്ദിഷ്ട നിയമപരിഷ്കരണ ബില്ലിന്റെ ഉദ്ദേശ്യം. ടി നിയമം നടപ്പിലാക്കുന്നതോടുകൂടി 6500-ഓളം വരുന്ന ക്ഷേത്ര ജീവനക്കാരുടെ ശമ്പള ബാധ്യത, ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണി, നിർമ്മാണ പ്രവൃത്തികൾ, ക്ഷേത്രങ്ങളുടെ ദൈനംദിന ചെലവുകൾ തുടങ്ങിയവ ബോർഡിന്റെ നേരിട്ടുള്ള ബാധ്യതയായി മാറും. നിലവിൽ ബോർഡിന് കീഴിലെ 1357 ക്ഷേത്രങ്ങളിൽ 177 ക്ഷേത്രങ്ങൾ മാത്രമാണ് സാമ്പത്തികമായി ഏറെക്കുറെ സ്വയംപര്യാപ്തമായത് എന്നതിനാൽ നിർദ്ദിഷ്ട നിയമം പ്രാബല്യത്തിൽ വരുമ്പോൾ ബോർഡിന്റെ ചെലവിനത്തിൽ വൻ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട പരിഷ്കരണം നടപ്പിലാക്കുന്നതോടെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കും ബോർഡിന്റെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും മറ്റുമായി പ്രാരംഭ ഘട്ടത്തിൽ ഏകദേശം 100 കോടി രൂപയുടെ ബാധ്യതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട ബിൽ പാസ്സാക്കിയാലുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ച് പരിശോധന നടത്തുന്നതിന് നടപടി കൈക്കൊണ്ടുവരികയാണ്. സാമ്പത്തിക ശേഷിയുള്ള സ്പെഷ്യൽ, എ, ബി ഗ്രേഡ് ക്ഷേത്രങ്ങളിലായി 2018 നവംബർ മാസം അടിസ്ഥാനമാക്കി 266 കോടി രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. ഇതിൽ നിന്നുള്ള പലിശ വരുമാനംകൂടി ഉപയോഗപ്പെടുത്തിയാണ് നിലവിൽ ക്ഷേത്രജീവനക്കാരുടെ ശമ്പളച്ചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ അതത് ക്ഷേത്രങ്ങൾ നിർവ്വഹിച്ചുവരുന്നത്.

10. കല്പക സൂപ്പർമാർക്കറ്റിനെ സംബന്ധിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സബ്മിഷന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടി

ഉപഭോക്താക്കൾക്ക് ആവശ്യമുള്ള സാധനം മിതവിലയിലും ഗുണമേന്മയിലും എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ 17-4-1961-ൽ രജിസ്റ്റർ ചെയ്ത് 23-7-1961-ൽ പ്രവർത്തനം ആരംഭിച്ച സഹകരണ സ്ഥാപനമാണ് കെ.162 കോട്ടയം ജില്ല മൊത്ത വ്യാപാര സഹകരണ സംഘം. സംഘത്തിൽ ഹെഡ്ഡാഫീസ് കൂടാതെ 10 ബ്രാഞ്ചുകൾ കൂടിയുള്ള ബൃഹത്തായ സേവനം സ്റ്റോർ നടത്തിയിരുന്നു. സംഘത്തിന്റെ 2016-17 വർഷം വരെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടി ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 37,27,739.44 രൂപയുടെ വ്യാപാര ലാഭം ഉണ്ടെങ്കിലും തൻവർഷം മാത്രം 50,48,813.56 രൂപ നഷ്ടത്തിലും 3,42,45,918.30 രൂപയുടെ അറ്റനഷ്ടത്തിലുമാണ് സംഘം പ്രവർത്തിക്കുന്നത്. സംഘം 31-8-2017 മുതൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. നിലവിൽ സംഘത്തിൽ 9 സ്ഥിരം ജീവനക്കാരും 12 താൽക്കാലിക ജീവനക്കാരും ജോലി

ചെയ്തുവരുന്നു. ഇവരെല്ലാം 10 വർഷം മുതൽ 25 വർഷംവരെ സംഘത്തിൽ ജോലി ചെയ്യുന്നവരാണ്. സംഘം ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ കുടിശ്ശിക നിലനിൽക്കുന്നതിനാൽ ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. പുത്തനങ്ങാടി ഗോഡൗൺ സ്ഥിതി ചെയ്യുന്നത് 76 സെന്റ് സ്ഥലത്താണ്. മാർക്കറ്റ് വിലയനുസരിച്ച് 7 കോടിയിൽപ്പരം രൂപയിൽ മൂല്യം കണക്കാക്കുന്ന ടി വസ്തു സർക്കാരിൽനിന്നും അനുവദിച്ചുകിട്ടിയ ലോണിന് ഈടായി നൽകിയിരിക്കുന്നതിനാൽ സംഘത്തിന് മറ്റു വായ്പകൾ അനുവദിക്കുന്നതിന് ഈടായി നൽകാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

സംഘം എം.ഡി. സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 30-9-2018 വരെ സംഘത്തിന് 4.08 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. 2017 നവംബർ മാസം മുതൽ ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടില്ലാത്തതാണ്. ഇതുസംബന്ധിച്ച് ജീവനക്കാർ സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൽ സംഘത്തിന്റെ ആസ്തി വിറ്റ് ബാദ്ധ്യത തീർക്കാനുള്ള നിർദ്ദേശം മുന്നോട്ടു വച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പരിഗണനാർഹമല്ലെന്ന് ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. സ്ഥാപനം ലാഭകരമായി നടത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ സഹകരണസംഘം കോട്ടയം ജില്ലാ ജോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതാണ്. ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്വീകരിക്കുന്നതാണ്.